# محاسن الإسلام

عمادة البحث العلمي
بالجامعة الإسلامية بالمدينة المنورة

ترجمة :

**سيد سعفر صادق**

# ഇസ്‌ലാമിന്റെ
## നന്മകൾ

വിവർത്തനം:

സയ്യിദ് സഅ്ഫർ സ്വാദിഖ്

# മുഖവുര:

بسم الله الرحمن الرحيم

സ്തുതികളഖിലവും സർവ്വലോക രക്ഷിതാവിന്, ഞങ്ങളവനെ സ്തുതിക്കുകയും, അവനോട് സഹായം ചോദിക്കുകയും, അവനോട് പാപമോചനം തേടുകയും, സന്മാർഗം ചോദിക്കുകയും ചെയ്യുന്നതോടൊപ്പം, ഞങ്ങളുടെ ശരീരങ്ങളിലുള്ള ബുദ്ധിമുട്ടുകളെ തൊട്ടും, ഞങ്ങളിലെ ചീത്തപ്രവർത്തനങ്ങളെ തൊട്ടും അല്ലാഹുവിനോട് അഭയം തേടുന്നു. അവൻ സന്മാർഗം നൽകിയവനെ ദുർമാർഗത്തിലാക്കുവാനോ, അവൻ ദുർമാർഗിയാക്കിയവനെ സന്മാർഗത്തിലാക്കുവാനോ ആർക്കും സാധ്യമല്ല. അല്ലാഹു, അവനല്ലാതെ യഥാർഥത്തിൽ ആരാധനക്കർഹനായി ആരുമില്ലായെന്നും, അവന് പങ്കുകാരനില്ലായെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്ﷺ അവൻെറ അടിമയും പ്രവാചകനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. തിരുദൂതരിലും അവിടുത്തെ കുടുംബാദികളിലും, സഹചരരിലും അല്ലാഹുവിൻെറ രക്ഷയും, സമാധാനവും നിത്യവും വർഷിക്കുമാറാവട്ടെ.

അല്ലാഹു മനുഷ്യസമൂഹത്തെ സൃഷ്ടിച്ചതിൽ ഉന്നതവും ബുദ്ധിപരവുമായ ഒരു ലക്ഷ്യമുണ്ട്. അത് യാതൊരു പങ്കുകാരനുമില്ലത്ത അവനെ ആരാധിക്കുയെന്നതാണ്. അല്ലാഹു പറയുന്നു:

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ مَآ أُرِيدُ مِنْهُم مِّن رِّزْقٍ وَمَآ أُرِيدُ أَن يُطْعِمُونِ ﴿٥٧﴾ ﴾(الذاريات: ٥٦-٥٧)

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല" (ദാരിയാത്ത്:56-57)

മനുഷ്യൻ ഈ ഭൂമിയിൽ ഒരു നിശ്ചിത കാലം നിർണ്ണയിക്കപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുവാൻ വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് വെറുതെ ഒരു കളിതമാശക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടതല്ല. അല്ലാഹു പറയുന്നു:

﴿ أَفَحَسِبْتُمْ أَنَّمَا خَلَقْنَٰكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ﴿١١٥﴾ ﴾

(المؤمنون: ١١٥)

"അപ്പോൾ നാം നിങ്ങളെ വ്യഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലായെന്നും നിങ്ങൾ കണക്കാ

ക്കിയിരിക്കുകയാണോ?" (അൽമുഅ്മിനൂൻ:115) വീണ്ടും പറയുന്നു:

﴿ أَيَحْسَبُ ٱلْإِنسَـٰنُ أَن يُتْرَكَ سُدًى ﴿٣٦﴾ ﴾ (القيامة: ٣٦)

"മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങു വിട്ടേക്ക പ്പെടുമെന്ന്" (ഖിയാമ: 36)

അതയായത് കൽപിക്കപ്പെടുകയും വിരോധിക്കപ്പെടുകയും ചെയ്യാ തെ വെറുതെ വിട്ടേക്കപ്പെടുമോ?.

ഈ ലക്ഷ്യ സാക്ഷാൽക്കാരത്തിനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങളിറക്കിയും. അല്ലാഹു പറയുന്നു:

﴿ وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّـٰغُوتَ ﴾ (النحل: ٣٦)

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗി ച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (നഹ്ൽ: 36)

പ്രവാചക ശൃംഖലക്ക് അവസാനം കുറിച്ച് കൊണ്ട് നമ്മുടെ ന ബിയായ മുഹമ്മദ്ﷺയെ നിയോഗിക്കുകയും, അദ്ദേഹത്തിലൂടെ പരി പൂർണമാക്കിയ ഇസ്‌ലാമിനെ അവസാനത്തെ ദൈവിക ഉത്ബോധന മാക്കുകയും ചെയ്തു. അല്ലാഹു നൽകിയ എല്ലാ ശരീഅത്തുകളും നന്മ പ്രവർത്തിക്കണം തിന്മ ഉപേക്ഷിക്കണം എന്ന തത്വം പ്രബോ ധനം ചെയ്യുക എന്ന പ്രത്യേകത ഉൾകൊള്ളുന്നതാണ്. അല്ലാഹു പറയുന്നു:

﴿ وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ ٱلصَّلَوٰةِ وَإِيتَآءَ ٱلزَّكَوٰةِ ۖ وَكَانُوا۟ لَنَا عَـٰبِدِينَ ﴿٧٣﴾ ﴾ (الأنبياء: ٧٣)

"നല്ല കാര്യങ്ങൾ ചെയ്യണമെന്നും, നമസ്കാരം മുറപോലെ നിർവ്വ ഹിക്കണമെന്നും, സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധ നം കൽകുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചി രുന്നത്" (അൻബിയാ: 73)

ഈ മതമാണ് അവസാന ദൈവിക ദർശനം, പ്രവാചക നിയോ ഗം മുതൽ അവസാന നാൾ വരെയുള്ള മുഴുവൻ മനുഷ്യ സമൂഹ ത്തിനുള്ള മതവും ഇതുതന്നെയാണ്. അല്ലാഹു ഈ മതത്തിൽ മാന്യ തയുള്ള എല്ലാ പ്രവർത്തനങ്ങളും, ശ്രേഷ്ഠമായ എല്ലാ സൽസ്വഭാവ

ങ്ങളുമാണ് ഉൾകൊള്ളിച്ചിട്ടുള്ളത്. അവ വിട്ട്‌വീഴ്ചയുടെ മതനിയമ ങ്ങളും, സാർവ്വകാലികവും മനുഷ്യ പ്രകൃതിക്കു യോജിച്ചതുമാണ്. മുഴുവൻ നന്മകളെയും പ്രേരിപ്പിക്കുന്നതോടൊപ്പം എല്ലാ നല്ലകാര്യ ങ്ങളും അനുവദിക്കുകയും സർവ്വ തിന്മളെയും വിരോധിക്കുകയും ചെയ്യുന്നു, മുഴുവൻ മ്ളേഛവും, ഐഹികവും പാരത്രികവുമായി മനുഷ്യനെ ഉപദ്രവമേൽപിക്കുന്ന സകല കാര്യങ്ങളെയും വിരോധി ക്കുകയും ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങൾ മുഴുവനും ഉൾകൊള്ളിച്ചി ട്ടുള്ളത് ഒരു മുസ്‌ലിം ഇഹലോകത്തുള്ള അവൻെറ ജീവിതം ഉൽകൃഷ്ടമാക്കുവാനും, അല്ലാഹുവിൻെറ തൃപ്തിയും, പരലോക ത്ത് അവൻെറ സ്വർഗവുമാകുന്ന പരിപൂർണവും ഉന്നതവുമായ സൗഭാഗ്യവും, പൂർണ വിജയവും കരഗതമാക്കുവാൻ വേണ്ടിയാണ്.

എല്ലാം അറിയുകയും, അഗാധജ്ഞാനിയുമായവനിൽ നിന്ന് അവ തീർണമായ മതത്തെ പഠിക്കുന്നവർക്ക് മുഴുവനും മനസിലാക്കുവാ ൻ കഴിയുന്ന ഒരു കാര്യമാണ്, ഈ മതത്തിന് ഉന്നതമായ ആശയ വും, ബുദ്ധിപരമായ ലക്ഷ്യവും ഉണ്ടെന്നുള്ളത്. ഉന്നതനും പ്രതാപിയു മായ അല്ലാഹു മനുഷ്യന് ഇരുലോകത്തും സൗഭാഗ്യം നേടുവാൻ വേ ണ്ടിയാണ് ഇതിലെ മതനിയമങ്ങൾ ഓരോന്നും നിയമമാക്കിയിട്ടുള്ളത്. എങ്ങിനെ അല്ലാതിരിക്കും: പ്രവാചകൻﷺയെ പറ്റി അല്ലാഹുപറയുന്നു:

﴿ ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِيَّ ٱلْأُمِّيَّ ٱلَّذِي يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِي ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَٰلَ ٱلَّتِي كَانَتْ عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟ ٱلنُّورَ ٱلَّذِيٓ أُنزِلَ مَعَهُۥٓ ۙ أُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٥٧﴾ ﴾ (الأعراف: ١٥٧)

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേ ഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്തുവാൻ കഴിയുന്ന ആ അ ക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബി യെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തപ്പെടുന്നാതാണ്) അവരോട് അദ്ദേഹം സദാചാരം കല്പിക്കുകയും, ദുരാചാരത്തിൽ നി

ന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കി വെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (അഅ്റാഫ്:157)

വീണ്ടും അല്ലാഹു പറയുന്നു:

﴿ فَمَنِ ٱتَّبَعَ هُدَاىَ فَلَا يَضِلُّ وَلَا يَشْقَىٰ ﴿١٢٣﴾ ﴾ (طه :١٢٣)

"അപ്പോൾ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ച് പോകകയില്ല. കഷ്ടപ്പെടുകയുമില്ല" (ത്വാഹാ: 123)

വീണ്ടും അല്ലാഹു പറയുന്നു:

﴿ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ ﴾ (البقرة :١٨٥)

"നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നില്ല" (അൽബഖറ: 185)

അല്ലാഹു പറയുന്നു:

﴿ وَمَا جَعَلَ عَلَيْكُمْ فِى ٱلدِّينِ مِنْ حَرَجٍ ﴾ (الحج :٧٨)

"മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല" (ഹജ്ജ്: 78) പ്രവാചകൻﷺ പറയുന്നു:

«إنما بعثت لأتمم مكارم الأخلاق»(١)

"എല്ലാ ഉന്നത സ്വഭാവങ്ങളും പൂർത്തീകരിക്കുവാൻ വേണ്ടിയാണ് ഞാൻ നിയോഗിതനായിട്ടുള്ളത്" പ്രവാചകൻﷺ വീണ്ടും പറയുന്നു:

«إنه لم يكن نبي قبلي إلا كان حقا عليه أن يدل أمته على خـــير مـــا

(١) أخرجه البيهقي في سننه ١٩١/١٠ وابن عبد البر في التمهيد ٢٥٤/١٦، وصححه الألباني في السلسلة الصحيحة، برقم (٤٥)

يعلمه لهم وينذرهم من شر ما يعلمه لهم»[1]

"എൻെറ മുൻപ് കഴിഞ്ഞ് പോയിട്ടുള്ള ഓരോ പ്രവാചകന്മാരുടെ മേലും ബാധ്യതയായിരുന്നു, അവരുടെ സമുദായങ്ങൾക്ക് അറിയാത്ത നന്മകളെതൊട്ട് അവരെ അറിയിക്കുകയെന്നതും, അവർക്കറിയാത്ത തിന്മകളെ തൊട്ട് അവരെ താക്കീത് നൽകുകയെന്നതും"

എങ്ങിനെ അല്ലാതിരിക്കും: കാരണം പ്രവാചകൻﷺ സൽസ്വഭാവത്തിൻെറയും, മാന്യതയുടെയും, വിശുദ്ധിയുടെയും, വിട്ടുവീഴ്ചയുടെയും പൂർണതയിലെത്തിയതോടൊപ്പം തന്നെ അല്ലാഹുവിലേക്ക് പരിപൂർണമായി അടിമപ്പെടുകയും, കീഴ്പ്പെടുകയും, വിനയം കാണിക്കുകയും ചെയ്തിരിന്നു. അദ്ദേഹത്തിൻെറ രക്ഷിതാവ് അതിന് സാക്ഷ്യം വഹിക്കുന്നത് ശ്രദ്ധിക്കുക:

﴿ وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾ ﴾(القلم:٤)

"തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ഖലം:4)

﴿ لَّقَدْ كَانَ لَكُمْ فِي رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُواْ ٱللَّهَ وَٱلْيَوْمَ ٱلْآخِرَ ﴾ (الأحزاب: ٢١).

തുടർന്ന് അല്ലാഹു നമ്മോട് അദ്ദേഹത്തെ പരിപൂർണമായി പിൻപറ്റുവാൻ കൽപിക്കുന്നു.

ഇസ്ലാമിക സമൂഹത്തിൽ അനുഗ്രഹങ്ങൾ പരിപൂർണമാണ്, മുഴുവൻ മാർഗങ്ങളിലൂടെയും അവരുടെ മേൽ അനുഗ്രഹങ്ങൾ പൂർത്തിയായി. ഒരു ഭാഗത്ത് കൽപനകൾ മുഴുവനും അനുസരണത്തിലും, നന്മയിലുമാണ് ഉള്ളതെങ്കിൽ വിരോധങ്ങൾ മുഴുവനുമുള്ളത് തെറ്റുകളിലും, ചീത്തകാര്യങ്ങളിലുമാണ്. മുഹമ്മദ്ﷺയെ പിൻപറ്റേണ്ടത് അതിൻെറ എല്ലാ സവിശേഷതയും, പ്രത്യേകതയും പൂർത്തീകരിച്ച് കൊണ്ടാണ്. അല്ലാഹുവിൻെറ അനുഗ്രഹത്താൽ നമ്മുടെ മതം ഏത് കോണിലൂടെ നോക്കിയാലും സമ്പൂർണമാണ്, മുഴുവൻ കൽപനകളും, സർവ്വ വിരോധങ്ങളും, മുഴുവൻ മതനിയമങ്ങളും ഉന്നതസ്വഭാവങ്ങളും അതിനുള്ള പ്രേരണയും എല്ലാം നന്മ നിറഞ്ഞതാണ്.

ഇസ്ലാമിൻെറ നന്മകളെ പറ്റി പഠിക്കുന്നത്, മുസ്ലിമിന് മതനിയമങ്ങൾ ജീവിതത്തിൽ പകർത്തുവാനും, അതിനെ സ്നേഹിക്കുവാനും

---

(١) أخرجه مسلم (١٤٧٢/٣)، برقم (١٨٤٤)

കൂടുതൽ സഹായകമാവും.

അത്പോലെ വ്യതിചലിച്ച്പോയവന് അതിൽ നിന്ന് പിന്തിരിയാനും പ്രേരണ ലഭിക്കുകയും, സന്മാർഗിയാവാനും മുസ്ലിമാവാനും സാധ്യമാകുന്ന രൂപത്തിൽ സംതൃപ്തിയുടെ കവാടം തന്നെ അവൻെറ മുന്നിൽ തുറക്കുന്നു. അതിലൂടെയവൻ മുസ്ലിമായി ഇരുലോക വിജയം നേടുകയും ചെയ്യുന്നതാണ്.

فقال النبي ﷺ: «إن الله يأمر بالعدل والإحسان وإيتاء ذي القربى وينهى عن الفحشاء والمنكر» فأتيا أكثم فقالا: أبى أن يرفع نسبه، فسألنا عن نسبه فوجدناه زاكي النسب واسطاً في مضر، وقد رمى إلينا بكلمات قد حفظناهن فلما سمعهن أكثم قال: أي قوم أراه يأمر بمكارم الأخلاق وينهى عن ملائمها فكونوا في هذا الأمر رؤساً ولا تكونوا فيه أذناباً، كونوا فيه أوَّلاً ولا تكونوا فيه آخراً، فلم يلبث أن حضرته الوفاة فقال: أوصيكم بتقوى الله وصلة الرحم فإنه لا يبلى عليهما أصل.(١)

അക്ഥമ്ബ്നു സ്വയ്ഫിയിൽ നിന്ന് ഇബ്നു സകൻ ഉദ്ദരിക്കുന്നു: പ്രവാചകൻ നിയോഗിതനായപ്പോൾ അക്ഥം അദ്ദേഹത്തിൻെറടുത്തേക്ക് പോകുവാൻ ഉദ്ദേശിച്ചു, എന്നാൽ സ്വ സമൂദായം അദ്ദേഹത്തെ ഉപേക്ഷിക്കുവാൻ വിസമ്മതിച്ച് കൊണ്ട് പറഞ്ഞു: താങ്കൾ ഞങ്ങളിൽ നേതാവാണ് അത്കൊണ്ട് അദ്ദേഹത്തിന് താങ്കളെപ്പറ്റി ആറിയാതിരിക്കില്ല. അപ്പോൾ അക്ഥം പറഞ്ഞു: എങ്കിൽ എന്നെപ്പറ്റി അദ്ദേഹത്തെ അറിയിക്കുവാനും, അദ്ദേഹത്തെ സംബന്ധിച്ച് എനിക്ക് അറിവ് നൽകുവാനും യോജിച്ച ഒരാൾ വരട്ടെ, അങ്ങിനെ രണ്ട് വ്യക്തികളെ അക്ഥമിന് പകരമായി പ്രവാചകൻെറടുത്തേക്ക് പറഞ്ഞയച്ചു, അവർ പ്രവാചകൻﷺയുടെ അടുത്ത് വരുകയും ഞങ്ങൾ അക്ഥമ്ബ്നു സ്വയ്ഫിയുടെ ദൂതന്മാരാണെന്ന് പറയുകയും ചെയ്തു, അക്ഥം താങ്കളാരാണെന്നും?, താങ്കൾ എന്താണെന്നും?, എന്തുമായിട്ടാണ് താങ്കൾ വന്നെതെന്നും? ചോദിക്കുന്നു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: “തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബ ബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീച വൃത്തിയിൽ നിന്നും

ദുരാചാരത്തിൽ നിന്നുമാണ്" (നഹ്ൽ:90) അവർ അക്ഥമിൻെറടുത്ത് വന്ന് പറഞ്ഞു: അദ്ദേഹം തൻെറ പിതൃപരമ്പര പെരുപ്പിച്ച് കാണിക്കുവാൻ വിസമ്മതി ച്ചു, ഞങ്ങളദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം നല്ല ഉയർന്ന പരമ്പരയിലും, മുളർ ഗോത്രത്തിലെത്തിച്ചേരുന്നതായും ഞങ്ങൾ ക ണ്ടെത്തി, അദ്ദേഹം ഞങ്ങളോട് കുറച്ച് പദങ്ങൾ പറഞ്ഞ് തന്നു, അത് കേട്ടമാത്രയിൽ നന്നെ ഞങ്ങൾ മന:പാഠമാക്കുകയും ചെയ്തു, അക് ഥം പറഞ്ഞു: ഏത് സമൂഹമാണ് ഉന്നത സ്വഭാവങ്ങൾ കൽപിക്കുക യും, നീച വൃത്തിയിൽ നിന്ന് തടയുകയും ചെയ്യുന്നത് അവർ ത ന്നെയായിരിക്കും കാര്യങ്ങളുടെ മുൻ നിരിയിൽ നിൽക്കുക, ഒരിക്ക ലും അവൻ പിന്നിലായിരിക്കുകയില്ല. അത്കൊണ്ട് നിങ്ങളതിൽ മുന്നി ലായിരിക്കുക, ഒരിക്കലും നിങ്ങളതിൽ പിന്നിലായിരിക്കരുത്. അക്ഥ മിന് മരണം ആസന്നമായപ്പോൾ അദ്ദേഹം അവരോട് വസ്വിയ്യത് ചെയ്യുന്നു: "നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, കുടുംബ ബന്ധം ചേർക്കണമെന്നും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു, കാര ണം അത്രണ്ടും കൊണ്ടുമുള്ള ഒരു അടിത്തറയും നശിച്ച് പോകു കയില്ല"

ഇസ്‌ലാമിൻെറ നന്മയുടെ ഒരു വശം മനസിലായപ്പോൾ തന്നെ അല്ലാഹു അക്ഥമിനെ അവിശ്വാസത്തിൻെറ പടുകുഴിയിൽ നിന്ന് വി ശ്വാസത്തിൻെറ ഉന്നതിയിലേക്ക് കൊണ്ട് വന്നു. എങ്കിൽ ആ സംഭവ ത്തിന് ശേഷം ഇറങ്ങിയ ഇസ്‌ലാമിക നിയമങ്ങളുടെ നന്മകൾ അറി ഞ്ഞിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി.

യാതൊരു സംശയവും ഇല്ല; കാര്യങ്ങൾ ചില പണ്ഡിതന്മാർ പറ ഞ്ഞത്പോലെയാണ്: "അല്ലാഹുവിൻെറ മതത്തിൻെറ വിവരണവും, അ തിൻെറ നന്മകളും, അതിൻെറ യാഥാർത്ഥ്യവും അറിയുവാൻ മുസ്‌ലി ങ്ങൾ മാത്രമല്ല ലോകം മുഴുവനും ഇന്ന് ദാഹിക്കുകയാണ്. അല്ലാഹു തന്നെയാണ് സത്യം: ജനങ്ങളും ലോകവും അതിൻെറ യാഥാർത്ഥ്യം ശരിക്കും മനസിലാക്കിയാൽ അവർ കൂട്ടം കൂട്ടമായി അതിലേക്ക് പ്രവേശിക്കുമായിരുന്നു.

ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ഇസ്‌ലാമിൻെറ

---

(١) انظر: الاستيعاب (١/١٤٦) الإصابة (١/٢١١)

നന്മകൾ മുഴുവനും എണ്ണികണക്കാക്കുവാനോ, തിട്ടപ്പെടുത്തുവാനോ ആർക്കും സാധ്യമല്ല, കാരണം എല്ലാ നന്മകളും, സൗന്ദര്യവും, പൂർത്തീകരണവും ഇസ്‌ലാമിൻെറ മുഴുവൻ കൽപനകളിലും, സർവ്വ വിരോധങ്ങളിലും കുടികൊള്ളുന്നുണ്ട്, ഓരോ നിമിഷങ്ങളിലും അതിൻെറ ആശയത്തിൻെറ മഹത്വം നിറഞ്ഞ് നിൽക്കുന്നു. ഒരാൾ ഏക ദൈവ വിശ്വാസത്തിൻെറയോ, അതല്ലെങ്കിൽ നമസ്കാരത്തിൻെറയോ നന്മകൾ വിശദീകരിക്കുവാൻ തുടങ്ങിയാൽ വലിയ വലിയ ഗ്രന്ഥങ്ങൾ തന്നെ രചിക്കേണ്ടിവരുന്നതാണ്.

ഇവിടെ എല്ലാ നന്മകളെയും എടുത്ത് പറയുവാൻ ഉദ്ദേശിക്കുന്നില്ല, മറിച്ച് സൂചന നൽകുയാണ്, അത്പോലെ ചില സൂചനകൾ കൊണ്ട് അതിന് പിന്നിലുള്ളതിലേക്ക് വെളിച്ചം വീശുകയുമാണ്. ബുദ്ധിയുള്ളവൻ കുറഞ്ഞ വാചകങ്ങൾ കൊണ്ട് തന്നെ കാര്യം ഗ്രഹിക്കുന്നതാണ്. സന്മാർഗി അല്ലാഹു സന്മാർഗം നൽകിയവനാണ്, വഴിപിഴച്ചവൻ സത്യം ഗ്രഹിക്കുന്നതിനെ തൊട്ട് ഹൃദയം കൂടുസായവനാണ്, അവരിലേക്ക് മലക്കുകളോ, അല്ലെങ്കിൽ മരിച്ച്പോയവർ സംസാരിച്ചിട്ടോ കാര്യമില്ല, അവർ വിശ്വസിക്കുകയില്ല, അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. ഈ മതത്തിലേക്ക് സന്മാർഗം കാണിച്ച് തന്ന അല്ലാഹുവിന് സർവ്വ സ്തുതതികളും, അല്ലാഹു സന്മാർഗം കാണിച്ച് തന്നില്ലായിരുന്നുവെങ്കിൽ ഞങ്ങൾ സന്മാർഗികളാവുമായിരുന്നില്ല, നമ്മുടെ രക്ഷിതാവിൻെറ പ്രവാചകന്മാർ സത്യവുമായി വന്നു, നമ്മുടെ പ്രവാചകനായ മുഹമ്മദിൻെറ പേരിലും, കുടുംബാദികളിലും, അനുചരന്മാരിലും അല്ലാഹുവിൻെറ ശാന്തിയും സമാധാനവും വർഷിക്കുമാറാവട്ടെ.

☆ ☆ ☆

# ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളും പ്രത്യേകതകളും

### ശരീഅത്ത്:

അല്ലാഹു അവൻെറ ദൂതനായ മുഹമ്മദ്ﷺയിലൂടെ അവതരിപ്പിച്ചിട്ടുള്ള കർമ്മപരവും, വിശ്വാസപരവുമായ വിധികൾക്ക് പറയുന്ന പേരാണ് ശരീഅത്ത്:

ഇവക്ക് 'ശരീഅത്ത്'എന്ന് പേര് നൽകുവാൻ കാരണം അതിൻെറ ചൊവ്വായി നിൽക്കുകയെന്ന സ്വഭാവം കൊണ്ടും, സ്വഛമായ വെള്ളത്തിൻെറ ഉറവിടത്തോട് സാമ്യപ്പെടുത്തികൊണ്ടുമാണ്. ജലം കൊണ്ട് ശരീരം ജീവിക്കുന്നത് പോലെ ഈ മതവിധികൾ കൊണ്ടാണ് മനസ്സുകൾ ജീവിക്കുന്നതും നന്നാവുന്നതും, ഇത് തന്നെയാണ് ബുദ്ധിയുടെ ഭക്ഷണവും, രക്ഷാമാർഗവും.

## ഇസ്ലാമിക ശരീഅത്തിൻെറ പ്രത്യേകതകൾ വൈവിധ്യവും എണ്ണമറ്റതുമാണ്.

ഇസ്ലാമിക ശരീഅത്തിൻെറ പ്രത്യേകതകൾ സൂചിപ്പിക്കുന്നത് ഈ മതത്തിൻെറ ഉന്നതമായ സ്ഥാനെത്തെയും, അതിലെ പ്രശ്നങ്ങളുടെ പ്രശസ്തിയേയുമാണ്.

ഈ പ്രത്യേകതകൾ മുഴുവനും സൂചിപ്പിക്കുവാൻ സാധ്യമല്ല, അതി പ്രധാനമായ കാര്യങ്ങളിലേക്ക് സൂചനകൾ മാത്രം:

### 1- ദൈവീകം:

ഇസ്ലാമിക ശരീഅത്തിൻെറ ഒന്നാമത്തെ പ്രത്യേകത അത് ദൈവീകമാണ് എന്നതാണ്.

ദൈവികമാണ് എന്ന് പറയുമ്പോൾ ഇവിടെ രണ്ട് കാര്യങ്ങൾ ഉദ്ദേശിക്കുന്നുണ്ട്.

ഒന്നാമത്തെ കാര്യം: ഇത് ഉന്നതനും പരിശുദ്ധനുമായ അല്ലാഹുവിൽ നിന്നുള്ളതാണ്. അന്ത്യപ്രവാചകനായ മുഹമ്മദ്ﷺക്ക് അല്ലാഹു നൽകിയ ദിവ്യസന്ദേശവുമാകുന്നു അത്. ഒരു സൃഷ്ടിയും ഉണ്ടാക്കിയതല്ല ഇസ്ലാമിക ശരീഅത്ത്. അല്ലാഹു പറയുന്നു:

﴿ الٓر ۚ كِتَـٰبٌ أُحْكِمَتْ ءَايَـٰتُهُۥ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ ﴾ (هود: ١)

"അലിഫ്-ലാം-റാ- ഒരു പ്രമാണ ഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിൻെറ അടുക്കൽ നിന്നുള്ളതത്രെ അത്" (ഹൂദ്: 1)

അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٥٧﴾ ﴾(يونس: ٥٧)

"മനുഷ്യരെ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നു കിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നു കിട്ടിയിരിക്കുന്നു) " (യൂനുസ്: 57)

ഈ മതത്തിൽ പ്രവാചകൻെറ കർത്തവ്യം ദിവ്യ സന്ദേശം സ്വീകരിക്കുക, അത് മനഃപാഠമാക്കുക, തുടർന്നത് വിശദീകരിക്കുകയുംമറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുക മാത്രമാണ്. ഇതാണ് അല്ലാഹു താഴെ വരുന്ന ആയത്തിൽ പറയുന്നത്:

﴿ يَـٰٓأَيُّهَا ٱلرَّسُولُ بَلِّغْ مَآ أُنزِلَ إِلَيْكَ مِن رَّبِّكَ ۖ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ رِسَالَتَهُۥ ۚ وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ ۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْكَـٰفِرِينَ ﴿٦٧﴾ ﴾ (المائدة: ٦٧)

"ഹേ, റസൂലേ, നിൻെറ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ച് കൊടുക്കുക. അങ്ങനെ ചെയ്യാത്തപക്ഷം നീ അവൻെറ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യ നിഷേധികളായ ആളുകളെ തീർച്ചയായും അല്ലാഹു നേർവഴിയി ലാക്കുകയില്ല." (മാഇദ: 67)

അല്ലാഹു പറയുന്നു:

﴿ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ ﴿٤٤﴾ ﴾(النحل: ٤٤)

"നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ച് കൊടുക്കുവാൻ വേണ്ടിയും, അവർ ചിന്തിക്കുവാൻ വേണ്ടിയും" (നഹ്ൽ: 44)

ഉന്നതനും ഏകനുമായ അല്ലാഹുവിൽ നിന്ന് അവതീർണമായ ഒരേ ഒരു മതം ഇന്ന് ലോകത്ത് ഇസ്‌ലാം മാത്രമാകുന്നു. അല്ലാഹുവിൻെറ വചനങ്ങൾ മാറ്റതിരുത്തലുകളിൽ നിന്നും പൂർണമായി മുക്തമാണ്. അല്ലാഹു പറയുന്നു:

﴿ إِنَّا نَحۡنُ نَزَّلۡنَا ٱلذِّكۡرَ وَإِنَّا لَهُۥ لَحَٰفِظُونَ ﴾ (الحجر:٩)

“തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്” (ഹിജ്ർ:9)

ഇത് കൊണ്ടാണ് ഇസ്‌ലാമിക ശരീഅത്ത് പൂർണവും, എല്ലാം ഉൾകൊള്ളുന്നതും, കാരുണ്യം നിറഞ്ഞതും, എല്ലാ രീതിയിലും നീതിയിലധിഷ്ടിതവുമാണെന്ന് വിശേഷിപ്പിക്കുന്നത്. കാരണം അത് മനുഷ്യന്റെ എല്ലാ കാര്യങ്ങളും ഉടമപ്പെടുത്തുന്ന, അവരെ സൃഷ്ടിച്ച സൃഷ്ടാവാണ് അവതരിപ്പിച്ചിട്ടുള്ളത്. അവനാണ് എല്ലാ പൂർണതയുടെയും മഹത്വത്തിന്റെയും വിശേഷണങ്ങൾക്ക് അർഹൻ, അപൂർണതയിൽ നിന്നും, ന്യൂനതയിൽ നിന്നും അല്ലെങ്കിൽ അജ്ഞതയിൽ നിന്നും, ദേഹേഛയിൽ നിന്നും മുക്തനും അവൻ തന്നെയാണ്. ആയതിനാൽ മനുഷ്യന് സൗഭാഗ്യവും ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതം നയിക്കുവാനുതകുന്ന നിയമങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നതും അവന് മാത്രമാണ്. ഒരു ഉന്നതമായ ലക്ഷ്യത്തിന് വേണ്ടിയാണ് അവൻ മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നതും, അവരെ രിസാലത്ത് വഹിപ്പിച്ചിരിക്കുന്നതും, അത്കൊണ്ട് അവരെ ആദരിച്ചതും തന്റെ ധാരാളം സൃഷ്ടികളേക്കാൾ മനുഷ്യരെ ശ്രേഷ്ടമാക്കിയതും. തന്റെ കാര്യങ്ങളിൽ സൂക്ഷ്മജ്ഞാനമുള്ളവനും, തന്റെ വിധിയിൽ തത്വജ്ഞാനിയും, തന്റെ സൃഷ്ടികളുടെ മേൽ കഴിവുള്ളവനും, തന്റെ നിയന്ത്രണത്തിൽ അറിവുള്ളവനും, തന്റെ അടിമയോട് കാരുണ്യവാനും അവൻ തന്നെയാണ്.

മത നിയമങ്ങൾ സ്വീകരിക്കലും, അതനുസരിച്ച് പ്രവർത്തിക്കലും, ജീവിക്കലും ഒരോ സൃഷ്ടികളുടെയും ബാധ്യതയാണ്. അത് മുഖേനയാണ് ഇഹലോകത്ത് നന്മയും, പരലോകത്ത് സൗഭാഗ്യവും, വലിയ ഭീതിയുടെ നാളിൽ നിർഭയത്വവും യാഥാർത്ഥ്യമാവുകയുള്ളൂ.

തീർച്ചയായും സത്യവിശ്വാസികളുടെയടുത്ത് ഈ മതനിയമത്തിന് പാവനത്വമുണ്ട്, അവരുടെ മനസുകളിൽ ഇതിന് വളരെ വലിയ സ്ഥാനവും, ഹൃദയങ്ങളിൽ ഭയവും ഉണ്ട്. ഇതിനോട് തല്യമായി ഒരു ചര്യയോ, നിയമനിർദ്ദേശങ്ങളോ ഇല്ല. മനുഷ്യ പരിശ്രമത്തിൽ ഇതിനോട് കിടപിടിക്കുന്ന യാതൊന്നും തന്നെയില്ല.

<u>**രണ്ടാമത്തേത്:**</u> ഈ മത നിയമത്തിന്റെ ഉന്നതമായ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയാണ്. അതിന്റെ ലക്ഷ്യവും മാർഗവും ദൈവികമാണ്. അല്ലാഹു പറയുന്നു:

﴿ قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ ۝١٦٢ لَا شَرِيكَ لَهُۥۖ وَبِذَٰلِكَ أُمِرۡتُ وَأَنَا۠ أَوَّلُ ٱلۡمُسۡلِمِينَ ۝١٦٣ ﴾ (الأنعام:١٦٢-١٦٣)

"പറയുക: തീർച്ചയായും എൻെറ പ്രാർത്ഥനയും, എൻെറ ആരാധനാ കർമ്മങ്ങളും, എൻെറ ജീവിതവും, എൻെറ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാണ്. അവന്ന് പങ്കുകാരേയില്ല. അറപകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പ്പെ ടുന്നവരിൽ ഞാൻ ഒന്നാമനാണ്" (162-163)

ഒരടിമക്ക് ഇഹലോകത്ത് സുന്ദരമായ ഒരു ജീവിതം യാഥാർത്ഥ്യമാക്കുക എന്ന ഒരു ലക്ഷ്യം ഇസ്‌ലാമിക ശരീഅത്തിന് ഉണ്ടെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഈ ലക്ഷ്യം പോലും പരലോകത്ത് അല്ലാഹുവിൻെറ തൃപ്തിയും, രക്ഷയും, അല്ലാഹുവുമായിട്ടുള്ള ശരിയായ ബന്ധവും കസ്ഥമാക്കുക എന്ന ഉന്നത ലക്ഷ്യത്തെ സഹായിക്കുന്നതാണെന്ന് നമുക്ക് കാണാനാവും. ഇതാണ് ലക്ഷ്യങ്ങളുടെ ലക്ഷ്യവും, ഉദ്ദേശങ്ങളുടെ ഉദ്ദേശവും.

മനുഷ്യ സൗഭാഗ്യത്തിൻെറ ഉറവിടം ദൈവികമായ ശരീഅത്ത് ജീവിതത്തിൽ പകർത്തുന്നതിലാണ്. അതായത് ആകാശ ഭൂമികളുടെ രക്ഷിതാവിൻെറ മാർഗം സ്വീകരിക്കുകയാണെങ്കിൽ അവൻെറ തൃപ്തി മനുഷ്യന് ലഭിക്കുന്നതാണ്. ഈ ശരീഅത്ത് മുഴുവനും അല്ലാഹുവിൽ നിന്നാണെന്നും, അല്ലാഹുവിലേക്കുള്ളതാണെന്നും അവൻ വിശ്വസിക്കുന്നു.

## 2- സമ്പൂർണ്ണം:

ഇസ്‌ലാമിക ശരീഅത്ത് വ്യവസ്ഥാപിതവും പരിപൂർണവുമാണ്, പരലോകത്ത് വിജയവും നേട്ടവും ലഭിക്കുവാനും, ഇഹലോകത്ത് മനുഷ്യന് മാനുഷികമായ പരിപൂർണതയുടെ ഉന്നത പദവികളിലേക്ക് എത്തിപ്പെടുവാനുമുതകുന്ന കാര്യങ്ങളുമായിട്ടാണ് അത് വന്നിട്ടുള്ളത്.

മനുഷ്യനും, ജിന്നുകൾക്കും മൊത്തത്തിലുള്ളതാണ് ഇസ്‌ലാമിക നിയമങ്ങൾ, അത് ഒരു തലമുറക്കോ, ഒരു സമൂഹത്തിനോ മാത്രമുള്ള തല്ല, മറിച്ച് മുഴുവൻ ജനങ്ങളിലേക്കുമായി അവതരിച്ചതാണ്.

സമൂഹത്തിൻെറ എല്ലാ മേഖലകളിലേക്കും, ജീവിതത്തിൻെറ സർവ്വ കാര്യങ്ങളിലേക്കും വേണ്ട മുഴുവൻ കാര്യങ്ങളും ഉൾകൊള്ളുന്നതാണ് ഇസ്‌ലാമിക ശരീഅത്ത്. നാട്ടിൽ നടക്കുന്നതും, പ്രചാരത്തിലുമുള്ളതോ, ഒറ്റപ്പെട്ടതോ ആയിട്ടുള്ള ഒരു കാര്യത്തെപ്പറ്റിയും പറയാതെയോ, അതല്ലെങ്കിൽ അതിൻെറ വിധിയെപ്പറ്റി ഉൾകൊള്ളിക്കാതെയോ, ഒരു പൊതുനിയമത്തിൻെറയോ, അതല്ലെങ്കിൽ പൊതു തത്വത്തിൻെറയോ കീഴിൽ കൊണ്ടുവരാതേയോ ഇസ്‌ലാമിക ശരീഅത്ത് വിട്ട് കളഞ്ഞിട്ടില്ല, ജനങ്ങളുടെ ഒരു കാര്യത്തിലും അത് കുടുസത കാട്ടുന്നില്ല, ഏതെങ്കിലും ഒരു സമൂഹത്തിൻെറ ഉന്നതമായ പുരോഗതിക്കത് വിഗ്നം സൃഷ്ടിക്കുന്നുമില്ല, മറിച്ച് എല്ലാ അവസ്ഥയിലും, സർവ്വ സമയത്തും മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ കാലദേശങ്ങൾക്കതീതമായി മനുഷ്യ പുരോഗതിയേയാണ് അത് യാഥാർത്ഥ്യമാക്കുന്നത്.

വിശുദ്ധഖുർആൻ, തിരുസുന്നത്ത് എന്നീ പ്രമാണങ്ങൾ ഇസ്‌ലാമിക ശരീഅത്ത് എല്ലാം ഉൾകൊള്ളുന്നതാണെന്നും, അത് മുഴവൻ ജനതക്കുള്ളതാണെന്നും സ്ഥാപിക്കുന്നുണ്ട്. അതിൽപെട്ട ചില തെളിവുകൾ നോക്കുക.
അല്ലാഹു പറയുന്നു:

﴿ قُلْ يَـٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ﴾ (الأعراف:١٥٨)

"പറയുക: മനുഷ്യരെ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു" (അഅ്റാഫ്: 158)
അല്ലാഹു പറയുന്നു:

﴿ وَمَآ أَرْسَلْنَـٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٨﴾ ﴾ (سبأ:٢٨)

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധിക പേരും അറിയുന്നില്ല" (സബഅ്: 28)

﴿ وَنَزَّلْنَا عَلَيْكَ ٱلْكِتَـٰبَ تِبْيَـٰنًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴿٨٩﴾ ﴾ (النحل:٨٩)

"എല്ലാ കാര്യത്തിന്നും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും, കീഴ്പ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്" (നഹ്ൽ: 89) ഹദീസിൽ ഇപ്രകാരം കാണാവുന്നതാണ്:

عن النبي ﷺ قال: «أعطيت خمساً لم يعطهن أحد قبلي..» ومنها قوله: «وكان النبي يبعث إلى قومه خاصّة، وبعثتُ إلى الناس عامّة»(١)

പ്രവാചകൻﷺയിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "എൻെറ മുമ്പ് ആർക്കും നൽകപ്പെടാത്ത അഞ്ച് കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടു..." അതിൽ പെട്ടതാണ് "ഓരോ നബിയും അവരുടെ സമുദായത്തിലേക്ക് മാത്രമാണ് നിയോഗിക്കപ്പെട്ടത്, എന്നാൽ ഞാൻ മുഴുവൻ സമുദായത്തിലേക്കുമാണ് നിയോഗിക്കപ്പെട്ടത്"

---

(١) رواه البخاري في صحيحه-مع الفتح-: ١/٤٣٥-٤٣٦، برقم (٣٣٥)

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമാകുന്നു:

«كان كلّ نبي يبعث إلى قومه خاصة وبعثت إلى كل أحمر وأسود»[1]

(എല്ലാ പ്രവാചകന്മാരും അവരുടെ സമുദായത്തിലേക്ക് മാത്രമാണ് നിയോഗിതരായിട്ടുള്ളത്, എന്നാൽ ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എല്ലാ ചുവന്നവരിലേക്കും, എല്ലാ കറുത്തവരിലേക്കുമാകുന്നു)

മേൽ വിവരിച്ച തെളിവിൻെറ അടിസ്ഥാനത്തിൽ ഇസ്ലാമിക ശരീഅത്ത് ലോകർക്ക് മുഴുവനുള്ളതാണെന്ന് മനസിലാകുന്നു. എന്നാൽ മുസ്ലീങ്ങളല്ലാത്ത ചില ചരിത്രകാരന്മാർ പറയുന്നത്: "ഇസ്ലാം ഒരു പ്രദേശത്തിൽ നിർണ്ണിതമാണ്. ഇസ്ലാമിക വിജയങ്ങളിലൂടെ അത് അനേകം രാജ്യങ്ങൾ കീഴടക്കിയപ്പോൾ അത് ലോകർക്ക് മുഴുവനുള്ളതാണെന്ന് പ്രചരിപ്പിക്കുവാനും, പറയുവാനും തുടങ്ങിയെന്ന്". ഈ വാദം നിരർത്ഥകമാണ്. ഭാഷ, ദേശ, കാല, വർണ്ണങ്ങൾക്കതീതമായി മുഴുവൻ മനുഷ്യരിലേക്കുമുള്ള ലോക മതമാണ് ഇസ്ലാം.

വിശുദ്ധഖുർആൻ മുൻകഴിഞ്ഞ പ്രവാചകന്മാരുടെ രിസാലത്തിനെപ്പറ്റി സംസാരിക്കുമ്പോൾ അവരുടെ സമുദായത്തിലേക്കാണവർ നിയോഗിതരായതെന്ന് സ്ഥാപിക്കുന്നു. അല്ലാഹു പറയുന്നു:

﴿لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥٓ﴾ (الأعراف:٥٩)

"നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ടദ്ദേഹം പറഞ്ഞു:എൻെറ ജനങ്ങളെ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവീൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല" (അഅ്റാഫ്:59) അല്ലാഹു പറയുന്നു:

﴿وَإِلَىٰ عَادٍ أَخَاهُمْ هُودًا﴾ (هود:٥٠)

"ആദ് ജനതയിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (നാം നിയോഗിക്കുകയുണ്ടായി) " (ഹൂദ്: 50) അല്ലാഹു പറയുന്നു:

﴿وَإِلَىٰ ثَمُودَ أَخَاهُمْ صَـٰلِحًا﴾ (الأعراف:٧٣)

"തമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു) " (അഅ്റാഫ്: 73)

എന്നാൽ മുഹമ്മദ്ﷺ യുടെ രിസാലത്തിനെപ്പറ്റി സംസാരിക്കുമ്പോൾ അത് മുഴുവൻ ജനതയിലേക്കുമുള്ളതാണെന്ന് വ്യക്തമാക്കുന്നത്

(١) رواه مسلم: ١/٣٧٠-٣٧١، برقم (٥٢١)

ശ്രദ്ധിക്കുക:

﴿ تَبَارَكَ ٱلَّذِى نَزَّلَ ٱلْفُرْقَانَ عَلَىٰ عَبْدِهِۦ لِيَكُونَ لِلْعَـٰلَمِينَ نَذِيرًا ﴿١﴾ ﴾ (الفرقان: ١)

"തൻെറ ദാസൻെറമേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹ പൂർണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനുവേണ്ടി യത്രെ അത്." (ഫുർഖാൻ: 1) അല്ലാഹു പറയുന്നു:

﴿ وَمَآ أَرْسَلْنَـٰكَ إِلَّا رَحْمَةً لِّلْعَـٰلَمِينَ ﴿١٠٧﴾ ﴾ (الأنبياء:١٠٧)

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടി ല്ല" (അൻബിയാ: 107)

ഇത് യാഥാർത്ഥ്യമാണെന്ന് ചില പണ്ഡിതന്മാർ പറയുന്നു: "തീർച്ചയായും മുഹമ്മദ്ﷺയുടെ ശരീഅത്ത് മുഴുവൻ ജനതയ്ക്കുമുള്ളതാണെന്ന് അറിയപ്പെട്ട കാര്യമാണ്: അറബികൾക്കും, അനറബികൾക്കും, വിരക്തിയുള്ളവർക്കും പണ്ഡിതന്മാർക്കും, സാധാരണക്കാർക്കും മൊത്തത്തിലുള്ളതാണെന്ന് മാത്രമല്ല, അവസാന നാൾ വരെ അവശേഷിക്കുന്നതും, മനുഷ്യ ജിന്ന് വർഗങ്ങൾക്ക് കൂ ടിയുള്ളതുമാണ്. ഒരു സൃഷ്ടിക്കും തന്നെ ഇസ്‌ലാമിക നിയമങ്ങൾ അനുസരിക്കുന്നതിൽ നിന്നും, പിൻപറ്റുന്നതിൽ നിന്നും, മതം സമൂഹത്തിന് നിയമമാക്കിയ നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിൽ നിന്നോ, നീച കാര്യങ്ങൾ വെടിയുന്നതിൽ നിന്നോ പിന്തിരിയുവാനോ, പുറത്ത് കടക്കുവാനോ പാടുള്ളതല്ല. എന്തിനേറെ മുൻകഴിഞ്ഞ പ്രവാചകന്മാർ ജീവിക്കുകയാണെങ്കിൽ പോലും മുഹമ്മദ്ﷺയുടെ ശരീഅത്ത് പിൻപറ്റുവാൻ ബാധ്യസ്ഥരാണ്". അതെ, ഈ രിസാലത്ത് അവസാനത്തേതാണ്, മറ്റു രിസാലത്തുകളെ പേലെ പ്രത്യേക കാലത്തിലോ, ദേശത്തിലോ, വിഭാഗത്തിലോ, സമുദായത്തിലോ പരിമിതമല്ല. മുൻകാല രിസാലത്തുകളെല്ലാം തന്നെ ഈ അവസാന രിസാലത്തിലേക്ക് എത്തിച്ചേരുവാനുള്ള പരിശീലന ചവിട്ടു പടികളായിരുന്നു. മുൻകഴിഞ്ഞ എല്ലാ ശരീഅത്തുകളും അതിറങ്ങിയ സമൂഹത്തിനും, കാലത്തിനും, ദേശത്തിനും അനുയോജിച്ചതായിരുന്നു, അങ്ങിനെ ഈ അവസാന ശരീഅത്ത് പരിപൂർണ്ണ അടിത്തറകളും, ശാഖാപരമായ എല്ലാ കാര്യങ്ങളും ഉൾകൊള്ളിച്ച് കൊണ്ട് എല്ലാ കാലഘട്ടങ്ങൾക്കും, മുഴുവൻ ലോകർക്കും യോജിച്ചതായി തീർന്നു.

അതെ, മനുഷ്യ ജീവിതത്തിൻെറ സർവ്വ മേഖലകളിലേക്കുമുള്ള നിയമങ്ങളും, വിധികളും കൊണ്ട് വിശാലമായിരിക്കുന്നു ഇസ്‌ലാമിക ശരീഅത്ത്, മനുഷ്യൻെറ എല്ലാ പ്രശ്നങ്ങളിലേക്കും അത് വെളിച്ചം വീശുന്നതോടൊപ്പം തന്നെ അതിൻെറ ലക്ഷ്യ പൂർത്തീകരണത്തിന്

യോജിച്ചതുമാണ് അതിലെ നിയമങ്ങൾ. സൃഷ്ടിപ്പിൻെറ ലക്ഷ്യം ജനങ്ങളെ ഉണർത്തുകയും, തൻെറ രക്ഷിതാവിനോടും, സഹോദരങ്ങളോടും, താൻ ജീവിക്കുന്ന സമൂഹത്തോടും ഉള്ള ബന്ധം എങ്ങിനെയായിരിക്കണമെന്ന് വിശദീകരിക്കുകയും, അവകാശങ്ങളെയും, നിർബ്ബന്ധ ബാധ്യതകളെയും വിശദമായി സൂചിപ്പിക്കുകയും ചെയ്യുന്നു. പരസ്പരമുള്ള തർക്കത്തിൻെറ കെട്ടുകൾ അഴിക്കുവാനുള്ള നിയമങ്ങളും, അവകാശങ്ങൾ അർഹരായവരിലേക്കെത്തുവാനുള്ള നിയമങ്ങളും അത് വിഭാവനം ചെയ്യുന്നതോടൊപ്പം തന്നെ തങ്ങളുടെ പ്രവർത്തനങ്ങളിലും, ഉൽസാഹങ്ങളിലും, ജീവിതത്തിൻെറ എല്ലാ പ്രശ്നങ്ങളിലും ജനങ്ങൾക്കിടയിൽ നീതി പുലർത്തുവാനുള്ള നിയമങ്ങളും വരച്ച് കാട്ടുന്നു.

ജീവിതത്തിൻെറ മുഴുവൻ മേഖലകളിലേക്കുമുള്ള മാർഗം നിർദ്ദേശിക്കുന്ന ശരീഅത്ത് മതത്തെയും, ദുൻയാവിനെയും, പ്രത്യക്ഷമായതിനേയും അപ്രത്യക്ഷമായതിനെയും യോജിപ്പിക്കുകയും, മനുഷ്യന് ഇഹലോകത്തും പരലോകത്തും നന്മകൾ വാഗ്ദാനം നൽകുകയും ചെയ്യുന്നു.

പ്രത്യക്ഷവും, പരോക്ഷവുമായ, പ്രകടവും ഗോപ്യവുമായ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലേക്കും വഴി കാണിക്കുകയും, ആ വഴികളെയെല്ലാം തന്നെ പ്രകാശപൂരിതമാക്കുകയും ചെയ്ത ഈ സമ്പൂർണവും എല്ലാം ഉൾകൊള്ളുകയും ചെയ്യുന്ന ശരീഅത്തിനെ ഒരു മുസ്‌ലിമായ അടിമ സ്വാഗതം ചെയ്യൽ അവൻെറ മേലുള്ള ബാധ്യതയാണ്. ഇതാണ് പ്രവാചകൻ നമുക്ക് താഴെ വരുന്ന ഹദീസിൽ വിശേഷിപ്പിച്ച് തരുന്നത്.

قال رسول الله ﷺ -: «قد تركتكم على البيضاء ليلها كنهارها، لا يزيغ عنها بعدي إلا هالك»[1]

“ഞാൻ നിങ്ങളെ ഉപേക്ഷിച്ചിരിക്കുന്നത് വെളുത്ത നേർ രേഖയിലാണ്, അതിൻെറ രാത്രി അതിൻെറ പകൽ പോലെ വെളുത്തതാണ്. നശിക്കുന്നവനല്ലാതെ ആരും തന്നെ അതിൽ നിന്ന് വഴി തെറ്റുകയില്ല”

## 3- മുൻ ശരീഅത്തുകളെ രക്ഷിക്കൽ:

ഇത് യാഥാർത്ഥ്യമാണ് അതിൽ യാതൊരു സംശയവും ഇല്ല; അല്ലാഹുവിൻെറ മതം ഒന്നാണ്, ആദം നബിﷺ മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ്ﷺ വരെയുള്ള തുടർച്ചയായ മുഴുവൻ പ്രവാചകന്മാരും

(١) رواه ابن ماجة: ١٦/١، برقم (٤٣)، والإمام أحمد في مسنده: ١٢٦/٤، وصححه الألباني في ظلال الجنة، برقم: (٤٨)

അതുമായിട്ടാണ് നിയോഗിതരായത്. അല്ലാഹു പറയുന്നു:

﴿ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِىٓ أَوۡحَيۡنَآ إِلَيۡكَ وَمَا وَصَّيۡنَا بِهِۦٓ إِبۡرَٰهِيمَ وَمُوسَىٰ وَعِيسَىٰٓۖ أَنۡ أَقِيمُواْ ٱلدِّينَ وَلَا تَتَفَرَّقُواْ فِيهِ ﴾ (الشورى:١٣)

"നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാം വണ്ണം നിലനിൻത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം - അവൻ നിങ്ങൾക്ക് മത നിയമമായി നിശ്ചയിച്ചിരിക്കുന്നു" (ശൂറാ: 13)

യഥാർത്ഥത്തിൽ അടിസ്ഥാന മതത്തിൽ മുഴുവൻ പ്രവാചകന്മാരും, ദൂതന്മാരും ഒന്നാണെങ്കിലും ശരി, അവർക്കെല്ലാവർക്കും പ്രത്യേകം നിയമക്രമവും, കർമ്മമാർഗവും ഉണ്ട്. അല്ലാഹു പറയുന്നു:

﴿ لِكُلٍّ جَعَلۡنَا مِنكُمۡ شِرۡعَةً وَمِنۡهَاجًا ﴾ (المائدة:٤٨)

"നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമ ക്രമവും കർമ്മ മാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു" (മാഇദ:48)

അടിസ്ഥാന ആശയത്തിൽ മതം ഒന്നു തന്നെയാണെങ്കിലും സമൂഹത്തിൻെറ അവസ്ഥകളുടെയും, പ്രശ്നങ്ങളുടെയും വ്യത്യാസം കൊണ്ടും, ഉന്നതനായ അല്ലാഹുവിന് മാത്രം അറിയുന്ന കാര്യങ്ങൾ കൊണ്ടും ശരീഅത്തിൽ വ്യത്യാസങ്ങൾ ഉണ്ട്.

മുൻകഴിഞ്ഞ ശരീഅത്തുകളിലെ നന്മകളെയെല്ലാം ഉൾകൊള്ളിച്ച് കൊണ്ടും, മുൻ ശരീഅത്തുകളെ സത്യപ്പെടുത്തികൊണ്ടും പൂർത്തീകരിച്ച് കൊണ്ടുമാണ് ഇസ്‌ലാമിക ശരീഅത്ത് വന്നിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿ وَأَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ مُصَدِّقًا لِّمَا بَيۡنَ يَدَيۡهِ مِنَ ٱلۡكِتَٰبِ وَمُهَيۡمِنًا عَلَيۡهِ ﴾ (المائدة:٤٨)

"(നബിയെ), നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിൻെറ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരി വെക്കുന്നതും, അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്" (മാഇദ:48)

മുഹമ്മദ് നബിയിലൂടെ അവതീർണമായ രിസാലത്ത് മുൻകഴിഞ്ഞ മുഴുവൻ രിസാലത്തുകളെയും ഉൾകൊണ്ടുകൊണ്ട് മഹത്വരമാവുകയും, പൂർണമാവുകയും ചെയ്തിരിക്കുന്നു.

ചില പണ്ഡിതന്മാർ പറയുന്നു: ((അല്ലാഹു 104 വേദഗ്രന്ഥങ്ങൾ

അവതരിപ്പിച്ചിട്ടുണ്ട്, അതിലുള്ള വിജ്ഞാനങ്ങളെ മുഴുവനും തൗറാത്ത്, ഇഞ്ചീൽ, സബൂർ, സത്യാസത്യവിവേചനം(ഖുരആൻ) എന്നീ നാല് ഗ്രന്ഥങ്ങളിൽ ഉൾകൊള്ളിച്ചു, പിന്നീട് മൂന്ന് ഗ്രന്ഥങ്ങളിലുമുള്ളത് ഖുർആനിൽ ഉൾകൊള്ളിച്ചിരിക്കുന്നു))

മറ്റു ചില പണ്ഡിതന്മാർ പറയുന്നു: ((മുൻ വേദ ഗ്രന്ഥങ്ങളിൽ അല്ലാഹുവിനെപ്പറ്റിയും അവസാന നാളിനെപ്പറ്റിയും പറഞ്ഞിട്ടുള്ള മുഴുവൻ നന്മകളെയും ഖുർആൻ അംഗീകരിക്കുകയും, തെളിവിൻെറ അടിസ്ഥാനത്തിൽ ഒന്നുകൂടി വിശദീകരിച്ച് പ്രദിപാതിക്കുകയും ചെയ്തിരിക്കുന്നു. മുഴുവൻ പ്രവാചകന്മാരുടെയും, ദൂതന്മാരുടെയും രിസാലത്തുകളെയും, പ്രവാചകത്വത്തെയും അംഗീകരിക്കുന്നു. വ്യതസ്ഥതെളിവിൻെറ അടിസ്ഥാനത്തിൽ മുൻ ശരീഅത്തുകളെ അംഗീകരിക്കുകയും, അവർക്കിറങ്ങിയ അല്ലാഹുവിൻെറ ശിക്ഷകളെ കുറിച്ചും, വേദക്കാരിൽ നിന്ന് വേദത്തെ അംഗീകരിച്ച് ജീവിച്ചവർക്ക് അല്ലാഹു നൽകിയ സഹായത്തെപ്പറ്റിയും വിശദമാകുന്നു. വേദഗ്രന്ഥങ്ങളിൽ അവർ നടത്തിയ കൈക്രിയകളെ സംബന്ധിച്ചും വേദക്കാർ മുൻവേദങ്ങളിൽ ചെയ്തകാര്യങ്ങളെ സംബന്ധിച്ചും അത് ഉണർത്തുന്നുണ്ട്, മാത്രമല്ല; അവർ അല്ലാഹുവിൻെറ കൽപനകളെ മറച്ച് വെച്ചത് പുറത്ത് കൊണ്ട് വരുകയും ചെയ്തിരിക്കുന്നു. മുൻകഴിഞ്ഞ പ്രവാചകത്വത്തിലൂടെ അവതീർണമായ ഉത്തമമായതും, നന്മയിലധിഷ്ടിതവുമായ മുഴുവൻ കാര്യങ്ങളും വിശുദ്ധഖുർആനിൽ പറയാതെ വിട്ടിട്ടില്ല. അങ്ങിനെ ഖുർആൻ മുൻവേദങ്ങളിൽ കടന്ന് കൂടിയിട്ടുള്ള മാറ്റി മറിക്കലുകളെ വിശദമാക്കി, മറ്റുള്ളവയെ സത്യപ്പെടുത്തികൊണ്ടും മുൻവേദങ്ങളെ ഖുർആൻ സംരക്ഷിക്കുകയും അല്ലാഹു അംഗീകരിച്ചതിനെ അംഗീകരിക്കുകയും ദുർബ്ബലപ്പെടുത്തിയതിനെ ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നു.

വിശുദ്ധഖുർആൻ മുൻകാല കാര്യങ്ങളെ സാക്ഷീകരിക്കുകയും, കൽപനകളെ കൽപിക്കുകയും ചെയ്യുന്നു... ആധുനികരും, പൗരാണികരുമായ നുബുവ്വത്തിൻെറ ആളുകളും, അഭിപ്രായത്തിൻെറ ആളുകളും മതത്തിൻെറ അടിത്തറയേയും, ദൈവിക വിജ്ഞാനങ്ങളെയും, ഉയർത്തെഴുന്നേൽപിനെയും, പ്രവാചകത്വത്തെയും, ആരാധനകളെയും, രാഷ്ട്രീയത്തെയും, വിജയവും സൗഭാഗ്യവും നന്മയും അടങ്ങിയ മാനസിക പൂർത്തീകരണത്തേയും സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ചിന്തിക്കുകയാണെങ്കിൽ ഖുർആൻ കൊണ്ടുവന്ന ചില കാര്യങ്ങളല്ലാതെ ഒന്നും സംസാരിച്ചതായി, അഭിപ്രായപ്പെട്ടതായി കാണുവാൻ സാധ്യമല്ല))

മുകളിൽ വിവരിച്ചതിൻെറ രത്ന ചുരുക്കം: ഇസ്‌ലാമാണ് മനുഷ്യരിലേക്ക് അവസാനമായി അവതരിച്ച ദൈവിക ദർശനം, മുഹമ്മദ്ﷺ യാണ് അവസാന പ്രവാചകൻ, ഇസ്‌ലാമിക ശരീഅത്തും, അതിലേക്കുള്ള പ്രബോധനവും അവസാന നാൾ വരെ നിലനിൽക്കു ന്നതാണ്, ഇസ്‌ലാമിക ശരീഅത്ത് ഏതെങ്കിലും നിർണ്ണിതമായ സമയത്തി

ൽ മനുഷ്യ ജീവിതത്തെ സംസ്കരിക്കുവാനുള്ള നിയമങ്ങൾ പ്രയോഗത്തിൽ വരുത്തുവാനുള്ളതല്ല, മറിച്ച് പ്രവാചകന്മാർക്കും, ദൂതന്മാർക്കും അവസാനം കുറിച്ച് കൊണ്ട് കടന്ന് വന്നവരിലൂടെ അവതീർണമായ ശരീഅത്ത് മുഴുവൻ മനുഷ്യ കുലത്തിനുള്ളതും അവസാനത്തേതുമാണ്. മനുഷ്യൻെറ പ്രകൃതത്തോടും, ബുദ്ധിയോടും അത് സംസാരിക്കുകയും, ഉന്നതമായ കാര്യങ്ങളിലേക്ക് തെളിച്ച് കൊണ്ട് പോകുകയും ചെയ്യുന്നതോടൊപ്പം തന്നെ ഓരോ മനുഷ്യനും അവൻെറ ജീവിതത്തിലുള്ള നിയമങ്ങളും വിലക്കുകളും ക്ലിപ്തമാക്കുകയും വഴി നിർണ്ണിയിക്കുകയും, അതിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നു. ആയതിനാൽ തന്നെ ഒരു മനുഷ്യന് അത് കാണിച്ച് തരുന്ന വഴിയിൽ സഞ്ചരിക്കുക മാത്രമേ ബാധ്യതയുള്ളൂ, അങ്ങിനെ സഞ്ചരിക്കുന്നവന് നേരിടേണ്ടി വരുന്ന എല്ലാ പ്രശ്നങ്ങളിലും പരിഹാരം കണ്ടെത്തുവാനും, പുതുതായി അവനെ അഭിമുഖീകരിക്കുന്ന ചെറിയതും വലുതുമായ എല്ലാ കാര്യങ്ങളിലും മാർഗദർശനവും വിധികളും കണ്ടെത്തുവാനും അവന് സാധിക്കുന്നതാണ്.

## 4- മധ്യമ സമൂഹം:

ലോക രക്ഷിതാവിൽ നിന്ന് വന്ന ശരീഅത്ത് അതിൻെറ ഉറവിടത്തിലും, മാർഗനിർദേശത്തിലും, സമ്പൂർണതയിലും, അതിൻെറ പൊതുവിധികളിലും, മുൻകഴിഞ്ഞ വേദങ്ങളെ സംരക്ഷിക്കുന്നതിലും, അവസാന നാൾവരെ നിലനിൽക്കും എന്നതിലും മികവുറ്റ ശരീഅത്ത് സകലമാന പ്രശ്നങ്ങളിലും, സർവ്വ മേഖലകളിലും അതിൻെറ വിധികൾ നീതിയുക്തവും, സമതുലിതാവസ്ഥ പുലർത്തുന്നതുമാണ്. അല്ലാഹു പറയുന്നു:

﴿ وَكَذَٰلِكَ جَعَلْنَـٰكُمْ أُمَّةً وَسَطًا ﴾ (البقرة: ١٤٣)

“അപ്രകാരം നാം നിങ്ങളെ ഒരുമദ്ധ്യമ സമുദായമാക്കിയിരിക്കുന്നു” (അൽബഖറ:143) ചില പണ്ഡിതന്മാർ പറയുന്നു: (അല്ലാഹു മദ്ധ്യമ സമുദായമാണെന്ന് വിശേഷിപ്പിച്ചത് മതത്തിൽ അവർ മദ്ധ്യമ സമുദായമാ ുന്നു, അവർ മതത്തിൽ അതിര് കവിയുകയോ, അല്ലെങ്കിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നില്ല, മാത്രമല്ല അവർ അല്ലാഹു വിശേഷിപ്പിച്ചത് പൊലെ നീതിയുടെയും മദ്ധ്യതയുടെയും വാക്താക്കളുമാണ്. അല്ലാഹുവിന് കൂടുതൽ പ്രിയമുള്ള കാര്യങ്ങൾ മദ്ധ്യത പുലർത്തുന്നതാണ്.))

അറബിയിൽ وسط എന്ന് പറഞ്ഞാൽ തെരെഞ്ഞെടുക്കപ്പെട്ടത് എന്നാണ്, ഒരു സമുദായത്തിൽപെട്ട ഒരാളുടെ സ്ഥാനം ഉയർത്തി കാണിക്കുവാൻ പ്രയോഗിക്കുന്നതും ഈ പദമാണ്. അത് കൊണ്ടാണ് وسط എന്നതിൻെറ വിശദീകരണമായി العدل (നീതി) എന്ന പദം ഉപയോഗി

ക്കുന്നത്. കാരണം ജനങ്ങളിൽ തെരെഞ്ഞെടുക്കപ്പെടുന്നവർ അവരിലുള്ള നീതിമാന്മാരെയാണ്.

നിയമങ്ങളിലും, ജീവിത വ്യവസ്ഥകളിലും മദ്ധ്യതയും നീതിയും പുലർത്തുകയെന്നത് നിസ്സാരമായ കാര്യമല്ല, മദ്ധ്യത പുലർത്തുകയെന്നത് നിയമം നിർമ്മിക്കുന്ന മനുഷ്യരെ അശക്തരാക്കുന്നു, ചിലയാളുകൾ പൂർണമായും ഇടത് വശത്തേക്ക് ചായുമ്പോൾ മറ്റു ചിലർ വലത് വശത്തേക്കാണ് പൂർണമായി ചായുക. ഈ മേഖലയിൽ എല്ലാത്തിനെയും കോർത്തിണക്കി വന്നിട്ടുള്ളത് ഇസ്ലാമിക ശരീഅത്ത് മാത്രമാണ് അതിൻെറ നിയമങ്ങളിൽ അതിര് കവിയുകയോ, വീഴ്ച വരുത്തുകയോ ചെയ്യുന്നില്ല. അത് നീതിയും മദ്ധ്യമ നിലപാട് പുലർത്തുന്നതോടൊപ്പം തന്നെ നിരുപാധിക നീതിയെ അവഗണിക്കുകയും ചെയ്യുന്നില്ല.

ഇതെല്ലാം തന്നെ സൂചിപ്പിക്കുന്നത് ഇസ്ലാമിക ശരീഅത്തിന് മാത്രമാണ് തുല്യത പുലർത്തുന്ന നിയമങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളൂവെന്നാണ്. കാരണം എല്ലാ വസ്തുക്കൾക്കും തന്നെ അതിസൂക്ഷ്മമായ കണക്കനുസരിച്ച് യോജിച്ച അവകാശങ്ങൾ നൽകുവാൻ കഴിയുന്നവനും, മഹത്തായ വിധികളുടെ തോതുകളെല്ലാം തന്നെ ക്ലിപ്തമാക്കുവാനും കഴിവുള്ളവനിൽ നിന്നുമാണ് അത് അവതരിച്ചിട്ടുള്ളത്. എല്ലാത്തിൻെറയും കണക്കുകൾ നിർണ്ണയിച്ചവൻ എത്ര പരിശുദ്ധനാണ്, ഒന്നിനെയും അവൻ വെറുതെ സൃഷ്ടിച്ചിട്ടില്ല, ഇവിടെയാണ് ഇസ്ലാമിക ശരീഅത്തിൻെറ മദ്ധ്യത പ്രകടമാകുന്നുത്. ഇസ്ലാമിക ശരീഅത്തിൻെറ മദ്ധ്യത കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹു ഉദ്ദേശിക്കുന്ന നീതിയാണ്, അതല്ലാതെ മനുഷ്യൻെറ ചുരുങ്ങിയ ബുദ്ധിയിൽ രൂപപ്പെടുന്നതല്ല. മദ്ധ്യത എന്ന് പറഞ്ഞാൽ അതിര് കവിയാതെയുള്ള നീതിയും, വീഴ്ച വരുത്താതെയുള്ള നീതി പുലർത്തലുമാണ്.

ചില പണ്ഡിതന്മാർ പറയുന്നു: (وسط) എന്ന പദം അടിസ്ഥാന പരമായി ഉപയോഗിക്കുന്നത് ഒരു വൃത്തത്തിൻെറ കേന്ദ്ര ബിന്ധുവിനെ പോലെ ഒരു വസ്തുവിൻെറ വ്യത്യസ്ഥ ഭാഗങ്ങളിൽ നിന്നുള്ള തുല്ല്യദൂരത്തിനാണ്. പിന്നീട് ഈ പദം മനുഷ്യൻെറ സ്തുത്യർഹമായ സ്വഭാവത്തെ കുറിക്കുവാൻ ഉപയോഗിക്കുകയുണ്ടായി. ഈ സ്വഭാവമാണ് അതിര്കവിയുക, വീഴ്ച വരുത്തുകയെന്ന നീചമായ സ്വഭാവത്തെ വലയം ചെയ്യുന്ന കേന്ദ്രബിന്ദു.

ഇസ്ലാമിക ശരീഅത്തിൻെറ ഈ സവിശേഷത ഏതെങ്കിലും ഒരു വിഭാഗത്തിൽ ഒതുങ്ങുന്നതല്ല, മറിച്ച് എല്ലാ വിധികളിലും അത് ഉൾകൊള്ളുന്നുണ്ട്, മുഴുവൻ വിധികളിലുമുള്ള നീതിയിലധിഷ്ടിതമായ ഈ സവിശേഷതയെ വിവരിക്കുവാൻ സാധ്യമല്ല, ആയതിനാൽ തന്നെ ഉദാഹരണത്തിന് ചിലത് മാത്രം സൂചിപ്പിക്കട്ടെ: ഇസ്ലാമിക ശരീഅത്ത് ആത്മാവിനെയും, ശരീരത്തെയും പരിഗണിക്കുന്നതോടൊപ്പം അത്പോലെ തന്നെ സമൂഹത്തിൻെറയും, വ്യക്തികളുടെയും നന്മകൾ പരസ്പരം തുലനം ചെയ്യുകയും ചെയ്യുന്നു. ഇസ്ലാമിക ശരീഅത്ത് ശരീരത്തിനെയും ആത്മാവിനെയും സംബന്ധിച്ചുള്ള

വിധികളിൽ നന്മയെയാണ് പ്രധാനം ചെയ്യുന്നത്. ചില പിഴച്ച മാർഗങ്ങളിൽ ഉള്ളത്പോലെ ആത്മാവിനെ മാത്രം പരിഗണിച്ച് കൊണ്ട് ശരീരത്തെ അവഗണിക്കുകയോ, ചില പിഴച്ച മതത്തെയും, മാറ്റി മറിക്കപ്പെട്ട മില്ലത്തുകളെയും പോലെ ശരീരത്തെയും അതിന് ആവശ്യമുള്ളതിനെയും മാത്രം പരിഗണിച്ച് കൊണ്ട് ആത്മാവിൻെറ യാഥാർത്ഥ്യത്തെയോ, അതിൻെറ സംസ്കരണത്തേയോ നിഷേധിക്കുകയും ചെയ്യുന്നില്ല ഇസ്ലാമിക ശരീഅത്ത്. മറിച്ച് നീതിയുക്തമായിട്ടാണ് ഇസ്ലാം രണ്ടിനെയും പരിഗണിക്കുന്നത്. അതിലേക്കാണ് നബി ﷺ താഴെ വരുന്ന ഹദീസിലൂടെ വെളിച്ചം വീശുന്നത്.

«والله إني لأخشاكم لله، وأتقاكم له لكني أصوم وأفطر، وأصلي وأرقد، وأتزوج النساء، فمن رغب عن سنتي فليس مني»[1].

"അല്ലാഹു തന്നെയാണ് സത്യം: തീർച്ചയായും നിങ്ങളിൽ അല്ലാഹുവിനെ കൂടുതൽ ഭയപ്പെടുന്നത് ഞാനാകുന്നു, കൂടുതൽ ഭയഭക്തിയുള്ളവനും ഞാനാണ്, ഞാൻ നോമ്പനുഷ്ഠിക്കുന്നു, നോമ്പ് നോൽകാതിരിക്കുന്നു, ഞാൻ നിന്ന് നമസ്കരിക്കുകയും, ഉറങ്ങുകയും ചെയ്യുന്നു, ഞാൻ വിവാഹം കഴിക്കുന്നു, ആരെങ്കിലും നമ്മുടെ ചര്യയെ അവഗണിക്കുകയാണെങ്കിൽ അവൻ എന്നിൽ പെട്ടവനല്ല"

സമൂഹത്തെയും, വ്യക്തിയേയും ഇസ്ലാമിക ശരീഅത്ത് പരിഗണിക്കുന്നു, ജനാധിപത്യ നിയമ വ്യവസ്ഥയിൽ സംഭവിക്കുന്നത് പോലെ ഏതെങ്കിലും വ്യക്തിക്കോ, ഒരു വിഭാഗത്തിനോ വേണ്ടി മറ്റുള്ളവരെ നിന്ദിക്കുകയും അവഗണിക്കുകയും ചെയ്യുകയോ, വ്യക്തിയെ മാത്രം പരിഗണിച്ച് സമൂഹത്തിൻെറ അവകാശങ്ങൾക്ക് നേരെ കണ്ണടക്കുകയോ ചെയ്യുന്നില്ല ഇസ്ലാമിക ശരീഅത്ത്. അത്പോലെ സോഷ്യലിസ്റ്റുകാരെ പോലെ സമൂഹത്തിൻെറ നന്മക്ക് വേണ്ടി വ്യക്തിയുടെ അവകാശങ്ങളെയോ, ഉടമാവകാശത്തേയോ ഇസ്ലാമിക ശരീഅത്ത് നിരാകരിക്കുന്നില്ല.

പക്ഷേ, ശരീഅത്ത് ഇരുവിഭാഗത്തെയും യോജിപ്പിക്കുന്നു, വ്യക്തികൾക്ക് സമ്പൂർണ ഉടമാവകാശമത് നൽകുന്നു. സമൂഹത്തിൻെറ അവകാശങ്ങളെ കവർന്നെടുക്കുന്നത് തടയുന്നു, അത് വ്യക്തിയെ നിന്ദിക്കലോ, പലിശയോ അല്ല. ഒരു കൂട്ടമാളുകൾ ഒരുവ്യക്തിയെ വധിക്കുകയാണെങ്കിൽ അവർ മുഴുവനും വധിക്കപ്പെടുന്നതാണ്. ഇസ്ലാമിക ശരീഅത്ത് പ്രകാരം കൊല്ലപ്പെട്ട വ്യക്തിയേക്കാൾ അവർ ഭൂമിയിൽ ജീവിക്കുവാൻ അർഹരല്ല.

രത്ന ചുരുക്കം:

---

(١) رواه البخاري في صحيحه–مع الفتح-: ١٠٤/٩، برقم (٥٠٦٣)، ومسلم: ١٠٢٠/٢، برقم (١٤٠١)

ഇസ്‌ലാം അതിൻെറ നിയമ വ്യവസ്ഥയിൽ സമ്പൂർണമാണ്. സമൂഹത്തിൻെറ അവകാശങ്ങൾ അംഗീകരിക്കുന്നതോടൊപ്പം തന്നെ വ്യക്തിയുടെയും അവകാശങ്ങൾ അംഗീകരിക്കുന്നു. രണ്ടിനുമിടയിൽ നീതിയുക്തമായ രീതിയിൽ പരസ്പരം ബന്ധം പുലർത്തുന്നു അത്. വ്യക്തിക്കും, സമൂഹത്തിനും യോജിച്ച രീതിയിൽ നിയമ പരിധികൾ നിശ്ചയിക്കുകയും, ശക്തമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ഇനി വല്ല പ്രതിബന്ധമോ, യോജിപ്പില്ലായ്മയോ വരുകയാണെ ങ്കിൽ അവിടെ വ്യക്തിയേക്കാൾ സമൂഹത്തിൻെറ താൽപര്യമാണ് സംരക്ഷിക്കപ്പെടുക.

ഇരുലോകങ്ങളുടെയും ആവശ്യങ്ങൾക്കിടയിൽ പരസ്പരം നീതിയും, മദ്ധ്യതയുമാണ് ഇസ്‌ലാമിക ശരീഅത്തിലെ മുഴുവൻ നിയമ വ്യവസ്ഥയിലും നമുക്ക് ദർശിക്കുവാൻ കഴിയുന്നത്. ഇഹലോകത്തിനാവശ്യമായ കാര്യങ്ങൾ അനിവാര്യമായത്പോലെ തന്നെ പരലോകത്തിനാവശ്യമായ കാര്യങ്ങളും ഒഴിച്ച് കൂടാൻ പറ്റാത്തതാണ്, ഇഹലോക വിഭവങ്ങൾക്ക് അമിത പ്രാധാന്യം നൽകുവാനോ, തീരെ അവഗണിക്കുവാനോ പാടില്ലാത്തത് പോലെ തന്നെ പരലോക കാര്യത്തിൽ അതിര് കവിയുവാനോ, പാടെ വീഴ്ചവരുത്തുവാനോ പാടില്ല. വിശദീകരണം കുറെ ദീർഘിച്ച് പോകുന്നതാണ്. കുറഞ്ഞ കാര്യങ്ങൾ കൊണ്ട് പരിപൂർണമാക്കുവാൻ കഴിയില്ല. അടുത്ത അധ്യായങ്ങളിൽ ശരീഅത്തിലെ നന്മയുമായി ബന്ധപ്പെട്ട ഉദാഹരണങ്ങളിൽ നിന്ന് നമുക്ക് കൂടുതൽ ഗ്രഹിക്കുവാൻ കഴിയുന്നതാണ്.

## 5- ഇസ്‌ലാമിക ശരീഅത്ത് നന്മ നൽകുന്നു, തിന്മയെ തടയുന്നു.

ഇസ്‌ലാമിക ശരീഅത്തിൻെറ ഉത്ഭവവും ലക്ഷ്യവും ദൈവികവും, സമ്പൂർണവും, മൊത്തത്തിലുള്ളതും, അവസാന നാൾവരെ നിലനിൽക്കുന്നതുമാണ്. വ്യക്തികളുടെയും സമൂഹത്തിൻെറയും ഇഹലോക ജീവിതത്തിനും പരലോക ജീവിതത്തിനും യോജിച്ച മുഴുവൻ കാര്യങ്ങൾ കൊണ്ടും സമ്പൂർണമാണ് ഇസ്‌ലാമിക ശരീഅത്ത്. ഇത്കൊണ്ട് തന്നെയാണ് എല്ലാ നിയമങ്ങളും ഉൾകൊള്ളിച്ച് കൊണ്ട് അവസാന ശരീഅത്താകുവാൻ കാരണം. ശരീഅത്തിൻെറ പ്രധാന ലക്ഷ്യത്തിൽ പെട്ടതാണ് അത് സർവ്വകാലികമാണെന്നത്. ഇത്കൊണ്ടാണ് അതിൻെറ വിധികളിലൂടെ മനുഷ്യ ബുദ്ധി പ്രവർത്തിപ്പിച്ച് വിധികൾ കണ്ടെത്തി ആരാധനകളിലൂടെയും അനുസരണത്തിലൂടെയും അവനിലേക്ക് കൂടുതൽ അടുത്ത് പ്രതിഫലം കരസ്ഥമാക്കുന്നത് വരെ അതിൻെറ അടിസ്ഥാന നിയമങ്ങളിലും, ലക്ഷ്യങ്ങളിലും ഇജ്തിഹാദിൻെറ വാതിൽ തുറന്നിടുവാൻ കാരണം.

ഈ കാര്യത്തിൽ ചില പണ്ഡിതന്മാർ പറയുന്നു: (ശരീഅത്തിൻെറ

നിയമങ്ങളും, തത്വങ്ങളും യുക്തിസഹവും, അടിമകളുടെ ജീവിതത്തിനും മരണാനന്തിര ജീവിതത്തിനും യോജിച്ചതുമാണ്. അതിലുള്ളതെല്ലാം നീതിയിലധിഷ്ടിതവും, നന്മയും, കാരുണ്യവും നിറഞ്ഞതും, അനുയോജ്യവും, തത്വാധിഷ്ടിതവുമാണ്. നീതി വിട്ട് അക്രമം നിറഞ്ഞതും, കാരുണ്യമില്ലാത്തതും, നല്ലതിൽനിന്ന് ചീത്തയിലേക്ക് പ്രവേശിച്ചതും, യുക്തി രഹിതവുമായ ഒരു കാര്യവും ശരീഅത്തിൽ പെടുന്നില്ല. അത് ദുർവ്യാഖ്യാനം നൽകി ശരീഅത്തിൽ കടത്തിക്കൂട്ടിയാലും ശരി. അല്ലാഹുവിൻെറ അടിമകൾക്കിടയിലുള്ള നീതിയും, സൃഷ്ടികൾക്കിടയിലുള്ള കാരുണ്യവും, ഭൂമിയിലെ അവൻെറ തണലും, അല്ലാഹുവിൻെറ തത്വജ്ഞാനം അറിയിക്കുന്നതുമാണ് ഇസ്‌ലാമിക ശരീഅത്ത്. പ്രവാചകൻ ﷺയുടെ സത്യസന്ധതക്ക് വളരെ വലിയ ഒരു തെളിവും, അന്വേഷിക്കുന്നവരൊക്കെ കണ്ടെത്തിയ അല്ലാഹുവിൻെറ പ്രകാശവും, സന്മാർഗികളൊക്കെ സന്മാർഗികളായ സന്മാർഗവും, സർവ്വ രോഗങ്ങളെയും സുഖപ്പെടുത്തുന്ന പ്രതിവിധിയും, ചൊവ്വായ മാർഗവുമാണ് ഇസ്‌ലാമിക ശരീഅത്ത്. ഈ മാർഗത്തിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ യഥാർത്ഥ മാർഗത്തിലാണ് പ്രവേശിച്ചിരിക്കുന്നത്, അത് തന്നെയാണ് കൺകുളുർമയും, ഹൃദയത്തിൻെറ ജീവനും, ആത്മാവുകളുടെ ആസ്വാദനവും, അതിലാണ് ജീവിതവും ഭക്ഷണവും മരുന്നും പ്രകാശവും ശമനവും ആരോഗ്യവും കുടികൊള്ളുന്നത്. ഇന്ന് കാണുന്ന സകല നന്മയും അതിൽ നിന്ന് ഉടലെടുത്തതാണ്, ഇപ്പോഴുള്ള എല്ലാ തിന്മക്കും കാരണം ശരീഅത്തിൻെറ നിയമം അവഗണിച്ചതുമാണ്, ശരീഅത്തിൻെറ സ്വാധീനമില്ലായിരുന്നെങ്കിൽ ഈ ലോകം താറുമാറാകുകയും, ചുരുങ്ങുകയും ചെയ്യുമായിരുന്നു, ജനങ്ങളെ സംരക്ഷിക്കുകയും, ലോകത്തിൻെറ നിലനിൽപിന് അനിവാര്യമവുമാണ് ഇസ്‌ലാമിക ശരീഅത്ത്. ഇസ്‌ലാമിക ശരീഅത്തിന് വേണ്ടിയാണ് അല്ലാഹു ആകാശഭൂമികളെ നീക്കികളയാതെ പിടിച്ച് നിറുത്തുന്നത്. അല്ലാഹു ഇഹലോകത്തെ നശിപ്പിക്കുവാനും, ലോകത്തെ ചുരുക്കുവാനും ഉദ്ദേശിച്ചാൽ അവശേഷിച്ച അതിൻെറ അടയാളങ്ങളെ അവനിലേക്ക് ഉയർത്തുന്നതാണ്, സകല പ്രവാചകന്മാരിലൂടെയും അയച്ച ശരീഅത്ത് അത്തന്നെയാണ് ലോകത്തിൻെറ തൂണുകളും, വിജയത്തിൻെറ അച്ചുതണ്ടും, ഇഹപരജീവിതത്തിൻെറ സൗഭാഗ്യവും.)

വീണ്ടും പറയുന്നു: (ശരീഅത്തിനെ സംബന്ധിച്ച് ആർക്കെങ്കിലും അറിവും, അത്പരിപൂർണമാണെന്ന ബോധവും ഉണ്ടെങ്കിൽ അവന് കാണാൻ കഴിയും ശരീഅത്ത് ലക്ഷ്യം വെക്കുന്നത് അടിമകളുടെ ഇഹപര ജീവിതത്തിൻെറ നന്മയാണ് എന്നത്, സൃഷ്ടികൾക്കിടയിൽ വിശാലമായ പരിപൂർണ നീതിയുമായിട്ടാണ് അത് കടന്ന് വന്നിട്ടുള്ളത്, അതിൻെറ നീതിക്ക് മുകളിൽ യാതൊരു നീതിയുമില്ല, അത് ഉൾകൊള്ളുന്ന നന്മക്ക് മുകളിൽ യാതൊരു നന്മയുമില്ല. നീതിയിലധിഷ്ടിതമായ രാഷ്ട്രീയം അതിൻെറ ഒരു ഭാഗവും, ചെറിയൊരു ശാഖയും മാത്രമാണ്, അതിൻെറ ലക്ഷ്യത്തെയും, നിയമത്തെയും, സ്ഥാനത്തെയും സംബന്ധിച്ച് ആരെങ്കിലും യഥാർത്ഥ രൂപത്തിൽ

മനസിലാക്കിയാൽ അവന് വേറൊരു രാഷ്ട്രീയം തീരെ ആവശ്യമായി വരുകയില്ല.

ഇസ്‌ലാമിക ശരീഅത്തിലെ വിധികളെല്ലാം അംഗീകരിച്ചതിന് ശേഷം ഇസ്‌ലാമിക പണ്ഡിതന്മാർ ഈ യാഥാർത്ഥ്യം അംഗീകരിച്ചിരിക്കുന്നു. അവരിൽ ഒരാൾ പറയുന്നു: (സർവ്വ നന്മകളും പൂർത്തീകരിക്കുവാനും, കരസ്ഥമാക്കുവാനും തിന്മകൾ മുഴുവൻ വിപാടനം ചെയ്യുവാനും, കുറച്ച് കൊണ്ട് വരുവാനും വേണ്ടിയാണ് ശരീഅത്ത് വന്നിരിക്കുന്നത്)

മറ്റൊരാൾ പറയുന്നു: (ശരീഅത്ത് മുഴുവനും നന്മയാണ്, ഒന്നുകിൽ അത് തിന്മയെ തടുക്കുന്നു, അതല്ലെങ്കിൽ നന്മ പ്രധാനം ചെയ്യുന്നു. അല്ലാഹു താഴെ പറയുന്ന രൂപത്തിൽ

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ ﴾

"അല്ലയോ സത്യവിശ്വാസികളെ" എന്ന് അഭിസംബോധന ചെയ്ത്കൊണ്ട് പറയുവാൻ പോകുന്ന കാര്യം ഒരു നന്മയിലേക്ക് നിന്നെ റേപരിപ്പിക്കുകയോ, അതല്ലെങ്കിൽ തിന്മയെ തൊട്ട് താക്കീത് നൽകുകയോ ചെയ്യുകയായിരിക്കും, അതല്ലെങ്കിൽ പ്രേരണയും, താക്കീതും കൂടി കലർന്നതായിരിക്കും.

പണ്ഡിതന്മാർ നന്മയെ സമൂഹത്തിൽ അത് ഉണ്ടാക്കുന്ന സ്വാധീനമനുസരിച്ച് അനിവാര്യമായും ഉണ്ടായിരിക്കേണ്ടത്, ആവശ്യമായി വരുന്നത്, കൂടുതൽ നല്ലത് എന്നീ മൂന്ന് രൂപത്തിൽ വിഭജിച്ചിരിക്കുന്നു.

## 1- നിർബ്ബന്ധമായും ഉണ്ടാവേണ്ട നന്മ:

മനുഷ്യ ജീവിതത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട നന്മയാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്, ഇതിൻെറ അഭാവം മൂലം നിയമങ്ങൾ താറുമാറാവുകയും, കുഴപ്പങ്ങൾ പ്രകടമാവുകയും, അരാജകത്വം വ്യാപിക്കുകയും ചെയ്യും. ചിലയാളുകൾ ഇതിന് നൽകിയ നിർവ്വചനം ശ്രദ്ധിക്കുക:

(നിർബ്ബന്ധമായും ഉണ്ടാവേണ്ട (ഗുണങ്ങൾ) നന്മകൾ എന്ന് പറഞ്ഞാൽ: മതത്തിൻെറയും, ദുൻയാവിൻെറയും ഗുണത്തിന് അത് അനിവാര്യമാണ്, എന്നാൽ അതിൻെറ അഭാവത്തിൽ ദുൻയാവിൻെറ ഗുണങ്ങൾ നിലനിൽക്കുകയില്ല, എന്ന് മാത്രമല്ല കുഴപ്പങ്ങൾ അധികരിക്കുകയും, ജീവിതം നഷ്ടമായി തീരുകയും ചെയ്യും, പരലോകത്താണെങ്കിൽ വിജയവും, അനുഗ്രഹവും നഷ്ടപ്പെടുകയും, വ്യക്തമായ നഷ്ടവുമായി മടങ്ങുകയും ചെയ്യുന്നതാണ്.

ശരീഅത്ത് ഉദ്ദേശിക്കുന്ന നിർബ്ബന്ധ ഗുണങ്ങൾ അഞ്ചാണ്: അവ മതം, ശരീരം, ബുദ്ധി, ധനം, പിതൃപരമ്പര എന്നിവ സുരക്ഷിതമായിരിക്കുക. രണ്ട് കാര്യങ്ങൾ കൊണ്ടാണ് ശരീഅത്ത് ഇവയെ സംരക്ഷി

ക്കുന്നത്:

ഒന്ന്: അതിൻെറ റുക്നുകളും, നിയമങ്ങളും നിലനിർത്തുന്നതും, അടിമകളുടെ ബാധ്യതയിൽ ഉൾപ്പെടുന്ന നിയമങ്ങളുമാകുന്നു, ഇവ വിശ്വാസ കാര്യങ്ങളിലും, ഇസ്‌ലാം കാര്യങ്ങളിലും സ്ഥിരപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ അവിശ്വാസം,മതപരിത്യാഗം പോലെയുള്ള അതിനെ നിഷ്ഫലമാക്കുന്ന കാര്യങ്ങളെ തൊട്ട് സംരക്ഷിക്കുകയും ചെയ്യുന്നു.

രണ്ട്: അതിൽ സംഭവിക്കുന്നതും, സംഭവിക്കാവുന്നതുമായ എല്ലാ വീഴ്ചകളെയും സംരക്ഷിക്കുന്നു. ശരീരത്തിനാവശ്യമായ ഭക്ഷണം, പാനീയം, വസ്ത്രം, പാർപ്പിടം എന്നിവ നൽകികൊണ്ട് അതിനെ സംരക്ഷിക്കുന്നതോടൊപ്പം തന്നെ അതിനെതിരിൽ സംഭവിക്കുന്ന നാശം, അല്ലെങ്കിൽ ശരീരത്തിൽ അക്രമം പ്രവർത്തിക്കുകയോ, അതിനെ വധിക്കുകയോ, അതിനെ ഉപദ്രവിക്കുകയോ ചെയ്യുന്ന മുഴുവൻ കാര്യങ്ങളെ തൊട്ടും താക്കീത് നൽകുകയും ചെയ്യുന്നു.

മയക്ക് മരുന്ന്, മദ്യം എന്നിവ നിരോധിച്ച് കൊണ്ട് ബുദ്ധിയെ മരവിപ്പിക്കുന്ന മുഴുവൻ കാര്യങ്ങളെ തൊട്ടും ബുദ്ധിയെ സംരക്ഷിക്കുന്നു. ഇപ്രകാരം ഇസ്‌ലാമിക ശരീഅത്ത് ഈ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ട ഗുണങ്ങളെ അത് ഉണ്ടായിരിക്കലിൻെറ ആവശ്യകതയെ ഉണർത്തിക്കൊണ്ടും, അതിനെ ഇല്ലാതാക്കുന്ന കാര്യങ്ങളെ നിരോധിക്കുകയും ചെയ്ത്കൊണ്ട് രണ്ട് രൂപത്തിൽ സംരക്ഷിച്ചിരിക്കുന്നു.

## 2- ആവശ്യമായി വരുന്ന നന്മ:

ഇതിൻെറ അഭാവത്തിൽ ജീവിതത്തിൽ കുടുസതയും, അത്പോലെ ബുദ്ധിമുട്ടുകളും ഉണ്ടാകും, എന്നാൽ ജനങ്ങളുടെ ജീവിതം മുഴുവനും കുഴപ്പത്തിലാക്കുകയില്ല. ഇത്കൊണ്ടാണ് ഒരു പണ്ഡിതൻ പറയുന്നത്:(എന്നാൽ ആവശ്യമായി വരുന്ന നന്മകൾ എന്നതിൻെറ ആശയം: ഇതിൻെറ അഭാവത്തിൽ ജീവിതത്തിൽ കുടുസതയും, പ്രയാസവും അധികവും നേരിടേണ്ടി വരും, അങ്ങിനെയുള്ള പ്രയാസവും, കുടുസതയും നീക്കി വിശാലത കൈവരിക്കുകയെന്നതാണ് ഇതിൻെറ ഉദ്ദേശം. ഇതിനെ പരിഗണിക്കുന്നില്ലായെങ്കിൽ അവിടെ ബാധ്യതയേൽപിക്കപ്പെട്ടവരിലേക്ക് ബുദ്ധിമുട്ടും പ്രയാസവും കടന്ന് വരുന്നതാണ്. എന്നാൽ പൊതുവായ നന്മയുടെ അഭാവത്തിൽ സംഭവിക്കാവുന്ന രൂപത്തിലുള്ള പ്രയാസങ്ങൾ ഇതിൽ സംഭവിക്കുന്നില്ല. ഇത് ആരാധനകളിലും, ചര്യകളിലും, ക്രയവിക്രയങ്ങളിലും, ശിക്ഷകളിലും സംഭവിക്കാവുന്നതാണ്.

ആരാധനകളിൽ: പ്രയാസവും രോഗവുമുണ്ടാവുമ്പോൾ ആരാധനകളിൽ ഇളവുകൾ നൽകുന്നു. ചര്യകളിൽ: ഭക്ഷണം, പാനീയം, വേട്ടയാടൽ, താമസ സ്ഥലം, വാഹനം പോലെയുള്ള സർവ്വകാര്യങ്ങളിലും എല്ലാ നല്ലതും അനുവദനീയമാക്കിയിരിക്കുന്നു. ക്രയവിക്രയങ്ങളിൽ: കടം, കൂട്ടുകച്ചവടം, പോലെയുള്ളത്. കൃഷി,

പണം എന്നിവയിൽ വല്ല കരാറുകളും ചെയ്തിട്ടുണ്ടെങ്കിൽ അത് ഉഭയ സമ്മത പ്രകാരം ദുർബ്ബലപ്പെടുത്തുവാനും അനുവാദമുണ്ട്. എന്നാൽ ശിക്ഷാമുറകളിൽ:

## 3- കൂടുതൽ നന്നാക്കുന്ന നന്മകൾ:

ഒരു പണ്ഡിതൻ പറയുന്നു: (ആചാരങ്ങളിൽ നന്മക്ക് യോജിച്ചത് എടുക്കലും, വിവേകിയും, ബുദ്ധിമാനുമായവൻ അഭിമാനത്തോടെ പിൻമാറുന്ന മ്ളേഛമായതിനെ വെടിയലുമാണ് ഇത്. സൽസ്വഭാവം ഇതെല്ലാം യോജിപ്പിക്കുന്നു.

ഇത് നടെ നാം സൂചിപ്പിച്ച രണ്ട് കാര്യങ്ങളും ലക്ഷ്യം വെച്ചതിലേക്ക് തന്നെയാണ് കൊണ്ടെത്തിക്കുന്നത്. ആരാധനകളിൽ: നജസുകൾ നീക്കം ചെയ്യുക, മൊത്തത്തിൽ ശുദ്ധീകരിക്കുക, നഗ്നത മറക്കുക, ഭംഗി സ്വീകരിക്കുക, സുന്നത്തുകളിലൂടെ കൂടുതൽ അല്ലാഹുവിലേക്ക് അടുക്കുക, ദാന ധർമ്മങ്ങൾ അധികരിപ്പിക്കുക പോലെയുള്ളത് ഇതിൽ പെട്ടതാണ്.

ചര്യകളിൽ: ഭക്ഷണ പാനീയ മാര്യാദകൾ, ചീത്തഭക്ഷണവും, അമിത വ്യയവും, പിശുക്ക് എന്നിവ ഉപേക്ഷിക്കുക.

ക്രയവിക്രയങ്ങളിൽ: മാലിന്യങ്ങൾ, ഉപയോഗിച്ച വെള്ളം എന്നിവ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. ശിക്ഷയിൽ: അടിമക്ക് പകരം സ്വതന്ത്രനെ വധിക്കൽ, ജിഹാദിൽ കുട്ടികളെയും, സ്ത്രീകളെയും സന്യാസിമാരേയും വധിക്കൽ എന്നിവ വിരോധിച്ചിരിക്കുന്നു. ഇവയെല്ലാം തന്നെ നിർബ്ബന്ധമായും, ആവശ്യവുമായും ഉണ്ടായിരിക്കേണ്ട നന്മയേക്കാൾ ഒന്നുകൂടി ഭംഗി കൂട്ടുന്നു. ഇതിൻെറ അഭാവത്തിൽ ഒരു വലിയ അപകടം സംഭവിക്കുകയില്ല, മറിച്ച് നല്ലതും, ഭംഗിയും ഉണ്ടാക്കുകയെന്നതിലാണ് ഇവയെല്ലാം ഉൾകൊള്ളുക.

## 6- എളുപ്പവും, പ്രയാസ രഹിതവും:

ഇസ്ലാമിക ശരീഅത്തിനെ മറ്റുള്ളവയിൽ നിന്ന് വേർതിരിക്കുന്ന വിശേഷണങ്ങളിൽ പെട്ടതാണ് അത് എളുപ്പമുള്ളതും പ്രയാസ രഹിതവുമാകുന്നു എന്നത്. പ്രത്യേകിച്ച് അവസാന ശരീഅത്ത് എന്ന നിലക്കും, സമ്പൂർണവും എന്നെന്നും നിലനിൽക്കുന്നത് എന്ന നിലക്കും ആരോഗ്യമില്ലായ്മ, ആരോഗ്യാവസ്ഥ, സ്ഥിര താമസം, യാത്ര എന്നീ മനുഷ്യൻെറ അവസ്ഥയേയും, അവൻെറ പ്രയാസത്തേയും, അവൻെറ മാറ്റത്തേയും അത് പരിഗണിക്കുന്നു. അത്പോലെ തന്നെ നമ്മുടെ നേതാവ് മുഹമ്മദ്ﷺ പ്രവാചകന്മാരിലും ദൂതന്മാരിലും അവസാനം കുറിച്ച് കൊണ്ട് വന്നവനാണെന്ന നിലക്കും, അദ്ദേഹത്തിൻെറ രിസാലത്തിൻെറ കാലം അവസാന നാളിനെ അറിയിച്ച് കൊണ്ട് അവതീർണമായതാണെന്ന നിലക്കും അത് അനിവാര്യമാണ്. പ്രവാചകﷺ

പറയുന്നു:

«بعثت والساعة كهاتين»[1].

"ഈ രണ്ട് വിരലുകൾ പോലെയാണ് എൻെറ പ്രവാചകത്വവും, അവസാന നാളും (അവസാന നാൾ അത്രയും അടുത്താണ്)"

ഈ ശരീഅത്തിൻെറ പ്രബോധിതർ അവസാന മനുഷ്യ സമുദായ മായത്കൊണ്ട് തന്നെ അവസാന നാളിനോടനുബന്ധിച്ച കുഴപ്പങ്ങ ളും ബുദ്ധിമുട്ടുകളും അവർക്ക് നേരിടേണ്ടി വരുന്നതാണ്. അത്പോ ലെ നിയമബാധ്യതയുള്ളവരുടെ ആയുസ്സും കുറഞ്ഞിരിക്കുന്നു. ഇതെ ല്ലാം തേടുന്നത് അനുകമ്പയും, വിട്ട്വീഴ്ചയും, മതനിയമ ബാധ്യത ഏൽപിക്കുന്നതിൽ ദയയും ആവശ്യമാണെന്നാണ്. ആരാധനകൾ ക ൽപിക്കുന്നതിലും, നിയമങ്ങൾ നിർമ്മിക്കുന്നതിലുമുള്ള ഉന്നതമായ ലക്ഷ്യം അല്ലാഹുവിനുള്ള ആരാധന പ്രകടമാക്കുക, അത് കൃത്യമായി ചെയ്യുക എന്നിവയാണ്. ആരാധനകൾ ഏകദൈവ വിശ്വാസത്തി ൻെറ വിഭവവും, മേൽ വസ്ത്രവും, തൗഹീദിൻെറ കാര്യങ്ങൾ ഉറപ്പി ക്കലുമാകുന്നു. ആകാശഭൂമികൾ നിലനിൽക്കുന്ന മഹത്തായ അടിത്ത റയും ഏകദൈവ വിശ്വാസം തന്നെ. ഈ യാഥാർത്ഥ്യത്തിന് വേണ്ടി യാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ശരീഅത്ത് അല്ലാഹുവിൽ നിന്നുള്ള കാരുണ്യമാണ്, അവൻ പരമ കാരുണികനും കരുണാനിധിയുമാണ്. അല്ലാഹു പറയുന്നു:

﴿وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةٗ لِّلۡعَٰلَمِينَ ۝١٠٧﴾ (الأنبياء:١٠٧).

"ലോകർക്ക് കാരുണ്യമായി കൊണ്ടല്ലാതെ നിന്നെ നാം അയച്ചി ട്ടില്ല" (അൻബിയാ: 107) പ്രവാചകനെ അഭിസംബോധന ചെയ്ത് കൊണ്ട് പറയുന്നു:

﴿وَنُيَسِّرُكَ لِلۡيُسۡرَىٰ ۝٨﴾ (الأعلى:٨)

"കൂടുതൽ ഏളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യമുണ്ടാക്കി തരുന്നതുമാണ്" (അഅ്ലാ: 8) അതായത് നിനക്ക് എളുപ്പമുള്ള ശരീ അത്താണ് നൽകുന്നത്, അത് വിട്ട്വീഴ്ചയുടേതാണ്. അവസാനത്തേ താണ്. തിരുമേനിﷺയുടെ സമൂഹം അവസാന സമുദായവുമാണ്. ഇത്കൊണ്ടാണ് ശരീഅത്ത് പ്രയാസ രഹിതവും, എളുപ്പമുള്ളതുമാ യതും, കഴിവിനതീതമായത് ബാധ്യതയാക്കാതെ ഉപേക്ഷിച്ചതും.

എളുപ്പം പ്രയാസം നീക്കുന്നതും, അതിൻെറ വിപരീതവുമാണ്. പ്രയാസം ബുദ്ധിമുട്ടും കുടുസതയുമാണ്.

---

(١) رواه البخاري في صحيحه –مع الفتح-: ٣٤٧/١١، برقم (٦٥٠٣-٦٥٠٥) ومسلم: ٢٢٦٨/٤-٢٢٦٩، برقم (٢٩٥٠/٢٩٥١).

പ്രയാസത്തെ രണ്ട് ഇനമായി തരംതിരിക്കാവുന്നതാണ്:

പതിവായ പ്രയാസം: ഇതിൽ നിന്ന് നിർബ്വന്ധ ബാധ്യത ഒഴിവല്ല. മതപരമാവട്ടെ, ദുൻയവിയാവട്ടെ ഏത് പ്രവർത്തനത്തിനും പരിശ്രമം ആവശ്യമാണ്. ഈ പ്രയാസം അനിവാര്യവുമാണ്.

പതിവല്ലാത്ത പ്രയാസം: ഇതിനെപ്പറ്റിയാണ് ഒരു പണ്ഡിതൻ പറയുന്നത്: ഏതെങ്കിലും ഒരു പ്രവർത്തനം അത് ചെയ്യുന്നവന് എന്തെങ്കിലും നഷ്ടപ്പെടുകയോ, അവൻെറ ശരീരത്തിനോ, അവൻെറ ഏതെങ്കിലും അവസ്ഥയിലോ വല്ല വീഴ്ചയും സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ അത് പതിവില്ലാത്ത പ്രയാസമാകുന്നു.

ഈ രണ്ടാമതായി വിവരിച്ച പ്രയാസത്തെയാണ് ശരീഅത്തിൽ നിന്ന് ഒഴിവാക്കുന്നത്. അത് താഴെ വരുന്ന വാക്കുകളിൽ നിന്ന് കൂടുതൽ മനസിലാക്കാനാവും: (ബാധ്യത ഏൽക്കപ്പെട്ടവനിൽ നിന്നും രണ്ട് മാർഗങ്ങളിലൂടെ പ്രയാസം ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് നീ മനസിലാക്കുക:

ഒന്ന്: വഴിയിൽ തടസം സൃഷ്ടിക്കുകയും, ആരാധനകളിൽ കോപമുണ്ടാവുക, നിർബന്ധമായും ബാധ്യതയേൽപിക്കപ്പെട്ട കാര്യങ്ങളെ വെറുക്കുക എന്നിവ ഉണ്ടുകുമെന്ന ഭയം.

രണ്ട്: അടിമകളുമായി ബന്ധപ്പെട്ട വ്യത്യസ്ഥയിനങ്ങളിലുള്ള പ്രവർത്തനങ്ങളുടെ ആധിക്യം ഉത്തരവാദിത്തങ്ങളിൽ ന്യൂനത വരുമെന്നുള്ള ഭയം. ഉദാഹരണമായി: തൻെറ കുടുംബം സന്താനങ്ങൾ തുടങ്ങിയവരുമായി ബന്ധപ്പെട്ട നിർബ്വന്ധ ബാധ്യതകളുമായി പ്രവർത്തിക്കുന്നതിനിടക്ക് മറ്റുവല്ല ബാധ്യതകളും ഏൽപിക്കപ്പെട്ടാൽ അവൻ ഒരു ബാധ്യത നിറവേറ്റുന്നതിനിടക്ക് മറ്റു ബാധ്യതകൾ അവന് നിറവേറ്റുവാൻ കഴിയില്ല. ഇനി അവൻ രണ്ട് ബാധ്യതകളും ഒരുമിച്ച് നിറവേറ്റുവാൻ ശ്രമിച്ചാൽ തന്നെ ഇടക്ക് അത് മുറിഞ്ഞ് പോകുകയും ചെയ്യുന്നു.

ഇസ്‌ലാമിക ശരീഅത്ത് എളുപ്പമാണ്, അത് പ്രയാസരഹിതമാണെന്നതിന് ഖുർആനിലും തിരുസുന്നത്തിലും ഒരുപാട് തെളിവുകൾ കാണാൻ കഴിയുന്നതാണ്. വിശുദ്ധഖുർആനിലെ ആയത്തുകൾ:

﴿ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ ﴾. (البقرة: ١٨٥).

“നിങ്ങൾക്ക് എളുപ്പമുണ്ടാക്കുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, നിങ്ങൾക്ക് പ്രയാസമുണ്ടാക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ല” (അൽബഖറ: 185) അല്ലാഹു പറയുന്നു:

﴿ مَا يُرِيدُ ٱللَّهُ لِيَجْعَلَ عَلَيْكُم مِّنْ حَرَجٍ ﴾(المائدة: ٦)

“നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല” (മാഇദ:6)

﴿وَمَا جَعَلَ عَلَيۡكُمۡ فِي ٱلدِّينِ مِنۡ حَرَجٖ﴾ (الحجّ:٧٨)

"മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല" (ഹജ്ജ്: 78)

മേൽ ഉദ്ദരിച്ചതും അല്ലാത്തതുമായ ആയത്തുകളിൽ നിന്ന് മനസിലാക്കാനാവുന്നത് മനുഷ്യൻെറ ദുർബ്ബലതക്കനുസരിച്ചും അല്ലാഹുവിന് ഈ സമുദായത്തോടുള്ള അനുകമ്പ കാരണവുമായി അല്ലാഹുവിൻെറ കാരുണ്യം നിറഞ്ഞ ഇസ്‌ലാമിക ശരീഅത്ത് എളുപ്പത്തേയാണ് ഉ ദ്ദേശിക്കുന്നത്, അതോടൊപ്പം പ്രയാസത്തെ അത് നീക്കം ചെയ്യുക യും ചെയ്യുന്നു. അല്ലാഹു എല്ലാ വിജ്ഞാനത്തെയും വലയം ചെയ്തി രിക്കുന്നത് കൊണ്ട് തന്നെ ജനങ്ങളുടെ ആരോഗ്യം, അസുഖം, ശക് തി ദുർബ്ബലത, ദാരിദ്ര്യം, സമ്പന്നത എന്നീ ഏറ്റക്കുറച്ചിലുകൾ എല്ലാം അല്ലാഹു നോക്കി കാണുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿أَلَا يَعۡلَمُ مَنۡ خَلَقَ وَهُوَ ٱللَّطِيفُ ٱلۡخَبِيرُ ١٤﴾ (المُلك:١٤)

"സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢ രഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (മുൽക്: 14) അല്ലാഹു അളവ്കോലുകൾ ഇറക്കി, അങ്ങിനെ എളുപ്പത്തിൻെറയും, കാരുണ്യത്തിൻെറയും, അനുകമ്പയുടെയും, പരിഗണനയുടെയും തൂണുകളിലാണ് എല്ലാ കൽപനകളും വിരോധങ്ങളും വലയം ചെയ്തിരിക്കുന്നത്.

തിരു സുന്നത്തിൽ നിന്ന്:

قوله ﷺ: «إن الدين يسر، ولن يشاد الدين أحد إلاّ غلبه، فسددوا وقاربوا وأبشروا» (١).

പ്രവാചകൻﷺയിൽ നിന്ന് "തീർച്ചയായും മതം എളുപ്പമാണ്. ആരെങ്കിലും അതിൽ പ്രയാസമുണ്ടാക്കുകയാണെങ്കിൽ മതം അവനെ അതിജയിക്കാതിരിക്കില്ല. നിങ്ങൾ നേരെയാക്കുക, കൂടുതൽ അടുക്കുക, നിങ്ങൾ സന്തോഷ വാർത്തയറിയിക്കുക"

٢- وقوله ﷺ: «يسّروا ولا تعسّروا وبشّروا ولا تنفّروا» (٢).

പ്രവാചകൻﷺയിൽ നിന്ന് "നിങ്ങൾ എളുപ്പമുള്ളതാക്കുക, പ്രയാസമുള്ളതാക്കരുത്, നിങ്ങൾ സന്തോഷ വാർത്തയറിയിക്കുക ആട്ടിയോടി

(١) رواه البخاري في صحيحه –مع الفتح-: ٩٣/١، برقم (٣٩).

(٢) رواه البخاري في صحيحه –مع الفتح-: ٥٢٤/١٠، برقم (٦١٢٥).

ക്കരുത്"

٣- وقوله ﷺ: «رفع عن أمتي الخطأ والنسيان وما استكرهوا عليه»(١).

പ്രവാചകൻﷺയിൽ നിന്ന് "എൻെറ സമൂഹത്തെ തൊട്ട് മറവിയും തെറ്റും നിർബ്ബന്ധിതമായി ചെയ്തതും ഉയർത്തെപ്പെട്ടിരിക്കുന്നു"

وقوله ﷺ: «إن الله تعالى يحب أن تؤتى رخصه كما يحب أن تؤتى عزائمه»(٢).

പ്രവാചകൻﷺയിൽ നിന്ന് "അല്ലാഹു അവൻെറ ബാധ്യതകൾ നിർവ്വഹിക്കുന്നത് ഇഷ്ടപ്പെടുന്നത് പോലെതന്നെ തീർച്ചയായും അവൻ നൽകിയ ഇളവുകൾ എടുക്കുന്നതും അവൻ ഇഷ്ടപ്പെടുന്നു"

മേൽ വിവരിച്ചതും അല്ലാത്തതുമായ ഹദീസുകളിൽ നിന്ന് പ്രകടമാകുന്നത് നിർബ്ബന്ധ ബാധ്യതകളിൽ പ്രയാസകരവും, ബുദ്ധിമുട്ടുള്ളതുമായ യാതൊന്നുമില്ലെന്നാണ്, തീർച്ചയായും ഇസ്‌ലാമിക ശരീഅത്ത് നിർമ്മിച്ചിരിക്കുന്നത് എളുപ്പവും, പ്രയാസ രഹിതവുമായ അടിത്തറയിലാണ്. ആരാധനകളിലും, അല്ലാഹുവിനെ അനുസരിക്കുന്നതിലും പ്രയസകരമായ രൂപത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവന് ചില സമയത്തെങ്കിലും അതിന് കഴിയാതെ വരുന്നു. തൻെറ സമുദായത്തോട് അനുകമ്പയും, കരുണയുമുണ്ടായിരുന്ന പ്രവാചകൻﷺ തൻെറ അനുചരന്മാരോട് ഇത്കൊണ്ടാണ് ഇങ്ങനെ പറയാറുണ്ടായിരുന്നത്: നിങ്ങൾക്ക് സാധിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക, കാരണം അല്ലാഹുവിന് കൂടുതൽ ഇഷ്ടമുള്ളത് നിത്യമായി ചെയ്യുന്നതാണ്, അത് കുറച്ചാണെങ്കിലും ശരി. അല്ലാഹു ഖുർആനിൽ വിശേഷിപ്പിച്ചത് പോലെ എല്ലാ മേഖലയിലും എളുപ്പമാണ് കാണിച്ച് തന്നിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾﴾ (التوبة: ١٢٨).

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്താവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്ത്യം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (തൗബ:128)

---

(١) رواه ابن ماجة: ٦٥٩/١، برقم (٢٠٤٣)، وصححه الألباني في إرواء الغليل، برقم (٨٢)

(٢) رواه الإمام أحمد في مسنده:١٠٨/٢، وصححه الألباني في إرواء الغليل، برقم (٥٦٤)

(മതം എളുപ്പമാണ്) എന്ന ഹദീസ് വിശദീകരിച്ച് കൊണ്ട് ഒരു പണ്ഡിതൻ പറയുകയുണ്ടായി: "ഈ ഹദീസ് എത്ര മഹത്തരമാണ് ഉപകാരമുള്ള മുഴുവൻ ഉപദേശങ്ങളും, നന്മകളും, അടിസ്ഥാനകാര്യങ്ങളും ഉൾകൊള്ളിച്ചിരിക്കുന്നു. പ്രവാചകൻﷺ തൻെറ തുടക്കത്തിൽ തന്നെ ഈ വലിയ അടിത്തറ സ്ഥാപിച്ചിട്ടുണ്ട്. പ്രവാചകൻﷺ പറഞ്ഞു: (മതം എളുപ്പമാണ്) അതായത്: അതിൻെറ നിയമങ്ങളും വിശ്വാസവും എളുപ്പവും ലളിതവുമാണ്, അതിൻെറ സ്വഭാവം പൂർണവും, പ്രവ ർത്തനങ്ങൾ മുഴുവനും സൽപ്രവർത്തനവുമാകുന്നു, ഇതിലൂടെയാണ് മതത്തിൻെറയും ഇരുലോകങ്ങളുടെയും വിജയം നിലനിൽക്കുന്നത്, ഇതിൻെറ അഭാവത്തിൽ നന്മകൾ മുഴുവനും നഷ്ടപ്പെടുന്നു. അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഇതിലുള്ളത് മുഴുവനും ലളിതവും എളുപ്പവും, ബാധ്യത ഏൽപിക്കപ്പെട്ടവർക്ക് മുഴുവനും യാതൊരു പ്ര യാസവും കൂടാതെ പ്രവർത്തിക്കുവാൻ കഴിയുന്നതാണ് അതിലെ തത്വങ്ങൾ, അതിന് യതൊന്നും ചിലവാക്കേണ്ടതില്ല. അതിലെ വി ശ്വാസം ശരിയായതും ലളിതവുമാണ്, ചൊവ്വായ പ്രകൃതിയും, തെളി ഞ്ഞ ബുദ്ധിയുമത് സ്വീകരിക്കുന്നു. അതിൽ നിർബ്ബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ വളരെ എളുപ്പമുള്ളതും മറ്റു നിയമങ്ങളാണെങ്കിൽ അതി നേക്കാൾ എളുപ്പമാണ് താനും. ആരെങ്കിലും സമ്പൂർണ സൽസ്വ ഭാവിയാകുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻെറ നേതാവ് മുഹമ്മ ദ്ﷺയാകുന്നു, അതിൽ യാതൊരു സംശയവുമില്ല. ഇഹലോക സൗ ഖ്യത്തെ തടയുന്ന യാതൊന്നും അവന് അതിൽ കാണാൻ കഴി യില്ല. അവന് എല്ലാ ബാധ്യതകളും നിറവേറ്റുവാൻ കഴിയുന്നതാണ്. അല്ലാഹുവിനോടുള്ള ബാധ്യത, സ്വന്തത്തിനോടുള്ള ബാധ്യത, കുടുംബത്തോടുള്ള ബാധ്യത, കൂട്ടുകാരോടുള്ള ബാധ്യത, മനുഷ്യന് ആരോടൊക്കെ ബാധ്യതയുണ്ടോ അതൊക്കെ തന്നെ വിനയത്തോടെ, എളുപ്പത്തോടെ അവന് നിറവേറ്റുവാൻ സാധിക്കുന്നതാണ്.

ഇസ്‌ലാമിക ശരീഅത്തിൻെറ മാറ്റമില്ലാത്ത അടിത്തറയുടെ അടിസ്ഥാനത്തിൽ എളുപ്പത്തിൻെറയും, പ്രയാസരഹിതത്തിൻെറയും അദ്ധ്യായത്തിൽ ചില നിയമങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നു.

1- പ്രയാസം എളുപ്പത്തെ കൊണ്ട് വരുന്നു.
2- ഒരു കാര്യം കുടുസായാൽ അത് വിശാലമാകും, ഒരു കാര്യം വിശാലമായാൽ അത് കുടുസായതുമാകുന്നതാണ്.
3- ബുദ്ധിമുട്ടുകൾ നീങ്ങി പോകുന്നതാണ്.
4- ബുദ്ധിമുട്ടുകൾ ഒരുപോലെ ഉണ്ടായികൊണ്ടിരിക്കുന്നതാണ്.
5- കാഠിന്യം നിറഞ്ഞ ബുദ്ധിമുട്ടുകൾ ലഘുവായത് കൊണ്ട് നീങ്ങി പോകുന്നതാണ്.
6- ആവശ്യം ബുദ്ധിമുട്ടിലേക്ക് നയിക്കുന്നതാണ്. അത് പൊതുവെയു ള്ളതാണെങ്കിലും, പ്രത്യേകമായുള്ളതാണെങ്കിലും ശരി.
7- നിർബ്ബന്ധിതാവസ്ഥ നിഷിദ്ധമായതിനെ അനുവദനീയമാക്കുന്നു.
8- നിർബ്ബന്ധിതാവസ്ഥ അതിൻെറ തോതനുസരിച്ച് നിർണ്ണയി

ക്കുന്നു.

9- പ്രയാസ രഹിതം പ്രയാസമുള്ളതിനാൽ നീങ്ങിപോകുകയില്ല.
ഇസ്ലാമിക ശരീഅത്ത് ഉൾകൊള്ളുന്ന എളുപ്പവും, പ്രയാസരഹിതവും ഇതുപോലുള്ള ഒരു ചർച്ചയിൽ ഉൾകൊള്ളിക്കുവാൻ സാധ്യമല്ലതന്നെ.

☆ ☆ ☆ ☆

# ഒന്ന്:

# വിശ്വാസ കാര്യങ്ങളിലൂടെയുള്ള ഇസ്‌ലാമിന്റെ നന്മകൾ

വിശ്വാസ കാര്യങ്ങളെ പ്രവാചകൻﷺ ആറായി നിർണ്ണയിച്ചിരിക്കുന്നു. അത്: അല്ലാഹുവിലുള്ള വിശ്വാസം, അവൻെറ മലക്കുകളിലുള്ള വിശ്വാസം, അവൻെറ വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം, അവൻെറ പ്രവാചകന്മാരിലുള്ള വിശ്വാസം, അവസാന നാളിലുള്ള വിശ്വാസം, നന്മയും തിന്മയുമായി കാര്യങ്ങൾ മുഴുവനും അവൻെറ നിർണ്ണയത്തിൽ പെട്ടതാണെന്ന വിശ്വാസം എന്നിവയാണ്.

ഇസ്‌ലാമിക വിശ്വാസത്തിൻെറ അടിത്തറ ഈ ആറ് കാര്യങ്ങളാണ്, ഇതിന്മേലാണ് പ്രവർത്തനങ്ങളും, വാക്കുകളും പടുത്തുയർത്തുന്നതും, ഉന്നത സ്വഭാവങ്ങൾ സ്ഥാപിക്കുന്നതും.

ഇസ്‌ലാമിൻെറ നന്മകളുടെ മാതൃ നന്മകൾ വിശ്വാസ കാര്യങ്ങളിലെ നന്മയാണ്, ഇതിലൂടെയാണ് ഇസ്‌ലാമിക വിശ്വാസത്തിൻെറ പ്രാധാന്യവും, മനുഷ്യ ജീവിതത്തിൽ അതിൻെറ ആവശ്യകതയും പ്രകടമാകുന്നത്.

ഓരോ കാര്യങ്ങളിലുമുള്ള പ്രധാനപ്പെട്ട നന്മകൾ താഴെ വിവരിക്കുന്നു:

## ഒന്ന്: അല്ലാഹുവിലുള്ള വിശ്വാസം:

അല്ലാഹുവിലുള്ള വിശ്വാസമാണ് മതത്തിൻെറ അടിത്തറയുടെ അടിത്തറയും, നിർബ്ബന്ധമായതിൽ ഏറ്റവും നിർബ്ബന്ധമായതും. അല്ലാഹുവിൻെറ രക്ഷാ കർതൃത്വത്തിലുള്ള ഏകത്വവും, അവൻെറ നാമവിശേഷണങ്ങളിലും വിശ്വാസവും, ആരാധനയിലുള്ള ഏകത്വവും ഉൾകൊള്ളുന്നു ഈ വിശ്വാസത്തിൽ.

### ഒന്ന്: അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിലുള്ള വിശ്വാസം:

ആശയം: തീർച്ചയായും സൃഷ്ടിപ്പും, അധികാരവും, നിയന്ത്രണവും, പ്രാപഞ്ചിക കാര്യങ്ങളും, അതിൽ മാറ്റം വരുത്തുന്നതും എല്ലാം തന്നെ അല്ലാഹു മാത്രമാണെന്നും, അവന് യാതൊരു പങ്കുകാരു മില്ലെന്നും ദൃഢമായി വിശ്വസിക്കുക. അല്ലാഹു പറയുന്നു:

﴿ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ۝٢ ﴾ (الفاتحة: ١).

“സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു” (ഫാതിഅ: 1)

അല്ലാഹു പറയുന്നു:

﴿ إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ

ٱسۡتَوَىٰ عَلَى ٱلۡعَرۡشِ يُغۡشِي ٱلَّيۡلَ ٱلنَّهَارَ يَطۡلُبُهُۥ حَثِيثٗا وَٱلشَّمۡسَ وَٱلۡقَمَرَ وَٱلنُّجُومَ مُسَخَّرَٰتِۭ بِأَمۡرِهِۦٓۗ أَلَا لَهُ ٱلۡخَلۡقُ وَٱلۡأَمۡرُۗ تَبَارَكَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ ﴿٥٤﴾ ﴾ (الأعراف:٥٤).

“തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറ് ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രിയെ കൊണ്ടവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിചെല്ലുന്നു. സൂര്യനെയും ചന്ദ്രനേയും നക്ഷത്രങ്ങളെയും തന്റെ കൽപനക്ക് വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു) അറിയുക: സൃഷ്ടി പ്പും ശാസനാധികാരവും അവന്നു തന്നെയാണ്. ലോക രക്ഷിതാവായ അല്ലാഹു മഹത്വപൂർണനായിരിക്കുന്നു” (അഅ്റാഫ്: 54)

അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിലുള്ള ഏകത്വത്തിലുള്ള വിശ്വാസത്തിന് ഒരുപാട് നന്മകളുണ്ട്, അതിൽ പ്രധാനപ്പെട്ടത് താഴെ കൊടുക്കുന്നു:

1- തീർച്ചയായും ഇസ്‌ലാം ശുദ്ധ പ്രകൃതി മതമാണ്, അതിനോട് യാതൊന്നിലും ഇസ്‌ലാം വിയോജിപ്പ് പ്രകടിപ്പിക്കുന്നില്ല. ശുദ്ധപ്രകൃതിയെന്ന് പറഞ്ഞാൽ: അത് പ്രകൃതിദത്തവും, ഏതൊരു സ്വഭാവത്തിലാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ആ സ്വഭാവവുമാണ്. അല്ലാഹു പറയുന്നു:

﴿ فَأَقِمۡ وَجۡهَكَ لِلدِّينِ حَنِيفٗاۚ فِطۡرَتَ ٱللَّهِ ٱلَّتِي فَطَرَ ٱلنَّاسَ عَلَيۡهَاۚ لَا تَبۡدِيلَ لِخَلۡقِ ٱللَّهِۚ ذَٰلِكَ ٱلدِّينُ ٱلۡقَيِّمُ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ﴿٣٠﴾ ﴾ (الرّوم:٣٠).

“ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിറുത്തുക. അല്ലാഹു മനുഷ്യരെ ഏത് പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രേ അത് അല്ലാഹുവന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രേ വക്രതയില്ലാത്ത മതം. പക്ഷെ, മനുഷ്യരിൽ അധികപേരും മനസിലാക്കുന്നില്ല.” (റൂം: 30)

അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽ തന്നെ അവനെ കണ്ടെത്തുവാനും, അവന്റെ രക്ഷാകർതൃത്വം അംഗീകരിക്കുവാനുമുള്ള അറിവ് നിക്ഷേപിച്ചിട്ടുണ്ട്, അത്കൊണ്ട് തന്നെ അല്ലാഹു ഉണ്ടെന്നും, അവ

ൻെറ രക്ഷാകർതൃത്വവും, ആരാധനയിലുള്ള ഏകത്വവും, ഉന്നതമായ വിശേഷണങ്ങളിലും നല്ല നാമങ്ങളിലുമുള്ള ഏകത്വവും സ്ഥാപിക്കുവാനുതകുന്ന രൂപത്തിൽ ആ അറിവിനെ സഹായിക്കുവാനും വളർത്തുവാനും വേണ്ടിയാണ് ഇസ്‌ലാം വന്നിട്ടുള്ളത്.

അല്ലാഹുവിൻെറ അടിമകളായ മനുഷ്യർ വിശ്വസിക്കേണ്ടത് മനുഷ്യരെ ഉണ്ടാക്കിയതും, ഭൂമിയിൽ ജീവിക്കുവാനുള്ള മാർഗങ്ങൾ ഒരുക്കിയതും, പ്രപഞ്ചത്തെ മനുഷ്യ സൃഷ്ടിപ്പിനനുയോജ്യമാക്കിയതും, അ വന് താമസിക്കുവാൻ സജ്ജമാക്കിയതും, അവനാവശ്യമുള്ളതെല്ലാം തയ്യാറാക്കിയതും അല്ലാഹുവാണെന്നാണ്. അല്ലാഹു പറയുന്നു:

﴿ أَلَمْ تَرَوْا۟ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُۥ ظَٰهِرَةً وَبَاطِنَةً ﴾ (لقمان:٢٠).

“ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തി തന്നിരിക്കുന്നു എന്ന് നിങ്ങൾ കണ്ടില്ലേ? പ്രത്യക്ഷവും പരോക്ഷവുമായ അവൻെറ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു” (ലുഖ്മാൻ:30)

അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹമാണ് ഇതെല്ലാമെന്ന് ഒരു അടിമ ഇതിൽ നിന്നും മനസിലാക്കുകയും, തിരിച്ചറിയുകയും അല്ലാഹുവിനെ അംഗീകരിക്കുകയും ചെയ്യുന്നതോടൊപ്പം അനുഗ്രഹ ദാതാവിന് അവൻെറ കൽപനകൾ അനുസരിച്ച് കൊണ്ടും തെറ്റുകളിൽ നിന്ന് വിട്ട്നിന്ന് കൊണ്ടും നന്ദി ചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിലുള്ള വിശ്വാസം അവൻെറ അധികാരത്തെ സംബന്ധിച്ച് ചിന്തിക്കുന്നതിലേക്ക് മനുഷ്യനെ നയിക്കുകയും, അല്ലാഹുവിനെ പരിപൂർണമായും വ്യക്തമായും മനസിലാക്കുവാനും, അല്ലാഹുവിനെ പോലെ മറ്റൊരു റബ്ബില്ലായെന്ന് വിശ്വസിക്കുന്നത് പോലെ അവന് യഥാർത്ഥത്തിൽ ആരാധനയിൽ യാതൊരു പങ്കാരനില്ലായെന്നും മനസിലാക്കുന്നു. എണ്ണമറ്റതും, വൈവിധ്യവുമായ അവൻെറ സൃഷ്ടികൾ അല്ലാഹുവിനെ മഹത്വപ്പെടുത്തുവാനും ആരാധനയിൽ അവനെ ഏകത്വപ്പെടുത്തുവാനും ഉതകുന്ന വ്യക്തമായ തെളിവുകളാകുന്നു. അതാണ് അല്ലാഹു പറയുന്നത്:

﴿ إِنَّ فِى خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ لَءَايَٰتٍ لِّأُو۟لِى ٱلْأَلْبَٰبِ ﴿١٩٠﴾ ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ

وَيَتَفَكَّرُونَ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَٰطِلًا سُبْحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ﴿١٩١﴾ (آل عمران: ١٩٠-١٩١).

“തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറിമാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്ന് കൊണ്ടും ഇരുന്ന് കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമ്മിക്കുകയും, ആകാശങ്ങളുടെയും ഭൂമി യുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന വരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവെ! നീ നിരർ ത്ഥകമായി സൃഷ്ടിച്ചതല്ല ഇത്, നീ എത്രയോ പരിശുദ്ധൻ! അതിനാ ൽ നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തു രക്ഷിക്കണേ” (ആലുഇംറാൻ: 90-91)

അല്ലാഹുവിൻെറ റുബൂബിയ്യത്തിലുള്ള വിശ്വാസം തീർച്ചയായും അല്ലാഹുവാണ് എല്ലാറ്റിൻെറയും ഉടമസ്ഥനും, റബ്ബും എന്ന വിശ്വാ സത്തിലേക്കും, തീർച്ചയായും അല്ലാഹു തന്നെയാണ് അതിനെല്ലാം കഴിവുള്ളവനും, സൃഷ്ടികളെ കൂടാതെ തന്നെ സ്വയം പര്യാപ്തൻ അവൻ മാത്രമാണെന്നുമുള്ള വിശ്വാസത്തിലേക്കും എത്തിച്ചേർക്കുന്നു. അവനൊഴികെയുള്ളതെല്ലാം അവൻെറ സൃഷ്ടികളും, ഒരു റബ്ബിനെ യും, ഒരു സൃഷ്ടാവിനെയും ആവശ്യമുള്ളവരുമാകുന്നു. ഈ കാര്യങ്ങ ളെല്ലാം മനസിലാക്കുന്ന ഒരുവന് താൻ ദുർബ്ബലനാണെന്നും, തനിക്ക് യാതൊന്നിനും കഴിയില്ലായെന്നുമുള്ള യാഥാർത്ഥ്യം സ്വയം തന്നെ ബോധ്യമാകുന്നതോടൊപ്പം തന്നെ, അതിര് ലംഘിക്കുക, അഹങ്കാരം നടിക്കുക, ഭൂമിയിൽ പെരുമ നടിക്കുക എന്നിവയിൽ നിന്നും അകന്ന് നിൽക്കുവാനും സാധ്യമാവുന്നു.

മനുഷ്യനെ ആദ്യമായി രൂപപ്പെടുത്തിയവൻ എന്ന നിലക്കും, അവ നെ വളർത്തുന്നവനും, സംരക്ഷിക്കുന്നവനും, അവൻെറ ആരോഗ്യ വും, ഭക്ഷണവും, ദീനിനും ദുൻയാവിനും ഉപയുക്തമായ മുഴുവൻ കാര്യങ്ങളും ഏറ്റെടുത്തവൻ എന്ന നിലക്കുമുള്ള അല്ലാഹുവിനോടുള്ള സ്നേഹം സത്യസന്ധതയോടും, നിഷ്കളങ്കതയോടും കൂടിയതായി രിക്കണം.

തീർച്ചയായും അല്ലാഹുവിൻെറ റുബൂബിയ്യത്തിലുള്ള വിശ്വാസത്തെ സ്ഥാപിക്കലും, അത് മനസിലാക്കലും, അതിനെപ്പറ്റി ചിന്തിക്കുന്ന തുമെല്ലാം തന്നെ മനുഷ്യനെ നയിക്കുന്നത് അവൻെറ രക്ഷിതാവിനെ മഹത്വപ്പെടുത്തുന്നതിലേക്കും, ഉന്നതപ്പെടുത്തുന്നതിലേക്കും, അവനെ ഭയപ്പെടുന്നതിലേക്കും, സ്നേഹിക്കുന്നതിലേക്കുമാണ്, അവൻെറ ക ൽപനക്ക് വിധേയമാകുന്നതിലേക്കും, ചൊവ്വായ അവൻെറ മതത്തിന് കീഴ്പ്പെടുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നു. അല്ലാഹുവിൻെറ റുബൂബിയ്യത്തിലുള്ള വിശ്വാസം അവൻെറ കൽപനക്ക് എതിർ പ്രവർത്തിക്കാതെ അവനെ അനുസരിക്കുകയാണ് ഒരു അടിമയുടെ

ബാധ്യത എന്ന ബോധത്തിലേക്കും, അവൻെറ ഉന്നതിക്ക് മുമ്പിൽ അഹങ്കാരം നടിക്കാതെ കീഴൊതുങ്ങി അവനെ ആരാധിക്കുന്നതി ലേക്കും, അനുസരിക്കുന്നതിലേക്കും എത്തിക്കുകയും ചെയ്യുന്നു. മാത്ര മല്ല അവൻെറ ദീനനുസരിച്ച് ജീവിക്കുന്നതിലും, അവനെ അനുസരി ക്കുന്നതിലുമല്ലാതെ വിജയവും, സൗഭാഗ്യവും ഇല്ലെന്ന് അവന് മന സിലാകുകയും ചെയ്യുന്നതോടൊപ്പം തന്നെ അവൻെറ ഉത്ഭവവും, ജീവിതവും, അവൻെറ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും ഉന്നതനായ അല്ലാഹുവിൽ നിന്നാണെന്നും അവന് മനസിലാക്കുവാൻ കഴിയുന്നു.

ഉപകാരം ലഭിക്കുവാനോ ഉപദ്രം തടയുവാനോ വേണ്ടി അല്ലാഹു അല്ലാത്തവരിലേക്കുള്ള മുഴുവൻ ബന്ധങ്ങളെയും തടയേടണ്ടതുണ്ട്, കാരണം അല്ലാഹു മാത്രമാണ് ഉപകാരം നൽകുന്നവനും, ഉപദ്രവം തടുക്കുന്നവനും, അവൻ നൽകിയതിനെ തടുക്കുന്നവനോ, അവൻ തടഞ്ഞതിനെ നൽകുന്നവനോ ആരും തന്നെയില്ല. അല്ലാഹു പറയുന്നു:

﴿ قُلِ ٱللَّهُمَّ مَٰلِكَ ٱلْمُلْكِ تُؤْتِي ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٢٦﴾ ﴾ (آل عمران:٢٦)

“പറയുക: ആധിപത്യത്തിൻെറ ഉടമസ്ഥനായ അല്ലാഹുവെ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്ന വരിൽ നിന്ന് നീ ആധിപത്യം എടുത്ത് നീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിൻെറ കൈവശമത്രെ നന്മ യുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകു ന്നു” (ആലുഇംറാൻ: 26)

2- പ്രപഞ്ച രഹസ്യങ്ങളെപ്പറ്റി പ്രകടമാകുന്ന ചോദ്യങ്ങൾക്ക് പരി പൂർണമായി ഉത്തരം കണ്ടെത്തുവാൻ കഴിയുന്നു. പ്രപഞ്ചത്തിൽ സംഭ വിക്കുന്ന പ്രകടവും, ഗോപ്യവുമായിട്ടുള്ള ഒട്ടനവധി കാര്യങ്ങൾക്കും വിശദീകരണം നൽകുന്നതിൽ അശക്തനാണ് മനുഷ്യൻ, മാത്രമല്ല, അധിക പ്രതിഭാസങ്ങളുടെ മുമ്പിലും മനുഷ്യൻ അന്ധാളിച്ച് നിൽക്കു കയാണ് ചെയ്യുന്നത്. എന്നാൽ അല്ലാഹുവിൻെറ റുബൂബിയ്യത്ത് അം ഗീകരിച്ചാൽ എല്ലാ പ്രതിഭാസങ്ങളെയും അവനിലേക്ക് അർപ്പിക്കുവാ ൻ കഴിയുകയും, മനുഷ്യന് കണ്ടെത്തുവാൻ കഴിയാത്ത കാര്യങ്ങളി ലെല്ലാം തന്നെ അല്ലാഹുവിൻെറ കഴിവാണ് ഉൾകൊണ്ടിട്ടുള്ളതെന്ന് വിശ്വസിക്കുവാനും അവന് സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:

﴿ وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا ﴿٨٥﴾ ﴾. (الإسراء:٨٥).

"നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപെട്ടിട്ടില്ല" (ഇസ്രാഅ്: 85)

## രണ്ട്: അല്ലാഹുവിന്റെ നാമവിശേഷണങ്ങളിലുള്ള വിശ്വാസം:

അല്ലാഹു സ്വയം തന്നെയോ, അവന്റെ പ്രവാചകൻﷺയോ അവന് സ്ഥിരപ്പെടുത്തിയിട്ടുള്ള നാമവിശേഷണങ്ങൾ സ്ഥിര പ്പെടുത്തലും, അത് അവന് മാത്രമാണുള്ളതെന്നും, അവന്റെ വിശേഷണങ്ങൾക്കോ, പ്രവർത്തനങ്ങൾക്കോ യാതൊരു ഉദാഹരണവുമില്ലെന്നും വിശ്വസിക്കുക.

അല്ലാഹുവിലുള്ള വിശ്വാസത്തിലെ വളരെ പ്രധാനപ്പെട്ട കാര്യമാണ് അവന്റെ നാമവിശേഷണങ്ങളിലുള്ള വിശ്വാസം. വിശുദ്ധഖുർആനും തിരുസുന്നത്തും അടിസ്ഥാനമാക്കിയായിരിക്കണം അതിൽ വിശ്വസിക്കേണ്ടത്, അതിന്റെ പരിധി ലംഘിച്ച് കൊണ്ട് അതിൽ ഗവേഷണം നടത്തുവാനോ, വ്യാഖ്യാനിച്ച് കൊണ്ട് അവന്റെ മഹത്വത്തിനും ഉന്നതിക്കും യോജിക്കുന്ന പ്രകടമായ രൂപത്തിൽ നിന്നും മാറ്റിമറിച്ച് പുറത്ത് കടക്കുവാനും പാടില്ല. കാരണം അല്ലാഹു സ്വയം തന്നെ അവനെ അടിമകൾക്ക് പരിജയപ്പെടുത്തി കൊടുക്കുന്നു, അത്കൊണ്ട് തന്നെ അതിൽ വിശ്വസിച്ച് കൊണ്ട് അവനെ ആരാധിക്കലും, അവ കൊണ്ട് അവനെ പുകഴ്ത്തലും, അവനോട് പ്രാർത്ഥിക്കലും അനിവാര്യമാണ്. അല്ലാഹു പറയുന്നു:

﴿ وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَـٰٓئِهِۦ ۚ سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ ﴿١٨٠﴾ ﴾ (الأعراف:١٨٠).

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ച് കൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ട്കളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്ക് വഴിയേ നൽകപ്പെടും" (അഅ്റാഫ്: 180)

അല്ലാഹുവിന്റെ നാമവിശേഷണങ്ങൾ ക്ലിപ്തമല്ല, അത്പോലെ അതിലുള്ള വിശ്വാസത്തിന്റെ നന്മകളും ക്ലിപ്തമല്ല, എന്നാൽ ഇവിടെ ചില നന്മകളെ എടുത്ത് പറയുന്നു, അവ:

1- അല്ലാഹുവിൻെറ നാമവിശേഷണങ്ങളിലുള്ള വിശ്വാസത്താൽ യഥാർത്ഥ രൂപത്തിൽ അല്ലാഹുവിനെ മനസിലാക്കുവാൻ കഴിയുന്നു, കാരണം അല്ലാഹു അദൃശ്യനാണ്, അത്കൊണ്ട് തന്നെ വെറും ബുദ്ധികൊണ്ട് വിശദമായി അവൻെറ നാമവിശേഷണങ്ങൾ കണ്ടെത്തുകയെന്നത് അസാധ്യവുമാണ്. അതിനാൽ അല്ലാഹു വിശു ദ്ധഖുർആനിലും, തിരുസുന്നത്തിലും അവൻെറ നാമവിശേഷണങ്ങളെപ്പറ്റി അവൻെറ അടിമകൾക്ക് അവനെ യഥാർത്ഥ രൂപത്തിൽ മനസിലാക്കാനായി അവൻെറ മഹത്വത്തിനും ഉന്നതിക്കും ഭംഗിക്കും യോജിക്കുന്ന രൂപത്തിൽ വിശദീകരിച്ച് കൊടക്കുന്നു.

അല്ലാഹുവിൻെറ നാമവിശേഷണങ്ങളിൽ പ്രവാചകൻﷺയും, സ്വഹാബിക(റ)ളും, അഹ്‌ലുസുന്നത്തിൻെറ ഇമാമുകളും(റ) വിശ്വസിച്ച (മൻഹജ്) അതേരൂപത്തിൽ വിശ്വസിക്കുന്നവർക്കാണ് യഥാർത്ഥ വിശ്വാസം ലഭിക്കുക. ആ മാർഗം: അവയെ രൂപം നൽകുകയോ, അവക്ക് ഉപമ നൽകുകയോ കൂടാതെ സ്ഥിരപ്പെടുത്തുക, വ്യാഖ്യനിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ അവയെ പരിശുദ്ധപ്പെടുത്തുക. ആരാണോ ഈ ശരിയായ മൻഹജനുസരിച്ച് കൊണ്ട് അല്ലാഹുവിൻെറ നാമവിശേഷണങ്ങളെപ്പറ്റി പഠിക്കുന്നത് അവനാണ് അല്ലാഹുവിനെ കൂടുതൽ അറിയുവാൻ കഴിയുന്നത്.

2- വിശ്വാസിയുടെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള ഭയവും, ആഗ്രഹവും, പ്രതീക്ഷയും, പേടിയും, സ്നേഹവും, മഹത്വവും അല്ലാഹുവിൻെറ നാമവിശേഷണങ്ങളിലുള്ള വിശ്വാസത്താൽ ഒരുമിക്കുന്നു. ഇത് അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ പ്രധാനപ്പെട്ട പ്രത്യേകതകളിലും, നന്മകളിലും പെട്ടതാണ്. ഈ ആശയങ്ങൾ മുഴുവനും അല്ലാഹുവിലല്ലാതെ ഒന്നിലും ഒരുമിക്കുകയില്ല. അവന് തന്നെയാണ് മഹത്വം, കാരുണ്യം, അത്പേലെ കീഴടക്കുക, അതിജയിക്കുക, എല്ലാത്തിനെയും പിടിക്കുക, പുണ്യം ചെയ്യുക, നന്മ ചെയ്യുക, അടിമയോട് അനുകമ്പ കാണിക്കുക എന്നീ വിശേഷണങ്ങളും ഉള്ളത്. അല്ലാഹു സ്വയം തന്നെ വിശേഷിപ്പിച്ച പോലെ ആരെങ്കിലും അവൻെറ നാമവിശേഷണങ്ങളിൽ വിശ്വസിച്ചാൽ അവൻെറ ഹൃദയത്തിൽ വിശ്വാസത്തിൻെറ തോതനുസരിച്ച് ഈ ആശയങ്ങളൊക്കെ ഉടലെടുക്കുന്നു. അവൻ അല്ലാഹുവിനെ മഹത്വപ്പെടുത്തുകയും, ഇഷ്ടപ്പെടുകയും, അവനെ ഭയപ്പെടുകയും അവനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുകയും, അവനിൽ ആഗ്രഹിക്കുകയും, അവനിൽ നിന്ന് പേടിക്കുകയും ചെയ്യുന്നു, ഈ കാര്യങ്ങളിലെല്ലാം തന്നെ അല്ലാഹുവിനെ ഏകത്വപ്പെടുത്തുകയും ചെയ്യുന്നു.

3- അല്ലാഹുവിന് യോജിക്കാത്ത, അവന് ന്യൂനത വരുത്തുന്ന കാര്യങ്ങളെ തൊട്ട് രക്ഷപ്പെടുവാൻ സാധിക്കുന്നു. അല്ലാഹുവിൻെറ ഉന്നതമായ വിശേഷണങ്ങളും, സൽനാമങ്ങളും സൂചിപ്പിക്കുന്നത് അല്ലാഹു നിരുപാധികം എല്ലാ രൂപത്തിലും പരിപൂർണ നാമങ്ങൾ കൊണ്ട് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും, ന്യൂനതയിൽ നിന്നും

അപൂർണതയിൽ നിന്നും നിരുപാധികം എല്ലാ രൂപത്തിലും പരിപൂർണമായി പരിശുദ്ധനാകുന്നുവെന്നുമാണ്. ആരെങ്കിലും അവൻെറ നാമ വിശേഷണങ്ങളിൽ അല്ലാഹുവിൻെറ മഹത്വത്തിന് യോജിക്കുന്ന രൂപത്തിൽ വിശ്വസിക്കുകയാണെങ്കിൽ അവൻ അതിന് ന്യൂനതവരുന്ന കാര്യങ്ങളിൽ നിന്നും രക്ഷപ്പെടുന്നു. ആരെങ്കിലും ഈ നാമവിശേഷണങ്ങളിൽ വല്ല പിഴവും വരുത്തുകയാണെങ്കിൽ ആ പിഴവിനനുസരിച്ച് അല്ലാഹുവിനെ ന്യൂനതപ്പെടുത്തുക എന്ന തെറ്റിൽ അകപ്പെടുകയും ചെയ്യുന്നു.

അല്ലാഹുവിന് സന്താനമുണ്ട്, കരയുക, ദു:ഖിക്കുക, ദാരിദ്ര്യം പോലെയുള്ള അല്ലാഹുവിനെ നിർബ്ബന്ധമായും പരിശുദ്ധപ്പെടുത്തേണ്ട വിശ്വാസം ജൂതക്രൈസ്തവരിൽ കാണുന്നുവെന്നത് വിശദമാക്കേണ്ടതില്ലാത്തവിധം വ്യക്തമാണ്.

അല്ലാഹുവും അവൻെറ റസൂലും പറഞ്ഞതിനെ കളങ്കപ്പെടുത്തുന്ന രൂപത്തിൽ അവനിൽ പങ്ക്ചേർക്കുക, ഇർജാഅ് (മുർജിയാക്കളുടെ വിശ്വാസം കർമ്മത്തെ വിശ്വാസത്തിൽ നിന്നും പിന്തിപ്പിക്കുക, അതായത് വിശ്വാസം മാത്രംമതി കർമ്മങ്ങൾ വേണ്ടതില്ലായെന്ന വിശ്വാസം) ജബർ (മനുഷ്യന് ഇന്ന ഇന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നു, മനുഷ്യന് തിരെഞ്ഞെടുക്കുവാനുള്ള യാതൊരു അധികാരവും ഇല്ലെന്ന ജബരിയാക്കളുടെ വാദം) തഅ്ത്വീൽ (അല്ലാഹുവിന് ഗുണങ്ങളോ ചെയ്തികളോ ഇല്ലെന്നുള്ള വാദം) തംഥീൽ (അല്ലാഹുവിൻെറ ഗുണങ്ങളും ചെയ്തികളും മനുഷ്യരുടെ ഗുണങ്ങളും, ചെയ്തികളും പോലെ തന്നെയാണന്ന വാദം) പോലെയുള്ള കാര്യങ്ങളെ തൊട്ട് നിർബ്ബന്ധമായും അല്ലാഹുവിനെ പരിശുദ്ധമാക്കേണ്ട വിശ്വാസം മുസ്ലീങ്ങളിലെ ചില പിഴച്ചകക്ഷികളിൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്.

3- ജീവിതത്തിൻെറ രഹസ്യങ്ങളിലും, പരസ്യങ്ങളിലും അല്ലാഹു നമ്മെ നിരീക്ഷിക്കുന്നതിനാൽ തന്നെ വാക്കുകളിലും പ്രവർത്തനങ്ങളിലും നിഷ്കളങ്കത അനിവാര്യമാണ്, അത്പോലെ അവൻെറ കൽപനയിലും വിരോധങ്ങളിലും, അവൻെറ വിധിയിലും, നിർണ്ണയത്തിലും നല്ലത് വിജാരിക്കുക, ഉപദ്രവത്തെ തടയുവാനും, ഉപകാരം ലഭിക്കുവാനും വേണ്ടി അവൻെറ മേൽ യഥാർത്ഥമായി ഭരമേൽപിക്കുക, അവൻെറ നാമവിശേഷണങ്ങളുടെ തേട്ടമനുസരിച്ച് ഹൃദയവും, വാക്കുകളും, പ്രവർത്തനവും ഉൾകൊള്ളുന്ന ആരാധനകളുടെ വ്യത്യസ്ഥയിനങ്ങൾ കൊണ്ട് അവനെ ശരിയായ രൂപത്തിൽ ആരാധിക്കുക.

4- കാരുണ്യം, സത്യസന്ധത, നീതി, വിനയം, ദയ, ക്ഷമ, പുണ്യം പോലെയുള്ള അല്ലാഹു സ്വയം തന്നെ വിശേഷിപ്പിക്കുകയും, ഇഷ്ടപ്പെടുകയും ചെയ്യുന്ന സ്തുത്യർഹമായ വിശേഷണങ്ങൾ ജീവിതത്തിൽ പകർത്തുകയും, അല്ലാഹുവിനും അടിമകൾക്കും ഈ വിശേഷണങ്ങളെല്ലാം നൽകുമ്പോഴുള്ള വ്യത്യാസം ശരിക്ക് മനസിലാക്കിയിരിക്കു

കയും ചെയ്യേണ്ടതുണ്ട്. കാരണം അല്ലാഹുവിന് അവൻെറ ദാത്തിലോ, വിശേഷണങ്ങളിലോ, നാമങ്ങളിലോ, അവൻെറ പ്രവർത്തനങ്ങളിലോ തുല്യമായി ഒന്നും തന്നെയില്ല. പ്രവാചകൻﷺയുടെ ഹദീസിൽ നിന്ന്:

«إن الله جميل يحبّ الجمال»(١)،

"അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗി ഇഷ്ടപ്പെടുകയും ചെയ്യുന്നു" പ്രവാചകൻﷺ പറയുന്നു:

«إنّ الله رفيق يحبّ الرّفق» (٢)

"അല്ലാഹു അനുകമ്പയുള്ളവനാണ്, അവൻ അനുകമ്പ ഇഷ്ടപ്പെടുകയും ചെയ്യുന്നു"

മേൽ പറഞ്ഞതിന് വിപരീതമായി സ്വയം പരിശുദ്ധമാക്കുക, ഉന്നതനാകുക, അഹങ്കാരം പോലെ അടിമത്വം നിഷേധിക്കപ്പെടുന്ന, യാതൊരു രൂപത്തിലും ഒരു അടിമയും അർഹിക്കാത്ത വിശേഷണങ്ങളൊന്നും തന്നെ ഒരു അടിമക്കും യോജിക്കുകയില്ല, അത്കൊണ്ട് തന്നെ അതിൽ നിന്ന് മുഴുവനും ഓരോ അടിമയും മോചിതനാവേണ്ടതുണ്ട്. ഈ വിശേഷണങ്ങൾ മുഴുവനും ലോകരക്ഷിതാവായ റബ്ബിന് മാത്രമേ യോജിക്കുകയുള്ളൂ, അവനെ കൂടാതെ മറ്റാർക്കും അത് യോജിക്കുകയില്ല, അവന് മാത്രമാണ് ഉന്നതിയും, പൂർണതയും, പ്രതാപവും ഉള്ളത്.

6- അല്ലാഹുവിൻെറ മുഴുവൻ ഭംഗിയുള്ള നാമങ്ങൾ കൊണ്ടും, ഉന്നതമായ വിശേഷണങ്ങൾ കൊണ്ടും അവനെ ആരാധിക്കുക. എല്ലാ നാമവിശേഷണങ്ങൾക്കും പ്രത്യേകം ആശയം ഉണ്ടെന്ന് മനസിലാക്കണം, എന്നാൽ അടിമക്ക് ആ വിശേഷണങ്ങളിൽ ചെറിയ ബന്ധവും, യോജിപ്പുമുണ്ട്. ഇതിന് ഉദാഹരണമായി ചിലത് താഴെ കൊടുക്കുന്നു.

1- (السميع البصير) എല്ലാം കേൾക്കുന്നവനാണ്, എല്ലാം കാണുന്നവനാണ്, ഓരോ അടിമയും ഈ രണ്ട്നാമങ്ങളിലും വിശേഷണങ്ങളിലും വിശ്വസിക്കുകയും, അല്ലാഹു എല്ലാം കാണുകയും, കേൾക്കുകയും ചെയ്യുന്നുണ്ടെന്ന് മനസിലാക്കുകയും ചെയ്യുന്നുണ്ട്. അത് കൊണ്ട് തന്നെ തൻെറ എല്ലാ സ്ഥലങ്ങളിലും സമയങ്ങളിലും തൻെറ വാക്കു കളിലും പ്രവർത്തനങ്ങളിലും,

---

(١) رواه مسلم: ٩٣/١، برقم (٩١).

(٢) رواه مسلم: ٢٠٠٣/٤-٢٠٠٤، برقم (٢٥٩٣).

രഹസ്യത്തിലും പരസ്യത്തിലും അല്ലാഹു വിൻെറ നിരീക്ഷണമുണ്ടെന്ന് അവൻ മനസിലാക്കണം.

2- (الرحمن الرحيم) പരമകാരുണികനും കരുണാനിധിയും. ഓരോ അടിമയും ഈ രണ്ട്നാമങ്ങളിലും വിശേഷണങ്ങളിലും വിശ്വസിക്കുകയും, അല്ലാഹു മഹത്തായ കാരുണ്യത്തിൻെറ ഉടമയാണെന്നും, അവൻ തൻെറ അടിമകളോട് കാരുണ്യം കാണിക്കുന്നവനാണെന്ന് അറിയുകയും ചെയ്യുന്നു. ഇതിൻെറ ഫലമായി അല്ലാഹുവിങ്കൽ നിന്നുള്ള കാര്യത്തിൽ ശക്തമായ പ്രതീക്ഷയും, ആഗ്രഹവും പ്രകടിപ്പിക്കുന്നതോടൊപ്പം തന്നെ അവൻെറ കാരുണ്യത്തെ തൊട്ട് നിരാശനാകുകയോ, അതിൽ മടുപ്പുള്ളവനാകുകയോ ചെയ്യുവാനും പാടില്ല.

3- (العليم) എല്ലാം അറിയുന്നവൻ. ഓരോ അടിമയും ഈ നാമത്തിലും വിശേഷണത്തിലും വിശ്വസിക്കുകയും, അല്ലാഹു എല്ലാ അറിവുകളെയും വലയം ചെയ്തിരിക്കുന്നുവെന്ന് മനസിലാക്കുകയും ചെയ്യുന്നു. തീർച്ചയായും العلـم എന്നുള്ള വിശേഷണം അവൻെറ ദാത്തിൽ പെട്ട ഉന്നതമായ ഒരു വിശേഷണമാണ്. അവന് ഏതെങ്കിലും ഒരു കാര്യം അറിയാതിരിക്കുകയെന്നത് അസംഭവ്യമാണെന്ന് മാത്രമല്ല അക്ജ്ഞതയെന്നത് യാതൊരു നിലക്കും അവന് യോജിക്കുകയില്ല തന്നെ. ഇതിലുള്ള വിശ്വാസത്താൽ ഓരോ മുസ്‌ലിമും തൻെറ എല്ലാ പ്രവർത്തനങ്ങളും നിഷ്കളങ്കതയിലധിഷ്ടിതമാക്കുവാനും, അവൻെറ മുഴുവൻ അവസ്ഥകളിലും അവനെ സൂക്ഷിക്കുവാനും, ഭയപ്പെടുവാനും ശ്രമിക്കേണ്ടതുണ്ട്. കാരണം അല്ലാഹു അവൻെറ രഹസ്യവും പരസ്യവും, ഗോപ്യമായും പ്രകടമായതും എല്ലാം അറിയുന്നവനാണ്, അവൻെറ മേൽ അടിമയുടെ ഒരു കാര്യവും അക്ജ്ഞാതമല്ല.

## 3- അല്ലാഹുവിൻെറ ആരാധനയിലുള്ള ഏകത്വത്തിലുള്ള വിശ്വാസം.

അല്ലാഹുവാണ് യഥാർത്ഥത്തിലുള്ള ആരാധ്യൻ എന്ന് ഉറച്ച് വിശ്വസിക്കലാണ് ഇത്. ആരാധനയിൽ അവനോട് ആരെയും പങ്ക് ചേർക്കാതിരിക്കുക. അതായത് അവനല്ലാത്ത ആരാണെങ്കിലും ശരി ആരാധനയുടെ യാതൊന്നും മറ്റാർക്കും അർപ്പിക്കാതെ ആരാധനയുടെ മുഴുവൻ ഇനങ്ങളും അവന് മാത്രം അർപ്പിക്കുക. അല്ലാഹു പറയുന്നു:

﴿ ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ ٱلْبَـٰطِلُ وَأَنَّ ٱللَّهَ هُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٣٠﴾ ﴾ (لقمان: ٣٠).

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നതെല്ലാം വ്യർത്ഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും” (ലുഖ്മാൻ:30)

അല്ലാഹു മുഴുവൻ പ്രവാചകന്മരിലൂടെയും, മുഴുവൻ വേദഗ്രന്ഥങ്ങളിലൂടെയും അവതരിപ്പിച്ച (لا إلــه إلاّ الله) യുടെ ആശയമിതാണ്. ഇതിന് വേണ്ടിയാണ് മനുഷ്യ ജിന്ന് വർഗങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿ وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ ﴿٢٥﴾ ﴾ (الأنبياء:٢٥).

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകികൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല” (അൻബിയാ: 30) അല്ലാഹു പറയുന്നു:

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ ﴾ (الذّاريات:٥٦).

“മനുഷ്യരെയും ജിന്നുകളെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (ദാരിയാത്ത്: 56)

അല്ലാഹുവിൻെറ ഉലൂഹിയ്യത്തിലുള്ള വിശ്വാസത്തിൽ അവൻെറ റുബൂബിയ്യത്തിലുള്ള വിശ്വാസവും, അവൻെറ നാമവിശേഷണങ്ങളിലുള്ള വിശ്വാസവും ഉൾകൊള്ളുന്നുണ്ട്, കാരണം അല്ലാഹുവാല്ലാതെ മറ്റാരും യഥാർത്ഥത്തിൽ ആരാധനക്ക് അർഹനില്ല, എങ്കിൽ അവൻ തന്നെയാണ് ഇരു ലോകങ്ങളുടെയും റബ്ബും, അവന് മാത്രമാണ് ഒന്നും തന്നെ സാദൃശ്യപ്പെടാത്ത, ആരും തന്നെ പങ്ക് ചേരാത്ത സമ്പൂർണതയുടെ വിശേഷണങ്ങൾ ഉള്ളത്. ഇത്കൊണ്ട് അല്ലാഹുവിൻെറ ആരാധനയിലുള്ള ഏകത്വത്തിലുള്ള വിശ്വാസത്തിൻെറ നന്മകളാണ് അല്ലാഹുവിലുള്ള വിശ്വാസത്തിലുള്ള നന്മകളെല്ലാം ഒരുമിച്ച് കൂട്ടുന്നതെന്ന് നമുക്ക് മനസിലാകുന്നതാണ്.

അതിൽപെട്ട ചില പ്രധാനപ്പെട്ട നന്മകൾ താഴെ വിവരിക്കുന്നു:

1- ദൈവികതയുടെ വിശേഷണങ്ങൾ ആർക്ക് മാത്രമാണോ ഉള്ളത് അവന് മാത്രമെ ദൈവികത അംഗീകരിക്കുവാനും, സ്ഥിരപ്പെടുത്തി കൊടുക്കുവാനും പാടുള്ളൂ. അവൻ അല്ലാഹു മാത്രമാണ് അവന് യാതൊരു പങ്കുകാരനും ഇല്ല. ദൈവികതയുടെ വിശേഷണങ്ങൾ ആരിൽ നിന്ന് നഷ്ടപ്പെടുന്നുവോ അവന് ദൈവികത നിഷേധിക്കേണ്ടത് അനിവാര്യവുമാണ്, അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്നവർ മുഴുവനും ഇതിൽ പെടുന്നതാണ്.

യഥാർത്ഥത്തിൽ ആരാധനക്കർഹനായ ദൈവം ഒരുവനല്ലാതെ ഉണ്ടായിരിക്കുകയില്ല. പ്രപഞ്ചത്തിന് രണ്ട് റബ്ബും, രണ്ട് സൃഷ്ടാവും ഉണ്ടായിരിക്കൽ അസാധ്യമായത് പോലെ തന്നെ, ഒന്നിലധികം ആരാധ്യൻ ഉണ്ടാവലും അസാധ്യമാണ്. അല്ലാഹു പറയുന്നു:

﴿ لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا ۚ فَسُبْحَـٰنَ ٱللَّهِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ﴿٢٢﴾ ﴾ (الأنبياء:٢٢).

"ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നു വെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസന ത്തിൻെറ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെ ല്ലാം എത്ര പരിശുദ്ധനാകുന്നു" (അൻബിയാ: 22)

ഇസ്‌ലാം എന്ന കെട്ടിടത്തിൽ ഏറ്റവും മഹത്തരമായിട്ടുള്ളത് ദൈവി കത അല്ലാഹുവിന് മാത്രം അംഗീകരിച്ച് കൊടുക്കുക എന്നതാണ്. കാരണം അവനാണ് പൂർണതയിലും, മഹത്വത്തിലും, ഭംഗിയിലും, എ ല്ലാ രൂപത്തിലും നിരുപാധികം ഏകനാണെന്ന വിശേഷണം ഉള്ളവ നുമായിട്ടുള്ള ഏകൻ. അല്ലാഹു പറയുന്നു:

﴿ قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾ ٱللَّهُ ٱلصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾ ﴾ (الإخلاص:١-٤).

"(നബിയെ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർ ക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്നു തുല്യനായി ആരും ഇല്ല താനും" (ഇഖ്‌ലാസ്: 1-4)

അല്ലാഹു പയുന്നു:

﴿ وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَلَمْ يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًۢا ﴿١١١﴾ ﴾ (الإسراء:١١١).

"സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും, ആധിപത്യത്തിൽ പങ്കാളിയില്ലാ ത്തവനും, നിന്ദ്യതയിൽ നിന്ന് രക്ഷിക്കുവാൻ ഒരു രക്ഷകൻ ആവശ്യ മില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി, എന്ന് നീ പറയുകയും അ വനെ ശരിയാംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക"(ഇസ്രാഅ്: 111)

ഇസ്‌ലാമിലെ പരമപ്രധാനമായ കാര്യമാണ് ആരാധനകൊണ്ട് അല്ലാഹുവിനെ ഏകത്വപ്പെടുത്തുകയെന്നതും, അവനെ കൂടാതെയുള്ള

മുഴുവന്‍ ആരാധ്യരെയും ഉപേക്ഷിക്കുകയെന്നതും.അല്ലാഹു പറയുന്നു:

﴿ وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ ٱلۡقَيِّمَةِ ۝٥ ﴾ (البيّنة:٥)

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്‌കരായ നിലയില്‍ അവനെ ആരാധിക്കുവാനും, നമസ്‌കാരം നിലനിര്‍ത്തുവാനും, സകാത്ത് നല്‍കുവാനും അല്ലാതെ അവരോട് കല്‍പിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം" (ബയ്യിന: 5) പ്രവാചകന്‍ ﷺ പറയുന്നു:

«أمرت أن أقاتل النّاس حتّى يشهدوا أن لا إلــه إلاّ الله وأنّ محمّـــداً رسول الله، ويقيموا الصّلاة، ويؤتوا الزّكاة. فإذا فعلوا ذلك عصموا منّي دماءهم وأموالهم إلاّ بحقّ الإسلام وحسابهم على الله» (١).

"അല്ലാഹുവല്ലാതെ ആരാധ്യനില്ലന്നും, മുഹമ്മദ് നബി ﷺ അല്ലാഹുവിന്‍റെ പ്രവാചകനാണെന്നും സാക്ഷ്യപ്പെടുത്തുന്നത് വരെയും, നമസ്‌കാരം നിലനിര്‍ത്തുകയും, സകാത്ത് നല്‍കുകയും, നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നത്‌വരെ ജനങ്ങളോട് യുദ്ധം ചെയ്യുവാന്‍ ഞാന്‍ കല്‍പിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെയവരത് ചെയ്താല്‍ അവരുടെ ധനവും, രക്തവും എന്നില്‍ നിന്ന് സുരക്ഷിതമായി. ഇസ്‌ലാം അനുവദിച്ച മാര്‍ഗ്ഗത്തിലല്ലാതെ അതനുവദനീയമാകുകയില്ല, അവരുടെ വിധി നടപ്പിലാക്കുന്നത് അല്ലാഹുവാകുന്നു"

2- അല്ലാഹുവിന്‍റെ അവകാശവും, സൃഷ്ടികളുടെ അവകാശവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാന്‍ സാധിക്കുന്നു. എല്ലാവര്‍ക്കും അവരുടെ അവകാശങ്ങള്‍ വകവെച്ച് കൊടുക്കുക. ജീവിതം ഈ നീതിയിലധിഷ്ഠിതമായ യാഥാര്‍ത്ഥ്യം കൊണ്ടല്ലാതെ ശരിയാവുകയോ, അടിമ അല്ലാഹുവിന്‍റെ ശിക്ഷയില്‍ നിന്ന് രക്ഷപ്പെടുകയോ ചെയ്യില്ല.

അല്ലാഹുവിന്‍റെ അവകാശത്തില്‍ പെട്ടതാണ് അവനെ കൂടാതെ ആരെയും ആരാധിക്കാതെ അവനെ മാത്രം ആരാധനയില്‍ ഏകത്വപ്പെടുത്തുക എന്നത്. എന്നാല്‍ അടിമയുടെ ഭാധ്യത അവന്‍റെ സൃഷ്ടാവും, രക്ഷിതാവുമായിട്ടുള്ളവനെ അനുസരിക്കുകയും, അവന് കീഴ്‌പ്പെടുകയും ചെയ്യുകയും, അവനെ കൂടാതെയുള്ള എല്ലാ

(١) رواه البخاري في صحيحه –مع الفتح-: ٧٥/١، برقم (٢٥)، ومسلم: ٥٣/١، برقم (٢٢).

ആരാധ്യരിലും അവിശ്വസിക്കുകയും, ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക എന്നത്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِي خَلَقَكُمۡ وَٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ۝٢١ ﴾ (البقرة:٢١).

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച്ജീവി)ക്കുവാൻ വേണ്ടിയത്രേ അത്" (അൽബഖറ: 21) മുആദ്ﷺ വിൽ നിന്ന് പ്രവാചകൻﷺ പറഞ്ഞു:

قال رسول الله:«يا معاذ، أتدري ما حقّ الله على عباده وما حقّ العباد على الله؟ قلت: الله ورسوله أعلم. قال: فإنّ حقّ الله على العباد أن يعبدوه ولا يشركوا به شيئاً، وحقّ العباد على الله أن لا يعذّب من لا يشرك به شيئاً»(١)

നബി(സ) പറഞ്ഞു: "അടിമകളുടെ മേൽ അല്ലാഹുവിനുള്ള അവകാശവും, അല്ലഹുവിൻെറ മേൽ അടിമകൾക്കുള്ള അവകാശവും എന്താണെന്ന് നിനക്കറിയുമോ മുആദെ? ഞാൻ പറഞ്ഞു അല്ലാഹുവിന്നും അവൻെറ പ്രവാചകന്നുമറിയാം. നബി(ﷺ) പറഞ്ഞു: "അടിമകളുടെ മേൽ അല്ലാഹുവിനുള്ള അവകാശം അവനെ മാത്രം ആരാധിക്കുക, അവനിൽ ആരെയും പങ്ക് ചേർക്കാതിരിക്കുക എന്നതും, അല്ലഹുവിൻെറ മേൽ അടിമകൾക്കുള്ള അവകാശം ശിർക്ക് ചെയ്യാത്തവരെ ശിക്ഷിക്കാതിരിക്കുക എന്നതുമാകുന്നു"

3- അടിമ തൻെറ ഉദ്ദേശത്തിൻെറയും, ആവശ്യപ്പെടുന്നതിൻെറയും കേന്ദ്രം ഏകത്വപ്പെടുത്തുക, കാരണം അടിമ തീർച്ചയായും ഉദ്ദേശമുള്ളവനും, ആവശ്യങ്ങളുള്ളവനുമാണ്, അതോടൊപ്പം തന്നെ തനിക്ക് ഉപകാരപ്രദമായ നന്മ ലഭിക്കുവാനോ, തനിക്ക് ഉപദ്രവമുണ്ടാവുന്ന തിന്മയെ തടുക്കുവാനോ കഴിവുള്ള ഒരുവനും അവന് ആവശ്യമായി വരുന്നു.

---

(١) رواه البخاري في صحيحه—مع الفتح-:٥٨/٦، برقم(٢٨٥٦)، ومسلم:٥٨/١، برقم(٣٠).

അടിമയുടെ ആവശ്യം ചോദിക്കേണ്ടതും, അവൻെറ ഉദ്ദേശവും അല്ലാഹു മാത്രമായിരിക്കേണ്ടതുണ്ട്, കാരണം അവൻ മാത്രമാണ് സർവ്വ വസ്തുക്കളുടെയും ഉടമസ്ഥനും, എല്ലാത്തിനും കഴിവുള്ളവനും. അവനാണ് നന്മ ലഭിക്കുവാനും, തിന്മയെ തടുക്കുവാനും സഹായിക്കുന്നത്, അവൻെറ മശീഅത്തിലും, സൃഷ്ടിപ്പും കൂടാതെ യാതൊന്നും തന്നെയില്ല.

അല്ലാഹുവല്ലാത്തവരിലേക്കുള്ള ആവശ്യതേട്ടങ്ങളും, ഉദ്ദേശവും നിരർത്ഥകമാണ്, കാരണം ആരിലേക്കാണോ ആവശ്യം ഉന്നയിക്കുന്നത് അവൻ ഒരു സൃഷ്ടാവിൻെറ സൃഷ്ടിയാണ്, മാത്രവുമല്ല സ്വന്ത ത്തിന് തന്നെ യാതൊന്നും ചെയ്യുവാൻ അവന് സാധ്യമല്ല പിന്നെയെ ങ്ങിനെ മറ്റുള്ളവരുടെ ആവശ്യം നിറവേറ്റപ്പെടും.

അത്കൊണ്ട് തന്നെ അല്ലാഹുവല്ലാത്തവരിലേക്കുള്ള ആവശ്യതേട്ടവും, ഉദ്ദേശവും ആവശ്യപ്പെടുന്നവന് തന്നെ ഉപദ്രവമേൽക്കുന്നതും, അവൻെറ പ്രതീക്ഷക്ക് ഭംഗം വരുത്തുന്നതുമാണ്. അല്ലാഹു പറയുന്നു:

﴿ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾ إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَـٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾ ﴾ (فاطر:١٣-١٤).

"അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷംഅവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽ പിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതാണ്. സൂക്ഷ്മജ്ഞാന മുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ഫാത്വിർ:14) അല്ലാഹു വീണ്ടും പറയുന്നു:

﴿ يَدْعُوا۟ مِن دُونِ ٱللَّهِ مَا لَا يَضُرُّهُۥ وَمَا لَا يَنفَعُهُۥ ۚ ذَٰلِكَ هُوَ ٱلضَّلَـٰلُ ٱلْبَعِيدُ ﴿١٢﴾ يَدْعُوا۟ لَمَن ضَرُّهُۥٓ أَقْرَبُ مِن نَّفْعِهِۦ ۚ لَبِئْسَ

ﭐلۡمَوۡلَىٰ وَلَبِئۡسَ ٱلۡعَشِيرُ ﴿١٣﴾ ﴾ (الحجّ:١٢-١٣).

“അല്ലാഹുവിന് പുറമെ അവന്ന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ച് പ്രാർത്ഥിക്കുന്നു. അത് തന്നെയാണ് വിദൂരമായ വഴികേട്. ഏതൊരുത്തനെ കൊണ്ടുള്ള ഉപദ്രവം അവനെ കൊണ്ടുള്ള ഉപകാരത്തേക്കാൾ അടുത്തു നിൽക്കുന്നുവോ അങ്ങനെ യുള്ളവനെത്തന്നെ അവൻ വിളിച്ച് പ്രാർത്ഥിക്കുന്നു. അവൻ എത്ര ചീത്ത സഹായി! എത്ര ചീത്ത കൂട്ടുകാരൻ!” (ഹജജ്:12-13)

എല്ലാ കാര്യങ്ങളുടെയും കലവറയും, ആകാശഭൂമികളുടെ അധികാരവും ആരുടെ കയ്യിലാണോ ആ യഥാർത്ഥ ആരാധ്യനിലേ ക്കായിരിക്കണം ഒരു അടിമ തൻെറ ആവശ്യതേട്ടവും ഉദ്ദേശവും സമ ർപ്പിക്കേണ്ടതെന്ന് ഇസ്‌ലാം നിർബ്ബന്ധിപ്പിക്കുകയും സ്ഥാപിക്കുക യും ചെയ്യുന്നു. യഥാർത്ഥ ആരാധ്യനല്ലാത്ത ആരിലേക്കുമുള്ള ഉദ്ദേശ വും നിരർത്ഥകമാണെന്നും, അതിൻെറ ഉത്തരവാദത്വം അവൻ തന്നെ ഏറ്റെടുക്കുകയും ചെയ്യേണ്ടി വരുമെന്ന് അവൻ വിധിക്കുകയും ചെയ്യുന്നു.

4- തന്നെപോലെയുള്ള ഒരു സൃഷ്ടിയായ അടിമയിൽ നിന്ന് ആരാധന മോചിപ്പിച്ച് അല്ലാഹുവിന് മാത്രമാക്കുക.

മനുഷ്യൻ ആന്തരികവും ബാഹ്യവുമായി പരിപൂർണമായി അല്ലാഹു വിൻെറ അടിമയായിരിക്കേണ്ടതുണ്ട്, ഇല്ലായെങ്കിൽ അവൻ അല്ലാഹു വല്ലാത്തവരുടെ അടിമയായിരിക്കും. അപ്പോൾ അവൻ ആരാധിക്കുന്ന ദൈവം അവൻെറ ഇഛയോ, ആഗ്രഹമോ, ധനമോ, അധികാരമോ, രാജാവോ, നേതാവോ, ഗോത്രമോ, ഭാര്യയോ, സന്താനങ്ങളോ, വിഗ്ര ഹമോ അതല്ലെങ്കിൽ അവനെ പോലെ മറ്റൊരു സൃഷ്ടിയോ ആയി രിക്കും. അപ്പോൾ അവൻെറ കാര്യങ്ങളെല്ലാം വ്യത്യസ്ഥ ആരാധ്യരിൽ വിന്യസിക്കേണ്ടിവരുകയും, അവന് സമാധാനവും ശാന്തിയും നൽ കുന്ന ഒരു ദൈവത്തിൻെറ അഭാവം ഉണ്ടാവുകയും ചെയ്യുന്നതാണ്. കാര്യങ്ങളെല്ലാം പര്യാവസാനിക്കുന്ന കേന്ദ്രമോ, സ്ഥിരത കൈവരു ത്തുന്ന ഘടകമോ ഉണ്ടായിരിക്കുകയുമില്ല. അതിനെപ്പറ്റി അല്ലാഹു പറയുന്നു:

﴿ وَمَن يُشۡرِكۡ بِٱللَّهِ فَكَأَنَّمَا خَرَّ مِنَ ٱلسَّمَآءِ فَتَخۡطَفُهُ ٱلطَّيۡرُ أَوۡ تَهۡوِي بِهِ ٱلرِّيحُ فِي مَكَانٖ سَحِيقٖ ﴿٣١﴾ ﴾ (الحجّ:٣١).

“അല്ലാഹുവോട് വല്ലവനും പങ്കു ചേർക്കുന്നപക്ഷം അവൻ ആകാശ ത്തു നിന്ന് വീണതുപോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചികൊണ്ട് പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥ ലത്തേക്ക് കൊണ്ടുപോയി തള്ളുന്നു” (ഹജജ്:31)

അല്ലാഹുവിനെ നിശ്കളങ്കമായി ഏകനാക്കിയ വിശ്വാസിയേയും, അവനിൽ പങ്ക്ചേർത്ത അവിശ്വാസിയേയും അല്ലാഹു ഉദാഹരിക്കുന്നത് ശ്രദ്ധിക്കുക: അല്ലാഹു പറയുന്നു:

﴿ضَرَبَ ٱللَّهُ مَثَلًا رَّجُلًا فِيهِ شُرَكَآءُ مُتَشَٰكِسُونَ وَرَجُلًا سَلَمًا لِّرَجُلٍ هَلْ يَسْتَوِيَانِ مَثَلًا ۚ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٩﴾﴾

(الزّمر: ٢٩).

“അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവൻെറ യജമാനന്മാർ. ഒരു യജമാനന് മാത്രം കീഴ്പ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തു കാണിച്ചിരക്കുന്നു) ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷെ, അവരിൽ അധികപേരും അറിയുന്നില്ല” (സുമർ: 29)

അല്ലാഹുവിനോട് കൂടെ പങ്ക്ചേർക്കപ്പെട്ട എല്ലാ പങ്കാളികളും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി പരസ്പരം തർക്കിക്കുന്നവരാകുന്നു. ഒരു കാര്യത്തിലും സ്ഥിരതയോ, ഒരു സ്ഥലത്തും അവരുടെ ഹൃദയം സമാധാനമടയുകയോ ചെയ്യുന്നതായി നിനക്ക് അവരിൽ കാണാനാവില്ല. എന്നാൽ തൻെറ രക്ഷിതാവിനെയും, സൃഷ്ടാവിനെയും, യഥാർത്ഥ ആരാധ്യനെയും മനസിലാക്കുകയും, തൻെറ മതത്തെ അവന് നിശ്കളങ്കമാക്കുകയും, ആരാധനമുഴുവനും അവന് മാത്രം സമർപ്പിക്കുകയും ചെയ്ത ഒരു മുവഹിദിന് സമ്പൂർണമായ വിശ്രമവും, പരിപൂർണ മന:സമാധാനവും ലഭിക്കുകയും ചെയ്യുന്നു.

5- മാനസിക ശുദ്ധീകരിക്കുവാനും, മാനസിക സംതൃപ്തിയും കൈവരുന്നതോടൊപ്പം തന്നെ പരിപൂർണ അനുഗ്രഹത്തിലേക്കും, ആസ്വാദനത്തിലേക്കും, സന്തോഷത്തിലേക്കുമത് എത്തിച്ചേർക്കുകയും ചെയ്യുന്നു.

ഇതിൻെറ വിശദീകരണം: മനുഷ്യനെന്ന യാഥാർത്ഥ്യം ഹൃദയവും ആത്മാവും ചേർന്നതാകുന്നു. അതിൻെറ നന്മ കുടികൊള്ളുന്നത് ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നതിലൂടെയാണ്, അവനെ സ്മരിക്കുന്നതിലൂടെയല്ലാതെ ഇഹലോകത്ത് മന:സമാധാനം ലഭിക്കുകയില്ല, അത്പോലെ അവനെ ആരാധിക്കുന്നതിലൂടെയല്ലാതെ ആസ്വാദനവും ലഭിക്കുകയില്ല. അല്ലാഹുവല്ലാത്തവരെ കൊണ്ട് ആസ്വാദനവും, സന്തോഷവും ലഭിച്ചുവെങ്കിൽ പോലും അത് നിത്യമായിരിക്കുകയില്ല എന്ന് മാത്രമല്ല അത് മുറിഞ്ഞ് പോകൽ അനിവാര്യവും, ഒരുപക്ഷേ, അവന് എന്തിൽനിന്നാണോ ആസ്വാദനവും സന്തോഷവും ലഭിച്ചത് അത് അവന് ഉപദ്രവവും ബുദ്ധിമുട്ടും ഉള്ളതായിരിക്കുവാനും സാധ്യതയുണ്ട്.

അല്ലാഹുവിലുള്ള വിശ്വാസവും, യാതൊരു പങ്കാളിയുമില്ലാത്ത അവനെ ആരാധിക്കുന്നതിലാണ് മനുഷ്യൻെറ ഭക്ഷണവും, ശക്തിയും, അവൻെറ നന്മയും, നിലനിൽപും കുടികൊള്ളുന്നത്, അതാണ് അവൻെറ സൗഭാഗ്യത്തിൻെറ അടിത്തറയും, പരലോകത്ത് നിത്യമായ ശാന്തിയിലേക്ക് നയിക്കുന്നതും അതാകുന്നു. അല്ലാഹു പറയുന്നു:

﴿ مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾ ﴾

(النحل:٩٧).

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർ ക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (നഹ്ൽ: 97) അല്ലാഹു പറയുന്നു:

﴿ إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أُو۟لَٰٓئِكَ هُمْ خَيْرُ ٱلْبَرِيَّةِ ﴿٧﴾ جَزَآؤُهُمْ عِندَ رَبِّهِمْ جَنَّٰتُ عَدْنٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ ذَٰلِكَ لِمَنْ خَشِىَ رَبَّهُۥ ﴿٨﴾ ﴾

(البينة:٧-٨).

"തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗ തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തൻെറ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്" (ബയ്യിന:7-8)

6- യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ശുദ്ധപ്രകൃതിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿ فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ ٱللَّهِ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٠﴾ ﴾ (الروم: ٣٠).

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിൻെറ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിറുത്തുക. അല്ലാഹു മനുഷ്യരെ ഏത് പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രേ അത് അല്ലാഹുവൻെറ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രേ വക്രതയില്ലാത്ത മതം. പക്ഷെ, മനുഷ്യരിൽ അധികപേരും മനസിലാക്കുന്നില്ല." (റൂം: 30)

യാതൊരു പങ്കാളിയുമില്ലാത്ത അല്ലാഹുവിനെ ആരാധിക്കുന്നതിലൂടെ മാത്രമേ നമസിന് ശാന്തിയും സമാധാനവും ലഭിക്കുകയുള്ളൂ, കാരണം അത് മനുഷ്യൻെറ ശുദ്ധപ്രകൃതിക്ക് യോജിച്ചതാണ്. തൻെറ എല്ലാ പ്രശ്നങ്ങളിലും തൻെറ പ്രകൃതിക്കനുയോജ്യമായത് കൊണ്ട് മാത്രമേ മനുഷ്യന് സമാധാനം യാഥാർത്ഥ്യമാവുകയുള്ളൂ. അത്കൊണ്ട് തന്നെയാണ് അല്ലാഹുവിനുള്ള ആരാധന പ്രകൃതിക്കനുയോജ്യവും, അത് കൊണ്ട് മനസിന് നിത്യ സംതൃപ്തിയും, മനഃസമാധാനവും ലഭിക്കുന്നത്. അതിന് പകരമായി യാതൊന്നും ലഭിക്കുകയില്ല. അത്കൊണ്ടാണ് മുസ്‌ലീങ്ങൾ തങ്ങളുടെ മതത്തിന് പകരമായി ഒന്നിനെയും സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്തത്, അതവരുടെ പ്രകൃതിക്ക് സമ്പൂർണമായി യോജിക്കുന്നു. എന്നാൽ അല്ലാഹുവിൽ പങ്ക് ചേർക്കുന്നവർ മാനസികാസ്വസ്ഥ തയിലും, പരിഭ്രാന്തിയിലുമാണ് കാരണം അവർ ആരാധിക്കുന്നത് അവരുടെ പ്രകൃതിക്ക് യോജിക്കാത്തതിനെയാണ്, എന്നാൽ അല്ലാഹു അവർക്ക് സന്മാർഗം നൽകിയാൽ അവർക്ക് നിത്യശാന്തി ലഭിക്കുകയും ചെയ്യുന്നു. അതല്ലാതെ അവരുടെ രക്ഷിതാവിനെ കണ്ട്മുട്ടുന്നത്വരെ അവരുടെ വഴികേടിലും, അസ്വസ്ഥതിയിലും തന്നെ ഉറച്ച് നിൽക്കുകയാണെങ്കിൽ അവരുടെ അവിശ്വാസത്തിനും, വഴികേടിനും അവർ വിചാരണ ചെയ്യപ്പെടുകതന്നെ ചെയ്യുന്നതാണ്. അല്ലാഹുവിനോട് നാം വിട്ട്വീഴ്ച ചോദിക്കുക.

## രണ്ട്: മലക്കുകളിലുള്ള വിശ്വാസം:

ഇസ്‌ലാം മലക്കുകളിൽ വിശ്വസിക്കൽ നിർബ്ബന്ധമാക്കിയിട്ടുണ്ട്. അല്ലാഹു അറിയിച്ച് തരികയും, ചില വിശേഷണങ്ങളാൽ പ്രത്യേകമാക്കുകയും ചെയ്ത് തന്നിട്ടുള്ള അല്ലാഹുവിൻെറ അദൃശ്യമായ സൃഷ്

ടികളാണവർ. അവരിൽ ചിലരുടെ പേരുകൾ അറിയിച്ച്തന്നു കൊണ്ട് അത് പ്രകാരം അവരിൽ വിശ്വസിക്കുവാൻ കൽപിക്കുകയും ചെയ്യുന്നു. വിശ്വാസകാര്യങ്ങളിലെ രണ്ടാമത്തെ കാര്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിശ്വാസം കൂടാതെ ഒരാളുടെ വിശ്വാസം പൂർത്തിയാവില്ല.

വിശ്വാസ കാര്യങ്ങളിലെ ഈ ഘടകത്തിലൂടെയുള്ള ഇസ്ലാമിക നന്മകളെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. വിശ്വാസ കാര്യങ്ങളിലെ ഈ മഹത്തായ ഘടകത്തിൻെറ ചില നന്മകൾ താഴെ കൊടുക്കുന്നു. അല്ലാഹുവിനോട് തൗഫീഖ് ചോദിക്കട്ടെ:

1- അല്ലാഹുവും, അവൻെറ പ്രവാചകനും അറിയിച്ച് തന്നത് പോലെ മലക്കുകളിൽ വിശ്വസിക്കുകയാണെങ്കിൽ അവന് ഉന്നതനായ സൃഷ്ടാവിൻെറ മഹത്വം മനസിലാക്കാനാവും. ചില മലക്കുകളുടെ സൃഷ്ടിപ്പ് ഭയാനകവും ഭീമാകാരവുമാണ്. പ്രവാചകൻ പറയുന്നു:

قال رسول الله ﷺ: «أُذن لي أن أحدّث عن ملك من ملائكة الله من حملة العرش، إنّ ما بين شحمة أذنه إلى عاتقه مسيرة سبعمائة عام» (١).

“സിംഹാസനം വഹിക്കുന്ന മലക്കുളിൽ പെട്ട ഒരു മലക്കിനെ സംബന്ധിച്ച് സംസാരിക്കുവാൻ എനിക്ക് അനുവാദം നൽകുകയുണ്ടായി, തീർച്ചയായും അതിൻെറ ചെവിക്കുറ്റിമുതൽ തോൾ വരെയുള്ളതിൻെറ ദൂരം എഴുനൂറ് വർഷത്തെ യാത്രാ ദൂരമാകുന്നു”

വേറെ ഒരുഹദീസിൽ നമുക്ക് ഇങ്ങനെ കാണാം പ്രവാചകൻ(സ) പറയുകയാണ്.

«أنّ رسول الله –ﷺ– رأى جبريل –عليه السّلام– في صورته التي خلق عليها له ستمائة جناح قد سدّ الأفق» (٢).

“പ്രവാചകൻ ജിബ്രീൽ(അ)നെ സൃഷ്ടിച്ച യഥാർത്ഥ രൂപത്തിൽ കാണുകയുണ്ടായി, അദ്ദേഹത്തിന് അറുനൂറ് ചിറകുകളുണ്ട്, അത് ചക്രവാളങ്ങളെ വലയം ചെയ്തിരിക്കുന്നു”

2- അല്ലാഹു അറിയിച്ച് തന്നത്പോലെ മലക്കുകളിൽ വിശ്വസിക്കുകയാണെങ്കിൽ അത് അവരോടുള്ള സ്നേഹത്തിലേക്ക് വഴിവെക്കുന്നതാണ്. അല്ലാഹുവിൻെറ കൽപനകൾ സൃഷ്ടികളിലേക്ക് എത്തിക്കുന്നവരാണവർ. അവർ അല്ലാഹുവിൻെറ പ്രവാചകന്മാർക്ക് ദിവ്യസന്ദേശം എത്തിക്കുന്നു. അത്പോലെ അല്ലാഹുവിൻെറ കൽപനകൾ ഏൽ

---

(١) رواه أبو داود في سننه: ٩٦/٥، برقم (٤٧٢٧)، وإسناده صحيح.

(٢) رواه البخاري في صحيحه –مع الفتح–: ٣١٣/٦، برقم (٣٢٣٢) و(٣٢٣٤).

പിക്കപ്പെട്ടവരുമാണ്, ഉദാഹരണമായി മഴ വർഷിപ്പിക്കുക, കാറ്റടിപ്പിക്കുക, മാതാവിൻെറ ഗർഭാശയത്തിലുള്ള കുഞ്ഞിൻെറ കാര്യങ്ങൾ നോക്കുക, അല്ലാഹുവിൻെറ അടിമകളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക, മരണ സമയത്ത് ആത്മാവുകളെ പിടിക്കുക, ആത്മാവ് ഊതുക, അവരുടെ കാര്യങ്ങൾ നിയന്ത്രിക്കുക പോലെയുള്ള ഒരുപാട് പ്രവർത്തനങ്ങൾ അവർ ചെയ്യുന്നു.

3- വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന രൂപത്തിൽ മലക്കുകളിൽ വിശ്വസിക്കുകയാണെങ്കിൽ മലക്കുകളുടെ യാഥാർത്ഥ്യം മനസിലാക്കുവാൻ ഒരാൾക്ക് സാധിക്കുന്നതോടൊപ്പം തന്നെ അവർ അല്ലാഹുവിൻെറ നിയന്ത്രണങ്ങൾക്ക് വിധേയവും, അവൻെറ അടിമകളും, സൃഷ്ടികളുമാണെന്നും മനസിലാക്കാൻ കഴിയുന്നതാണ്. മാത്രമല്ല, അവർ ആരാധനയുടെ യാതൊന്നും തന്നെ അവകാശപ്പെടുന്നില്ലായെന്നും അറിയുവാൻ സാധിക്കുന്നു. ആദം സന്തതികളിൽപെട്ട അധിക പേരും അകപ്പെട്ടിട്ടുള്ള ശിർക്കിൽ നിന്ന് ഒരു മുസ്‌ലിമിന് അങ്ങിനെ രക്ഷപ്പെടുവാൻ സാധിക്കുകയും ചെയ്യുന്നു.

4- അല്ലാഹുവിനെ ആരാധിക്കുകയും, അവൻെറ പ്രീതി കാംഷിക്കുകയും ചെയ്യുക എന്ന പ്രധാനവും മഹത്തരവമായ ലക്ഷ്യത്തിൽ ഈ മാന്യന്മാരായ സൃഷ്ടികളും പങ്കാളികളാണല്ലോയെന്ന് ബോധ്യപ്പെടുന്നതിലൂടെ ഒരു മുസ്‌ലിമിന് സാമാധാനം ലഭിക്കുന്നു. അല്ലാഹുവിൽ അവിശ്വസിക്കുകും അവനിൽ പങ്ക് ചേർക്കുകയും, അവനോടും സത്യവിശ്വാസികളോടും ശത്രുത വെക്കുകയും ചെയ്യുന്ന പിശാചുക്കളിൽ നിന്ന് മുസ്‌ലീങ്ങൾക്ക് ഉണ്ടാകുന്ന ശല്യങ്ങളിൽ നിന്ന് രക്ഷയും ഇതുമുഖേന ലഭിക്കുന്നു.

ഈ രണ്ട് വിഭാഗവും (മലക്കുകളും, പിശാചുക്കളും) നമുക്ക് കാണുവാൻ കഴിയാത്ത സൃഷ്ടികളാണ്, എന്നാൽ അവർ നമുക്ക് ചുറ്റും നമുക്ക് കാണാൻ കഴിയാത്ത രൂപത്തിൽ നമ്മെ കണ്ട്കൊണ്ടിരി ക്കുന്നു.

## മൂന്ന്: വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം:

ജനങ്ങളെ നേർമാർഗത്തിലാക്കുവാനും, സന്മാർഗികളാക്കുവാനും വേണ്ടി അല്ലാഹു അവൻെറ ചില പ്രവാചകന്മാർക്ക് ഗ്രന്ഥങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശ്വസിക്കുക. അതിൽപെട്ടതാണ് തൗറാത്ത്, ഇഞ്ചീൽ, അവസാനത്തെ ഗ്രന്ഥമായ വിശുദ്ധഖുർആൻ എന്നിവ.

വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിൻെറ നന്മകൾ:

1- മുഴുവന്‍ വേദഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം മുഖേന മുസ്‌ലീങ്ങള്‍ക്ക് ദൈവിക വേദഗ്രന്ഥങ്ങളുമായി ബന്ധം ലഭിക്കുന്നു. അത് മുഴുവനും അല്ലാഹുവില്‍ നിന്നുള്ള യാഥാര്‍ത്ഥ്യമാണ്. വിശ്വാസികളായ പൗരാണികരും, അവരോട് ചേര്‍ന്നവര്‍ മുഴുവനും ലോക രക്ഷിതാവാ യ അല്ലാഹുവിന്‍െറ ഒരേയൊരു മാര്‍ഗം കൊണ്ട് സന്മാര്‍ഗികളാണ്.

2- അല്ലാഹുവില്‍ നിന്ന് അവതരിച്ചിട്ടുള്ള ദൈവിക ഗ്രന്ഥങ്ങള്‍ മുഴുവനും ഒന്നാണെന്ന് ദൈവിക ഗ്രന്ഥങ്ങളിലുള്ള വിശ്വാസം കൊണ്ട് മനസിലാക്കാനാവുന്നു. അത്പോലെ ദൈവിക ഗ്രന്ഥങ്ങള്‍ മുഴുവനും ആവശ്യപ്പെടുന്നത് ഒന്നാണെന്നും, പൗരാണികര്‍ക്കിടയിലും, ആധുനികര്‍ക്കിടയിലും യാതൊരു വ്യത്യാസവുമില്ലെന്നും മനസിലാക്കാനാവും. അല്ലാഹു പറയുന്നു:

﴿ إِنَّ هَٰذِهِۦٓ أُمَّتُكُمۡ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمۡ فَٱعۡبُدُونِ ﴿٩٢﴾ ﴾

(الأنبياء:٩٢).

“(മനുഷ്യരെ,) തീര്‍ച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏക സമുദായം. ഞാന്‍ നിങ്ങളുടെ രക്ഷിതാവും. അതിനാല്‍ നിങ്ങള്‍ എന്നെ ആരാധിക്കുവീന്‍” (അന്‍ബിയാ: 92)

3- അല്ലാഹുവിന്‍െറ വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം കൊണ്ട് അല്ലാഹുവിന് തന്‍െറ അടിമകളോടുള്ള കാരുണ്യത്തിന്‍െറ മഹത്വവും, പരിഗണനയും വ്യക്തമാകുന്നു. ആകാശത്ത് നിന്ന് അവരുടെ മേല്‍ വായിക്കുവാനും, ഇരുലോ നന്മക്കുപയുക്തമായ സന്മാര്‍ഗം ലഭിക്കുവാനും വേണ്ടി വേദഗ്രന്ഥങ്ങള്‍ അവതരിപ്പിച്ചിരിക്കുന്നു.

4- അല്ലാഹുവിന്‍െറ കലാമായ വിശുദ്ധഖുര്‍ആനിലുള്ള വിശ്വാസം കൊണ്ട് അവന്‍െറ മഹത്വവും ഉന്നതിയും മനസിലാക്കുവാന്‍ കഴിയുന്നു. കാരണം അത് അവന്‍െറ വിശേഷണങ്ങളില്‍ പെട്ട ഒരു വിശേഷണവും, അവന്‍െറ കലാമില്‍ പെട്ട ഒരു കലാമുമാകുന്നു. ഇതിലൂടെ അവനെ പരിശുദ്ധപ്പെടുത്തുവാനും, മഹത്വപ്പെടുത്തുവാനും, അവന്‍െറ കല്‍പനകള്‍ക്ക് കീഴ്പ്പെടുവാനും, അവന്‍െറ വിരോധങ്ങളില്‍ നിന്ന് വിട്ട്നില്‍ക്കുവാനും, അവന്‍െറ സന്മാര്‍ഗം കൊണ്ട് സന്മാര്‍ഗിയാവാനും സാധ്യമാകുന്നു.

5- തീര്‍ച്ചയായും വിശുദ്ധഖുര്‍ആന്‍ സംരക്ഷിക്കപ്പെട്ട ഒരു വേദഗ്രന്ഥമാണ്, അതില്‍ അയാഥാര്‍ത്ഥ്യമായത് ഒന്നും തന്നെ വരികയില്ല. ഈ കാര്യം വിശ്വസിച്ച ഒരു മനസിന് സുസ്ഥിരതയും, അല്ലാഹുവിന്‍െറ വാഗ്ദാനത്തില്‍ ഉറപ്പും ലഭിക്കുന്നു. അതില്‍ ഒരു മനസിനും ചാഞ്ചല്യ മോ, അസ്വസ്ഥതയോ അനുഭവിക്കേണ്ടതില്ല. അത്പോലെ അല്ലാഹു വിന്‍െറ വാഗ്ദാനത്തിലും, ഉദ്ദേശത്തിലും യാതൊരു സംശയവും ആര്‍ക്കും തന്നെ ഉണ്ടാവുകയില്ല.

6- വിശുദ്ധ ഖുർആൻ അവസാന വേദഗ്രന്ഥമാണ്. പ്രവാചകൻ മുഹമ്മദ്(സ)ക്കുള്ള ഒരു വലിയ അമാനുഷിക ദൃഷ്ടാന്തവും ഖുർആൻ തന്നെ. ഭൂമിയെ അല്ലാഹു അവശേഷിപ്പിന്നക്കുന്നത് വരേക്കുമുള്ള എല്ലാവർക്കുമുള്ള നിത്യമായ തെളിവുമാണ് വിശുദ്ധഖുർആൻ.

7- തീർച്ചയായും വിശുദ്ധഖുർആനും, അതോടൊപ്പമുള്ള പ്രവാചക ചര്യയുമാണ് മുഴുവൻ മുസ്ലീങ്ങളുടെയും ചെറുതും വലുതുമായ സകല പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ലഭിക്കേണ്ട അവലംബം. വിശുദ്ധഖുർആനും തിരുസുന്നത്തും മുറുകെ പിടിക്കുന്ന കാലത്തോളം ചൊവ്വായ മാർഗത്തിൽ നിന്ന് വ്യതി ചലിക്കുകയോ, ഊഹങ്ങൾ കൊണ്ട് വ്യതിയാനം സംഭവിക്കുകയോ, ആഗ്രങ്ങൾ വഴി തെറ്റിക്കുകയോ, ഇഛകൾക്ക് കീഴ്പ്പെട്ട്കൊണ്ട് വഴിമാറേണ്ടി വരുകയോ ചെയ്യേണ്ടി വരികയില്ല.

# നാല്: പ്രവാചകന്മാരിലുള്ള വിശ്വാസം.

അല്ലാഹുവിൻെറ മുഴുവൻ പ്രവാചകന്മാരിലും, ദൂതന്മാരിലുമുള്ള വിശ്വാസം: അല്ലാഹുവിൻെറ കൽപനപ്രകാരം അവൻെറ സന്മാർഗത്തിലേക്കും, മതത്തിലേക്കും ജനങ്ങളെ ക്ഷണിക്കുവാൻ വേണ്ടി മനുഷ്യരിൽ നിന്നുള്ള പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചിരിക്കുന്നു, അവർ മനുഷ്യരിൽ ഉത്തമരും, പൂർണ സന്മാർഗികളും, സദ്വൃത്തരും, വാക്കുകളിലും, പ്രവർത്തനങ്ങളിലും സന്തുലത പുലർത്തുന്നവരുമാണ്. സകല നന്മകളിലേക്കും നയിക്കുന്ന നേതാക്കന്മാരും, സമ്പൂർണ വിജയത്തിലേക്കെത്തിക്കുന്ന നായകന്മാരുമാണവർ. അല്ലാഹു കൽപിച്ച പ്രകാരം അവരിലുള്ള വിശ്വാസത്തിന് ഒരുപാട് നന്മകളുണ്ട്. അതിൽ പെട്ട ചിലത് താഴെ കൊടുക്കുന്നു.

1- അല്ലാഹുവിൻെറ മാർഗത്തിലെക്ക് ജനങ്ങളെ ക്ഷണിക്കുന്ന പ്രവാചകന്മാരെ അല്ലാഹു അയച്ചിട്ടുണ്ടെന്നതിലുള്ള വിശ്വാസം കൊണ്ട് മനസിലാക്കുവാൻ കഴിയുന്നത് അല്ലാഹുവിന് അവൻെറ അടിമകളോട് കാരുണ്യവും, പരിഗണനയും ഉണ്ടെന്നാണ്. കാരണം അല്ലാഹു അവരെ വൃഥാ സൃഷ്ടിച്ചതല്ല. അവരെ വെറുതെ വിടുകയുമില്ല, മറിച്ച് ഇഹലോകത്ത് ഉന്നതവും, മാന്യവുമായ ജീവിതം നയിക്കുവാനുതകുന്ന മാർഗങ്ങളെ യാഥാർത്ഥ്യമാക്കുവാനും, പരലോകത്ത് നിത്യമായ സൗഭാഗ്യം യാഥാർത്ഥ്യമാക്കുവാനുമാണ് അവരെ സൃഷ്ടിച്ചിരിക്കുന്നത്. ഇത് ജനങ്ങൾക്ക് എത്തിച്ച്കൊടുക്കുവാനാണ് പ്രവാചകന്മാരെ അവരിലേക്ക് നിയോഗിച്ചിട്ടുള്ളത്.

2- മനുഷ്യരിൽ ഉന്നതരും, ശ്രേഷ്ടരും, പരിപൂർണരുമായവരെയാണ് പ്രവാചകന്മാരായി തിരെഞ്ഞെടുത്തിട്ടുള്ളത് എന്ന കാര്യം സൂചിപ്പിക്കു

ന്നത് അല്ലാഹുവിന് തൻെറ സൃഷ്ടികളോടുള്ള മഹത്തായ കാരുണ്യത്തെയും, പരിഗണനനയേയുമാണ്. തിന്മകളിൽ നിന്ന് വിട്ട് നിൽക്കുവാനും, നന്മയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന പ്രബോധകന്മാരായി ജനങ്ങളിൽ നിന്ന് ഉന്നതരും, മാന്യന്മാരും ശ്രേഷ്ടരുമായവരെ പ്രവാചകന്മാരായി തിരഞ്ഞെടുത്തത് അല്ലാഹു ആദം സന്തതികൾക്ക് നൽകിയ ആദരവാണ് സൂചിപ്പിക്കുന്നത്.

3- ആദം(അ) മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ്(സ) വരെയുള്ള മുഴുവൻ പ്രവാചകന്മാരിലൂടെയും അല്ലാഹു തൻെറ അടിമകൾക്ക് വേണ്ടി അവതരിപ്പിച്ചിട്ടുള്ള സന്മാർഗം ഒന്ന് തന്നെയാണ് എന്നാണ്സകല പ്രവാചകന്മാരിലുള്ള വിശ്വാസം സൂചിപ്പിക്കുന്നത്. മുൻഗാമികളായ പ്രവാചകന്മാരും അവരോട് ചേർന്നവരും യാതൊരു മാർഗഭ്രംശവുമില്ലാത്ത, പിഴവുമില്ലാത്ത നേർമാർഗത്തിലും, ഒരേ പാതയിലുമായിരുന്നു.

4- സകല പ്രവാചകന്മാരിലുള്ള വിശ്വാസം കൊണ്ട് അവർ അഭിമുഖീകരിച്ച പരീക്ഷണങ്ങളും, ത്യാഗങ്ങളും മനസിലാക്കി പാഠം ഉൾകൊണ്ട് സന്മാർഗം പ്രാപിക്കുവാനും, പ്രവാചകന്മാരെ പിൻപറ്റുവാനും ഉള്ള സാഹചര്യങ്ങൾ വിശാലമാക്കുന്നു. ഇവയെല്ലാം ഒരു മുസ്‌ലിമിന് പു തിയ ചക്രവാളം തന്നെ തുറന്ന് കൊടുക്കുകയും, നീതിയിലധിഷ്ടിത മായി പരസ്പരം പെരുമാറുവാനുള്ള അവസരങ്ങൾ വിശാലമാക്കി കൊടുക്കുകയും ചെയ്യുന്നു. അത്പോലെ തന്നെ ഒരു മുസ്‌ലിമിന് ഉത്തമമായ മാതൃകയും, അനുകരണീയവുമായത് കണ്ടെത്തുവാനും കഴിയുന്നു.

5- പ്രവാചകന്മാരെല്ലാം തന്നെ നിയോഗിതരായത് ഇസ്‌ലാമെന്ന ഒരേ ഒരു മതത്തിലേക്ക് പ്രബോധനം നടത്തുവാൻ വേണ്ടിയാണ്. അതിൽ പൗരാണികർക്കിടയിലും ആധുനികർക്കിടയിലും വ്യത്യാസമില്ല. അവർ മുഴുവനും മനുഷ്യ സമൂഹത്തെ ഒരു കെട്ടിടത്തേപോലെ ഒരേ ലക്ഷ്യത്തിലേക്ക്, ഒന്നായി ഒരുമിച്ച് കൂട്ടിയവരായിരുന്നു. ഈ യാഥാർത്ഥ്യം ഒരു മുസ്‌ലിമിന് താൻ നിലകൊള്ളുന്നത് യഥാർത്ഥ സത്യത്തിലാണെന്ന് ഉറച്ച് വിശ്വസിക്കുവാൻ കഴിയുന്നു. അതായത് വ്യത്യസ്ഥ കാലങ്ങളിലും, സന്ദർഭങ്ങളിലും വന്ന വ്യത്യസ്ഥ പ്രവാചകന്മാർ ഒരേ ഒരു ലക്ഷ്യത്തിലേക്കും, ഒരേ ഒരു ചര്യയിലേക്കും ആയിരുന്നു ജനങ്ങളെ വഴി നടത്തിയിരുന്നതെന്ന് സ്ഥിരീകരിക്കുന്നു. എന്നാൽ ഇതിന് വിപരീതമായി വഴികേടിൻെറയും, അധർമ്മത്തിൻെറയും, ശിർക്കിൻെറയും, നിരീശ്വര വാദത്തിൻെറയും ആളുകൾ അനൈക്യത്തിലും, ഒരുപാട് ദൈവങ്ങളിൽ അഭയം തേടിയവരും, വഴികേടിൻെറ വ്യത്യസ്ഥ വഴികളിലും, മാർഗങ്ങളിലും പ്രവേശിച്ചവരുമാകുന്നു. ഇതെല്ലാം ഉണർത്തു ന്നത് അവർ സന്മാർഗത്തെ അവലംബിക്കുകയോ, അവർക്ക് നേരാ യ മാർഗമേതാണെന്ന് മനസിലായിട്ടില്ലായെന്നാണ്. തങ്ങളുടെ മനസി ലേക്ക് സ്വന്തം ഇഛയും, അത്പോലെ പിശാചും

തോന്നിപ്പിച്ച് കൊടു ക്കുന്ന വൈവിധ്യമാർന്ന ദേഹേഛകളും, വ്യത്യസ്ഥങ്ങളായ ആഗ്രഹ ങ്ങളുമാണ് അവരെ നയിക്കുന്നത്.

6- മൊത്തത്തിൽ പ്രവാചകന്മാരിലുള്ള വിശ്വാസത്തിൽ അവരിൽ അന്ത്യപ്രവാചകനായ നമ്മുടെ പ്രവാചകൻ മുഹമ്മദ്(സ)യിലുള്ള വിശ്വാസം സാക്ഷ്യപ്പെടുത്തുന്നുണ്ട്. എല്ലാ പ്രവാചകന്മാരും മുഹമ്മദ്(സ)യുടെ ആഗമനത്തെ സാക്ഷ്യപ്പെടുത്തിയിരുന്നു, ഇതിലേക്ക് സൂചന നൽകുകയും, വ്യക്തമാക്കുകയും ചെയ്തിരുന്ന പദങ്ങളും പ്രമാണങ്ങളും അവരുടെ ഗ്രന്ഥങ്ങളിൽ ധാരാളമുണ്ടായിരുന്നു, അത് ജൂത ക്രൈസ്തവർ അവരുടെ വേദഗ്രന്ഥങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെങ്കിലും ശരി ഇപ്പോഴും അങ്ങിനെയുള്ള കാര്യങ്ങൾ നമുക്കതിൽ കാണാവുന്നതാണ്. അത്പോലെ തന്നെ മുൻകഴിഞ്ഞ പ്രവാചകന്മാരുടെ രിസാലത്തിൻെറ ഉള്ളടക്കം അദ്ദേഹത്തിൻെറ (മുഹമ്മദ്(സ)യുടെ) രിസാലത്തിൻെറ ഉള്ളടക്കത്തെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എല്ലാവരും അല്ലാഹുവിൽ നിന്നാണെന്ന് ഇതെല്ലാം സ്ഥിരീകരിക്കുന്നുമുണ്ട്. മുൻകഴിഞ്ഞ പ്രവാചകന്മാർ മുഴുവനും ശേഷം വരുന്ന പ്രവാചകന്മാരെ കുറിച്ച് പ്രവചിച്ചിരുന്നു. ഇത് സാക്ഷീകരിക്കുന്നത് മുൻകഴിഞ്ഞ പ്രവാചകന്മാരെ പിൻപറ്റിക്കൊണ്ട് വഴിയെ വരുന്ന പ്രവാചന്മാരും സത്യത്തിലാണ് നിലകൊള്ളുന്നതെന്നാണ്.

7- നമ്മുടെ പ്രവാചകൻ മുഹമ്മദ്(സ)യിലൂടെ പ്രവാചകത്വം അവസാനിപ്പിച്ചതിൽ മഹത്തായ നന്മയും, ഉന്നതമായ തത്വവുമുണ്ട്. അതിൽ പെട്ടതാണ്: ജനങ്ങളുടെ ബുദ്ധികൊണ്ടും, മതംകൊണ്ടും, കളിക്കുവാ നും, അവരുടെ സമ്പത്തുക്കൾ കൊള്ളയടിക്കുവാനുമായി ദജ്ജാലുക ളും, പെരുംകള്ളന്മാരായ പ്രവാചകത്വം വാദിക്കുന്നവരുടെ മുഴുവൻ വഴികളും ഇത്മുഖേന അടച്ചിരിക്കുന്നു. നമ്മുടെ പ്രവാചകൻ മുഹ മ്മദ്(സ)ക്ക്ശേഷം ആര് തന്നെ പ്രവാചകത്വം വാദിച്ചാലും ശരി, അവ ൻെറ അവസ്ഥയിലേക്കോ, അവൻെറ വാക്കുകളിലേക്കോ നോക്കേ ണ്ട ഒരാവശ്യവുമില്ല, അവൻ അവിശ്വാസിയാണെന്ന് വിധിക്കേണ്ട താണ്. തീർച്ചയായും അവൻ തൻെറ പ്രഥമ വാദം കൊണ്ട് തന്നെ കള്ളവാദിയായി തീർന്നിരിക്കുന്നു. അധികമാളുകളെയും അവരുടെ മതത്തിൽ നിന്നും, നേരായ മാർഗത്തിൽ നിന്നും തെറ്റിച്ച് കളയുന്ന ഇങ്ങനെയുള്ള വാദത്തെ മുളയിൽ തന്നെ നുള്ളേണ്ടതാണ്.

## അഞ്ച്: അവസാന നാളിലുള്ള വിശ്വാസം:

അവസാന നാൾ: പ്രതിഫലം നൽകുവാനും, വിചാരണ ചെയ്യുവാനുമായി ജനങ്ങളെ ഒരുമിച്ച് കൂട്ടുന്ന ദിവസം, അവസാന നാൾ എന്ന് പേര് വരുവാൻ കാരണം അതിന് ശേഷം പിന്നെ ദിവസമില്ല.

അന്ന് സ്വർഗീയവാസികൾ അവരുടെ വീടുകളിലും, നരകീയവാസികൾ അവരുടെ വീടുകളിലും താമസിക്കുന്നതാണ്. അല്ലാഹു പറയുന്നു:

﴿ ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ ۚ لَيَجْمَعَنَّكُمْ إِلَىٰ يَوْمِ ٱلْقِيَـٰمَةِ لَا رَيْبَ فِيهِ ﴾

(النساء:٨٧)

"അല്ലാഹു- അവനല്ലാതെ ഒരു ദൈവവുമില്ല. ഉയിർത്തെഴുന്നേൽപിൻെറ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ച് കൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല" (നിസാഅ്:87)

ലോകരക്ഷിതാവിൻെറ കൽപനയാൽ രണ്ടാം പ്രാവശ്യം കാഹളത്തിൽ ഊതിയാൽ ജനങ്ങൾ മുഴുവനും നഗ്ന പാദകരായി, വസ്ത്രം ധരിക്കാതെ നഗ്നരായി, ചേലാകർമ്മം ചെയ്യാത്തവരായി അവസാന നാളിൽ അവരുടെ ഖബറിടങ്ങളിൽ നിന്നും പുറപ്പെടുന്നതാണ്. അല്ലാഹു പറയുന്നു:

﴿ يَوْمَ نَطْوِى ٱلسَّمَآءَ كَطَىِّ ٱلسِّجِلِّ لِلْكُتُبِ ۚ كَمَا بَدَأْنَآ أَوَّلَ خَلْقٍ نُّعِيدُهُۥ ۚ وَعْدًا عَلَيْنَآ ۚ إِنَّا كُنَّا فَـٰعِلِينَ ﴿١٠٤﴾ ﴾ (الأنبياء:١٠٤)

"ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടി ക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്" (അൻബിയാ:104) അല്ലാഹു പറയുന്നു:

﴿ ثُمَّ إِنَّكُم بَعْدَ ذَٰلِكَ لَمَيِّتُونَ ﴿١٥﴾ ثُمَّ إِنَّكُمْ يَوْمَ ٱلْقِيَـٰمَةِ تُبْعَثُونَ ﴿١٦﴾ ﴾ (المؤمنون:١٥-١٦)

"പിന്നീട് തീർച്ചയായും നിങ്ങൾ അതിനു ശേഷം മരിക്കുന്നവരാകുന്നു. പിന്നീട് ഉയിർത്തെഴുന്നേൽപിൻെറ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്" (അൽമുഅ്മിനൂൻ: 15-16)

പ്രവാചകൻ ﷺ പറയുന്നു:

وقال النبي ﷺ: «يحشر الناس يوم القيامة حفاة عراة غرلا»(١)

"ജനങ്ങൾ മുഴുവനും അവസാന നാളിൽ നഗ്ന പാദകരായി, ന

(١) رواه البخاري في صحيحه –مع الفتح-: ٣٧٧/١١-٣٧٨، برقم (٥٦٢٧)، ومسلم: ٢١٩٤/٤، برقم (٢٨٥٩)

ഗ്നരായി, ചേലാകർമ്മം ചെയ്യാത്തവരായി ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്"

ഇന്നെ ദിവസം അടിമകൾ തങ്ങളുടെ കർമ്മങ്ങൾക്ക് വിചാരണ ചെയ്യപ്പെടുന്നതും, പ്രതിഫലം നൽകപ്പെടുന്നതുമാണ്. വിശുദ്ധ ഖുർആനും, തിരുസുന്നത്തും, ഇജ്മാഉം ഇത് സ്ഥിരപ്പെടുത്തുന്നു.

അല്ലാഹു പറയുന്നു:

﴿ إِنَّ إِلَيۡنَآ إِيَابَهُمۡ ۝٢٥ ثُمَّ إِنَّ عَلَيۡنَا حِسَابَهُم ۝٢٦ ﴾ (الغاشية:٢٦)

"തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ" (ഗാശിയ: 25-26)

﴿ مَن جَآءَ بِٱلۡحَسَنَةِ فَلَهُۥ عَشۡرُ أَمۡثَالِهَاۖ وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجۡزَىٰٓ إِلَّا مِثۡلَهَا وَهُمۡ لَا يُظۡلَمُونَ ۝١٦٠ ﴾ (الأنعام:١٦٠)

"വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിൻെറ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മകൊണ്ടുവന്നാൽ അതിനു തുല്ല്യമായ പ്രതിഫലം മാത്രമേ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല" (അൻആം: 160)

﴿ وَنَضَعُ ٱلۡمَوَٰزِينَ ٱلۡقِسۡطَ لِيَوۡمِ ٱلۡقِيَٰمَةِ فَلَا تُظۡلَمُ نَفۡسٞ شَيۡـٔٗاۖ وَإِن كَانَ مِثۡقَالَ حَبَّةٖ مِّنۡ خَرۡدَلٍ أَتَيۡنَا بِهَاۗ وَكَفَىٰ بِنَا حَٰسِبِينَ ﴾

(الأنبياء:٤٧)

"ഉയിർത്തെഴുന്നേൽപിൻെറ നാളിൽ നീതിപൂർണമായ തുലാസ്സുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത്(കർമ്മം) ഒരു കടുകുമണിതൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ടുവരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി" (അൻബിയാ: 47)

അമ്പതിനായിരം വർഷങ്ങൾക്ക് തുല്യമായ ദിവസം ജനങ്ങൾ മുഴുവനും അവിടെ നിൽക്കുകയും, സൂര്യൻ സൃഷ്ടികളിലേക്ക് ഒരു മൈൽ അടുക്കുകയും ചെയ്യുന്നതാണ്. തങ്ങളുടെ കർമ്മങ്ങൾക്കനുസരിച്ച് ഓരോരുത്തരും വിയർപ്പിൽ മുങ്ങുന്നതാണ്, ചിലയാളുകൾ മുഴുവനായും, മറ്റുചിലർ ഊരവരെയും, ചിലർ മുട്ടുവരെയും, ചിലയാളുകൾ പാദങ്ങൾ വരെയും വിയർപ്പിൽ കുളിക്കുന്നു. മറ്റു ചിലർ അല്ലാഹുവിൻെറ സിംഹാസനത്തിൻെറ തണൽ കൊണ്ട് അനുഗ്രഹീതരായിരിക്കുകയും, നമ്മുടെ പ്രവാചകൻ മുഹമ്മദ്(സ)യുടെ ഹൗളിൽ നിന്ന് സ്വഛമായ തണുത്ത പാനീയം കുടിക്കുന്നതുമാണ്. അല്ലാഹുവി

ൻെറ അനുഗ്രഹം നാം ചോദിക്കുന്നു.

അന്നേ ദിവസം ഓരോ വ്യക്തിക്കും തങ്ങളുടെ കർമ്മങ്ങളുടെ ഏടുകൾ നൽകുന്നതാണ്. അല്ലാഹു ﷺ പറയുന്നു:

﴿ وَكُلَّ إِنسَـٰنٍ أَلْزَمْنَـٰهُ طَـٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَـٰمَةِ كِتَـٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾ ٱقْرَأْ كِتَـٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾ ﴾ (الإسراء:١٣-١٤)

"ഓരോ മനുഷ്യനും അവൻെറ ശകുനം അവൻെറ കഴുത്തിൽ തന്നെ നാം ബന്ധിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപിൻെറ നാളിൽ ഒരു ഗ്രന്ഥം നാമവന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിൻെറ ഗ്രന്ഥം വായിച്ചു നോക്കുക. നിന്നെ സംബന്ധിച്ചെടുത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി (എന്ന് അവനോട് അന്ന് പറയപ്പെടും)" (ഇസ്രാഅ്: 13-14)

ആ ദിവസം തൻെറ കർമ്മങ്ങളല്ലാതെ യാതൊന്നും തന്നെ ഉപകാരപ്പെടുകയില്ല, മാതാവോ, പിതാവോ, സഹോദരങ്ങളോ, മറ്റുള്ളവരോ ഒന്നും തന്നെ ഉപകാരപ്പെടുകയില്ല, എന്ന് മാത്രമല്ല, തന്നോട് എന്തെങ്കിലും ആവശ്യപ്പെടുമോ എന്ന ഭയത്താൽ തന്നെ അറിയുന്നവരിൽ നിന്നെല്ലാം അവർ പിൻതിരിഞ്ഞ് ഓടുന്നതാണ്. അല്ലാഹു പറയുന്നു:

﴿ يَوْمَ يَفِرُّ ٱلْمَرْءُ مِنْ أَخِيهِ ﴿٣٤﴾ وَأُمِّهِۦ وَأَبِيهِ ﴿٣٥﴾ وَصَـٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾ لِكُلِّ ٱمْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴾ (عبس:٣٤-٣٧)

"അതായത് മനുഷ്യൻ തൻെറ സഹോദരനെയും മാതാവിനെയും പിതാവിനെയും തൻെറ ഭാര്യയെയും തൻെറ മക്കളെയും വിട്ടോടിപ്പോകുന്ന ദിവസം. അവരിൽ പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര (ചിന്താ) വിഷയം അന്ന് ഉണ്ടായിരിക്കുന്നതാണ്" (അബസ: 34-37) അല്ലാഹു വീണ്ടും പറയുന്നു:

﴿ يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍۭ بِبَنِيهِ ﴿١١﴾ ﴾ (المعارج:١١)

"അവർക്ക് അന്യോന്യം കാണിക്കപ്പെടും. തൻെറ മക്കളെ പ്രായശ്ചിത്തമായി നൽകിക്കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോച

നം കിട്ടിയിരുന്നെങ്കിൽ എന്ന് കുറ്റവാളികൾ ആഗ്രഹിക്കുന്ന ദിവസം" (മആരിജ്: 11)

നരകത്തിന് മുകളിലൂടെ പാലം നാട്ടുന്നു, അതിലൂടെ സത്യ വിശ്വാസികൾ സ്വർഗത്തിലേക്ക് പ്രവേശിക്കുന്നു, അവിശ്വാസികളെ അതിൽ നിന്നും നരകത്തിലേക്ക് വലിച്ചിടുകയും ചെയ്യുന്നു. പാലത്തിലൂടെ ആദ്യമായി കടന്ന് പോകുന്നത് മുഹമ്മദ്(സ)യുടെ സമുദായമാണ്.

ആ ദിവസത്തിൻെറ പര്യവസാനം ഒന്നുകിൽ നരകമോ, സ്വർഗമോ ആയിരിക്കും. അവ രണ്ടും അടിമകൾക്കുള്ള നിത്യമായ സങ്കേതമാകുന്നു. സ്വർഗം (അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും അനുസരിച്ചിരിച്ച് കൊണ്ടും, അല്ലാഹുവിന് നിഷ്കളങ്കമാക്കി, പ്രവാചകനെ പിൻപറ്റിക്കൊണ്ടും അല്ലാഹു നിർബ്ബന്ധമായും വിശ്വസിക്കുവാൻ കൽപിച്ച കാര്യങ്ങളിൽ വിശ്വസിച്ച സത്യവിശ്വാസികൾക്കും മുത്തഖീങ്ങൾക്കും ഒരുക്കിവെച്ചിട്ടുള്ള അനുഗ്രഹത്തിൻെറ ഭവനമാകുന്നു സ്വർഗം, അതിൽ ഒരു കാതും കേൾക്കാത്തതും, ഒരു കണ്ണും ദർശിക്കാത്തതും, ഒരു മനുഷ്യൻെറയും ചിന്തയിൽ ഉതിക്കാത്തതുമായ വ്യത്യസ്ഥ അനുഗ്രഹങ്ങളുണ്ട്. അല്ലാഹു പറയുന്നു:

﴿ إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ أُوْلَٰٓئِكَ هُمۡ خَيۡرُ ٱلۡبَرِيَّةِ ۝٧
جَزَآؤُهُمۡ عِندَ رَبِّهِمۡ جَنَّٰتُ عَدۡنٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَآ
أَبَدٗاۖ رَّضِيَ ٱللَّهُ عَنۡهُمۡ وَرَضُواْ عَنۡهُۚ ذَٰلِكَ لِمَنۡ خَشِيَ رَبَّهُۥ﴾

(البينة:٧-٨)

"തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. എന്നന്നേക്കുമായിട്ട്. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തൻെറ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്" (ബയ്യിന: 7-8) അല്ലാഹു പറയുന്നു:

﴿ فَلَا تَعۡلَمُ نَفۡسٞ مَّآ أُخۡفِيَ لَهُم مِّن قُرَّةِ أَعۡيُنٖ جَزَآءَۢ بِمَا كَانُواْ يَعۡمَلُونَ ۝١٧ ﴾ (السجدة:١٧)

"എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളുർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല"

(സജദ: 17)

എന്നാൽ നരകം : അല്ലാഹുവിൽ അവിശ്വസിക്കുകയും, അവൻെറ പ്രവാചകനെ ധിക്കരിക്കുകയും ചെയ്ത അക്രമകാരികൾക്കും, അവിശ്വസികൾക്കും അല്ലാഹു ഒരുക്കിയിട്ടുള്ള ശിക്ഷയുടെ സങ്കേതമാണ് നരകം, അതിൽ ഒരാളും ചിന്തിക്കാത്ത രൂപത്തിലുള്ള ശിക്ഷയുടെയും നിന്ദ്യതയുടെയും വ്യത്യസ്ഥയിനങ്ങളുണ്ട്. അല്ലാഹു പറയുന്നു:

﴿ وَٱتَّقُواْ ٱلنَّارَ ٱلَّتِيٓ أُعِدَّتۡ لِلۡكَٰفِرِينَ ١٣١ ﴾ (آل عمران: ١٣١)

“അവിശ്വാസികൾക്ക് ഒരുക്കിയിട്ടുള്ള നരകത്തെ നിങ്ങൾ സൂക്ഷിക്കുക” (ആലുഇംറാൻ:131) അല്ലാഹു പറയുന്നു:

﴿ إِنَّآ أَعۡتَدۡنَا لِلظَّٰلِمِينَ نَارًا أَحَاطَ بِهِمۡ سُرَادِقُهَاۚ وَإِن يَسۡتَغِيثُواْ يُغَاثُواْ بِمَآءٖ كَٱلۡمُهۡلِ يَشۡوِي ٱلۡوُجُوهَۚ بِئۡسَ ٱلشَّرَابُ وَسَآءَتۡ مُرۡتَفَقًا ٢٩ ﴾ (الكهف: ٢٩)

“അക്രമികൾക്കു നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്. അതിൻെറ ‘കൂടാരം’ അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം ഉരുക്കിയ ലോകം പോലെയുള്ള ഒരു വെള്ളമായിരിക്കും അവർക്ക് കുടിക്കുവാൻ നൽകപ്പെടുന്നത്. അതു മുഖങ്ങളെ എരിച്ചുകളയും. വളരെ ദുഷിച്ച പാനീയം തന്നെ. അത് (നരകം) വളരെ ദുഷിച്ച വിശ്രമസ്ഥലം തന്നെ” (അൽകഹ്ഫ്:29)

ചുരുങ്ങിയ രൂപത്തിൽ നാം മുകളിൽ വിശദീകരിച്ചത്പൊലെയുള്ള അവസാന നാളിലുള്ള വിശ്വാസത്തിന് വളരെയധികം നന്മകളുണ്ട്, അതിൽ ചിലത് നാം താഴെ കൊടുക്കുന്നു, അല്ലാഹുവിനോട് തൗഫീഖ് ചോദിക്കുന്നു:

1- അവസാന നാൾ വിചാരണക്കും, പ്രതിഫലം നൽകുവാനുമുള്ള ദിവസമാക്കിയതിലൂടെ നമുക്ക് മനസിലാക്കുവാൻ കഴിയുന്നത് അല്ലാഹുവിൻെറ നീതിയുടെയും അനുഗ്രഹത്തിൻെറയും പരിപൂർണതയാകുന്നു. അവിടെ അക്രമിയുടെ അക്രമവും, സൽകർമ്മിയുടെ കർമ്മങ്ങളും വിചാരണ ചെയ്യപ്പെടുന്നു.

2- അവസാന നാളിലുള്ള വിശ്വാസം മനസിനെ ദേഹേഛകളിൽ നിന്നും, അതിർ ലംഘിക്കുന്നതിൽ നിന്നും, ശത്രുത വെക്കുന്നതിൽ നിന്നും, നിർബ്ബന്ധിക്കുന്നതിൽ നിന്നും തടഞ്ഞ് നിറുത്തുന്ന ഒരു കാര്യമാകുന്നു. ആരെങ്കിലും എന്തെങ്കിലും ഒരു അക്രമം പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ താനൊരു ദിവസം അഭിമുഖീകരിക്കേണ്ടവനാണെന്ന് അവൻെറ മനസിലേക്ക് ഓടിയെത്തും, ആ ദിവസം താ

ൻ ചെയ്ത എല്ലാ കാര്യങ്ങൾക്കും വിചാരണ ചെയ്യപ്പെടും എന്നത്. ഈ വിശ്വാസം അവന് ഒരു പരിച തന്നെയായിരിക്കും.

3- പരലോ വിശ്വാസം, സൽകർമ്മങ്ങളും, സൃഷ്ടികളോട് നന്മ ചെയ്യുവാനുള്ള ഒരു വലിയ പ്രേരകം തന്നെയാണ്. അവസാന നാളിൽ ഇരട്ടിയിരട്ടിയായി പ്രതിഫലം നൽകുവാൻ വേണ്ടി തൻെറ കർമ്മങ്ങൾ മുഴുവനും സൂക്ഷിക്കുകയും, ശേഖരിക്കുകയും ചെയ്യുന്നുണ്ടെന്ന് അവൻ മനസിലാക്കുകയും, അങ്ങിനെ അവന് നന്മകൾ ചെയ്ത് കൊണ്ട് അല്ലാഹുവിൻെറയടുത്ത് വർദ്ദിച്ച പ്രതിഫലവും, ഉന്നത പദവികളും കരഗതമാക്കുവാൻ ഉൽസാഹം ലഭിക്കുകയും ചെയ്യുന്നു.

4- പരീക്ഷണങ്ങളിൽ ക്ഷമ കൈകൊള്ളുവാൻ സഹായിക്കുന്ന വലിയ ഒരു ഘടകം തന്നെയാണ് പരലോകത്തിലുള്ള വിശ്വാസം. കാരണം മനുഷ്യൻെറ ഇഹലോക ജീവിതം പ്രയാസവും ബുദ്ധിമുട്ടുകളും നിറഞ്ഞതാണ്, തന്നിൽ നിന്നും നഷ്ടപ്പെടുന്ന പ്രതാപം, സന്താനം, ധനം, ആരോഗ്യം, വിനഷ്ടമായികൊണ്ടിരിക്കുന്ന മറ്റു കാര്യങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ പരലോകത്ത് അല്ലാഹു തനിക്ക് ഒരുക്കിവെച്ചിട്ടുള്ള പ്രതിഫലം കാംക്ഷിച്ച് ക്ഷമ കൈകൊള്ളുവാനുള്ള ഒരു പ്രേരകം തന്നെയാണ് പരലോത്തിലുള്ള വിശ്വാസം.

5- ദുൻയാവിലെ ആഢംബരങ്ങൾ കണ്ട്കൊണ്ട് അതിൽ വഞ്ചിതനാവുന്നതിൽ നിന്നും മനസിനെ മോചിപ്പിക്കുന്നു അവസാന നാളിലുള്ള വിശ്വാസം. കാരണം അവസാന നാളിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിക്ക് അറിയാം ഈ ലോകം നീങ്ങിപോകുന്നതാണ്, ക്ഷണികവും, ഉപകാരം കുറഞ്ഞതുമാണെന്ന്, അതിൽ വഞ്ചിതനായവനല്ലാതെ ആരും തന്നെ അതിലേക്ക് ചായുകയില്ല.

6- മനുഷ്യൻ ഈ ലോകത്ത് നിന്ന് അധികം വൈകാതെ തന്നെ പരലോകമെന്ന നിത്യ ഭവനത്തിലേക്ക് പോകുമെന്നത് അവസാന നാളിലുള്ള വിശ്വാസത്തിൽ പെട്ടതാണ്, ഈ വിശ്വാസം ഒരു മുസ്‌ലിമിനെ തൻെറ എല്ലാ കാര്യങ്ങളിലും മധ്യമ നിലപാട് സ്വീകരിക്കുവാൻ സഹായിക്കുന്നു, അവന് ഇഹലോകത്ത് വല്ല അനുഗ്രഹവും ലഭിക്കുകയാണെങ്കിൽ അവൻ അതിൽ മതിമറന്ന് ആഹ്ളാദിക്കുകയോ, അഹങ്കരിക്കുകയോ ചെയ്യില്ല, മറിച്ച് തനിക്ക് ആവശ്യമുള്ളത് അതിൽ നിന്ന് സ്വീകരിക്കുകയും ഉന്നതനായ അല്ലാഹുവിൻെറ അനുഗ്രഹത്തിൽ സന്തോഷിക്കുകയും, അത് അല്ലാഹുവിനെ അനുസരിക്കുവാൻ അവനെ സഹായിക്കുകയും ചെയ്യുന്നു. അത്പോലെ തന്നെ വല്ല പരീക്ഷണമോ, ക്ഷീണമോ തന്നെ ബാധിക്കുകയാണെങ്കിൽ അവൻ അതിൽ നിരാശനാവുകയോ, വ്യാകുലപ്പെടുകയോ ചെയ്യാതെ ക്ഷമിക്കുകയും പ്രതിഫലം കാംഷിക്കുകയുമാണ് ചെയ്യുക. അവനറിയാം മുഴുവൻ പരീക്ഷണങ്ങൾക്കും അവസാനം നന്മയാണെന്നും, ഈ ലോകം

മുഴുവനും നശിക്കുവാനുള്ളതാണെന്നും. ഇഹലോകത്ത് ആരാണോ അല്ലാഹുവിനെ അനുസരിക്കുന്നത് അവനായിരിക്കും അവസാന നാളിൽ അനുഗ്രഹവും, സൗഭാഗ്യം ലഭിക്കുക.

7- അവസാന നാളിലുള്ള വിശ്വാസം സൽകർമ്മങ്ങൾ പ്രവർത്തിക്കുവാനും, അല്ലാഹുവിനെ അനുസരിക്കുന്നത് വർദ്ദിപ്പിക്കുവാനമുള്ള പ്രേരണ നൽകുന്നു, കാരണം പരലോകത്ത് പ്രതിഫലം നൽകുന്നത് പ്രവർത്തനങ്ങളുടെ സ്വഭാവവും, തോതും അനുസരിച്ചായിരിക്കും. ഇത് നന്മകൾ ചെയ്യുവാനും, നിഷിദ്ധങ്ങൾ വെടിയുവാനും മാൽസര്യം തന്നെ പ്രകടിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു.

8- അവസാന നാളിലുള്ള വിശ്വാസം ജനങ്ങളോടും, സമൂഹത്തോടും സൽസ്വഭാവത്തോടെ പെരുമാറുവാനായി പ്രേരണ നൽകുന്ന പ്രധാനപ്പെട്ട ഒരു ഘടകം കൂടിയാണ്, കാരണം ഇതെല്ലാം തന്നെ പരലോകത്ത് അല്ലാഹുവിൻെറയടുത്ത് പ്രതിഫലം ലഭിക്കുന്നതാണ്. ഇവിടെ ആരെങ്കിലും അല്ലാഹുവിലും അവസാനനാളിലും വിശ്വസിക്കുകയും സ്വഭാവം നന്നാക്കുകയും, നല്ല രൂപത്തിൽ പെരുമാറുകയും ചെയ്താൽ അവൻെറ നന്മകൾ അധികരിക്കുകയും, തിന്മകൾ കുറയുകയും ചെയ്യുന്നതാണ്.

അവസാന നാളിലുള്ള വിശ്വാസത്തിൻെറ നന്മകളാണ് മേൽ വിവരിക്കപ്പെട്ടത്, നാം ഇവിടം കൊണ്ട് അവസാനിപ്പിക്കുകയാണ്, മനുഷ്യൻെറ മനസുകളിൽ സ്വാധീനം ചെലുത്തുന്ന ഒരുപാട് നന്മകൾ ഇനിയുമുണ്ട്.

# ആറ്: വിധി നിർണ്ണയത്തിലുള്ള വിശ്വാസം

ഖദർ: എന്ന് പറഞ്ഞാൽ മുൻകടന്ന അല്ലാഹുവിൻെറ അറിവ് പ്രകാരവും, അവൻെറ സൂക്ഷ്മജ്ഞാനത്തിൻെറ തേട്ടമനുസരിച്ചും പ്രപഞ്ചത്തിന് അല്ലാഹു നിർണ്ണയിച്ചിട്ടുള്ള വിധിയാണ് ഖദർ. ഖളാഅ് എന്ന് പറഞ്ഞാൽ: ഒരു കാര്യം അല്ലാഹു അതിന് നിർണ്ണയിച്ച വിധിപ്രകാരം സംഭവിക്കുന്നതിനാണ് ഖളാഅ് എന്ന് പറയുന്നത്.

ഖളാഅ്ലുള്ള വിശ്വാസം നാല് കാര്യങ്ങൾ ഉൾകൊള്ളുന്നുണ്ട്:

ഒന്ന്: അല്ലാഹു തആല എല്ലാ കാര്യങ്ങളും മൊത്തത്തിലും വിശദമായിട്ടും, ശാശ്വതമായിട്ടും, ആദ്യാന്ത രഹിതമായിട്ടും, മനസിലാക്കിയിട്ടുണ്ട്, അത് അവൻെറ പ്രവർത്തനങ്ങളുമായിട്ട് ബന്ധപ്പെട്ടതോ, അവൻെറ സൃഷ്ടികളുടെ പ്രവർത്തനവുമായിട്ട് ബന്ധപ്പെട്ടതോ ആയിരുന്നാലും ശരി.

രണ്ട്: അതെല്ലാം തന്നെ അല്ലാഹു സുരക്ഷിതമായ ഫലകത്തിൽ

രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിശ്വസിക്കുക. മേൽപറഞ്ഞ രണ്ട് കാര്യങ്ങളെ സംബന്ധിച്ചും അല്ലാഹു പറയുന്നു:

﴿ أَلَمْ تَعْلَمْ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَآءِ وَٱلْأَرْضِ ۗ إِنَّ ذَٰلِكَ فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٧٠﴾ ﴾ (الحج: ٧٠)

"ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞ് കൂടെ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ" (ഹജ്ജ്:70)

«كتب الله مقادير الخلائق قبل أن يخلق السماوات والأرض بخمسين ألف سنة»(١)

അബ്ദുല്ലാഇബ്നു അംറ്ബ്നു ആസ്വിൽ നിന്ന്: നബി(സ) പറഞ്ഞു: (ആകാശ ഭൂമികളെ സൃഷ്ടിക്കുന്നതിന് അമ്പതിനായിരം വർഷങ്ങൾക്ക് മുമ്പ് അല്ലാഹു സൃഷ്ടികളുടെ വിധികളെല്ലാം രേഖപ്പെടുത്തിവെച്ചിരിക്കുന്നു)

മൂന്ന്: അല്ലാഹുവിൻെറ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതോ, സൃഷ്ടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതോ ആയിട്ടുള്ള പ്രപഞ്ചത്തിലെ മുഴുവൻ കാര്യങ്ങളും അല്ലാഹുവിൻെറ മശീഅത്ത് (ഉദ്ദേശം) അനുസരിച്ചായിരിക്കും സംഭവിക്കുക എന്ന് വിശ്വസിക്കുക. അല്ലാഹുവിൻെറ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൊണ്ട് പറയുന്നു:

﴿ وَرَبُّكَ يَخْلُقُ مَا يَشَآءُ وَيَخْتَارُ ﴾ (القصص:٦٨)

"നിൻെറ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു" (ഖസസ്: 68) സൃഷ്ടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൊണ്ട് അല്ലാഹു പറയുന്നു:

﴿ وَلَوْ شَآءَ ٱللَّهُ لَسَلَّطَهُمْ عَلَيْكُمْ فَلَقَٰتَلُوكُمْ ﴾(النساء:٩٠)

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളുടെ മേൽ അവർക്കവൻ ശക്തി നൽകുകയും, നിങ്ങളോടവർ യുദ്ധത്തിലേർപ്പെടുകയും ചെയ്യുമായിരുന്നു" (നിസാഅ്:90)

---

(١) رواه مسلم: ٤/٢٠٤٤، برقم (٢٦٥٣)

﴿ وَلَوْ شَآءَ ٱللَّهُ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ﴿١٣٧﴾ ﴾ (الأنعام:١٣٧)

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അതിനാൽ അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നതുമായി അവരെ വിട്ടേക്കുക" (അൻആം: 137)

നാല്: പ്രപഞ്ചവും, അതിലെ വസ്തുക്കൾ മുഴുവനും അവയുടെ ദാത്തിലും, വിശേഷണത്തിലും, ചലനങ്ങളിലും എല്ലാം തന്നെ അല്ലാഹുവിൻെറ സൃഷ്ടിയാണെന്ന് വിശ്വസിക്കുക. അല്ലാഹു പറയുന്നു:

﴿ ٱللَّهُ خَٰلِقُ كُلِّ شَيْءٍ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ وَكِيلٌ ﴿٦٢﴾ ﴾ (الزمر:٦٢)

"അല്ലാഹു എല്ലാ വസ്തുക്കളുടെയും സൃഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവാകുന്നു"(സുമർ:62)

﴿ وَخَلَقَ كُلَّ شَيْءٍ فَقَدَّرَهُۥ تَقْدِيرًا ﴿٢﴾ ﴾ (الفرقان:٢)

"ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാം വണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (ഫുർഖാൻ:2)

നാം വിശേഷിപ്പിച്ചത്പോലെയുള്ള ഖദ്റിലുള്ള വിശ്വാസം സൃഷ്ടികൾക്ക് പ്രവർത്തനങ്ങൾ തിരെഞ്ഞെടുക്കുവാനുള്ള അവസരത്തേയും, അതിനുള്ള കഴിവിനെയും നിഷേധിക്കുന്നില്ല. മറിച്ച് അത് മതത്തിലും, സംഭവ്യതയിലും സ്ഥിരപ്പെട്ടത് തന്നെയാണ്.

ശരീഅത്തിലുള്ള തെളിവിൽ അല്ലാഹു അടിമകളുടെ പ്രവർത്തനം അവരിലേക്ക് ചേർത്ത് കൊണ്ടാണ് പറയുന്നത്:

﴿ وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ ﴾ (النساء: ٦٩)

"ആരെങ്കിലും അല്ലാഹുവിനെയും, പ്രവാചകനെയും അനുസരിച്ചാൽ" (നിസാഅ്:69)

﴿ وَمَن يَعْمَلْ سُوٓءًا أَوْ يَظْلِمْ نَفْسَهُۥ ثُمَّ يَسْتَغْفِرِ ٱللَّهَ يَجِدِ ٱللَّهَ غَفُورًا رَّحِيمًا ﴿١١٠﴾ ﴾ (النساء:١١٠)

"ആരെങ്കിലും വല്ല തിന്മയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവിനെ അവൻ കണ്ടെത്തുന്നതാണ്" (നിസാഅ്:110) ഇത്പോലുള്ള തെളിവുകൾ നമുക്ക് ധാരാളമായി കാണാവുന്നതാണ്.

സംഭവ്യമായ തെളിവ്: ഓരോ മനുഷ്യനും അറിയാവുന്ന കാര്യമാണ് താൻ ചെയ്യുന്ന പ്രവർത്തനത്തിനും, ഉപേക്ഷിക്കുന്നതിനും തനി

ക്ക് മശീഅത്ത് (തെരെഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം) ഉണ്ടെന്നത്. തൻെറ ഉദ്ദേശത്തോടെ സംഭവിക്കുന്ന നടത്തം പോലെയുള്ള പ്രവർത്തനവും, തൻെറ ഉദ്ദേശം കൂടാതെ സംഭവിക്കുന്ന വിറയൽ പോലെയുള്ള പ്രവർത്തനം എന്നിവ അവന് വേർതിരിച്ച് മനസിലാക്കുവാൻ കഴിയുന്നു. എന്നാൽ അടിമയുടെ ഉദ്ദേശവും അവൻെറ പ്രവർത്തനങ്ങളും സംഭവിക്കുന്നത് അല്ലാഹു വിൻെറ മശീഅത്തിനനുസരിച്ചും, ശക്തിക്കുമനുസരിച്ചായിരിക്കും. അല്ലാഹു പറയുന്നു:

﴿ لِمَن شَآءَ مِنكُمۡ أَن يَسۡتَقِيمَ ﴿٢٨﴾ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ ﴿٢٩﴾ ﴾(التكوير:٢٨-٢٩)

"അതായത് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് നേരെ നിലകൊള്ളുവാൻ ഉദ്ദേശിച്ചവർക്ക് വേണ്ടി. ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല" (തക്‌വീർ: 28-29)

പ്രപഞ്ചം മുഴുവനും അല്ലാഹുവിൻെറ അധികാരത്തിലാകുന്നു, അവൻെറ അധികരാത്തിൽ യാതൊന്നും അവൻെറ അറിവോ ഉദ്ദേശമോ കൂടാതെ സംഭവിക്കുന്നില്ല.

മേൽ വിവരിച്ചപോലെയുള്ള ഖദ്റിലുള്ള വിശ്വാസത്തിൽ ഉൾകൊണ്ടിട്ടുള്ള ചില നന്മകളെപ്പറ്റിയാണ് താഴെ പറയുന്നത്. അല്ലാഹുവിനോട് തൗഫീഖ് ചോദിക്കുന്നു:

1- അല്ലാഹുവിൽ മാത്രം അവലംബിക്കുവാൻ പ്രാപ്തനാക്കുന്നു. കാരണം അല്ലാഹുവാണ് അവന് നല്ലത് നൽകുന്നതും, ബുദ്ധിമുട്ടുകൾ നൽകുന്നതും, അല്ലാഹുവല്ലാത്തവർക്ക് അല്ലാഹു അവന് വിധിച്ചതല്ലാതെ യാതൊരു നന്മയും വരുത്തുവാൻ കഴിയില്ല, അത്പോലെ അല്ലാഹു വിധിച്ച ബുദ്ധിമുട്ടല്ലാതെ യാതൊന്നും വരുത്തിവെക്കുവാനും കഴിയില്ല. ബുദ്ധിയുള്ള ഒരു വ്യക്തി സ്വശരീരത്തെ യാതൊരു ഉപകാരവും, ഉപദ്രവവും വരുത്തുവാൻ കഴിയാത്തവനിൽ നിന്ന് സംരക്ഷിക്കുകയും, ഇഹലോകത്തും പരലോകത്തും ഉപകാരം ചെയ്യുവാനും ഉപദ്രവം ചെയ്യുവാനും കഴിയുന്നവനിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു. പ്രവാചകൻ ഇബ്നു അബ്ബാസ്(റ)നെ ഉപദേശിക്കുന്നതായി ഇങ്ങനെ വന്നിരിക്കുന്നു:

وصية النبي ﷺ لابن عباس: «واعلم أن الأمة لو اجتمعوا على أن ينفعوك بشيء لم ينفعوك إلا بشيء قد كتبه الله لك، ولو اجتمعوا على أن يضروك لم يضروك إلا بشيء قد كتبه الله عليك، رفعت الأقلام وجفّت

الصحف»(١)

“നീ മനസ്സിലാക്കുക: ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് കൊണ്ട് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല, അത്പോലെ നിനക്ക് വല്ല ഉപദ്രവം വരുത്തുവാനായി അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ, പേനകൾ ഉയർത്തുകയും, പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു”

2- താൻ ഉദ്ദേശിച്ച കാര്യം കരഗതമാവുമ്പോൾ അതിൽ മതിമറിക്കുകയോ, അൽഭുതപ്പെടുകയോ ചെയ്യാതിരിക്കുക. കാരണം അവൻെറ ഉദ്ദേശം സഫലമായിരിക്കുന്നത് അല്ലാഹുവിൻെറ വിധിയനുസരിച്ചും, അവൻെറ കാരുണ്യവും കൊണ്ടുമാകുന്നു, താൻ സ്വയം നേടിയതാണെന്ന് വിചാരിച്ച് അൽഭുതപ്പെടുകയാണെങ്കിൽ യഥാർത്ഥത്തിലുള്ള അനുഗ്രഹ ദാതാവായ അല്ലാഹുവിന് നന്ദി ചെയ്യുവാൻ അവൻ മറന്ന് പോകുന്നു.

3- അല്ലാഹുവിൻെറ വിധിയനുസരിച്ച് തന്നെ ബാധിക്കുന്ന ബുദ്ധിമുട്ടുകളിലും, തനിക്ക് പ്രിയമുള്ള കാര്യം നഷ്ടപ്പെടുമ്പോഴും, വെറുക്കുന്ന കാര്യം ലഭിക്കുമ്പോഴും മനഃപ്രയാസത്തിൽ അകപ്പെടാതെ മനസിന് മനഃസമാധാനവും, ശാന്തിയും കരഗതമാകുന്നു. കാരണം അവയെല്ലാം സംഭവിക്കുന്നത് ആകാശഭൂമികളുടെ ഉടമസ്ഥനായ അല്ലാഹുവിൻെറ വിധിയനുസരിച്ചാണ്, പ്രപഞ്ചത്തിലകപ്പെട്ടവനായ വ്യക്തിക്ക് അതിൽ യാതൊരു സ്വാധീനവും ഇല്ലതന്നെ. ഇതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

﴿ مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَـٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٢٢﴾ لِّكَيْلَا تَأْسَوْا۟ عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُوا۟ بِمَآ ءَاتَىٰكُمْ ۗ وَٱللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿٢٣﴾ ﴾ (الحديد:٢٢-٢٣)

“ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല, അതിനെ നാം ഉണ്ടാക്കുന്നതിനു മു

---

(١) رواه الترمذي في سننه: ٥٧٥٧٦/٤، برقم (٢٥١٦)، وأحمد في مسنده: ٢٩٣/١، وهو حديث صحيح.

ന്വുതന്നെ ഒരു രേഖയില്‍ ഉള്‍പ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീര്‍ച്ചയാ യും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്,) നിങ്ങള്‍ക്കു നഷ്ടപ്പെട്ടതിന്‍െറ പേരില്‍ നിങ്ങള്‍ ദു:ഖിക്കാതിരിക്കുവാനും, നിങ്ങള്‍ക്കവന്‍ നല്‍കിയതിന്‍െറ പേരില്‍ നിങ്ങള്‍ ആഹ്ളാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയേയും ദുരഭിമാനിയേയും ഇഷ്ടപ്പെ ടുകയില്ല" (ഹദീദ്:22-23) അല്ലാഹു പറയുന്നു:

﴿ مَآ أَصَابَ مِن مُّصِيبَةٍ إِلَّا بِإِذْنِ ٱللَّهِ ۗ وَمَن يُؤْمِنۢ بِٱللَّهِ يَهْدِ قَلْبَهُۥ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١١﴾ ﴾ (التغابن:١١)

"അല്ലാഹുവിന്‍െറ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല. വല്ലവനും അല്ലാഹുവില്‍ വിശ്വസിക്കുന്ന പക്ഷം അവ ന്‍െറ ഹൃദയത്തെ അവന്‍ നേര്‍വഴിയിലാക്കുന്നതാണ്. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (തഗാബുന്‍:11) പണ്ഡിതന്മാരില്‍ ഒരാള്‍ പറയുന്നു: ഒരു മനുഷ്യന് വിപത്ത് ബാധി ക്കുന്നു, അത് അല്ലാഹുവില്‍ നിന്നാണെന്ന് അവന്‍ മനസിലാക്കുക യും അതില്‍ അവന്‍ തൃപ്തിപ്പെടുകയും, സ്വീകരിക്കുകയും ചെയ്യു ന്നു, ഇബ്നു അബ്ബാസ്(റ) പറയുന്നു:

وقال ابن عباس: (يهدي قلبه لليقين فيعلم أن ما أصابه لم يكن ليخطئه وما أخطأه لم يكن ليصيبه) *رواه الطبري في تفسيره.*

ഇബ്നു അബ്ബാസ്(റ) പറഞ്ഞു: "അവന്‍െറ ഹൃദയം അവനെ മന:സ്ഥൈര്യത്തിലേക്ക് നയിക്കുന്നു, അവനെ ബാധിച്ചതൊന്നും ത ന്നെ അവനില്‍ നിന്ന് തെറ്റി പോകുകയോ, അവനില്‍ നിന്ന് തെറ്റി പോയത് അവന് ബാധിക്കുകയോ ചെയ്യുന്നില്ലെന്നും അവന്‍ മനസ്സി ലാക്കുന്നു"

ويقول النبي ﷺ: «عجبا لأمر المؤمن إن أمره كله خير وليس ذلك لأحد إلا للمؤمن، إن أصابته سراء شكر فكان خيرا له، وإن أصابته ضراء صبر فكان خيرا له»(١)

നബി(സ) പറയുന്നു: "ഒരു സത്യ വിശ്വാസിയുടെ കാര്യം ആശ്ചര്യക രം തന്നെ അവന്ന് എന്ത് ബാധിച്ചാലും അതവന്ന് ഗുണകരമാകുന്നു. ഇത് വിശ്വാസിക്കല്ലാതെ മറ്റാര്‍ക്കുമില്ല. അവന്ന് എന്തെങ്കിലും നന്മ

(١) رواه مسلم: ٤/٢٢٩٥، برقم (٢٩٩٩).

ലഭിച്ചാൽ അതിന് അവൻ നന്ദിചെയ്യുന്നു. അങ്ങിനെ അതവന്ന് ഗുണകരമാണ്. ഇനി അവന്ന് എന്തെങ്കിലും ബുദ്ധിമുട്ട് ബാധിച്ചാൽ അതിലവൻ ക്ഷമിക്കുകയും ചെയ്യുന്നു അതും അവന്ന് ഗുണകരമാകുന്നു" ( മുസ്‌ലിം)

ഖദ്റിൽ വിശ്വസിക്കാത്തവൻ അല്ലാഹു അവന് നൽകിയിട്ടുള്ള ഏതെങ്കിലും അനുഗ്രഹത്തിൽ അവനെ അഹങ്കാരം പിടികൂടുകയും, എന്നിട്ട് അവൻ അത് തൻെറ അധികാരവും, പ്രതാപവും മുഖേനയോ അതല്ലെങ്കിൽ മറ്റാരുടെയെങ്കിലും കഴിവ് കൊണ്ടാണ്, അതുമല്ലെങ്കിൽ അല്ലാഹുവിൽ നിന്ന് പരിപൂർണമായി സ്വതന്ത്രനായി തൻെറ അറിവും നിപുണതയും കൊണ്ടാണ് അത് കരഗതമായത് എന്ന് അവൻ വിശ്വസിക്കുന്നു. അത്പോലെ അവന് വല്ല വിപത്തും ബാധിക്കുകയാണെങ്കിൽ അവൻ മനഃപ്രയാസത്തിലകപ്പെടുകയും, അവൻെറ ജീവിതം തന്നെ ചഞ്ചലമാവുകയും, ഒരുപക്ഷേ, ക്ഷമിക്കുവാൻ കഴിയാതെ, അവൻെറ കോപത്തിൻെറ കാഠിന്യം മൂലം സ്വയം തന്നെ ആത്മഹൂതിയിലേക്ക് വരെ എത്തിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് ബൗദ്ധികമായ പുരോഗതി പ്രാപിച്ച ഈ ആധുനിക കാലത്ത് ലോകത്ത് ഇങ്ങനെ ധാരാളം സംഭവങ്ങൾ നടന്ന് കഴിഞ്ഞിട്ടുണ്ട്.

ഖദ്റിലുള്ള വിശ്വാസം ഉപകാരപ്പെടുന്ന കാര്യങ്ങൾക്കായി പരിശ്രമിക്കുവാനും, അതോടൊപ്പം അഹങ്കാരവും, അലസതയും കൂടാതെ വിനയത്തോടെ ആവശ്യമുള്ള കാര്യങ്ങൾ കരസ്ഥമാക്കുവാനും പ്രേരിപ്പിക്കുന്നു. മുസ്‌ലീങ്ങൾ തങ്ങളുടെ മതമൂല്യങ്ങൾ മുറുകെ പിടിക്കുകയും, ഖദ്റിൽ വിശ്വസിക്കുകയും ചെയ്തപ്പോൾ അവർക്കത് അലസതയും, അശക്തതയുമല്ല പ്രധാനം ചെയ്തത്, മറിച്ച് കഠിനാദ്ധ്വാനം ചെയ്യുവാനുള്ള പ്രേരണയാണ് നൽകിയത് എന്നതിന് വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും അനേകം ഉദാഹരണങ്ങൾ കാണാൻ കഴിയുന്നതാണ്. എന്നാൽ വിധിയിലുള്ള വിശ്വാസം തെളിവ് പിടിച്ച് കൊണ്ട് തിന്മകൾ ചെയ്യുവാനും നന്മകൾ ചെയ്യാതിരിക്കുവാനും പാടില്ല, കാരണം അത് അവിശ്വാസികളുടെ ചര്യയാണ്. മുശരിക്കുകളെപ്പറ്റി അല്ലാഹു പറയുന്നു:

﴿ سَيَقُولُ ٱلَّذِينَ أَشْرَكُوا۟ لَوْ شَآءَ ٱللَّهُ مَآ أَشْرَكْنَا وَلَآ ءَابَآؤُنَا وَلَا حَرَّمْنَا مِن شَىْءٍ ۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ ﴾.(الأنعـــــام: ١٤٨)

"ആ ബഹു ദൈവാരാധകർ പറഞ്ഞേക്കും, അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ, ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്കുചേർക്കുമായിരുന്നില്ല, ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നില്ല എന്ന്. ഇതേ പ്രകാരം അവരുടെ മുൻഗാമികളും നിഷേധിച്ചുകളയുകയുണ്ടായി" (അൻആം: 148)

എന്നാൽ സത്യവിശ്വാസികൾ അവർക്ക് ഉപകാരമുള്ള കാര്യങ്ങൾ ചെയ്യുവാൻ ആവേശം കാണിക്കുന്നു, അവരെ യാതൊരു അലസതയും പിടികൂടുകയില്ല, അവർക്കാവശ്യമുള്ളത് നേടുവാനായി അല്ലാഹുവിനോട് സഹായം ചോദിക്കുകയും അതിനനിവാര്യമായ കാരണങ്ങൾ ചെയ്യുകയും ചെയ്യുന്നു. ഖദ്ർ തെളിവ് പിടിച്ച് കൊണ്ട് പ്രവർത്തനങ്ങൾ അവർ ഉപേക്ഷിക്കുന്നില്ല.

തന്നാൽ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്തതിന് ശേഷവും അവർക്ക് വല്ലതും ബാധിക്കുകയാണെങ്കിൽ അത് അല്ലാഹുവിൻെറ വിധിയാണെന്ന് കരുതി സമാധാനിക്കുകയും ചെയ്യുന്നു, എന്നിട്ടവൻ പറയും: "അല്ലാഹു വിധിച്ചതും, അവൻ ഉദ്ദേശിച്ചതും അവൻ ചെയ്തു"

ഇത് പ്രവാചകൻെറ തിരുമൊഴിയെ സത്യപ്പെടുത്തുന്നു, തിരുമേനി പറയുന്നു:

قول النبي ﷺ: «المؤمن القوي خير وأحب الله من المؤمن الضعيف وفي كل خير، احرص على ما ينفعك، واستعن بالله، ولا تعجز، وإن أصابك شيء فلا تقل: لو أني فعلت كذا لكان كذا، ولكن قل: قدّر الله وما شاء فعل، فإن لو تفتح عمل الشيطان»(١)

"ദുർബ്ബലനായ വിശ്വാസിയേക്കാൾ ഉത്തമനും അല്ലാഹു ഇഷ്ടപ്പെടുന്നതും ശക്തനായ വിശ്വാസിയേയാണ്, എല്ലാറ്റിലും നന്മയുണ്ട്. നിനക്ക് ഉപകാരമുള്ള കാര്യത്തെതൊട്ട് നീ പരിശ്രമിക്കുക, അല്ലാഹുവിനോട് സഹായം ചോദിക്കുക, നിനക്ക് ബാധിച്ച കാര്യത്തെ കുറിച്ച് നീ അശക്തനാകരുത്. അത്പോലെ ഞാൻ ഇങ്ങനെ പ്രവർത്തിച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നുവെന്ന് പറയരുത്. പക്ഷെ, നീ പറയുക അല്ലാഹു വിധിച്ചതും, അവൻ ഉദ്ദേശിച്ചതും അവൻ പ്രവർത്തിച്ചു, കാരണം (എങ്കിൽ)എന്ന വാക്ക് പിശാചിൻെറ പ്രവർത്തനമാകുന്നു തുടക്കം കുറിക്കുന്നത്"

4- അല്ലാഹുവിലും ഖദ്റിലുമുള്ള വിശ്വാസം കൊണ്ട് വിശ്വാസി പ്രതാപവാനാകുന്നു, അല്ലാഹുവിന് വേണ്ടിയല്ലാതെ അവൻ നിന്ദ്യനാവുകയില്ല, കാരണം അവനറിയാം നന്മ നൽകുന്നതും, തിന്മതടുക്കുന്നതിനുള്ള കഴിവ് അല്ലാഹുവിൻെറ കൈകളിലാണെന്ന്, അവൻെറ കൈകളിലാണ് ആകാശഭൂമികളുടെ അധികാരം, അവൻെറ കൽപന കൂടാതെ യാതൊന്നും തന്നെ സംഭവിക്കുകയില്ല. അല്ലാഹു പറയുന്നു:

---

(١) رواه مسلم: ٢٠٥٢/٤، برقم (٢٦٦٤).

﴿ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ﴾ (الأعراف:٥٤)

“അറിയുക: സൃഷ്ടിപ്പും, ശാസനാധികാരവും അവന്ന് തന്നെയാണ്” (അഅ്റാഫ്: 54) സൃഷ്ടികൾ മുഴുവനും അവന്റെ സൃഷ്ടികളാണ്, കാര്യങ്ങൾ മുഴുവനും അവന്റെതാകുന്നു, അതിന് ശേഷം ആർക്കും ഒന്നും അവശേഷിക്കുന്നില്ല.

5- തീർച്ചയായിട്ടും നല്ല പര്യവസാനം മുത്തഖീങ്ങൾക്കാകുന്നു. നല്ല പര്യവസാനം മുത്തഖീങ്ങൾക്കാണെന്നയാഥാർത്ഥ്യം അവരെ അല്ലാഹുവിലും അവന്റെ ഖദ്റിലുമുള്ള വിശ്വാസത്തെയും സുദൃഢമാക്കുന്നു, തീർച്ചയായും സഹായം ക്ഷമയോടൊപ്പവും, എളുപ്പം പ്രയാസത്തോടൊപ്പവുമാണ്. അത്പോലെതന്നെ പ്രയാസത്തിന്റെയും, ബുദ്ധിമുട്ടുകളുടെയും കാർമേഘങ്ങൾ നീങ്ങിപോകൽ അനിവാര്യമാകുന്നത് പോലെ തന്നെ രാത്രിയുടെ അന്ധകാരം നീങ്ങേണ്ടതും, സത്യം വെളിവാകേണ്ടതും അനിവാര്യമാണ്. അത്കൊണ്ടാണ് അലസതയും, നിരാശയും പാടില്ലായെന്ന് പറയുവാൻ കാരണം. അല്ലാഹു പറയുന്നു:

﴿ وَلَا تَا۟يْـَٔسُوا۟ مِن رَّوْحِ ٱللَّهِ ۖ إِنَّهُۥ لَا يَا۟يْـَٔسُ مِن رَّوْحِ ٱللَّهِ إِلَّا ٱلْقَوْمُ ٱلْكَـٰفِرُونَ ﴿٨٧﴾ ﴾ (يوسف:٨٧)

“അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല. തീർച്ച” (യൂസുഫ്:87)

﴿ لَا تَدْرِى لَعَلَّ ٱللَّهَ يُحْدِثُ بَعْدَ ذَٰلِكَ أَمْرًا ﴿١﴾ ﴾ (الطلاق:١)

“അതിനുശേഷം അല്ലാഹു പുതുതായി വല്ല കാര്യവും കൊണ്ടുവന്നേക്കുമോ എന്ന് നിനക്ക് അറിയില്ല” (ത്വലാഖ്:1)

﴿ كَتَبَ ٱللَّهُ لَأَغْلِبَنَّ أَنَا۠ وَرُسُلِىٓ ۚ إِنَّ ٱللَّهَ قَوِىٌّ عَزِيزٌ ﴿٢١﴾ ﴾

(المجادلة:٢١)

“തീർച്ചയായും ഞാനും എന്റെ ദൂതന്മാരും തന്നെയാണ് വിജയം നേടുക, എന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു” (മുജാദില:21)

6- മൊത്തത്തിൽ കളവ്, സത്യം പറയൽ, നീതി, അക്രമം പോലെയുള്ള മനുഷ്യനിൽ നിന്ന് സംഭവിക്കുന്ന കാര്യങ്ങളിൽ നിന്ന് അവന് ഗുണമുള്ളത് ഏത് ഗുണമില്ലാത്തതേത് എന്ന് താരത മ്യപ്പെടുത്തുവാനും, നന്മയേത് തിന്മയേത് എന്ന് തിരിച്ചറിയുവാനും, തനിക്ക് ഇഷ്ടമുള്ള

ത് പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും, കഴിവും അല്ലാഹു നൽകിയിട്ടുണ്ടെന്നത് മനസിലാക്കുവാനുമുള്ള ബുദ്ധി മനുഷ്യന് അല്ലാഹു നൽകിയിട്ടുണ്ട് എന്ന് തിരിച്ചറിയുവാൻ ഖദ്റിലുള്ള വിശ്വാസം കൊണ്ട് സാധ്യമാകുന്നു. അത്പോലെ മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളുടെയും ഉത്തരവാദി അവൻ തന്നെയാണ്. അല്ലാഹു ബുദ്ധി തരിക മാത്രമല്ല ചെയ്തിരിക്കുന്നത് മറിച്ച്, തനിക്ക് ഉപകാരമുള്ളതും, ഉപദ്രവകരമായതും വേർതിരിക്കുവാനും, അവൻെറ കൽപനകളും, വിരോധങ്ങളും വിവരിക്കുവാനു മായി പ്രവാചകന്മാരെ അയക്കുകയും വേദഗ്രന്ഥങ്ങൾ ഇറക്കുകയും, അല്ലാഹുവിനോട് സഹായം ചോദിച്ചാൽ സഹായം നൽകാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരിക്കുന്നു. മനുഷ്യനോട് താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സാധ്യമാവാനുള്ള കാരണങ്ങൾ ചെയ്യുവാൻ കൽപിക്കുന്നതോടൊപ്പം തന്നെ മനുഷ്യനിൽ നിന്ന് ഗോപ്യമായ ഖദ്റിനെ അവലംബമാക്കി കൊണ്ട് കാരണങ്ങൾ പ്രവർത്തിക്കാതിരിക്കുകയെന്നത് അനുവദനീയമല്ലായെന്നും വിശദമാക്കക്കുന്നു.

7- മനുഷ്യൻെറ കഴിവിലും, ശക്തിയിലും പെടാത്ത അല്ലാഹുവിൻെറ ഖദ്റിൽ പെട്ട വിപത്തുക്കളിൽ തൃപ്തിപ്പെടുകയെന്നത് വിശ്വാസികൾക്ക് അല്ലാഹു നിയമമാക്കിയിരിക്കുന്നു. പക്ഷെ, ആരാധനകൾ ഉപെക്ഷിക്കുവാനും, തെറ്റുകൾ ചെയ്യുവാനും, അതിൽ തൃപ്തിപ്പെടുവാനും പാടില്ല. അവൻ ആരാധനകളനുഷ്ടിക്കുവാനും തെറ്റുകൾ വിപാടനം ചെയ്യുവാനും പരിശ്രമിക്കേണ്ടതുണ്ട്. നിർബ്ബന്ധ ആരാധനകൾ ഉപേക്ഷിക്കുകയും, തെറ്റുകൾ ചെയ്യുകയും ചെയ്തവൻ അല്ലാഹുവിനോട് പശ്ചാതാപിക്കേണ്ടതുണ്ട്. പശ്ചാതാപത്തിൻെറ നിബന്ധനയിൽ പെട്ടതാണ് ചെയ്ത്പോയ കാര്യത്തിൽ ഖേദിക്കുകയെന്നത്, തൃപ്തിപ്പെടുകയെന്നതല്ല.

8- ഹൃദയ രോഗങ്ങളായ അസൂയ, പക പോലെയുള്ളവ നീക്കം ചെയ്യേണ്ടതുണ്ട്. ഖദ്റിൽ വിശ്വാസിക്കുന്നവനറിയാം അല്ലാഹുവാണ് ഉപജീവനം നൽകുന്നതും, ശക്തനും പ്രബലനും. അവനാണ് ഒരു വ്യക്തിക്ക് നന്മനൽകുന്നതും, മറ്റൊരു വ്യക്തിക്ക് നന്മ തടുക്കുന്നതും. ഈ വിശ്വാസത്തിന് ആരെങ്കിലും എതിരായാൽ അവൻ അല്ലാഹുവിൻെറ ഖളാഅ് ഖദ്റിനെതിരായി മാറുന്നു.

9- സത്യം വിവരിക്കുകയും, അത് ഉറക്കെ പറയുകയും ചെയ്യുക. സത്യം പറയുവാൻ അവിശ്വാസികളെയും അക്രമകാരികളെയും ഭയപ്പെടാതെ ധൈര്യം കാണിക്കുക. ഇത് അല്ലാഹുവിൻെറ ഖളാഅ്ലും ഖദ്റിലും, അവനിലുമുള്ള വിശ്വാസത്തെ സുദൃഢമാക്കുകയും, അവനിൽ പൂർണമായി ഭരമേൽപിക്കുകയും അതിൻെറ മാർഗത്തിൽ വരുന്ന മുഴുവൻ വിപത്തുകളിലും ക്ഷമിക്കുവാനും കഴിയുന്നു. കാരണം അല്ലാഹുവിൻെറ കയ്യിലാണ് ആയുസ്സും, ഉപജീവനവും നിലനിൽക്കു

ന്നതെന്ന് അവൻ ഉറച്ച് വിശ്വസിക്കുന്നു. അടിമകൾക്ക് എത്ര തന്നെ കഴിവും, സഹായികളും ഉണ്ടായാലും ശരി ഇതിൽ നിന്ന് യാതൊന്നും ഉടമപ്പെടുത്തുന്നില്ല.

10- ഖദ്റിലുള്ള വിശ്വാസം കൊണ്ട് ധൈര്യവും, മനഃകരുത്തും കൈവരുന്നു, കാരണം ആയുസ് നിർണിതവും അല്ലാഹുവിൻെറ കരങ്ങളിലുമാണ്. അല്ലാഹുവിൻെറ വിധിയിലുള്ളതല്ലാതെ യാതൊന്നും അവനെ ബാധിക്കുകയില്ല. മനുഷ്യൻ ഖദ്ർ എന്നതിൽ സുരക്ഷിതമായത്കൊണ്ട് ഖദ്റിലില്ലാത്ത യാതൊരു ബുദ്ധിമുട്ടും അവനെ ബാധിക്കുകയില്ല, കാരണം അല്ലാഹു അങ്ങനെയുള്ള യാതൊന്നും അവന് വിധിച്ചിട്ടില്ല, ഇത്കൊണ്ട് തന്നെ മനുഷ്യന് അല്ലാഹുവിലേക്കും ഉന്നത കാര്യങ്ങളിലേക്കും പ്രബോധനം നടത്തുവാൻ ധൈര്യവും മനഃക്കരുത്തും ലഭിക്കുന്നു, കാരണമവൻ ഉറച്ച് വിശ്വസിക്കുന്നത് അല്ലാഹു വിധിച്ചതല്ലാതെ യാതൊന്നും തന്നെ പിടികൂടുകയില്ലായെന്നാണ്.

☆ ☆ ☆ ☆

# രണ്ട്:

# ആരാധനകളിലടങ്ങിയ ഇസ്‌ലാമിൻെറ നന്മകൾ

(നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, അല്ലാഹുവിൻെറ മാർഗത്തിലുള്ള ജിഹാദ്)

## ആരാധനകളും, അവയുടെ ഉന്നതമായ സ്വാധീനവും:

പ്രിയ വായനക്കാരാ, നാം മുകളിൽ വിശദീകരിച്ച വിശ്വാസപരമായ കാര്യങ്ങളിലുള്ള ഇസ്ലാമിൻെറ നന്മകളെ സംബന്ധിച്ച് നീ മനസിലാക്കി കഴിഞ്ഞാൽ പിന്നീട് നാം നിനക്ക് വിശദീകരിച്ച് തരുന്നത് പൊതു ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇസ്ലാമിക ശരീഅത്തിൻെറ രണ്ടാം ഭാഗമായ ആരാധന എന്ന ഭാഗമാണ്. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ ആരാധനകളിലൂടെയുള്ള ഇസ്ലാമിക ശരീഅത്തിൻെറ നന്മയിലേക്കും, തുടർന്ന് ഈ ഭാഗത്തിൻെറ അവസാനത്തിൽ അല്ലാഹുവിൻെറ മാർഗത്തിലുള്ള ജിഹാദിലൂടെയുള്ള ഇസ്ലാമിൻെറ നന്മയിലേക്കുമാണ് നിന്നെ നയിക്കുന്നത്. വിശ്വാസം കഴിഞ്ഞാൽ ഇസ്ലാം നിർബ്ബന്ധമാക്കിയിട്ടുള്ള അടിസ്ഥാന ആരാധനകളാണ് ഈ അഞ്ച് ആരാധനകൾ.

ഉന്നതമായ തത്വത്തിൻെറയും, ഒരുപാട് രഹസ്യത്തിൻെറയും അടിസ്ഥാനത്തിലാണ് അല്ലാഹു എല്ലാ ആരാധനകളും നിയമമാക്കിയിട്ടുള്ളത്, അതിൽ മനുഷ്യന് അറിയുന്നതും, അറിയാത്തതുമുണ്ട്.

ഇസ്ലാമിൻെറ ഈ നാല് അടിസ്ഥാന തൂണുകളെ സംബന്ധിച്ച് ചെറിയ ഒരു വിവരണവും, പിന്നീട് അതിലടങ്ങിയിട്ടുള്ള നന്മകളെയും സംബന്ധിച്ചാണ് നാം ചർച്ചചെയ്യുവാൻ ഉദ്ദേശിക്കുന്നത്. വളരെ വിസ്തരിച്ച് കൊണ്ട് വിരസതയുളവാക്കുകയോ, ചുരുക്കികൊണ്ട് ബുദ്ധിമുട്ടിപ്പിക്കുകയോ ചെയ്യാതെ എല്ലാത്തിനെയും സംബന്ധിച്ച് ചുരുങ്ങിയ വിവരണമാണ് നൽകുവാൻ പോകുന്നത്.

### ഒന്ന്: നമസ്കാരം:

നമസ്കാരം ഇസ്ലാമിൻെറ തൂണുകളിലെ രണ്ടാമത്തെ തൂണാണ്. വിശ്വാസം ഹൃദയത്തിൽ രൂഢമൂലമാക്കിയതിൻെറയും, സത്യപ്പെടുത്തിയതിൻെറയും തെളിവായി കൊണ്ടും, സുരക്ഷിതവും, ശരിയുമായ വിശ്വാസത്തിൻെറ തെളിവെന്നോണവുമായിട്ടാണ് ഇവ രണ്ട് സാക്ഷ്യ വചനങ്ങൾക്ക് ശേഷം വരുന്നത്.

മതത്തിൽ നമസ്കാരമെന്നാൽ: തക്ബീറോട് കൂടി ആരംഭിക്കുകയും, സലാമോടുകൂടി വിരമിക്കുകയും ചെയ്യുന്ന പ്രത്യേക പ്രവർത്തന ങ്ങളും വാക്കുകളുമാകുന്നു നമസ്കാരം.

നമസ്കാരം നിർബ്ബന്ധമാണെന്നതിന് വിശുദ്ധഖുർആനും, തിരുസുന്നത്തും, ഇജ്മാഉം തെളിവാകുന്നു.

വിശുദ്ധഖുർആനിൽ ഒരുപാട് ആയത്തുകളുണ്ട്, അതിൽ ചിലത്

താഴെ കൊടുക്കുന്നു. അല്ലാഹു പറയുന്നു:

﴿ فَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱعْتَصِمُوا۟ بِٱللَّهِ هُوَ مَوْلَىٰكُمْ ۖ فَنِعْمَ ٱلْمَوْلَىٰ وَنِعْمَ ٱلنَّصِيرُ ﴿٧٨﴾ ﴾، (الحج: ٧٨).

"നിങ്ങൾ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെ മുറുകെ പിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി! " (ഹജ്ജ്:87)

പ്രവാചകൻﷺയുടെ സുന്നത്തിൽ നിന്ന്:

«بني الإسلام على خمس؛ شهادة أن لا إله إلا اللّه وأنّ محمداً رسول اللّه، وإقام الصّلاة، وإيتاء الزّكاة، وصوم رمضان، والحج إلى بيت اللّه الحرام لمن استطاع إليه سبيلاً»(١).

"ഇസ്‌ലാം അഞ്ച് തൂണുകളിലാണ് പടുത്തുയർത്തപ്പെട്ടത്. അവ അല്ലാഹുവല്ലാതെ ആരാധ്യനില്ലന്നും, മുഹമ്മദ് അവൻെറ പ്രവാചകനാണെന്നുമുള്ള സത്യം സാക്ഷ്യപ്പെടുത്തലും, നമസ്കാരം നിലനിർത്തലും, സകാത്ത് നൽകലും, റമളാനിൽ വ്യതമനുഷ്ഠിക്കലും, അല്ലാഹുവിൻെറ ഭവനത്തിലേക്ക് എത്തിച്ചേരുവാൻ കഴിയുള്ളവന് ഹജ്ജ് നിർവ്വഹിക്കലുമാകുന്നു"

ഇജ്മാഅ്: നമസ്കാരം നിർബ്ബന്ധമാണെന്നതിൽ മുസ്‌ലിം സമൂഹം ഒന്നിച്ചിട്ടുണ്ട്, അത് ഇസ്‌ലാമിൻെറ അഞ്ച് സ്തംഭങ്ങളിൽ ഒന്നാകുന്നു, അത്കൂടാതെ ഇസ്‌ലാം നിലനിൽക്കുകയില്ല.

നമസ്കാരത്തിന് ഉന്നതമായ ഫലങ്ങളും, സമഗ്രമായ സ്വാധീനവും, മഹത്തരമായ നന്മകളും ഉണ്ട്, അത് പറഞ്ഞ് തീർക്കുവാൻ കഴിയില്ല. അതിൽപെട്ട ഏറ്റവും പ്രാധാന്യമുള്ള ഫലവും, ഏറ്റവും ഉന്നതമായ സ്വാധീനവും, ഏറ്റവും പ്രകടമായ നന്മയും താഴെ വിവരിക്കുന്നു.

1- നമസ്കാരം ഹൃദയത്തെ ശുദ്ധീകരിക്കുകയും, മനസിനെ സംസ്കരിക്കുകയും, തെറ്റുകളിൽ നിന്നും, വിരോധങ്ങളിൽ നിന്നും തടഞ്ഞ് നിർത്തുകയും, അല്ലാഹു കോപിക്കുന്ന മുഴുവൻ കാര്യങ്ങളോടും കോപം ഉണ്ടാക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

(١) رواه البخاري في صحيحه –مع الفتح-: ١/٤٩، برقم (٨) ومسلم: ١/٤٥، برقم (١٦)

﴿ ٱتْلُ مَآ أُوحِىَ إِلَيْكَ مِنَ ٱلْكِتَـٰبِ وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾ ﴾ (العنكبوت:٤٥)

"(നബിയെ,) വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതികേൾപ്പിക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും, നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമ്മിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (അൻകബൂത്ത്:45)

2- നമസ്കാരം അടിമയെ തൻെറ റബ്ബിലേക്ക് എത്തിക്കുന്നു. തീർച്ചയായും ഒരടിമക്ക് തൻെറ റബ്ബിനെ ആശ്രയിക്കാതെ കഴിയുകയില്ല, ഒരു വ്യക്തി നമസ്കാരത്തിലൂടെ അല്ലാഹുവിനെ സ്തുതിക്കുകയും, തക്ബീർ ചൊല്ലുകും, വാഴ്ത്തുകയും, മഹത്വപ്പെടുത്തുകയും, സ്തുതിക്കുകയും, അവൻെറ ആയത്തുകൾ പാരായണം ചെയ്യുകയും, അവന് കീഴ്പ്പെടുകയും, നിറുത്തത്തിലും, റുകൂഇലും, സുജൂദിലും അവനെ ഓർക്കുകയും, അവൻെറ ആവശ്യങ്ങൾ ചോദിക്കുകയും, തൻെറ പാപങ്ങളിൽ നിന്ന് പാപമോചനം തേടുകയും, തനിക്കാവശ്യമായ കാര്യങ്ങളിൽ അവനോട് സഹായം ചോദിക്കുകയും, ഹൃദയരഹസ്യങ്ങൾ അവനിലേക്ക് ഏൽപിക്കുകയും ചെയ്യുന്നു. ഇതെല്ലാം തന്നെ അവനെ ഭയപ്പെട്ട്കൊണ്ടും, അവന് കീഴ്പ്പെട്ട് കൊണ്ടുമാണ് അവൻ ചെയ്യുന്നത്. അങ്ങിനെ ഒരു ദിവസം അഞ്ച് പ്രാവശ്യം അല്ലാഹുവിലേക്ക് അഭയം പ്രാപിക്കുകയും, അവനിലേക്ക് അടുക്കുകയും അവനിൽ സമാധാനമടയുകയും ചെയ്യുകയും, അതിലൂടെ അല്ലാഹുവിൻറടുത്ത് അവന് പദവികൾ വർദ്ധിക്കുകയും, അവൻെറ സ്ഥാനം ഉയരുകയും ചെയ്യുന്നു. ഇത് നമസ്കാരത്തിലൂടെയല്ലാതെ സാധ്യമാവുകയില്ല.

3- നമസ്കാരത്തിലാണ് അല്ലാഹുവിനുള്ള അനുസരണത്തിൻെറ ആശയം വ്യക്തമായ രൂപത്തിലും, അതിസൂക്ഷ്മമായ ആശയത്തിലും പ്രകടമാകുന്നത്. അടിമയുടെ നിറുത്തം, റുകൂഅ്, സുജൂദ്, പാരായണം, പ്രാർത്ഥന, അല്ലാഹുവിനെ പുകഴ്തൽ എന്നിവയെല്ലാം തന്നെ ഒരു അടിമയുടെ മനസിൽ അല്ലാഹുവിനുള്ള അനുസരണത്തെയാണ് യാഥാർത്ഥ്യമാക്കുന്നു. ഇത് നമസ്കാരത്തിൻെറ മഹത്തായ ഒരു നന്മയിൽ പെട്ടതാണ്, അല്ലാഹു ഇഷ്ടപ്പെടുന്ന രൂപത്തിൽ അല്ലാഹുവിനെ

അനുസരിക്കുവാന്‍ പ്രാപ്തനാക്കുകയാണ് നമസ്കാരം ചെയ്യുന്നത്.

4- നമസ്കാരം കണ്‍കുളുര്‍മയും, ആത്മാവിന് ശാന്തിയും നല്‍കുന്നതോടൊപ്പം അത് ഇസ്‌ലാമിന്‍റെ ഒരു ചിഹ്നവും, വിശ്വാസത്തിന്‍റെ അടയാളവുമാണ്, മാത്രമല്ല ഹദീസില്‍ വന്നത്പ്രകാരം അത് മുസ്‌ലിമിന്‍റെയും അമുസ്‌ലിമിന്‍റെയും ഇടയിലുള്ള വ്യത്യാസവുമാകുന്നു.

«العهد الذي بيننا وبينهم الصّلاة فمن تركها فقد كفر»(١).

"നമ്മുടെയും അവരുടെയും ഇടയിലുള്ള വ്യത്യാസം നമസ്കാരമാണ്, ആരെങ്കിലുമത് ഉപേക്ഷിച്ചാല്‍ അവന്‍ അവിശ്വസിച്ചിരിക്കുന്നു"

وكان رسول اللّه –ﷺ– إذا حزن به أمر قام إلى الصّلاة(٢).

പ്രവാചകന് വല്ലദു:ഖമോ, നാശമോ ബാധിക്കുകയാണെങ്കില്‍ നമസ്കരിക്കുവാന്‍ നില്‍ക്കുമായിരുന്നു. ബിലാല്‍(رضي الله عنه)വിനോട് പറയുമായിരുന്നു:

«أقم الصّلاة أرحنا بها»(٣)،

"നമസ്കാരത്തിന് വിളിക്കുക, അത്കൊണ്ട് നമുക്ക് മന:സമാധാനം ലഭിക്കുമല്ലോ". പ്രവാചകന് അങ്ങേയറ്റത്തെ ക്ഷമയും, ശക്തിയും, മന:ക്കരുത്തും ഉള്ളതോടൊപ്പം തന്നെ നമസ്കാരത്തിലല്ലാതെ അദ്ദേഹത്തിന് മന:സമാധാനം ലഭിച്ചിരുന്നില്ല. മാത്രമല്ല അദ്ദേഹം പറയുമായിരുന്നു:

«وجعل قرة عيني في الصّلاة»(٤).

"എന്‍റെ കണ്‍കുളുര്‍മ നമസ്കാരത്തിലാക്കിയിരിക്കുന്നു"

---

(١) رواه النسائي في سننه: ١/٢٥٠ برقم (٤٦٢)، والترمذي في سننه: ٥/١٥، برقم (٢٦٢١)، وابن ماجة: ١/٣٤٢، برقم (١٠٧٩)، قال الترمذي: هذا حديث حسن صحيح غريب.

(٢) رواه أبو داود في سننه: ٢/٧٨، برقم (١٣١٩)، وإسناده حسن. صحيح الجامع، للألباني (٤٧٠٣)

(٣) رواه أبو داود في سننه:٥/٢٦٢، برقم (٤٩٨٦)، وإسناده حسن. صحيح الجامع، للألباني (٧٨٩٢).

(٤) رواه النسائي في سننه:٧/٧٢، برقم (٣٩٤٩)، وقال ابن حجر في تلخيص الحبير (٣/١١٦): وإسناده حسن.

5- എണ്ണി തിട്ടപ്പെടുത്തുവാനും, ക്ലിപ്തപ്പെടുത്തുവാനും കഴിയാത്ത അനുഹ്രങ്ങൾക്ക് പ്രകടമായ നന്ദി പ്രകടിപ്പിക്കലാണ് നമസ്കാരം, അത്കൊണ്ടാണ് പ്രവാചകൻ(സ) തൻെറ കാലിൽ നീര്‌വരുന്നത് വരെ നിന്ന് നമസ്കരിച്ചിരുന്നത്. അതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറയുന്നത് നാം ശ്രദ്ധിക്കുക:

«أفلا أكون عبدا شكورا»(١)

"ഞാനൊരു നന്ദിയുള്ള അടിമയായിരിക്കേണ്ടതില്ലേ"

ആരാണോ നമസ്കരിക്കുന്നത് അവൻ അല്ലാഹുവിനുള്ള പ്രകടമായ നന്ദി ചെയ്തിരിക്കുന്നു. നമസ്കരിക്കാത്താവൻ അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്കും, നന്മകൾക്കും, ഔദാര്യത്തിനും നന്ദിയർപ്പിക്കാത്തവനാണ്, മാത്രമല്ല, അല്ലാഹു ഔദാര്യമായി നൽകിയ രാവിനും, പകലിനും നന്ദിചെയ്യേണ്ടതിന് പകരം നന്ദികേട് കാണിക്കുകയും, അവനിൽ നിന്ന് പിൻതിരിയുകയും, അകലുകയും ചെയ്യുന്നത് തന്നെ മതി ഒരു വ്യക്തിക്ക് നിന്ദ്യതയും, അപമാനമായിട്ട്. അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് കൊണ്ട് സുജൂദും റുകൂഉം ചെയ്യുന്നവരോടൊപ്പം നന്ദികെട്ടവനെ നമുക്ക് കാണാനാവില്ല.

6- നമസ്കാരം അതിൻെറ അവകാശികൾക്ക് പ്രകാശം നൽകുന്നു, അതവൻെറ ഹൃദയത്തിൽ വെട്ടിതിളങ്ങുകയും, മുഖത്ത് പ്രകാശിക്കുകയും, മറ്റു അവയവങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നു. പ്രവാചകൻ ﷺ പറയുന്നു:

«الطّهور شطر الإيمان، والحمد لله تملأ الميزان، وسبحان الله والحمد لله تملآن ما بين السماوات والأرض، والصّلاة نور، والصّدقة برهان، والصّبر ضياء، والقرآن حجة لك أو عليك، كل النّاس يغدو، فبائع نفسه فمعتقها أو موبقها»(٢).

"ശുദ്ധി വിശ്വാസത്തിൻെറ ഭാഗമാകുന്നു, 'അൽ ഹംദുലില്ലാഹ്' എന്നത് തുലാസ് നിറക്കുന്നതാണ്, 'സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ്' ആകാശ ഭൂമികൾക്കിടയിലുള്ളതിനെ നിറക്കുന്നു, നമസ്കാരം പ്രകാശവും, ദാനധർമ്മങ്ങൾ തെളിവും, ക്ഷമ വെളിച്ചവും, ഖുർആൻ

---

(١) رواه البخاري في صحيحه–مع الفتح–:٥٨٤/٨، برقم (٤٨٣٦)، ومسلم: ٢١٧١/٤، برقم (٢٨١٩)

(٢) رواه مسلم: ٢٠٣/١، برقم: (٢٢٣).

നിനക്ക് അനുകൂലമായോ, പ്രതികൂലമായോ തെളിവുമാണ്, എല്ലാവരും പ്രഭാതത്തിൽ ജീവിതമാരംഭിക്കുകയും സ്വന്തത്തെ സ്വയംതന്നെ വിൽക്കുകയും ചെയ്യുന്നു, ചിലരതിനെ മോചിപ്പിക്കുന്നു, മറ്റുചിലരതിനെ നാശത്തിലാക്കുകയും ചെയ്യുന്നു"

7- നമസ്കാരം കൊണ്ട് പാപങ്ങൾ പൊറുക്കപ്പെടുകയും, പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ وَأَقِمِ ٱلصَّلَوٰةَ طَرَفَيِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيۡلِۚ إِنَّ ٱلۡحَسَنَٰتِ يُذۡهِبۡنَ ٱلسَّيِّـَٔاتِۚ ذَٰلِكَ ذِكۡرَىٰ لِلذَّٰكِرِينَ ﴿١١٤﴾ ﴾، (هود: ١١٤)

"പകലിൻെറ രണ്ടറ്റങ്ങളിലും, രാത്രിയിലെ ആദ്യയാമങ്ങളിലും നീ നമസ്കാരം മുറപോലെ നിർവ്വഹിക്കുക. തീർച്ചയായും സൽകർമ്മങ്ങൾ ദുഷ്കർമ്മങ്ങളെ നീക്കികളയുന്നതാണ്. ചിന്തിച്ചു ഗ്രഹിക്കുന്നവർക്ക് ഒരു ഉൽബോധനമാണത്" (ഹൂദ്: 114) പ്രവാചകൻ ﷺപറയുന്നു:

«الصلوات الخمس، والجمعة إلى الجمعة، كفارة لما بينهن، ما لم تغش الكبائر»(١).

"അഞ്ച് നേരത്തെ നമസ്കാരവും, ഒരു ജുമുഅ: അടുത്ത ജുമുഅ: വരെയും, അവയ്ക്കിടയിലുള്ള പ്രായ്ശ്ചിത്തമാകുന്നു, വൻപാപം ചെയ്തില്ലായെങ്കിൽ"

8- രാവിലും പകലിലുമായി നിശ്ചയിക്കപ്പെട്ട അഞ്ച് നേരത്തെ നമസ്കാരം സൂചിപ്പിക്കുന്നത് അല്ലാഹുവിന് അടിമകളോടുള്ള കാരുണ്യവും, ഔദാര്യവുമാണ്, രാവിലും പകലിലുമായി വ്യത്യസ്ഥ സമയങ്ങളിൽ അല്ലാഹുവുമായി ബന്ധപ്പെടുവാൻ ഒരുവ്യക്തിക്ക് അവസരം ലഭിക്കുന്നുവെന്ന ഉന്നതമായ ഒരു നന്മയടങ്ങിയിട്ടുണ്ട് നമസ്കാരത്തിൽ. അങ്ങിനെ വിപത്തുക്കളെ തടുക്കുവാനും, പാപങ്ങൾ പൊറുക്കപ്പെടുവാനും, അതിലൂടെ അല്ലാഹുവിൻെറടുത്ത് പദവികൾ ഉയർത്തുവാനും സാധിക്കുന്നു.

9- ഒരു അടിമ നമസ്കാരം കൊണ്ട് അല്ലാഹുവിൻെറടുത്ത് ധാരാളം നന്മകൾ കരസ്ഥമാക്കുന്നു. അമ്പത് വർഷം ജീവിക്കുന്നവൻ ഓരോ ദിവസവും അഞ്ച് നേരം നമസ്കരിക്കുകയാണെങ്കിൽ അവന് എത്രമാത്രം പ്രതിഫലമാണ് കസ്ഥമാക്കുവാൻ കഴിയുക, (50 x 360 )

(١) رواه مسلم ٢٠٩/١، برقم (٢٣٣).

= (18000x 5 നമസ്കാരം) = (90000) ഒൻപതിനായിരം നമസ്കാരം. അവസാന നാളിൽ ഈ വലിയ നന്മയുമായിട്ടാണ് ആ വ്യക്തി ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക, മാത്രമല്ല എല്ലാ നന്മകൾക്കും അതിൻെറ പത്തിരിട്ടി മുതൽ ധാരാളമിരട്ടി പ്രതിഫലം നൽകപ്പെടുന്നു. അങ്ങിനെയാണെങ്കിൽ പരലോകത്ത് അവൻെറ സന്തോഷവും ആഹ്ളാദവും എന്തായിരിക്കും. ഇവിടെയാണ് മനുഷ്യൻ നമസ്കാരമെന്നത് മതത്തിൻെറ മഹത്തായ ഒരു നന്മയും, അല്ലാഹുവിന് തൻെറ അടിമകളോടുള്ള കാരുണ്യം വളരെ വിശാലമാണെന്നും മനസിലാക്കുന്നത്, ഈ നമസ്കാരം കൊണ്ട് അവനെ സ്വർഗപ്രവേശനത്തിന് അർഹനാക്കുകയും ചെയ്യുന്നു.

10- നമസ്കാരം ഇസ്‌ലാമിൻെറ അഞ്ച് തൂണുകളും ഒരുമിച്ച് കൂട്ടുന്നു. അത് ആദ്യത്തെയും അവസാനത്തേയും തശഹുദിൽ സാക്ഷ്യവചനങ്ങൾ ഉൾകൊള്ളുന്നുണ്ട്, നമസ്കാരം ഓരോ ദിവസത്തെയും സകാത്താണ്, കാരണം സകാത്ത് ധനത്തിനുള്ള ശുദ്ധീകരണം പോലെ നമസ്കാരം സമയങ്ങൾക്കുള്ള ശുദ്ധീകരണമാണ്, അതിന് വേണ്ടി നമസ്കാര സ്ഥലത്ത് അവൻ നമസ്കരിക്കുവാൻ തൻെറ സമയം ചിലവഴിക്കുന്നു, മാത്രമല്ല താൻ ചെയ്യുന്ന പാപങ്ങളുടെ ശുദ്ധീകരണവുമാണ് നമസ്കാരം. പ്രവാചകൻ പറയുന്നു:

قال -ﷺ- «أرأيتم لو أن نهراً بباب أحدكم يغتسل فيه كل يوم خمساً، ما تقول ذلك يبقى من درنه؟» قالوا: «لا يبقى من درنه شيئاً، قال: فكذلك مثل الصّلوات الخمس يمحو الله به الخطايا»(١).

“ആരുടെയെങ്കിലും വാതിലിന് മുമ്പിലൂടെ ഒഴുകികൊണ്ടിരിക്കുന്ന പുഴയിൽ നിന്ന് ഒരു ദിവസം അഞ്ച് നേരം ഒരാൾ കുളിക്കുന്നു, അദ്ദേഹത്തിൻെറ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ? നിങ്ങൾ എന്താണ് പറയുന്നത്? അവർ പറഞ്ഞു: യാതൊരു അഴുക്കും അവശേഷിക്കുകയില്ല. പ്രവാചകൻ പറഞ്ഞു: അത്പോലെയാണ് അഞ്ച് നേരത്തെ നമസ്കാരം കൊണ്ട് അല്ലാഹു പാപങ്ങൾ മായ്ച്ച് കളയുന്നു”

സകാത്ത് നൽകണമെന്ന് കൽപിക്കുന്ന അധിക ആയത്തുകളിലും നമസ്കാരവും സകാത്തും ഒരുമിച്ച് വന്നതിലുള്ള യുക്തി ഇവിടെയാണ് നമുക്ക് മനസിലാക്കുവാൻ കഴിയുന്നത്, നമസ്കരിക്കണം എന്ന കൽപനക്ക് തൊട്ട് തന്നെ സകാത്ത്നൽകണം എന്ന കൽപന

---

(١) رواه البخاري في صحيحه –مع الفتح-:١١/٢، برقم (٥٢٨)، ومسلم: ٤٦٢/١-٤٦٣، برقم (٦٦٧)

വന്നിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ ﴾، (الحج: ٧٨).

"നിങ്ങൾ നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക" (ഹജ്ജ്:78)

നമസ്കാരം പ്രത്യേക വാക്കുകളും, പ്രവർത്തനങ്ങളുമാണ്, നമസ്കാരത്തിൻെറ പൂർണതയേ ഇല്ലാതാക്കി കളയുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും മനസിനെയും, മറ്റു അവയവങ്ങളെയും തടഞ്ഞ് നിറുത്തിയാണ് ഒരാൾ നമസ്കാരത്തിന്വേണ്ടി മസ്ജിദുൽ ഹറാമിലേക്ക് മുന്നിടുന്നത്. അല്ലാഹു പറയുന്നു:

﴿ قَدۡ نَرَىٰ تَقَلُّبَ وَجۡهِكَ فِي ٱلسَّمَآءِۖ فَلَنُوَلِّيَنَّكَ قِبۡلَةٗ تَرۡضَىٰهَاۚ فَوَلِّ وَجۡهَكَ شَطۡرَ ٱلۡمَسۡجِدِ ٱلۡحَرَامِۚ وَحَيۡثُ مَا كُنتُمۡ فَوَلُّواْ وُجُوهَكُمۡ شَطۡرَهُۥ ﴾، (البقرة: ١٤٤).

"(നബിയെ,) നിൻെറ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേൽ നീ നിൻെറ മുഖം മസ്ജിദുൽ ഹറാമിൻെറ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിൻെറ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്" (അൽബഖറ:144) ഒരാൾ തൻെറ നമസ്കാരത്തിലൂടെ അല്ലാഹുവിൻെറ ഈ ഭവനത്തിലേക്ക് തിരിയുന്നതിലൂടെ ഇസ്‌ലാമിൻെറ തൂണിൽ പെട്ട ഹജ്ജിൻെറ ഒരു ഭാഗമാണ് നിർവ്വഹിക്കുന്നത്. അത് ആ ഭവനത്തെ മഹത്വപ്പെടുത്തുകയും, ആദരിക്കുകയുമാകുന്നു.

11- നമസ്കാരം സൃഷ്ടാവിൻെറ കൽപനകളനുസരിക്കുവാൻ മനസിനെ പാകപ്പെടുത്തുകയും, ആരാധനയുടെ മര്യാദകളും, രക്ഷാകർതൃത്വ ഏകത്വത്തിലുള്ള വിശ്വാസത്തിന് അനിവാര്യമായ കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു, അത് സാധ്യമാകുന്നത് സ്വന്തം ഹൃദയത്തിൽ അല്ലാഹുവിൻെറ മഹത്വവും, അവനോടുള്ള ഭയവും, സ്നേഹവും, പ്രതീക്ഷയും, അവന് കീഴ്പ്പെടുകയും, അവനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നതിലൂടെയാണ്.

12- നമസ്കാരം മുസ്‌ലീങ്ങൾക്കിടയിൽ സാഹോദര്യവും, ഐക്യവുമുണ്ടാക്കുന്നു, ലോകത്തിൻെറ വിവിധഭാഗങ്ങളിലുള്ള മുസ്‌ലീങ്ങൾ കഅബയിലേക്ക് തിരിഞ്ഞ് നമസ്കരിക്കുമ്പോൾ മുസ്‌ലീങ്ങൾക്ക് അത് സാഹോദര്യവും, ഐക്യവുമായിട്ടാണ് അനുഭവപ്പെടുന്നത്. അവിടെ അനൈക്യത്തിന് സ്ഥാനമില്ല. എല്ലാ മുസ്‌ലീങ്ങളും അല്ലാഹു

വിൻെറ അടിമകളാണ്, അവരുടെ ആരാധ്യൻ ഒന്നാണ്, അവരുടെ ഖിബ്ലയും, മതവും ഒന്ന് തന്നെ, അവിടെ ധനികരന്നോ, ദരിദ്രരന്നോ ഉന്നതരന്നോ, താഴ്ന്നവരെന്നോ വ്യത്യാസമില്ല, ആർക്കും തന്നെ പ്രത്യേക പരിഗണനയോ, ചായ്വോ ലഭിക്കുന്നില്ല. ഖിബ്ലയിലേക്ക് മുന്നിടുകയെന്നത് യാഥാർത്ഥ്യമാകുമ്പോൾ അവിടെ മുസ്ലീങ്ങളുടെ ഐക്യമാണ് യാഥാർത്ഥ്യമാകുന്നത്. മനുഷ്യന് നീതിയിലധിഷ്ടിതമായി ജീവിക്കുവാൻ പരിശീലനം അവന് ഇതിലൂടെലഭിക്കുന്നു. എല്ലാത്തിനെയും അതിൻെറ യഥാർത്ഥ സ്ഥാനത്ത് വെക്കുകയെന്നതാണ് ഹിക്മത്. ആയിരക്കണക്കിന് മുസ്ലീങ്ങൾ ജീവിക്കുകയും, അതിലെ ഓരോ വ്യക്തികളും തൻെറ സംഘങ്ങളിലും സമൂഹത്തിലും പ്രവർത്തന നിരതരാകുന്നു. അവർ ഓരോരുത്തരും നമസ്കാരം സൂക്ഷ്മതയോടെ അതിൻെറ സമയത്ത് നിർവ്വഹിക്കുകയും, അവൻെറ സമയത്തെ തൊട്ട് ബോധവാനാവുകയും, തൻെറ സമയത്തെ ക്രമീകരിക്കുകയും, ജീവിതത്തിലെ മുഴുവൻ പ്രശ്നങ്ങളെയും ചിട്ടപ്പെടുത്തുകയും, നേതാവിനെ അനുസരിക്കുവാനും, പിൻപറ്റുവാനും പരിശീലനം നേടുകയും ചെയ്യുന്നു.

നമസ്കാരം ഒരു മുസ്ലിമിന് നൽകുന്ന നന്മകളും, ഗുണങ്ങളും, ശ്രേഷ്ടതകയും എണ്ണി തിട്ടപ്പെടുത്താനാവില്ല, ദൈവിക ദാനമായ ഈ മഹത്തായ ചിഹ്നം നിലനിർത്തുവാനും, ജീവിതത്തിൽ അനുഷ്ടിക്കുവാനും നാം വിവരിച്ചത് തന്നെ ധാരാളമാണ്.

## രണ്ട്: സകാത്ത്:

സകാത്ത് ഇസ്ലാം കാര്യങ്ങളിലെ മൂന്നാമത്തെ സ്തംഭമാകുന്നു.

മതത്തിൽ സകാത്ത് എന്ന്പറഞ്ഞാൽ: സമൂഹത്തെയും, സമ്പത്തിനെയും, മനുഷ്യനെയും സംസ്കരിക്കുവാനും, അല്ലാഹുവിൻെറ തൃപ്തി യാഥാർത്ഥ്യമാക്കുവാനും വേണ്ടി നിശ്ചിത കാലയളവിൽ നിശ്ചിത സമ്പത്തിനുള്ള നിർബ്ബന്ധമായ ബാധ്യതയാണ് സകാത്ത്.

ഇസ്ലാമിലെ സകാത്തിൻെറ പ്രധാനപ്പെട്ട ലക്ഷ്യം ഈ നിർവ്വചനം ഉൾകൊള്ളുന്നുണ്ട്. അതോടൊപ്പം വെറേയും ലക്ഷ്യങ്ങൾ സകാത്ത് നിർബ്ബന്ധമാക്കിയതിലുണ്ട്. മഹത്വരമായ മനുഷ്യത്വത്തിൻെറയും, ഉന്നതമായ സ്വഭാവത്തിൻെറയും, ഉയർന്ന ആത്മീയതയുടെയും ലക്ഷ്യങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഓരോ ലക്ഷ്യങ്ങളും വിശദീകരിക്കുവാനാവില്ല.

പ്രധാനപ്പെട്ട ചില നന്മകൾ താഴെ വിവരിക്കുന്നു:

1- സകാത്തിനെ നമസ്കാരത്തോടൊപ്പം ഇസ്ലാമിക പ്രമാണങ്ങളിൽ അനേകം സ്ഥലങ്ങളിൽ അല്ലാഹു ചേർത്ത് പറഞ്ഞിട്ടുണ്ട്. ഇവ

സൂചിപ്പിക്കുന്നത് അല്ലാഹുവിൽ നിന്നുള്ള രക്ഷ ലഭിക്കുന്നത് തന്നെ ഇവ രണ്ടും ശരിയാകുന്നതിലൂടെയാണ് എന്നാണ്. നമസ്കാരം അടിമകളുടെ ശരീരത്തിലും, അവൻെറ ദേഹത്തിലുമുള്ള അല്ലാഹുവിൻെറ അവകാശമായത് പോലെ തന്നെ, സകാത്ത് അവൻെറ സമ്പാദ്യത്തിലും, ധനത്തിലുമുള്ള അല്ലാഹുവിൻെറ അവകാശമാണ്. തൻെറ സൃഷ്ടിപ്പിലും, മറ്റും അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹത്തിന് പകരമായി നമസ്കാരത്തിലൂടെ അല്ലാഹുവിന് നന്ദി ചെയ്യുന്നത് പോലെ തന്നെ, ലഭിച്ച സമ്പത്തിനും, ഐശ്വര്യത്തിനും പകരമായി അല്ലാഹുവിന് സകാത്തിലൂടെ നന്ദി ചെയ്യുന്നു.

2- സകാത്ത് അത്യാഗ്രഹം, ലുബ്ദ്, പിശുക്ക് എന്നിവയെ ശുദ്ധീകരിക്കുന്നു.

എല്ലാം തനിക്ക് എന്ന വിചാരം, പക, അത്യാഗ്രഹം, പിശുക്ക്, ലുബ്ദ് എന്നീ രോഗങ്ങളെ സുഖപ്പെടുത്തുവാനുള്ള മതിയായ ചികിൽസ തന്നെയാണ് സകാത്ത്. എന്നാൽ ഇസ്‌ലാം സമ്പത്തിനെ ഇഷ്ടപ്പെടുന്നതും, സ്വന്തത്തെ ഇഷ്ടപ്പെടുന്നതും അംഗീകരിക്കുന്നു. അത്പോലെ തന്നെ പിശുക്ക് എന്നത് മനുഷ്യൻെറ ആത്മാവിൽ എപ്പോഴുമുണ്ടായിരിക്കും അത് മാഞ്ഞ് പോകുകയില്ല. അല്ലാഹു പറയുന്നു:

﴿ وَأُحۡضِرَتِ ٱلۡأَنفُسُ ٱلشُّحَّۚ ﴾، (النساء: ١٢٨).

"പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ട് മാറാത്തതാകുന്നു" (നിസാഅ്: 128)

മേൽ പറഞ്ഞ സ്വഭാവങ്ങളെ അല്ലാഹു സഹായം, സന്തോഷവാർത്ത, ഭയം, പ്രതീക്ഷ എന്നിവയാലുള്ള മാനസിക ചികിൽസ നൽകി ഉദ്ദേശം പൂർത്തീകരിക്കുന്നത് വരെ ചികിൽസിക്കുന്നു, അത്പോലെ പിശുക്കുള്ളവനോട് തനിക്ക് കൂടുതൽ ഇഷ്ടമുള്ളതും, പ്രതാപം നൽകുന്നതുമായ കാര്യങ്ങൾ ധർമ്മം ചെയ്യുവാനായി പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ لَن تَنَالُواْ ٱلۡبِرَّ حَتَّىٰ تُنفِقُواْ مِمَّا تُحِبُّونَۚ ﴾، (آل عمران: ٩٢).

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചിലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല" (ആലു ഇംറാൻ:92)

അല്ലാഹുവിന് ഉത്തരം നൽകുകയും, നല്ലത് അന്വോഷിക്കുകയും, അത് ധർമ്മം ചെയ്യുകയും ചെയ്യുന്നതിലൂടെ ഒരു മുസ്‌ലിമിന് അങ്ങേയറ്റം ധർമ്മം ചെയ്യുവാനും, ദാനം നൽകുവാനുമുള്ള ഒരു മനസ് പാകപ്പെടുകയും പ്രകൃതിയാലുള്ള സ്വഭാവത്തെ മാനസികമായ സ്വഭാവം കൊണ്ട് അതിജയിക്കുവാൻ കഴിയുകയും ചെയ്യുന്നു.

3- സകാത്തിൻെറ മഹത്തായ നന്മയിലും, തത്വത്തിലും പെട്ട ഒന്നാണ് പിശുക്ക്, ലുബ്ദ് എന്നീ ചീത്ത സ്വഭാവത്തിൽ നിന്ന് അകറ്റി, ദാനധർ

മ്മത്തിന്‍െറയും, മാന്യതയുടെയും സ്വഭാവത്തിലേക്ക് കൊണ്ടെത്തിക്കുന്നൂ എന്നുള്ളത്.

4- വ്യക്തികള്‍ക്കിടയില്‍ സമൂഹത്തിന്‍െറ ആത്മാവിനെ വളര്‍ത്തുന്നുവെന്നത് സകാത്തിന്‍െറ പ്രത്യേകതകളിലും, നന്മകളിലും പെട്ട ഒന്നാണ്. സകാത്ത് നല്‍കുന്നതിലൂടെ താനും ഈ സമൂഹത്തില്‍ ഒരു അംഗമാണെന്ന് നല്‍കുന്നവന് ബോധ്യപ്പെടുകയും, സമൂഹത്തിന്‍െറ നിര്‍ബ്ബന്ധ ബാധ്യതകളില്‍ പങ്കാളിയാവുകയും, ചുമതലകളില്‍ ഉണര്‍ന്ന് പ്രവര്‍ത്തിക്കുകയും ചെയ്യുന്നു. അതിലൂടെ സമൂഹം ഒരു കുടുംബമായി പരിണമിക്കുകയും ചെയ്യുന്നതോടൊപ്പം അവരെ നയിക്കുന്നത് പരസ്പര സഹായവും, പരസ്പര സ്നേഹവും, ഐക്യവുമായിരിക്കും. അതിലൂടെ പ്രവാചകന്‍െറ താഴെ വരുന്ന ഹദീസ് അവര്‍ യാഥാര്‍ത്ഥ്യമാക്കുകയും ചെയ്യുന്നതാണ്. പ്രവാചകന്‍ﷺ പറയുന്നു:

«مثل المؤمنين في توادهم وتراحمهم وتعاطفهم كمثل الجسد الواحد إذا اشتكى منه عضو تداعى له سائر الجسد بالسهر والحمى»(١).

"വിശ്വാസികള്‍ക്കിടയിലുള്ള പരസ്പര സ്നേഹത്തിന്‍െറയും, കാരുണ്യത്തിന്‍െറയും, അനുകമ്പയുടെയും ഉദാഹരണം ഒരു ശരീരം പോലെയാണ്, ശരീരത്തിലെ ഏതെങ്കിലും ഒരു അവയവത്തിന് എന്തെങ്കിലും ബാധിച്ചാല്‍ ശരീരം മുഴുവനും പനിബാധിച്ച് കൊണ്ടും ഉറക്കൊഴിച്ച് കൊണ്ടും അതിനോട് അനുഭാവം പുലര്‍ത്തുന്നു"

5- ഇസ്‌ലാമിക സാഹോദര്യത്തിന്‍െറ പ്രാവര്‍ത്തികമായ രൂപത്തിനും, സകാത്ത് നല്‍കുന്നവനിലൂടെ പ്രകടമാവുന്ന മുസ്‌ലിമിന്‍െറ സ്വഭാവത്തിന്‍െറ പ്രായോഗികതക്കും നല്‍കുന്ന നിര്‍വ്വചനമാണ് സകാത്ത്. ദരിദ്രന് തന്‍െറ മനസില്‍ മറ്റുള്ളവരോടുള്ള അസൂയയോ, വിദ്വോഷമോ, പകയോ ഇല്ലാതെ ജീവിക്കുവാന്‍ സകാത്തിലൂടെ കഴിയുന്നു, പാവപ്പെട്ടവന്‍െറ അവകാശം ധനികന്‍െറ സമ്പത്തില്‍ സുരക്ഷിതമാണെന്ന് പാവപ്പെട്ടവന്‍ മനസിലാക്കുകയും, ധനികന്ന് വേണ്ടി അനുഗ്രഹത്തിനും, കൂടുതല്‍ സമ്പത്തുണ്ടാവാനും പ്രാര്‍ത്ഥിക്കുകയും അവനെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. പ്രവാചകന്‍ﷺ പറയുന്നു:

---

(١) رواه البخاري في صحيحه –مع الفتح-: ٤٣٨/١٠، برقم (٦٠١١)، ومسلم: ١٩٩٩/٤، برقم (٢٥٨٦).

«المؤمن للمؤمن كالبنيان يشد بعضه بعضاً»(١).

"ഒരു വിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക് ഒരു കെട്ടിടം പോലെയാകുന്നു, അതിൻെറ ഓരോ ഭാഗവും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു"

പരീക്ഷണങ്ങളും, പകർച്ച വ്യാധികളും അധികരിക്കുകയും, മാനസിക പിരിമുറുക്കങ്ങൾ വർദ്ധിക്കുകയും, ശ്രേഷ്ടഗുണങ്ങൾ നിർജ്ജീവമാവുകയും, കുതന്ത്രങ്ങൾ വ്യാപിക്കുകയും, മോഷണങ്ങൾ സർവ്വസാധാരണമാവുകയും, പകയും വിദ്വേഷവും വളരുകയും, മറ്റു നീചഗുണങ്ങൾ മുഴുവനും വ്യാപിച്ച ഒരു സമൂഹത്തെയാണ് ആധുനിക (ഇസ്‌ലാമികേതര) സമൂഹത്തിൽ നിനക്ക് കാണാൻ കഴിയുക.

ഇസ്‌ലാമിക സമൂഹം, സകാത്ത് നൽകുന്ന സമൂഹമാണ്, അവിടെയുള്ളത് സ്നേഹവും, അനുസരണവും, നന്മയും, സൗഭാഗ്യവും തുടങ്ങിയ സൽസ്വഭാവങ്ങളാണ്. ഇതെല്ലാം തന്നെ ഉണ്ടാകുന്നത് ഈ മഹത്തായ ഇസ്‌ലാമിൻെറ സ്തംഭമായ സകാത്ത് മനസാവാചാ കർമണാ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നത് കൊണ്ടുള്ള നന്മകളാണ്.

6- സകാത്തിൻെറ നന്മയിലും പ്രത്യേകതയിലും പെട്ടതാണ് അതിലൂടെ സമാധാനവും, ശന്തിയും നൽകുന്നു എന്നത്.

ഇസ്‌ലാമിൽ സകാത്ത് -അല്ലാഹുവിൻെറ അനുഗ്രഹം കഴിഞ്ഞാൽ- ബലഹീനർക്കുള്ള സാമൂഹ്യ പരിരക്ഷയും, ഭിന്നതയിൽ നിന്നും, ദൗർബല്യത്തിൽ നിന്നുമുള്ള സംരക്ഷണവുമാണ്. അത്പോലെ പരസ്പരം സഹായിക്കുവാനുള്ള പൊതുസുരക്ഷാ സ്ഥാപനവും, അല്ലാഹുവിൻെറ അനുമതിയോടെ രോഗം, പട്ടിണി, ദാരിദ്ര്യം, ഇല്ലായ്മ എന്നിവയെല്ലാം തുടച്ച് നീക്കുവാനുള്ള ഒരു മാർഗം കൂടിയാണ് സകാത്ത്... സകാത്തിൻെറ സമ്പത്തിലൂടെ ദുഃഖവും, സങ്കടവും, മനഃപ്രയാസവും ഇല്ലാത്ത, സംതൃപ്തിയും സമാധാനവും നിറഞ്ഞ മനസോടെ ഭാവി കാര്യങ്ങൾ നേരിടുവാനുള്ള പ്രതാപവും, ധൈര്യവും ദരിദ്രർക്ക് ലഭിക്കുന്നു.

7- ജോലി ചെയ്യുവാനും, അദ്ധ്വാനിക്കുവാനും, പരിശ്രമിക്കുവാനും പ്രേരിപ്പിക്കുന്നു എന്നുള്ളത് സകാത്തിൻെറ നന്മയിൽപെട്ടത് തന്നെയാണ്.

കടബാധ്യതയുള്ളവർ, ഹൃദയം ഇണക്കപ്പെട്ടവർ, സകാത്തിന് വേണ്ടി പ്രവർത്തിക്കുന്നവർ, പാവപ്പെട്ടവർ, ദരിദ്രർ എന്നിവർക്ക് സകാത്തിലൂടെ ധനികൻെറ സമ്പത്തിൽ നിന്നും ഒരുവിഹിതത്തിൻെറ ഉടമാവകാശം നീക്കിവെക്കുന്നു, അതിലൂടെ അവരെ ജോലി ചെയ്യുവാനും

(١) رواه البخاري في صحيحه –مع الفتح-: ١٠/٤٤٩-٤٥٠، برقم (٦٠٢٦)، ومسلم: ٤/١٩٩٩، برقم (٢٥٨٥).

അദ്ധ്വാനിക്കുവാനും, പരിശ്രമിക്കുവാനും, സമൂഹത്തെ പിൻതുടരുവാനും പ്രേരിപ്പിക്കുകയും ചെയ്യുന്നു, ഇങ്ങനെ സമൂഹത്തിൽ അവർക്കാവശ്യമുള്ള വിഭവങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും, ദാരിദ്ര്യം തന്നെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു.

8- ദാരിദ്ര്യം നിർമാർജനം ചെയ്യുവാനുള്ള വിജയകരമായ ഒരു മാർഗമാണ് സകാത്ത് എന്നുള്ളത് ഇതിൻെറ പ്രത്യേകതയിലും നന്മയിലും പെട്ടതാണ്. ഇതിന് തെളിവായികൊണ്ട് ഇസ്‌ലാമിൻെറ സുവർണ്ണ കാലഘട്ടത്തിൽ സകാത്ത് അതിൻെറ യഥാർത്ഥ രൂപത്തിൽ നിർവ്വഹിക്കപ്പെട്ടപ്പോൾ ദാരിദ്ര്യം അവസാനിക്കുകയും, സകാത്തിൻെറ ധനവുമായി നാട് ചുറ്റിയ ആളുകൾക്ക് അത് വാങ്ങുവാനുള്ള ഒരാളെയും കണ്ടെത്തുവാൻ കഴിഞ്ഞില്ലാ എന്നതാണ് യാഥാർത്ഥ്യം. എപ്പോഴാണോ സകാത്ത് മതം അനുശാസിക്കുന്ന രൂപത്തിൽ മുസ്‌ലീങ്ങൾ നിർവ്വഹിക്കപ്പെടുന്നത് അപ്പോൾ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുവാൻ സാധിക്കും എന്നതിനുള്ള ഒരു ഉത്തമ തെളിവാണ് മേൽ പരാമർശിക്കപ്പെട്ട സംഭവം. സകാത്ത് യാഥാർത്ഥ്യമാക്കുന്നതിലൂടെ അല്ലാഹു ഉദ്ദേശിക്കുന്ന ഈ ഉദ്ദേശത്തേക്കാൾ ഉത്തമവും, നല്ലതുമായ വല്ല പ്രത്യേകതയും, നന്മയും ഉൾകൊള്ളുന്നുണ്ടോ ഇസ്‌ലാമിൽ നിർബ്ബന്ധമാക്കപ്പെട്ട സകാത്തിൽ?!

## മൂന്ന്: നോമ്പ്:

മതത്തിൽ നോമ്പ്കൊണ്ടുദ്ദേശിക്കുന്നത്: "പ്രത്യേകമായ നിബന്ധനയോടെ, നിർണ്ണയിക്കപ്പെട്ട വ്യക്തികൾ പ്രത്യേക സമയത്ത് പ്രത്യേകമാക്കപ്പെട്ട കാര്യങ്ങൾ ഉപേക്ഷിക്കലാകുന്നു നോമ്പ്.

നോമ്പ് ഇസ്‌ലാമിൽ നിയമമാക്കപ്പെട്ടിരിക്കുന്നു, ഇത് മതത്തിൻെറ ഒരു റുക്നും, അല്ലാഹു നിർബ്ബന്ധമാക്കിയ ഒരു നിർബ്ബന്ധ കാര്യവുമാണ്, ദീനിൽ നിർബ്ബന്ധമായും ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട കാര്യവുമാണ് നോമ്പ് എന്നതിൽ മുസ്‌ലിം സമൂഹം യോജിക്കുകയും ചെയ്തിട്ടുണ്ട്. ഖുർആനും, സുന്നത്തും, ഇജ്മാഉം ഇത് നിർബ്ബന്ധമാണെന്ന് സൂചിപ്പിക്കുന്നുണ്ട്.

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ١٨٣ ﴾، (البقرة: ١٨٣).

"സത്യവിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പു നിർബ്ബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും അതു നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ധർമ്മ നിഷ്ഠയുള്ളവരായിത്തീരാൻ വേണ്ടിയാ ണത്" (ബഖറ:183) പ്രവാചകൻെറ സുന്നത്തിൽ നമുക്ക് കാണാം. അബ്ദുല്ലാഇബ്നു ഉമറി(റ)ൽ നിന്ന്: പ്രവാചകൻ ﷺ പറഞ്ഞു:

«بني الإسلام على خمس: شهادة أن لا إله إلا الله وأن محمّداً رسول الله، وإقام الصلاة، وإيتاء الزكاة، وصوم رمضان، وحج بيت الله الحرام لمن استطاع إليه سبيلاً»(١).

"ഇസ്‌ലാം അഞ്ച് തൂണുകളിലാണ് പടുത്തുയർത്തപ്പെട്ടത്. അവ അല്ലാഹുവല്ലാതെ ആരാധ്യനില്ലന്നും, മുഹമ്മദ് അവൻെറ പ്രവാചക നാണെന്നുമാള്ള സത്യം സാക്ഷ്യപ്പെടുത്തലും, നമസ്കാരം നിലനിർത്ത ലും, സകാത്ത് നൽകലും, റമളാനിൽ വ്യതമനുഷ്ഠിക്കലും, അല്ലാഹു വിൻെറ ഭവനത്തിലേക്ക് എത്തിച്ചേരുവാൻ കഴിയുള്ളവന് ഹജ്ജ് നി ർവ്വഹിക്കലുമാണ്" വേറെയും ഹദീസുകൾ കാണാനാവും.

നോമ്പ് ഇസ്‌ലാമിൻെറ റുക്നിൽ പെട്ടതും, മതത്തിൽ നിർബ്ബന്ധ മായും ഓരോരുത്തരും അറിയേണ്ട കാര്യവും, ആരെങ്കിലും അതി ൻെറ നിർബ്ബന്ധതയെ നിഷേധിക്കുകയാണെങ്കിൽ അവൻ അവിശ്വാ സിയുമാണ് എന്നതിൽ മുസ്‌ലിം സമൂഹം ഒരുമിച്ചിരക്കുന്നു.

## നോമ്പിൻെറ നന്മകളും, ഇസ്‌ലാമിൽ അതിൻെറ പ്രത്യേകതയും:

ഇസ്‌ലാമിൽ നോമ്പിന് ഒരുപാട് ശ്രേഷ്ടതകളും, പ്രത്യേകതകളും ഉണ്ട് അവയിൽ പ്രധാനപ്പെട്ടത് താഴെ കൊടുക്കുന്നു:

1- നോമ്പ് തഖ്‌വക്കുള്ള കാരണമാകുന്നു. അതായത് അല്ലാഹുവി ലേക്ക് അടുത്ത്, അവനെ അനുസരിച്ച് അവൻെറ വിരോധങ്ങളിൽ നിന്ന് വിട്ട്നിൽക്കുകയും, കൽപനകൾ പ്രവർത്തിക്കുകയും ചെയ്യാലാ ണ് തഖ്‌വ. അല്ലാഹു പറയുന്നു:

﴿ يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (١٨٣) ﴾، (البقرة: ١٨٣).

"സത്യവിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പു നിർബ്ബന്ധ മാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും അതു നിർബന്ധമാക്ക പ്പെട്ടി രിക്കുന്നു. നിങ്ങൾ ധർമ്മ നിഷ്ഠയുള്ളവരായിത്തീരാൻ വേണ്ടിയാ ണത്" (ബഖറ:183)

ഇവിടെ തഫ്സീർ പണ്ഡിതന്മാർ പറയുന്നത് അല്ലാഹു لعل എ ന്ന് പ്രയോഗിച്ചാൽ അത് സൂചിപ്പിക്കുന്നത് നിർബ്ബന്ധത്തെയാണെ്

(١) سبق تخريجه

സൂചിപ്പിക്കുന്നത് എന്നാണ്.

അതിൻെറ ആശയം: നിങ്ങൾ അപ്രകാരം ചെയ്താൽ നിങ്ങൾക്ക് തഖ്‌വ കരസ്ഥമാകും. ഒരു അടിമ നേടിയെടുക്കുന്ന ശ്രേഷ്ടവും, മഹത്വരവുമായ ഒന്നാണ് തഖ്‌വ എന്നുള്ളത്.

2- നോമ്പിൻെറ ശ്രേഷ്ടതയിലും, നന്മയിലും പെട്ട ഒന്നാണ് അത് അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുവാൻ പ്രേരിപ്പിക്കുന്നു എന്നത്. ഏറ്റവും ഉന്നതവും, മഹത്വരവുമായ അനുഗ്രഹമായ ഭക്ഷണം, പാനീയം, സംയോഗം എന്നിവയിൽ നിന്ന് സ്വ ശരീരത്തെ തടഞ്ഞ് നിർത്തുന്നു. ഈ അനുഗ്രഹം ഏതെങ്കിലും ഒരു സമയം നിരോധിക്കുകയാണെങ്കിൽ അതിൻെറ മഹത്വം അപ്പോഴാണ് അവന് മനസിലാക്കാനാവുക. അതായത് അനുഗ്രഹം അറിയുന്നില്ല, എന്നാൽ അത് നിഷേധിക്കുകയാണെങ്കിൽ അവനത് മനസിലാക്കുന്നു. ഈ കാര്യം അവനെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുക എന്നത് മതത്തിലും ബുദ്ധിയിലും നിർബ്ബന്ധമാണ്. നോമ്പിൻെറ ആയത്തിൽ അല്ലാഹു ഇതിലേക്കാണ് സൂചന നൽകുന്നത്.

﴿لَعَلَّكُمْ تَشْكُرُونَ﴾ (البقرة: ١٨٣، ١٨٤، ١٨٥).

“നിങ്ങൾ നന്ദിയുള്ളവരായിതീരുവാൻ വേണ്ടി” (അൽബഖറ: 183-185)

3- നോമ്പിൻെറ നന്മയിൽ പെട്ടതാണ് അത് പ്രകൃതിയെ കീഴ്പ്പെടുത്തുകയും, ദേഹേഛയെ നിയന്ത്രിക്കുകയും ചെയ്യുന്നു എന്നത്. കാരണം മനസ് വയറ് നിറച്ച് ഭക്ഷണം കഴിക്കുവാൻ ആഗ്രഹിക്കുന്നു, എന്നാൽ വിശക്കുകയാണെങ്കിൽ അവൻെറ ഇഛയെ തടഞ്ഞ് നിറുത്തുന്നു. ഇത്കൊണ്ടാണ് പ്രവാചകൻﷺ യുവാക്കളെ അഭിമുഖീകരിച്ച് കൊണ്ട് പറയുന്നത്:

«من استطاع منكم الباءة فليتزوج، ومن لم يستطع فعليه بالصوم فإنه له وجاء». *رواه البخاري في صحيحه ومسلم.*

“ആർക്കെങ്കിലും വിവാഹം കഴിക്കുവാനുള്ള ശേഷിയുണ്ടെങ്കിൽ അവൻ വിവാഹം കഴിക്കട്ടെ, അതിന് സാധ്യമല്ലായെങ്കിൽ അവൻ നോമ്പനുഷ്ടിക്കട്ടെ, കാരണം അതവന് ഒരു പരിചയാണ്”

നോമ്പ് തെറ്റിൽ നിന്നകന്ന് നിൽക്കുവാനുള്ള ഒരു മാർഗമാകുന്നു.

4- നോമ്പിൻെറ നന്മയിൽ പെട്ടതാണ് അത് ഉദ്ദേശത്തെ ശക്തിപ്പെടുത്തുകയും, മന:ക്കരുത്തിനെ മൂർച്ച കൂട്ടുകയും, ക്ഷമയെന്താണെന്ന് പഠിപ്പിക്കുകയും, ബുദ്ധിയെ വിമലീകരിക്കുവാൻ സഹായിക്കുകയും, ചിന്തയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളത്.

റമളാൻ മാസത്തിൽ വിശപ്പിൻെറയും, ദാഹത്തിൻെറയും വേദന സഹിക്കുവാൻ നല്ല ഉദ്ദേശവും, യഥാർത്ഥ മന:ക്കരുത്തും ഓരോ മുസ്ലിമിനും അത്യാവശ്യമായി വരുന്നു, ഇങ്ങനെ നോമ്പനുഷ്ടിക്കുന്ന ഒരു മുസ്ലിമിന് നോമ്പ് തുറന്നതിന് ശേഷവും ദേഹേഛകളെ നിയന്ത്രിക്കുവാൻ കഴിയുന്നതോടൊപ്പം, പകലിൽ സംഭരിച്ച ശക്തമായ മന:ക്കരുത്ത് രാത്രിയിൽ തന്നെ നശിപ്പിക്കുകയും, നോമ്പിൻെറ ഗൗരവത്തെ കുറച്ച് കാണിക്കുകയും, നിസ്സാരവൽക്കരിക്കുകയും, താൻ നേടിയെടുത്ത ചൈതന്യം ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുവാനും ഒരു മുസ്ലിമിന് സാധിക്കുന്നു. നോമ്പിലൂടെ നേടിയെടുത്ത ആത്മീയ ചൈതന്യത്താൽ തിന്മകളെ വിരോധിക്കുവാനും, സമൂഹത്തിൻെറ തെറ്റുകൾക്കെതിരിൽ പ്രതികരിക്കുവാനും കഴിയുന്നു. തകർക്കാതെ നിർമ്മിച്ചും, തച്ചുതകർക്കാതെ പടുത്തുയർത്തിയും തൻെറ സമൂഹത്തിൽ ഉൽസാഹിയായ ഒരംഗമാവാനും അവസരം ലഭിക്കുന്നു.

5- നോമ്പ് ഉന്നതമായ സ്വഭാവം വളർത്തിയെടുക്കുന്നു.

സദ്ഗുണങ്ങൾ സംഭരിക്കുവാനുള്ള പാഠശാലയാണ് നോമ്പ്, നോമ്പുകാരൻെറ മനസിൽ, നോമ്പ് ക്ഷമ, സ്നേഹം, അനുകമ്പ, പരസ്പര സഹായം, ദാനധർമ്മം ചെയ്യൽ, നന്മ, തഖ്‌വ തുടങ്ങിയ ഉന്നത ഗുണങ്ങൾ വാർത്തെടുക്കുന്നു.

വൃതം നോമ്പനുഷ്ടിക്കുന്നവരിൽ എൻെറ രക്ഷിതാവ് എപ്പോഴും എന്നെ നിരീക്ഷിക്കുന്നുണ്ടെന്ന ബോധം വളർത്തിയെടുക്കുകയും, ഈ ബോധം എപ്പോഴും അവനെ മത നിയമങ്ങൾക്കെതിര് പ്രവർത്തിക്കുന്നതിൽ നിന്ന് രക്ഷിക്കുകയും, ഈ ബോധം എപ്പോഴും അവൻെറ മനസിൽ ഉണ്ടാകുകയും ചെയ്യുന്നു. ഈ ബോധനത്തിന് കീഴ്പ്പെട്ട് കൊണ്ടല്ലാതെ യാതൊരു പ്രവർത്തനവും അവനിൽ നിന്ന് ഉണ്ടാവുകയില്ല. നീ കരുതുന്നുണ്ടോ, നോമ്പുകാരൻ തൻെറ രക്ഷിതാവിനെ അനുസരിച്ച് ജനങ്ങളെ വഞ്ചിക്കുമെന്ന്? നീ കരുതുന്നുണ്ടോ തൻെറ നോമ്പിൽ നിഷ്കളങ്കത പുലർത്തി സമൂഹത്തിൽ കാപട്യം പുലർത്തുകയും, അവരെ ചതിക്കുകയും, പൂഴ്തിവെപ്പ് നടത്തുകയും, വഞ്ചിക്കുകയും ചെയ്യുമെന്ന്? ഇത് കൊണ്ടാണ് നോമ്പ് ഉൽകൃഷ്ട സ്വഭാവം കരസ്ഥമാക്കുകയും, അതിൽ മുഴുകുകയും, അത് പടുത്തുയർത്തുകയും, അത് ദൃഢീകരിക്കുകയും ചെയ്യുവാനുള്ള ഒരു പ്രേരകമായി തീരുന്നത്. ഈ സവിശേഷത മുഖേന അല്ലാഹു വിശേഷിപ്പിച്ച പ്രകടമായ സ്വഭാവത്തിലേക്ക് എത്തിപ്പെടുവാൻ അവന് കഴിയുന്നു. അല്ലാഹു പറയുന്നു:

﴿لعلكم تتقون﴾، (سورة البقرة:١٨٣).

“നിങ്ങൾ ധർമ്മ നിഷ്ഠയുള്ളവരായിത്തീരാൻ വേണ്ടി” (ബഖറ:183)

ഒരു പണ്ഡിതൻ പറയുന്നു: (മനുഷ്യൻെറ ബാഹ്യ അവയവങ്ങളെയും, ആന്തരിക ശക്തിയേയും മലീമസമാക്കുകയും,

നശിപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിൽ നോമ്പ് വലിയ പങ്കാണ് വഹിക്കുന്നത്.

നോമ്പ് ഹൃദയത്തിൻെറയും, അവയവങ്ങളുടെയും ആരോഗ്യം സംരക്ഷിക്കുകയും, സ്വന്തം ഇഛകൾക്ക് കീഴൊതുങ്ങിക്കൊണ്ട് നഷ്ടപ്പെട്ട് പോയ ആരോഗ്യത്തെ തിരിച്ച് കൊണ്ട് വരുകയും ചെയ്യുന്നു. ഇത് തഖ്‌വ ഉണ്ടാക്കുവാനുള്ള ഒരുവലിയ സഹായി കൂടിയാകുന്നു)

6- നോമ്പ് മുസ്‌ലിം സമുദായത്തിൻെറ ഐക്യത്തിൻെറ പ്രകടമായ ഒരു അടയാളമാകുന്നു.

നോമ്പ് മുസ്‌ലീം സമൂഹത്തിൻെറ ഐക്യത്തിനും, സ്ത്രീകളും, പുരുഷന്മാരും, കുട്ടികളും, വലിയവരും, ഭരണീയരും, ഭരണകർത്താക്കളും, ദരിദ്രരും, ധനികരും എല്ലാവരും സമന്മാരാണെന്നുള്ളതിനും പ്രകടമായ പ്രവർത്തിപഥത്തിലുള്ള ഉദാഹരണമാണ്. എല്ലാവരും തൻെറ രക്ഷിതാവിന് വേണ്ടി നോമ്പനുഷ്ടിക്കുകയും, തങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടുവാൻ വേണ്ടി പാപമോചനം തേടുകയും, ഒരേ സമയത്ത് തന്നെ അന്നപാനീയങ്ങൾ ഉപേക്ഷിക്കുകയും, ഒരേ സമയത്ത് തന്നെ നോമ്പ് തുറക്കുകയും ചെയ്യുന്നു. നോമ്പിൻെറ പകൽ മുഴുവനും വിശപ്പിൻെറ കാര്യത്തിൽ അവർ തുല്യരായത് പോലെ തന്നെ നോമ്പുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും അവർ തുല്യരാകുന്നു.

നോമ്പ് നോമ്പനുഷ്ടിക്കുന്ന സമൂഹത്തിൻെറ ചിന്തയേയും, മനസാക്ഷിയേയും, ലക്ഷ്യത്തെയും, പരലോക ലക്ഷ്യത്തെയും ഏകീകരിക്കുന്നു.

ഈ പ്രകടവും, അൽഭുതകരവുമായ ഐക്യം വിളിച്ചോതുന്നത് വ്യത്യസ്ത ദേശങ്ങളിലും, വർണ്ണങ്ങളിലും, വിഭാഗങ്ങളിലുമുള്ളവർ സമന്മാരാണെന്നാണ്. ഇത് സത്യമാണെന്ന് ബോധ്യപ്പെടുവാൻ നോമ്പ് തുറക്കുന്നയവസരത്തിൽ ദൃഷ്ടികളെ മസ്ജിദുൽ ഹറാമിൻെറ വിവധ ഭാഗങ്ങളിലേക്ക് തിരിക്കുന്ന ഏതൊരാൾക്കും കാണാവുന്ന കാഴ്ചയാണ് അവിടെ ആയിരങ്ങൾ ഒരേ സെക്കൻെറിൽ നോമ്പ് തുറക്കുന്നു. സെക്കൻെറിനെക്കാൾ കുറഞ്ഞ സമയത്താണ് അവർ നോമ്പ് തുറക്കുന്നതെന്ന് ഞാൻ പറയുന്നില്ലെങ്കിലും, ഒത്തൊരുമക്ക് ഇതിനെക്കാൾ പ്രകടവും, വ്യക്തവുമായ വല്ല കാര്യവും നിനക്ക് മറ്റെവിടെയെങ്കിലും കാണാൻ സാധിക്കുമോ?!

7- ആരോഗ്യം നൽകുന്നുവെന്നത് നോമ്പിൻെറ നന്മയിലും, ഗുണത്തിലും പെട്ടതാണ്.

നോമ്പ് കൊണ്ട് ശാരീരികാരോഗ്യം ഉണ്ടാവുന്നു.

നോമ്പ് മനുഷ്യൻെറ സെല്ലുകളെ ശുദ്ധീകരിച്ച് കൊണ്ട് മനുഷ്യജീവിതത്തെ പുതുക്കുകയും, കുറേ കാലമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ആമാശയത്തിനും, ദഹനേന്ദ്രിയത്തിനും വിശ്രമം നൽകുകയും, ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കുന്ന അവശിഷ്ടങ്ങളിൽ നിന്നും മറ്റും ശരീരത്തെ സംരക്ഷിക്കുകയും ചെയ്യുന്നു. നോമ്പിൻെറ

ശാസ്ത്രീയമായ ഉപകാരങ്ങളെ സംബന്ധിച്ച് ഡോക്ടർമാർ വളരെ യധികം ചർച്ച ചെയ്തിട്ടുണ്ട്. അതിൽ പെട്ടതാണ് നോമ്പ് പെട്ടെന്നു ള്ള വായുസമ്മർദ്ദത്തേയും, അമിതമായ തീറ്റയാൽ ഉണ്ടകുന്ന വിഷാം ശങ്ങളിൽ നിന്ന് കുടലുകളെ ശുദ്ധീകരിക്കുകയും, ഹൃദയത്തിന് ത ന്നെ അപകടമുണ്ടാക്കുന്ന കൊഴുപ്പ് അധികരിക്കുന്നതിൽ നിന്ന് തട ഞ്ഞ് നിറുത്തുകയും ചെയ്യുന്നു. നോമ്പ് വിശ്വാസികൾക്ക് നൽകുന്ന ഗുണങ്ങൾ കുതിരക്ക് അതിൻെറ പരിശീലനം മുന്നിടുവാനും, ആക്രമിക്കുവാനും ശക്തി നൽകുന്നത്പോലെയാണ്.

## നാല്: ഹജ്ജ്:

ഹജ്ജ് മതത്തിൽ: പ്രത്യേകമായ പ്രവർത്തനങ്ങൾക്കാണ് ഹജ്ജ് എന്ന് പറയുന്നത്, പ്രത്യേക പ്രവർത്തനങ്ങൾ ചെയ്യാനുദ്ദേശിച്ച്കൊ ണ്ട് ബൈതുൽ ഹറാമിലേക്കും, ഹജ്ജിൻെറ സ്ഥലങ്ങളിലേക്കും പോകലാണ് ഹജ്ജ്. പ്രവർത്തനങ്ങൾ ഹജ്ജിൻെറ കർമ്മങ്ങളാണ്.

ചിലയാളുകൾ പറയുന്നത് ഹജ്ജ് എന്ന് പറഞ്ഞാൽ അറഫയിൽ നിൽക്കുക, സഅ്‌യ്, ത്വവാഫ് പോലെയുള്ള കർമ്മങ്ങൾ ചെയ്യുവാ നായി ഉദ്ദേശത്തോടെ പ്രത്യേക സമയത്ത് ബൈതുൽ ഹറാമിലേക്ക് പോകലാണ് എന്നാണ്.

ഇസ്‌ലാം കാര്യങ്ങളിലെ ഒരു കാര്യവും, മഹത്തായ സ്തംഭവും, അഞ്ച് തൂണുകളിലൊന്നുമാണ് ഹജ്ജ്. ഇസ്‌ലാമിൻെറ നിർബ്ബന്ധ കാര്യങ്ങളിൽ ഒന്നാണ് ഹജ്ജ് എന്ന് വിശുദ്ധഖുർആനും തിരുസുന്ന ത്തും ഇജ്മാഉം വ്യക്തമാക്കുന്നു. ഇസ്‌ലാമിക നിയമങ്ങൾ ബാധ്യത യേറ്റയാളുകൾക്ക് കഴിവുണ്ടെങ്കിൽ ആയുസ്സിനിടക്ക് ഒരു പ്രാവശ്യം ഹജ്ജ് കർമ്മം നിർബ്ബന്ധമാണ്.

1- ഹജ്ജ് നിർബ്ബന്ധമാണ് എന്നതിന് വിശുദ്ധഖുർആനിൽ നിന്നു ള്ള തെളിവ്:

﴿ وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ عَنِ ٱلْعَٰلَمِينَ ﴿٩٧﴾ ﴾، (آل عمران: ٩٧).

"ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യത യാണ്. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു" (ആലുഇംറാൻ: 97)

ഈ ആയത്ത് ഹജ്ജ് ഓരോവ്യക്തിക്കും നിർബ്ബന്ധമാണെന്ന് വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നത്:

﴿ وَلِلَّهِ عَلَى ٱلنَّاسِ ﴾

“ജനങ്ങൾക്ക് അല്ലാഹുവോടുള്ള ബാധ്യതയാണ്” ഇവിടെ عَلَى എന്നത് നിർബ്ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.

ഒരു പണ്ഡിതൻ ഈ ആയത്ത് ﴿ وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ ﴾

ഉദ്ദരിച്ച് കൊണ്ട് പറയുന്നത് അറബികൾക്കിടയിൽ ഒരു കാര്യം നി ർബ്ബന്ധമാണ് എന്ന് വളരെ വ്യക്തവും സ്പഷ്ടവുമായി സൂചിപ്പി ക്കുവാൻ ഉപയോഗിക്കുന്ന പ്രയോഗമാണ് അല്ലാഹു പ്രയോഗിച്ചിട്ടുള്ള ത്. ഒരു അറബി പറയുകയാണ്: لفلان علي كذا എന്ന് പ്രയോഗിച്ചാൽ അത് അനിവാര്യവും നിർബ്ബന്ധവുമാണ് എന്ന് സൂചിപ്പിക്കുവാനാണ് ഉപയോഗിക്കുന്നത്. നമ്മുടെ പണ്ഡിതന്മാർ പറയുന്നു: നിർബ്ബന്ധത യുടെ അങ്ങേയറ്റത്തെ സൂചിപ്പിക്കുന്ന പ്രയോഗത്തിലൂടെയാണ്, അല്ലാഹുവിനോടുള്ള ബാധ്യതയും, അവൻെറ പരിശുദ്ധതയെ വാഴ് ത്തുവാനും, ഹജ്ജ് ചെയ്യൽ അനിവാര്യമാണ് എന്ന് കൂടുതൽ വ്യക്ത മാക്കുവാനും വേണ്ടി അല്ലാഹു ഹജ്ജിനെപ്പറ്റി പറഞ്ഞിരിക്കുന്നത്.

2- ഹജ്ജ് നിർബ്ബന്ധമാണെന്നതിന് പ്രവാചക ചര്യയിൽ നിന്നുള്ള തെളിവ്: ഇമാം മുസ്ലിം തൻെറ സ്വഹീഹിൽ അബൂഹുറൈറ ﵁ വിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു:

«أيها الناس قد فرض الله عليكم الحج فحجوا فقال رجل: أكل عام يا رسول الله؟ فسكت حتى قالها ثلاثاً، فقال رسول الله ـ ﷺ ـ لو قلت نعم لوجبت ولما استطعتم، ثم قال: ذروني ما تركتكم، فإنما أهلك من قبلكم بكثرة سؤالهم، واختلافهم على أنبيائهم، فإذا أمرتكم بشيء فأتوا منه ما استطعتم، وإذا نهيتكم عن شيء فدعوه»(١).

“ഒരു ദിവസം പ്രവാചകൻ ﷺ ഞങ്ങളോട് പ്രസംഗിക്കുകയുണ്ടായി, അതിൽ തിരുമേനി പറഞ്ഞു: “അല്ലയോ, ജനങ്ങളെ, അല്ലാഹു നിങ്ങ ൾക്ക് ഹജ്ജ് നിർബ്ബന്ധമാക്കിയിരിക്കുന്നു. ആയതിനാൽ നിങ്ങൾ ഹ ജ്ജ് ചെയ്യുക. അപ്പോൾ ഒരാൾ ചോദിച്ചു: അല്ലാഹുവിൻെറ തിരു

(١) رواه مسلم: ٢/٩٧٥، برقم (١٣٣٧).

ദൂതരെ, എല്ലാ വർഷവും ചെയ്യേണ്ടതുണ്ടോ? തിരുമേനി മൗനമവലംബിച്ചു, അദ്ദേഹമത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു. അപ്പോൾ റസൂലുള്ളാ പറയുകയുണ്ടായി: 'ഞാൻ അതെ എന്ന് പറയുകയാണെങ്കിൽ അത് നിങ്ങൾക്ക് നിർബ്വന്ധമായി, എന്നാലത് നിങ്ങൾക്ക് സാധിക്കുകയുമില്ല.' തുടർന്നദ്ദേഹം കൂട്ടിച്ചേർത്തു: 'ഞാൻ ഉപേക്ഷിച്ചതിൽ നിന്ന് നിങ്ങൾ എന്നെ ഒഴിവാക്കുക, നിങ്ങളുടെ മുൻഗാമികൾ നശിച്ചത് അവരുടെ അനാവശ്യ ചോദ്യങ്ങളുടെ ആധിക്യവും, അവരുടെ പ്രവാചകന്മാരോടുള്ള അഭിപ്രായ ഭിന്നതയുമായിരുന്നു, ഞാൻ ഒരു കാര്യം കൽപിക്കുകയാണെങ്കിൽ അതിൽ നിന്ന് നിങ്ങൾക്ക് സാധിക്കുന്നത് കൊണ്ട് വരുക, ഞാനൊരു കാര്യം നിങ്ങൾക്ക് വിലക്കുകയാണെങ്കിൽ അതിൽ നിന്ന് നിങ്ങൾ വിട്ട് നിൽക്കുകയും ചെയ്യുക".

2- അബൂഹുറൈറﷺ ഉദ്ദരിച്ച ജനങ്ങൾക്ക് മതം പഠിപ്പിക്കുവാൻ വന്ന ജിബ്‌രീൽ(അ)ൻെറ നീണ്ട ഹദീസിൽ

قال: يا رسول الله ما الإسلام؟ قال: «الإسلام أن تعبد الله ولا تشرك به شيئاً،وتقيم الصلاة المكتوبـــة، وتـــؤتي الزكـــاة المفروضة،وتصـــوم رمضان،وتحج البيت إن استطعت إليه سبيلاً»(١).

പ്രവാചകനോട് ചോദിച്ചു: 'എന്താണ് ഇസ്‌ലാം?' അപ്പോൾ തിരുമേനി അരുളി: "നീ അല്ലാഹുവിനെ ആരാധിക്കുക, അവന് യാതൊരു പങ്കുകാരുമില്ല. നിർബ്വന്ധ നമസ്കാരം നിലനിർത്തലും, നിർബ്വന്ധ ദാനമായ സകാത്ത് നൽകലും, റമളാൻ മാസത്തിൽ വൃതമനുഷ്ഠിക്കലും, നിനക്ക് കഴിയുമെങ്കിൽ മക്കയിൽ പോയി പരിശുദ്ധ ഹജ്ജ് കർമം ചെയ്യലുമാകുന്നു"

ഇജ്മാഇൽ ഹജ്ജ് നിർബ്വന്ധമാണ് എന്നതിനുള്ള തെളിവ്: വിശു ദ്ധഖുർആനിൻെറയും, പ്രവാചക ചര്യയുടെയും തെളിവിൻെറ അടിസ് ഥാനത്തിൽ കഴിവുള്ള, നിർബ്വന്ധ ബാധ്യതയേറ്റ ഓരോ മുസ്‌ലിമി നും തൻെറ ആയുസ്സിനിടക്ക് ഒരു പ്രാവശ്യം ഹജ്ജ് ചെയ്യൽ നിർബ്വ ന്ധമാണെന്നതിൽ മുഴുവൻ മുസ്‌ലിം സമൂഹവും യോജിച്ചിരിക്കുന്നു.

ഒന്നിലധികം പണ്ഡിതന്മാർ ഈ വിഷയത്തിലുള്ള ഇജ്മാഅ് ഉദ്ദരിച്ചതായി കാണാം.

അല്ലാഹുവിൻെറ വിളിക്കുത്തരം നൽകികൊണ്ട് അല്ലാഹുവിലേക്കുള്ള പാലായനമാണ് ഹജ്ജ്, അല്ലാഹു ശ്രേഷ്ടമാക്കിയ ആദരണീയമായ സ്ഥലത്തുള്ള ഉപകാരങ്ങൾക്ക് സാക്ഷികളാകുവാനും, തെളിഞ്ഞതും സ്വഛവുമായ ബന്ധം ഊട്ടിയുറപ്പിക്കുവാനും വേണ്ടി മുസ്‌ലീങ്ങ

(١) سبق تخريجه

ൾക്ക് ഓരോ വർഷവും ആവർത്തിച്ച് വരുന്ന ഒരു ഉൽസവമാണ് ഹജ്ജ്.

ഹജ്ജിന് ഉന്നതമായ നന്മകളും, പ്രത്യേകതകളുമുണ്ട്, അവയിൽ പ്രധാനപ്പെട്ടത് താഴെ കൊടുക്കുന്നു.

1- അല്ലാഹുവിനെ ഏകത്വപ്പെടുത്തുകയും, വിശ്വാസത്തിലും, വാക്കുകളിലും, പ്രവർത്തനങ്ങളിലും ഉള്ള ആരാധനകൾ മുഴുവനും ഏകനാ യ, യാതൊരു പങ്കാളിയുമില്ലാത്ത അല്ലാഹുവിന് നിശ്കളങ്കമായി ചെയ്യുന്നു. ഈ കാര്യം ആദ്യം മുതൽ അവസാനം വരെ ഹജ്ജിൻെറ എല്ലാ കർമ്മങ്ങളിലും യാഥാർത്ഥ്യമാക്കുന്നു. ഈ മഹത്തായ ഉദ്ദേശ വും, വലിയ ലക്ഷ്യവും മതത്തിൻെറ ഏറ്റവും വലിയ ചിഹ്നമാകുന്നു. അത്കൊണ്ട് കൊണ്ട് തന്നെയാണ് മതത്തിൻെറ ഈ ചിഹ്നം ആരം ഭിക്കുന്നതും, തുടങ്ങുന്നതും തൗഹീദിൻെറ താഴെ വരുന്ന ആപ്ത വാക്യങ്ങൾ ഉരുവിട്ട് കൊണ്ടാണ്.

((لبيك اللهم لبيك، لبيك لا شريك لك لبيك، إنّ الحمد والنعمة لـــك والملك، لا شريك لك))

"നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, അല്ലാഹുവെ നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു, നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു നിനക്ക് യാതൊരു പങ്കാളി യുമില്ല, നിൻെറ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു, തീർച്ചയായും സ്തുതിയും, അനുഗ്രഹവും, ആധിപത്യവും നിനക്കാകുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല." അല്ലാഹു പറയുന്നു:

﴿ وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾ ﴾، (الحج: ٢٦).

"ഇബ്രാഹീമിന് ആ ഭവനത്തിൻെറ (കഅബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യതൊരു വസ്തുവെയും എന്നോട് നീ പങ്ക് ചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാഗത്തിലായിക്കൊണ്ടും പ്രാർത്ഥിക്കുന്നവർക്ക് വേണ്ടിയും എൻെറ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോണ് നിർദ്ദേശിച്ചു)" (ഹജ്ജ്:26)

2- അല്ലാഹുവിനെ സ്മരിക്കുന്നത് നിലനിർത്തുവാനും, മനസും, ഹൃദയവും, അനുഭവങ്ങളും എല്ലാം അല്ലാഹുവിനെ സ്മരിച്ച് കൊണ്ട് നിറക്കുവാനും സാധിക്കുന്നു. അല്ലാഹുപറയുന്നു:

﴿ لِّيَشْهَدُوا۟ مَنَـٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَـٰتٍ ﴾،

(الحج: ٢٨).

“അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിത രാവാനും, നിശ്ചിത ദിവസങ്ങളിൽ അല്ലാഹുവിൻെറ നാമം ഉച്ചരിക്കുവാനും വേണ്ടി” (ഹജ്ജ്:28) അല്ലാഹുപറയുന്നു:

﴿ فَإِذَآ أَفَضْتُم مِّنْ عَرَفَـٰتٍ فَٱذْكُرُوا۟ ٱللَّهَ عِندَ ٱلْمَشْعَرِ ٱلْحَرَامِ ۖ وَٱذْكُرُوهُ كَمَا هَدَىٰكُمْ وَإِن كُنتُم مِّن قَبْلِهِۦ لَمِنَ ٱلضَّآلِّينَ ﴿١٩٨﴾ ﴾،

(البقرة:١٩٨)،

“അറഫാത്തിൽ നിന്ന് പുറപ്പെട്ട് കഴിഞ്ഞാൽ മശ്ഹറുൽ ഹറാമിനടുത്ത് വെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. അവൻ നിങ്ങൾക്ക് വഴി കാണിച്ച പ്രകാരം നിങ്ങളവനെ ഓർക്കുവിൻ. ഇതിന് മുമ്പ് നിങ്ങൾ പിഴച്ചവരിൽ പെട്ടവരായിരുന്നാലും” (അൽബഖറ:198)

﴿ وَٱذْكُرُوا۟ ٱللَّهَ فِىٓ أَيَّامٍ مَّعْدُودَٰتٍ ﴾، (البقرة: ٢٠٣).

“എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവീൻ” (അൽബഖറ:203)

﴿ فَإِذَا قَضَيْتُم مَّنَـٰسِكَكُمْ فَٱذْكُرُوا۟ ٱللَّهَ ﴾، (البقرة:٢٠٠).

“അങ്ങിനെ നിങ്ങൾ ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിച്ച് കഴിഞ്ഞാൽ അല്ലാഹുവിനെ നിങ്ങൾ പ്രകീർത്തിക്കുക” (അൽബഖറ:200)

ഈ ആയത്തുകളിലും അല്ലാത്തതിലുമുള്ള സൂചന അല്ലാഹുവിനെ സ്മരിക്കലും, പ്രകീർത്തിക്കലും ഹജ്ജിൻെറ പ്രധാനപ്പെട്ട ഒരു ഉദ്ദേശമാണ് എന്നത് ഹദീസുകളിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ആ ഇശാ(റ) ഉദ്ദരിക്കുന്ന ഹദീസ്:

«إنما جعل الطواف بالبيت والسعي بين الصفا والمروة، ورمي الجمار لإقامة ذكر الله»(١).

(١) رواه أبو داود في سننه: ٤٤٧/٢، برقم (١٨٨٨)، والترمذي في سننه: ٢٤٦/٣، برقم (٩٠٢) وقال: هذا حديث حسن صحيح.

“ഖഅബ ത്വവാഫ് ചെയ്യുന്നതും, സ്വഫാ മർവ്വയിൽ സഹ്‌യ് നടത്തുന്നതും, ജംറകളിൽ കല്ലെറിയുന്നതും അല്ലാഹുവിനെ സ്മരിക്കുന്നത് നിലനിർത്തുവാൻ വേണ്ടിയാണ്”

3- അല്ലാഹുവിനെ ശരിയായ രൂപത്തിൽ ആരാധിക്കുന്നത് യാഥാർത്ഥ്യമാക്കുവാൻ സാധിക്കുന്നതോടൊപ്പം തന്നെ, ദേഹേഛകളെ അതിജയിക്കുവാനും, അല്ലാഹുവിൻെറ തൃപ്തിയെ സ്വന്തം ഇഛകളേക്കാളും, സ്വന്തം സുഖത്തേക്കാളും മുന്തിപ്പിക്കുവാനും, മനസിൽ തഖ്‌വാ ബോധം യാഥാർത്ഥ്യമാക്കുവാനും, അതിനെ ദേഹേഛകളിൽ നിന്നും, സംശയങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും ശുദ്ധീകരിക്കുവാനും കഴിയുന്നു.

﴿ ٱلْحَجُّ أَشْهُرٌ مَّعْلُومَـٰتٌ ۚ فَمَن فَرَضَ فِيهِنَّ ٱلْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِى ٱلْحَجِّ ۗ وَمَا تَفْعَلُوا۟ مِنْ خَيْرٍ يَعْلَمْهُ ٱللَّهُ ۗ وَتَزَوَّدُوا۟ فَإِنَّ خَيْرَ ٱلزَّادِ ٱلتَّقْوَىٰ ۚ وَٱتَّقُونِ يَـٰٓأُو۟لِى ٱلْأَلْبَـٰبِ ﴿١٩٧﴾ ﴾، (البقرة:١٩٧).

“ഹജ്ജ്കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ - പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജജിനിടയിൽ പാടുള്ളതല്ല. നിങ്ങൾ ഏതൊരു സൽപ്രവർത്തി ചെയ്തിരുന്നാലും അല്ലാഹു അതറിയുന്നതാണ്. (ഹജ്ജിന് പോകുമ്പോൾ) നിങ്ങൾ യാത്രക്ക് വേണ്ട വിഭവങ്ങൾ ഒരുക്കിപ്പോവുക. എന്നാൽ യാത്രക്ക് വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മതയാകുന്നു. ബുദ്ധിശാലികളെ, നിങ്ങളെന്നെ സൂക്ഷിച്ച് ജീവിക്കുക” (അൽബഖറ:197) താഴെ വരുന്ന ഹദീസ് ശ്രദ്ധിക്കുക:

«من حجّ هذا البيت و لم يرفث و لم يفسق رجع كيوم ولدته أمه»(١).

“അനാവശ്യങ്ങളോ, സ്ത്രീ പുരുഷ സംസർഗ്ഗമോ ചെയ്യാതെ ഈ ഭവനത്തിൽ (ഹജജിന്) വന്നവൻ, അവൻെറ മാതാവ് അവനെ പ്രസവിച്ച നാളിലെപ്പോലെ വിശുദ്ധനായി) മടങ്ങും.”

4- ഹജ്ജ് യാഥാർത്ഥ്യമാക്കുന്നത് മുസ്‌ലീം സമുദായത്തിൻെറ ഐക്യവും, വിശ്വാസത്തിലധിഷ്ടിതമായ സാഹോദര്യവും, മതപരമായ ബന്ധത്തിൻെറ സുദൃഢതയുമാകുന്നു, അതോടൊപ്പം തന്നെ മുസ്‌ലീങ്ങ

(١) رواه البخاري في صحيحه —مع الفتح-:٣٨٢/٣، برقم (١٥٢١)، ومسلم: ٩٨٣/٢، برقم (١٣٥٠).

ൾക്കിടയിലുള്ള വ്യത്യാസം നീക്കുകയും, ബന്ധങ്ങളെ ഇല്ലാതാക്കുക യും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ﴾ (آل عمران: ٩٧).

“ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യത യാകുന്നു” (ആലുഇംറാൻ: 97)

ഇവിടെ മനുഷ്യർ എന്ന പദമാണ് അല്ലാഹു ഉപയോഗിച്ചിട്ടുള്ളത്. അത് സൂചിപ്പിക്കുന്നത് ഐക്യമാണ്. ഈ പദം ആവർത്തിച്ച് വരുന്നു ണ്ട്.

﴿ وَأَذِّن فِى ٱلنَّاسِ ﴾ (الحج:٢٧)

“ജനങ്ങൾക്കിടയിൽ നീ വിളംബരം നടത്തുക” (ഹജ്ജ്:27) ഈ ആരാധന നടത്തുവാൻ തൗഹീദായ ഇസ്‌ലാമിൻെറ അടിത്തറ ഉൾ കൊള്ളുന്ന വിശ്വാസം മുൻകടക്കൽ അനിവാര്യമാണ്, ഇത് നേരെയാ ക്കൽ മതത്തെ നേരെയാക്കലാകുന്നു. ഇവിടെ അഭിസംബോധന ചെ യ്യുന്നത് ജനങ്ങളെ എന്നാണ്, ഈ ആശയം വ്യക്തമാക്കുവാനായി ഈ വിശേഷണം ആവർത്തിച്ച് വരുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿ وَٱلْمَسْجِدِ ٱلْحَرَامِ ٱلَّذِى جَعَلْنَٰهُ لِلنَّاسِ سَوَآءً ٱلْعَٰكِفُ فِيهِ وَٱلْبَادِ ۚ وَمَن يُرِدْ فِيهِ بِإِلْحَادٍۭ بِظُلْمٍ نُّذِقْهُ مِنْ عَذَابٍ أَلِيمٍ ﴿٢٥﴾ ﴾،

(الحج: ٢٥).

“മനുഷ്യർക്ക് -സ്ഥിരവാസിക്കും, പരദേശിക്കും- സമവകാശമുള്ള തായി നാം നിശ്ചയിച്ചിട്ടുള്ള മസ്ജിദുൽ ഹറാമിൽ നിന്നും, (തടയു ന്നവനും) അവിടെവെച്ച് വല്ലവനും അന്യായമായി ധർമ്മ വിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന്ന് വേദനയേറിയ ശിക്ഷ യിൽ നിന്നും നാം ആസ്വദിപ്പിക്കുന്നതാണ്” (ഹജ്ജ്:25)

ഇസ്‌ലാമിൻെറ ഈ സ്തംഭത്തെ സംബന്ധിച്ചും, അതിൻെറ പ്രാ രംഭം മുതൽ അവസാനം വരെ നിർബ്ബന്ധമാക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും നീ ചിന്തിക്കുകയാണെങ്കിൽ ഇസ്‌ലാമിൻെറ സാഹോ ദര്യത്തിൻെറ അടയാളവും, വ്യക്തമായ തെളിവുമാകുന്നു. കാരണം എല്ലാവർക്കും ഒരേ വസ്ത്രവും, ഒരേ മന്ത്രവും, ഒരേ പ്രവർത്തനവും, ഒരേ സമയവും, ഒരേ സ്ഥലവും, ഒരേ ഭാഗവും, ഒരേ ഉദ്ദേശവു മാകുന്നു.

5- ഹജ്ജ് എന്ന ആരാധനാകർമ്മം മുസ്‌ലീങ്ങളെ ക്ഷമിക്കുവാനും,

ചിലവഴിക്കുവാനും, നന്ദി ചെയ്യുവാനും പഠിപ്പിക്കുന്നു. കാരണം ഈ ആരാധന ശരീരത്തെയും സമ്പത്തിനെയും ഒരുമിച്ച് കൂട്ടുകയും, യാത്ര ചെയ്യുവാനും, രാജ്യത്തെയും, കുടുംബത്തെയും, വീടിനെയും, താൻ ഇണങ്ങിയ ജീവിതാനുഗ്രഹങ്ങളെയും ഉപേക്ഷിക്കുവാനും പ്രാപ്തരാക്കുകയും ചെയ്യുന്നു. അത്പോലെ ഹജ്ജ് കൊണ്ട് മനസിനെ പിശുക്കിൽ നിന്ന് ശുദ്ധീകരിക്കുകയും, ജനങ്ങളോടൊപ്പം ഇടപഴകുകയും, അവരോടൊപ്പം ജീവിക്കുകയും ചെയ്തതിൻെറ ഫലമായി അവന് സൽസ്വഭാവിയാകുവാൻ സാധിക്കുകയും ചെയ്യുന്നു.

6- ഹജ്ജ് വാണിജ്യോപകരണങ്ങളും, സാമ്പത്തിക സ്രോതസുകളെ സംബന്ധിച്ചുള്ള അറിവുകളും, നിപുണതയും കൈമാറുവാനുള്ള ഒരു അവസരം കൂടിയാണ്. ഇസ്‌ലാമിക രാഷ്ട്രത്തിലെ സാമ്പത്തിക ചന്തയിൽ മുസ്‌ലീങ്ങൾ അവരവരുടെ വാണിജ്യോപകരണങ്ങളും, അവരുടെ സാമ്പത്തിക സ്രോതസുകളും, വ്യത്യസ്ഥമായ അവരുടെ കച്ചവട ചരക്കുകളും, തങ്ങൾക്കുള്ള പരിചയ സമ്പന്നതയും ആവശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസരിച്ച് പരസ്പരം കൈമാറുന്നു. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിലുള്ള വിഭവങ്ങളും, കച്ചവട സാധനങ്ങളും അത്പോലെ അവരുടെ സാമ്പത്തിക സ്രോതസ്സുകളെ സംബന്ധിച്ച അറിവുകളും ശേഖരിച്ച് കൊണ്ട് സ്വന്തം രാഷ്ട്രത്തെ സാമ്പത്തികമായി ഉയർത്തുവാനുള്ള അവസരം കൂടിയാണ് ഹജ്ജ്. ഈ ഉപകാരം അല്ലാഹു നമ്മോട് കൽപിച്ചതും നാം ഹജ്ജിൽ ദർശിക്കുന്നതുമാണ്. മഹാനായ ഇബ്നുഅബ്ബാസ്(റ) താഴെ വരുന്ന ആയത്തിനെ സംബന്ധിച്ച് വിവരിക്കുന്ന കൂട്ടത്തിൽ ഇതിലേക്ക് സൂചന നൽകുന്നത് ശ്രദ്ധിക്കുക.

﴿ لِّيَشْهَدُواْ مَنَٰفِعَ لَهُمْ ﴾، (الحج: ٢٨)

“അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാവാൻ വേണ്ടി” (ഹജ്ജ്:28) അതായത് ഇഹലോകത്തെയും പരലോകത്തേയും പ്രയോജനകരമായ കാര്യങ്ങൾ എന്നാണ് ഉദ്ദേശിക്കുന്നത്. പരലോകത്തേ പ്രയോജനം അല്ലാഹുവിൻെറ തൃപ്തിയും, ഇഹലോകത്തെ പ്രയോജനം ശരീരത്തിനും, ബലിനൽകുന്നതിലും, കച്ചവടത്തിലുമുള്ള പ്രയോജനങ്ങളാകുന്നു...)

7- ഹജ്ജ് മുസ്‌ലീങ്ങൾക്ക് പരസ്പരം കണ്ട്മുട്ടുവാനായി ഓരോ വർഷവും ആവർത്തിച്ച് വരുന്ന ഒരു വാർഷിക സമ്മേളനമാണ്. മുസ്‌ലീങ്ങൾ അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും, പരിഹാരം കാണുകയും ചെയ്യുന്നു. അത്പോലെ മതത്തിൽ അറിവില്ലാത്തവൻ പണ്ഡിതന്മാരിൽ നിന്ന് പഠിക്കുകയും, ദരിദ്രർ ധനികരിൽ നിന്ന് അനുകമ്പ സമ്പാദിക്കുകയും ചെയ്യുന്നു. അത്പോലെ ഇസ്‌ലാമിക രാജ്യങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ പഠിക്കുകയും അതിന് പരിഹാരം കാണുക

യും, ഒരു നാട്ടിൽ നടപ്പിലാക്കിയ പ്രയോജനകരമായ കാര്യങ്ങൾ മറ്റു രാജ്യങ്ങളിൽ നടപ്പിലാക്കുകയും, പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഹജ്ജിൻെറ ഉപകാരത്തിൽ പെട്ടതാണ് ഈ കാലത്ത് ഹാജിമാർ അനുഭവിച്ച് കൊണ്ടിരിക്കുന്ന ഉപകാരപ്രദമായ അഭിപ്രായങ്ങളും, ചരക്കുകളും, കൂടിയാലോചനകളും, നിപുണതയും, പരിചയ സമ്പന്നതയും, വിജ്ഞാനവും പരസ്പരം കൈമാറുകയെന്നുള്ളത്. എത്ര ധനമാണ് അല്ലാഹുവിൻെറ മാർഗത്തിൽ ചിലവഴിക്കപ്പെട്ടത്, എത്ര പരിചയ സമ്പന്നതയാണ് ഉപകാര പ്രദമായത്, മുസ്‌ലീങ്ങളുടെ എത്രയെത്ര വർത്തമാന, ഭാവി പ്രശ്നങ്ങളാണ് ചർച്ച ചെയ്യപ്പെടുകയും പരിഹാ രം കാണുകയും ചെയ്തത്. ഈ കാര്യങ്ങളെല്ലാം തന്നെ അല്ലാഹുവി ൻെറ അനുഗ്രഹത്താൽ ഒരു പക്ഷേ, നടപ്പിലാകുവാൻ ഇടയുണ്ട്, അ ത്പോലെ അടുത്ത ഭാവിയിൽ മുസ്‌ലീങ്ങൾക്ക് ഇതിനേക്കാൾ ഉപകാ രപ്പെടുന്ന കാര്യങ്ങൾ ഹജ്ജിൽ സാധ്യമാവാൻ അല്ലാഹുവിൻെറ കാരുണ്യം എത്ര വിശാലമാകുന്നു.

## ജിഹാദും, അതിൻെറ നന്മയും:

കഴിഞ്ഞ നാല് അധ്യായങ്ങളിലായി നാം ചർച്ച ചെയ്ത് ഇസ്‌ലാമിക സ്തംഭങ്ങളായ (സാക്ഷ്യ വചനങ്ങളെ സംബന്ധിച്ച് നാം ആദ്യം ചർച്ച ചെയ്തിട്ടുണ്ട്) നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയിലുള്ള നന്മകളെ സംബന്ധിച്ചാണ്. ഈ തൂണുകൾ മതത്തെ പ്രയോഗവൽകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഇതാണ് ശരീഅത്തിൻെറ ഒന്നാമത്തെ ലക്ഷ്യം. അതായത് മതത്തെ പ്രയോഗവൽകരിച്ച് സംരക്ഷിക്കുകയെന്നത്. ഇവിടെ നാം ചർച്ച ചെയ്യുന്നത് ജിഹാദിനെ സംബന്ധിച്ചാണ്. ഇത്കൊണ്ട് അർത്ഥമാക്കുന്നത് മതത്തെ നശിപ്പിക്കുന്നതിൽ നിന്നും സംരക്ഷണം നൽകുകയെന്നതാണ്. അതായത് മതനിയമങ്ങൾ പ്രായോഗിക വൽകരിച്ചതിന് ശേഷം അതിനെ സംരക്ഷിക്കുകയാണ് ജിഹാദിൻെറ ധർമ്മം. ഇസ്‌ലാമിൻെറ അടിത്തറയേയോ, അതിൻെറ തൂണുകളെയോ തകർക്കുവാനുദ്ദേശിക്കുന്നവരിൽ നിന്നും, ലോകത്ത് ഇസ്‌ലാമിൻെറ പ്രബോധന പ്രചരണത്തേയോ, ഇഹവും, പാരത്രികവുമായ ജീവിതത്തിന് വേണ്ടി ഇസ്‌ലാമിക നിയമം ജീവിതത്തിൽ പകർത്തുന്നതിനെ തടയുകയും ചെയ്യുന്നവരിൽ നിന്നും സുരക്ഷ നൽകുന്നു ജിഹാദ്.

ഇത് മനസിലാക്കിയാൽ പിന്നീട് മനസിലാക്കുവാനുള്ളത് ഇസ്‌ലാമിൽ ജിഹാദിന് പൊതുവായ ആശയം, പ്രത്യേകമായ ആശയം എന്നീ രണ്ട് ആശയങ്ങൾ ഉൾകൊള്ളുന്നുവെന്നാണ്.

പൊതുവായ ആശയം: ഇസ്‌ലാമിനെ സഹായിക്കുവാൻ വേണ്ടി അദ്ധ്വാനവും, പരിശ്രമവും ചിലവഴിക്കലാണ് ജിഹാദ്, അത് സ്വന്തത്തിനെതിരായിരുന്നാലും, മറ്റുള്ളവർക്കെതിരിലായിരുന്നാലും ശരി.

ഒരു പണ്ഡിതൻ ജിഹാദിൻെറ പൊതുവായ ആശയത്തെ വിശദീ

കരിച്ചത് ഇപ്രകാരമാണ്: (താൻ വെറുക്കുന്ന കാര്യത്തെ തടയുവാനും, ഇഷ്ടപ്പെടുന്ന സത്യം കരസ്ഥമാക്കുവാനും വേണ്ടി ശക്തി ചിലവഴിക്കലാണ്) മറ്റൊരു സന്ദർഭത്തിൽ പറയുന്നു: (യഥാർത്ഥത്തിൽ ജിഹാദ് എന്ന് പറഞ്ഞാൽ: അല്ലാഹു തൃപ്തിപ്പെടുന്ന വിശ്വാസവും, സൽകർമ്മങ്ങളും കരസ്ഥമാക്കുവാനും, അല്ലാഹു കോപിക്കുന്ന സത്യനിഷേധം, തെമ്മാടിത്തം, ധിക്കാരം എന്നിവയെ തടുക്കുകയും ചെയ്യുവാനും പരിശ്രമിക്കലാണ്)

സ്വന്തം ശരീരത്തോട് ജിഹാദ് നടത്തുന്നു, അല്ലാഹുവിൻെറ നിയമങ്ങൾ പഠിക്കുകയും, അത് പ്രാവർത്തികമാക്കുകയും, അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും, അതിൽ വരുന്ന ബുദ്ധിമുട്ടുകളിൽ ക്ഷമിക്കുകയും ചെയ്യലാണത്. ഇതിനെ പണ്ഡിതന്മാർ പറയുന്നത് ജിഹാദ് നഫ്സ്(സ്വന്തത്തോടുള്ള ജിഹാദ്) എന്നാണ്. ഇത് നാല് ഘട്ടങ്ങൾ ഉൾകൊള്ളുന്നു.

ഒന്ന്: പിശാചിനോടുള്ള ജിഹാദ്, ഇത് സാധ്യമാകുന്നത് ദേഹേഛകളിൽ നിന്നും, സംശയങ്ങളിൽ നിന്നും മോചിതമാകുന്നതിലൂടെയാണ്.

രണ്ട്: പാപികളോടും, ബിദ്അത്ത് ചെയ്യുന്നവരോടുമുള്ള ജിഹാദ് എന്നാണ് പണ്ഡിതന്മാർ ഇതിന് പറയുന്ന പേര്. ഇത് മൂന്ന് ഘട്ടങ്ങൾ ഉൾകൊള്ളുന്നു.

1- മതനിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അതിനെ ഹൃദയം കൊണ്ട് വെറുത്ത് കൊണ്ട് ജിഹാദ് ചെയ്യലാണ് ഇത്.

2- വിനയത്തോടെ, അനുകമ്പയോടെ, വിജ്ഞാനത്തോടെ നാവ് കൊണ്ട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യലാണ് ഇത്.

3- കൈകൊണ്ടുള്ള ജിഹാദ്. നന്മകൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുന്നവന് കീഴിലുള്ളവരോടൊ, അല്ലെങ്കിൽ മറ്റുള്ളവർക്ക് കീഴിലുള്ളവർ അനുവാദം നൽകുകയോ ചെയ്യുമ്പോഴാണ് ഇത് സാധ്യമാവകയുള്ളൂ, അത് തന്നെ ഒരു തിന്മയെ തടുക്കുമ്പോൾ അതു മുഖേന വലിയ തിന്മ വരാതിരിക്കുകയും ചെയ്യേണ്ടതുണ്ട്.

മൂന്ന്: ഹൃദയം കൊണ്ട് അവിശ്വാസികളോടുള്ള ജിഹാദ്, ഇസ്‌ലാമിന് വേണ്ടി അവരെ ഇഷ്ടപ്പെടാതിരിക്കുകയും, സ്നേഹിക്കാതിരിക്കുകയും, പിൻപറ്റാതിരിക്കുകയും ചെയ്യുകയും, അവർ ചെയ്യുന്ന നിരർത്ഥകതയെ നാവ് കൊണ്ട് തിരുത്തുകയും, അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും, അതിനവരെ പ്രേരിപ്പിക്കുകയും ചെയ്യുക. അവരുടെ അന്ധവിശ്വാസങ്ങളെ തിരുത്തുകയും, ഇസ്‌ലാമിനെതിരി

ലും മുസ്‌ലീങ്ങള്‍ക്കെതിരിലും അവര്‍ ഉന്നയിക്കുന്ന വിമര്‍ശനങ്ങള്‍ക്ക് മറുപടി പറയുകയും ചെയ്ത് കൊണ്ട് ജിഹാദ് നടത്തുക. അതോടൊപ്പം ധനം കൊണ്ട് ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും, ഇസ്‌ലാമിനെതിരില്‍ വരുന്ന ഉപദ്രവങ്ങളെ തടയുകയും ചെയ്യുക. ഹദീസില്‍ ഇപ്രകാരം വന്നിരിക്കുന്നു:

«جاهدوا المشركين بأموالكم وأنفسكم وألسنتكم»(١)

"ശിര്‍ക്ക് ചെയ്യുന്നവരോട് നിങ്ങളുടെ ധനം കൊണ്ടും, ശരീരം കൊണ്ടും, നാവ് കൊണ്ടും നിങ്ങള്‍ ജിഹാദ് ചെയ്യുക"

ഇങ്ങനെ ജിഹാദ് പന്ത്രണ്ട് ഘട്ടങ്ങള്‍ ഉള്‍കൊള്ളുന്നു. ഇത് മുഴുവനും പൊതുവായ ജിഹാദിന്‍റെ പരിധിയില്‍ വരുന്നതാണ്. ഇതില്‍ സ്വന്തത്തിനോടും, പിശാചിനോടും ഉള്ള ജിഹാദ് ഓരോ വ്യക്തികള്‍ക്കും നിര്‍ബ്ബന്ധമാണ്, എന്നാല്‍ പാപികളോടും, ബിദ്അത്ത് ചെയ്യുന്നവരോടും, അത്പോലെ അവിശ്വാസികളോടുമുള്ള ജിഹാദ് മേല്‍ പറഞ്ഞത് പ്രകാരം സമൂഹത്തിന്‍റെ ബാധ്യതയാണ്.

ജിഹാദിന്‍റെ പ്രത്യേകമായുള്ള ആശയം അവിശ്വാസികളോട് യുദ്ധം ചെയ്യലാണ്. കര്‍മ്മശാസ്ത്ര പണ്ഡിതന്മാര്‍ ഇതിനെ നിര്‍വ്വചിക്കുന്നത്: കരാറിലേര്‍പ്പെടാത്ത അവിശ്വാസികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചിട്ട് അത് നിരസിക്കപ്പെടുകയാണെങ്കില്‍ അല്ലാഹുവിന്‍റെ ദിവ്യവചനം ഉയര്‍ത്തിപ്പിടിക്കുവാന്‍ വേണ്ടി അവരോട് മുസ്‌ലിം ചെയ്യുന്ന യുദ്ധമാണ്. ഈ ജിഹാദിന് ഒരുപാട് നിബന്ധനകള്‍ പൂര്‍ത്തിയാകേണ്ടതുണ്ട്, ഈ നിബന്ധനകള്‍ പൂര്‍ത്തിയാകാതിരിക്കുകയോ, അതല്ലെങ്കില്‍ ഒരു നിബന്ധന ഇല്ലാതിരിക്കുകയോ ചെയ്താല്‍ ഈ ജിഹാദ് ചെയ്യാന്‍ പാടില്ല. ജിഹാദ് ചെയ്യുന്നവനും, ചെയ്യപ്പെടുന്നവനും പ്രത്യേകമായ നിബന്ധനകള്‍ ഉണ്ട്.

യുദ്ധം ചെയ്യപ്പെടുന്നവന് മൂന്ന് നിബന്ധനകളാണ് ഉള്ളത്:

1- ദിമ്മി ആകുവാന്‍ പാടില്ല. അതായത് മുസ്‌ലീം രാജ്യങ്ങളുടെ സംരക്ഷതയില്‍ കഴിയുന്ന അവിശ്വാസിയോട് ജിഹാദ് ചെയ്യുവാന്‍ പാടില്ല.

2- കരാറില്‍ ഏര്‍പ്പെട്ടവനാകാന്‍ പാടില്ല. അതായത് അവിശ്വാസിയുടെയും മുസ്‌ലിമിന്‍റെയും ഇടയില്‍ കരാര്‍ ഉണ്ടാക്കിയവരോട് ജിഹാദ് ചെയ്യാന്‍ പാടില്ല.

3- അഭയം തേടിയവനായ അമുസ്‌ലിമാവാന്‍ പാടില്ല. യുദ്ധ സന്ദര്‍

(١) رواه أبو داود في سننه: ٢٢/٣، برقم (٢٥٠٤)، والنسائي في سننه: ٣١٣/٦، برقم (٣٠٩٦)، وإسناده صحيح، وانظر: صحيح الجامع، للألباني رقم (٣٠٩٠).

ഭങ്ങളിൽ അഭയം ആവശ്യപ്പെട്ട് കൊണ്ട് മുസ്‌ലിം ഗ്രഹങ്ങളിൽ പ്രവേ ശിച്ചവനോട് ജിഹാദ് നടത്തുവാൻ പാടില്ല.

യുദ്ധം ചെയ്യുന്ന മുസ്‌ലിമിന് അഞ്ച് നിബന്ധനകളാണ് ഉള്ളത്:

1- ഇഖ്‌ലാസ് ഉണ്ടായിരിക്കണം. ജിഹാദ് ചെയ്യുന്നത് അല്ലാഹുവി ൻെറ വചനം ഉയർത്തിപ്പിടിക്കുവാനായിരിക്കണം.

2- യുദ്ധം ചെയ്യേണ്ടത് തൗഹീദിൻെറ കൊടിക്കൂറക്ക് കീഴിലായി രിക്കണം, മറ്റേത് കൊടിക്ക് കീഴിലുമായിരിക്കരുത്.

3- ശത്രുക്കൾ ഭയപ്പെടുമാറ് മുസ്‌ലീങ്ങൾക്ക് ശക്തി ഉണ്ടായിരി ക്കണം.

﴿ وَأَعِدُّواْ لَهُم مَّا ٱسۡتَطَعۡتُم مِّن قُوَّةٍ ﴾ (الأنفال:٦٠)

“അവരെ നേരിടുവാൻ വേണ്ടി നിങ്ങളുടെ കഴിവിൽ പെട്ട എല്ലാ ശക്തിയും ഒരുക്കുക” (അൻഫാൽ:60)

4- ജിഹാദ് ചെയ്യുന്നതിന് മുമ്പുള്ള കുഴപ്പത്തേക്കാൾ വലിയ കുഴ പ്പമാണ് ജിഹാദിന് ശേഷം ഉണ്ടാകുന്നത് എന്ന് ഭയപ്പെടാതിരിക്കുക.

5- മുസ്‌ലിം ഭരണാധികാരിയുടെ - കൈകാര്യ കർത്താക്കൾ- അ നുവാദം വേണം. അപ്പോൾ ജിഹാദിന് അനുവാദം നൽകുക എന്ന ത് മുസ്‌ലിം ഭരണാധികാരിയുടെ അവകാശമായത് കൊണ്ട് തന്നെ അദ്ദേഹത്തെ അനുസരിക്കൽ ഭരണീയർക്ക് നിർബ്ബന്ധ ബാധ്യതയു മാണ്. പ്രവാചകൻ ﷺ പറയുന്നു:

«إنما جعل الإمام جنّة يقاتل من ورائه ويتقى به فإن أمر بتقوى الله وعدل فإن له بذلك أجراً وإن أمر بغيره فإن عليه وزراً»(١)

“തീർച്ചയായും ഇമാമിനെ പരിചയായി നിർണ്ണയിച്ചിരിക്കുന്നത് അ ദ്ദേഹത്തിൻെറ പിന്നിൽ നിന്ന് യുദ്ധം ചെയ്യുവാനും, സംരക്ഷണം നൽ കുവാനും വേണ്ടിയാണ്, അദ്ദേഹം അല്ലാഹുവിനെ സൂക്ഷിക്കുവാൻ കൽപിക്കുകയും, നീതി നിർവ്വഹിക്കുകയും ചെയ്താൽ അതിനദ്ദേഹ ത്തിന് പ്രതിഫലമുണ്ട്, അതല്ലാത്തതാണ് അദ്ദേഹം കൽപിക്കുന്നതെ ങ്കിൽ അതിനദ്ദേഹത്തിന് കുറ്റവും ഉണ്ടായിരിക്കും”

(١) رواه البخاري في صحيحه –مع الفتح-: ١١١٦/٦، برقم (٢٩٥٧)، ومسلم: ١٤٧١/٣، برقم (١٨٤١)

ഈ ഹദീസിൽ രണ്ട് ഗുണപാഠങ്ങളുണ്ട്:

ഒന്ന്: ജനങ്ങളോടൊപ്പം യുദ്ധം ചെയ്യുന്ന ഒരു നേതാവ് ഉണ്ടായിരിക്കൽ അനിവാര്യമാണ്. അതല്ലാതെ ഏതെങ്കിലും സംഘടനകളോ, സംഘങ്ങൾക്കൊ ജിഹാദിന് വിളിക്കുവാൻ അധികാരമില്ല, അത് നന്മക്ക് പകരം പ്രകടമായ തിന്മയായിരിക്കും വരുത്തിവെക്കുക.

രണ്ട്: ഇമാം നീതിമാനായിരിക്കുക എന്നത് നിബന്ധനയല്ല, മറിച്ച് ഇമാമിനെ പിൻപറ്റുക എന്ന നിബന്ധനയിൽ എല്ലാ പണ്ഡിതന്മാരും യോജിച്ചിട്ടുണ്ട്, ജിഹാദിൻെറ നിബന്ധനയിൽ പെട്ടതാണ് അത് മത നേതൃത്വത്തിൻ കീഴിലായിരിക്കണം എന്നതും, ജിഹാദ് ഏത് സമയത്താണ് അനിവാര്യമായി തീരുക എന്നത് കൃത്യമായി നിർണ്ണയിക്കുവാൻ കഴിയുന്നതും, തീരുമാനിക്കുന്നതും മതത്തിൽ അഗാധപാണ്ഡിത്യമുള്ള പണ്ഡിതന്മാരായിരിക്കണം എന്നതും. ചില പണ്ഡിതന്മാർ പറയുന്നു: (ജിഹാദിൻെറ സമയം തീരുമാനിക്കുക എന്നത് പണ്ഡിതന്മാരുടെ പ്രത്യേകമായ ഉത്തരവാദിത്വത്തിൽ പെട്ടതാണ്)

കാരണം ജിഹാദിൻെറ ലക്ഷ്യം അല്ലാഹുവിലേക്കുള്ള പ്രബോധനവും, വ്യത്യസ്ത രൂപത്തിലുള്ള ചീത്തകാര്യങ്ങളെ ഇല്ലായ്മ ചെയ്യലുമാണ്. ഒരു കർമ്മശാസ്ത്ര നിയമമുണ്ട് അത് ഇപ്രകാരമാണ്: (ഒരു തിന്മ തടയുമ്പോൾ അതിനേക്കാൾ വലിയ തിന്മയും കുഴപ്പവും വരുമെങ്കിൽ ആ തിന്മ തടുക്കൽ നിഷിദ്ധമായി തീരും)

ഇത് മനസിലാക്കുവാൻ കഴിയുന്നത് അഗാധപാണ്ഡിത്യമുള്ള പണ്ഡിതന്മാർക്കായിരിക്കും, മുസ്‌ലീങ്ങൾ മതപരമായ നേതൃത്വത്തിൻ കീഴിലാണെങ്കിൽ- മുസ്‌ലീം ഭരണാധികാരിക്ക് കീഴിൽ- ഭരണാധികാരി നീതിമാനോ, അക്രമിയോ, തെമ്മാടിയോ ആണെങ്കിൽ പോലും ജിഹാദിൻെറ കാര്യം അദ്ദേഹത്തിൽ മാത്രം നിശ്ചിപ്തമാണ്. അല്ലായെങ്കിൽ കുഴപ്പവും, അത്പോലെ അരാചകത്വവുമായിരിക്കും അവിടെ ഉണ്ടാവുക.

പ്രവാചകൻﷺയുടെ ജിഹാദിനെ സംബന്ധിച്ച് പരിശോധിക്കുകയാണെങ്കിൽ അത് നാല് ഘട്ടങ്ങൾ കടന്ന് പോയതായി നമുക്ക് കാണാവുന്നതാണ്.

ഒന്നാം ഘട്ടം: യുദ്ധത്തെ പ്രതിരോധിച്ചിരുന്ന ഘട്ടം, ഈ ഘട്ടമായിരുന്നു ഏറ്റവും നീണ്ട ഘട്ടം. ഈ സന്ദർഭത്തിൽ പ്രവാചകൻ ﷺ കൽപിക്കപ്പെട്ടിരുന്നത് പ്രബോധനം നടത്തുവാനും, അവരെ താക്കീത് ചെയ്യുവാനും, അവിശ്വസികളുടെ ഉപദ്രവങ്ങളിൽ ക്ഷമ കൈകൊള്ളുവാനും, വിട്ട്വീഴ്ച നൽകുവാനും, അവരിൽ നിന്ന് പിൻതിരിയാനുമായിരുന്നു. മുസ്‌ലീങ്ങൾക്ക് ഉപദ്രവമേറ്റിട്ടും, വധിക്കപ്പെട്ടിട്ടും പ്രവാചകാനുചരന്മാരോട് ഈ സന്ദർഭത്തിൽ യുദ്ധം ചെയ്യുവാനോ, അവിശ്വാസികളെ തട്ടിക്കൊണ്ട് പോയി തടവിലാക്കുവാനോ കൽപിച്ചില്ല.

<u>രണ്ടാം ഘട്ടം:</u> യുദ്ധത്തിന് അനുവാദം നൽകി പക്ഷേ, കൽപിച്ചില്ല. അല്ലാഹു അതിനെപ്പറ്റി പറയുന്നു:

﴿ أُذِنَ لِلَّذِينَ يُقَـٰتَلُونَ بِأَنَّهُمْ ظُلِمُوا۟ ۚ وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٣٩﴾ ﴾ (الحج:٣٩)

"യുദ്ധത്തിനിരയാകുന്നവർക്ക്, അവർ മർദ്ദിതരായതിനാൽ (തിരിച്ചടിക്കുവാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവൻ തന്നെയാണ്" (ഹജ്ജ്:39)

<u>മൂന്നാം ഘട്ടം:</u> മുസ്‌ലീങ്ങളോട് യുദ്ധം ചെയ്യുന്നവരോട് യുദ്ധം ചെയ്യുവാനും, മറ്റുള്ളവരെ പ്രതിരോധിക്കുവാനുമുള്ള സന്ദർഭമായിരുന്നു. അല്ലാഹു ഇതിനെ സംബന്ധിച്ച് ഉണർത്തുന്നു.

﴿ وَقَـٰتِلُوا۟ فِى سَبِيلِ ٱللَّهِ ٱلَّذِينَ يُقَـٰتِلُونَكُمْ وَلَا تَعْتَدُوٓا۟ ﴾ (البقرة:١٩٠)

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക" (അൽബഖറ:190)

<u>നാലാം ഘട്ടം:</u> മുസ്‌ലീങ്ങൾക്ക് ശക്തമായ ഒരു ഭരണകൂടമുണ്ടായപ്പോൾ ജനങ്ങളെ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നത് തടഞ്ഞ് കൊണ്ടിരുന്ന മുഴുവൻ അവിശ്വാസികളോടും യുദ്ധം ചെയ്യുവാൻ പ്രവാചകനോട് കൽപിക്കുകയുണ്ടായി. അല്ലാഹു പറയുന്നു:

﴿ تُقَـٰتِلُونَهُمْ أَوْ يُسْلِمُونَ ﴾ (الفتح:١٦)

"അവർ കീഴടങ്ങുന്നത് വരെ നിങ്ങൾ അവരുമായി യുദ്ധം ചെയ്യേണ്ടി വരും" (ഫത്ഹ്:16) വീണ്ടും അല്ലാഹു പറയുന്നു:

﴿ قَـٰتِلُوا۟ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْـَٔاخِرِ وَلَا يُحَرِّمُونَ مَا حَرَّمَ ٱللَّهُ وَرَسُولُهُۥ وَلَا يَدِينُونَ دِينَ ٱلْحَقِّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ حَتَّىٰ يُعْطُوا۟ ٱلْجِزْيَةَ عَن يَدٍ وَهُمْ صَـٰغِرُونَ ﴿٢٩﴾ ﴾

(التوبة:٢٩)

"വേദം നൽകപ്പെട്ടവരുടെ കൂട്ടത്തിൽ അല്ലാഹുവിലും അന്ത്യദിനത്തിലും, വിശ്വസിക്കാതിരിക്കുകയും, അല്ലാഹുവും, അവന്റെ ദൂതനും നിഷിദ്ധമാക്കിയത് നിഷിദ്ധമായി ഗണിക്കാതിരിക്കുകയും, സത്യമതത്തെ മതമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുക. അവർ കീഴടങ്ങിക്കൊണ്ട് കയ്യോടെ കപ്പം കൊ

ടുക്കുന്നത് വരെ" (തൗബ:29)

കര്‍മ്മശാസ്ത്ര പണ്ഡിതന്മാര്‍(റ) പറയുന്നത് മുകളില്‍ നാം വിവരിച്ച ഘട്ടങ്ങള്‍ ദുര്‍ബ്ബലപ്പെടുത്തപ്പെട്ടിട്ടില്ല, മറിച്ച് മുസ്‌ലീങ്ങളുടെ ശക്തിക്കും, ദുര്‍ബ്ബലതക്കും അനുസരിച്ച് ഓരോ ഘട്ടങ്ങളും പ്രവര്‍ത്തിപഥത്തില്‍ കൊണ്ട് വരേണ്ടതാണ്. ശത്രുക്കള്‍ ഭയപ്പെടുമാറ് മുസ്‌ലീങ്ങള്‍ക്ക് ശക്തിയുണ്ട് എങ്കില്‍ മുകളില്‍ വിവരിച്ച നിബന്ധ നകളോടെ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ജിഹാദ് ചെയ്യാവുന്നതാണ്. എന്നാല്‍ വ്യക്തമായ ഉറപ്പോ, അതല്ലെങ്കില്‍ ശക്തിയോ ഇല്ലാതെ ശത്രുക്കളെ മുസ്‌ലീം രാജ്യത്തില്‍ വിഹരിക്കുവാനുപയുക്തമായ രൂപത്തിലും, മുസ്‌ലീങ്ങളെ അപകടത്തിലേക്കും, വാള്‍മുനയിലേക്കും വലിച്ചെറിയുന്ന രൂപത്തില്‍ അപകടം വരുത്തി വെക്കുവാന്‍ പാടുള്ളതല്ല, കാരണം അത് സ്തുത്യര്‍ഹമായ പര്യവസാനമല്ല പ്രധാനം ചെയ്യുക മറിച്ച് മുസ്‌ലീങ്ങള്‍ക്കും, ഇസ്‌ലാമിനും പ്രയാസമാണ് ഉണ്ടാക്കുക.

ഇസ്‌ലാമിനും മുസ്‌ലീങ്ങള്‍ക്കും വിപത്തുകള്‍ വരുത്തിവെച്ച ജിഹാദാണ് എന്ന രൂപത്തില്‍ ചെയ്ത ചിലരുടെ അവിവേകമായ പ്രവര്‍ത്തനങ്ങള്‍ നാം കണ്ടതാണ്, ശത്രുക്കള്‍ക്ക് മുസ്‌ലിം രാഷ്ട്രത്തില്‍ അവരുടെ ലക്ഷ്യം സാക്ഷാല്‍ക്കരിക്കുവാനാണ് അത്കൊണ്ട് സാധ്യമായത്. പ്രവാചകന്‍(സ)യുടെ മക്കാ, മദീനാ ജീവിതം പഠിപ്പിക്കുന്നത് ജി ഹാദിന്റെ കാര്യം മുസ്‌ലീം രാഷ്ട്ര നായകരില്‍ മാത്രം നിക്ഷിപ്തമാ ണെന്നാണ്, അതല്ലാതെ മോശമായ പര്യവസാനം ഉണ്ടാകുന്ന രൂപ ത്തില്‍ മുസ്‌ലീങ്ങളെ നാശത്തിലേക്ക് വലിച്ചെറിയുന്നത് അനുവദനീ യമല്ല.

ചുരുക്കി പറഞ്ഞാല്‍ ജിഹാദിന്റെ പ്രത്യേകമായ ആശയം - അവിശ്വാസികളോടുള്ള ജിഹാദ്- മുകളില്‍ നാം സൂചിപ്പിച്ച നിബന്ധനകള്‍ പൂര്‍ത്തിയാലല്ലാതെ പ്രാബല്യത്തില്‍ വരുകയില്ല.

ഇസ്‌ലാമിലെ ജിഹാദിന് അനേകം നന്മകളുണ്ട്, അല്ലാഹുവിന്റെ മാര്‍ഗത്തിലുള്ള ജിഹാദിന് ധാരാളം വിശുദ്ധ ഉദ്ദേശങ്ങളും, ഉന്നതമായലക്ഷ്യങ്ങളുമുണ്ട്. അതില്‍ പ്രാധാന്യമുള്ളത് താഴെ കൊടുക്കുന്നു.

1- അല്ലാഹുവിന്റെ കലിമത്ത് ഉയര്‍ത്തിപ്പിടിക്കുകയും, മതം മുഴുവനും അല്ലാഹുവിനാക്കുകയും, ഭൂമിയില്‍ അവന്റെ നിയമം നടപ്പില്‍ വരുത്തുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿ وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِ ۚ فَإِنِ ٱنتَهَوْا۟ فَإِنَّ ٱللَّهَ بِمَا يَعْمَلُونَ بَصِيرٌ ﴿٣٩﴾ ﴾، (الأنفال: ٣٩).

"കുഴപ്പം ഇല്ലാതാവുകയും മതം മുഴുവന്‍ അല്ലാഹുവിന് വേണ്ടിയാകുകയും ചെയ്യുന്നത് വരെ നിങ്ങള്‍ അവരോട് യുദ്ധം ചെയ്യുക. ഇനി, അവര്‍ വിരമിക്കുന്ന പക്ഷം അവര്‍ പ്രവര്‍ത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്" (അന്‍ഫാല്‍:39)

﴿ وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ ۖ فَإِنِ ٱنتَهَوْا۟ فَلَا عُدْوَٰنَ إِلَّا عَلَى ٱلظَّـٰلِمِينَ ﴿١٩٣﴾ ﴾، (البقرة: ١٩٣).

“മർദ്ദനം ഇല്ലാതാവുകയും മതം അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങളവരോട് യുദ്ധം നടത്തികൊള്ളുക. എന്നാൽ അവർ (യുദ്ധത്തിൽ നിന്ന്) വിരമിക്കുകയാണെങ്കിൽ (അവരിലെ) അക്രമികൾക്കെതിരിലല്ലാതെ നിന്നീട് യാതൊരു കയ്യേറ്റവും പാടില്ല” (അൽബഖറ:193) അബൂമൂസാ ﵁ വിൽ നിന്ന്:

وعن أبي موسى قال: جاء رجل إلى النبي ﷺ فقال: الرجـــل يقاتِـــل للمغنم، والرجل يقاتل للذكر، والرجل يقاتل ليرى مكانه، فمن في سبيل الله؟ قال ﷺ «من قاتل لتكون كلمة الله هي العليا فهو في سبيل الله»(١).

“പ്രവാചകൻ ﷺ യുടെ അടുത്ത് ഒരാൾ വന്ന്കൊണ്ട് പറഞ്ഞു: ഒരാൾ യുദ്ധമുതലിന് വേണ്ടി യുദ്ധം ചെയ്യുന്നു, മറ്റൊരാൾ പേരിന് വേണ്ടി യുദ്ധം ചെയ്യുന്നു, വേറെയൊരാൾ തൻെറ സ്ഥാനം കാണിക്കുവാൻ വേണ്ടി യുദ്ധം ചെയ്യുന്നു, ആരാണ് അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നത്? പ്രവാചകൻ ﷺ പറഞ്ഞു: “ആരാണോ അല്ലാഹുവിൻെറ കലിമത്ത് ഉയർത്തിപ്പിടിക്കുവാൻ യുദ്ധം ചെയ്യുന്നത് അവനാകുന്നു അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നത്”

2- മുസ്‌ലിങ്ങളുടെ ശത്രുക്കളെ തടയുവാനും, ദുർബ്ബലർ നേരിടുന്ന അക്രമങ്ങളെ തടുക്കുവാനും. അല്ലാഹു പറയുന്നു:

﴿ وَمَا لَكُمْ لَا تُقَـٰتِلُونَ فِى سَبِيلِ ٱللَّهِ وَٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ ٱلَّذِينَ يَقُولُونَ رَبَّنَآ أَخْرِجْنَا مِنْ هَـٰذِهِ ٱلْقَرْيَةِ ٱلظَّالِمِ أَهْلُهَا وَٱجْعَل لَّنَا مِن لَّدُنكَ وَلِيًّا وَٱجْعَل لَّنَا مِن لَّدُنكَ نَصِيرًا ﴿٧٥﴾ ﴾، (النساء: ٧٥).

“അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങൾക്ക് എന്ത്കൊണ്ട് യുദ്ധം ചെയ്തു കൂടാ? ‘ഞങ്ങളുടെ രക്ഷിതാവെ, അക്രമികളായ ആളുകൾ അ

(١) البخاري مع الفتح، رقم (٢٨١٠)، ومسلم مع شرح النووي، رقم (١٩٠٤).

ധിവസിക്കുന്ന ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും, നിൻെറ വകയായി ഒരു രക്ഷാധികാരിയേയും, നിൻെറ വകയായി ഒരു സഹായിയേയും ഞങ്ങൾക്ക് നീ നിശ്ചയിച്ചുതരികയും ചെയ്യേണമേ' എന്ന് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്ന മർദ്ദിച്ചൊതുക്കപ്പെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയും (നിങ്ങൾക്കെന്ത് കൊണ്ട് യുദ്ധം ചെയ്തു കൂടാ?)" (നിസാഅ്:75)

ആശയം: അവിശ്വാസികൾ തങ്ങളുടെ ലക്ഷ്യങ്ങൾക്ക് വേണ്ടി കീഴ്പ്പെടുത്തുകയും, വിശ്വാസികളെ തങ്കളുടെ മതത്തിൽ നിന്ന് തടയുകയും ചെയ്ത് കൊണ്ട് ദുർബ്ബലരാക്കപ്പെട്ട നിങ്ങളുടെ മതത്തിലേയും, മില്ലത്തിലേയും ദുർബ്ബലർക്ക് വേണ്ടി നിങ്ങൾ എന്ത് കൊണ്ട് യുദ്ധം ചെയ്യുന്നില്ല?

മുകളിൽ സൂചിപ്പിച്ച രണ്ട് കാര്യങ്ങളും പണ്ഡിതന്മാർ അംഗീകരിച്ചിരിക്കുന്നു. അവരിൽ ഒരു പണ്ഡിതൻ പറയുന്നത് ശ്രദ്ധിക്കുക: (മതം നിയമമാക്കപ്പെട്ട അടിസ്ഥാനപരമായ യുദ്ധം ജിഹാദാണ് എങ്കിൽ, അതിൻെറ ആശയം മതം മുഴുവനും അല്ലാഹുവിന് വേണ്ടിയാവുകയും, അല്ലാഹുവിൻെറ കലിമത്ത് ഉയർത്തിപ്പിടിക്കുവാൻ വേണ്ടിയാവുകയും ചെയ്യുക എന്നതാണ്. ഇത് ആരെങ്കിലും തടയുകയാണെങ്കിൽ അവർക്കെതിരിൽ യുദ്ധം ചെയ്യാം എന്നതിൽ മുസ്ലീങ്ങൾക്കിടയിൽ അഭിപ്രായാന്തരമില്ല)

മറ്റൊരു പണ്ഡിതൻ പറയുന്നു: (ജിഹാദ് നിയമമാക്കിയതിലൂടെ പ്രകടമാകുന്നത് ഈ മതത്തിൻെറ നന്മയാണ്, കാരണം ജിഹാദ് കൊണ്ട് ഉദ്ദേശിക്കുന്നത് മതത്തിൻെറ അവകാശങ്ങളിൽ കൈകടത്തുന്ന ശത്രുക്കളെ തടയുകയും, അവരുടെ അവകാശവാദങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുക എന്നതാണ്. ഇതാണ് ജിഹാദിൽ ഏറ്റവും ശ്രേഷ്ടമായ ഇനം. ഇത് കൊണ്ട് ജിഹാദ് ചെയ്യുന്നവൻ ഉദ്ദേശിക്കുന്നത് സ്വന്തം ഇഛയോ, ഉദ്ദേശമോ,ഭൗതിക ലക്ഷ്യങ്ങളോ അല്ല.

ഈ അടിസ്ഥാന തത്വവും, ശത്രുക്കളോടുള്ള പ്രവാചകൻ ﷺയുടെയും, സ്വഹാബികളുടെയും ജീവിതചര്യയും പരിശോധിക്കുകയും ചെയ്താൽ ജിഹാദ് നിർബ്ബന്ധമായ കാര്യങ്ങളിൽ പെട്ടതും, അക്രമകാരികളുടെ അക്രമം തടുക്കുവാനും വേണ്ടിയാണെന്ന് യാതൊരു സംശയവും കൂടാതെ മനസിലാക്കുവാൻ കഴിയുന്നതാണ്)

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: (അല്ലാഹു ജിഹാദ് നിയമമാക്കിയത് ജനങ്ങളെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് കൊണ്ട് വരുവാനും, അല്ലാഹുവിൻെറ കലിമത്ത് ഉന്നതമാക്കുവാനും വേണ്ടിയാണ്..., അത്പോലെ മുസ്ലീങ്ങളുടെ മതത്തിൽ കുഴപ്പം ഇല്ലാതിരിക്കുവാനും, അവരുടെ നിഷിദ്ധങ്ങൾ അനുവദനീയമാക്കാതിരിക്കുവാനും, അവരുടെ ഭൂമികൾ മറ്റുള്ളവർ കൈവശപ്പെടുത്താതിരിക്കു വാനും വേണ്ടിയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ അവസാന നാൾ വരെ നിലനിൽക്കൽ അത്യാവശ്യമാണ് താനും. അല്ലാഹുവിൻെറ മാർ ഗത്തിലുള്ള ജിഹാദ് തുടർന്നാൽ മാത്രമേ ഈ കാര്യങ്ങളുടെ യാഥാർ ത്ഥ്യം

തുടരുകയുമുള്ളൂ.

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: ജിഹാദ് അവസാന നാൾ വരെ നിലനിൽക്കുന്നതാണ്, അത്പോലെ ജിഹാദിന്റെ നന്മകൾ മറ്റുള്ളവരിലേക്കും വ്യാപിക്കുന്നു. ജിഹാദ്കൊണ്ട് അല്ലാഹുവിന്റെ ശത്രുക്കളെ കീഴ്പ്പെടുത്തുകയും, അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നവരെ സഹായിക്കുകയും, ഇസ്'ലാമിന്റെ കലിമത്തിനെ ഉയർത്തിപ്പിടിക്കുകയും, വാളിന്റെ നിന്ദ്യതയാൽ അവിശ്വാസിയെ ഏറ്റവും നിന്ദ്യമായ അവിശ്വാസം ഉപേക്ഷിക്കുവാനും, ഇസ്'ലാമാകുന്ന ഏറ്റവും സുന്ദരമായതിനെ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

3- ജിഹാദിലൂടെ ഇഹലോകത്ത് പ്രതാപം കരഗതമാകുന്നു. മുസ്ലിം സമുദായം ജിഹാദിനാൽ പ്രാതപമുള്ളവരായിരുന്നു, അവർ ജിഹാദ് ഉപേക്ഷിച്ചപ്പോൾ നിന്ദ്യരാവുകയും, ശക്തരും ബലഹീനരും അവരിൽ ആധിപത്യം നേടുകയും ജനങ്ങൾക്കിടയിൽ നിന്ദ്യരാക്കുകയും ചെയ്തു. ഇത് പ്രവാചക ﷺ തിരുമേനിയുടെ തിരുമൊഴിയുടെ പ്രവചിച്ചതായി നമുക്ക് കാണാനാവും. പ്രവാചകൻ ﷺ പറയുന്നു:

«إذا تبايعتم بالعينة وأخذتم بالزرع واتبعتم أذناب البقر وتركتم الجهاد سلط الله عليكم ذلاً لا ينزعه حتى تراجعوا دينكم»(١)

"നിങ്ങൾ നീരുറവകളെ അന്വോഷിച്ച് നടക്കുകയും, കാർഷിക വ്യത്തിയിൽ ഏർപ്പെടുകയും, പശുക്കളുടെ പിന്നാലെ നടക്കുകയും, ജിഹാദ് ഉപേക്ഷിക്കുകയും ചെയ്തപ്പോൾ അല്ലാഹു നിങ്ങളുടെമേൽ നിന്ദ്യതയേൽപിച്ചു, നിങ്ങൾ നിങ്ങളുടെ മതത്തിലേക്ക് മടങ്ങുന്നത് വരെ അത് നിങ്ങളിൽ നിന്നും ഒഴിവാക്കുകയില്ല"

4- ഇസ്'ലാം നിയമമാക്കുകയും, പണ്ഡിതന്മാർ വ്യക്തമാക്കുകയും ചെയ്ത നിബന്ധനകളോടെയുള്ള ജിഹാദ് അല്ലാഹുവിന്റെ സഹായം പ്രധാനം ചെയ്യുന്നു, അല്ലാഹു ജിഹാദ് ചെയ്യുന്നവർക്ക് സഹായം വാഗ്ദാനം ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ إِن تَنصُرُوا۟ ٱللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ﴾ (محمد:٧)

"നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്" (മുഹമ്മദ്:7)

(١) رواه أبو داود في سننه: ٣/٧٤٠-٧٤١، برقم (٣٤٦٢)، وصححه الألباني، صحيح الجامع (٤٢٣)

5- ജിഹാദ് സമുദായത്തെ മുഴുവനും വിജയത്തിലേക്കും, ഉയർച്ചയിലേക്കും നയിക്കുകയും, അവരെ അതിന് ക്രമീകരിക്കുകയും, അവരുടെ ജീവിതം ഉൽസാഹവത്താക്കുകയും, നിന്ദ്യതയാർന്ന കാര്യളിൽ നിന്ന് മോചിപ്പിക്കുകയും, വിഢഢിത്തത്തിൽ നിന്നും, വിവരക്കേടിൽ നിന്നും യുവാക്കളെ രക്ഷപ്പെടുത്തുകയും ചെയ്യുന്നു.

6- ജിഹാദ് മുഖേന ജീവിതത്തിൽ ഒട്ടനവധി പരിശ്രമത്തിൻെറയും ത്യാഗത്തിൻെറയും ചക്രവാളങ്ങളാണ് തുറക്കപ്പെടുന്നത്. ജിഹാദ് മുഖേന നേടിയെടുക്കുന്ന പ്രതാപം ഒരു പുതിയ ആശയമാണ് ജീവിതത്തിന് നൽകുന്നത്, ഇത്മുഖേന ബുദ്ധിയെ ഉപകാരപ്രദമായ ചിന്തകൾ മുഖേന പിളർത്തുകയും, ഉന്നതമായ കാര്യങ്ങൾ കൊണ്ട് മനഃക്കരുത്തിനെ ശക്തിപ്പെടുത്തുകയും, സമൂഹത്തിന് ഒന്നടങ്കം ബാധിക്കുന്ന ഉന്നതമായ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുവാൻ വേണ്ടി യുവാക്കളെ സഹായിക്കുകയും ചെയ്യുന്നു.

7- ജിഹാദ് മുഖേന പരലോകത്ത് അല്ലാഹുവിൻെറ തൃപ്തിയുടെ സൗഭാഗ്യവും, ഇഹലോകത്ത് അല്ലാഹുവിനെ അനുസരിക്കുക എന്ന സൗഭാഗ്യവും നേടുവാൻവേണ്ടി അല്ലാഹു മുസ്ലീങ്ങളിൽ നിന്ന് ശുഹദാക്കളെ സ്വീകരിക്കുകയും ചെയ്യുന്നു.

☆☆ ☆☆

# മൂന്ന്:

# കുടുംബപരമായ നിയമങ്ങളില്യൂടെയുള്ള ഇസ്‌ലാമിൻെറ നന്മകൾ:

ഇസ്‌ലാം മനുഷ്യൻെറ ഇരുലോക നന്മയും, ഉപകാരങ്ങളും പരിഗണിക്കുന്ന മതമായത്കൊണ്ട്തന്നെ ശുദ്ധപ്രകൃതിയോടും, മനുഷ്യപ്രകൃതിയോടും, മനുഷ്യൻെറ ആവശ്യങ്ങളോടും യോജിക്കുന്ന നിയമങ്ങളാണ് അതിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. കുടുംബപരമായ നിയമങ്ങളിലൂടെ കടന്ന് പോകുന്ന ഒരാൾക്ക് ഇത് വളരെ വ്യക്തമായി മനസിലാക്കുവാൻ കഴിയുന്ന കാര്യമാണ്. ഈ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കുകയാണ് ചുവടെ.

## ഒന്ന്: വിവാഹം:

الـــزواج എന്ന അറബി പദത്തിൻെറ അർത്ഥം അടുക്കുക,

ബന്ധിപ്പിക്കുക എന്നല്ലാമാണ്.

മതത്തിൻെറ സാങ്കേതിക ഭാഷയിൽ: സ്ത്രീയും പുരുഷനും മതം അനുശാസിക്കുന്ന രൂപത്തിൽ പരസ്പരം സുഖവും, ആസ്വാദനവും പങ്കിടുവാൻ വേണ്ടിയുള്ള മതപരമായ ഒരു ബന്ധമാണ് വിവാഹം.

വിവാഹം നിയമമാക്കിയിട്ടുണ്ടെന്നതിന് വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും നമുക്ക് അനേകം തെളിവുകൾ കാണാവുന്നതാണ്.

﴿ فَٱنكِحُواْ مَا طَابَ لَكُم مِّنَ ٱلنِّسَآءِ مَثۡنَىٰ وَثُلَٰثَ وَرُبَٰعَ ﴾ (النساء:٣)

"സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക" (നിസാഅ്:3)

﴿ وَأَنكِحُواْ ٱلۡأَيَٰمَىٰ مِنكُمۡ وَٱلصَّٰلِحِينَ مِنۡ عِبَادِكُمۡ وَإِمَآئِكُمۡ ﴾ (النـــــور: ٣٢)

"നിങ്ങളിലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽ നിന്നും അടിമ സ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിലേർപ്പെടുക" (നൂർ:32) പ്രവാചകസുന്നത്തിൽ നിന്ന്:

وقول رسول الله ﷺ: «النكاح من سنتي، فمن لم يعمل بسنتي فلـــيس مني، وتزوَّجوا فإني مكاثر بكم الأمم، ومن كان ذا طول فلينكح، ومن لم يجد فعليه بالصِّيام، فإن الصَّوم له وجاء»(١)

"വിവാഹം കഴിക്കൽ എൻെറ ചര്യയിൽ പെട്ടതാണ്, എൻെറ സുന്നത്തനുസരിച്ച് പ്രവൃത്തിക്കാത്തവൻ എന്നിൽ പെട്ടവനല്ല. നിങ്ങൾ വിവാഹം കഴിക്കുക, നിങ്ങൾ മുഖേന ഞാൻ കൂടുതൽ അനുയായികളുണ്ടാവാൻ വേണ്ടി, നിങ്ങളിൽ കഴിവുള്ളവർ വിവാഹം കഴിക്കട്ടെ, അതിന് കഴിയാത്തവൻ നോമ്പനുഷ്ടിക്കട്ടെ, കാരണം നോമ്പവന് പരിചയാകുന്നു"

വിവാഹം മഹത്തായ ഒരു അനുഗ്രഹവും, തൻെറ സൃഷ്ടികൾക്ക് അല്ലാഹു നൽകിയ ഒരു ദൃഷ്ടാന്തവും, പ്രവാചകന്മാരുടെയും ദൂതന്മാരുടെയും ചര്യയുമാണ്. ഇതിൻെറ പ്രാധാന്യത്തെ ഇസ്ലാം വ്യക്തമാക്കുന്നുണ്ട്. വിവാഹം കൊണ്ടുള്ള ഫലവത്തായ ഉപകാരങ്ങളെയും, നേട്ടത്തെയും സംബന്ധിച്ചും, സമൂഹത്തിനും, വ്യക്തികൾക്കും, സമുദായത്തിനും, ഗോത്രങ്ങൾക്കും നേടിക്കൊടുക്കുന്ന ഒട്ടനവധി ഉപകാരങ്ങളെ സംബന്ധിച്ചും ഖുർആനും തിരുസുന്നത്തും ധാരാളം സ്ഥല

(١) رواه ابن ماجه في سننه: ٥٩٢/١، برقم (١٨٤٦ )، وصححه الألباني في صحيح الجامع، برقم (٦٨٠٧)

ങ്ങളിൽ പ്രദിപാതിക്കുന്നുണ്ട്. ഇതിൽ ചിലത് താഴെ കൊടുക്കുന്നു:

1- വിവാഹം മനസിന് ശാന്തിയും സമാധാനവും നൽകുന്നു. അല്ലാഹു മനുഷ്യന് നൽകിയ അവൻെറ പരിപൂർണമായ അനുഗ്രഹത്തിലും, കാരുണ്യത്തിലും പെട്ടതാണ് മനുഷ്യരെ ഒരേ വർഗത്തിൽ നിന്ന് സ്ത്രീയും പുരുഷനുമായി ഇണകളായി സൃഷ്ടിച്ചു എന്നത്. മാത്രമല്ല അവർക്കിടയിൽ സ്നേഹവും, കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു. അവർ രണ്ടാളിലും ഓരോരുത്തരും തൻെറ ഇണയിലേക്ക് ഒത്ത്ചേരുകയും, സമാധാനമടയുകയും, സന്തുഷ്ടരാ വുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ وَمِنْ ءَايَـٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾ ﴾ ( الروم: ٢١ ).

“നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രേ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (റൂം:21)

2- ഇണകൾക്ക് വിവാഹം മുഖേന വ്യഭിചാരത്തിലകപ്പെടാതെ സ്വന്തം ചാരിത്രശുദ്ധി കാത്ത് സൂക്ഷിക്കുവാൻ കഴിയുന്നു. തങ്ങളുടെ വികാരം ശമിപ്പിക്കുവാനായി അവർ തെറ്റായ മാർഗങ്ങളിൽ പ്രവേശിക്കുന്നില്ല. അബ്ദുല്ലാഇബ്നു മസ്ഊദിൽ ﷺ നിന്ന് നിവേദനം: പ്രവാചകൻ ﷺ പറയുന്നു:

«يا معشر الشباب من استطاع منكم الباءة فليتـــزوج؛ فإنـــه أغـــض للبصر، وأحصن للفرج، ومن لم يستطع فعليه بالصوم؛ فإنه لـــه وجـــاء» .(١)

“അല്ലയോ യുവാക്കളെ നിങ്ങൾക്കാർക്കെങ്കിലും വിവാഹം കഴിക്കുവാനുള്ള ശേഷിയുണ്ടെങ്കിൽ അവൻ വിവാഹം കഴിക്കട്ടെ, അതാണ് തൻെറ ദൃഷ്ടികളെ താഴ്ത്തുവാനും, ഗുഹ്യാവയവം സൂക്ഷിക്കുവാനും നല്ലത്, അതിന് സാധ്യമല്ലായെങ്കിൽ അവൻ നോമ്പനുഷ്ടിക്കട്ടെ, കാരണം അതവന് ഒരു പരിചയാണ്”

(1)ബുഖാരി (106-9) നമ്പർ (5065) മുസ്‌ലിം :(1018-2) നമ്പർ(1400)

വിവാഹം കൊണ്ട് വൈവാഹിക ജീവിതം നയിക്കുന്നവർക്ക് തങ്ങളുടെ പ്രകൃതിദത്തമായ ആഗ്രഹങ്ങൾ അല്ലാഹു അനുവദിച്ച മാർഗങ്ങളിലൂടെ പൂർത്തീകരിക്കുവാൻ സാധിക്കുകയും, തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കുവാനും, ഗുഹ്യാവയവങ്ങളെ മ്ളേഛതകളിൽ നിന്ന് രക്ഷപ്പെടുത്തുവാനും സാധിക്കുന്നു. ബുദ്ധിയും, ആരോഗ്യവും പ്രായപൂർത്തിയുമായ ഒരാൾക്കും തന്നെ ഒഴിഞ്ഞ് നിൽക്കുവാൻ കഴിയാത്ത തൻെറ വൈകാരികതയെ ശമിപ്പിക്കുവാൻ വിവാഹത്തിലൂടെ സാധ്യമാകുന്നു.

ഇസ്‌ലാം പ്രകൃതിപരമായ മാർഗങ്ങൾ അവലംബിക്കുന്നത് കൊണ്ട് തന്നെ മനുഷ്യൻെറ പ്രകൃതിപരമായ വികാരത്തെ നശിപ്പിക്കുവാനോ, ഒതുക്കിവെക്കുവാനോ കൽപിക്കാത്തത്പോലെ തന്നെ വികാരത്തെ യാതൊരു കടിഞ്ഞാണുമില്ലാതെ കയറൂരി വിട്ട് മൃഗങ്ങളേക്കാൾ അധഃപതിക്കുവാനും കൽപിക്കുന്നില്ല. മറിച്ച് നിയമാനുസൃതമായ വിവാഹത്തിലൂടെ തൻെറ വികാരം ശമിപ്പിക്കുവാനുള്ള സുരക്ഷിതമായ മാർഗങ്ങൾ നിർണ്ണയിച്ച് കൊടുക്കുന്നു ഇസ്‌ലാം. ഇത്മൂഖേന മനുഷ്യനെ മൃഗീയതയിൽ നിന്ന് മനുഷ്യത്വത്തിലേക്ക് ഉയർത്തുകയും, തൻെറ വികാരങ്ങൾ ശമിപ്പിക്കുവാനും, ആസ്വദിക്കു വാനുള്ള മാർഗങ്ങൾ ഒരുക്കി കൊടുക്കുകയും ചെയ്യുന്നു.

3- വിവാഹം തലമുറകളെ സൃഷ്ടിക്കുവാനുള്ള മാർഗമാകുന്നു.

സന്താനങ്ങൾ ഇഹലോക ജീവിതത്തിൻെറ അലങ്കാരത്തിൽ പെട്ടതാണ്. തനിക്ക് ശേഷവും തൻെറ തലമുറ നിലനിൽക്കണമെന്നും, അത് തുടർന്ന്കൊണ്ടേയിരിക്കണമെന്നും മനുഷ്യൻ ആഗ്രഹിക്കുന്നത് പോലെ തന്നെ സന്താനങ്ങളോടുള്ള സ്നേഹവും, സന്താന വർദ്ദനവും മനുഷ്യ പ്രകൃതിയുടെ ഭാഗമാകുന്നു. ഈ ലക്ഷ്യം സാക്ഷാൽകരിക്കുവാനും, യാഥാർത്ഥ്യമാക്കുവാനുമുള്ള മാന്യവും, ശ്രേഷ്ടവുമായ മാർഗമാണ് വിവാഹം. അല്ലാഹു പറയുന്നു:

﴿ ٱلْمَالُ وَٱلْبَنُونَ زِينَةُ ٱلْحَيَوٰةِ ٱلدُّنْيَا ﴾ (الكهف: ٤٦)

“സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിൻെറ അലങ്കാരമാകുന്നു” (അൽകഅ്ഫ്:46) അല്ലാഹു വീണ്ടും പറയുന്നു:

﴿ وَٱللَّهُ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَجَعَلَ لَكُم مِّنْ أَزْوَٰجِكُم بَنِينَ وَحَفَدَةً وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ ﴾ (النحل: ٧٢)

“അല്ലാഹു നിങ്ങൾക്കു നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രന്മാരെയും പൗത്രന്മാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽ നിന്നും അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്

തിരിക്കുന്നു" (നഹ്ൽ:72)

4- വിവാഹം കുടുംബത്തിന് കെട്ടുറപ്പ് നൽകുകയും, സമൂഹത്തിലെ അംഗങ്ങൾക്കിടയിലുള്ള ബന്ധങ്ങൾക്കും, സ്നേഹത്തിനും ശക്തി പകരുകയും ചെയ്യുന്നു. ഒരു കുടുംബം വിവാഹ ബന്ധത്തിലൂടെയുള്ള കുടുംബവുമായി ബന്ധം സുദൃഢമാക്കുന്നു, ആ കുടുംബം മറ്റൊരു കുടുംബവുമായി ബന്ധം സ്ഥാപിക്കുന്നു. ഇപ്രകാരം സമൂഹം മുഴുവനും ഒരു കുടുംബം പോലെയായി തീരുന്നു. അല്ലാഹു പറയുന്നു:

﴿ وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا ﴾ (الفرقان: ٥٤ ).

"അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും, അവനെ രക്ത ബന്ധമുള്ളവനും വിവാഹ ബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്" (ഫുർഖാൻ:54)

5- ശരീഅത്തനുസരിച്ചുള്ള വിവാഹം വംശപരമ്പരയെ കാത്ത് സൂക്ഷിക്കുന്നതോടൊപ്പം തന്നെ സമൂഹത്തിൻെറ അടിത്തറയായ കുടുംബങ്ങളെ വ്യവസ്ഥാപിതമാക്കുകയും ചെയ്യുന്നു. അത്മുഖേന വ്യക്തികൾക്കിടയിൽ പരസ്പര സഹായ സഹകരണങ്ങൾ സാധ്യമാകുന്നു. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِى تَسَآءَلُونَ بِهِۦ وَٱلْأَرْحَامَ ۚ إِنَّ ٱللَّهَ كَانَ عَلَيْكُمْ رَقِيبًا ۝١ ﴾ (النساء: ١)

"മനുഷ്യരെ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നു തന്നെ അതിൻെറ ഇണയേയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിൻെറ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക) തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ച് കൊണ്ടിരിക്കുന്നവനാകുന്നു" (നിസാഅ്:1)

﴿ يَٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَٰكُمْ شُعُوبًا وَقَبَآئِلَ

لِتَعَارَفُوٓاْۚ إِنَّ أَكۡرَمَكُمۡ عِندَ ٱللَّهِ أَتۡقَىٰكُمۡۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٞ ﴾ (الحجـــــرات: ١٣)

അല്ലാഹു പറയുന്നു: "ഹേ, മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങ ളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹു വിൻെറ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ഹുജുറാത്ത്:13)

ഇസ്‌ലാം നിർണ്ണയിച്ച വിവാഹത്തിലൂടെയുള്ള സ്ത്രീപുരുഷ ബന്ധം ഉപേക്ഷിക്കുകയാണെങ്കിൽ ബന്ധങ്ങൾ അറ്റുപോകുന്നതിലും, ജീവിതം പാഴായി പോകുന്നതിലും മൃഗങ്ങളുടെ സന്താനങ്ങളും, മനുഷ്യ സന്താനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടാകുമായിരുന്നില്ല. കുടുംബ ബന്ധം വിഛേദിച്ച സന്താനങ്ങൾ അധികരിക്കുകയും അവർക്ക് തൻെറ പിതാവാരാണ്, ഒരുപക്ഷേ മാതാവാരാണ് എന്ന് പോലുമറിയില്ല. കുഞ്ഞിന് മാതാവും പിതാവും നഷ്ടപ്പെടുകയാണെങ്കിൽ അവന് സ ഹോദരൻ, സഹോദരി, എളാപ്പ എളാമ, അമ്മാവൻ അമ്മായി പോലെ യുള്ള ബന്ധുക്കളെയും നഷ്ടപ്പെടുന്നു. ഈ ബന്ധങ്ങൾ മുഖേന ലഭിക്കേണ്ട സുരക്ഷിതത്വവും, പ്രതാപവും, സൗഭാഗ്യവും, ശാന്തിയും ലഭിക്കാതിരിക്കുക മാത്രമല്ല ഈ നാമങ്ങളൊക്കെയും അവനെ സംബന്ധിച്ചിടത്തോളം വെറും പേരുകൾ മാത്രമായി അവശേഷിക്കുന്നതാണ്. പകരമവന് ലഭിക്കുന്നത് ഏകാന്തതയും, ദൗർഭാഗ്യവും, അപരിചിതത്വവും, നിന്ദ്യതയുമാകുന്നു. ആദം സന്തതികൾക്ക് അല്ലാഹു നൽകിയ അനുഗ്രഹം എത്രയോ വലുതാകുന്നു.

6- നിയമനാതുസൃതമായ വിവാഹത്തിലൂടെ സന്താനങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം അവരർഹിക്കുന്ന പരിഗണന അവർക്ക് ലഭിക്കുകയും, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വങ്ങൾ നിർണ്ണയിച്ച് കൊടുക്കുകയും ചെയ്യുന്നു. ഇത്മുഖേന അദ്ദേഹം തൻെറ പിതാവാണ്, അവൾ തൻെറ മാതാവാണ്, അത് തൻെറ സഹോദരനാണ്, അല്ലെങ്കിൽ എളാപ്പയാണ്, അമ്മാവനാണ്, അവൾ തൻെറ സഹോദരിയാണ് അല്ലെ ങ്കിൽ അമ്മായിയാണ്, എളാമയാണ് എന്ന് തിരിച്ചറിയുവാൻ സാധിക്കു ന്നു. എല്ലാവർക്കും അവരവരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങ ളുമുണ്ട്.

عن عبد الله بن عمر– رضي الله عنهما – عن النبي ﷺ أنه قال: «ألا كلكم راع، وكلكم مسئول عن رعيته. فالأمير الذي على النـــاس راع،

وهو مسئول عن رعيته. والرجل راع على أهل بيته، وهو مسئول عنهم. والمرأة راعية على بيت بعلها وولده، وهي مسئولة عنهم، والعبد راع على مال سيده وهو مسئول عنه، ألا فكلكم راع وكلكم مسئول عن رعيته»(١).

അബ്ദുല്ലാഇബ്നു ഉമർ(റ) പ്രവാചകൻﷺയിൽ നിന്ന്: തിരുമേനി പറഞ്ഞു: "അറിയുക, നിങ്ങളെല്ലാവരും ഭരണകർത്താക്കളാണ്, നിങ്ങളെല്ലാവരും നിങ്ങളുടെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നവരാകുന്നു. ജനങ്ങളുടെ കൈകാര്യകർത്താക്കൾ അവരുടെ ഭരണകർത്താക്കളാണ്, അവർ തൻെറ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്, മനുഷ്യൻ തൻെറ കുടുംബത്തിലെ യജമാനനാണ്, അവരെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടുന്നതാണ്, സ്ത്രീ തൻെറ ഭർത്താവിൻെറയും, സന്താനനങ്ങളുടെയും വീട്ടിലെ ഭരണകർത്താവാണ്, അവൾ അവരെ പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്, അടിമ തൻെറ യജമാനൻെറ സമ്പത്തിൻെറ നോട്ടക്കാരനാകുന്നു അവൻ അതിനെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. അറിയുക നിങ്ങളെല്ലാവരും ഭരണകർത്താക്കളാണ്, എല്ലാവരും തങ്കളുടെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്"

ഒരാൾക്കും തന്നെ തൻെറ ഉത്തരവാദിത്വത്തിൽ നിന്നോ, അവകാശങ്ങളിൽ നിന്നോ ഒഴിഞ്ഞ് നിൽക്കുവാൻ സാധ്യമല്ല. വ്യക്തികൾ തമ്മിലുള്ള ശരിയായതും ശക്തവുമായ ബന്ധം മനസിലാക്കിയെങ്കിൽ മാത്രമാണ് തൻെറ അവകാശങ്ങളെയും, ഉത്തരവാദിത്തങ്ങളെയും സംബന്ധിച്ച് അറിയുവാനും, അതിൻെറ അവകാശികൾക്ക് എത്തിച്ച് കൊടുക്കുവാനും സാധ്യമാവുകയുള്ളൂ. കുടുംബ പരമ്പരയും, സന്താന പരമ്പരയും സംരക്ഷിക്കുന്നതിലൂടെയാണ് വ്യക്തികൾ തമ്മിലുള്ള ബന്ധം മനസിലാക്കുവാൻ കഴിയുക. ഇത്മനസിലാക്കുവാനുള്ള ഏക മാർഗം ഇസ്‌ലാം നിർണയിച്ചിട്ടുള്ള നിയമാനുസൃതമായ വിവാഹം മാത്രമാകുന്നു.

7- വിവാഹത്തിലൂടെ മതത്തിൻെറ അതിൽ വരമ്പുകളെയും സമൂഹത്തെയും സംരക്ഷിക്കുവാൻ സാധിക്കുന്നു, കാരണം അല്ലാഹു തൻെറ അടിമകൾക്ക് സന്താന പരമ്പര നിലനിർത്തുവാൻ ഉണ്ടാക്കിയിട്ടുള്ള നിയമാനുസൃതമാർഗമാണ് വിവാഹം. ഇത്കൊണ്ട് തന്നെയാണ് വി

---

(١) أخرجه البخاري في صحيحه -مع الفتح-: ٢٩٩/٩، برقم (٥٢٠٠)، ومسلم: ١٤٥٩/٣، برقم (١٨٢٩).

വാഹം കഴിക്കുവാൻ ആഗ്രഹിക്കുന്ന ദമ്പതികൾ ആദ്യമായും പ്രധാനമായും പരിഗണിക്കേണ്ട പ്രധാനപ്പെട്ടകാര്യം മതവിശ്വാസമാക്കുവാൻ കാരണം.

قال النبي ﷺ: «فاظفر بذات الدين تربت يداك» (٢)

"പ്രവാചകൻ(സ) പറയുന്നു: "നിൻെറ കൈകൾ മണ്ണ് പുരളേണ്ടി വന്നാലും നീ മതത്തിന് പ്രാധാന്യം നൽകുക" (അബൂഹുറൈറ(റ) വിൻെറ ഹദീസിൻെറ ഒരു ഭാഗമാണിത്. ബുഖാരി (132-9) നമ്പർ: (5090) മുസ്ലിം (1086-2) നമ്പർ: (1466) )

മതവിശ്വാസങ്ങൾ അടിസ്ഥാനമാക്കി പടുത്തുയർത്തിയിട്ടുള്ള ബന്ധങ്ങളിൽ ഉണ്ടാകുന്ന കൂടിച്ചേരലുകളും, സന്താനങ്ങളും നല്ലതും, സദ്വൃത്തരുമായിരിക്കും. തങ്ങളുടെ ജീവിതത്തിൽ അല്ലാഹുവിൻെറ മത നിയമങ്ങൾ പാലിക്കുകയും, അതോടൊപ്പം തന്നെ കുടുംബങ്ങളിൽ നന്മകൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്ത് കൊണ്ട് മത നിയമങ്ങൾ സംരക്ഷിക്കപ്പെടുകയും, അല്ലാഹുവിൻെറ മാർഗത്തിലുള്ള ധർമ്മ സമരം കൊണ്ട് മതനിയമങ്ങൾ പാലിക്കുന്നതിന് വിഗ്നം സൃഷ്ടിക്കുന്ന ശത്രുക്കളിൽ നിന്ന് സംരക്ഷണം നൽകുകയും ചെയ്യുന്നു. ഇത്മുഖേന നിന്ദ്യതയിൽ നിന്നും, നാമാവശേഷമാവുന്നതിൽ നിന്നും നിർഭയമായ യഥാർത്ഥ വിശ്വാസികൾ നിറഞ്ഞ ഒരു ഇസ്ലാമിക സമൂഹം യാഥാർത്ഥ്യമാവുന്നു.

8- സ്ത്രീപുരുഷന്മാരിലുള്ള സ്ത്രൈണ സ്വഭാവത്തിൻെറയും, പൗരുഷ സ്വഭാവത്തിൻെറയും പ്രത്യേകതകൾ പൂർത്തീകരിക്കപ്പെടുവാനുള്ള മാർഗം വിവാഹമാണ്, ഇങ്ങനെയുള്ള അധിക പ്രത്യേകതകളും, സവിശേഷതകളും പൂർണമാവുന്നതും, യാഥാർത്ഥ്യമാവുന്നതും വൈവാഹിക ജീവിതത്തിലൂടെയാണ്. അതിൽ പെട്ടതാണ് ഭാര്യഭർത്താക്കന്മാർ പരസ്പരം അനുഭവിച്ച്കൊണ്ടിരിക്കുന്ന ശ്രേഷ്ടമായ സ്നേഹം. അതിൽപെട്ടത് തന്നെയാണ് മാതൃത്വവും, പിതൃത്വവും, അനുകമ്പയും, ദയയും. തീർന്നില്ല, ഭാര്യഭർത്താക്കന്മാർ പരസ്പരം കൈമാറുന്ന ഉത്തരവാദിത്വങ്ങളിലും, അവകാശങ്ങളിലും പരിപൂർണത കൈവരിക്കുകയെന്നതും, ഒരു കുടുംബം എന്ന നിലക്ക് ഭാര്യഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുമ്പോഴുണ്ടാകുന്ന അനുഭൂതിയും ഇതിൻെറ ഭാഗം തന്നെയാണ്. ഭർത്താവ് തൻെറ കുടുംബത്തിൻെറ ചുമതലകൾ യഥാവിധം നിർവ്വഹിക്കുവാനുള്ള വിഭവം കണ്ടെത്തുവാൻ ജോലിസ്ഥലത്തേക്ക് പോകുമ്പോൾ, ഭാര്യ തൻെറ സന്താനങ്ങളെ സമൂഹത്തിന് ഉപകാരപ്രദമാകുന്നതിന് വേണ്ടി ശരിയായ രൂപത്തിൽ വളർത്തുകയും, സംസ്കരിക്കുകയും വീട്ടിലെ കാര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്യുവാനായി തനിക്കാവുന്ന രൂപത്തിൽ പരിശ്രമിക്കുന്നു. ഇത് മുഴുവനും മനുഷ്യ സമൂഹത്തിൽ കുടുംബ ജീവിതം മുഖേന അലയടിക്കുന്ന ഉൽകൃഷ്ടമായ നന്മയും, സ്തുത്യർഹമായ വിശേഷണങ്ങളും, മാന്യമായ ശ്രേഷ്ടതകളും ആകുന്നു.

9- പ്രപഞ്ചത്തിൻെറ നാഗരികതക്കും, പുരോഗതിക്കും കാരണം വിവാഹമാണ്. വിവാഹമാണ് മനുഷ്യൻ ഈ ഭൂമിയിൽ അതിൻെറ പരിപൂർണമായ അവസ്ഥയിൽ അവശേഷിക്കുവാൻ കാരണം, അത് മുഖേന മനുഷ്യർ അധികരിക്കുകയും, അവരുടെ ജീവിതം ഈ ഭൂമിയിൽ അനന്തമായി തുടരുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ﴾ (النساء: ١)

“മനുഷ്യരെ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നു തന്നെ അതിൻെറ ഇണയേയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ” (നിസാഅ്:1) അല്ലാഹു പറയുന്നു:

﴿ وَٱللَّهُ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَجَعَلَ لَكُم مِّنْ أَزْوَٰجِكُم بَنِينَ وَحَفَدَةً ﴾ (النحل: ٧٢)

“അല്ലാഹു നിങ്ങൾക്കു നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രന്മാരെയും പൗത്രന്മാരെയും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു” (നഹ്ൽ:72)

ഓരോ മനുഷ്യനും നിർബ്ബന്ധമായും വിവാഹത്തിൽ നിന്ന് വിട്ട് നിൽക്കുകയാണെങ്കിൽ മനുഷ്യൻ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാവുകയും ആ സ്ഥാനത്തേക്ക് മൃഗങ്ങൾ വരുകയും ലോകം തന്നെ നാശത്തിനും, ഫസാദിനും വിധേയമാവുകയും ചെയ്യുന്നതാണ്.

10- വിവാഹം ഉപജീവനത്തിൽ അനുഗ്രഹം വർഷിക്കുവാൻ കാരണമാകുന്നു. അല്ലാഹു പറയുന്നു:

﴿ وَأَنكِحُواْ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ إِن يَكُونُواْ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٣٢﴾ ﴾ (النور: ٣٢).

“നിങ്ങളിലുള്ള അവിവാഹിതരെയും, നിങ്ങളുടെ അടിമകളിൽ നിന്നും അടിമ സ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹ ബന്ധത്തിലേർപ്പെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തൻെറ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽ

കുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമ ത്രെ.” (നൂർ:32)

അല്ലാഹു അനുഗ്രഹത്തിൻെറയും, ഐശ്വര്യത്തിൻെറയും ഉടമയാകുന്നു. ആയത് കൊണ്ട് തന്നെ വിവാഹം കഴിക്കുവാൻ തൻെറ അടിമകളെ അവൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സൽകർമ്മികളായ വിവാഹിതർക്ക് അവരുടെ ദരിദ്രതയിൽ നിന്ന് ഐശ്വര്യം നൽകാം എന്ന് അവൻ വാഗ്ദാനം നൽകുകയും ചെയ്യുന്നു. അല്ലാഹുവിനേക്കാൾ സത്യം പറയുന്നവൻ ആരുണ്ട്?

11- വിവാഹം മനുഷ്യനെ ശാരീരികവും, സ്വഭാവപരവുമായ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു. ഇത്കൊണ്ടാണ് വിവാഹിതൻ സുരക്ഷിതനാണെന്ന് പറയുവാൻ കാരണം. അല്ലാഹു പറയുന്നു:

﴿وَأُحِلَّ لَكُم مَّا وَرَآءَ ذَٰلِكُمْ أَن تَبْتَغُواْ بِأَمْوَٰلِكُم مُّحْصِنِينَ غَيْرَ مُسَٰفِحِينَ﴾ (النساء: ٢٤)

“അതിനപ്പുറമുള്ള സ്ത്രീകളുമായി നിങ്ങളുടെ ധനം (മഹ്റായി) നൽകിക്കൊണ്ട് നിങ്ങൾ (വിവാഹബന്ധം) തേടുന്നത് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ വൈവാഹിക ജീവിതം ലക്ഷ്യമാക്കുന്നവരായിരിക്കണം. നീചവൃത്തി ആഗ്രഹിക്കുന്നവരാകരുത്” (നിസാഅ്:24) വീണ്ടും അല്ലാഹു പറയുന്നു:

﴿مُحْصَنَٰتٍ غَيْرَ مُسَٰفِحَٰتٍ﴾ (النساء: ٢٥).

“മ്ളേഛവൃത്തിയിലേർപ്പെടാത്തവരും രഹസ്യവേഴ്ചക്കാരെ സ്വീകരിക്കാത്തവരുമായ പതിവ്രതകളായിരിക്കണം അവർ” (നിസാഅ്:25)

സുരക്ഷകൊണ്ടുദ്ദേശിക്കുന്നത് കോട്ടക്കുള്ളിലുള്ള സുരക്ഷപോലെയാണ്. ഒരു വിവാഹിതൻ തൻെറ വിവാഹത്തിലൂടെ അവൻെറ ശരീരത്തെയും സ്വഭാവത്തെയും സ്വയം തന്നെ ഒരു കോട്ട വലയം ചെയ്തിരിക്കുന്നത് പോലെ സംരക്ഷിക്കുന്നു.

അല്ലാഹു മനുഷ്യരിൽ നിക്ഷേപിച്ചിട്ടുള്ള പ്രകൃതിപരമായ വികാരത്തെ നശിപ്പിക്കുകയോ, തടഞ്ഞ് നിറുത്തുകയോ ചെയ്യുകയാണെങ്കിൽ അത് ശരീരത്തിന് തന്നെ ദോഷമുള്ളതാകുന്നു. UN ൻെറ പ്രമേയം ഒരു പ്രാദേശിക പത്രത്തിൽ 6-6-1959ൽ വന്നത് ശ്രദ്ധേയമാണ്: വിവാഹിതരുടെ ജീവിതകാലം സ്ത്രീപുരുഷന്മാരിലെ അവിവാഹിതരും, വിവാഹമോചിതരും, ഭർത്താവ് മരിച്ചവരുമടങ്ങിയവരുടെ ജീവിതകാലത്തേക്കാൾ കൂടുതലാകുന്നു, വിവാഹിതരുടെ മരണ നിരക്ക് അവിവാഹിതരുടെ മരണ നിരക്കിനേക്കാൾ കുറവാകുന്നു. ഇതിൽ വ്യത്യസ്ഥ പ്രായക്കാരുണ്ട്. ഇതിൽ നിന്ന് മനസിലാക്കാനാവുന്നത് വിവാഹ ജീവിതം സ്ത്രീക്കും പരുഷനും തുല്യമായ രൂപത്തിൽ ആരോഗ്യ

ത്തിന് ഗുണപ്രദമാകുന്നു എന്നാണ്.

12- വൈവാഹിക ജീവിതത്തിൻെറ ഉപകാരങ്ങൾ ഇഹലോകത്ത് മാത്രമല്ല പരലോകത്തേക്ക് വരെ നീണ്ട് കിടക്കുന്നു. ഒരു മനുഷ്യൻ തൻെറ സദ്‌വൃത്തരായ സന്താനങ്ങളെ ഉപേക്ഷിച്ച് കൊണ്ട് മരിക്കുക യാണെങ്കിൽ ആ സന്താനങ്ങൾ അദ്ദേഹത്തിന് പരലോകത്ത് കരുണ ക്കും, അനുഗ്രഹത്തിനും, പ്രതിഫലത്തിനും വേണ്ടി പ്രാർത്ഥിക്കുന്നു. അബൂഹുറൈറ(റ) യിൽ നിന്ന് നിവേദനം:

فعن أبي هريرة ﷺ أن رسول الله ﷺ قال: «إذا مات الإنسان انقطع عنه عمله إلا من ثلاثة إلا من صدقة جارية أو علم ينتفع به أو ولد صالح يدعو له» (١).

"പ്രവാചകൻﷺ പറഞ്ഞു: "ഒരാൾ മരിച്ച് കഴിഞ്ഞാൽ അവൻെറ കർ മ്മങ്ങൾ മുറിഞ്ഞ് പോയിരിക്കുന്നു, മൂന്ന് കാര്യങ്ങൾ ഒഴിച്ച്. അവ മു റിഞ്ഞ്പോവാത്ത സ്വദഖകൾ, ഉപകാരപ്പെടുന്ന വിജ്ഞാനങ്ങൾ, അദ്ദേ ഹത്തിന് വേണ്ടി പ്രാർത്ഥിക്കുന്ന സദ്‌വൃത്തരായ സന്താനങ്ങൾ എന്നി വയാകുന്നു"

13- ഇസ്‌ലാം വൈവാഹിക ജീവിതം നിയമമാക്കുകയും, അതി ൻെറ റുക്നുകളും, നിബന്ധനകളും, വിധികളും വിശദമാക്കുന്ന വ്യ ക്തമായ നിയമ സംഹിതകളും മുസ്‌ലീങ്ങൾക്ക് നൽകിയിരിക്കുന്നു. ഓരോ മുസ്‌ലിമിനും നിശ്ചിതമായ കാലയളവിൽ വിവാഹം നിഷിദ്ധ മായ സ്ത്രീകൾ ആരാണ്, തീരെ വിവാഹം കഴിക്കുവാൻ പാടില്ലാത്ത സ്ത്രീകൾ ആരാണ്, വിവാഹം കഴിക്കുവാൻ അനുവാദമുള്ള സ്ത്രീ കൾ ആരെല്ലാമാണെന്ന് വിശദമാക്കി കൊടുക്കുന്നു ഇസ്‌ലാമിക ശരീ അത്ത്. ശരിയായ നിയമാനുസൃതമായവിവാഹത്തെ അനുവദനീയമല്ലാ ത്ത വിവാഹത്തിൽ നിന്നും അവസാന നാൾ വരെ ലോകത്തിൻെറ മുഴുവൻ സ്ഥലങ്ങളിലും ഈ നിയമ സംഹിത വേർതിരിച്ച് നിർത്തു ന്നു. ഈ കാര്യം അല്ലാഹു ഇസ്‌ലാമിന്ന് പ്രത്യേകമാക്കുകയും, മുസ് ലീങ്ങളിൽ അത് അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. ഇസ്‌ലാമിൽ കാണുന്ന രൂപത്തിലുള്ള നിയമങ്ങളും വിധിവിലക്കുകളും മറ്റു മതങ്ങ ളിലോ നിയമസംഹിതകളിലോ കാണുവാൻ കഴിയില്ല.

**രത്ന ചുരുക്കം:** ഇസ്‌ലാം വിവാഹം നിയമമാക്കിയതിലൂടെ മ നുഷ്യനോട് മഹത്തായ നന്മയാണ് കാണിച്ചിരിക്കുന്നത്, കാരണം വൈവാഹിക ജീവിതം ഇരുലോകത്തും വളരെയധികം നന്മയാണ് ന ൽകുന്നത്. വിവാഹത്തിൻെറ ലക്ഷ്യം അമാനുഷികമായ രൂപത്തിൽ,

(١) أخرجه مسلم: ١٢٥٥/٣، برقم (١٦٣١).

ചുരുക്കി അല്ലാഹു പറയുന്നു:

﴿هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ﴾ (البقرة: ١٨٧)

“അവർ(ഭാര്യമാർ) നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ (ഭർത്താക്കന്മാർ) അവർക്കും ഒരു വസ്ത്രമാകുന്നു” (അൽബഖറ:187) തൻെറ ഇണയുടെ സ്വഭാവത്തെ കുഴപ്പത്തിലാക്കുന്ന, മാന്യതക്ക് ഭംഗം വരുത്തുന്ന, ശരീരത്തിന് ദോഷമുണ്ടാക്കുന്ന മുഴുവൻ വിപത്തുക്കളിൽ നിന്നും, പ്രേരകങ്ങളിൽ നിന്നും ഭാര്യഭർത്താക്കൾ തങ്ങളുടെ ഇണയെ കാത്ത് സൂക്ഷിക്കുകയും, രക്ഷിക്കുകയും ചെയ്യുന്നു. ഒരു വസ്ത്രം നൽകുന്ന സുരക്ഷയും, ആസ്വാദനവും, പ്രതിരോധവും, സമാധാനവും പോലെ.

## രണ്ട്: ബഹുഭാര്യത്വം അനുവദനീയം:

ഇസ്‌ലാം ബഹുഭാര്യത്വം അനുവദിക്കുന്നു. ഒരു മുസ്‌ലിമിന് ഒരേ സമയം തൻെറ അധീനതയിൽ നാല് ഭാര്യമാരെ സ്വീകരിക്കാവുന്നതാകുന്നു. എന്നാൽ നാല് ഭാര്യമാരിൽ കൂടുതൽ ഒരേ സമയം സ്വീകരിക്കാവതല്ല. ഇതിന് വിശുദ്ധഖുർആനിലും തിരുസുന്നത്തിലും ഇജ്മാഇലും തെളിവ് കാണുവാൻ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:

﴿وَإِنْ خِفْتُمْ أَلَّا تُقْسِطُوا فِي الْيَتَامَىٰ فَانكِحُوا مَا طَابَ لَكُم مِّنَ النِّسَاءِ مَثْنَىٰ وَثُلَاثَ وَرُبَاعَ ۖ فَإِنْ خِفْتُمْ أَلَّا تَعْدِلُوا فَوَاحِدَةً أَوْ مَا مَلَكَتْ أَيْمَانُكُمْ ۚ ذَٰلِكَ أَدْنَىٰ أَلَّا تَعُولُوا ﴿٣﴾﴾ (النساء: ٣ ).

“അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക). അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീയെ (ഭാര്യയെ പൊലെ സ്വീകരിക്കുക) നിങ്ങൾ അതിരുവിട്ടുപോകാതിരിക്കുവാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്” (നിസാഅ്:3)

പ്രവാചകൻെറ കാലത്ത് ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചിരുന്ന തൻെറ സ്വഹാബികളുടെ കാര്യത്തിൽ യാതൊരു നിഷേധവും പ്രവാചകൻ പ്രകടിപ്പിച്ചതായി നമുക്ക് കാണാൻ സാധ്യമല്ല. എന്നാൽ നാലിലധികം ഭാര്യമാരെ സ്വീകരിച്ചിരുന്നവർ മുസ്‌ലിമായപ്പോൾ അവരോട് ഇഷ്ടമുള്ള നാല് ഭാര്യമാരെ സ്വീകരിച്ച് മറ്റുള്ളവരെ ഉപേക്ഷിക്കു

വാൻ കൽപിച്ചതായി നമുക്ക് ഹദീസുകളിൽ കാണാൻ കഴിയുന്ന താണ്.

സ്വഹാബികളും, ത്വാബിഉകളും, വ്യത്യസ്ഥ കാലഘട്ടങ്ങളിലെ മു സ്‌ലീങ്ങളിലെ മുഴുവൻ കർമ്മ ശാസ്ത്ര പണ്ഡിതന്മാരും ഖുർആനി ലെയും തിരുസുന്നത്തിലെയും നിബന്ധനകൾക്കനുസരിച്ച് ബഹുഭാ ര്യത്വം അനുവദനീയമാണെന്ന് പറഞ്ഞവരാകുന്നു.

ബഹു ബാര്യത്വം ഇസ്‌ലാം അനുവദനീയമാക്കിയതിലൂടെ പ്രകടമാ കുന്ന ഇസ്‌ലാമിൻെറ മധ്യമ നിലപാടും, വിശാലമനഃസ്കതയുടെയും വിശദീകരണം:

1- ഇസ്‌ലാമിൻെറ മുമ്പ് ജനങ്ങൾ രണ്ട് തരത്തിലായിരുന്നു: ഒരു വിഭാഗം പരിധിയില്ലാതെ എണ്ണമറ്റവരെ വിവാഹം കഴിയുന്നവരായിരു ന്നു, അതിലവർ ഭാര്യമാരുടെ അസൗകര്യങ്ങളോ, അവകാശ നിഷേധ മോ പരിഗണിച്ചിരുന്നതേ ഇല്ല. മറ്റൊരു വിഭാഗം ഏകഭാര്യയിൽ മാ ത്രം ഒതുങ്ങി നിന്നു, ഭാര്യ തൻെറ ഭർത്താവിനെ ബുദ്ധിമുട്ടിപ്പിച്ചാലും, പ്രയാസത്തിലും, ബുദ്ധിമുട്ടിലുമകപ്പെടുത്തിയാലും ശരി.

എന്നാൽ ഇസ്‌ലാം നിരുപാധികമായ അനുവദനീയത്തിൻെറ മാർഗ ത്തിലോ, നിരുപാധികമായി തടയുന്ന മാർഗത്തിലോ പ്രവേശിച്ചില്ല. മ റിച്ച് ഒരു മധ്യമ വഴിയിലൂടെയാണ് ഇസ്‌ലാം സഞ്ചരിച്ചത്. ഒരു സമ യത്ത് നാല് ഭാര്യമാരെ സ്വീകരിക്കുവാൻ ഇസ്‌ലാം അനുവാദം നൽ കി. മാത്രമല്ല, ഭാര്യമാർക്കിടയിൽ നീതിയോടെ വർത്തിക്കുവാനും, ഒ ന്നിലധികം വിവാഹം കഴിക്കുവാൻ ശാരീരികമായും, സാമ്പത്തിക മായും ഉള്ള ശേഷിയേയും ഭർത്താവ് പരിഗണിക്കണമെന്ന് ഇസ്‌ലാം ഉൽബോധിപ്പിക്കുകയും ചെയ്തു.

2- ചില പുരുഷന്മാർക്കെങ്കിലും ഒരു സ്ത്രീ മാത്രം മതിയാവില്ല, കാരണം അവരുടെ പ്രകൃതി പരമായ വികാരത്തിൻെറ ആധിക്യമോ, അതല്ലെങ്കിൽ സ്ത്രീകൾക്ക് ഉണ്ടാകുന്ന ഗർഭം, പ്രസവം, ആർത്തവം, രക്ത സ്രാവം, വികാരം ക്ഷയിക്കുന്ന കാലം നേരത്തെ വരുക പോ ലെയുള്ള സന്ദർഭത്തിൽ പുരുഷന് തൻെറ വികാരത്തെ പിടിച്ച് നിർ ത്തുവാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള പുരുഷന്മാരുടെ മുന്നിൽ ബഹുഭാര്യത്വത്തിൻെറ വാതിൽ കൊട്ടിയടുക്കുകയാണെങ്കിൽ നിയമ ത്തിന് വിധേയമായി വിവാഹം കഴിക്കുന്ന പരിശുദ്ധകളായ ഭാര്യമാ ർക്ക് പകരമായി അവർ തങ്കളുടെ വികാരശമനത്തിനായി നിയമത്തെ മറികടന്നുള്ള മാർഗത്തിൽ പ്രവേശിച്ച് വ്യഭിചാരത്തിനും, സുവർഗഭോ ഗത്തിനും വേണ്ടി നിർണ്ണിതമല്ലാത്ത ഗേൾ ഫ്രണ്ടുകളെയും, രോമം മു ളക്കാത്ത യുവാക്കളെയും സമീപിക്കുവാനുള്ള വാതിൽ അവർ സ്വയം തന്നെ തുറക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കും. ഈ അ വസ്ഥ നമുക്ക് ബഹുഭാര്യത്വം അനുവദിക്കാത്ത മനുഷ്യ നിർമ്മിത നിയമ വ്യവസ്ഥയിൽ ജീവിക്കുന്ന സമൂഹത്തിൽ ധാരാളമായി കാണാ വുന്നതാണ്. ഇതിന് തെളിവായി അവരിൽ നിന്ന് തന്നെയുള്ളവർ

സാക്ഷികളാവുന്നത് നാം ശ്രദ്ധിക്കുക. അവരിൽ പെട്ട ഒരാൾ പറയുന്നു: (ബഹുഭാര്യത്വം വിണ്ടും അനുവദിക്കുന്ന നിയമം കൊണ്ട് വരുന്ന തിലേക്ക് പാശ്ചാത്യലോകം എത്തിപ്പെട്ടിരിക്കുന്നു. കാരണമത് മനു ഷ്യത്വത്തിൻെറ പൂർത്തീകരണത്തിന് അനിവാര്യമായും ആവശ്യമുള്ള നിയമമാകുന്നു. യൂറോപ്യന്മാർ ഈ നിയമത്തെ നിഷേധിക്കുന്ന സന്ദ ർഭത്തിൽപോലും ഈ നിയമത്തെ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്ന ത് അൽഭുതാവഹമാണ്. ഏകഭാര്യ എന്ന നിയമം അതിൻെറ യഥാർ ത്ഥ രൂപത്തിൽ നടപ്പാക്കുന്നവർ അവരിൽ ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല)

മറ്റൊരാൾ പറയുന്നു: (ക്രൈസ്തവത ഏകഭാര്യ മാത്രമേ പാടുള്ളൂ എന്ന് നിയമമാക്കുന്നതിലുടെയും, അത് നടപ്പാക്കുന്നതിൽ കാർക്കശ്യം പുലർത്തുന്നതിലൂടെയും യഥാർത്ഥത്തിൽ അവർ ബഹുഭാര്യത്വം നിരോധിച്ചിട്ടുണ്ടോ? ഏതെങ്കിലും ഒരു വ്യക്തിക്ക് ഇതിനെപ്പറ്റി ചിരിച്ച് കൊണ്ടല്ലാതെ സംസാരിക്കുവാൻ കഴിയുമോ? അങ്ങിനെയല്ലെങ്കിൽ അവർ ഫ്രാൻസിലെ രാജാക്കന്മാരെ പോലെയാണ്. - നീ വ്യക്തികളെ ഒഴിച്ച് നിറുത്തുക- അവർക്ക് ഒന്നിലധികം ഭാര്യമാരും ധാരാളം സ്ത്രീകളുമുണ്ടായിരുന്ന സമയത്ത് പോലും അവർക്ക് ക്രൈസ്തവതയുടെ ചർച്ചിൽ സ്ഥാനയും ആദരവും ബഹുമാനവും ഉണ്ടായിരുന്നു. ബഹുഭാര്യത്വം എന്നത് പ്രകൃതി നിയമമാണ്, അത് കാലം നില നിൽക്കുന്നിടത്തോളം നിലനിൽക്കുന്നതാണ്. അത്കൊണ്ട് കൊണ്ട് തന്നെ ക്രൈസ്തവർ ഉണ്ടാക്കിയ നിയമം കൊണ്ട് അവർ ഉദ്ദേശിച്ചത് നേടുവാൻ സാധ്യമല്ല തന്നെ... പ്രകടമായ രൂപത്തിൽ ക്രൈസ്തവർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന എകഭാര്യാ എന്ന സമ്പ്രദായത്തിന് കീഴെ ഒരുപാട് കുഴപ്പങ്ങൾ ഒളിഞ്ഞ് കിടക്കുന്നുണ്ട്, കുറഞ്ഞത് സംഭവിച്ച് കഴിഞ്ഞ വളരെ അപകടകാരികളായ മൂന്ന് കുഴപ്പങ്ങളെങ്കിലുമുണ്ട്. അവ: അസാന്മാർഗികത്വം, അവിവാഹിതകൾ വർദ്ദിക്കുക, നിയമാനുസൃത മല്ലാത്ത സന്താനങ്ങൾ വർദ്ദിക്കുക. ഈ സാമൂഹികമായ രോഗം സ്വഭാവ ദൂശ്യങ്ങൾക്ക് കാരണമാകുന്നതാണ്. ഇവയൊന്നും തന്നെ ഇസ്ലാമിക നിയമങ്ങൾ പരിപൂർണമായും നടപ്പിലാക്കിയ നാടുകളിൽ കാണുവാൻ സാധ്യമല്ല, മറിച്ച് ഇവ പ്രകടമാകുവാൻ തുടങ്ങിയത് ഇസ്ലാമിക നാടുകളിൽ പാശ്ചാത്യൻ സംസ്കാരത്തിൻെറ അധിനി വേശത്തോടെയാണ്)

ഗേൾഫ്രണ്ടുകളെയും, യുവകോമളന്മാരെയും സ്വീകരിക്കുന്നതിലൂടെ പ്രകടമാകുന്ന കുഴപ്പങ്ങൾ മനസിലാക്കിയാൽ ഈ മൃഗീയതയിലേക്കും, അധഃപതനത്തിലേക്കും ഏകഭാര്യാ നിയമം നടപ്പിലാക്കുന്നവർ ഒരിക്കലും പ്രവേശിക്കുകയില്ല എന്ന് മാത്രമല്ല ഇസ്ലാം ബഹുഭാര്യത്വം അനുവദിച്ചതിൻെറ യുക്തി അവർക്ക് മനസിലാകുകയും ചെയ്യുമായിരുന്നു. കാരണം ഇസ്ലാം പ്രകൃതിക്കും എല്ലാവിഭാഗം ജന ങ്ങൾക്കും, തലമുറകൾക്കും, കാലങ്ങൾക്കും, സ്ഥലങ്ങൾക്കും യോ ജിച്ചതാകുന്നു.

3- വൈവാഹിക ജീവിതത്തിൽ ഭാര്യഭർത്താക്കന്മാർ അവരുടെ ഉത്തരവാദിത്വങ്ങൾ പരസ്പരം പങ്കുവെക്കുന്നു, ഈയവസരത്തിൽ പുരുഷന്മാർക്ക് തങ്ങളുടെ ഉത്തരവാദിത്വ നിർവ്വഹണത്തിനിടക്ക് സ്ത്രീകളെക്കാൾ കൂടുതൽ മരണത്തെ അഭിമുഖീകരിക്കേണ്ടി വരുന്നു. കാരണം പുരുഷന്മാരാണ് അപകടകരമായ സ്ഥലങ്ങളിൽ പ്രവേശിക്കുന്നത്, അവർ സമുദ്രത്തിൽ മുങ്ങി അതിൻെറ അഗാധതയിലേക്ക് പ്രവേശിക്കുന്നു, മലകൾ താണ്ടിക്കടക്കുന്നു, തോടുകളും, കിണറുകളും അവർ നിർമ്മിക്കുന്നു, ഭൂമിയുടെ അന്തർഭാഗങ്ങളിൽ നിന്നും, സമുദ്രാന്തർഭാഗങ്ങളിൽ നിന്നും മലയുടെ ഉള്ളിൽ നിന്നും വിഭവങ്ങൾ പുറത്തെടുക്കുന്നു, അവർ യുദ്ധങ്ങളിലും, പടക്കളങ്ങളിലും പ്രവേശിക്കുന്നതിനാൽ പുരുഷന്മാരാണ് സ്ത്രീകളെക്കാൾ കൂടുതൽ മരണത്തെ അഭിമുഖീകരിക്കുന്നത്, അത്കൊണ്ട് തന്നെ സ്വാഭാവികമായും കൂടുതൽ കാലം ജീവിക്കുന്നതും സ്ത്രീകളായിരിക്കും, മാത്രമല്ല സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുതലുമായിരിക്കും. ഈ സ്ത്രീകൾ തങ്ങളെ സംരക്ഷിക്കുവാനും, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും, ആവശ്യങ്ങൾ നിറവേറ്റുവാനും പുരുഷന്മാരെ അന്വോഷിക്കുകയാണ്. ഇതിന് സുരക്ഷിതമായ മാർഗത്തിലൂടെയുള്ള പരിഹാരം ബഹുഭാര്യത്വം അനുവദിക്കുകയല്ലാതെ വേറെ ഒരു മാർഗവും ഇല്ല.

4- മനുഷ്യ സമൂഹത്തിൽ ചിലപ്പോൾ യുദ്ധത്തിന് ശേഷം സംഭവിക്കുന്നത് പോലെ പുരുഷന്മാരുടെ വമ്പിച്ച നഷ്ടം അഭിമുഖീകരിക്കേണ്ടി വന്നേക്കാം, ഈ സന്ദർഭത്തിൽ ശേഷിക്കുന്ന പുരുഷന്മാർക്ക് ബഹുഭാര്യത്വം അനുവദിച്ച് കൊടുത്തില്ലായെങ്കിൽ ഒരുപാട് സ്ത്രീകൾ തങ്ങളുടെ പ്രശ്ന പരിഹാരത്തിന് ഒരു ഭർത്താവിനെ ലഭിക്കാതെ അവശേഷിക്കുന്നതാണ്. മാത്രമല്ല അങ്ങനെയുള്ള സ്ത്രീകൾ സമൂഹത്തിന് ഒരു ഭാരവും, ഫിത്നയുടെ ഉറവിടങ്ങളും, മനുഷ്യത്വത്തിന് തന്നെ ഒരു പരീക്ഷണവുമായി തീരുന്നതാണ്.

ഇതിന് ചരിത്രപരമായ ഒരു സാക്ഷ്യമാണ് രണ്ടാം ലോകമഹാ യുദ്ധം (1939-1945). ഈ യുദ്ധത്തിൽ നഷ്ടപ്പെട്ട പുരുഷന്മാരുടെ എണ്ണം 20 മില്ല്യനിൽ അധികമാകുന്നു. ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീകളുടെ എണ്ണം 25 മില്ല്യനാണ്. ആ കാലഘട്ടത്തിൽ ഭർത്താവുള്ള സ്ത്രീയെ സംബന്ധിച്ചിടത്തോളം അവൾ തുല്ല്യതയില്ലാത്ത നിധി ലഭിച്ചവളേ പോലെയായിരുന്നു. അങ്ങിനെ ബഹുഭാര്യത്വം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ജർമ്മൻ യുവതികൾ ജർമ്മനിയുടെ പട്ടണങ്ങളിലൂടെ വമ്പിച്ച പ്രകടനങ്ങൾ വരെ നടത്തുകയുണ്ടായി. ഇത്കാരണമായി ജർമ്മനി ഇസ്‌ലാമിൻെറ ബഹുഭാര്യത്വ നിയമം തങ്ങളുടെ പ്രശ്നം പരിഹരിക്കുവാനായി അസ്ഹർ യൂണിവേഴ്സിറ്റിയോട് ആവശ്യ പ്പെടുക പോലും ചെയ്തു. അങ്ങിനെ 1948 ൽ മിയോൻഗിൽ നടന്ന ലോക യുവാക്കളുടെ സംഘടനയുടെ സമ്മേളനത്തിൽ പ്രഖ്യാപിച്ചത് സ്ത്രീകളുടെ ആധിക്യവും,

പുരുഷന്മാരുടെ കുറവും പരിഹരിക്കുവാനുള്ള ഏറ്റവും സുരക്ഷിതവും, ശരിയായതുമായ ഏക മാർഗം ബഹു ഭാര്യത്വം അനുവദിക്കൽ മാത്രമാണെന്നാണ്.

5- ഒരു രാഷ്ട്രത്തിൽ പുരുഷന്മാരുടെ കുറവുണ്ടാകുകയാണെങ്കിൽ അവിടെ പുരുഷന്മാരെയും, യുവാക്കളെയും വർദ്ധിപ്പിക്കൽ അനിവാര്യമായി തീരും. ഈ സന്ദർഭത്തിൽ അതിനുള്ള ശരിയായതും, ശക്തവും, എളുപ്പവുമായ ഏക മാർഗം ബഹുഭാര്യത്വം അനുവദിക്കലാണ്. അതല്ലാതെ വേറെ ഒരു മാർഗവുമില്ല.

6- ഒരാൾ വിവാഹം കഴിച്ചതിന് ശേഷം തൻെറ ഭാര്യക്ക് വല്ല അംഗ വൈകല്യമോ, അതല്ലെങ്കിൽ നിത്യ രോഗമോ പിടിപെടുകയും ഭർത്താവിന് പ്രത്യേകമായി നൽകേണ്ട അവകാശങ്ങളും, കുടുംബത്തിന് പൊതുവെ നൽകേണ്ട അവകാശങ്ങളും നിർവ്വഹിക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യം ചിലപ്പോഴെങ്കിലുമുണ്ടായേക്കാം, ചില സ്ത്രീകളെങ്കിലും വന്ധ്യയായിരിക്കാം, ഇങ്ങനെയുള്ള അവസരത്തിൽ ഭാര്യഭർത്താക്കൾ തമ്മിൽ വേർപിരിയുവാൻ ഒരിക്കലും ആഗ്രഹിക്കുന്നുമില്ല, എന്നാൽ ഭർത്താവിന് തൻെറ ആഗ്രഹങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്, സന്താനങ്ങളെ ഇഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഇസ്ലാം ഭർത്താവിനെ ബേധക്ഷയത്തിലേക്കോ, മാനസിക വിഭ്രാന്തിയിലേക്കോ വലിച്ചെറിയുന്നില്ല, മറിച്ച് രണ്ടാം വിവാഹത്തിനുള്ള അവസരം നൽകി അവനെ തെറ്റുകളുടെ ചളിക്കുണ്ടിൽ നിന്നും, കുറ്റങ്ങളുടെ മണ്ണിൽ വീഴുന്നതിൽ നിന്നും രക്ഷിക്കുന്നു, ഒരുപക്ഷേ, അവരുടെ ജീവിതത്തിൽ സന്തോഷവും, സൗഭാഗ്യവും, ഹൃദയത്തിൽ കൺകുളുർമയും നൽകുന്ന രൂപത്തിൽ സന്താന സൗഭാഗ്യം ഉണ്ടാകുകയും ചെയ്തേക്കാം.

ഈങ്ങനെയുള്ള അവസരങ്ങളിൽ സ്ത്രീയെ ഉപേക്ഷിച്ച് കൊണ്ട് അവളുടെ ജീവിതം പാഴാക്കുകയെന്നത് ഒരിക്കലും യോജിക്കാത്തതാണ്, എന്നാൽ മനുഷ്യത്വത്തിനും, വ്യക്തിത്വത്തിനും യോജിച്ചത് അവളെ തൻെറ സംരക്ഷണത്തിൽ നിറുത്തി അവളുടെ സ്നേഹവും, അനുകമ്പയും തടയാതിരിക്കുകയെന്നതാണ്. അത്പോലെ രണ്ടാം ഭാര്യയുള്ള ഭർത്താവിൻെറ കൂടെ നിൽക്കുന്നതാണ് ഭർത്താവ് തന്നെ ഇല്ലാതിരിക്കുന്ന അവസ്ഥയേക്കാൾ നല്ലത്, കാരണം പിന്നീടവളെ വിവാഹം കഴിക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്നവരെ കണ്ടെത്തുവാൻ വളരെ പ്രയാസമായിരിക്കുന്നതോടൊപ്പം, ഭർത്താവിൽ നിന്ന് അവൾക്ക് ലഭിക്കുന്ന കാരുണ്യവും, സമാധാനവും, പരിഗണനയും ഒരിക്കലും ലഭിക്കുകയും ചെയ്യുന്നില്ല. എന്നാൽ ഇസ്ലാം അവളോട് അക്രമം പ്രവർത്തിക്കുന്നതും, അനീതി കാട്ടുന്നതും, അവകാശങ്ങളെ നിഷേധിക്കുന്നതും നിരോധിക്കുകയും, അവളോട് നീതി കാണിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നു.

7- ഭർത്താവ് തൻെറ ഉപജീവനം കണ്ടെത്തുന്നതിന് വേണ്ടി അനേകം നീണ്ട യാത്ര ചെയ്യുന്നവരായിരിക്കാം, നാട്ടിൽ ജീവിക്കുന്നതിനേക്കാൾ മാസവും, ആഴ്ചകളും നീണ്ട് നിൽക്കുന്ന യാത്രയിലായിരിക്കാം അവൻ. ഇങ്ങനെയുള്ളയവസരത്തിൽ തൻെറ കൂടെ എപ്പോഴും തൻെറ കുടുംബത്തെ കൊണ്ട്പോകുവാൻ സാധിക്കാത്തയവസ്ഥ സംജാതമാകും, അതല്ലെങ്കിൽ എന്തെങ്കിലും കാരണം കൊണ്ട് ഭാര്യക്ക് യാത്ര ചെയ്യുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടാവാമല്ലോ, ഇതുപോലുള്ള അവസരത്തിൽ ഭർത്താവ് തെറ്റിലകപ്പെടുമെന്ന് ഭയപ്പെടുകയും ചെയ്യുമ്പോൾ ഇതിൽ നിന്ന് രക്ഷപ്പെടുവനും, തെറ്റുകളുടെയും കുറ്റങ്ങളുടെയും ചെളിയിൽ നിന്ന് മുക്തിനേടുവാനും അവന് ബഹുഭാര്യത്വം അനുവദിക്കുകയാണ് ബുദ്ധിക്കും, യുക്തിക്കും യോജിച്ചത്.

8- ചിലരെങ്കിലും അനാഥകളെ സംരക്ഷിക്കുന്നവരായത് കൊണ്ട് തന്നെ അവരോടൊപ്പം ഇടപഴകൽ അനിവാര്യമായി വരുകയും ചെയ്യും, ഒരുപക്ഷേ, അനാഥകൾ സ്ത്രീകളായേക്കാം. ഇങ്ങനെയുള്ള അവസ്ഥയിൽ തെറ്റിലകപ്പെടുമെന്ന് ഭയപ്പെടുകയാണെങ്കിൽ അവരെ പരിരക്ഷിക്കുവാനും, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും നല്ല മാർഗം ബഹുഭാര്യത്വമാകുന്നു.

അതുപോലെ തന്നെ ഭർത്താവ് മരിച്ച ഭാര്യയെ പരിരക്ഷിക്കുവാൻ ചിലപ്പോൾ മരിച്ച ഭർത്താവിൻെറ സഹോദരൻെറ വീട്ടിൽ താമസിപ്പിക്കേണ്ടി വന്നേക്കാം, പ്രത്യേകിച്ച് കുട്ടികളുള്ളവരാണെങ്കിൽ. ഇങ്ങനെയുള്ള അവസ്ഥയിൽ തൻെറ സഹോദരൻെറ മക്കളെ സംരക്ഷിക്കുവാനും, വളർത്തുവാനും, അതോടൊപ്പം അവരുടെ ഉമ്മയെ സംരക്ഷിക്കുവാനുമുള്ള ഏറ്റവും പൂർണമായ മാർഗം അവളെ വിവാഹം കഴിക്കുക എന്നതാകുന്നു.

രത്ന ചുരുക്കം: ഇസ്‌ലാം കൊണ്ടുവന്ന വ്യവസ്ഥകൾക്കനുസരിച്ചുള്ള ബഹുഭാര്യത്വം മനുഷ്യന് ധാരാളം നന്മയാണ് വിഭാവനം ചെയ്യുന്നത്. ഏതൊരു മനുഷ്യ സമൂഹത്തിലും ഒരു വലിയ വിഭാഗം സ്ത്രീ പുരുഷന്മാർ അഭിമുഖീകരിക്കുന്ന സാമൂഹികമായ പ്രശ്നങ്ങൾക്കും, അവസ്ഥകൾക്കും പരിഹാരമായിട്ട് ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുകയല്ലാതെ വേറെ ഒരു മാർഗവും നമുക്ക് കാണാനാവില്ല. മതപരമായ നിയമങ്ങളും വ്യവസ്ഥകളും പാലിക്കുന്നവർക്ക് പ്രാവർത്തികമാക്കുകയും, ഉപയോഗിക്കുകയും ചെയ്യുവാനായി ഇസ്‌ലാം കൊണ്ട്വന്ന ഉദാത്തമായ ഈ മാർഗം മലർക്കെ തുറന്നിട്ടിരിക്കുകയാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഇസ്‌ലാമിൻെറ നന്മയും വിശാലതയുമാണ്. കാരണം ഇസ്‌ലാമിൻെറ നിയമങ്ങൾ മനുഷ്യൻെറ ഉപകാരത്തെയും, ആവശ്യത്തെയുമാണ് പരിഗണിക്കുന്നത്, അതിൽ വിഭാഗത്തിൻെറയോ, തലമുറകളുടെയോ കാലത്തിൻെറയോ സമയത്തിൻെറയോ വ്യത്യാസമില്ല.

## മൂന്ന്: വിവാഹ മോചനം:

വിവാഹ മോചനം: എന്ന് പറഞ്ഞാൽ യഥാർത്ഥ വൈവാഹിക ജീവിതം എഴുത്തിലൂടെയോ, സൂചനയിലൂടെയോ, വാക്കിലൂടെയോ അവസാനിപ്പിക്കുന്നതിനാണ്.

വിവാഹ മോചനം മത നിയമമാണെന്നതിനുള്ള തെളിവ്:

വിശുദ്ധഖുർആനിലും തിരുസുന്നത്തിലും വിവാഹ മോചനം നിയമമാക്കിയിട്ടുണ്ടെന്നതിന് അനേകം തെളിവുകൾ കാണുവാൻ സാധിണക്കും. അതിൽപെട്ട ചിലത് താഴെ കൊടുക്കുന്നു:

﴿ٱلطَّلَٰقُ مَرَّتَانِۖ فَإِمۡسَاكُۢ بِمَعۡرُوفٍ أَوۡ تَسۡرِيحُۢ بِإِحۡسَٰنٍ﴾ (البقرة: ٢٢٩)

"(മടക്കിയെടുക്കുവാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിറുത്തുകയോ, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്" (അൽബഖറ:229) അല്ലാഹു വീണ്ടും പറയുന്നു:

﴿يَٰٓأَيُّهَا ٱلنَّبِيُّ إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحۡصُواْ ٱلۡعِدَّةَ﴾

(الطلاق: ١).

"നബിയെ, നിങ്ങൾ(വിശ്വാസകിൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദ:കാലത്തിന് (കണക്കാക്കി) വിവാഹ മോചനം ചെയ്യുകയും ഇദ്ദ:കാലം നിങ്ങൾ എണ്ണികണക്കാക്കുകയും ചെയ്യുക" (ത്വലാഖ്:1)

وعن ابن عباس – رضي الله عنهما – قال: كان الطلاق على عهد رسول الله ﷺ وأبي بكر وسنتين من خلافة عمر، طلاق الثلاث واحدة. فقال عمر بن الخطاب: «إن الناس قد استعجلوا في أمر قد كانت لهم فيه أناة فلو أمضيناه عليهم فأمضاه عليهم» (١).

"ഇബ്നു അബ്ബാസ്(റ)വിൽ നിന്ന്: അദ്ദേഹം പറയുന്നു: "പ്രവാചകൻ(സ)യുടെയും, അബൂബക്കർ(റ)ൻെറയും കാലത്തും, ഉമർ(റ)ൻെറ കാലത്തെ ആദ്യത്തെ രണ്ട് വർഷവും മൂന്ന് ത്വലാഖ് ഒന്നിച്ച് ചൊല്ലിയാലും ഒന്നായിട്ട് തന്നെയാണ് പരിഗണിച്ചിരുന്നത്. ഉമർബ്നുഖത്വാബ്(റ) പറഞ്ഞു: "തീർച്ചയായും ജനങ്ങൾ കാര്യത്തിൽ ധൃതി കാണിക്കു

(١) أخرجه مسلم: ٢/١٠٩١، برقم (١٤٧٢).

ന്നു, ആദ്യം അവർക്ക് അതിൽ സാവകാശമുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ നാം അതിനെ (ഒറ്റയിടിക്ക് മൂന്ന് ത്വലാഖും ചെല്ലുന്നതിനെ) മൂന്നായി പരിഗണിക്കുന്നു)"

വിവാഹ മോചനം അനുവദനീയമാണെന്നതിൽ ഇത്കൊണ്ട് തന്നെ മുസ്‌ലീങ്ങൾ യോജിച്ചിരിക്കുന്നു, പ്രവാചകൻെറ കാലം മുതൽ ഇന്ന്‌വരെ ഇത് തുടർന്ന് കൊണ്ടേയിരിക്കുന്നു.

## വിവാഹ മോചനം നിയമമാക്കിയതിലൂടെയുള്ള ഇസ്‌ലാമിൻെറ നന്മകൾ:

ഇസ്‌ലാം കുടുംബ ജീവിതത്തെ എല്ലാ മാർഗത്തിലൂടെയും സംരക്ഷിക്കുന്നതോടൊപ്പം തന്നെ വൈവാഹിക ജീവിതത്തിൽ ചിദ്രതയും, കുടുംബ കലഹവും വരുന്നതിനെ തടയുകയും ചെയ്യുന്നു. മാത്രമല്ല കുടുംബത്തിൽ സമാധാനം നിലനിർത്തുവാനായി സർവ്വ മാർഗങ്ങളും സ്വീകരിക്കുകയും, വൈവാഹിക ജീവിതത്തിലെ വ്യത്യസ്ഥ സന്ദർഭങ്ങളിൽ പ്രതീക്ഷിക്കാതെ കടന്ന് വരുന്ന മുഴുവൻ പ്രശ്നങ്ങളെയും പരിഹരിക്കുകയും ചെയ്യുന്നു. ത്വലാഖിൻെറ നിയമത്തിലൂടെയും, അത് സംഭവിക്കുന്ന രൂപത്തിലൂടെയും, അതിൻെറ വിധിയിലൂടെയും, ഇതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളിലൂടെയും നമുക്കത് വളരെ വ്യക്തമായി മനസിലാക്കുവാൻ സാധിക്കുന്നതാണ്. ഇതിൽപെട്ട ചില കാര്യങ്ങൾ താഴെ കുറിക്കട്ടെ.

1- വിവാഹമോചനം അപ്രതീക്ഷിതമായി സംഭവിക്കുന്ന സംഗതിയാണെന്നാണ് ഇസ്‌ലാം ആദ്യമായി മുസ്‌ലീങ്ങളുടെ മനസുകളിൽ ഇട്ട് കൊടുത്തത്. വിവാഹത്തിൻെറ അടിസ്ഥാനം ജീവിത കാലം വരെതുടർന്ന് പോകലാണ്, വിവാഹം കഴിക്കുന്ന സമയത്ത് ഒരു കാലാവധി നിശ്ചയിക്കുകയാണെങ്കിൽ ആ വിവാഹം നിരർത്ഥകമാണ്. അതുകൊണ്ട് തന്നെയാണ് കാലാവധി നിശ്ചയിച്ചുള്ള വിവാഹങ്ങളായ മുത്അ, ചടങ്ങ് നിൽക്കുക പോലെയുള്ളവ നിഷിദ്ധമാകുവാൻ കാരണവും. സ്ത്രീകളെ ആസ്വദിക്കുകയും പിന്നെ ഉപേക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനം ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്, അതോടൊപ്പം വിവാഹത്തിൻെറ ഒന്നാമത്തെ പടവ് മുതൽ ജീവിതാവസാനം വരെ തുടർത്തുവാനും നിലനിർത്തി കൊണ്ട്പോകുവാനുമാണ് ഇസ്‌ലാം ജനങ്ങളോട് ആഹ്വാനം ചെയ്യുന്നത്.

2- വിവാഹ മോചനത്തിലേക്കെത്തിക്കുന്ന മുഴുവൻ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടുവാനായി ഭാര്യഭർത്താക്കളെ ഇസ്‌ലാം പ്രേരിപ്പിക്കുന്നു. അവയിൽ പ്രധാനപ്പെട്ടത് താഴെ കൊടുക്കുന്നു:

(എ)- നല്ല ഇണകളെ തിരഞ്ഞെടുക്കുവാൻ ഇസ്‌ലാം ഭാര്യഭർത്താക്കന്മാർക്ക് അവസരം നൽകുന്നു, അതിലവർക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. ഓരോരുത്തരും തൻെറ ജീവിതത്തിന് യോജിക്കുന്ന ഇണയേ തൃപ്തിയോടെ, ആഗ്രഹത്തോടെ തിരഞ്ഞെടുക്കണമെന്ന് ഇ

സ്‌ലാം നിർദ്ദേശിക്കുന്നു. ഇതാണ് വൈവാഹിക ജീവിതം നിലനിൽക്കുവാൻ ഏറ്റവും കരണീയമായിട്ടുള്ളത്.

(ബി)- ഭാര്യഭർത്താക്കളോട് നല്ല രൂപത്തിൽ വർത്തിക്കുവാൻ ഇസ്‌ലാം പ്രേരിപ്പിക്കുന്നു, സ്ത്രീകളുടെ കാര്യത്തിൽ പുരുഷനോട് വസ്വിയത്ത് ചെയ്തിരിക്കുന്നു, ഭർത്താവിനെ അനുസരിക്കണമെന്ന് സ്ത്രീയോടും നിർദ്ദേശിക്കുന്നതോടൊപ്പം ഇതിന് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഇതിലേക്ക് വെളിച്ചം വീശുന്ന ഒരുപാട് തെളിവുകൾ നാം മുകളിൽ വിശദീകരിച്ചിട്ടുണ്ട്.

(ജി) തൻെറ ഇണയിൽ നിന്ന് വെറുപ്പുളവാക്കുന്ന വല്ലതും സംഭവിക്കുകയാണെങ്കിൽ അതിൽ ക്ഷമിക്കുവാൻ ഭാര്യയോടും ഭർത്താവിനോടും ഇസ്‌ലാം നിർദ്ദേശിക്കുന്നു: അല്ലാഹുപറയുന്നു:

﴿وَعَاشِرُوهُنَّ بِٱلۡمَعۡرُوفِۚ فَإِن كَرِهۡتُمُوهُنَّ فَعَسَىٰٓ أَن تَكۡرَهُواْ شَيۡـٔٗا وَيَجۡعَلَ ٱللَّهُ فِيهِ خَيۡرٗا كَثِيرٗا ١٩﴾ (النساء: ١٩).

"അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കുക, ഇനി നിങ്ങൾ അവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേകാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം" (നിസാഅ്: 19)

عن أبي هريرة ﷺ قال: قال رسول الله ﷺ: «لا يفرك مؤمن مؤمنة إن كره منها خلقا رضي منها غيره» (١).

"അബൂഹുറൈറ(റ)വിൽ നിന്ന്: പ്രവാചകൻ(സ) പറഞ്ഞു: "ഒരു വിശ്വാസിയും വിശ്വാസിനിയും വേർപിരിയരുത്, ഒരു സ്വഭാവം അവളിൽ വെറുപ്പുളവാക്കുന്നതാണെങ്കിൽ, മറ്റൊരു സ്വഭാവം തൃപ്തിയുള്ളതുണ്ടായിരിക്കും"

(ദ) ഒരു കാരണവും കൂടാതെ ഭർത്താവിൽ നിന്ന് സ്ത്രീ വിവാഹമോചനം ആവശ്യപ്പെടുന്നതിനെതിരിൽ ഇസ്‌ലാം സ്ത്രീയെ താക്കീത് ചെയ്യുന്നുണ്ട്, പ്രവാചക ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു:

أن النبي ﷺ قال: «أيما امرأة سألت زوجها الطلاق من غير ما بـــأس

(١) أخرجه مسلم: ١٠٩٩/٢ برقم (١٤٦٩).

فحرام عليها رائحة الجنة» (١).

പ്രവാചകൻ ﷺപറഞ്ഞു: "യാതൊരു പ്രശ്നവും കൂടാതെ ഒരു സ്ത്രീ തൻെറ ഭർത്താവിനോട് വിവാഹ മോചനം ആവശ്യപ്പെടുകയാണെങ്കിൽ അവൾക്ക് സ്വർഗ വാസന നിഷിദ്ധമാകുന്നു"

(ഹ)- കുടുംബത്തിൻെറ സുരക്ഷക്ക് വേണ്ടി വൈവാഹിക ജീവിതത്തിൽ അവിചാരിതമായി വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇസ്‌ലാം ചില നിയമങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്, ഇതിനായി ഇസ്‌ലാം രണ്ട് മാർഗങ്ങൾ തിരെഞ്ഞെടുത്തിട്ടുണ്ട്, ഏറ്റവും ലഘുവായതിൽ നിന്ന് ശക്തി കൂടിയതിലേക്കത് പ്രവേശിക്കുന്നു.

ഒന്നാമത്തെ മാർഗം: വൈവാഹിക ജീവിതത്തിലെ സ്ത്രീയുടെയും പുരുഷൻെറയും സ്വകാര്യജീവിതത്തിൽ മാത്രമുള്ള രഹസ്യങ്ങൾ ജനങ്ങളുടെ നാവുകളിലേക്കെത്തിക്കാത്ത രൂപത്തിൽ വീട്ടിൽ നിന്നും പുറത്ത് പോകാതെ ഭാര്യയെ ഭർത്താവ് സ്വയം തന്നെ ഉപദേശിച്ച് കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുവാൻ പരിശ്രമിക്കുക. ഇങ്ങനെയുള്ള പ്രശ്ന പരിഹാരത്തിന് മൂന്ന് ഘട്ടങ്ങൾ ഉൾകൊള്ളുന്നു.

ഒന്നാം ഘട്ടം: ഉപദേശിക്കുക, ഉണർത്തുക, മാർഗദർശനം നൽകുക, ഓർമിപ്പിക്കുക പോലെയുള്ള കാര്യങ്ങൾ ചെയ്യുക, അങ്ങിനെ ഉപദേശംകൊണ്ട് മറന്നവനെ ഓർമ്മിപ്പിക്കുവാനും, അശ്രദ്ധമായവനെ ശ്രദ്ധിപ്പിക്കുവാനും സാധിക്കുന്നത്കൊണ്ട് തന്നെ കാര്യങ്ങളെ ഗൗനിക്കുവാൻ സാധിക്കുന്നു. അങ്ങിനെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുന്നു.

രണ്ടാം ഘട്ടം: തൻെറ ഉപദേശം കൊണ്ട് ഫലം ലഭിച്ചില്ലായെങ്കിൽ ഭർത്താവ് രണ്ടാം ഘട്ടത്തിലേക്ക് കടക്കേണ്ടതാണ്. അത് കിടപ്പറ വെടിയുകയും, സംയോഗം ചെയ്യാതിരിക്കുകയും ചെയ്യുകയെന്നതാണ്. എന്നാൽ ഭക്ഷണം കഴിക്കുക, അവളോടുള്ള സംസാരം, അവളുമായുള്ള ഇടപഴകൽ എന്നിവ ഉപേക്ഷിക്കുവാൻ പാടില്ല. സംയോഗം മാത്രമാണ് ഉപേക്ഷിക്കേണ്ടത്.

മൂന്നാം ഘട്ടം: ഉപദേശവും, കിടപ്പറ വെടിയലും ഫലം കണ്ടില്ല, അവൾ തൻെറ അഭിപ്രായത്തിൽ തന്നെ ഉറച്ച് നിൽക്കുകയാണെങ്കിൽ ഭർത്താവിന് ആ ദു:സ്വഭാവം മാറ്റുവാൻ വേണ്ടി അവളെ ക്ഷതമേൽക്കാത്ത രൂപത്തിൽ അടിക്കാവുന്നതാണ്. എന്നാൽ അവളുടെ മുഖത്തോ, അതുപോലെ മർമ്മമുള്ള സ്ഥലത്തോ, അവളുടെ ശരീരത്തിന് ഉപദ്രവമുണ്ടാക്കുന്ന ഭാഗങ്ങളിലോ അടിക്കുവാൻ പാടില്ല, അതുപോ

(١) أخرجه أبو داود في سننه: ٦٦٧/٢، برقم (٢٢٢٦)؛ والترمـذي في سـننه: ٤٩٣/٣، بـرقم (١١٨٧) والحاكم (٢٠٠/٢ ) والحديث حسنه الترمذي وصححه الحاكم على شرط الشـيخين ووافقه الذهبي وصححه الألباني على شرط مسلم. انظر: إرواء الغليل ( ١٠٠/٧ ح: ٢٠٣٥ ).

ലെ തന്നെ എല്ലുകൾക്ക് ക്ഷതമേൽക്കാതെ, തൊലി പൊട്ടിക്കാതെ, അവളുടെ സൗന്ദര്യത്തിന് മാറ്റം വരുത്താത്ത രൂപത്തിൽ ലഘുവായിട്ടാണ് അടിക്കേണ്ടത്. അല്ലാഹു പറയുന്നു:

﴿ وَٱلَّٰتِي تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهۡجُرُوهُنَّ فِي ٱلۡمَضَاجِعِ وَٱضۡرِبُوهُنَّۖ فَإِنۡ أَطَعۡنَكُمۡ فَلَا تَبۡغُواْ عَلَيۡهِنَّ سَبِيلًاۗ ﴾ (النساء: ٣٤).

"എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്കൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്കൾ ഉപദേശിക്കുക, കിടപ്പറകളിൽ അവരുമായി അകന്ന് നിൽക്കുക. അവരെ അടിക്കുകയും ചെയ്തുകൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്." (നിസാഅ്:34)

ഈ ഘട്ടങ്ങൾ മുഴുവനും അനുസരണക്കേട് കാണിക്കുന്ന സ്ത്രീയെ നന്നാക്കുവാൻ വേണ്ടിയാണ്, ഓരോ പ്രകൃതത്തിനും യോജിച്ച രൂപത്തിലുള്ള പരിഹാരം നിർദ്ദേശിക്കുവാൻ കഴിയുള്ളവൻ അല്ലാഹു മാത്രമാകുന്നു, ചില സ്ത്രീകൾ നല്ല ഒരുപദേശം കൊണ്ട് തന്നെ നന്നാവും, മറ്റു ചില സ്ത്രീകൾ കിടപ്പറ വെടിയുകയാണെങ്കിൽ ശരിയാകും. എന്നാൽ മറ്റു ചിലർ അടികിട്ടിയാൽ മാത്രമേ നന്നാവുകയുള്ളൂ. ഇതെല്ലാം തന്നെ വീട്ടിൽ വെച്ചുകൊണ്ട് ഒന്നിന് പുറകെ മറ്റൊന്ന് എന്ന രൂപത്തിലായിരിക്കേണ്ടതുണ്ട്. എന്നാൽ മേൽ സൂചിപ്പിക്കപ്പെട്ട മാർഗങ്ങൾ കൊണ്ടൊന്നും തന്നെ ശരിയാവുന്നില്ലെങ്കിൽ അവസാനത്തെ മാർഗം അവലംബിക്കേണ്ടി വരുന്നു. അവ:

രണ്ടാമത്തെ മാർഗം: ഇത് തീരുമാനമെടുക്കുന്നതിൻെറ മാർഗമാകുന്നു: ഭാര്യഭർത്താക്കൾക്ക് തങ്ങളുടെ വീടിന്നുള്ളിൽ വെച്ച് ചെയ്യേണ്ട പ്രശ്ന പരിഹാരങ്ങളൊന്നും തന്നെ ഫലിച്ചില്ലായെങ്കിൽ രണ്ട് മദ്ധ്യസ്ഥരിലേക്ക് കാര്യങ്ങളെ സമർപ്പിക്കാവുന്നതാണ്. ഒരാൾ ഭർത്താവിൻെറ ബന്ധുക്കളിൽ പെട്ടയാളും, മറ്റൊന്ന് ഭാര്യയുടെ ബന്ധത്തിൽ പെട്ട വ്യക്തിയും. ഭാര്യഭർത്താക്കന്മാരുടെ ബന്ധത്തിൽ പെട്ടയാളുകൾക്ക് ഒളിഞ്ഞിരിക്കുന്ന പ്രശ്നങ്ങളെയും, പ്രശ്നങ്ങളുടെ കാരണമെന്താണെന്നും വ്യക്തമായി മനസിലാക്കുവാൻ സാധിക്കുന്നത് പോലെ തന്നെ സ്നേഹത്തിൻെറ വസ്ത്രം കൂട്ടിചേർക്കുവാനും, അവരെ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ട്വരുവാനുള്ള മാർഗം നിർദ്ദേശിക്കുവാനും കഴിയുന്നു. അതോടൊപ്പം തന്നെ അവരെ യോജിപ്പിക്കുവാനുതകുന്ന രൂപത്തിലുള്ള ബന്ധമുണ്ടാക്കുവാനും, കുടുംബ ബന്ധം ചേർക്കുവാനും സാധിക്കുന്നു. അങ്ങിനെ വിധികർത്താക്കൾക്കും അവരെ യോജിപ്പിക്കുവാൻ കഴിയാതെ വരുകയാണെങ്കിൽ അവർക്ക് യോജിച്ച്കൊണ്ടോ, അതെല്ലെങ്കിൽ ഒരാൾക്കോ പ്രശ്ന പരിഹാരത്തിനായി ഭാര്യഭർത്താക്കന്മാരുടെ ബന്ധത്തിൽ പെടാത്തവരെ തിരെഞ്ഞെടുക്കാവുന്നതാണ്. കാരണം സത്യവിശ്വാസികൾ സഹോദരന്മാരാണ്, അവർ പരസ്പരം സഹായികളുമാകുന്നു. അല്ലാഹു പറയുന്നു:

﴿ وَإِنْ خِفْتُمْ شِقَاقَ بَيْنِهِمَا فَٱبْعَثُوا۟ حَكَمًا مِّنْ أَهْلِهِۦ وَحَكَمًا مِّنْ أَهْلِهَآ إِن يُرِيدَآ إِصْلَٰحًا يُوَفِّقِ ٱللَّهُ بَيْنَهُمَآ ﴾ (النساء: ٣٥).

"ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും, അവളുടെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണുദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്" (നിസാഅ്:35)

﴿ إِن يُرِيدَآ إِصْلَٰحًا يُوَفِّقِ ٱللَّهُ بَيْنَهُمَآ ﴾

"ഇരു വിഭാഗവും അനുരഞ്ജനമാണുദ്ദേശിക്കുന്നതെങ്കിൽഅല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്" എന്ന അല്ലാഹുവിന്റെ വചനത്തിൽ ഉള്ളത് മദ്ധ്യസ്ഥന്മാർ കുടുംബം നിലനിർത്തുവാനും, അവരെ ചിദ്രതയിൽ നിന്ന് മോചിപ്പിക്കുവാനും, ദമ്പതികളുടെ ഉദ്ദേശം നന്നാക്കുവാനും, നീതി നടപ്പിലാക്കുവാനും, കുടുംബത്തെ രക്ഷിക്കുവാനും ആത്മാർത്ഥമായി പരിശ്രമിക്കുകയാണെങ്കിൽ അവിടെ അല്ലാഹുവന്റെ വാഗ്ദാനമായ യോജിപ്പ് അവരുടെ രജ്ഞിപ്പിലൂടെ സാധ്യമാവുകയും, ദമ്പതിമാർക്ക് നന്മ ലഭിക്കുന്ന രൂപത്തിൽ മദ്ധ്യസ്ഥന്മാർ എത്തിപ്പെടുകയും ചെയ്യുന്നതാണ്.

3- ഇസ്‌ലാം വിവാഹമോചനത്തിന് ചില നിബന്ധനകളും, നിയമങ്ങളും വെച്ചിട്ടുണ്ട്. അതിൽ ചിലത് വിവാഹമോചനത്തെ തടയുന്നതാണ്, മറ്റു ചിലത് അതിന്റെ ഉപദ്രവത്തെ തടയുന്നതുമാണ്. അതിൽപെട്ട ചിലകാര്യങ്ങളിലേക്ക് വെളിച്ചം വീശുകയാണ് താഴെ:

(1) - നിർബ്ബന്ധിതമായ ആവശ്യങ്ങൾ നേരിട്ടാലല്ലാതെ വിവാഹമോചനം പാടില്ല, അങ്ങിനെയുള്ള യാതൊന്നും തന്നെയില്ലായെങ്കിൽ വിവാഹമോചനത്തിലേക്ക് എടുത്ത് ചാടുവാൻ പാടില്ല. അല്ലാഹു പറയുന്നു:

﴿ فَإِنْ أَطَعْنَكُمْ فَلَا تَبْغُوا۟ عَلَيْهِنَّ سَبِيلًا ۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا ﴾ (النساء: ٣٤)

"എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു" (നിസാഅ്:34)

(2) - ആർത്തവകാരിയായ തൻെറ ഭാര്യയെ വിവാഹമോചനം നടത്തുവാൻ ഒരാൾക്ക് പാടില്ല. അത്പോലെതന്നെ ഭാര്യയുമായി സംയോഗം ചെയ്ത ശുദ്ധിഘട്ടത്തിലും വിവാഹമോചനം നടത്താവതല്ല. മറിച്ച് വിവാഹമോചനം ചെയ്യേണ്ടത് ബന്ധപ്പെടാത്ത ശുദ്ധിഘട്ടത്തിലാകുന്നു. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلنَّبِيُّ إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحۡصُواْ ٱلۡعِدَّةَۖ وَٱتَّقُواْ ٱللَّهَ ﴾(الطلاق: ١)

“നബിയെ, നിങ്ങൾ(വിശ്വാസകിൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃകാലത്തിന് (കണക്കാക്കി) വിവാഹ മോചനം ചെയ്യുകയും ഇദ്ദഃകാലം നിങ്ങൾ എണ്ണികണക്കാക്കുകയും ചെയ്യുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക.” (ത്വലാഖ്:1)

ഇങ്ങനെയുള്ള നിയമങ്ങൾ ഉണ്ടാക്കിയതിൽ അനേകം തത്വങ്ങളടങ്ങിയിട്ടുണ്ട്, അതിൽ പ്രധാനപ്പെട്ടത്: സാധിക്കുന്നത്രയും വൈവാഹിക ജീവിതം മുന്നോട്ട് കൊണ്ട്പോകുവാനും, വിവാഹമോചനം കഴിയുന്നത്ര ഒഴിവാക്കുവാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. ഒരാൾ തൻെറ ഭാര്യയെ വിവാഹമോചനം ചെയ്യുവാൻ ഉദ്ദേശിച്ചു, പക്ഷേ അവനെ ഭാര്യയുടെ ആർത്തവമോ, അതല്ലെങ്കിൽ സംയോഗം ചെയ്ത ശുദ്ധികാലഘട്ടമോ തടസമാവുന്നുവെങ്കിൽ വിവാഹമോചനം നടത്തുവാനായി അവൻ സംയോഗത്തിലേർപ്പെടാത്ത ശുദ്ധികാലഘട്ടം വരെ കാത്തിരിക്കേണ്ടി വരുന്നു, ഈ നീണ്ട സമയത്തിനുള്ളിൽ അവന് ആലോചിക്കുവാനും, കാര്യങ്ങളുടെ പര്യവസാനത്തെപ്പറ്റി ചിന്തിക്കുവാനും, താൻ ചെയ്യുവാൻ പോകുന്ന പ്രധാനപ്പെട്ട കാര്യത്തെ സംബന്ധിച്ച് വിചിന്തനം നടത്തുവാനും അവസരം ലഭിക്കുന്നു. ഇത് കൊണ്ട് തന്നെ ചിലപ്പോൾ വിവാഹമോചനം ഉപേക്ഷിച്ച് കുടുംബ ജീവിതം മുന്നോട്ട്കൊണ്ട് പോകുവാൻ അവസരം ലഭിക്കുകയും, ചിദ്രതക്കും ഭിന്നിപ്പിനും പകരം യോജിപ്പും, രജ്ഞിപ്പും ഉണ്ടാവുകയും ചെയ്യുന്നു.

(3) - ഒരാൾ തൻെറ ഭാര്യയെ വിവാഹമോചനം നടത്തുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ നീതിമാന്മാരായ രണ്ട് സാക്ഷികളെ തിരെഞ്ഞെടുത്ത് കൊണ്ട് സാക്ഷ്യം തെളിയിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

﴿وَأَشۡهِدُواْ ذَوَيۡ عَدۡلٖ مِّنكُمۡ وَأَقِيمُواْ ٱلشَّهَٰدَةَ لِلَّهِ ﴾ (الطلاق: ٢).

“നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാന്മാരെ നിങ്ങൾ സാക്ഷി നിറുത്തുകയും അല്ലാഹുവിന്വേണ്ടി സാക്ഷ്യം നേരാവണ്ണം നിലനിർത്തു

കയും ചെയ്യുക" (ത്വലാഖ്: 2).

സാക്ഷ്യം നിറുത്തുകയെന്ന കാര്യം ഭർത്താവിനെ വിവാഹമോചനം ചെയ്യുവാൻവേണ്ടി നല്ലവണ്ണം ആലോചിക്കുകയും, ഉറച്ചതീരുമാനം എടുത്തതിനുശേഷവുമല്ലാതെ അതിലേക്ക് എടുത്തു ചാടാതിരിക്കുവാൻ അവസരം നൽകുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. അങ്ങിനെയാണെങ്കിൽ അവൻെറ വിവാഹമോചനം അവിചാരിതമായോ, പെട്ടെന്നോ, ധൃതിപിടിച്ചുള്ള തീരുമാനത്തിൽ സംഭവിക്കുന്നതോ ആവുകയില്ല. ചുരുങ്ങിയത് സാക്ഷ്യം നിറുത്തുകയെന്നത് വിവാഹമോ ചനത്തിലേക്ക് പ്രേരിപ്പിക്കുന്ന കാര്യങ്ങളെ ലഘൂകരിക്കക തന്നെ യെങ്കിലും ചെയ്യുന്നുണ്ട്.

4- ഭർത്താവ് പറയുന്ന ഒരു വാക്ക് മൂലം ഭാര്യയെ തിരിച്ചെടുക്കുവാൻ കഴിയാത്ത രൂപത്തിൽ എന്നന്നേക്കുമായി വിവാഹ മോചനം നടത്തുന്ന രൂപമല്ല ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്, മറിച്ച് അവിടെയും പ്രശ്നങ്ങൾ നന്നാക്കുകയും, പരിഹരിക്കുകയും ചെയ്യുന്ന രൂപമാണ് ഇസ്‌ലാം ഉണ്ടാക്കിയിട്ടുള്ളത്. ഒരാൾക്ക് തൻെറ ഭാര്യയെ മൂന്ന് സന്ദർഭങ്ങളിലായി മൂന്ന് പ്രാവശ്യം വിവാഹമോചനം ചെയ്യാവുന്നതാണ്. അല്ലാഹു പറയുന്നു:

﴿ ٱلطَّلَٰقُ مَرَّتَانِ ۖ فَإِمۡسَاكُۢ بِمَعۡرُوفٍ أَوۡ تَسۡرِيحُۢ بِإِحۡسَٰنٍ ﴾ (البقرة: ٢٢٩)

"(മടക്കിയെടുക്കുവാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിറുത്തുകയോ, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്" (അൽബഖറ: 229) വീണ്ടും അല്ലാഹു പറയുന്നു:

﴿ فَإِن طَلَّقَهَا فَلَا تَحِلُّ لَهُۥ مِنۢ بَعۡدُ حَتَّىٰ تَنكِحَ زَوۡجًا غَيۡرَهُۥ ﴾ (البقـــــرة: ٢٣٠).

"ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അതിനു ശേഷം അവളുമായി ബന്ധപ്പെടൽ അനുവദനീയമല്ല; അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നത്വരേക്കും" (അൽബഖറ: 230)

നിയമനിർമ്മാതാവ് വിവാഹമോചനം തീരുമാനിച്ച വ്യക്തിയോട് കൽപിക്കുന്നത് തിരിച്ചെടുക്കുവാൻ കഴിയുന്ന ആദ്യത്തെ വിവാഹമോചനം നടത്തുവാനാണ്. ഒരുപക്ഷേ, ഇത്മുഖേന ഭിന്നതയുടെ മുള്ളുകൾ പൊട്ടിക്കുവാനും, വീണ്ടും പഴയ രൂപത്തിലുള്ള കുടുംബ ജീവിതത്തിലേക്ക് തിരിച്ച് വരുവാനും ദമ്പതികൾക്ക് അവസരം ലഭിക്കുന്നു.

വീണ്ടും ഭിന്നതയുടെയും, ചിദ്രതയുടെയും, വിദ്വോഷത്തിൻെറയും കാർമേഘങ്ങൾ കുടുംബ ജീവിതത്തിലേക്ക് വരുകയും ജീവിതത്തിൻെറ തെളിമയെ കലക്കുകയും ചെയ്യുകയാണെങ്കിൽ രണ്ടാമതും വി

വാഹമോചനം നടത്താവുന്നതാണ്. അങ്ങിനെ പൊട്ടിപ്പോയ കുടുംബ ജീവിതത്തെ യോജിപ്പിച്ച് കൊണ്ട് വൈവാഹിക ജീവിതത്തിലേക്ക് തിരിച്ച് വരുവാനുള്ള അവസരമാണ് പിന്നീടുള്ള ദിവസങ്ങള്‍, ആയതിനാല്‍ അവസരം നഷ്ടപ്പെടുന്നതിന് മുമ്പ് കാര്യങ്ങളെ ശരിയാം വണ്ണം കൈകാര്യം ചെയ്യേണ്ടതുണ്ട്.

ഒന്നാമത്തെയും, രണ്ടാമത്തെയും പരിശ്രമങ്ങള്‍ ഫലലം ചെയ്യാതെ മൂന്നാമതും വിവാഹമോചനം സംഭവിക്കുകയാണെങ്കില്‍ പിന്നെ തിരിച്ചെടുക്കണമെങ്കില്‍ ഒരു നിബന്ധനയുണ്ട്, അതിനെ സംബന്ധിച്ച് ചിന്തിക്കുന്ന ഒരു വ്യക്തി ഒരുപക്ഷേ, മൂന്നാമത്തെ വിവാഹമോചനം നടത്തുകയില്ല. ഈ നിബന്ധനയാണ് അല്ലാഹു ആയത്തില്‍ സൂചിപ്പിക്കുന്നത്:

﴿ فَلَا تَحِلُّ لَهُۥ مِنۢ بَعۡدُ حَتَّىٰ تَنكِحَ زَوۡجًا غَيۡرَهُۥ ﴾ (البقرة:٢٣٠).

“അതിനു ശേഷം അവളുമായി ബന്ധപ്പെടല്‍ അനുവദനീയമല്ല; അവള്‍ മറ്റൊരു ഭര്‍ത്താവിനെ സ്വീകരിക്കുന്നത് വരേക്കും” (അല്‍ബഖറ: 230)

രണ്ട് പ്രാവശ്യം തന്‍റെ ഉത്തരവാദിത്വത്തിലേക്ക് തിരിച്ചെടുത്തതിന്‍റെ ശേഷം മൂന്നാമതും വിവാഹമോചനം നടത്തുവാന്‍ നിര്‍ബ്ബന്ധിതനാവുകയാണെങ്കില്‍ അതില്‍ നിന്നും മനസിലാക്കുവാന്‍ കഴിയുന്നത് ആ കുടുംബ ജീവിതത്തില്‍ നന്മയില്ലെന്നാണ്. അത്കൊണ്ട് ഉപേക്ഷിക്കലാണ് നല്ലത്.

വിവാഹമോചനത്തിന് ഇസ്‌ലാം നിര്‍ദ്ദേശിച്ച നിയമങ്ങള്‍ എത്ര മനോഹരമാണ്, നീ ശ്രദ്ധിക്കുക! (അല്ലാഹു താങ്കളെ പരിഗണിക്കട്ടെ) കുടുംബ ജീവിതം നിലനില്‍ക്കുവാനുള്ള അതിയായ ആഗ്രഹം നമുക്കാ നിയമങ്ങളിലൂടെ കാണാനാവും, വിവാഹമോചനം നടത്തുന്നതില്‍ നിന്ന് പിന്തിരിയുവാനും, ഒന്നുകൂടി നല്ലപോലെ ആലോചിക്കുവാനും, വൈവാഹിക ജീവിതം നിലനിര്‍ത്തുവാനായ അവസരങ്ങള്‍ എന്തെങ്കിലും അവശേഷിക്കുന്നുവെങ്കില്‍ അത് തേടിപിടിക്കുവാനും ഒന്നിന് പുറകെ ഒരുപാട് അവസരങ്ങളും, സാവകാശത്തിന് ശേഷം സാവകാശങ്ങളും യഥേഷ്ടം നല്‍കുന്നു.

5- ഒരാള്‍ക്ക് വിവാഹമോചനം ചെയ്യുവാനുള്ള അവസരം മൂന്ന് പ്രാവശ്യമാക്കി ചുരുക്കുകയുണ്ടായി ഇസ്‌ലാം. ഇതില്‍ സ്ത്രീകളോടുള്ള കാരുണ്യമാണ് നമുക്ക് കാണാന്‍ സാധിക്കുന്നത്. ഇതിന്‍റെ വിശദീകരണം: ജാഹിലിയ്യാ കാലത്തും, ഇസ്‌ലാമിന്‍റെ ആദ്യനാളുകളിലും വിവാഹമോചനത്തിനും തിരിച്ചെടുക്കുന്നതിനും യാതൊരു പരിധിയുമുണ്ടായിരുന്നില്ല, ഒരാള്‍ തന്‍റെ ഭാര്യയെ വിവാഹമോചനം നടത്തുകയും അവളുടെ ഇദ്ദ അവസാനിക്കാറാകുമ്പോഴേക്ക് അവളെ തിരിച്ചെടുക്കുകയും ചെയ്യുന്നു, വീണ്ടും അവളെ ത്വലാഖ് ചൊല്ലുകയും അവളുടെ ഇദ്ദ അവസാനിക്കാറാകുമ്പോഴേക്ക് വീണ്ടും അവളെ തിരിച്ചെടുക്കുകയും ചെയ്യുന്നു ഇപ്രകാരം ഒരു കണക്കുമില്ലാതെ

ചെയ്തിരുന്നു. ഇങ്ങനെയാകുമ്പോൾ സ്ത്രീ കെട്ടിയിട്ടവളെ പോലെ യാവുകയാണ്. അവളുടെ ഭർത്താവ് മറ്റുള്ളവർക്ക് വിവാഹം കഴിക്കു വാനുള്ള അവസരം കൊടുക്കുന്നില്ല, അതോടൊപ്പം അവളെ പരിപൂർ ണമായി വൈവാഹിക ജീവിതം ആസ്വാദിക്കാവുന്ന രൂപത്തിൽ തിരി ച്ചെടുക്കുന്നുമില്ല. ഇത് സ്ത്രീകളോട് കാണിച്ചിരുന്ന ഒരു വലിയ അ ക്രമമായിരുന്നു. അപ്പോൾ അല്ലാഹു വിശദീകരിച്ച് കൊടുക്കുകയാണ് ഒരാൾക്ക് മൂന്ന് പ്രാവശ്യമേ വിവാഹമോചനം നടത്തുവാനുള്ള അവ സരമൊള്ളൂ അതിൽ രണ്ട് പ്രാവശ്യം അവനവളെ തിരിച്ചെടുക്കാവുന്ന താണ്, മൂന്നാമതും ത്വലാഖ് നടത്തിയാൽ അവളെ വെറെ ഒരാൾ വിവാഹം കഴിച്ച് സ്വമേദയാ ഒഴിവാക്കിയതിന് ശേഷമേ ആദ്യത്തെ ഭർത്താവിന് തിരിച്ചെടുക്കുവാനുള്ള അവസരമൊള്ളൂ. വേറെ ഒരവസ് ഥയിലും മൂന്നിൽ കൂടുതൽ അവസരമില്ല. ഇതിലൂടെ സ്ത്രീകൾക്ക് ലഭിച്ചത് വളരെ വലിയ അനുഗ്രഹവും, ആശ്വാസവുമാണ്. കാരണം ഈ രൂപത്തിൽ സ്ത്രീയെ ഉപദ്രവിക്കുന്ന പുരുഷന്മാരുടെ ശല്യത്തിൽ നിന്നും സ്ത്രീ സുരക്ഷിതയായല്ലോ.

6- യുക്തിയടങ്ങിയിട്ടുള്ള ഒരുപാട് കാരണങ്ങളാൽ വിവാഹമോച നത്തിൻെറ അധികാരം ഇസ്‌ലാം നൽകിയിരിക്കുന്നത് പുരുഷൻെറ കൈകളിലാണ്, അതിൽപെട്ടതാണ് കുടുംബ ജീവിതത്തെ തകർ ക്കുകയും, ശിഥിലമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിന്ന് രക്ഷി ക്കുകയെന്നത്. ഇതിൻെറ വിശദീകരണം താഴെ കൊടുക്കുന്നു:

(1) - സ്ത്രീയുടെ പ്രകൃതം പുരുഷ പ്രകൃതത്തിൽ നിന്ന് ഭിന്നമാണ്. പൊതുവെ സ്ത്രീകൾ പെട്ടെന്ന് പ്രതികരിക്കുന്നവരും, ഉടനെ തീരു മാനമെടുക്കുന്നവരുമാണ്, അത്കൊണ്ട് തന്നെ അവളുടെ കോപം ചിന്തിക്കുകയോ, പര്യവസാനത്തെപ്പറ്റി ആലോചിക്കുകയോ ചെയ്യാതെ വിവാഹമോചനത്തിലേക്കെത്തിക്കുന്നു. എന്നാൽ പുരുഷന്മാരുടെ പ്രകൃ തത്തിൽ പെട്ടതാണ് സാവകാശം കാണിക്കലും, ചിന്തിക്കലും, പര്യാവ സാനം എന്താകുമെന്ന് ആലോചിക്കലും. അവനെന്താണ് സംഭവിക്കു ക, അവനെതിരിൽ എന്താണ് ഉണ്ടാവുക എന്നെല്ലാം ആലോചിച്ച തിന് ശേഷമേ വിവാഹമോചനത്തിലേക്ക് പ്രവേശിക്കുകയുള്ളൂ.

(2) - ഭർത്താവ് ഭാര്യക്ക് മഹ്റ്കൊടുക്കുകയും, വിവാഹ ചിലവുക ൾ വഹിക്കുകയും ചെയ്തിട്ടുണ്ട്, മാത്രമല്ല ത്വലാഖിന് ശേഷം മഹ്റി ൽ നിന്ന് വല്ലതും അവശേഷിക്കുന്നുണ്ടെങ്കിൽ അത് കൊടുക്കണം, അതുപോലെ സ്ത്രീയുടെ ഇദ്ദാ കാലഘട്ടം കഴിയുന്നത് വരെ അവ ൾക്ക് ചിലവിന് കൊടുക്കണം, സന്താനങ്ങൾക്ക് ചിലവിന് കൊടുക്ക ണം, അവരെ മാതാവ് തന്നെ പരിചരിക്കുകയും, മുലകൊടുക്കുകയും ചെയ്യുകയാണെങ്കിൽ പോലും അതിന് പ്രതിഫലം കൊടുക്കണം ഇ ത്പോലെയുള്ള സാമ്പത്തിക കാര്യങ്ങൾ മുഴുവനും വഹിക്കേണ്ടത് ഭർത്താവാണ്.

വിവാഹമോചനം ചെയ്താൽ വരുന്ന ഈ സാമ്പത്തിക ഭാധ്യതകൾ മുഴുവനും ഉള്ളത് കൊണ്ട് തന്നെ ത്വലാഖിൻെറ കാ ര്യത്തിൽ അവൻ അലംഭാവം കാണിക്കുകയോ, അതിലേക്ക് എടു ത്തു ചാടുകയോ ഇല്ല. വളരെ ചിന്തിച്ചതിന് ശേഷം ഒരു മാർഗവുമി ല്ലെന്ന് ബോധ്യമായതിന് ശേഷം അനിവാര്യമായി തോന്നുകയാണെ ങ്കിൽ മാത്രമേ ത്വലാഖിലേക്ക് പ്രവേശിക്കുകയുള്ളൂ.

(3) - വിവാഹമോചനത്തിലൂടെ പുരുഷൻ ചിലവഴിച്ചതും, ചിവഴി ക്കുവാനുള്ളതും അവന് നഷ്ടപ്പെടുന്നു, എന്നാൽ സ്ത്രീക്ക് ലഭിച്ച തും, ലഭിക്കാനിരിക്കുന്നതും ലാഭമാണ്. അത്കൊണ്ട് തന്നെ അല്ലാഹു ത്വലാഖ് പുരുഷൻെറ അധീനതയിലാക്കി, കാരണം അവ നാണ് നഷ്ടം സംഭവിക്കുന്നത്. എന്നാൽ സ്ത്രീക്ക് നഷ്ടമില്ല; മറിച്ച് ലാഭമാണുള്ളത്. ത്വലാഖ് സ്ത്രീയുടെ കയ്യിലാണെങ്കിൽ സ്ത്രീ വി വാഹവും ത്വലാഖും ഒരു കച്ചവടമാക്കി മാറ്റുമായിരുന്നു. അവൾ വി വാഹം കഴിക്കുകയും മഹ്റ് എടുക്കുകയും ത്വലാഖ് ചൊല്ലുകയും ചെയ്യും, വീണ്ടും വിവാഹം കഴിക്കുകയും മഹ്റ് എടുക്കുകയും വീണ്ടും ത്വലാഖ് ചൊല്ലുകയും ചെയ്യും... ഇത് തുടർന്ന് കൊണ്ടേ യിരിക്കും. ഇത്കൊണ്ട് തന്നെയാണ് സൂക്ഷ്മജ്ഞാനിയായ നിയമനി ർമ്മാതാവ് ത്വലാഖ് സ്ത്രീയുടെ കൈകളിലാക്കാതെ ത്വലാഖിനാൽ നഷ്ടം സംഭവിക്കുന്ന പുരുഷൻെറ കൈകളിലാക്കിയത്. നഷ്ടം സംഭവിക്കുന്നതിനാൽ വളരെ അത്യാവശ്യഘട്ടത്തിലല്ലാതെ പുരുഷൻ ത്വലാഖിലേക്ക് മുന്നിടുകയില്ല.

(4) - വിവാഹമോചനത്തിൻെറ കാര്യത്തിൽ സ്ത്രീയുടെ അവകാശം ഇസ്‌ലാം അവഗണിച്ചിട്ടില്ല. മറിച്ച് അവൾക്ക് ഭർത്താവിൽ നിന്ന് മോ ചനം ലഭിക്കേണ്ടതുണ്ടെങ്കിൽ സ്ഥലത്തെ വിധികർത്താവിനെ സമീപി ക്കുകയും ദമ്പതികൾക്കിടയിൽ മോചനം ആവശ്യപ്പെടുകയും ചെയ്യാ വുന്നതാണ്. ഇങ്ങനെയുള്ള അവസരത്തിൽ സ്ത്രീയുടെ ആവശ്യത്തി ന് ഉത്തരം നൽകൽ ഖാളിയുടെ ബാധ്യതയാണ്. അനിവാ ര്യമാണെ ങ്കിൽ ആ ദമ്പതികളെ നല്ലരൂപത്തിൽ പിരിക്കേണ്ടതുമാണ്.

(5) - പുരുഷൻ തൻെറ ജീവിതത്തിന് യോജിച്ചവളാണെന്ന് തോ ന്നുന്നവളെയാണ് തിരെഞ്ഞെടുക്കുക, അതുപോലെ സ്ത്രീ അവളുടെ ജീവിതത്തിന് യോജിക്കുന്നവനാണെന്ന് തോന്നുന്നവനുമായുള്ള വിവാ ഹത്തിന് അംഗീകാരം നൽകുകയും ചെയ്യുന്നു. എന്നാൽ വിവാഹത്തി ന് ശേഷമല്ലാതെ യോജിക്കുന്നതാണോ അല്ലയോ എന്ന് യഥാർത്ഥ ത്തിൽ തീരുമാനിക്കുവാൻ സാധ്യമല്ല. വിവാഹത്തിന് മുമ്പ് തിരെഞ്ഞെ ടുക്കുന്നതിലോ, കണക്ക് കൂട്ടുന്നതിലോ തെറ്റു പറ്റിയുട്ടുണ്ടെങ്കിൽ ആ തെറ്റ് യാതൊരു രൂപത്തിലും തിരുത്തുവാൻ കഴിയുന്നില്ലെങ്കിൽ അതു തിരുത്തുവാനുള്ള അവസരമാണ് ത്വലാഖ്.

ബുദ്ധിയുള്ള ഒരു വ്യക്തിയും അംഗീകരിക്കാത്ത കാര്യമാണ് പുരു

ഷനും സ്ത്രീയുമടങ്ങുന്ന മനുഷ്യൻ തൻെറ വ്യക്തിപരമായ കാര്യത്തിൽ സ്വീകരിച്ച കണക്ക് കൂട്ടലുകൾ തെറ്റുകയും എന്നിട്ട് അതിൻെറ അനന്തരഫലങ്ങൾ മരണം വരെ അനുഭവിക്കുകയെന്ന കാര്യം. അത്കൊണ്ട് തന്നെയാണ് ഇസ്‌ലാം അങ്ങിനെയുള്ള പ്രശ്നങ്ങൾ പ രിഹരിച്ച്കൊണ്ട് ദമ്പതികളനുഭവിക്കുന്ന പ്രയാസകരമായ ജീവിത ത്തിൽ നിന്നും, വേദനയിൽനിന്നും മോചനവും, ആശ്വാസവും ലഭി ക്കുവാനായി വിവാഹമോചനം നിയമമാക്കിയിട്ടുള്ളത്.

ഇങ്ങനെയുള്ള അവസ്ഥയിൽ വിവാഹമോചനം തന്നെയാണ് പ്രശ്ന പരിഹാരത്തിനുള്ള മാർഗമെന്ന് ശരിയായ വചന ശാസ്ത്രവും സമ്മതിക്കുന്നു. ഒരു ഇംഗ്ളീഷ് തത്വജ്ഞാനി പറയുന്നു: (പ്രശ്നമുള്ള ദമ്പതികളോട് നിങ്ങൾ ഒരിക്കലും വേർപിരിയുവാൻ പാടില്ലെന്ന് നിയമത്തിലൂടെ നിർബ്ബന്ധിക്കുകയാണെങ്കിൽ വിദ്വോഷം അവരുടെ ഹൃദയങ്ങളെ തിന്നുന്നതാണ്. പരസ്പരം കുതന്ത്രം പ്രയോഗിക്കു കയും, മറ്റുള്ളവരിൽ നിന്ന് സുഖമാസ്വദിക്കുവാനുള്ള വഴികളന്വോഷിക്കുകയും ചെയ്യുന്നതാണ്. വിവാഹം കഴിക്കുന്ന സമയത്ത് ഒരാൾ തൻെറ ഇണയോട് ഒരിക്കലും വേർപിരിയരുതെന്ന് നിബന്ധന വെക്കുകയാണെങ്കിൽ, അവരുടെ ദാമ്പത്യത്തിനിടക്ക് സ്നേഹത്തിനും, യോജിപ്പിനും പകരമായി വെറുപ്പും കുതർക്കവും വരുമ്പോൾ നേരത്തെ വെച്ച നിബന്ധന പ്രകൃതി വിരുദ്ധവും, യഥാർത്ഥ യുക്തിക്ക് നിരക്കാത്തതുമായി തീരുന്നു. പരസ്പരം ഇഷ്ടപ്പെടുന്ന രണ്ട് യുവാക്കൾക്ക് ഈ നിയമം നാം അനുവദിക്കുകയാണെങ്കിൽ അതവരുടെ യുവത്വത്തെപോലും വഞ്ചിക്കുന്നതാണ്. കാരണം അവർ രണ്ടാളും വിചാരിക്കുന്നത് യോജിപ്പിന് ശേഷം വേർപാടില്ലാ, സ്നേഹത്തിന് ശേഷം വെറുപ്പില്ലായെന്നാണ്. അത്കൊണ്ട് തന്നെ പ്രകൃതിയെ അറിയുന്ന നിയമനിർമ്മാതാവ് അവരെ പരിഗണിക്കൽ അനിവാര്യമായി വരുന്നു. കമ്പനികൾ വിഭജിക്കുന്നത് നിഷിദ്ധമാക്കുകയും, രക്ഷിതാക്കളുടെ രക്ഷാകർതൃത്വം ഇല്ലാതാക്കുകയും, പങ്കാളികളെ നീക്കം ചെയ്യുകയും, കൂട്ടാളികളെ വേർപ്പെടുത്തുകയും ചെയ്യുന്ന ഒരു നിയമം നിയമനിർമ്മാതാവ് കൊണ്ട്വരുകയാണെങ്കിൽ ജനങ്ങൾ ഒന്നടങ്കം ഉച്ചത്തിൽ പറയും: ഇത് വ്യക്തമായ അക്രമമാകുന്നുവെന്ന്. വൈവാഹിക ജീവിതത്തിൽ വെറുപ്പും, നിർഭാഗ്യവും, ശത്രുതയും സംഭവിക്കുകയാണെങ്കിൽ... ഇത് സംഭവിക്കുകയെന്നത് വിദൂരമല്ല, ഈയവസരത്തിൽ ഏത് കാര്യമാണ് നല്ലത്? വിദ്വോഷം അവരുടെ ഹൃദയങ്ങളെ തിന്നുവാനും, പരസ്പരം കുതന്ത്രങ്ങൾ പ്രയോഗിക്കുവാനും വേണ്ടി ദമ്പതികളെ ബലമുള്ള കയറിൽ ബന്ധിക്കുന്നതാണോ നല്ലത് അതല്ല, അവർക്കിടയിലുള്ള ബന്ധനത്തിൽ നിന്ന് മോചനം നൽകി അതിലൂടെ അവർക്ക് ശക്തമായ അടിത്തറയിൽ ഒരു പുതിയ വീട് ഉണ്ടാക്കുവാൻ സാധിക്കുന്ന രൂപത്തിൽ അവസരം നൽകുന്നതല്ലേ നല്ലത്?

ഇവിടെ നിന്നും നാം മതനിയമങ്ങൾക്കനുസരിച്ചുള്ള വിവാഹമോചനത്തിൻെറ എണ്ണമറ്റ നന്മകളെ കുറിച്ച് പറയുകയാണ്. അവയിൽ

പെട്ട ചിലത് താഴെ കൊടുക്കുന്നു:

1- ദമ്പതിമാർക്ക് അവരുടെ ദാമ്പത്യ ജീവിതത്തിൽ യോജിക്കുവാൻ സാധിക്കാത്തയവസരത്തിൽ ത്വലാഖ് തന്നെയാണ് പ്രശ്ന പരിഹാരത്തിനുള്ള ഏറ്റവും യോജിച്ച മാർഗം. തനിക്ക് യോജിക്കാത്ത ഭാര്യയെ ത്വലാഖ് ചൊല്ലി മറ്റൊരു യോജിക്കുന്ന ഇണയെ തിരെഞ്ഞെടുത്ത് വളരെ സന്തോഷ പൂർവ്വം ജീവിതം നയിക്കുന്ന ഒരുപാട് ആളുകളെ നമുക്ക് ദർശിക്കാനാവും, അതുപോലെ തന്നെ വിവാഹമോചിതയായ സ്ത്രീ വേറെയൊരു ഭർത്താവിനെ സ്വീകരിച്ച് കൊണ്ട് വളരെ സമാധാന പൂർവ്വം സന്തോഷ പൂർവ്വം ജീവിതം നയിക്കുന്നതായും നമുക്ക് കാണാനാവും. ഇങ്ങനെയുള്ള ഒരുപാട് ഉദാഹരണങ്ങൾ നാം നിത്യേന കാണുന്നതാണ്. ഇതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു:

﴿ وَإِن يَتَفَرَّقَا يُغْنِ ٱللَّهُ كُلًّا مِّن سَعَتِهِۦ ۚ وَكَانَ ٱللَّهُ وَٰسِعًا حَكِيمًا ﴾ (النساء: ١٣٠).

“ഇനി അവരിരുവരും വേർപിരിയുകയാണെങ്കിൽ അല്ലാഹു അവൻെറ വിശാലമായ കഴിവിൽ നിന്ന് അവർ ഓരോരുത്തർക്കും സ്വാശ്രയത്വം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും യുക്തിമാനുമാകുന്നു” (നിസാഅ്: 130)

2- മതനിയമങ്ങൾക്കനുസരിച്ചുള്ള വിവാഹമോചനം ദമ്പതിമാരോടുള്ള കാരുണ്യത്തിൻെറ ഭാഗമാകുന്നു. കാരണം ഒരാൾ തൻെറ ഭാര്യയെ വെറുക്കുകയും അവളോടൊന്നിച്ച് വിവാഹ ജീവിതം നയിക്കുവാൻ കഴിയാതെ വരുകയുമാണെങ്കിൽ അവൻ അവളെ ഉപദ്രവിക്കുകയും, അവളെ തൻെറ ഇംഗിതത്തിന് കീഴ്പ്പെടുത്തുകയും, അവളെ അതിക്രമിക്കുകയും, അവളുമായി സംയോഗം ചെയ്യുവാൻ തടസ്സം നിൽക്കുകയും ചെയ്യുക മാത്രമല്ല അതിന് മുമ്പ് തൻെറ ആഗ്രഹ പൂർത്തീകരണത്തിന് വേണ്ടി നിഷിദ്ധ മാർഗം അവലംബിക്കുകയും ചെയ്യുന്നതാണ്. ഇതെല്ലാം തന്നെ അവന് നിഷിദ്ധവും, അല്ലാഹുവിൽ നിന്ന് വദൂരമാവാനും, കുറ്റകൃത്യങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നതാണ്. ഇവിടെ അവൻ തൻെറ ഭാര്യയിൽ നിരാശനാവുന്നു. അത് പോലെ തന്നെ ഒരു സ്ത്രീ തൻെറ ഭർത്താവിനെ വെറുക്കുകയാണെങ്കിൽ അവൾക്ക് അവനുമായി ജീവിതം നയിക്കുവാൻ കഴിയാതെ വരുകയും, അവന് അവളിൽ നിന്ന് ലഭിക്കേണ്ട അവകാശത്തിൽ കുറവ് വരുകയും, ഒരുപക്ഷേ, അവൻെറ ആവശ്യം നിറവേറ്റുവാൻ പോലും അവൾ വിസമ്മതിക്കുന്നതിനാൽ അവൻ വ്യഭിചാരത്തിലേക്ക് വഴുതിപോകുകയും ചെയ്യുന്നതാണ്. ഇതെല്ലാം അവൾക്ക് നിഷിദ്ധമാണ്താനും. ഇങ്ങനെയുള്ളയവസരത്തിൽ അവനുമായി ജീവിക്കുകയെന്നത് അവളുടെ ദൗർഭാഗ്യത്തിനും, അല്ലാഹുവിൽ നിന്ന് അകലു

വാനും കാരണമായി തീരുന്നതാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഏറ്റവും ഉത്തമമായ മാർഗം തങ്ങൾക്കനുയോജ്യമായത് കണ്ടെത്തു വാനായി വിവാഹമോചനം ചെയ്യലാകുന്നു.

3- മതപരമായ നിയമങ്ങൾക്ക് വിധേയമായ വിവാഹമോചനത്തി ലൂടെ സന്താനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഭിന്നതയോടെ, തർ ക്കത്തോടെ, ചീത്തപെരമാറ്റത്തോടെയുള്ള ജീവിതത്തിലുണ്ടാകുന്ന ബു ദ്ധിമുട്ടുകളെ അപേക്ഷിച്ച് നിസ്സാരമാകുന്നു. കാരണം സന്താനങ്ങൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് തങ്ങൾക്ക് ഉപദ്രവമുണ്ടാകുന്ന അനേകം സംഭവങ്ങൾക്ക് ദൃശ്സാക്ഷികളാവേണ്ടി വരുന്നതാണ്. അ വർ ഒരുപക്ഷേ പിതാവിനോടൊപ്പം നിന്ന് മാതാവിന് എതിരാവുക യോ, അതല്ലെങ്കിൽ മതാവിനോടോപ്പം നിന്ന് പിതാവിനോടെതിരാവു കയോ ചെയ്യുന്നു. അല്ലെങ്കിൽ അവരെ വഴിപിഴപ്പിക്കുവാനും, ദു:സ്വ ഭാവികളാവാനും കാരണമാകുന്ന ഒരുപാട് കാര്യങ്ങൾ കേൾക്കുക യും, കാണുകയും ചെയ്യേണ്ടി വരുന്നതാണ്, അതുമല്ലെങ്കിൽ തൻെറ ഭാര്യയോടുള്ള കോപം കാരണം പിതാവിൻെറ വ്യതിചലനങ്ങളോ, ഭ ർത്താവി നോടുള്ള കോപം കാരണത്താൽ മാതാവ് ചെയ്യുന്ന വഴിവി ട്ട സ്വഭാവങ്ങളോ സന്താനങ്ങൾ കാണുവാനിടയാവുന്നു. തൻെറ പി താവിൽ നിന്നോ മാതാവിൽ നിന്നോ ദർശിക്കുന്ന അവിവേകമായ കാര്യങ്ങൾ മൂഖേന ഒരുപക്ഷേ, സന്താനങ്ങൾ വ്യതിചലിച്ച് പോകു വാൻ കാരണമായേക്കാം. അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു. എ ന്നാൽ വിവാഹ മോചനത്തിലൂടെ ദമ്പതികൾ വേർപിരിയുകയും, അ വനവൻെറ അവസ്ഥകൾ മറച്ച് വെക്കുകയും, അവൻെറ കാര്യങ്ങ ളെ മാനിക്കുകയും ചെയ്യുന്നു. അത്പോലെ ഭർത്താവിന് വേറെ ഭാ ര്യയേ വേൾക്കുവാനോ, ഭാര്യക്ക് വേറെ ഭർത്താവിനെ വേൾക്കുവാ നോ അവസരം ലഭിക്കുകയാണെങ്കിൽ സന്താനങ്ങൾക്ക് കുറഞ്ഞത് മാതാപിതാക്കളിൽ നിന്ന് അവർക്ക് തന്നെ കുഴപ്പമുണ്ടാക്കുന്ന കാര്യ ങ്ങൾ കാണേണ്ടി വരുകയില്ല.

മുൻകഴിഞ്ഞ ചർച്ചയിൽ നിന്ന് മനസിലാകുന്നത്: വിവാഹമോചനം ഇസ്‌ലാമിൽ പ്രോൽസാഹിപ്പിക്കാത്ത കാര്യമാണ്, അതുകൊണ്ട് തന്നെ യാണ് മുസ്‌ലീങ്ങൾ അതിനെ വെറുക്കുന്നതും. കഴിയുന്നത്ര അതി നെ ഇല്ലാതാക്കുവാനും, കുറച്ച് കൊണ്ടുവരുവാനും ശ്രമിക്കുന്നതും. ഇസ്‌ലാം ജനങ്ങളെ വിവാഹം കഴിക്കുവാനും, ദമ്പതികളോട് സ്നേ ഹത്തോടെ, ഇഷ്ടത്തോടെ, നല്ലരൂപത്തുൽ വർത്തിക്കുവാനും, ഓരോ ഇണയും തൻെറ ഇണയോട് കാണിക്കുന്ന പെരുമാറ്റങ്ങളെ ആദരി ക്കുവാനും പ്രേരിപ്പിക്കുന്നു. പക്ഷേ, ജീവിതത്തിൻെറ തെളിമക്ക് മങ്ങ ലേൽക്കുകയും, ജീവിതം കലങ്ങി മറിയുകയും ചെയ്യുകയാണെങ്കിൽ പിന്നീട് ദമ്പതിമാർക്കിടയിലുള്ള ബന്ധം ശിക്ഷയും, ദൗർഭാഗ്യവുമായി തീരുന്നതാണ്. ഇസ്‌ലാം ഇങ്ങനെ കലങ്ങിമറിയുകയും, മങ്ങലേൽക്കു കയും ചെയ്ത കുടുംബം മുന്നോട്ട് കൊണ്ട്പോകുവാൻ ദമ്പതികളെ നിർബ്ബന്ധിപ്പിക്കുന്നില്ല മറിച്ച്, അവർക്ക് വേർപിരിയുവാനുള്ള അവ

സരം നൽകുന്നു. ഇത്കൊണ്ടാണ് വിവാഹമോചനം അനുവദി ച്ചിരിക്കുന്നത്. വിവാഹമോചനം എന്നുള്ളത് അല്ലാഹു തൻെറ അടികൾക്ക് നൽകിയിട്ടുള്ള ഒരു അനുഗ്രഹവും, വിദ്വേഷം നിറഞ്ഞ ജീവിതത്തിൽ നിന്ന് രക്ഷപ്പെടുവാനുള്ള ഒരു മാർഗവുമാണ്. ഒരുപക്ഷേ അല്ലാഹു അവൻെറ അനുഗ്രഹത്തിൽ നിന്ന് അവരെ ധന്യരാക്കുകയോ, അവരുണ്ടായതിനേക്കാൾ അനുഗ്രഹത്തിലേക്ക് നയിക്കുകയോ ചെയ്തേക്കാം. അല്ലാഹു പറയുന്നു:

﴿ وَإِن يَتَفَرَّقَا يُغْنِ ٱللَّهُ كُلاًّ مِّن سَعَتِهِۦ ۚ وَكَانَ ٱللَّهُ وَٰسِعًا حَكِيمًا ﴾ ١٣٠ (النساء: ١٣٠)

“ഇനി അവരിരുവരും വേർപിരിയുകയാണെങ്കിൽ അല്ലാഹു അവൻെറ വിശാലമായ കഴിവിൽ നിന്ന് അവർ ഓരോരുത്തർക്കും സ്വാശ്രയത്വം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും യുക്തിമാനുമാകുന്നു” (നിസാഅ്: 130)

## നാല്: അനന്തരാവകാശം:

(1)- മരിച്ച വ്യക്തി തൻെറ അനന്തരവകാശികൾക്ക് ഉപേക്ഷിച്ചിട്ടുള്ള -അനന്തര സ്വത്ത് വിഭജിക്കുന്നതിന് മുമ്പ് നിർബ്ബന്ധമായും നിർവ്വഹിക്കേണ്ട മരിച്ച വ്യക്തിയുടെ ബാധ്യതകൾ കൊടുത്ത് തീർത്തതിന് ശേഷം അവശേഷിക്കുന്ന- സമ്പത്താണ് അനന്തരവകാശം. അല്ലാഹു പറയുന്നു:

﴿ لِّلرِّجَالِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ وَلِلنِّسَآءِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ مِمَّا قَلَّ مِنْهُ أَوْ كَثُرَ ۚ نَصِيبًا مَّفْرُوضًا ﴾

(النساء: ٧)

“മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ സ്ത്രീകൾക്ക് ഓഹരിയുണ്ട്. (ആ ധനം) കുറച്ചാകട്ടെ, കൂടുതലാകട്ടെ. അത് നിർണ്ണയിക്കപ്പെട്ട ഓഹരിയാകുന്നു” (നിസാഅ്: 7) അല്ലാഹു പറയുന്നു:

﴿ يُوصِيكُمُ ٱللَّهُ فِيٓ أَوۡلَٰدِكُمۡۖ لِلذَّكَرِ مِثۡلُ حَظِّ ٱلۡأُنثَيَيۡنِ﴾ (النساء: ١١)

"നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്കു നിർദ്ദേശം നൽകുന്നു. ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരിയാണുള്ളതെന്ന്" (നിസാഅ്: 11)

ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം:

وعن ابن عباس – رضي الله عنهما – قال: قـــال رســـول الله ﷺ: «اقسموا المال بين أهل الفرائض على كتاب الله، فما تركت الفـــرائض فلأولى رجل ذكر» (١).

"പ്രവാചകൻﷺ പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ നിയമമനുസരിച്ച് അനന്തരവകാശികൾക്ക് നിങ്ങൾ സമ്പത്ത് നിങ്ങൾ വീതം വെക്കുക, അനന്തരവകാശത്തിന് കൂടുതൽ അർഹൻ പുരുഷനാകുന്നു"

ഇത്കൊണ്ട് തന്നെ പ്രവാചകൻﷺയുടെ കാലം മുതൽ ഇന്ന്വരെ അനന്തര സ്വത്ത് മുസ്ലീങ്ങൾക്കിടയിൽ വീതം വെക്കുന്നു.

അനന്തരവകാശം നിയമമാക്കിയതിലൂടെയുള്ള മഹത്തായ നന്മകൾ ഏതൊരാൾക്കും പകലിൽ സൂര്യൻ പ്രകടമാവുന്നപോലെ വ്യക്തമാവുന്നതാണ്. അതിൽപെട്ടത് താഴെ കൊടുക്കുന്നു:

1- ധനികനോ ദരിദ്രനോയെന്ന് വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരും മരിച്ച്പോകുന്നതാണ്. മരിച്ച വ്യക്തിയുടെ ധനം മറ്റുള്ളവരിലേക്ക് നീങ്ങുകയും ചെയ്യുന്നു. സർവ്വജ്ഞനായ നിയമ ദാതാവ് അനന്തരാവകാശികളെയും, അവർക്ക് ലഭിക്കുന്ന വിഹിതവും വളരെ കൃത്യമായി നിർണ്ണയിക്കുകയും ചെയ്തത് കൊണ്ട് തന്നെ അനന്തരമെടുക്കപ്പെടുന്നവൻ ഈ കാര്യത്തിന് വളരെയധികം പ്രാധാന്യം നൽകുന്നതിൽ നിന്നും, മരണത്തിന് ശേഷം തന്റെ ധനം എവിടേക്കാണ് പോകുന്നത്? ആരാണ് എടുക്കുക? പോലെയുള്ള പരിഭ്രമത്തിൽ നിന്ന് മന:സമാധാനം ലഭിക്കുകയും ചെയ്യുന്നു. എല്ലാ ജനങ്ങളും നല്ല രൂപത്തിൽ ക്രയവിക്രയം ചെയ്യുകയോ, അതിന് സാധിക്കുകയോ ഇല്ല. മാത്രമല്ല തന്റെ സമ്പത്ത് വീതിക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കുന്നതിന് മുമ്പ് തന്നെ ഒരുപക്ഷേ മരണം സംഭവിക്കുക പേലെയുള്ള മറ്റു വല്ല കാരണങ്ങളും സംഭവിച്ചേക്കാം. കാരുണ്യവും, യുക്തിയുമടങ്ങിയ ഇസ്ലാമിന്റെ നിയമം അനന്തരമെടുക്കുന്നവരെ

---

(١) أخرجه البخاري في صحيحه –مـــع الفـــتح-: ١١/١٢، بـــرقم (٦٧٣٢)؛ ومســـلم: ١٢٣٤/٣، برقم (١٦١٥).

യും, അവരുടെ അവകാശങ്ങളെയും ക്ലിപ്തപ്പെടുത്തുകയും ചെയ്തതിലൂടെ സമ്പത്തിന്റെ ഉടമക്ക് ചിലവഴിക്കുന്നതിലെ കുഴപ്പങ്ങളിൽ നിന്നും, കണക്ക്കൂട്ടലിന്റെ പിഴവിൽ നിന്നും, വ്യസനത്തിൽ നിന്നും, ദു:ഖത്തിൽ നിന്നും സമാധാനം നൽകുന്നു. ഇതിൽ വളരെ വ്യവസ്ഥാപിതമായിട്ടാണ് നിയമ നിർമ്മാണം നടത്തിയിട്ടുള്ളത്.

2- അനന്തരവകാശികളെയോ, അവർ അനന്തരമെടുക്കുന്ന സമ്പത്തിന്റെ തോതോ നിർണ്ണയിക്കുവാൻ ഇസ്ലാമിക ശരീഅത്ത് അനന്തരമെടുക്കപ്പെടുന്നുവനെയോ, അല്ലെങ്കിൽ മറ്റു വല്ലവരെയോ ഏൽപിക്കുന്നില്ല. മറിച്ച് ഈ വിശുദ്ധമായ ശരീഅത്ത് അവതരിപ്പിച്ചവനായ അല്ലാഹു തന്നെയാണ് അനന്തരവകാശികളെ നിർണ്ണയിക്കുകയും അവരുടെ അവകാശങ്ങളെ ക്ലിപ്തപ്പെടുത്തുകയും ചെയ്തത്. കാരണം മനുഷ്യനാണത് നിർണ്ണയിക്കുന്നതെങ്കിൽ അത് ന്യൂനതയിൽ നിന്ന് മുക്തമാവില്ല. ഒരുപക്ഷേ, തന്റെ ദേഹേഛകൾക്കനുസരിച്ച് നിർണ്ണയിക്കുകയും, നിയമാനുസൃതമല്ലാതെ ചിലരുടെ അവകാശങ്ങൾ ഹനിക്കുകയും, മറ്റുചിലർക്ക് അവരർഹിക്കുന്നതിനേക്കാൾ കൊടുക്കു കയും ചെയ്തേക്കാം. അത്പോലെതന്നെ ഇഹവും, പാരത്രികവുമായ ഉദ്ദേശങ്ങൾ കരഗതമാക്കുവാനുതകുന്ന രൂപത്തിൽ ആർക്കാണോ കൂ ടുതൽ ഉപകാരപ്പെടുക എന്നത് പരിഗണിച്ച്കൊണ്ട് ആരാണ് കൂടുത ൽ അതിനർഹരെന്ന് മനസിലാക്കുവാനും സാധിക്കുകയില്ല. ഇനിയവ ൻ മറ്റുള്ളവരെ ഏൽപിച്ചാലും അനേകം ബുദ്ധിമുട്ടുകൾ സംഭവിക്കു ന്നതാണ്. ഇത്കൊണ്ടാണ് അല്ലാഹു പറയുന്നത്:

﴿ ءَابَآؤُكُمْ وَأَبْنَآؤُكُمْ لَا تَدْرُونَ أَيُّهُمْ أَقْرَبُ لَكُمْ نَفْعًا ۚ فَرِيضَةً مِّنَ ٱللَّهِ ۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴾ (النساء: ١١).

“നിങ്ങളുടെ പിതാക്കളിലും നിങ്ങളുടെ മക്കളിലും ഉപകാരം കൊണ്ട് നിങ്ങളോട് ഏറ്റവും അടുത്തവർ ആരാണെന്ന് നിങ്ങൾക്കറിയില്ല. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള (ഓഹരി) നിർണ്ണയമാണിത്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.” (നിസാഅ്: 11)

3- ഇസ്ലാം അവകാശികൾക്ക് അവരുടെ അവകാശങ്ങൾ പരിപൂർണമായും നൽകുന്നു. പ്രവാചകൻ ﷺ പറയുകയുണ്ടായി:

قال النبي ﷺ: «إن الله أعطى كل ذي حق حقه فلا وصية لوارث» (١).

“തീർച്ചയായും അല്ലാഹു എല്ലാവരുടെയും അവകാശങ്ങൾ അവർക്ക് നൽകിയിരിക്കുന്നു. അനന്തരവകാശികൾക്ക് വസ്വിയ്യത്തില്ല” അനന്തരവകാശിയാവാനുള്ള നിബന്ധനകളും, അനന്തരവകാശം തടയുന്ന പ്രതിബന്ധങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിക്കും അവർ ആണാവട്ടെ, പെണ്ണാവട്ടെ, വലിയവരോ ചെറിയവരൊ, ശക്തനോ ദുർബ്ബലനോ, അടിസ്ഥാനാവകാശികളോ അല്ലെങ്കിൽ അല്ലാത്തവരോ ആവട്ടെ ആർക്കാണെങ്കിലും അവരുടെ അവകാശം സ്വമേധയാ ലഭിക്കുന്നതാണ്.

ജാഹിലിയ്യാ കാലത്തുള്ള അറബികൾ, ഗ്രീക്ക്, റോമൻ, ജൂതന്മാർ എന്നിവരുടെ നിയമങ്ങളിൽ സ്ത്രീകളോട് കാണിച്ചിരുന്ന അതിക്രൂരമായ ഈ അക്രമത്തെ ഇസ്‌ലാം മേൽ സൂചിപ്പിച്ച രൂപത്തിൽ ഇല്ലാതാക്കി. അത്പോലെ തന്നെ ആയുധം വഹിക്കുവാനോ, ശത്രുക്കളോട് പടപൊരുതുവാനോ സാധിക്കാത്ത പുരുഷന്മാരായ കുട്ടികൾക്കും ജാഹിലിയാ കാലത്തെ അറബികൾ അനന്തരവകാശമോ, യുദ്ധാനന്തര സമ്പത്തുക്കളോ നൽകുകയോ അവരുടെ ഗോത്രങ്ങളെ സംരക്ഷിക്കുകയോ ചെയ്തിരുന്നില്ല, ഇങ്ങനെയുള്ള അക്രമങ്ങളെയും ഇസ്‌ലാം ഉൻമൂലനം ചെയ്തു. എന്നാൽ ഇസ്‌ലാമിലെ അനന്തരവകാശ നിയമം എല്ലാവർക്കും അവരുടെ അവകാശങ്ങൾ നൽകുന്നു അവിടെ അക്രമമോ അനീതിയോ കാണുവാൻ സാധ്യമല്ല. മറിച്ച് സ്ത്രീയെന്നോ പുരുഷനെന്നോ, കുട്ടിയെന്നോ, വലിയവരെന്നോ വ്യത്യാസമില്ലാതെ ആവശ്യങ്ങൾക്കനുസരിച്ചും, അവകാശികളെ പരിഗണിച്ച് കൊണ്ടുമുള്ള കാരുണ്യത്തിൻെറയും, സമത്വത്തിൻെറയും നീതിയുടെയും, ബുദ്ധിയുടെയും നിമയമമാണ് ഇസ്‌ലാം കൊണ്ട് വന്നിട്ടുള്ളത്.

4- ഇസ്‌ലാം അനന്തരവകാശമെടുക്കപ്പെടുന്നവൻെറ സമ്പത്തിൽ യഥേഷ്ടം ക്രയവിക്രയം നടത്തുവാൻ അവനെ അനുവദിക്കുന്നില്ല. ഒരു അവകാശിയുടെയും അവകാശം കൂട്ടുവാനോ, അതല്ലെങ്കിൽ കുറക്കുവാനോ, അനന്തരവകാശത്തിൽ നിന്ന് തടയുവാനോ അവകാശമില്ല. എന്നാൽ പരിപൂർണമായി അവനെ അതിൽനിന്ന് തടയുന്നുമില്ല. അവന് തൻെറ സമ്പത്തിൻെറ മൂന്നിലൊന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് വസ്വിയ്യത്ത് നൽകാവുന്നതാണ്. ഒരുഹദീസ് ശ്രദ്ധിക്കുക:

عن سعد بن أبي وقاص ﷺ قال: مرضت بمكة فأشفيت منه على

---

(١) جزء من حديث أبي أمامة الباهلي ﷺ، أخرجه أبو داود في سننه: ٣/٢٩٠-٢٩١ برقم (٢٨٧٠ )؛ والترمذي في سننه: ٤/٣٧٦-٣٧٧ برقم (٢١٢٠ )، وابن ماجه في سننه: ٢/٩٠٥، برقم (٢٧١٣ )، قال الترمذي: حديث حسن صحيح.

الموت، فأتاني النبي ﷺ يعودني، فقلت: يا رسول الله، إن لي مالا كثيرا، وليس يرثني إلا ابنتي، أفأتصدق بثلثي مالي ؟ قال:«لا». قال: قلت: فالشطر؟ قال: «لا». قلت: الثلث ؟ قال: «الثلث كبير، إنك إن تركت ولدك أغنياء خير من أن تتركهم عالة يتكففون الناس، وإنك لن تنفق نفقة إلا أجرت عليها حتى اللقمة ترفعها إلى في امرأتك...» الحديث(١).

സഅദ്ബ്നു അബീവകാസിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "എനിക്ക് മക്കയിൽ വെച്ച് രോഗം പിടിപ്പെട്ടു, എന്നാൽ ഞാൻ മരണത്തിൽ നിന്നും രക്ഷപ്പെട്ടു. അപ്പോൾ പ്രവാചകൻ ﷺ എന്നെ സന്ദർശിക്കുവാൻ വന്നു. അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലയോ പ്രവാചകരെ; എനിക്ക് ധാരാളം സമ്പത്തുണ്ട്, എനിക്കാണെങ്കിൽ അനന്തരവകാശിയായിട്ട് ഒരു പുത്രിയല്ലാതെ വേറെയാരുമില്ല. ഞാൻ എൻെറ സ്വത്തിൻെറ മൂന്നിൽ രണ്ട് ഭാഗം ദാനധർമ്മം ചെയ്യട്ടേ? തിരുമേനി പറഞ്ഞു: "പാടില്ല" അപ്പോൾ ഞാൻ ചോദിച്ചു: എന്നാൽ പകുതി ചെയ്യട്ടെ? തിരുമേനി പറഞ്ഞു: "പാടില്ല" അപ്പോൾ ഞാൻ ചോദിച്ചു: എന്നാൽ ഞാൻ മൂന്നിലൊന്ന് ചെയ്യട്ടെ? തിരുമേനി പറയുകയുണ്ടായി: "മൂന്നിലൊന്ന് തന്നെ ധാരാളമാണ്" നിൻെറ സന്താനങ്ങൾ ജനങ്ങൾക്കിടയിൽ കൈനീട്ടി ഇരന്ന് നടക്കുന്ന രൂപത്തിൽ നീ അവരെ ഉപേക്ഷിക്കുന്നതിനേക്കാൾ നല്ലതാണ് നീ അവരെ ധനികന്മാരായി വിട്ടേച്ച് പോകുകയെന്നത്. നീ പ്രതിഫലം നൽകപ്പെട്ടിട്ടല്ലാതെ യാതൊന്നും ചിലവഴിക്കുന്നില്ല. നിൻെറ ഭാര്യയുടെ വായിലേക്ക് ഉയർത്തുന്ന ഭക്ഷണത്തിൻെറ ഉരുളക്ക് വരെ..."

ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെടുവാനും, ആവശ്യനിർവ്വഹണത്തിന് വേണ്ടിയും ഇസ്ലാം അനന്തരവകാശികൾക്ക് സമ്പത്തിൻെറ മൂന്നിൽ രണ്ട് ഭാഗം സുരക്ഷിതമാക്കിയിരിക്കുന്നു. അനന്തര സ്വത്ത് ഉപേക്ഷിച്ച് പോകുന്നവന് തൻെറ സ്വത്തിൽ മൂന്നിലൊന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് നൽകുവാനും, നന്മയുടെ മാർഗത്തിൽ ചിലവഴിക്കുവാനും സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. അതുപോലെതന്നെ യുവത്വ സമയത്ത് നന്മയും പുണ്യവും ചെയ്യുവാൻ സാധിക്കാത്തവന് വാർദ്ദക്യത്തിൽ നന്മയും പുണ്യവും ചെയ്യുവാൻ ഒരു പക്ഷേ അവസരം ലഭിക്കുകയും ചെയ്യുന്നു.

---

(١) أخرجه البخاري في صحيحه –مع الفتح-: ١٤/١٢، برقم (٦٧٣٣)، ومسلم: ١٢٥٠/٣ برقم (١٦٢٨).

5- ഇസ്‌ലാമിലെ അനന്തരവകാശ നിയമം ആവശ്യക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നു. കൂടുതൽ ആവശ്യം നേരിടുന്നവർക്ക് അത്ര തന്നെ ആവശ്യമില്ലാത്തവരേക്കാൾ കൂടുതൽ നൽകുന്നു. അത് കൊണ്ട് തന്നെയാണ് മക്കൾക്ക് പിതാക്കളേക്കാൾ കൂടുതൽ നൽകുന്നത്. കാരണം മക്കൾ ജീവിക്കുവാൻ തുടങ്ങുന്നതേയുള്ളൂ, അവർക്ക് ജീവിതത്തിൻെറ വൈവിധ്യമാർന്ന മേഖലകളിൽ ധാരാളം സമ്പത്ത് ആവശ്യമായി വരുന്നു. എന്നാൽ രക്ഷിതാക്കൾ അവർ തന്നെ സ്വയം തങ്ങളുടെ ജീവിതം നിയന്ത്രിച്ച് പോകുന്നവരാണ്. മാത്രമല്ല അവരു ടെ ജീവിതം കുറച്ച് മാത്രമേ അവശേഷിക്കുകയും ചെയ്യുന്നുള്ളൂ. അ വർക്ക് തങ്ങളുടെ വാർദ്ദക്യത്തിൽ ജീവിക്കുവാൻ സഹായകമാകുന്ന ചിലവ് മാത്രമേ വേണ്ടതുള്ളൂ, മാത്രവുമല്ല അവർ മുൻപ് തങ്ങളുടെ യുവത്വ സമയത്ത് സമ്പാദിക്കുകയും, അവരുടെ പിതാക്കളിൽ നിന്ന് അനന്തരമെടുത്തവരുമാകുന്നു.

ഇതേ രൂപത്തിൽ തന്നെയാണ് പുരുഷന്മാർക്ക് സ്ത്രീയുടെ ഓഹരിയുടെ ഇരട്ടി നൽകുന്നത്. മരിച്ച വ്യക്തിയുടെ പുത്രൻ അവൻെറ സഹോദരിയുടെ ഇരട്ടി ഓഹരി എടുക്കുന്നു, അവൻ ഭർത്താവാകുവാൻ പോകുകയാണ്. അവൻ തൻെറ ഭാര്യക്ക് മഹ്റ് നൽകുകയും, തനിക്കും, തൻെറ ഭാര്യക്കും, കുട്ടികൾക്കും അവൻ ചിലവഴിക്കുകയും, അതോടൊപ്പം തന്നെ തൻെറ സംരക്ഷണത്തിൽ കഴിയുന്ന തൻെറ സഹോദരിമാർക്കും അവൻ ചിലവിന് കൊടുക്കുന്നു. സാമ്പത്തികമായ മുഴുവൻ ഉത്തരവാദിത്തങ്ങളും അവൻെറ ചുമതലയിൽ പെട്ടതാകുന്നു.

എന്നാൽ സഹോദരിയുടെ ഓഹരി തൻെറ സഹോദരൻെറ പകുതിയാണെങ്കിൽ പോലും അവൾക്ക് ജീവിതത്തിൻെറ ഒരു മേഖലയിലും സാമ്പത്തികമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടി വരുന്നില്ല. മാത്രമല്ല വിവാഹത്തിന് അവൾക്ക് യാതൊരുവിധത്തിലും ചിലവഴിക്കേണ്ട ആവശ്യമില്ല, വീട്ടിലോ, കുടുംബത്തിലോ, സന്താനങ്ങൾക്കോ, എന്തിനേറെ സ്വന്തത്തിന് പോലും അവൾ സമ്പത്ത് ചിലവഴിക്കേണ്ടതില്ല, തീർന്നില്ല അവൾ ഒരാളുടെ ഭാര്യയായി തീരുകയാണ്, അതുമുഖേന അവൾക്ക് മഹർ ലഭിക്കുന്നതോടൊപ്പം തന്നെ അവളുടെ ചിലവുകൾ ഭർത്താവ് ഏറ്റെടുക്കുകയും ചെയ്യുന്നു.

സ്ത്രീയുടെ അനന്തരവകാശ ഓഹരിയിൽ ഇസ്‌ലാം ചെയ്തത് ഇപ്രകാരമാണ്. ഈ മാർഗമാണ് സ്ത്രീകളെ അനന്തര സ്വത്തിൽ നിന്ന് പരിപൂർണമായും തടയുന്നതും, പുരുഷന്മാരെ അനന്തരവകാശ സ്വത്തിൽ എപ്പോഴും അവരുമായി സമത്വപ്പെടുത്തുകയും ചെയ്യുന്ന നിയമത്തിനിടക്കുള്ള മധ്യമമായ മാർഗവും, ചൊവ്വായ നിയമ നിർമ്മാണവും.

6- ഇസ്‌ലാമിലെ അനന്തരവകാശ നിയമം കുടംബാംങ്ങൾക്കിടയിൽ സ്നേഹവും, ഐക്യവും ഉണ്ടാക്കുകയും, അസൂയയിൽ നിന്നും, വിദ്വോഷത്തിൽ നിന്നും, കലഹങ്ങളിൽ നിന്നും സംരക്ഷണം നൽകുക

യും ചെയ്യുന്നു. കാരണം ഓരോ വ്യക്തിക്കുമറിയാം തൻെറ അവകാശം പരിപൂർണമായി സുരക്ഷിതമായി തനിക്ക് ലഭിക്കുമെന്നും അതിൽ മറ്റൊരാൾ കൈകടത്തുകയില്ലായെന്നും. ഒരാൾക്കും തന്നെ മറ്റൊരാളുടെ അവകാശത്തിൽ അതിക്രമിച്ച് കടക്കുവാനോ, ഒരു കടുക് മണിയുടെയത്രയും അനീതി ചെയ്യുവാനോ സാധ്യമല്ല; അങ്ങിനെ അവർ അസൂയയിൽ നിന്നും, തർക്കത്തിൽ നിന്നും, കലഹങ്ങളിൽ നിന്നും മോചിതരായി പരസ്പര സ്നേഹത്തോടെ, അടുപ്പത്തോടെ കഴിയുന്നു.

7- ഇസ്‌ലാം മരിച്ച വ്യക്തിയുടെ ധനം അവൻ കൂടുതൽ ഇഷ്ടപ്പെടുന്ന വ്യക്തികൾക്കും, കൂടുതൽ അടുത്ത ബന്ധമുള്ളവർക്കും, മൊത്തത്തിൽ അദ്ദേഹത്തെ കൂടുതൽ സഹായിച്ചവർക്കുമാണ് നൽകുന്നത്. അല്ലാഹു പറയുന്നു:

﴿ لِّلرِّجَالِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ وَلِلنِّسَآءِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ مِمَّا قَلَّ مِنْهُ أَوْ كَثُرَ ۚ نَصِيبًا مَّفْرُوضًا ﴿٧﴾ ﴾ (النساء: ٧).

“മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ സ്ത്രീകൾക്ക് ഓഹരിയുണ്ട്. (ആ ധനം) കുറച്ചാകട്ടെ, കൂടുതലാകട്ടെ. അത് നിർണ്ണയിക്കപ്പെട്ട ഓഹരിയാകുന്നു” (നിസാഅ്: 7)

ഇസ്‌ലാം അനന്തരവകാശികളെ തിരഞ്ഞെടുക്കുന്നത് മരിച്ച വ്യക്തിയുടെ കുടുംബത്തിൽ നിന്നും, സന്താനങ്ങളിൽ നിന്നും, അടുത്ത ബന്ധുക്കളിൽ നിന്നുമാകുന്നു. ഇതിൽ മഹത്തായ ഒരുപാട് തത്വങ്ങളടങ്ങിയിട്ടുണ്ട്. അതിൽ പെട്ടതാണ്:

1- ഈ വ്യക്തി തൻെറ സമ്പത്ത് ഉപയോഗിച്ചിരുന്നത് തൻെറ കുടുംബത്തെയും, ബന്ധുക്കളെയും സംരക്ഷിക്കുവാനായിരുന്നു, ഇവരാണ് അയാളുടെ ജീവിത കാലത്ത് ഈ സമ്പത്ത് ഉപയോഗിക്കുകയും, ആവശ്യങ്ങൾ നിറവേറ്റുകയും, അനുഗ്രഹീതരാവുകയും ചെയ്തിരുന്നത്. അത്കൊണ്ട് തന്നെ അദ്ദേഹത്തിൻെറ മരണത്തിന് ശേഷം അവരെ അതിൽ നിന്നും തടയുകയും, മരിച്ച വ്യക്തിയോട് യാതൊരു ബന്ധവുമില്ലാത്തവർക്ക് കൊടുക്കുകയും ചെയ്യുകയെന്നത് നീതിയിൽ പെട്ടതല്ല. മറിച്ച് അദ്ദേഹത്തിൻെറ ധനം അദ്ദേഹത്തിൻെറ അനന്തരവകാശികൾക്കുള്ളതാണ്. നിർബ്ബന്ധമായും അതവർക്കവകാശപ്പെട്ടതാണ്. പ്രവാചകൻ ﷺ പറയുന്നു:

«ومن ترك مالا فلورثته»(١).

"ആരെങ്കിലും സമ്പത്ത് ഉപേക്ഷിക്കുകയാണെങ്കിൽ അത് അവ ൻെറ അനന്തരവകാശികൾക്കുള്ളതാകുന്നു"

2- സ്വന്തം സന്താനങ്ങളോടും, കുടുംബത്തോടുമുള്ള മനുഷ്യൻെറ സ്നേഹം പ്രകൃതിദത്തമാണ്, അവരുടെ സൗഭാഗ്യത്തിന് വേണ്ടി ത ൻെറ ജീവിതം മുഴുവനും പരിശ്രമിക്കുകയും, ക്ഷീണിക്കുകയും ചെ യ്യുന്നു. അതുകൊണ്ട് തന്നെ മരണത്തിന് ശേഷവും അവർ സൗഭാ ഗ്യത്തോടെ, അന്യരുടെ മുന്നിൽ കൈനീട്ടാതെ, നിന്ദ്യതയിലകപ്പെടാ തെ ജീവിക്കുവാൻ ആഗ്രഹിക്കുക എന്നത് സ്വാഭാവികാമണ്. മരണ ത്തിന് ശേഷം സമ്പത്ത് താൻ ജീവിതകാലം മുഴുവൻ ആരുടെ സൗ ഭാഗ്യത്തിനാണോ പരിശ്രമിച്ചിരുന്നത് അവർക്ക് തന്നെ ലഭിക്കുമെന്ന് ഒരാൾ മനസിലാക്കുകയാണെങ്കിൽ അവൻ ഈ ലോകത്ത് നിന്ന് വി ടവാങ്ങുന്നത് വളരെ സന്തോഷത്തോടെ, മാനസിക സംതൃപ്തിയോ ടെ, സമാധാനത്തോടെ, കൺകുളുർമയോടെയായിരിക്കും.

3- താൻ സമ്പാദിച്ചുണ്ടാക്കിയ സമ്പത്ത് തൻെറ ജീവിതം മുഴുവൻ തനിക്ക് ആസ്വദിക്കുവാനും, മരണത്തിന് ശേഷം താൻ ഇഷ്ടപ്പെടുന്ന തൻെറ സന്താനങ്ങൾക്കും, അടുത്ത ബന്ധുക്കൾക്കുമാണ് ആസ്വദി ക്കുവാൻ സാധിക്കുകയെന്ന് മനസിലാക്കിയ ഒരു വ്യക്തി സമ്പത്ത് വർദ്ദിപ്പിക്കുകയും, അത് നഷ്ടപ്പെട്ട് പോകുന്നതിൽ നിന്നും, അമി തവ്യയത്തിൽ നിന്നും അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാ ൽ തൻെറ മരണത്തിന് ശേഷം സമ്പത്ത് മുഴുവനും ഗവൺമെൻറി ലേക്കാണ് പോകുക, താനിഷ്ടപ്പെടുന്ന സന്താനങ്ങൾക്കോ, ബന്ധു ക്കൾക്കോ അതിൽ നിന്ന് യാതൊന്നും ഉപകാരപ്പെടുകയില്ലായെന്ന് മനസിലാക്കുകയാണെങ്കിൽ അവനത് ഒരുമിച്ച്കൂട്ടുകയോ, അതിനെ പരിപോഷിപ്പിക്കുകയോ, സംരക്ഷിക്കുകയോ ചെയ്യുകയില്ല, മാത്രമല്ല പൊതുവെ സാമ്പത്തിക മാന്ദ്യം വ്യാപിക്കുകയും, രാഷ്ട്രം ദരിദ്രമായി തീരുകയും, ദാരിദ്രത്തിൻെറയും നിന്ദ്യതയുടെയും കുഴിയിലേക്ക് ആപ തിക്കുകയും ചെയ്യുന്നതാണ്.

ഇത്കൊണ്ട് തന്നെ ഇസ്‌ലാമിക അനന്തരവകാശ നിയമം എല്ലാ വർക്കും അവരുടെ അവകാശം നൽകുന്നു, സമ്പത്തിൻെറ ഉടമക്ക് താൻ ഉദ്ദേശിക്കുന്ന പോലെ അത് കൈകാര്യം ചെയ്യുവാൻ അനു വാദം നൽകാത്തത്പോലെ തന്നെ തീരെ കൈകാര്യം ചെയ്യുന്നതിൽ നിന്ന് തടയുന്നുമില്ല. ഈ വ്യവസ്ഥ എല്ലാ സമ്പത്തും രാഷ്ട്രത്തിലേ ക്ക് കൂട്ടിച്ചേർക്കുന്ന അക്രമം നിറഞ്ഞ വ്യവസ്ഥക്കെതിരാണ്, അടു

(١) جزء من حديث أبي هريرة ﷺ، أخرجه مسلم: ١٢٣٧/٣، برقم (١٦١٩).

ത്തവരും വിദൂരത്തുള്ളവരും അവരുടെ കണ്ണിൽ സമന്മാരാണ് അതു പോലെ തൻെറ സമ്പത്ത് താൻ ഉദ്ദേശിക്കുന്നത്പോലെ പരിപൂർണ മായി കൈകാര്യം ചെയ്യുവാൻ അവസരം നൽകുകയും, അതിലൂടെ അവൻെറ കാരുണ്യത്തിൻ കീഴിലായി തീരുകയാണ് കുടുംബം, അവ നുദ്ദേശിക്കുന്നവർക്ക് കൊടുക്കുകയും, ഉദ്ദേശിക്കാത്തവർക്ക് നിഷേ ധിക്കുകയും ചെയ്യുന്നു. മാത്രമല്ല സമ്പത്ത് മുഴുവനും പൂച്ചക്കോ നാ യക്കോ വേണ്ടി വസ്വിയ്യത്ത് ചെയ്ത്കൊണ്ട് അനന്തരവകാശികളെ അതിൽ നിന്ന് തടയുകയും ചെയ്യുന്നു. എന്നാൽ ഇസ്‌ലാം മതം മധ്യ മ നിലപാട് പുലർത്തുന്നതും, ചൊവ്വായ മാർഗമവുമാകുന്നു, അത് മു ഴുവൻ ജനങ്ങളുടെയും ആവശ്യങ്ങൾ പരിഗണിക്കുകയും, മുഴുവനാ ളുകൾക്കും അവരുടെ അവകാശങ്ങൾ വകവെച്ച് കൊടുക്കുകയും ചെയ്യുന്നു. എല്ലാം അറിയുന്നവനും, സർവ്വജ്ഞനുമായ അല്ലാഹു എത്രയോ പരിശുദ്ധനാകുന്നു.

## അഞ്ച്: മാതാപിതാക്കളുടെ അവകാശങ്ങൾ:

കുടുംബത്തിന് പരിപൂർണ പരിഗണന ഇസ്‌ലാം നൽകുകയും, സ ർവ്വ മാർഗങ്ങളിലൂടെയും അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു. ഇ സ്‌ലാം വിഭാവനം ചെയ്യുന്ന കുടുംബത്തിൽ മാതാപിതാക്കൾ, സന്താ നങ്ങൾ എന്നിവർക്ക് പ്രത്യേകം പരിഗണന നൽകുന്നു, എന്നാൽ മാ താപിതാക്കളാണ് കുടുംബത്തിൻെറ അടിസ്ഥാനം, അവർ കുടുംബ ത്തിൻെറ ബാധ്യതകൾ ഏറ്റെടുക്കുകയും, സന്താനങ്ങളുടെ സൗഭാഗ്യ ത്തിനും, പരിചരണത്തിനാവശ്യവുമായ മാർഗേണയുള്ള മുഴുവൻ ബു ദ്ധിമുട്ടുകളും അഭിമുഖീകരിക്കുകയും ചെയ്യുന്നത് കൊണ്ട് തന്നെ ഇ സ്‌ലാം അവർക്ക് ഉന്നതമായ സ്ഥാനമാണ് നൽകുന്നത്. സന്താന ങ്ങളോട് ഒരുപാട് അവകാശങ്ങൾ അവർക്ക് നൽകുവാൻ നിർബ്ബന് ധിപ്പിക്കുകയും ചെയ്യുന്നു. പുണ്യം, വിനയം, പരിഗണന, കാരുണ്യം, സമത്വം, നിയന്ത്രണം, സൽസ്വഭാവം, മാതാപിതാക്കളോട് മര്യാദയോ ടെ പെരുമാറുക പോലെയുള്ള കാര്യങ്ങൾ ഇസ്‌ലാം മക്കളോട് മാതാ പിതാക്കൾക്ക് വേണ്ടി ആവശ്യപ്പെടുന്നു. ഇത് വ്യത്യസ്ഥ മാർഗങ്ങ ളിലൂടെ, രൂപത്തിലൂടെ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

മാതാപിതാക്കളോട് നന്മ ചെയ്യുന്നതിനെ അല്ലാഹുവിനെ ആരാധി ക്കണമെന്ന് കൽപിക്കുകയും അവനിൽ യാതൊന്നിനെയും പങ്ക് ചേ ർക്കെരുതെന്ന് പറയുകയും ചെയ്യുന്ന കാര്യത്തോട് ചേർത്ത് കൊ ണ്ടാണ് വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿ وَإِذْ أَخَذْنَا مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ لَا تَعْبُدُونَ إِلَّا ٱللَّهَ وَبِٱلْوَٰلِدَيْنِ إِحْسَانًا ﴾ (البقرة:٨٣)

"അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്; മാതാപിതാക്കൾക്ക് നന്മ ചെയ്യണം എന്ന് നാം ഇസ്രായീല്യരോട് കരാറ് വാങ്ങിയ സന്ദർഭം (ഓർക്കുക)" (അൽബഖറ: 83) അല്ലാഹു പറയുന്നു:

﴿ وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنٗا ﴾ (النساء:٣٦)

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്ക് ചേർക്കാതിരിക്കുകയും, മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക" (നിസാഅ്: 36) വീണ്ടും പറയുന്നു:

﴿ قُلۡ تَعَالَوۡاْ أَتۡلُ مَا حَرَّمَ رَبُّكُمۡ عَلَيۡكُمۡۖ أَلَّا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنٗا ﴾ (الأنعام:١٥١)

"(നബിയെ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്കു ഞാൻ പറഞ്ഞു കേൾപ്പിക്കാം. അവനോട് യാതൊന്നിനെയും പങ്കുചേർക്കരുത്. മതാപിതാക്കൾക്ക് നന്മ ചെയ്യണം" (അൻആം: 151)

﴿ أَنِ ٱشۡكُرۡ لِي وَلِوَٰلِدَيۡكَ ﴾ (لقمان: ١٤).

"എന്നോടും നിൻെറ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ" (ലുഖ്മാൻ: 14)

മുശ്‌രിക്കുകളായ മാതാപിതാക്കളോട് പോലും നന്മയിൽ വർത്തിക്ക ണമെന്ന് ഇസ്‌ലാം മുസ്‌ലീങ്ങളോട് ഉപദേശിക്കുന്നു. എന്നാൽ അല്ലാഹുവിനെ ധിക്കരിക്കുവാനും, അവനിൽ പങ്ക് ചേർക്കുവാനും അവർ കൽപിക്കുകയാണെങ്കിൽ അതിലവരെ അനുസരിക്കുവാൻ പാടില്ല.

﴿ وَوَصَّيۡنَا ٱلۡإِنسَٰنَ بِوَٰلِدَيۡهِ حُسۡنٗاۖ وَإِن جَٰهَدَاكَ لِتُشۡرِكَ بِي مَا لَيۡسَ لَكَ بِهِۦ عِلۡمٞ فَلَا تُطِعۡهُمَآۚ إِلَيَّ مَرۡجِعُكُمۡ فَأُنَبِّئُكُم بِمَا كُنتُمۡ تَعۡمَلُونَ ﴾ (العنكبوت:٨)

"തൻെറ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. നിനക്ക് യാതൊരറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ച് പോകരുത്. എൻെറ അടുത്തേക്കാണ നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരിമറിയിക്കു

ന്നതാണ്" (അൻകബൂത്: 8)

﴿ وَوَصَّيۡنَا ٱلۡإِنسَٰنَ بِوَٰلِدَيۡهِ حَمَلَتۡهُ أُمُّهُۥ وَهۡنًا عَلَىٰ وَهۡنٖ وَفِصَٰلُهُۥ فِي عَامَيۡنِ أَنِ ٱشۡكُرۡ لِي وَلِوَٰلِدَيۡكَ إِلَيَّ ٱلۡمَصِيرُ ١٤ وَإِن جَٰهَدَاكَ عَلَىٰٓ أَن تُشۡرِكَ بِي مَا لَيۡسَ لَكَ بِهِۦ عِلۡمٞ فَلَا تُطِعۡهُمَاۖ وَصَاحِبۡهُمَا فِي ٱلدُّنۡيَا مَعۡرُوفٗاۖ وَٱتَّبِعۡ سَبِيلَ مَنۡ أَنَابَ إِلَيَّۚ ﴾ (لقمان: ١٤-١٥).

"മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു. -ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടു വർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം. നിനിക്ക് യാതൊരറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് അവരോട് നീ നല്ല നിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം"(ലുഖ്മാൻ:14-15)

വാർദ്ദക്യത്തിൽ അവരോട് പ്രത്യേകം നന്മ ചെയ്യുവാൻ കൽപിക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَقَضَىٰ رَبُّكَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنًاۚ إِمَّا يَبۡلُغَنَّ عِندَكَ ٱلۡكِبَرَ أَحَدُهُمَآ أَوۡ كِلَاهُمَا فَلَا تَقُل لَّهُمَآ أُفّٖ وَلَا تَنۡهَرۡهُمَا وَقُل لَّهُمَا قَوۡلٗا كَرِيمٗا ٢٣ وَٱخۡفِضۡ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحۡمَةِ وَقُل رَّبِّ ٱرۡحَمۡهُمَا كَمَا رَبَّيَانِي صَغِيرٗا ﴾ (الإسراء: ٢٣-٢٤).

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവരിൽ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട്

കൂടി എളിമയുടെ ചിറക് അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എൻെറ രക്ഷിതാവെ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" ( ഇസ്രാഅ്: 23-24)

മാതാപിതാക്കളെ ധിക്കരിക്കുന്നത് പ്രവാചകൻﷺ നിരോധിച്ചിരിക്കുന്നു, അല്ലാഹുവിൽ പങ്ക്ചേർക്കുന്നത് കഴിഞ്ഞാലുള്ള വൻപാപങ്ങളിൽ ഏറ്റവും വലിയ വൻപാപമായി അതിനെ എണ്ണുകയും ചെയ്തിരിക്കുന്നു. അബൂബക്കറ ﷺവിൽ നിന്ന് നിവവേദനം: പ്രവാചകൻﷺ പറഞ്ഞു:

عن أبي بكرة ﷺ قال: قال رسول الله ﷺ: «ألا أنبئكم بأكبر الكبائر؟» قلنا: بلى يا رسول الله. قال: «الإشراك بالله، وعقوق الوالدين–وكان متكئا فجلس فقال – ألا وقول الزور، وشهادة الزور، ألا وقول الزور، وشـــهادة الزور»، فما زال يقولها، حتى قلت: لا يسكت (١).

"വൻപാപങ്ങളിൽ ഏറ്റവും വലിയ വൻപാപങ്ങളെ സംബന്ധിച്ച് നിങ്ങൾറിയിച്ച് തരട്ടെയോ? ഞങ്ങൾ പറഞ്ഞു: അതെ റസൂലേ. തിരുമേനി പറഞ്ഞു: (അല്ലാഹുവിൽ പങ്ക് ചേർക്കുക, മാതാപിതാക്കളെ ധിക്കരിക്കുക- തിരുമേനി ചാരിയിരിക്കുന്നതിൽ നിന്നും നേരെയിരുന്നു- എന്നിട്ട് പറഞ്ഞു: അറിയുക; കളവ് പറയുക, കള്ള സാക്ഷ്യം ചെയ്യുക, അറിയുക കളവ് പറയുക, കള്ള സാക്ഷ്യം ചെയ്യുക, അദ്ദേഹം നിശ:ബ്ദനായിരിക്കുന്നില്ലായെന്ന് ഞാൻ പറയുന്നത് വരെ ഇങ്ങനെ ആവർത്തിച്ച് കൊണ്ടേയിരുന്നു"

മുഗീറതുബ്നു ശുഅബﷺവിൽ നിന്ന് പ്രവാചകൻ ﷺപറഞ്ഞു:

وعن المغيرة بن شعبة عن النبي ﷺ قال: «إن الله حـــرم علـــيكم عقـــوق الأمهات، ومنعا وهات، ووأد البنات، وكره لكم: قيل وقال، وكثرة السؤال، وإضاعة المال» (٢).

"തീർച്ചയായും മാതാപിതാക്കളെ ധിക്കരിക്കുന്നതും ഉപകാരം തടയുന്ന

(١) أخرجه البخاري في صحيحه–مع الفتح–: ٤٠٥/١٠، برقم (٥٩٧٦ )؛ ومسلم: ٩١/١ برقم (٨٧ ).

(٢) أخرجه البخاري في صحيحه–مع الفـــتح–: ٤٠٥/١٠ بـــرقم (٥٩٧٥ )، ومســـلم:٣/ ١٣٤١ برقم (٥٩٣ ).

തും, അവകാശമില്ലാത്തത് ചോദിച്ച് വാങ്ങുന്നതും, പെണ്‍കുട്ടികളെ ജീവിനോടെ കുഴിച്ച് മൂടുന്നതും അല്ലാഹു നിങ്ങള്‍ക്ക് വിലക്കിയിരിക്കുന്നു. അങ്ങിനെ പറഞ്ഞു ഇങ്ങനെ പറഞ്ഞുവെന്ന് പറയുന്നതും, ആവശ്യമില്ലാതെയുള്ള ചോദ്യങ്ങളും, സമ്പത്ത് ദുര്‍വിനിയോഗം ചെയ്യുന്നതും നിങ്ങള്‍ക്കവന്‍ വെറുക്കപ്പെട്ടിരിക്കുന്നു"

നന്മയില്‍ സഹവര്‍ത്തിക്കുവാന്‍ കൂടുതല്‍ അര്‍ഹരായവര്‍ മാതാവും, പിന്നീട് പിതാവുമാണെന്ന് പ്രവാചകന്‍ ﷺവിശദീകരിച്ചിരിക്കുന്നു. അബൂഹുറൈറ ﷺവില്‍ നിന്ന് നിവേദനം:

عن أبي هريرةﷺ قال: جاء رجل إلى رسول الله ﷺ فقال: يا رسول الله من أحق الناس بحسن صحابتي؟ قال: «أمك». قال: ثم من؟ قال: «ثم أمك». قال: ثم من ؟ قال: «ثم أمك». قال: ثم من؟ قال: «ثم أبوك» .(١)

"പ്രവാചകന്‍ﷺയുടെയടുത്തേക്ക് ഒരാള്‍ വന്നുകൊണ്ട് പറഞ്ഞു: തിരുദൂതരെ; എന്‍റെ നല്ല സഹവര്‍ത്തിത്വത്തിന് കൂടുതല്‍ അര്‍ഹരാണ്? തിരുമേനി പറഞ്ഞു: 'നിന്‍റെ ഉമ്മ' ഞാന്‍ ചോദിച്ചു: 'പിന്നെ ആരാണ്?' തിരുമേനി പറഞ്ഞു: 'പിന്നെ നിന്‍റെ ഉമ്മ' ഞാന്‍ ചോദിച്ചു: 'പിന്നെ ആരാണ്?' തിരുമേനി പറഞ്ഞു: 'പിന്നെ നിന്‍റെ ഉമ്മ' ഞാന്‍ ചോദിച്ചു: 'പിന്നെ ആരാണ്?' തിരുമേനി പറഞ്ഞു: 'പിന്നെ നിന്‍റെ ഉപ്പ'"

മാതാപിതാക്കള്‍ക്ക് നന്മ ചെയ്യുന്നതിനെ ഇസ്‌ലാം ജിഹാദിനേക്കാള്‍ മുന്തിപ്പിച്ചിരിക്കുന്നു, ജിഹാദ് ഓരോ വ്യക്തിയുടെയും ബാധ്യതയാകാത്ത സന്ദര്‍ഭത്തില്‍. അബ്ദുല്ലാഇബ്നു അംറ്ബ്നു ആസില്‍ നിന്ന് (റ)വില്‍ നിന്ന്: അദ്ദേഹം പറഞ്ഞു:

عن عبد الله بن عمرو بن العاص – رضي الله عنهما– قال: أقبل رجل إلى نبي الله ﷺ فقال: أبايعك على الهجرة والجهاد، أبتغي الأجر من الله. قال: «فهل من والديك أحد حي؟» قال:نعم. بل كلاهما. قال:«فتبتغى الأجر من الله؟» قال:نعم. قال: «فارجع إلى والديك فأحسن

(١) أخرجه البخاري في صحيحه–مع الفتح–: ٤٠١/١٠، برقم (٥٩٧١)؛ ومسلم: ١٩٧٤/٤، برقم (٢٥٤٨ ).

صحبتهما»(١)

“പ്രവാചകൻﷺ യുടെയടുത്തേക്ക് ഒരാൾ വന്ന്കൊണ്ട് പറഞ്ഞു: ഹിജ്റ പോകുവാനും, ജിഹാദ് ചെയ്യുവാനും ഞാൻ താങ്കൾക്ക് ബൈഅത്ത് ചെയ്യുന്നു, അത്കൊണ്ട് ഞാനാഗ്രഹിക്കുന്നത് അല്ലാഹുവിൻെറ പ്രതിഫലമാണ്. തിരുമേനിﷺ ചോദിച്ചു: 'താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, രണ്ട്പേരും ജീവിച്ചിരിപ്പുണ്ട്. തിരുമേനി ചോദിച്ചു: “നീ അല്ലാഹുവിൽ നിന്ന് പ്രതിഫലം ആഗ്രഹിക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, തിരുമേനി പറഞ്ഞു: “നിൻെറ മാതാപിതാക്കളിലേക്ക് നീ മടങ്ങിപോകുക, അവരോടുള്ള സഹവർത്തിത്തം നന്നാക്കുകയും ചെയ്യുക”

മറ്റൊരാളുടെ പിതാവിനെ ചീത്തപറയുന്നത് പ്രവാചകൻﷺ വിലക്കിയിട്ടുണ്ട് കാരണം അയാൾ ഇവൻെറ പിതാവിനെയും ചീത്തപറയുന്നതാണ്. അബ്ദുല്ലാബ്നു അംറിൽ നിന്ന്: പ്രവാചകൻ(സ) പറഞ്ഞു:

عن عبد الله بن عمرو رضي الله عنهما قال: قال رسول الله ﷺ: «إن من أكبر الكبائر أن يلعن الرجل والديه». قيل: يا رسول الله، وكيف يلعن الرجل والديه؟ قال: «يسب الرجل أبا الرجل فيسب أباه ويسب أمه فيسب أمه» (٢).

“തീർച്ചയായും വൻപാപങ്ങളിൽ ഏറ്റവും വലിയ പാപങ്ങളിൽ പെട്ടതാണ് ഒരാൾ തൻെറ മാതാപിതാക്കളെ ശപിക്കുകയെന്നത്” ചോദിക്ക പ്പെട്ടു: അല്ലയോ റസൂലേ; എങ്ങിനെയാണ് ഒരാൾ തൻെറ മാതാപി താക്കളെ ശപിക്കുക? തിരുമേനി പറഞ്ഞു: “ഒരാൾ മറ്റൊരാളുടെ പിതാ വിനെ ചീത്തപറയുന്നു അപ്പോൾ അവൻ ഇവൻെറ പിതാവിനെയും ചീത്ത പറയുന്നു, അവൻെറ ഉമ്മയെ ചീത്തപറയുന്നു ഇവൻ അവ ൻെറ ഉമ്മയേയും ചീത്തപറയുന്നു”

ഇവിടെ നാം പറയുന്നു: മാതാപിതാക്കളോട് നന്മ ചെയ്യണമെന്ന കൽപന ഇസ്‌ലാമിൻെറ നന്മയിൽ പെട്ടതാണ്. താഴെ വിവരിക്കുന്നത് ശ്രദ്ധിക്കുക:

1- സന്താനങ്ങൾക്ക് അല്ലാഹുവിനോടുള്ള ബാധ്യത കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ബാധ്യതയുള്ളത് തങ്ങളുടെ മാതാപിതാക്കളോടാ

---

(١) أخرجه مسلم: ١٩٧٥/٤، برقم (٢٥٤٩).

(٢) أخرجه البخاري في صحيحه-مع الفتح-: ٤٠٣/١٠، برقم (٥٩٧٣)؛ ومسلم: ٩٢/١، برقم (٩٠).

ണ്, അവരോട് നന്മ ചെയ്യുകയെന്നത് സന്താനങ്ങളുടെ പിരടിയിൽ ബന്ധിപ്പിച്ചിട്ടുള്ള ഒരു കടമായാണ്. കാരണം അവർ മുമ്പേ ഒരുപാട് ചെയ്ത് തീർത്തിട്ടുണ്ട്, ഉമ്മയവനെ പത്ത് മാസം തന്റെ വയറ്റിൽ വഹിച്ച്കൊണ്ട് നടന്നു, തന്റെ മുലയിൽ നിന്നവനെ പാലൂട്ടി, തന്റെ നെഞ്ചിലവനെ വഹിച്ച് കൊണ്ട് നടന്നു. പിതാവാണെങ്കിൽ അവനോട് അനുകമ്പകാണിക്കുകയും, ചിലവഴിച്ചത് എടുത്ത് പറയാതെ സമ്പത്ത് മുഴുവനും ചിലവഴിക്കുകയും, അവനെ പരിചരിക്കുകയും, എല്ലാ നന്മയും അവന് വേണ്ടി ഇഷ്ടപ്പെടുകയും ചെയ്തു. ഇവിടെ നാം മനസിലാക്കേണ്ടത് മാതാപിതാക്കളോടുള്ള സന്താനങ്ങളുടെ നന്മ ചെയ്യൽ അവർ സന്താനങ്ങൾക്ക് വേണ്ടി ചെയ്ത നന്മയുടെ കടം തീർക്കലാകുന്നു.

2- മാതാപിതാക്കളോട് നന്മ ചെയ്യുകയെന്നത് അവർ തങ്ങളെ പരിചരിച്ചതിനും, നന്മയിൽ വളർത്തിയതിനും പകരം നന്ദി ചെയ്യലാകുന്നു. അല്ലാഹുവും പിന്നെ മാതാപിതാക്കളുടെ പരിചരണവും ഇല്ലായിരുന്നുവെങ്കിൽ സന്താനങ്ങളുടെ അവസ്ഥയും പ്രശ്നങ്ങളും വേറെ ഒരു രൂപത്തിലാകുമായിരുന്നു. സന്താനങ്ങൾക്ക് അവരുടെ പരിചരണം അത്യാവശ്യമായ സന്ദർഭത്തിൽ അവർ രണ്ട്പേരും സന്താനങ്ങളെ പരിഗണിച്ചു, അവർക്ക് സന്താനങ്ങളുടെ സഹായം ആവശ്യമുണ്ടായിരുന്നില്ല, എന്നിട്ട്പോലും ചെറുതും വലുതും കുറച്ചും കൂടുതലുമെന്ന് വ്യത്യാസമില്ലാതെ യാതൊന്നിലും പിശുക്ക് കാണിച്ചില്ല. അനുഗ്രഹം നൽകിയവനോട് നന്ദി കാണിക്കുന്നതും, നന്മചെയ്യുന്നവന് അവന്റെ നന്മക്ക് പകരം അവന് നന്ദിയർപ്പിക്കുന്നതും സൽസ്വഭാത്തിൽ പെട്ടതാണ്. ഇസ്‌ലാം അവകാശങ്ങളുടെ മേഖലയെ പരിഗണിക്കുകയും, സൽസ്വഭാവത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ഇത്കൊണ്ട് തന്നെ ഇസ്‌ലാമിന്റെ ഉന്നതമായ നന്മയിൽ പെട്ടത്തന്നെയാണ് അവർ ചെയ്ത സേവനങ്ങൾക്കും, ചിലവഴിച്ച സമയങ്ങൾക്കും നന്ദിയെന്ന രൂപത്തിൽ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ കൽപിക്കുന്നുവെന്നത്.

3- മാതാപിതാക്കൾ വാർദ്ദക്യത്തിലായിരിക്കുമ്പോൾ അവരെ പ്രത്യേകം പരിഗണിക്കുകയും, അവർക്ക് നന്മ ചെയ്യുകയും ചെയ്യണമെന്ന് ഇസ്‌ലാം ഒന്നുകൂടി വ്യക്തമാക്കുകയും, ഊന്നിപ്പറയുകയും ചെയ്യുന്നു. കാരണം അവരുടെ അവസ്ഥകൾ മാറിയത് കൊണ്ട്തന്നെ സന്താനങ്ങൾക്ക് ചെറുപ്പകാലത്ത് പരിചരണവും, പരിഗണനയും ആവശ്യമായത്പോലെ തന്നെ കൂടുതൽ പരിചരണവും, പരിഗണനയും ആവശ്യമായി വരുന്ന സമയമാണ് വാർദ്ദക്യം. ഇവിടെയാണ് അവരുടെ അവകാശം ബോധ്യമാവുന്നത്, സന്താനങ്ങൾക്ക് അവരുടെ ബാധ്യതയും, അവരുടെ പിരടിയിലുള്ള കടം വീട്ടലും നിർബ്ബന്ധമായി തീരുകയാണ്. ഇതിൽനിന്ന് ഒഴിഞ്ഞ് മാറുവാൻ അനുഗ്രഹത്തെ നിഷേധിക്കുവാനോ, സ്വയം നിന്ദ്യതയിലേക്ക് ആപതിക്കുന്നവനോ, അനുഗ്രഹത്തെ നിഷേധിക്കുന്നവനോ അല്ലാതെ സാധിക്കുകയില്ല. അല്ലാഹു പറയുന്നു:

﴿ فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ﴾

(الإسراء:٢٣)

"അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുക യോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക" (ഇസ്രാഅ്:23).

5- മാതാപിതാക്കളുടെ ജീവിതകാലത്ത് മാത്രമല്ല മക്കളോട് അവർക്ക് വേണ്ടി നന്മ ചെയ്യുവാൻ കൽപിക്കുന്നത്; മറിച്ച് മരണത്തിന് ശേഷവും അത് നീണ്ട് കിടക്കുന്നു. പ്രവാചകൻﷺയുടെ അടുത്ത് വന്ന് ഒരാൾ പറഞ്ഞു:

فقال: يا رسول الله هل يبقى عليّ من بر والدي شيء أبرهما به بعد موهما؟ قال: «نعم: الدعاء لهما وإنفاذ عهدهما، وصلة الرحم التي لا توصل إلا بهما»(١)

"അല്ലയോ തിരു ദൂതരെ; മാതാപിതാക്കളുടെ മരണത്തിന് ശേഷം ഞാൻ അവർക്ക് ചെയ്യേണ്ട വല്ല പുണ്യവും അവശേഷിക്കുന്നുണ്ടോ? തിരുമേനി പറഞ്ഞു: അതേ: അവർക്ക്വേണ്ടി പ്രാർത്ഥിക്കുക, അവരുടെ കരാറുകൾ പൂർത്തീകരിക്കുക, അവർ രണ്ട് പേരിലൂടെയുമല്ലാതെ സാധ്യമാവാതിരുന്ന കുടുംബ ബന്ധം ചേർക്കുക"

وقال عليه الصلاة والسلام: «إن من أبر البر صلة الرجل أهل ود أبيه بعد أن يولي»(٢)

"ഏറ്റവും വലിയ പുണ്യത്തിൽ പെട്ടതാണ് തന്നെ ഏൽപിച്ച്പോയതിന് ശേഷം തൻെറ മാതാപിതാക്കളുടെ സ്നേഹിതന്മാരുമായി ബന്ധം സ്ഥാപിക്കുകയെന്നത്"

മാതാപിതാക്കൾ ചെറുപ്പത്തിൽ സന്താനങ്ങളെ പഠിപ്പിക്കുകയും, പരിചരിക്കുകയും, വളർത്തുകയും ചെയ്തതിൻെറ സ്വാധീനം സന്താനങ്ങൾ വലുപ്പത്തിലും അനുഭവിക്കുന്നു, അതുകൊണ്ട് തന്നെ മാതാപിതാക്കൾ ചെയ്ത കാര്യങ്ങൾ വളരെ ഉത്തമമാണ്, കാരണം അല്ലാഹു ഒഴിച്ചാൽ സന്താനങ്ങൾ നല്ല രീതിയിൽവളരുവാൻ കാരണം മതാപിതാക്കളാണ്. പ്രവാചകൻ പറയുന്നു:

---

(١) رواه أبو داود في سننه: ٣٥٢/٥، برقم (٥١٤٢)

(٢) رواه مسلم: ١٩٧٩/٤، برقم (٢٥٥٢).

قال عليه الصلاة والسلام: «كل مولود يولد على الفطرة فأبواه يهودانه أو ينصرانه أو يمجسانه»(١)

"എല്ലാ സന്താനങ്ങളും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്, പിന്നീട് അവരുടെ മതാപിതാക്കളാണ് അവരെ ജൂതന്മാരും, ക്രിസ്ത്യാനികളും, മജൂസികളുമാക്കുന്നത്"

മുസ്ലീങ്ങളായ രണ്ടാളുകളാൽ വളർത്തപ്പെടുന്നവർ ഒരിക്കലും അവരുടെ ശുദ്ധ പ്രകൃതിയിൽ നിന്ന് വ്യതിചലിക്കുകയില്ല, അല്ലാഹു കഴിഞ്ഞാൽ അവർ മുസ്ലീങ്ങളാവാനും, ചൊവ്വായ മാർഗത്തിലൂടെ സഞ്ചരിക്കുവാനും കാരണമായി ഭവിച്ചിട്ടുള്ളത് മാതാപിതാക്കളാകുന്നു. അതുകൊണ്ട് തന്നെ സന്താനങ്ങൾക്ക് അവരോട് അവരുടെ മരണത്തിന് ശേഷവും ബാധ്യതകളുണ്ട്. അതിൽപെട്ടതാണ് അവർക്ക് വേണ്ടി പ്രാർത്ഥിക്കുക, അവരുടെ കരാറുകൾ നടപ്പിലാക്കുക, അവരിലൂടെയുള്ള കുടുംബ ബന്ധവും, സുഹൃത്ബന്ധവും ചേർക്കുകയും, അവരുടെ കൂട്ടുകാരെയും, സ്നേഹിതന്മാരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയെന്നത്. ഈ കാര്യങ്ങളൊക്കെ വ്യക്തമാക്കുന്നത് മാതാപിതാക്കൾക്ക് സന്താനങ്ങളിൽ നിന്ന് ലഭിക്കേണ്ട ബാധ്യതകൾ നിയമമാക്കിയപ്പോൾ അവർ തങ്ങളുടെ സന്താനങ്ങൾക്ക് അർപ്പിച്ച സേവനങ്ങളുടെ മഹത്വവും, ഉന്നതിയും പരിഗണിച്ച് കൊണ്ടാണ് നിയമമാക്കിയിട്ടുള്ളത്.

6- സന്താനങ്ങളോട് മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന കൽപനയിലൂടെ സന്താനങ്ങളെ നല്ല രൂപത്തിൽ വളർത്തുവാനും, ഉപകാരപ്രദമായ വിജ്ഞാനം നൽകുവാനും, നേരായ മാർഗം കാണിച്ച് കൊടുക്കുവാനും മാതാപിതാക്കളെ പ്രേരിപ്പിക്കുന്നു; തീർച്ചയായും യാഥാർത്ഥ്യവും, സംഭവ്യതയും സൂചിപ്പിക്കുന്നത് ഏത് മാതാപിതാക്കളാണോ തൻെറ സന്താനങ്ങളെ നല്ല രൂപത്തിൽ വളർത്തിയതും, പരിചരിക്കുകയും ചെയ്തത് അവർക്കാണ് സന്താനങ്ങളുടെ പരിചരണം ലഭിക്കുക. ചെറുപ്പത്തിൽ സന്താനങ്ങളെ നല്ല രൂപത്തിൽ വളർത്തുകയും, അനുകമ്പയും കാണിച്ചുവോ അതേരൂപത്തിൽ വാർദ്ദക്യത്തിൽ സന്താനങ്ങൾ ആ മാതാപിതാക്കളോട് നന്മ ചെയ്യുകയും, അവരോട് അനുകമ്പ കാണിക്കുകയും ചെയ്യുന്നു. ഏത് മാതാപിതാക്കളാണ് സന്താനങ്ങളുടെ പുണ്യവും നന്മയും ആഗ്രഹിക്കുന്നത് അവർ ചെറുപ്പത്തിൽ തങ്ങളുടെ മക്കളെ നല്ല രൂപത്തിൽ വളർത്തുകയും, പരിചരിക്കുകയും, സംസ്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

(١) رواه البخاري في صحيحه –مع الفتح-: ٢١٩/٣، برقم (١٣٥٨) ومسلم: ٢٠٤٧/٤، برقم (٢٦٥٨).

മാതാപിതാക്കൾക്ക് മക്കളിൽ നിന്ന് ലഭിക്കേണ്ട അവകാശങ്ങളാണ് വളരെ ചുരുങ്ങിയ രൂപത്തിൽ നാം വിവരിച്ചത്, ഇത്കൊണ്ടൊക്കെ അല്ലാഹുവിൽ നിന്ന് വലിയ പ്രതിഫലം ലഭിക്കുമെന്നാണ് ശരീഅത്ത് വാഗ്ദാനം നൽകുന്നത്. പ്രവാചകൻ പറഞ്ഞു:

قال عليه الصلاة والسلام: «سخط الله في سخط الوالد ورضـــا الله في رضا الوالد» (١)

“മാതാപിതാക്കളുടെ കോപത്തിലാണ് അല്ലാഹുവിൻെറ കോപം, മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിൻെറ തൃപ്തി” വീണ്ടും പ്രവാചകൻ പറയുന്നു:

وقال: «رغم أنف امرئ أدرك أبويه أو أحدهما عند الكبر و لم يدخلاه الجنة» (٢)

“വാർദ്ധക്യം പ്രാപിച്ച മാതാപിതാക്കളിൽ ഒരാളോ, അതല്ലെങ്കിൽ രണ്ടാളോ പരിചരിക്കുവാൻ ലഭിച്ചിട്ട്, അവനെ അത് സ്വർഗത്തിൽ പ്രവേശിപ്പിച്ചില്ലായെങ്കിൽ അവൻ തീരാ നഷ്ടത്തിലാണ്”

ഇവയെല്ലാം സ്തുത്യർഹവും, ഉൽകൃഷ്ടവുമായ സ്വഭാവം കരസ്ഥമാക്കുവാനും, അതിലൂടെ മഹത്തായ പ്രതിഫലം കരസ്ഥമാക്കുവാനും സന്താനങ്ങളെ പ്രേരിപ്പിക്കുന്നു.

## ആറ്:സന്താനങ്ങളുടെ അവകാശങ്ങൾ:

മാതാപിതാക്കൾക്ക് ചെയ്ത് കൊടുക്കേണ്ട ധാരാളം ബാധ്യതകൾ അല്ലാഹു സന്താനങ്ങളോട് കൽപിക്കുന്നത് പോലെ തന്നെ മാതാപിതാക്കളോട് ധാരാളം ബാധ്യതകൾ സന്താനങ്ങൾക്ക് ചെയ്തു കൊടുക്കുവാനും കൽപിക്കുന്നുണ്ട്. അതിൽ ചിലത് സന്താനങ്ങൾ ജനിക്കുന്നതിനു മുമ്പും, മറ്റു ചിലത് അവർ ജനിച്ചതിന് ശേഷവുമാണ്. അതിൽപെട്ട ചില ബാധ്യതകളും, അതിലുള്ള ഇസ്‌ലാമിൻെറ നന്മയും താഴെ കൊടുക്കുന്നു:

### ഒന്ന്: ജനനത്തിന് മുമ്പ് സന്താനങ്ങൾക്ക് ലഭിക്കേണ്ട

(١) رواه الترمذي في سننه: ٤/٢٧٤، برقم (١٨٩٩)، وانظر: صحيح الجامع، للألباني رقـــم (٣٥٠٧)

(٢) رواه مسلم في صحيحه: ٤/١٩٧٨، برقم (٢٥٥١).

**അവകാശങ്ങൾ:**

**1- വിവാഹം കഴിക്കുമ്പോൾ ദീനും, സൽസ്വഭാവവും, നന്മയും ഉള്ളവരെ ഇണയായി തിരെഞ്ഞെടുക്കുക. പ്രവാചകൻ ﷺപറയുന്നു:**

قال النبي: ﷺ «فاظفر بذات الدين تربت يداك».(١)

**"നിൻെറ കൈകൾ മണ്ണ്പുരളേണ്ടി വന്നാലും മതത്തിന് മുൻഗണന നൽകുക" വീണ്ടും പറയുന്നു:**

وقال أيضا: «إذا جاءكم من ترضون دينه وخلقه فأنكحوه إلا تفعلوا تكن فتنة في الأرض وفساد»(٢).

**"മതവും, സൽസ്വഭാവവുമുള്ളവർ വരുകയാണെങ്കിൽ അവർക്ക് നിങ്ങൾ വിവാഹം കഴിച്ച് കൊടുക്കുക, അങ്ങിനെ നിങ്ങൾ ചെയ്യുന്നില്ലായെങ്കിൽ ഭൂമിയിൽ കുഴപ്പവും, ഫസാദും ഉണ്ടാകുന്നതാണ്"**

**വിവാഹം കൊണ്ടുള്ള ഉദ്ദേശം തങ്കളുടെ ആഗ്രഹം പൂർത്തീകരിക്കുകയും, സംസർഗം ചെയ്യുകയും മാത്രമല്ല, മറിച്ച് നല്ല രൂപത്തിൽ സഹവർത്തിക്കുക, നന്മയിലും പുണ്യത്തിലും സഹകരിക്കുക എന്നിവയും വിവാഹത്തിൻെറ ലക്ഷ്യത്തിൽ പെട്ടതാണ്. ഭർത്താവ് ഭാര്യയോട് നന്മ ചെയ്യുവാനും അല്ലാഹുവിനെ അനുസരിക്കുവാനും കൽപിക്കുന്നു, ഭാര്യ ഭർത്താവിനെ ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുന്നു. ദമ്പതികൾ സന്താനങ്ങളെ പരിചരിക്കുവാനും വളർത്തുവാനും യോഗ്യരായിരിക്കേണ്ടതുണ്ട്, ദമ്പതികൾ നല്ലവരാണെങ്കിൽ അത് സന്താനങ്ങളുടെ വളർച്ചയിലും, സൽസ്വഭാവത്തിലും വളരെ വലിയ സ്വാധീനം ചെലുത്തുന്നതാണ്. ഈ നന്മകളെല്ലാം കരഗതമാകുന്നത് വിവാഹം കഴിക്കുമ്പോൾ നല്ല സ്ത്രീകളെയും, നല്ല പുരുഷന്മാരെയും തൻെറ ഇണയായി തിരഞ്ഞെടുക്കുമ്പോഴാണ്.**

**2- ഭാര്യയുമായി സംസർഗത്തിലേർപ്പെടുമ്പോൾ ഭർത്താവ് ഇങ്ങനെ പറയൽ സുന്നത്താണ് ഇബ്നു അബ്ബാസ്ﷺ,വിൽ നിന്ന് നിവേദനം: പ്രവാചകൻﷺ പറഞ്ഞു:**

---

(١) جزء من حديث أبي هريرة ﷺ، أخرجه البخاري في صحيحه –مع الفتح-: ١٣٢/٩، برقم (٥٠٩٠ )؛ ومسلم في صحيحه: ١٠٨٦/٢، برقم (١٤٦٦).

(٢) جزء من حديث أبي حاتم المزني، أخرجه الترمذي في سننه ٣٩٥/٣، (١٠٨٥)، والحديث حسنه الترمذي وله طرق وشواهد.

عن النبي ﷺ قال: «لو أن أحدكم إذا أراد أن يأتي أهله فقال: باسم الله، اللهم جنبنا الشيطان وجنب الشيطان ما رزقتنا، فإنه إن يقدر بينهما ولد في ذلك، لم يضره شيطان أبداً» *أخرجه البخاري في صحيحه ومسلم.*

"ആരെങ്കിലും തൻെറ ഭാര്യയുമായി സംസർഗം ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇങ്ങനെ പറയട്ടെ; അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവെ, ഞങ്ങളിൽ നിന്ന് പിശാചിനെ നീ അകറ്റേണമേ, ഞങ്ങൾക്ക് നൽകുന്നതിൽ നിന്നും പിശാചിനെ നീ അകറ്റേണമേ, ഇതിൽ അവർക്ക് അല്ലാഹു സന്താനങ്ങളെ നൽകുവാൻ വിധിച്ചിട്ടുണ്ടെങ്കിൽ, അവനെ ഒരിക്കലും പിശാചിൻെറ ഉപദ്രവം ഏൽക്കുകയില്ല." ഒരാൾ തൻെറ ഭാര്യയുമായി സംയോഗം ചെയ്യുമ്പോൾ അതിലുണ്ടാകുന്ന സന്താനത്തിൽ പിശാചിന് ഒരു ഓഹരിയുണ്ടാകുവാൻ വേണ്ടി പിശാച് പരിശ്രമിക്കുന്നതാണ്. കാരണം അവൻ അല്ലാഹുവോട് സത്യം ചെയ്ത് പറഞ്ഞിട്ടുണ്ട്:

﴿ وَقَالَ لَأَتَّخِذَنَّ مِنْ عِبَادِكَ نَصِيبًا مَّفْرُوضًا ﴿١١٨﴾ ﴾ (النساء:١١٨)

"അവൻ (അല്ലാഹുവോട്) പറയുകയുണ്ടായി: 'നിൻെറ ദാസന്മാരിൽ നിന്ന് ഒരു നിശ്ചിതവിഹിതം (എൻെറതായി) ഞാനുണ്ടാക്കി തീർക്കുന്നതാണ്'" (നിസാഅ്: 118). അല്ലാഹുവിൽ ശരണം തേടുന്നത് കൊണ്ട് തന്നെ അവൻ നിന്ദ്യനായി, നീചനായി ആട്ടിയോടിക്കപ്പെടുന്നു, അങ്ങിനെ അല്ലാഹുവിൻെറ അനുമതിയോടെ ആ സന്താനത്തിന് സൃഷ്ടിപ്പിൻെറ ആദ്യത്തിൽ തന്നെ പിശാചിൻെറ ആദിപത്യത്തിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതാണ്.

## രണ്ട്: ജനിച്ചതിന് ശേഷമുള്ള അവരുടെ അവകാശങ്ങൾ:

1- പ്രസവിച്ച ഉടനെ കുട്ടിയുടെ ചെവിയിൽ ബാങ്ക് കൊടുക്കുക. അബൂറാഫിഹിൽ ﷺനിന്ന് നിവേദനം:

عن أبي رافع رضي الله عنه قال: «رأيت رسول الله ﷺ أذن في أذن الحسن بن علي حين ولدته فاطمة بالصلاة»(١)

---

(١) أخرجه أبو داود في سننه: ٣٣٣/٥، برقم (٥١٠٥)؛ والترمذي في سننه ٨٢/٤، برقم (١٥١٤) وقال الترمذي: هذا حديث صحيح والعمل عليه.

“ഫിത്വിമﷺഹസന്‌ബ്നുഅലിയെﷺ പ്രസവിച്ചപ്പോൾ നമസ്കാരത്തിന് ബാങ്ക് കൊടുക്കുന്നത് പോലെ പ്രവാചകൻ ഹസനിൻെറ ചെവിയിൽ ബാങ്ക് കൊടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്”

അല്ലാഹുവിൻെറ ഉന്നതിയുടെയും, കിബ്‌രിയാഇൻെറയും പദങ്ങൾ ഉൾകൊള്ളുന്ന ബാങ്ക് തന്നെ ഒരു കുട്ടിയുടെ ചെവിയിൽ ആദ്യമായി മുഴക്കുവാൻ ഇതിലൂടെ സാധിക്കുന്നു, അതുപോലെ ഇസ്‌ലാമിൽ പ്രവേശിക്കുമ്പോൾ ചൊല്ലുന്ന സാക്ഷ്യ വചനം കേൾപ്പിക്കുവാൻ സാധ്യമാകുന്നതോടൊപ്പം തന്നെ, പിശാചിനെ ബാങ്കിലൂടെ ആട്ടിയോടിക്കുവാനും, പിശാചിൻെറ ക്ഷണം ഉണ്ടാകുന്നതിന് മുമ്പ് തന്നെ ഇസ്‌ലാം മതത്തിലേക്ക് കുട്ടിയെ ക്ഷണിക്കുവാനും, അല്ലാഹുവിനെ ആരാധിക്കു വാൻ കൽപിക്കുവാനും ഇതിലൂടെ സാധ്യമാവുന്നു. ഇത്പോലെ ധാ രാളം തത്വങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്.

2- കുട്ടിക്ക് വേണ്ടി ഹഖീഖത്ത് അറുക്കുക, മുടി കളയുക, പേര് വിളിക്കുക: സുലൈമാന്‌ബ്നു ആമിർ അളുബ്ബിﷺയിൽ നിന്ന് നിവേദനം:

عن سليمان بن عامر الضبي قال: قال رسول الله ﷺ: «مـــع الغـــلام عقيقة، فأهريقوا عنه دما، وأميطوا عنه الأذى»(١).

പ്രവാചകൻﷺ പറഞ്ഞു: “കുട്ടിക്കൊപ്പം ഹഖീഖയുണ്ട്, അവന് വേണ്ടി നിങ്ങൾ രക്തം ഒഴുക്കുക, മ്ളേഛതകൾ അവനിൽ നിന്ന് നീക്കം ചെയ്യുക” സമുറ ﷺവിൽ നിന്ന്:

وعن سمرة ﷺ قال: «كل غلام رهين بعقيقته، تذبح عنه يوم ســـابعه ويحلق رأسه ويسمى»(٢).

“എല്ലാ കുട്ടികളും അവൻെറ ഹഖീഖ കൊണ്ട് പണയത്തിലാണ്. ഏഴാമത്തെ ദിവസം അവന് വേണ്ടി അറുക്കുക, തല മുണ്ഡനം ചെയ്യുക, പേര് വിളിക്കുകയും ചെയ്യുക” ആയിശാﷺയിൽ നിന്ന് നിവേദനം:

وعن عائشة – رضي الله عنها – قالت: قال رسول الله ﷺ: «عـــن

(١) أخرجه البخاري في صحيحه –مع الفتح-: ٥٩٠/٩، برقم (٥٤٧٢ ).

(٢) أخرجه أبو داود في سننه: ٢٦٠/٣، برقم (٢٨٣٨)؛ والترمذي في سننه: ٨٥/٤، بـــرقم (١٥٢٢) والنسائي في سننه: ١٨٦/٧-١٨٧، برقم (٤٢٣١)، وابـــن ماجـــه٢/١٠٥٦-١٠٥٧، برقم (٣١٦٥ )، قال الترمذي: هذا حديث حسن صحيح والعمل على هذا.

الغلام شاتان مكافئتان، وعن الجارية شاة»(١).

“പ്രവാചകൻ പറഞ്ഞു: “ആൺകുട്ടിക്ക് രണ്ട് ആട് യോജിക്കുന്നതാണ്, പെൺകുട്ടിക്ക് ഒരു ആടും”

ഹഖീഖ:യറുക്കുകയെന്നത് ദമ്പതിമാർക്ക് അല്ലാഹു നൽകിയ സന്താനമെന്ന അനുഗ്രഹത്തിന് നന്ദി ചെയ്യുവാൻ വേണ്ടിയാണ്. മാതാപിതാക്കൾക്ക് ആൺകുട്ടി ജനിക്കുന്നതായിരിക്കും കൂടുതൽ ആഹ്ലാദവും, സന്തോഷവും എന്ന കാര്യം അറിയപ്പെട്ടതാണ്, കാരണം ആൺകുട്ടിയിലാണ് അനുഗ്രഹം കൂടുതലുള്ളത്, അത്കൊണ്ട് തന്നെ അല്ലാഹു രണ്ട് ആട് ഹഖീഖയറുക്കുവാൻ നിയമമാക്കി, എന്നാൽ സ്ത്രീക്ക് ഒരാട് അറുത്താൽ മതി. ആണും പെണ്ണും അല്ലാഹുവിൻെറ അനുഗ്രഹമാണ്, ആ അനുഗ്രഹത്തിന് നന്ദിയെന്നുള്ള നിലക്ക് ഉളുഹിയ്യത്ത് അറുത്ത് വിതരണം ചെയ്യുന്നത് പോലെ ഹഖീഖത്ത് അറുത്ത് അതിൻെറ മാംസം ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതുണ്ട്. അതിലൂടെ സന്തോഷം അനേകമാളുകൾക്ക് പങ്കിടുവാനും, കുട്ടിക്കും, മാതാപിതാക്കൾക്കും നന്മക്കും, സൗഭാഗ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനയുടെ വൃത്തം വിശാലമാക്കുവാനും സാധിക്കുന്നതാണ്. ഭൂമിയിലേക്ക് പിറന്ന കുഞ്ഞിനെ ഇങ്ങനെയുള്ള ആരാധനകൾ ചെയ്ത്കൊണ്ട് അനുഗ്രഹീതമായി വരവേൽക്കുന്നത് ആ കുട്ടിക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇത് മുഴുവനും തന്നെ മുസ്‌ലിമിന് അല്ലാഹുവിൻെറ കാരുണ്യവും, അനുകമ്പയും ലഭിക്കുവാനും കുട്ടിക്ക് അല്ലാഹുവിൻെറ സന്മാർഗവും, പരിഗണനയും വർഷിക്കുവാൻ വേണ്ടിയാകുന്നു.

## 3- നല്ല നാമങ്ങൾ കൊണ്ട് അവരെ പേര് വിളിക്കുക:

നല്ല പേര് വിളിക്കുവാൻ പ്രവാചകൻﷺപ്രേരിപ്പിക്കുന്നു, ഇബ്നു ഉമർ رضي الله عنهവിൽ നിന്ന് നിവേദനം: പ്രവാചകൻ ﷺപറഞ്ഞു:

عمر – رضي الله عنهما – قال: قال رسول الله ﷺ: «إن أحب أسمائكم إلى الله عبد الله وعبد الرحمن»(٢)

“നിങ്ങളുടെ പേരുകളിൽ അല്ലാഹുവിന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ളത് അബ്ദുല്ലാഹ്, അബ്ദുർറഹ്മാൻ എന്നിവയാകുന്നു”

സന്താനങ്ങൾക്ക് നല്ല പേരുകൾ നൽകുകയെന്നത് അവരുടെ അവകാശത്തിൽ പെട്ടതാണ്. കാരണം മനുഷ്യൻെറ നാമം

(١) أخرجه الإمام أحمد في المسند [ طبعة المكتب الإسلامي ] ( ١٥٨/٦ و٢٥١ )؛ والترمذي في سننه: ٨١/٤، برقم (١٥١٣ ) وغيرهما وقال الترمذي: حديث حسن صحيح.

(٢) أخرجه مسلم: ١٦٨٢/٣، برقم (٢١٣٢).

കൊണ്ടാണ് അ വനെ വിളിക്കുന്നതും, അവൻ അറിയപ്പെടുന്നതും, അത് അവന്റെ ഒ രു അടയാളവുമാകുന്നു. നല്ല നാമം കൊണ്ട് വിളിക്കുന്നതും, നല്ല രൂപ ത്തിൽ വിളിക്കപ്പെടുകയും ചെയ്യുന്നത് നല്ല വ്യക്തിത്വത്തിന്റെ അടയാ ളം ലഭിക്കുന്നത് പോലെ മനസിന് സമാധാനവും, സംതൃപ്തിയും ലഭി ക്കുന്നു. എന്നാൽ ചീത്ത നാമമാണെങ്കിൽ അവൻ ചീത്തയല്ലാതെ കേൾ ക്കുകയോ, ചീത്തയായ കാര്യം കൊണ്ടല്ലാതെ വിളിക്കപ്പെടുകയോ ചെ യ്യില്ല. ഇത് അവന്റെ പ്രകൃതിക്ക് കുഴപ്പവും, മനസിന് കുടുസതയു ണ്ടാക്കുന്നതുമാണ്, അതവന്റെ വ്യക്തിത്വത്തിന് മങ്ങലേൽപിക്കുകയും, മനസിന് കുടുസതയും, ഹൃദയം കലങ്ങി മറിയുകയും ചെയ്യുന്നു. നല്ല പേര് വിളിക്കണമെന്ന് ഇസ്‌ലാം നിർണ്ണയിച്ചിട്ടുള്ളത് നല്ല മതത്തിന്റെ നിയമങ്ങളോടും, അതിന്റെ ഭംഗിയോടും, പരിപൂർണതയോടും ഇണ ങ്ങി ചേരുവാനാകുന്നു. പ്രവാചകൻ പറഞ്ഞത് പോലെ "അല്ലാഹു അസ ഭ്യവും, അസഭ്യം പറയുന്നതും ഇഷ്ടപ്പെടുന്നില്ല"

## 4- ചേലാ കർമ്മം ചെയ്യൽ:

ചേലാ കർമ്മം ചെയ്യൽ പ്രകൃതിയിൽ പെട്ടതും, പ്രവാചകൻ ﷺയുടെ ചര്യയുമാകുന്നു. അബൂഹുറൈറ رضي الله عنهവിൽ നിന്ന് നിവേദനം:

عن أبي هريرة رضي الله عنه قال: قال رسول الله ﷺ: «الفطرة خمس: الختـــان، والاستحداد، وقص الشارب، وتقليم الأظفار، ونتف الإبط» (١).

പ്രവാചകൻ ﷺ പറഞ്ഞു: "അഞ്ച് കാര്യങ്ങൾ പ്രകൃതിയിൽ പെട്ടതാ ണ്: ചേലാകർമ്മം ചെയ്യൽ, ഗുഹ്യരോമങ്ങൾ നീക്കം ചെയ്യൽ, മീശ വെട്ടൽ, നഖം മുറിക്കൽ, കക്ഷ രോമം നീക്കൽ"

ചേലാ കർമ്മം ചെയ്യലിൽ ശരീരത്തിന് ശുദ്ധിയും, വൃത്തിയും, ഭംഗി യും നൽകുന്നു, ചേലാകർമ്മം ചെയ്യാത്തവർ ആരോഗ്യകരമായ ഒരു പാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്, ചേലാകർമ്മം പ്രകൃതിപര മാണെന്നതിന് വ്യക്തമായ തെളിവാണിത്. ഇത്കൊണ്ട് തന്നെയാണ് ഇസ്‌ലാം ഇത് സുന്നത്താക്കിയിട്ടുള്ളത്.

## 5- അവരോട് ദയയും, കാരുണ്യവും കാണിക്കുക:

പ്രവാചകൻ ﷺ സന്താനങ്ങളോട് ദയ കാണിച്ചിരുന്ന ഖുറൈശികളി ലെ നല്ല സ്ത്രീകളെ പുകഴ്ത്തിയിട്ടുണ്ട്. അബൂഹുറൈറ رضي الله عنهവിൽ നിന്ന് നിവേദനം:

---

(١) أخرجه البخاري في صحيحه –مع الفتح-: ٣٤٩/١٠، برقم (٥٨٩١)؛ ومســـلم: ٢٢١/١، برقم (٢٥٧).

فعن أبي هريرة ﷺ عن النبي ﷺ قال:«خير نساء ركبن الإبل صالح نساء قريش، أحناه على ولد في صغره، وأرعاه على زوج في ذات يده»(١).

"ഒട്ടകപ്പുറത്ത് കയറിയ സ്ത്രീകളിൽ ഏറ്റവും നല്ലവർ ഖുറൈശി കളിലെ നല്ല സ്ത്രീകളാകുന്നു, അവർ ചെറുപ്പത്തിൽ കുട്ടികളോട് വളരെ ദയ കാണിക്കുന്നവരാണ്, അവർ അവരുടെ ഭർത്താക്കന്മാരെ അനുസരിക്കുന്നവരുമാകുന്നു"

സന്താനങ്ങളോട് ദയയും, അനുകമ്പയും കാണിക്കൽ അനിവാര്യ മാണെന്ന് മാത്രമല്ല, കാരുണ്യവും, ദയയും കാണിക്കാതെ ജീവിതം മുന്നോട്ട് കൊണ്ട്പോകുവാൻ കഴിയില്ല.

### 6- അവർക്ക് വേണ്ടി ചിലവഴിക്കുക:

മക്കൾ സ്വയം പര്യാപതരാകുന്നത് വരെ അവർക്ക് വേണ്ട കാര്യങ്ങ ൾ പിതാവിൽ നിന്ന് ലഭിക്കേണ്ടത് അവരുടെ അവകാശമാണ്. ഇതി ൽ സന്താനങ്ങൾക്കാവശ്യമുള്ള ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിൽ സ എന്നിവ ഉൾപ്പെടുന്നു, അതുപോലെതന്നെ അവരുടെ പഠനത്തി നും, പരിചരണത്തിനും വേണ്ട ചിലവ് വഹിക്കേണ്ടത് പിതാവാണ്. ഇ തിൽ സ്ത്രീ പുരുഷ ഭേതമില്ല. ഥൗബാൻ ﷺവിൽ നിന്ന് നിവേദനം:

عن ثوبان ﷺ قال: قال رسول الله ﷺ: «أفضل دينار ينفقه الرجل: دينار ينفقه على عياله، ودينار ينفقه الرجل على دابته في سبيل الله، ودينار ينفقه على أصحابه في سبيل الله»(٢)

പ്രവാചകൻﷺവിൽ നിന്ന് നിവേദനം: "ഒരാൾ ചെലവഴിക്കുന്ന ഏറ്റ വും നല്ല ദീനാർ തൻെറ കുടുംബത്തിന് വേണ്ടി ചിലവഴിക്കുന്നതാ കുന്നു, അതുപോലെ അല്ലാഹുവിൻെറ മാർഗത്തിൽ തൻെറ മൃഗത്തിന് വേണ്ടി ചിലവഴിക്കുന്ന ദീനാറാകുന്നു, അല്ലാഹുവിൻെറ മാർഗത്തിലുള്ള തൻെറ കൂട്ടുകാർക്ക് വേണ്ടി ചിലവഴിക്കുന്ന ദീനാറാകുന്നു"

അബൂഹുറൈറ ﷺവിൽ നിന്ന് നിവേദനം:

---

(١) أخرجه البخاري في صحيحه —مع الفتح-: ١٢٥/٩، برقم (٥٠٨٢)؛ ومسلم:٤/ ١٩٥٨-١٩٥٩، برقم (٢٥٢٧ ).

(٢) أخرجه مسلم:٢/٦٩١-٦٩٢، برقم (٩٩٤ ).

وعن أبي هريرة ﷺ قال رسول الله ﷺ: «دينار أنفقته في سبيل الله، ودينار أنفقته في رقبة، ودينار تصدقت به على مسكين، ودينار أنفقته على أهلك، أعظمها أجرا الذي أنفقته على أهلك»(١).

പ്രവാചകൻ പറഞ്ഞു: "അല്ലാഹുവിൻെറ മാർഗത്തിൽ നീ ചിലവഴിച്ച ദീനാർ, അടിമക്ക് വേണ്ടി ചിലവഴിച്ച ദീനാർ, സാധുക്കൾക്ക് വേണ്ടി സ്വദഖ നൽകിയ ദീനാർ, നിൻെറ കുടുംബങ്ങൾക്ക് വേണ്ടി ചിലവഴിച്ച ദീനാർ, എന്നാൽ ഏറ്റവും കൂടുതൽ പ്രതിഫലമുള്ളത് നിൻെറ കുടുംബത്തിന് വേണ്ടി ചിലവഴിച്ച ദീനാറിനാകുന്നു"

കുട്ടികൾ ആണാവട്ടെ, പെണ്ണാവട്ടെ അവരുടെ ഉപജീവനത്തിന് ആവശ്യമായ സാമ്പത്തിക ബാധ്യത കണ്ടെത്തുവാൻ അവർക്ക് സാധ്യമല്ല, അത്കൊണ്ട് തന്നെയാണ് അല്ലാഹു ഈ ബാധ്യത പിതാക്കളിൽ നിന്ന് സന്താനങ്ങൾക്ക് ലഭിക്കേണ്ട നിർബ്ബന്ധവും അനിവാര്യമായ അവകാശവുമാക്കുവാൻ കാരണം. അവർക്ക് വേണ്ടി ചിലവഴിച്ചാലല്ലാതെ അവരുടെ അവസ്ഥകൾ നേരാവുകയോ, അവരുടെ ജീവിതം ശരിയാവുകയോ ഇല്ല. അല്ലാഹു മാതാപിതാക്കളിൽ തങ്ങളുടെ സന്താനങ്ങളോടുള്ള സ്നേഹവും, ദയയും ഉണ്ടാക്കുകയും, അവർക്ക് വേണ്ടി എന്തും ചിലവഴിക്കുവാനുള്ള സന്മനസും നൽകുകയുണ്ടായി, അതിന് ഒരു നിർബ്ബന്ധിതയുടെ സ്വരം ആവശ്യമില്ല. എന്നിട്ട് കൂടി അല്ലാഹു അത് അവർക്ക് നിർബ്ബന്ധമാക്കുകയും, അതിന് ബലം നൽകുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവാചകൻﷺപറയുന്നു:

قال عليه الصلاة والسلام: «إنك لن تنفق نفقة تبتغي بها وجه الله إلا كان لك فيها أجر حتى ما تجعل في فِيِّ امرأتك»(٢)

"അല്ലാഹുവിൻെറ പ്രതിഫലം ആഗ്രഹിച്ച് കൊണ്ട് നീ ചിലവഴിക്കുന്ന മുഴുവൻ ചിലവഴിക്കലിനും നിനക്ക് പ്രതിഫലമുണ്ട്. നീ നിൻെറ ഭാര്യയുടെ വായയിൽ വെച്ച് കൊടുക്കുന്ന ഭക്ഷണത്തിന് പോലും"

ഇത് സന്താനങ്ങൾക്ക് വേണ്ടി ചിലവഴിക്കുവാനും, അതിൽ പിശുക്ക് കാണിക്കാതിരിക്കുവാനും വേണ്ടി മാതാപിതാക്കൾക്കുള്ള പ്രോൽസാഹനമാകുന്നു.

**7- സന്താനങ്ങളെ മുഴുവനും ഒരേ രൂപത്തിൽ പരിഗണിക്കൽ നിർ**

(١) أخرجه مسلم:٦٩٢/٢، برقم (٩٩٥ ).

(٢) رواه البخاري في صحيحه –مع الفتح-: ٣٦٣/٥، برقم (٢٧٤٢)، ومسلم: ١٢٥٠/٣، برقم (١٦٢٨).

ബ്ബന്ധമാണ്, ആൺകുട്ടികൾക്കിടയിലോ, ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കുമിടയിലോ വിവേചനം കാണിക്കാതിരിക്കുക. നുഅ്മാനു ബ്നു ബഷീറിൽﷺനിന്ന് നിവേദനം:

عن النعمان بن بشير-رضي الله عنهما-قال: تصدق علي أبي ببعض ماله، فقالت أمي عمرة بنت رواحة: لا أرضى حتى تشهد رسول الله ﷺ فانطلق أبي إلى النبي ﷺ ليشهده على صدقتي. قال له رسول الله ﷺ: «أفعلت هذا بولدك كلهم »؟ قال: لا. قال: «اتقوا الله واعدلوا في أولادكم». فرجع أبي، فرد تلك الصدقة (١).

അദ്ദേഹം പറഞ്ഞു: "എൻെറ പിതാവ് എനിക്ക് അദ്ദേഹത്തിൻെറ ധന ത്തിൽ നിന്ന് കുറച്ച് സ്വദഖയായി തന്നു, അപ്പോൾ എൻെറ ഉമ്മ അദ്ദേ ഹത്തോട് പറയുകയുണ്ടായി: പ്രവാചകൻﷺ അതിന് സാക്ഷി നിൽക്കു ന്നത് താങ്കൾ ഇഷ്ടപ്പെടുന്നില്ലയോ? അങ്ങിനെ എനിക്ക് തന്ന സ്വദഖ ക്ക് സാക്ഷിയാവാൻ വേണ്ടി എൻെറ പിതാവ് പ്രവാചകൻﷺയുടെ അടു ത്തേക്ക് പോയി, അപ്പോൾ തിരുമേനിﷺ അദ്ദേഹത്തോട് ചോദിച്ചു: 'ഇപ്ര കാരം നീ നിൻെറ എല്ലാ സന്താനങ്ങൾക്കും നൽകിയിട്ടുണ്ടോ?' അദ്ദേ ഹം പറഞ്ഞു: ഇല്ല. റസൂൽﷺ തുടർന്നു: (നിങ്ങൾ അല്ലാഹുവിനെ സൂ ക്ഷിക്കുക, നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നിങ്ങൾ നീതി പാലിക്കു ക) അങ്ങിനെ എൻെറ പിതാവ് മടങ്ങുകയും ആ സ്വദഖ തിരിച്ചെടുക്കു കയും ചെയ്തു" സന്താനങ്ങൾക്കിടയിൽ നീതി പാലിക്കൽ നിർബ്ബന് ധമാണ്.

فيجب العدل بين الأولاد ( وإذا أعطى بعض ولده شيئا لم يجز حتى يعدل بينهم ويعطي الآخرين مثله ) (٢).

(ചില സന്താനങ്ങൾക്ക് എന്തെങ്കിലും കൊടുത്താൽ അത്പോലെ മറ്റുള്ളവർക്കും നൽകുന്നത് വരെ അത് പ്രതിഫലാർഹമാവുകയില്ല)

ഈ മതനിയമത്തിൽ മാതാപിതാക്കളിലും, സന്താനങ്ങളിലും കാരു ണ്യവും അനുകമ്പയും ഉണ്ടാക്കുന്ന അനേകം കാര്യങ്ങളടങ്ങിയിട്ടുണ്ട്.

(١) أخرجه البخاري في صحيحه –مع الفتح-: ٢١١/٥، برقم (٢٥٨٧)؛ ومسلم:٣/ ١٢٤٢، برقم (١٦٢٣).

(٢) صحيح البخاري–مع الفتح-: (٢١٠/٥).

അതിൽ ചിലത്:

(1)- സന്താനങ്ങൾക്കിടയിൽ വിവേചനം കാണിക്കുന്നത് അവർക്കിടയിൽ ശത്രുതയും, അസൂയയും, വിദ്വോഷവും വളർത്തുന്നതാണ്, ഇതിന് തെളിവാണ് യൂസുഫിൻെറ സഹോദരങ്ങളുടെ കഥ, യഅ്ഖൂബ്(അ) എന്തെങ്കിലും യൂസുഫിന് നൽകികൊണ്ട് പ്രത്യേകമാ ക്കിയിട്ടില്ല, മറിച്ച് അവർക്ക് തോന്നുകയാണ് തങ്കളുടെ പിതാവ് ഞങ്ങളേക്കാൾ കൂടുതൽ യൂസുഫിനെ സ്നേഹിക്കുന്നുണ്ടെന്ന്. അങ്ങിനെയാണവർ ചെയ്തതൊക്കെ ചെയ്തത്.

സഹോദരങ്ങൾക്കിടയിൽ വിദ്വോഷവും പകയും ഉണ്ടാവുകയാണെങ്കിൽ കുടുംബങ്ങൾക്കിടയിലുള്ള ബന്ധം മുറിയുകയും, സ്നേഹബന്ധങ്ങൾ കുഴപ്പത്തിലാവുകയും ചെയ്യുന്നതാണ്. അവർ പരസ്പരം കരുണ ചെയ്യേണ്ടതിന് പകരം പരസ്പരം വിദ്വോഷം വെക്കുന്നവരും. ശത്രുക്കളുമായി തീരുന്നതാണ്.

(2)- സന്താനങ്ങൾക്കിടയിൽ വിവേചനം കാണിക്കുന്നത് അവരോട് വെറുപ്പ് കാണിക്കലാണ്. കാരണം കുട്ടിക്ക് തൻെറ അവകാശങ്ങൾ തയപ്പെട്ടിരിക്കുന്നു, അത്കൊണ്ട് തന്നെ പിതാവ് തന്നെ ഇഷ്ടപ്പെടുന്നില്ല, മറ്റുള്ളവരെയാണ് ഇഷ്ടപ്പെടുന്നതെന്ന് പിശാച് അവൻെറ മനസിൽ ഇട്ട്കൊടുക്കുകയും ചെയ്യുന്നു, അങ്ങിനെ പിതാവിനോട് അവന് കോപമുണ്ടാവുകയും, പിതാവിന് നൽകേണ്ട പുണ്യം നിർവ്വഹിക്കുന്നതിൽ നിന്നവനെയത് തടയുകയും ചെയ്തേക്കാം. ഇത്കൊണ്ടാണ് പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി നുഅ്മാനുബ്നു ബഷീറിൻെറ ഹദീസിൽ വേറെ ഒരു റിപ്പോർട്ടിൽ ഇപ്രകാരം കാണുവാൻ സാധിക്കുന്നത്. (അവർ നിനക്ക് പുണ്യം നൽകുന്നതിൽ ഒരുപോലെ പ്രവർത്തിക്കുന്നത് നീ ഇഷ്ടപ്പെടുന്നില്ലേ?)

(3)- പിതാവ് തൻെറ സന്താനങ്ങൾക്കിടയിൽ വിവേചനം കാണിക്കുകയാണെങ്കിൽ അവരുടെ പ്രവർത്തനങ്ങളുടെ ഉദ്ദേശം ചിലപ്പോൾ കുഴപ്പത്തിലാക്കുവാൻ ഇടയുണ്ട്, കാരണം തഴയപ്പെട്ട കുട്ടി തൻെറ സഹോദരന് പിതാവ് നൽകിയത് കരസ്ഥമാക്കുവാനും, പിതാവിൻെറ ഇഷ്ടം സമ്പാധിക്കുവാനും പ്രവർത്തിക്കുന്നത്കൊണ്ട് തന്നെ അവൻെറ പ്രവർത്തനങ്ങൾ അല്ലാഹുവിന് വേണ്ടിയാവുകയില്ല.

(4)- ചിലപ്പോൾ പരിഗണന ലഭിച്ച കുട്ടി തൻെറ സഹോദരങ്ങളുടെ മുന്നിൽ അഹങ്കാരം നടിക്കുവാൻ സാധ്യതയുണ്ട്, കാരണം എന്നെ പിതാവ് പരിഗണിക്കുവാൻ കാരണം എൻെറ ശ്രേഷ്ടതയാണ് എന്ന് മനസിലാക്കുകയും അവൻ സ്വയം അൽഭുതം കൂറുകയും, ദുരഭിമാനിയാവുകയും അത് ഒരുപക്ഷേ, അവൻെറ നാശത്തിനും, കാര്യങ്ങൾ മുഴുവനും കുഴഞ്ഞ് മറിയുവാനും കാരണമായേക്കാം.

7- നല്ല ശിക്ഷണം നൽകുക:

അല്ലാഹു പറയുന്നു:

﴿ وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِي صَغِيرًا ﴾ (الإسراء:٢٤)

"എൻെറ രക്ഷിതാവെ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" ( ഇസ്രാഅ്: 24)

﴿ وَإِذْ قَالَ لُقْمَٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَٰبُنَيَّ لَا تُشْرِكْ بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ...﴾ إلى قوله تعالى: ﴿ وَٱقْصِدْ فِي مَشْيِكَ وَٱغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ ٱلْأَصْوَٰتِ لَصَوْتُ ٱلْحَمِيرِ ﴿١٩﴾ ﴾ (لقمان: ١٣-١٩).

"ലുഖ്മാൻ തൻെറ മകന് സമദുപദേശം നൽകിക്കൊണ്ടിരിക്കേ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) 'എൻെറ കുഞ്ഞുമകനെ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു…." ഈ ആയത്ത് മുതൽ അല്ലാഹുവിൻെറ ഈ ആയത്ത് വരെ "നിൻെറ നടത്തത്തിൽ നീ മിതത്വം പാലിക്കുകയും നിൻെറ ശബ്ദം നീ ഒരുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ" (ലുഖ്മാൻ: 13-19)

ഇതാണ് പിതാക്കളുടെ നിർബ്ബന്ധ ബാധ്യതകളിൽ ഏറ്റവും പ്രധാനപ്പെട്ടത്, കാരണം അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് അവനെ മാത്രം ആരാധിക്കുവാനാകുന്നു. അല്ലാഹു പറയുന്നു:

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ ﴾ (الذريات:٥٦)

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (ദാരിയാത്:56) ഇതിൽ ഏറ്റവും മഹത്തായത് നമസ്കാരമാകുന്നു. മകനോട് നമസ്കരിക്കുവാൻ കൽപിക്കൽ പിതാവിൻെറ കടമയാണ്. പ്രവാചകൻ പറഞ്ഞത്പോലെ:

قال عليه الصلاة والسلام: «مروا أولادكم بالصلاة لسبع واضـــربوهم عليها لعشر وفرقوا بينهم في المضاجع»(١)

"ഏഴ് വയസ്സായാൽ നിങ്ങൾ നിങ്ങളുടെ കുട്ടികളോട് നമസ്കരിക്കു

(١) رواه أبو داود في سننه ٣٣٤/١، برقم (٤٩٥)، وهو حديث حسن.

വാൻ കൽപിക്കണം; പത്ത് വയസ്സായാൽ നമസ്കരിച്ചില്ലെങ്കിൽ അവരെ അടിക്കുകയും, അവരുടെ കിടപ്പറകൾ നിങ്ങൾ ഭിന്നമാക്കുകയും ചെയ്യുക”

ഇതാണ് പിതാവിൽ നിന്ന് സന്താനങ്ങൾക്ക് ലഭിക്കേണ്ട വളരെ പ്രധാനപ്പെട്ട അവകാശം. സ്വാലിഹായ സന്താനങ്ങളെ കൊണ്ട് മാത്രമേ മാതാപിതാക്കൾക്ക് ഉപകാരമുണ്ടാവുകയുള്ളൂ, അവർ മാത്രമേ മാതാ പിതാക്കൾക്ക് പുണ്യം ചെയ്യുകയും, അവർക്ക് പ്രാർത്ഥിക്കുകയും സ്വദഖകൾ നൽകുകയും, മരണത്തിന് ശേഷം ഉപകാരപ്പെടുകയും ചെയ്യുകയുള്ളൂ. അത്കൊണ്ട് തന്നെ അല്ലാഹു മക്കളെ നല്ല രൂപത്തിൽ ഇസ്‌ലാമിക ശിക്ഷണം നൽകി വളർത്തണമെന്ന് മാതാപിതാക്കളോട് കൽപിക്കുന്നു, ഇതാണ് പിതാവിൽ നിന്ന് സന്താനത്തിന് ലഭിക്കുന്ന ഏറ്റവും വലിയ നന്മ, ഇത് യഥാർത്ഥത്തിൽ പിതാവ് തനിക്ക് തന്നെ നന്മ ചെയ്യുന്നത് പോലെയാണ്, കാരണം സന്താനം സ്വാലിഹാണെങ്കി ൽ തൻെറ ജീവിത കാലത്തും, മരണത്തിന് ശേഷവും അവരെക്കൊണ്ട് ഗുണം ലഭിക്കുന്നു, എന്നാൽ തെമ്മാടിയാണെങ്കിൽ ജീവിതകാലത്തോ, മരണത്തിന് ശേഷമോ ആ സന്താനത്തെക്കൊണ്ട് ഉപകാരമുണ്ടാവില്ല.

9- സന്താനങ്ങൾക്ക് നന്മക്കും, നല്ലതിന്നും വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു ഇബ്രാഹിം, ഇസ്മാഈൽ(അ) എന്നിവരുടെ പ്രാർത്ഥന ഉദ്ദരിക്കുന്നത് ശ്രദ്ധിക്കുക:

﴿ رَبَّنَا وَٱجۡعَلۡنَا مُسۡلِمَيۡنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةٗ مُّسۡلِمَةٗ لَّكَ وَأَرِنَا مَنَاسِكَنَا وَتُبۡ عَلَيۡنَآۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴾ (البقرة:١٢٨).

"“ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളിരുവരെയും നിനക്ക് കീഴ്പ്പെടുന്നവരാക്കുകയും, ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും, ഞങ്ങളുടെ ആരാധനാ ക്രമങ്ങൾ ഞങ്ങൾക്കു കാണിച്ച് തരികയും, ഞങ്ങളുടെ പശ്ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു”" (അൽബഖറ:128)

സകരിയാ(അ) അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു:

﴿ وَإِنِّي خِفۡتُ ٱلۡمَوَٰلِيَ مِن وَرَآءِي وَكَانَتِ ٱمۡرَأَتِي عَاقِرٗا فَهَبۡ لِي مِن لَّدُنكَ وَلِيّٗا ۝ يَرِثُنِي وَيَرِثُ مِنۡ ءَالِ يَعۡقُوبَۖ وَٱجۡعَلۡهُ رَبِّ رَضِيّٗا ﴾

(مريم: ٥-٦).

"എനിക്ക് പുറകെ വരുവാനുള്ള ബന്ധുമിത്രാദികളെപ്പറ്റി എനിക്ക് ഭയമാകുന്നു. എൻെറ ഭാര്യയാണെങ്കിൽ വന്ധ്യയുമാകുന്നു. അതിനാൽ നിൻെറ പക്കൽ നിന്ന് നീ എനിക്ക് ഒരു ബന്ധുവെ (അവകാശിയെ) നൽകേണമേ. എനിക്ക് അവൻ അനന്തരാവകാശിയായിരിക്കും. യഅ്ഖൂബ് കുടുംബത്തിനും അവൻ അനന്തരാവകാശിയായിരിക്കും. എൻെറ രക്ഷിതാവെ, അവനെ നീ (ഏവർക്കും) തൃപ്തിപ്പെട്ടവനാക്കുകയും ചെയ്യേണമേ" (മർയം:5-6)

وعن أبي هريرة ﷺ عن النبي ﷺ قال: «ثلاث دعوات مستجابات لا شك فيهن، دعوة الوالد، ودعوة المسافر، ودعوة المظلوم»(١).

അബൂഹുറൈറﷺറവിൽ നിന്ന് പ്രവാചകൻ ﷺപറഞ്ഞു: "മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതാണ്, അതിൽ യാതൊരു സംശയവും ഇല്ല. പിതാവിൻെറ പ്രാർത്ഥന, യാത്രക്കാരൻെറ പ്രാർത്ഥന, അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന"

മാതാപിതാക്കൾ മക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചാൽ അത് സ്വീകരിക്കും എന്നറിയിച്ച് കൊണ്ട് അല്ലാഹു അവരെ ആദരവുള്ളവരാക്കിയിരിക്കുന്നു, അത്കൊണ്ട് തന്നെ മാതാപിതാക്കൾ തങ്ങളുടെ നല്ല പ്രാർത്ഥനയിൽ മറക്കാതെ സന്താനങ്ങളെ ഉൾകൊള്ളിക്കേണ്ടതുണ്ട്, അവർ തങ്ങൾക്ക് ജീവിതത്തിൽ കൺകുളുർമയും, മരണത്തിന് ശേഷം മുറിഞ്ഞ്പോകാത്ത സ്വദഖയായി തീരുവാനും വേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്.

ഇതാണ് സന്താനങ്ങൾക്ക് മാതാപിതാക്കളിൽ നിന്ന് ലഭിക്കേണ്ട പ്രധാനപ്പെട്ട അവകാശങ്ങളും, എല്ലാം അറിയുകയും, സർവ്വജ്ഞനുമായ അല്ലാഹുവിൽ നിന്നുള്ള ഇസ്‌ലാമിക ശരീഅത്തിൻെറ പരിപൂർണതയും, ഉത്തതിയും വിശദമാക്കുന്ന അതിൻെറ നന്മകളും.

## ഏഴ്: ഇസ്‌ലാമിൽ സ്ത്രീകളുടെ അവകാശങ്ങൾ:

1- ജാഹിലിയ്യാ കാലത്തെ ജനങ്ങൾ പെൺകുട്ടികളെ കണ്ടിരുന്നത് നിന്ദ്യതയോടെയും, പരീക്ഷണത്തോടെയുമായിരുന്നു. ഈ ചിന്താഗതി ഈ ആധുനിക കാലത്തും ചില സമൂഹത്തിൽ വേറെ രൂപത്തിൽ നില നിൽക്കുന്നുണ്ട്. പ്രഥമ ജാഹിലിയ്യാ കാലത്ത് പെൺകുട്ടികളെ ജീവനോടെയാണ് കുഴിച്ച് മൂടിയിരുന്നതെങ്കിൽ ആധുനിക ജാഹിലിയ്യാ

(١) رواه أبو داود في سننه: ١٨٧/٢، برقم (١٥٣٦)؛ والترمذي في سننه: ٤٦٨/٥، برقم (٣٤٤٨)، وابن ماجه في سننه: ١٢٧٠/٢، برقم (٣٨٦٢ )، والحديث حسنه الترمذي والألباني وغيرهما.

സമൂഹം ശിശു പെൺകുട്ടിയാണെന്നറിഞ്ഞാൽ ഗർഭാശയത്തിൽ വെച്ച് തന്നെ വധിക്കുന്നതായിട്ടാണ് നമുക്ക് കാണുവാൻ കഴിയുന്നത്. അ ങ്ങിനെ അവരുടെ ജീവിക്കുവാനുള്ള അവകാശത്തെ അവർ നിഷേധി ക്കുന്നു.

എന്നാൽ ഇസ്ലാം ഈ പിഴച്ച ചിന്താഗതിയെ നിരാകരിക്കുകയും, പെൺകുട്ടി ജനിക്കുന്നതിലൂടെയുണ്ടാവുന്ന നിരാശയേയും, അപമാന ത്തെയും ഇല്ലാതാക്കുകയും ചെയ്യുന്നു. സ്ത്രീകൾക്ക് ജനിക്കുവാനും, ജീവിക്കുവാനുമുള്ള അവകാശം ഇസ്ലാം വകവെച്ച് കൊടുക്കുന്നു. വിശുദ്ധഖുർആൻ ജാഹിലിയ്യാ സമൂഹത്തെ ആക്ഷേപിക്കുന്നത് നാം ശ്രദ്ധിക്കുക:

﴿ وَيَجْعَلُونَ لِلَّهِ ٱلْبَنَٰتِ سُبْحَٰنَهُۥ ۙ وَلَهُم مَّا يَشْتَهُونَ ﴿٥٧﴾ وَإِذَا بُشِّرَ أَحَدُهُم بِٱلْأُنثَىٰ ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿٥٨﴾ يَتَوَٰرَىٰ مِنَ ٱلْقَوْمِ مِن سُوٓءِ مَا بُشِّرَ بِهِۦٓ ۚ أَيُمْسِكُهُۥ عَلَىٰ هُونٍ أَمْ يَدُسُّهُۥ فِى ٱلتُّرَابِ ۗ أَلَا سَآءَ مَا يَحْكُمُونَ ﴾ (النحل:٥٧-٥٩)

“അല്ലാഹുവിന് അവർപെൺമക്കളെ സ്ഥാപിക്കുന്നു. അവൻ എത്ര യോ പരിശുദ്ധൻ. അവർക്കാകട്ടെ അവർ ഇഷ്ടപ്പെടുന്നതും (ആൺമ ക്കളും). അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർ ത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവൻെറ മുഖം കറുത്തിരു ണ്ടു പോകുന്നു. അവന്ന് സന്തോഷ വാർത്ത നൽകപ്പെട്ടാൽ ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ചു കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ. അ തല്ല; അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ (എന്നതായിരിക്കും അവ ൻെറ ചിന്ത). ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോ ശം!” (നഹ്ൽ:57-59)

﴿ وَإِذَا ٱلْمَوْءُۥدَةُ سُئِلَتْ ﴿٨﴾ بِأَىِّ ذَنۢبٍ قُتِلَتْ ﴾ (التكوير: ٨-٩).

“താൻ ഏതൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന് (ജീവനോടെ) കുഴിച്ചു മൂടപ്പെട്ട പെൺകുട്ടിയോട് ചോദിക്കപ്പെടുന്നതാണ്” (തക്‌വീർ:8-9)

ഇസ്ലാം പെൺകുട്ടികളെ വളർത്തുവാനും, അവർക്ക് വേണ്ടി ചി ലവഴിക്കുവാനും, നല്ല രൂപത്തിൽ അവരെ പരിചരിക്കുവാനും പ്രേരി പ്പിക്കുകയും, അതിന് ഉന്നതമായ പ്രതിഫലം വാഗ്ദാനം നൽകുക യും ചെയ്തിരിക്കുന്നു. ആയിശാ പറയുന്നു:

فعن عائشة – رضي الله عنها – قال: جاءتني مسكينة تحمل ابنتين لهـــا، فأطعمتها ثلاث تمرات، فأعطت كل واحدة منهما تمرة، ورفعت إلى فيهـــا تمرة لتأكلها، فاستطعمتها ابنتاها، فشقت التمرة التي كانت تريد أن تأكلها بينهما، فأعجبني شأنها، فذكرت الذي صنعت لرسول الله ﷺ فقال: «إن الله قد أوجب لها بها الجنة أو أعتقها بها من النار»(١).

"രണ്ട് പെൺകുട്ടികളെയും വഹിച്ച് കൊണ്ട് ഒരു സാധു സ്ത്രീ എൻെറയടുത്ത് വന്നു, അങ്ങിനെ ഞാൻ മൂന്ന് കാരക്ക കൊണ്ട് അവരെ ഭക്ഷിപ്പിച്ചു, ആ സ്ത്രീ രണ്ട് പെൺകുട്ടികൾക്കും ഓരോ കാരക്ക കൊടുക്കുകയും ഒരു കാരക്ക തിന്നുവാൻ വേണ്ടി തൻെറ വായിലേക്ക് ഉയർത്തുകയും ചെയ്തപ്പോൾ ഒരു പെൺകുട്ടി അതാവശ്യപ്പെട്ടപ്പോൾ അവളത് രണ്ട് കഷ്ണമാക്കി തൻെറ മക്കൾക്ക് കൊടുക്കുകയും ചെയ്തു. ഇതെന്നെ അത്ഭുതപ്പെടുത്തി. അങ്ങിനെ അവൾ ചെയ്തതിനെ സംബന്ധിച്ച് ഞാൻ റസൂലിﷺനോട് പറഞ്ഞു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: (അല്ലാഹു അതുകൊണ്ട് അവൾക്ക് സ്വർഗം നിർബ്ബന്ധമാക്കിയിരിക്കുന്നു, അല്ലെങ്കിൽ അത്കൊണ്ട് അല്ലാഹു അവളെ നരകത്തിൽ നിന്ന് മോചിപ്പിച്ചിരിക്കുന്നു)" അനസ്ബ്നു മാലികിൽ നിന്ന്:

وعن أنس بن مالك ﷺ قال: قال رسول الله ﷺ: «من عال جاريتين حتى تبلغا جاء يوم القيامة أنا وهو وضم أصابعه»(٢).

റസൂലിﷺ പറഞ്ഞു: "ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയെത്തുന്നത് വരെ വളർത്തുകയും അവരുടെ ചിലവുകൾ വഹിക്കുകയും ചെയ്യുകയാണെങ്കിൽ ഞാനും അവനും അവസാന നാളിൽ ഇപ്രകാരം വരുന്നതാണ്, തിരുമേനി തൻെറ വിരലുകൾ ഒരുമിച്ച് കൂട്ടി"

2- ഇസ്ലാം സ്ത്രീകളും ആരാധന ചെയ്യേണ്ടവരാണെന്നും, അവരും മതശാസനയേറ്റവരാണെന്നും, പുരുഷന്മാരോട് പറഞ്ഞത് പോലെ സ്ത്രീകളോടും പറഞ്ഞിട്ടുണ്ടെന്നും, ആരാധന ചെയ്താൽ പുരുഷന്മാർക്ക് ലഭിക്കുന്നത് പോലെ സ്ത്രീകൾക്കും പ്രതിഫലം ലഭിക്കുമെന്നും

(١) أخرجه مسلم: ٢٠٢٧/٤، برقم (٢٦٣٠ ).

(٢)أخرجه مسلم: ٢٠٢٧/٤-٢٠٢٨، برقم (٢٦٣١ ).

വിശദീകരിക്കുന്നു. പുരുഷന്മാർക്ക് പ്രതിഫലം തടയാത്തത്പോലെ സ്ത്രീകൾക്കും അവരുടെ പ്രവർത്തനങ്ങളുടെ പ്രതിഫലം തടയുന്നു മില്ല. അല്ലാഹു പറയുന്നു:

﴿ فَٱسۡتَجَابَ لَهُمۡ رَبُّهُمۡ أَنِّي لَآ أُضِيعُ عَمَلَ عَٰمِلٖ مِّنكُم مِّن ذَكَرٍ أَوۡ أُنثَىٰۖ بَعۡضُكُم مِّنۢ بَعۡضٖ﴾ (آل عمران:١٩٥)

“അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി. പുരുഷ നാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെ യും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റു വിഭാഗത്തിൽ നിന്ന് ഉൽഭവിച്ചവരാകുന്നു” (ആലു ഇംറാൻ:195)

﴿ وَٱلۡمُؤۡمِنُونَ وَٱلۡمُؤۡمِنَٰتُ بَعۡضُهُمۡ أَوۡلِيَآءُ بَعۡضٖۚ يَأۡمُرُونَ بِٱلۡمَعۡرُوفِ وَيَنۡهَوۡنَ عَنِ ٱلۡمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤۡتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓۚ أُوْلَٰٓئِكَ سَيَرۡحَمُهُمُ ٱللَّهُۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٞ ﴾

(التوبة: ٧١)

“സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകു ന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വില ക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും. സകാത്ത് നൽ കുകയും. അല്ലാഹുവെയും അവൻെറ ദൂതനെയും അനുസരിക്കുക യും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാ ണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്” (തൗബ:71)

﴿ إِنَّ ٱلۡمُسۡلِمِينَ وَٱلۡمُسۡلِمَٰتِ وَٱلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِ وَٱلۡقَٰنِتِينَ وَٱلۡقَٰنِتَٰتِ وَٱلصَّٰدِقِينَ وَٱلصَّٰدِقَٰتِ وَٱلصَّٰبِرِينَ وَٱلصَّٰبِرَٰتِ وَٱلۡخَٰشِعِينَ وَٱلۡخَٰشِعَٰتِ وَٱلۡمُتَصَدِّقِينَ وَٱلۡمُتَصَدِّقَٰتِ وَٱلصَّٰٓئِمِينَ وَٱلصَّٰٓئِمَٰتِ وَٱلۡحَٰفِظِينَ فُرُوجَهُمۡ وَٱلۡحَٰفِظَٰتِ وَٱلذَّٰكِرِينَ ٱللَّهَ

﴿ كَثِيرًا وَٱلذَّٰكِرَٰتِ أَعَدَّ ٱللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٥﴾ ﴾

(الأحزاب:35).

“(അല്ലാഹുവിന്) കീഴ്പ്പെടുന്നവരായ പുരുഷന്മാർ സ്ത്രീകൾ, വിശ്വാസികളായ പുരുഷന്മാർ സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷന്മാർ സ്ത്രീകൾ, ക്ഷമാശീലരായ പുരുഷന്മാർ സ്ത്രീകൾ, വിനീതരായ പുരുഷന്മാർ സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷന്മാർ സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷന്മാർ സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുന്നവരായ പുരുഷന്മാർ സ്ത്രീകൾ, ധാരാളമായ അല്ലാഹുവെ ഓർമ്മിക്കുന്നവരായ പുരുഷന്മാർ സ്ത്രീകൾ ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കി വെച്ചിരിക്കുന്നു” (അഹ്സാബ്:35)

3- സ്വത്ത് സമ്പാദിക്കുവാനും, അത് വ്യക്തിപരമായി ചിലവഴിക്കുവാനും ഇസ്‌ലാം സ്ത്രീക്ക് അവകാശം നൽകുന്നു. അല്ലാഹു പറയുന്നു:

﴿ لِّلرِّجَالِ نَصِيبٌ مِّمَّا ٱكْتَسَبُوا۟ ۖ وَلِلنِّسَآءِ نَصِيبٌ مِّمَّا ٱكْتَسَبْنَ ﴾

(النساء:٣٢)

“പുരുഷന്മാർ സമ്പാദിച്ചുണ്ടാക്കിയതിൻെറ ഓഹരി അവർക്കുണ്ട്. സ്ത്രീകൾ സമ്പാദിച്ചുണ്ടാക്കിയതിനെറ ഓഹരി അവർക്കുമുണ്ട്” (നിസാഅ്: 35)

4- ഇസ്‌ലാം അനന്തരവകാശത്തിലും സ്ത്രീകളുടെ അവകാശത്തെ സംരക്ഷിച്ചിരിക്കുന്നു. മകൾ, മകൻെറ മകൾ, ഉമ്മ, വല്ലുമ്മ, സഹോദരി, ഭാര്യ, അടിമസ്ത്രീ ഇവർക്കൊക്കെ ഇസ്‌ലാമിക ശരീഅത്ത് നിർണ്ണയിച്ച ഓഹരിയുണ്ട്. അല്ലാഹു പറയുന്നു:

﴿ لِّلرِّجَالِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ وَلِلنِّسَآءِ نَصِيبٌ مِّمَّا تَرَكَ ٱلْوَٰلِدَانِ وَٱلْأَقْرَبُونَ مِمَّا قَلَّ مِنْهُ أَوْ كَثُرَ ۚ نَصِيبًا مَّفْرُوضًا ﴿٧﴾ ﴾ (النساء:٧).

“മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ സ്ത്രീകൾക്ക് ഓഹരിയുണ്ട്. (ആ ധനം) കുറച്ചാകട്ടെ, കൂടുതലാകട്ടെ. അത് നിർണ്ണയിക്കപ്പെട്ട ഓഹരി

യാകുന്നു" (നിസാഅ്: 7)

ജാഹിലിയ്യാ കാലത്ത് സ്ത്രീയുടെ ഭർത്താവ് മരിച്ചാൽ അവൾ അനന്തരവകാശികൾക്കുള്ള അനന്തര സ്വത്തിൽ പെട്ടതായിരുന്നു, അങ്ങിനെ മരിച്ചയാളുടെ അടുത്ത ബന്ധുക്കൾ നിർബ്ബന്ധിപ്പിച്ച് കൊണ്ട് അവളെ അധീനപ്പെടുത്തുകയോ, തങ്ങൾ ഉദ്ദേശിക്കുന്നവർക്ക് വിവാഹം കഴിപ്പിച്ച് കൊടുക്കുകയോ, അല്ലെങ്കിൽ സ്ത്രീ സ്വന്തം മോചന ദ്രവ്യം നൽകുന്നത് വരെ വിവാഹം കഴിക്കുന്നതിൽ നിന്ന് തടഞ്ഞ് നിറുത്തുകയോ ചെയ്യുമായിരുന്നു. ഇസ്‌ലാം സ്ത്രീയെ ഈ നിന്ദ്യ തയിൽ നിന്ന് സംരക്ഷിക്കുകയും, സ്ത്രീ മൃഗങ്ങൾ, മറ്റു സമ്പത്തു ക്കൾ പോലെയുള്ള അനന്തര സമ്പത്തല്ലായെന്ന് വിശദീകരി ക്കുക യും, അവളെ ബുദ്ധിമുട്ടിപ്പിക്കുന്നതും, പുനർവിവാഹം നിഷിദ്ധ മാക്കു ന്നതും വിലക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا يَحِلُّ لَكُمْ أَن تَرِثُوا۟ ٱلنِّسَآءَ كَرْهًا ۖ وَلَا تَعْضُلُوهُنَّ لِتَذْهَبُوا۟ بِبَعْضِ مَآ ءَاتَيْتُمُوهُنَّ إِلَّآ أَن يَأْتِينَ بِفَـٰحِشَةٍ مُّبَيِّنَةٍ ﴾ (النساء:١٩).

"സത്യവിശ്വാസികളെ, സ്ത്രീകളെ ബലാൽക്കാരമായിട്ട് അനന്തരവകാശ സ്വത്തായി എടുക്കൽ നിങ്ങൾക്കനുവദനീയമല്ല. അർക്ക് (ഭാര്യമാർക്ക്) നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടുക്കുവാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടുകയും ചെയ്യരുത്. അവർ പ്രത്യക്ഷമായ വല്ല നീചവൃത്തിയും ചെയ്തങ്കിലല്ലാതെ" (നിസാഅ്: 19)

5- വിവാഹം കഴിക്കുന്ന സമയത്ത് യാതൊരു വിധ പരിഗണനയും ലഭിക്കാതിരുന്ന സ്ത്രീക്ക് ഇസ്‌ലാം തനിക്ക് യോജിക്കുന്ന ഭർത്താവിനെ തിരെഞ്ഞെടുക്കുവാൻ പൂർണ സ്വാതന്ത്ര്യം നൽകുകയുണ്ടായി. അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്:

عن أبي هريرة رضي الله عنه أن النبي ﷺ قال: «لا تنكح الأيم حتى تستأمر، ولا تنكح البكر حتى تستأذن». قالوا: يا رسول الله وكيف إذنها؟ قال: «أن تسكت»(١).

(١) أخرجه البخاري في صحيحه-مع الفتح-: ١٩١/٩، برقم (٥١٣٦)؛ ومسلم: ٢/ ١٠٣٦، برقم (١٤١٩).

പ്രവാചകൻ പറഞ്ഞു: ﷺ"അനുവാദം ചോദിക്കാതെ ഒരു വിധവയേയും വിവാഹം കഴിക്കുവാൻ പാടില്ല, അനുവാദം ചോദിക്കാതെ ഒരു കന്യകയേയും വിവാഹം കഴിക്കുവാൻ പാടില്ല" അവർ ചോദിച്ചു: (എങ്ങിനെയാണ് കന്യകയുടെ അനുമതി?) തിരുമേനി പറഞ്ഞു: (അവൾ നിശ:ബ്ദയായി ഇരിക്കലാകുന്നു)"

عن خنساء بنت خدام الأنصارية أن أباها زوجها وهي ثيب فكرهت ذلك فأتت رسول الله ﷺ فرد نكاحها (١)

ഖൻസാഅ് ബിൻത് ഖിദാമിൽ അൻസാരിയിൽ നിന്ന് നിവേദനം: അവൾ വിധവയായിരിക്കെ അവളുടെ പിതാവ് അവളെ വിവാഹം കഴിപ്പിച്ചു, പക്ഷേ, അവൾ ആ വിവാഹത്തെ വെറുത്തിരുന്നു. അങ്ങിനെ അവൾ പ്രവാചകൻﷺയുടെ അടുത്ത് വരുകയും പ്രവാചകൻﷺ അവളുടെ വിവാഹം ഉപേക്ഷിക്കുകയും ചെയ്തു"

وعن ابن عباس-رضي الله عنهما-أن جارية بكـــرا أتـــت الـــنبيﷺ فذكرت له أن أباها زوجها وهي كارهة؛ فخيرها النبي ﷺ (٢).

ഇബ്നു അബ്ബാസ് വിൽ നിന്ന്: വിധവയായ ഒരു അടിമ സ്ത്രീ പ്രവാചകﷺൻെറ അടുത്ത് വന്നു പറഞ്ഞു: എൻെറ പിതാവ് എനിക്ക് ഇഷ്ടമില്ലാതെ എന്നെ വിവാഹം കഴിപ്പിച്ചു. അപ്പോൾ പ്രവാചൻﷺ അവൾക്ക് സ്വയം തീരുമാനമെടുക്കുവാനുള്ള അവസരം നൽകുകയുണ്ടായി"

ഇസ്‌ലാം സ്ത്രീക്ക് അവൾ വിധവയാകട്ടെ, കന്യകയാകട്ടെ തൻെറ ഭർത്താവിനെ തിരെഞ്ഞെടുക്കുവാനുള്ള പരിപൂർണ്ണ അവകാശം നൽകിയിരിക്കുന്നു. അവളുടെ രക്ഷാധികാരി അവൾ വെറുക്കുന്ന ഒരു വിവാഹത്തിന് നിർദ്ദേശം നൽകുവാൻ അത് അംഗീകരിക്കാതിരിക്കുവാൻ സ്ത്രീക്ക് അവകാശമുണ്ട്.

6- വിവാഹം കഴിക്കുവാൻ ഉദ്ദേശിക്കുന്ന സ്ത്രീക്ക് അവൾ തൃപ്തിപ്പെടുന്ന രൂപത്തിലുള്ള മഹ്റ് നൽകുവാൻ പുരുഷനോട് ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഇത് സ്ത്രീക്ക് മാത്രം അവകാശപ്പെട്ട സമ്പത്താകുന്നു. അതിൽ ആർക്കും പങ്കില്ല, അത് കൈകാര്യം ചെയ്യുവാൻ ആർക്കും അവകാശവുമില്ല. അല്ലാഹു പറയുന്നു:

---

(١) أخرجه البخاري في صحيحه-مع الفتح-: ٣١٨/١٢، برقم (٦٩٤٥).

(٢) أخرجه أبو داود في سننه: ٥٧٦/٢، برقم (٢٠٩٦ )؛ وابن ماجه في سننه: ٦٠٣/١، برقم (١٨٧٥)، والحديث صححه الألباني في صحيح سنن ابن ماجة.

﴿ وَءَاتُواْ ٱلنِّسَآءَ صَدُقَٰتِهِنَّ نِحۡلَةٗۚ فَإِن طِبۡنَ لَكُمۡ عَن شَيۡءٖ مِّنۡهُ نَفۡسٗا فَكُلُوهُ هَنِيٓـٔٗا مَّرِيٓـٔٗا ﴾ (النساء:٤)

“സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന് വല്ലതും സന്മനസോടെ അവർ വിട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷപൂർവ്വം സുഖമായി ഭക്ഷിച്ചു കൊള്ളുക” (നിസാഅ്: 4)

﴿ فَمَا ٱسۡتَمۡتَعۡتُم بِهِۦ مِنۡهُنَّ فَـَٔاتُوهُنَّ أُجُورَهُنَّ فَرِيضَةٗۚ وَلَا جُنَاحَ عَلَيۡكُمۡ فِيمَا تَرَٰضَيۡتُم بِهِۦ مِنۢ بَعۡدِ ٱلۡفَرِيضَةِ ﴾ (النساء:٢٤).

“അങ്ങിനെ അവരിൽ നിന്ന് നിങ്ങൾ വല്ല സുഖവും അനുഭവിച്ചാൽ അവർക്കുള്ള വിവാഹമൂല്യം ഒരു ബാധ്യത എന്ന നിലയിൽ നിങ്ങൾ നൽകേണ്ടതാണ്. ബാധ്യത (വിവാഹമൂല്യം) നിശ്ചയിച്ചതിനു ശേഷം നിങ്ങളന്യോന്യം തൃപ്തിപ്പെട്ട് വല്ല വിട്ടുവീഴ്ചയും ചെയ്യുന്നതിൽ നിങ്ങൾക്കു കുറ്റമൊന്നുമില്ല” (നിസാഅ്: 24)

7- ശത്രുക്കൾക്ക് സംരക്ഷണം നൽകുവാനും, നിർഭയത്വം നൽകുവാനുള്ള അവകാശം പോലും ഇസ്‌ലാം സ്ത്രീക്ക് നൽകുന്നു.

فعن أبي مرة مولى أم هانئ بنت أبي طالب أخبره أنه سمع أم هانئ بنت أبي طالب تقول: ذهبت إلى رسول الله ﷺ عام الفتح، فوجدته يغتسل وفاطمة ابنته تستره، فسلمت عليه، فقال: «من هذه؟» فقلت: أنا أم هانئ بنت أبي طالب. فقال: «مرحبا بأم هانئ». فلما فرغ من غسله قام فصلى ثماني ركعات ملتحفا في ثوب واحد، فقلت: يا رسول الله زعم ابن أمي علي أنه قاتل رجلا قد أجرته فلان بن هبيرة، فقال رسول الله ﷺ: «قد أجرنا من أجرت يا أم هانئ». قالت: أم هانئ وذلك ضحى (١).

ഇത് പ്രവാചകൻെറ ചര്യയിൽ പെട്ടതാകുന്നു. അബൂത്വാലിബിൻെറ മകളായ ഉമ്മുഹാനിയുടെ മൗലയായിരുന്ന അബൂമുർറയിൽ

(١) أخرجه البخاري في صحيحه-مع الفتح-: ٢٧٣/٦، برقم (٣١٧١).

നിന്ന്: ഞാൻ ഉള്ളുഹാനിയിൽ നിന്ന് കേട്ടിട്ടുണ്ട്: അവൾ പറയുന്നു: മക്കാവിജയ സന്ദർഭത്തിൽ ഞാൻ പ്രവാചകൻ ﷺയുടെ അടത്തേക്ക് പോയി. അപ്പോൾ പ്രവാചകൻ കുളിക്കുകയായിരുന്നു, പ്രവാചകൻെറ പുത്രി ഫാതിമ അദ്ദേഹത്തിന് മറവിരിച്ച് കൊടുക്കുകയും ചെയ്തിരുന്നു. അങ്ങിനെ ഞാൻ സലാം പറഞ്ഞു. അപ്പോൾ തിരുമേനി ചോദിച്ചു: (ആരാണ്?) അപ്പോൾ ഞാൻ പറഞ്ഞു: "ഞാൻ അബൂത്വാലിബിൻെറ പുത്രി ഉമ്മുഹാനിയാണെന്ന് മറുപടി പറഞ്ഞു" തിരുമേനി പറഞ്ഞു: (ഉമ്മുഹാനിക്ക് സ്വാഗതം) അങ്ങിനെ അദ്ദേഹം കുളി കഴിഞ്ഞ് ഒരു വസ്ത്രം മാത്രം ചുറ്റി പൊതിഞ്ഞ് കൊണ്ട് എട്ട് റകഅത്ത് നമസ്കരിക്കുകയുണ്ടായി. അപ്പോൾ ഞാൻ പറഞ്ഞു. അല്ലയോ തിരുദൂതരെ; എൻെറ ഉമ്മയുടെ മകൻ എന്നോട് പറയുന്നു. ഞാൻ അഭയം നൽകിയ ഫുലാന്ബ്നു ഉബൈറയെ അദ്ദേഹം വധിക്കുമെന്ന്. അപ്പോൾ പ്രവാചകൻ പറഞ്ഞു: (അല്ലയോ ഉമ്മു ഹാനി നീ അഭയം കൊടുത്തയാൾക്ക് ഞങ്ങളും അഭയം കൊടുക്കുന്നു) ഉമ്മുഹാനി പറഞ്ഞു: അത് ളുഹാ സമയത്തായിരുന്നു"

സ്ത്രീകളുമായി ഉണ്ടാക്കിയ കരാറുകളെ ആദരിക്കുവാൻ ഇസ്‌ലാം മുസ്‌ലീങ്ങളെ നിർബ്ബന്ധിപ്പിക്കുന്നുണ്ട്, അവൾ ചെയ്ത കരാർ നിങ്ങൾ നടപ്പിൽ വരുത്തുകയും, അവൾ നിർഭയത്വം നൽകിയവരെ ഉപദ്രവിക്കാതിരിക്കുകയും ചെയ്യുക, കൊല്ലുവാൻ കൽപനയുള്ള വ്യക്തിക്കാണ് അവൾ നിർഭയത്വം നൽകിയതെങ്കിൽ പോലും.

8- മുസ്‌ലീങ്ങൾക്കിടയിലും, അമുസ്‌ലീങ്ങൾക്കിടയിലുമുള്ള യുദ്ധങ്ങളിൽ സ്ത്രീകളെ വധിക്കുന്നത് ഇസ്‌ലാം വിരോധിച്ചിരിക്കുന്നു.

فعن عبد الله بن عمر – رضي الله عنهما – قال: وجدت امرأة مقتولة في بعض مغازي رسول الله ﷺ، فنهى رسول الله ﷺ عن قتل النساء والصبيان. (أخرجه البخاري في صحيحه –مع الفتح– ٦\٢٧٣،برقم (٣٠١٥)ومسلم:٣\١٣٦٤، برقم (١٧٤٤)

അബ്ദുല്ലാഇബ്നു ഉമർﷺവിൽ നിന്ന്: പ്രവാചകൻ പങ്കെടുത്ത ചില യുദ്ധങ്ങളിൽ സ്ത്രീ കൊല്ലപ്പെട്ടത് ഞാൻ കണ്ടു. അപ്പോൾ പ്രവാചകൻ സ്ത്രീകളെയും കുട്ടികളേയും വധിക്കുന്നത് നിരോധിച്ചു.

കാരണം ഇസ്‌ലാമിൻെറ ദൃഷ്ടിയിൽ സ്ത്രീ യുദ്ധത്തിലുള്ള ശത്രുവല്ല, അവളുടെ ബലഹീനതയെ ഇസ്‌ലാം പരിഗണിച്ചിരിക്കുന്നു. അവൾ അല്ലാഹുവിൻെറ ശത്രുവാണെങ്കിൽ പോലും. അത്പോലെ ഇസ്‌ലാം യുദ്ധം കൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യരെ ഉൻമൂലനം ചെയ്യുകയെന്നതല്ല മറിച്ച് ജനങ്ങൾക്ക് പ്രബോധനം എത്തിക്കുന്നതിനുള്ള തടസ്സം നീക്കൽ മാത്രമാകുന്നു.

9- സ്ത്രീകളോട് നന്മ ചെയ്യുവാൻ ഇസ്‌ലാം പുരുഷന്മാരോട് കൽപിക്കുന്നു, അവരോട് മര്യാദയോടെ പെരുമാറുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ وَعَاشِرُوهُنَّ بِٱلْمَعْرُوفِ ﴾ (النساء:١٩).

"നിങ്ങളവരോട് മര്യാദയോട് കൂടി പെരുമാറുക" (നിസാഅ്: 19)

وعن أبي هريرة ﷺ عن النبي ﷺ قال: «من كان يؤمن بالله واليوم الآخر؛ فلا يؤذِ جاره، واستوصوا بالنساء خيرا؛ فإنهن خلقن من ضِلَع، وإن أعوج شيء في الضلع أعلاه، فإن ذهبت تقيمه كسرته، وإن تركته لم يزل أعوج؛ فاستوصوا بالنساء خيرا»(١).

അബൂഹുറൈറ ﷺവിൽ നിന്ന് നിവേദനം: പ്രവാചകൻ ﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അയൽവാസിയെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കട്ടെ, നിങ്ങൾ സ്ത്രീകളോട് നന്മ ഉപദേശിക്കുക, കാരണം അവർ വാരിയെല്ലിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, വാരിയെല്ലിൽ ഏറ്റവും വളഞ്ഞിരി ക്കുന്നത് അതിൻെറ മുകൾ ഭാഗമാവുന്നു, നീ അത് നേരെയാക്കുവാ ൻ പോയാൽ അത് നീ പോട്ടിക്കും, നീ അതങ്ങനെ തന്നെ ഉപേ ക്ഷിക്കുകയാണെങ്കിൽ അതിൻെറ വളവ് അങ്ങിനെ തന്നെയിരിക്കും, അത്കൊണ്ട് നിങ്ങൾ സ്ത്രീകളോട് നന്മ ഉപദേശിക്കുക"

10- ഭക്ഷണം, പാനീയം, പാർപ്പിടം, വസ്ത്രം, ചികിൽസ തുടങ്ങിയ സ്ത്രീയുടെ മുഴുവൻ ചിലവുകൾക്കും ഇസ്‌ലാം ഗ്യാരണ്ടി നൽകിയിരിക്കുന്നു, സ്ത്രീയുടെ വ്യത്യസ്ഥ ഘട്ടങ്ങളിലെ ജീവിതത്തിൽ വരുന്ന ചെലവുകൾ മുഴുവനും ഒരു സ്ഥിരമായ സാമൂഹ്യ പദ്ധതിയിലൂടെ സംരക്ഷിച്ചിരിക്കുന്നു, അത് പുരുഷൻെറ ഉത്തരവാദിത്തമാണ്, അത് പിതാവാകാം, ഭർത്താവാകാം, മക്കളാകാം ആരുമാകാം. അല്ലാഹു തന്നെയാണ് സത്യം; സ്ത്രീയോട് ഇസ്‌ലാം വളരെയധികം കാരുണ്യമാണ് കാണിച്ചിരിക്കുന്നത്, സ്ത്രീയുടെ ചിലവുകൾ മുഴുവനും വഹിക്കേണ്ടത് പുരുഷനാണ് അവൾക്ക് എല്ലാ ചെലവുകളിൽ നിന്നും വിട്ട്വീഴ്ച നൽകപ്പെട്ടിരിക്കുന്നു, മാത്രമല്ല അവൾക്കവളുടെ സമ്പത്ത്

(١) أخرجه البخاري في صحيحه-مع الفتح-:٢٥٢/٩-٢٥٣، برقم (٥١٨٥/٥١٨٦)، ومسلم: ١٠٩١/٢، برقم (١٤٦٨).

സുരക്ഷിതമായി സംരക്ഷിക്കുവാനും, ചിലവഴിക്കുവാനുമുള്ള സ്വാത ന്ത്ര്യം നൽകുകയും ചെയ്തിരിക്കുന്നു.

ഇത് ഇസ്‌ലാമിക നിയമത്തിൻെറ നന്മയിൽ പെട്ടതാണ്. കാരണം സ്ത്രീക്ക് വളരെ പ്രാധാന്യവും, അപകടകരവുമായ ഉത്തരവാദിത്വമാണുള്ളത്, അത് സന്താനങ്ങളെ പ്രസവിക്കുക, അവരെ വളർത്തുക എന്നതാകുന്നു, ഈ ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ അതിന് ഒഴിഞ്ഞിരിക്കുക തന്നെ വേണം. അത്പോലെ സ്ത്രീ ബലഹീനയാണ്, ജോലി ചെയ്യുകയെന്നത് അവൾക്ക് ബുദ്ധിമുട്ടും, അവളെ കൂടുതൽ ബലഹീനമാക്കുകയും ചെയ്തേക്കാം. അത്പോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്, സ്ത്രീ പുരുഷന്മാരുടെ ദൗർബ്ബല്യമാണ്, അത് കൊണ്ട് തന്നെ ജോലിക്ക് പോവുകയെന്നത് അവൾക്കും അവളുടെ ദീനിനും കുഴപ്പമുണ്ടാക്കുന്നതോടൊപ്പം പുരുഷനും അവൻെറ ദീനിനും കുഴപ്പമുണ്ടാക്കുന്നതാണ്. എന്നാൽ മതപരമായ നിയമങ്ങൾ പാലിക്കപ്പെടുകയാണെങ്കിൽ അവൾക്ക് ജോലിക്ക് പോകാവുന്നതാണ്, സമ്പാദിക്കാവുന്നതാണ്. പ്രസവിക്കുക, സന്താനങ്ങളെ വളർത്തുക പോലെയുള്ള തൻെറ ഉത്തരവാദിത്തത്തിന് വീഴ്ച വരുത്താതെ, ഇസ് ലാമിക വേഷം ധരിച്ച്, പുരുഷന്മാരുമായി കൂടികലരുകയോ, അവരു മായി ഒറ്റക്കിരിക്കുന്ന സാഹചര്യങ്ങളോ ഉണ്ടാവാത്ത തരത്തിൽ അവ ൾക്ക് ജോലി ചെയ്യാവുന്നതാണ്. എന്നാൽ അടിസ്ഥാന പരമായി ഇ സ്‌ലാമിൽ സ്ത്രീ സുരക്ഷിതയാണ്. പിതാവോ, ഭർത്താവോ, മകനോ, സഹോദരനോ ആയ പുരുഷനാണ് അവളുടെ ചിലവുകൾ വഹിക്കേ ണ്ടതും, അവളുടെ ആവശ്യങ്ങൾ നിർവ്വഹിച്ച് കൊടുക്കേണ്ടതും.

രത്ന ചുരുക്കം: ഇസ്‌ലാം സ്ത്രീക്ക് അവളുടെ അവകാശം നൽകിയിരിക്കുന്നു. അവൾ ഇസ്‌ലാമിക ശരിഅത്തിൻെറ തണലിൽ സൗഭാഗ്യവതിയായി, ആദരവുള്ളവളായി, അനുഗ്രഹീതയായി ജീവിക്കുന്നു. ഇസ്‌ലാമിൻെറ തണലിൽ സ്ത്രീക്ക് ലഭിക്കുന്ന അനുഗ്രഹത്തെപ്പോലെ എവിടെയുമില്ല. ഇസ്‌ലാം എന്ന അനുഗ്രഹം മുസ്‌ലീങ്ങൾക്ക് അനുഗ്രഹിച്ച് നൽകിയ അല്ലാഹുവിനാണ് സ്തുതികളഖിലവും.

☆ ☆ ☆ ☆

# നാല്:
# നിഷിദ്ധങ്ങളുടെ നിരോധത്തിലൂടെയുള്ള ഇസ്‌ലാമിൻെറ നന്മകൾ:

**"മാരണം,വ്യഭിചാരം,സ്വവർഗഭോഗം,പലിശ,മദ്യം,ചൂതാട്ടം സ്ത്രീയുടെ അഴിഞ്ഞാട്ടവും പുരുഷന്മാരുമായി ഇടകലരലും"**

ഇസ്‌ലാം നല്ലത് അതിൻെറ നന്മകൊണ്ടും, ഭംഗികൊണ്ടും അനുവദനീയമാക്കുകയും, ചീത്ത കാര്യങ്ങൾ അത്കൊണ്ടുണ്ടാകുന്ന തിന്മ കൊണ്ടും, ബുദ്ധിമുട്ടുകൾ കൊണ്ടും, മ്ളേഛതകൾ കൊണ്ടും നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ ٱلنَّبِىَّ ٱلْأُمِّىَّ ٱلَّذِى يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ ﴾ (الأعراف:١٥٧)

“(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവ ദൂതൻ (മുഹമ്മദ് നബി) അവരോട് സദാചാരം കല്പിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു” (അഅ്റാഫ്: 157)

ഇസ്‌ലാം നിഷിദ്ധമാക്കിയ അനേകം കാര്യങ്ങളുണ്ട്, അതിൽ ചില നിഷിദ്ധങ്ങളെയും, അത്പ്രവർത്തിച്ചാലുണ്ടാകുന്ന ചില ഭീകരമായ കുഴപ്പങ്ങളെയും, അത് നിഷിദ്ധമാക്കിയതിലൂടെ പ്രകടമാവുന്ന ഇസ്‌ലാമിൻെറ നന്മകളുമാണ് ഇവിടെ ചുരുക്കി വിവരിക്കുന്നത്. ഇങ്ങനെയുള്ള നിഷിദ്ധങ്ങളിൽ പ്രവേശിക്കുന്നത് ഇസ്‌ലാം വിലക്കിയിട്ടുണ്ട്, മാത്രമല്ല അത് പ്രവർത്തിക്കുന്നവന് വേദനാജനകമായ ശിക്ഷ അഭിമുഖീകരിക്കേണ്ടിവരുമെന്ന് താക്കീത് നൽകുകകൂടി ചെയ്തിരിക്കുന്നു ഇസ്‌ലാം. അങ്ങിനെയുള്ള ചില നിഷിദ്ധങ്ങൾ താഴെ കൊടുക്കുന്നു:

## ഒന്ന്: മാരണം:

മാരണക്കാരൻ മാരണം ചെയ്യപ്പെടുന്ന വ്യക്തിയുടെ ഹൃദയത്തിലോ, ശരീരത്തിലോ, ബുദ്ധിക്കോ എന്തെങ്കിലും കുഴപ്പമുണ്ടാക്കുവാൻ വേണ്ടി മറഞ്ഞ വഴിയിലൂടെ ചെയ്യുന്ന മന്ത്രങ്ങളും, കെട്ടുകളുമാകുന്നു സിഹ്റ്.

### മാരണം കൊണ്ടുള്ള ഉപദ്രവവും, അത് വിലക്കിയത് കൊണ്ടുള്ള നന്മകളും:

മാരണം മാരണക്കാരൻെറയും പിശാചിൻെറയും ഇടയിലുള്ള ഒരു ബന്ധമാകുന്നു, അവർ രണ്ടുപേരും നിന്ദ്യരായ ശരീരങ്ങളാകുന്നു, അവ

ർ അവരുടെ ഉദ്ദേശങ്ങൾ പൂർത്തീകരിക്കുവാൻ വേണ്ടി ഒരുമിച്ചിരിക്കുകയാണ്. രണ്ട് മ്ളേഛരരായ വ്യക്തികൾ ഒരുമിച്ചാൽ അവരുടെ ആഗ്രഹങ്ങൾക്കും യാതൊരു അതിരുമുണ്ടാവില്ല, അവരുടെ ലക്ഷ്യങ്ങൾ അവസാനിക്കുകയുമില്ല. അത്കൊണ്ട് തന്നെ മാരണം കൊണ്ട് സമൂഹത്തിൽ ഉണ്ടാകുന്ന കുഴപ്പങ്ങളും, ഫസാദുകളും ഭീകരവും, ഭയാനകവുമാണ്. ഇതിൽപെട്ട ചിലത് താഴെ സൂചിപ്പിക്കുന്നു:

1- സിഹ്റ് ശരീരത്തിലും, ബുദ്ധിയിലും സ്വാധീനം ചെലുത്തുന്നു, മാരണം ചെയ്യപ്പെട്ട വ്യക്തി മനുഷ്യനാണ് ഒരുപക്ഷേ, അവൻ സ്വന്തം തന്നെ അക്രമം പ്രവർത്തിക്കുകയും, അന്യായമായി ആത്മഹത്യ ചെയ്യുകയോ, സ്വന്തം ശരീരത്തെയും ബുദ്ധിയെ അക്രമിക്കുകയും, അവൻെറ കഴിവ് നഷ്ടപ്പെടുകയും, പാഴായി പോവുകയും ചെയ്യും. അത്മുഖേന സ്വന്തത്തിനും, സമൂഹത്തിനും നഷ്ടം സംഭവിക്കുന്നു.

2- മാരണക്കാരൻ അറിയാത്ത മാർഗത്തിലൂടെയാണ് മാരണം ചെയ്യുക, അത്കൊണ്ട്തന്നെ അവനെ ഇഹലോകത്തെ ശിക്ഷ പിടികൂടുന്നില്ല, ഗറില്ലാപോരാളികൾ ഒളിഞ്ഞ് നിന്ന്കൊണ്ട് ജനങ്ങളെ അക്രമിക്കുന്നത്പോലെ, അവർ ഓടി രക്ഷപ്പെടുന്നു, അവരെ പിടികൂടുന്നില്ല, ഇത്കൊണ്ട് തന്നെ അതിൻെറ ഉപദ്രവം വ്യാപിക്കുകയും, അപകടം വർദ്ധിക്കുകയും ചെയ്യും. കാരണം അവർ ശിക്ഷയിൽ നിന്ന് സുരക്ഷിതമാവുന്നു, ഇത്പോലെ മാരണക്കാരനും ശിക്ഷയിൽ നിന്ന് സുരക്ഷിതമാണ്, അത്കൊണ്ട് തന്നെ അവൻെറ ഉപദ്രവം വർദ്ദിക്കുകയും, ഭൂമിയിലും, ജനങ്ങൾക്കിടയിലും കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നു, ജനങ്ങൾക്കറിയില്ല കുഴപ്പം എവിടെനിന്നാണ് വന്നതെന്ന്.

3- അല്ലാഹു പറയുന്നു:

﴿ وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنفَعُهُمْ ﴾ (البقرة:١٠٢)

“അവർക്കു തന്നെ ഉപദ്രവമുണ്ടാക്കുന്നതും, ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ച് കൊണ്ടിരിക്കുന്നത്” (അൽബഖറ:102)

മാരണത്തിൽ വെറും ഉപദ്രവം മാത്രമേയുള്ളൂ, അതിൽ യാതൊരു മാർഗേണയും നന്മയില്ല. ആദ്യമായി ഉപദ്രമേറ്റുവാങ്ങുന്നത് മാരണക്കാരൻ തന്നെയാണ്, കാരണം തൻെറ നിയന്ത്രണത്തെ ശത്രുവായ, ഉപദ്രവം ചെയ്യുവാൻ അത്യാഗ്രഹിയായ പിശാചിനെ ഏൽപിച്ച് കൊടുക്കുകയാണ്. കണ്ണുകൾ കൊണ്ട് കാണുവാൻ കഴിയാത്ത ശത്രുവിനെ അതിജയിക്കുവാനോ, അവനിൽ ആദിപത്യം ചെലുത്തുവാനോ മനുഷ്യന് സാധ്യമല്ല.

എന്നാൽ മറ്റുള്ളവർക്കുണ്ടാകുന്ന ഉപദ്രവം വളരെ പ്രകടവും, വ്യക്തവുമാണ്.

4- മാരണം സമാധാനമായി ജീവിക്കുന്ന വീടുകളെ തകർക്കുകയും, പരസ്പരം സ്നേഹിക്കുന്നവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുകയും, സ്നേഹത്തിൽ ജീവിക്കുന്ന കുടുംബത്തെ തകർക്കുകയും ചെയ്യുന്നു. ഇത് മാരണം കൊണ്ടുണ്ടാകുന്ന ഉപദ്രവമാണ്. ഇതിൻെറ ഫലമായി രോഗത്താൽ പുരുഷൻ തൻെറ ഇണയെ വെറുക്കുകയോ, അതല്ലെങ്കിൽ അവൾ അവനെ വെറുക്കുകയോ ചെയ്യുന്നു, അവസാനം ഓരോരുത്തരും തൻെറ ഇണയെ വേർപിരിയുന്നതിലേക്കാണ് മാരണത്തിൻെറ പര്യാവസാനം ഉണ്ടാവുന്നത്. അല്ലാഹു പറയുന്നു:

﴿ فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِۦ بَيْنَ ٱلْمَرْءِ وَزَوْجِهِۦ ﴾

(البقرة:١٠٢)

“അങ്ങിനെ അവരിൽ നിന്ന് ആളുകൾ ഭാര്യഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കാനുള്ള തന്ത്രങ്ങൾ പഠിച്ച് കൊണ്ടിരിക്കുന്നു” (അൽബഖറ:102) കുടുംബം തകർന്നാൽ സമൂഹത്തിൽ കുഴപ്പം അധികരിക്കുന്നതാണ്.

5- മാരണം എന്നുള്ളത് യുക്തിബോധത്തിൽ നിന്ന് കെട്ട്കഥകളിലേക്കും, അടിസ്ഥാന രഹിതമായതിലേക്കുമുള്ള കൂടുമാറ്റമാണ്. അതിനുള്ള കാരണം മാരണം അറിയപ്പെട്ട വിജ്ഞാനം കൊണ്ടോ, പ്രവർത്തന പരിചയം മൂലമോ പ്രവർത്തിക്കുന്നതല്ല, മറിച്ച് ഗോപ്യമായ വഴിയിലൂടെ പിശാചിൻെറ സഹായത്തോടെയാണ് അത് സാധ്യമാവുന്നത്. അത്കൊണ്ട് തന്നെ ജനങ്ങളുടെ അജ്ഞത കൊണ്ടും, അവരുടെ ബലഹീനതകൊണ്ടും തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്ന മുഴുവനാളുകളും ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ മുഴുകുന്നു. പ്രത്യക്ഷത്തിൽ കാണുവാൻ കഴിയുന്ന കാരണങ്ങളിലൂടെ തങ്ങളുടെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കേണ്ടതിന് പകരം ഇങ്ങനെയുള്ള കാര്യങ്ങളിലൂടെയാണ് ഇവർ ലക്ഷ്യം നേടിയെടുക്കുന്നത്. അങ്ങിനെ ജന മനസുകളെ കണക്ക് നോട്ടക്കാർ, മാരണക്കാർ, കള്ളവാദികൾ, ജോൽസ്യന്മാർ എന്നിവരിൽ തളച്ചിടുകയും, ജനങ്ങൾ നേരിടുന്ന പരീക്ഷണങ്ങൾ അവരുടെ സമ്പത്തുക്കൾ അയഥാർത്ഥമായി തിന്ന്കൊണ്ട് അവരെ ഒന്നുകൂടി കെട്ട്കഥകൾ കൊണ്ട് പ്രയാസത്തിലേക്കും, ഊഹാപോഹങ്ങളിലേക്കും തള്ളിവിടുകയും ചെയ്യുന്നു. ഇത് കൊണ്ടുണ്ടാകുന്നത് മതം താറുമാറാകുന്നതോടൊപ്പം തന്നെ അവരുടെ സമ്പത്തും സമയവും നഷ്ടപ്പെടുകയും ചെയ്യുന്നു.

6- മാരണക്കാരൻ വാടക കൊലയാളിയാണ്, ധനത്തിന്വേണ്ടി ദമ്പതിമാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കി, അല്ലെങ്കിൽ കുടുംബത്തിലെ ചില അംഗങ്ങൾക്കോ, ഒരു അംഗത്തിനോ നിത്യരോഗമുണ്ടാക്കി കുടുംബത്തെ ശിഥിലമാക്കുന്നു. അങ്ങിനെ ആ കുടുംബം മുഴുവനും അ

വൻെറ ശാരീരികമോ, മാനസികമോ, സാമ്പത്തികമോ ആയ രോഗം മാറുവാൻ വേണ്ടി വിശ്രമമില്ലാതെ പരിശ്രമിക്കുന്നു, മാത്രമല്ല ചിലപ്പോ ൾ മാരണം മുഖേന കൊല നടക്കുകയോ, അതല്ലെങ്കിൽ നീണ്ട കാലം പ്രയാസം അനുഭവിപ്പിച്ച് കൊണ്ട് അവസാനം ആ മാരണം മു ഖേന മരണത്തിലേക്ക് എത്തുകയും ചെയ്യുന്നു. ഈ തെറ്റുകളെല്ലാം ചെയ്യുന്നത് പണത്തിന് വേണ്ടി മാത്രമാണ്.

ഇങ്ങനെയുള്ള ഉപദ്രവങ്ങൾ കൊണ്ടും, ഭീകരമായ ബുദ്ധിമുട്ടുകൾ കൊണ്ടുമാണ് ഇസ്‌ലാം സിഹ്റ് നിരോധിച്ചിട്ടുള്ളത്. മാരണം ചെയ്യുന്നവൻ കാഫിറാണ്, ഇസ്‌ലാമിൽ അതിനുള്ള ശിക്ഷ വധമാകുന്നു.

## രണ്ട്: വ്യഭിചാരം:

വ്യഭിചാരം വൻപാപങ്ങളിൽ പെട്ടതും, വളരെ മ്ളേഛവും ദുഷിച്ചതുമായ പ്രവർത്തനമാകുന്നു. അല്ലാഹു പറയുന്നു:

﴿ وَلَا تَقْرَبُوا۟ ٱلزِّنَىٰٓ ۖ إِنَّهُۥ كَانَ فَٰحِشَةً وَسَآءَ سَبِيلًا ﴿٣٢﴾ ﴾ (الإسراء:٣٢)

“നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീച വൃത്തിയും ദുഷിച്ച മാർഗവുമാകുന്നു” (ഇസ്റാഅ്:32)

വ്യഭിചാരത്തിൻെറ ഉപദ്രവങ്ങൾ കൊണ്ടും, അതിൻെറ ഭീകരമായ പര്യവസാനം കൊണ്ടുമാണ് അല്ലാഹു അത് വിലക്കിയിട്ടുള്ളത്, അത് ചെയ്യുന്നവരെ ഇരുലോകത്തും കഠിന ശിക്ഷ പിടികൂടുമെന്ന് പറഞ്ഞ് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. വ്യഭിചാരം മൂലമുണ്ടാകുന്ന കുഴപ്പങ്ങൾ വളരെ കൂടുതലാണ്, പ്രധാനമായും അവയെ ശാരീരികം, സാമൂഹികം, മതപരം എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

### മതപരമായി:

അല്ലാഹുവിനെ ഭയപ്പെടുന്നതിൽ നിന്നും അകലുന്നു.

അല്ലാഹു ഇങ്ങനെയുള്ള മുഴുവൻ നിഷിദ്ധങ്ങളെയും വിരോധിച്ചിരിക്കുന്നു, കാരണം അല്ലാഹു അത്‌വെറുക്കുന്നു. ഈ നിഷിദ്ധമായ കാര്യങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് വിദൂരമാകുന്നു. ഇതിൽ പെട്ടതാണ് വ്യഭിചാരം. അല്ലാഹു പറയുന്നു:

﴿ كُلُّ ذَٰلِكَ كَانَ سَيِّئُهُۥ عِندَ رَبِّكَ مَكْرُوهًا ﴿٣٨﴾ ﴾(الإسراء:٣٨)

“അവയിൽ (മേൽപ്പറഞ്ഞ കാര്യങ്ങളിൽ) നിന്നെല്ലാം ദുഷിച്ചത് നിൻെറ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാകുന്നു” (ഇസ്റാഅ്:38)

വിശ്വാസം ബലഹീനമാകുന്നു:

**സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിനനുസരിച്ച് വിശ്വാസം വർദ്ദിക്കുകയും, ദുഷ്കർമ്മങ്ങൾ ചെയ്യുന്നതിനനുസരിച്ച് വിശ്വാസം കുറയുകയും ചെയ്യുന്നു. വ്യഭിചാരം വൻപാപങ്ങളിൽ പെട്ടതും, ഏറ്റവും ദുഷിച്ചതുമാണ്. അത് ചെയ്യുന്നവൻെറ വിശ്വാസത്തിൻെറ പ്രകാശത്തിന് മങ്ങലേൽക്കുകയും, അവൻെറ ഹൃദയം അതിനെ തൊട്ട് ബലഹീനമാവുകയും ചെയ്യുന്നതാണ്, മാത്രമല്ല ചിലപ്പോൾ അവൻെറ വിശ്വാസം പാടെ നശിക്കുവാനും ഇടയുണ്ട്. അബൂഹുറൈറ ﷺ പറയുന്നു:**

فعن أبي هريرة ﷺ عن النبي ﷺ قال:«لا يزني الزاني حين يزني وهـــو مؤمن» (١).

**"പ്രവാചകൻ ﷺ പറയുന്നു: "ഒരു വ്യഭിചാരി വിശ്വാസിയായിരിക്കെ വ്യഭിചരിക്കുകയില്ല"**

﴿ وَٱلَّذِينَ لَا يَدۡعُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ وَلَا يَقۡتُلُونَ ٱلنَّفۡسَ ٱلَّتِي حَرَّمَ ٱللَّهُ إِلَّا بِٱلۡحَقِّ وَلَا يَزۡنُونَۚ وَمَن يَفۡعَلۡ ذَٰلِكَ يَلۡقَ أَثَامٗا ﴿٦٨﴾ يُضَٰعَفۡ لَهُ ٱلۡعَذَابُ يَوۡمَ ٱلۡقِيَٰمَةِ وَيَخۡلُدۡ فِيهِۦ مُهَانًا ﴿٦٩﴾ إِلَّا مَن تَابَ ﴾ (الفرقان:٦٨-٧٠)

**"അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും, വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അവന്നു ശിക്ഷ ഇരട്ടിയാക്കപ്പെടുകയും, നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചു കൂട്ടുകയും ചെയ്യും. പശ്ചാതാപിച്ചവരൊഴികെ" (ഫുർഖാൻ: 68-70)**

---

(١) رواه البخاري في صحيحه –مع الفتح-: ١١٩/٥، برقم (٢٤٧٥)، ومســـلم: ٧٦/١-٧٧، برقم (٥٧).

## സാമൂഹ്യമായ ഉപദ്രവങ്ങൾ:

വ്യഭിചാരത്താൽ ഉണ്ടാകുന്ന സാമൂഹ്യപരമായ ഉപദ്രവങ്ങൾ അനവധിയാണ്, അതിൽ ചിലത് താഴെ കൊടുക്കുന്നു:

1- സമാധാനമായി ജീവിക്കുന്ന കുടുംബത്തെ വ്യഭിചാരം തകർക്കുന്നു. ഇത് വ്യത്യസ്ഥ രൂപത്തിലൂടെയായിരിക്കാം.

വിവാഹം കഴിച്ച പരുഷൻ വ്യഭിചരിക്കുകയാണെങ്കിൽ അവന് തൻെറ ഭാര്യയിൽ ആഗ്രഹമില്ലാതെ വരുകയും, അതുമുഖേന അവരുടെ ബന്ധത്തിൽ വിള്ളലുണ്ടാവുകയും, ഭർത്താവിന് തന്നിൽ യാതൊരു ആഗ്രഹവുമില്ലായെന്ന് ഭാര്യക്ക് തോന്നുകയും ചെയ്യുന്നു. അതുപോലെ ഭർത്താവിൻെറ അവിഹിത ബന്ധം അവൾ അറിയുകയാണെങ്കിൽ അവന് ഭാര്യ ഒരു ഭാരമായി തീരുകയും, തൻെറ ഇഛകളും, ആഗ്രഹങ്ങളും പൂർത്തീകരിക്കുന്നതിന് ഒരു തടസ്സമായി അനുഭവപ്പെടുകയും ചെയ്യുന്നതാണ്. അങ്ങിനെ ആ കുടുംബം ദു:ഖവും, പ്രയാസവും അനുഭവപ്പെടുന്ന കേന്ദ്രമാവുകയും, വൈവാഹിക പ്രശ്നങ്ങളുടെ വാതിലുകൾ തുറക്കുകയും ചെയ്യുന്നതാണ്, ഇതിന് പരിഹാരം ഭർത്താവ് തൻെറ ദുഷിച്ച സ്വഭാത്തിൽ നിന്ന് പിൻതിരിയലാണ്, അല്ലെങ്കിൽ ആ കുടുംബം തകരും.

എന്നാൽ സ്ത്രീയാണ് ഇങ്ങനെയുള്ള അവിഹിതമായ വേഴ്ച നടത്തുന്നതെങ്കിൽ അവിടെ കുടുംബ തകർച്ചയും, കലഹങ്ങളും ഒന്നുകൂടി ശക്തിപ്പെടുകയും, യാഥാർത്ഥ്യമാവുകയും ചെയ്യുന്നതാണ്. കാരണം സ്ത്രീ പെട്ടെന്ന് വികാരത്തിന് അടിമപ്പെടുകയും, മനക്കരുത്തോടെ കാര്യം കൈകാര്യം ചെയ്യാൻ കഴിയാതെ അവളുടെയും, കുടുംബത്തിൻെറയും, സന്താനങ്ങളുടെയും നാശത്തിൽ പെട്ടെന്ന് കലാശിക്കുകയും ചെയ്യുന്നതാണ്. അതിൻെറ പര്യാവസാനത്തിൻെറ ഭീകരത അല്ലാഹുവിനല്ലാതെ ആർക്കുമറിയില്ല.

2- വ്യഭിചാരത്തിലൂടെ ഉണ്ടാകുന്ന സന്താനത്തിൻെറ പ്രശ്നം വളരെ സങ്കീർണവും ഗുരുതരവുമാകുന്നു. അതിൽ ചിലത് തഴെ കൊടുക്കുന്നു:

ഒന്ന്: യഥാർത്ഥ ഭർത്താവിൽ നിന്നാല്ലാതെ സ്ത്രീ ഗർഭം ധരിക്കുകയും, അങ്ങിനെ ആരുമറിയാതെ സ്വന്തം ഭർത്താവിൻെറ പേരിലും കുടുംബത്തിലും വിദേശിയെ പ്രവേശിപ്പിക്കുന്നു. ഇതിൻെറ പിന്നിൽ ഒട്ടനവധി അപകടങ്ങളും, എണ്ണമറ്റ നിഷിദ്ധങ്ങളും ഉണ്ടായിതീരുകയും, അവളെയും അവരെയും ഉപദ്രവം വലയം ചെയ്യുകയും ചെയ്യുന്നു. അങ്ങിനെയുള്ള സ്ത്രീകൾ അതികഠിനമായ താക്കീതിന് വിധേയയായിരിക്കുന്നതാണ്. പ്രവാചകൻ ﷺ പറയുന്നു:

بقوله: ﷺ «أيما امرأة أدخلت على قومٍ رجلاً ليس منهم، فليست من

الله في شيء ولا يدخلها الله الجنة»(١).

“ഏതെങ്കിലും ഒരു സ്ത്രീ അവരിൽ പെടാത്ത വ്യക്തിയെ അവരുടെ കുടുംബത്തിൽ പ്രവേശിപ്പിക്കുകയാണെങ്കിൽ (വ്യഭിചാലത്തിലൂടെ പ്രസവിക്കുകയാണെങ്കിൽ) അല്ലാഹുവിൻെറയടുത്ത് അവൾക്ക് യാതൊന്നും ഇല്ല, അവളെ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുകയുമില്ല”

രണ്ട്: ഈ കുഞ്ഞിൻെറ കാര്യത്തിൽ ഭർത്താവിന് സംശയം ഉണ്ടാവുകയും, ചിലപ്പോൾ അതിനെ സ്വീകരിച്ചാലും ഒരു പക്ഷെ, അത് തൻെറ മാനസിക പിരിമുറുക്കത്തിന് ഒരു കാരണമായിതീരുകയും ആത് മഹുതി ചെയ്യുകയോ, അല്ലെങ്കിൽ ആ കുഞ്ഞിനെയോ, ഭാര്യയേയോ, അതുമല്ലെങ്കിൽ മുഴുവനാളുകളെയും വധിക്കുന്നതിലേക്ക് എത്തിച്ചേർ ക്കുകയും ചെയ്തേക്കാം.

ഭർത്താവ് കുഞ്ഞിനെ സ്വീകരിച്ചില്ലായെങ്കിൽ അവനവളെ ശപിക്കുകയും, അങ്ങിനെ കുടുംബം ശിഥിലമാവുകയും, ഭാര്യ വഷളാവുകയും, ഇതുമൂഖേന അവളുടെ കുടുംബം നിന്ദ്യരും നീചരുമായി തീരുന്നതാണ്.

മൂന്ന്: ഭർത്താവ് ഇല്ലാത്ത സ്ത്രീയാണ് ഇങ്ങനെയുള്ള കാര്യം ചെയ്യുന്നതെങ്കിൽ ആ ഗർഭം കൊണ്ട് അവൾ വഷളാവുകയും ചെയ്യും. ഇതിൻെറ പര്യാവസാനം രണ്ട് രീതിയിലായിരിക്കാം.

വ്യഭിചാരിണി ഗർഭാശയത്തിലുള്ള ചോരകുഞ്ഞിനെ നിഷിദ്ധമായി കൊല്ലുകയാണെങ്കിൽ അതവളുടെ കുറ്റം അധികരിപ്പിക്കുകയാണ് ചെയ്യുന്നത്, അങ്ങിനെ അവൾ ന്യായത്തിനല്ലാതെ ഒരു ശരീരത്തെ വധിച്ചതിനാൽ അവൾ വൻപാപങ്ങളിൽ അകപെട്ടിരിക്കുകയാണ്. അല്ലെങ്കിൽ അവൾ പ്രസവിച്ചതിന് ശേഷം കുഞ്ഞിനെ ഉപേക്ഷിക്കുകയോ, വളർത്തുകയോ ചെയ്താലും ശരി ആ കുഞ്ഞ് മാന്യത നഷ്ടപ്പെട്ട് കൊണ്ടാണ് ജീവിക്കുക, യാതൊരു തെറ്റും ചെയ്യാത്ത ആ കുഞ്ഞിനെ കണ്ണുകൾ പിൻപറ്റുകയും, കുത്തുവാക്കുകൾ പിന്തുടരുകയും ചെയ്യുന്നതാണ്, ദുർബ്ബല നിമിഷത്തിൽ പിശാചിൽ നിന്നും പ്രേരിതമായ ഇഛയേ പിൻപറ്റി തെറ്റിലകപ്പെട്ടതിനാൽ അതിലൂടെ ഉണ്ടാകുന്ന സന്താനത്തിന് ജീവിതം മുഴുവനും പ്രയാസമായി തീരുകയാണ്. അല്ലാഹുവിൻെറ കാരുണ്യവും, അനുഗ്രഹവും, അനുകമ്പയും, ഔദാര്യവും അവന് ലഭിച്ചില്ലായെങ്കിൽ അവൻ ആരും വളർത്തുവാനും ശിക്ഷണം നൽകുവാനുമില്ലാതെ തോന്ന്യാവാസത്തിലൂടെ വളർന്ന് അവനിലൂടെ ആ സമൂഹം തന്നെ ദുഷിക്കുവാനും കാരണമായി തീരം.

---

(١) رواه أبو داود في سننه: ٢/٦٩٥ –٦٩٦، برقم (٢٢٦٣)، والنسائي في سننه: ٦/٤٩٠– ٤٩١، برقم (٣٤٨١).

3- അവിവാഹിതയായ സ്ത്രീ വ്യഭിചരിക്കുകയും, അതിലൂടെ ഗർഭം ധരിച്ചില്ലായെങ്കിലും അവൾ വൈവിധ്യമായ കടമ്പകൾക്കും, രാത്രി അവളെ സന്ദർശിക്കുന്നവരുടെ അനേകം സന്ദർശനത്തിന് വി.ദധേയമായി തീരുന്നതാണ്. ഇങ്ങനെയുള്ള കടമ്പകളിൽ ചിലത് താഴെ കൊടുക്കുന്നു:

(1)- സ്ത്രീയുടെ അമൂല്യനിധി അവളുടെ ചാരിത്ര്യമാണ്, അത് വ്യഭിചാരത്തിലൂടെ നഷ്ടപ്പെടുകയാണെങ്കിൽ പുരുഷന്മാർ അവളുമായി കളിക്കുകയും, അവളെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നതാണ്. ഇക്കാരണമായി അവൾ നിന്ദ്യതയിൽ ജീവിക്കേണ്ടി വരുന്നു, അവൾ പശ്ചാതാപിക്കുകയാണെങ്കിൽ അല്ലാഹു അവളുടെ പശ്ചാതാപം സ്വീകരിക്കുകയും ചെയ്തേക്കാം, എന്നാലും അവളെ വെറുക്കുന്നവരിൽ നിന്നും ശ്രവിച്ചിട്ടുള്ളത് അവശേഷിക്കുക തന്നെ ചെയ്യുന്നതാണ്.

(2)- അവളുടെ കുടുംബത്തിൻെറ ചീത്തപ്പേരിനും, ജനങ്ങളുടെ കുത്തുവാക്കിനും, പരിഹാസത്തിനും, അർഹമായി തീരുകയും, അവരുടെ മാന്യതക്ക് ഭംഗം വരുകയും ചെയ്യുന്നതാണ്.

(3)- അവളുമായി മ്ളേഛകാര്യങ്ങളിൽ പങ്ക്ചേർന്ന വ്യക്തികൾ തൻെറ നീചപ്രവർത്തിയിൽ നിന്നും വിരമിച്ച് അല്ലാഹുവിനോട് പശ്ചാതാപിക്കുകയും ചെയ്ത് പൂർവ്വിക സ്ഥിതിഗതികളൊന്നും തന്നെ അറിയാത്ത ഭർത്താവുമായി ജീവിക്കുന്നവളോട് വീണ്ടും അവരുടെ ആഗ്രഹങ്ങൾ സഫലീകരിക്കുവാൻ നിരന്തരം ആവശ്യപ്പെട്ട് കൊണ്ടിരിക്കും. അങ്ങിനെ പണ്ടെന്നോ ചെയ്ത ഒരു പ്രവർത്തനം കുത്തിപ്പൊക്കിക്കൊണ്ട് സൗഭാഗ്യത്തോടെ ജീവിക്കുന്നവരെ വഴിയാധാരമാക്കുന്ന ആളുകളും ഉണ്ട് സമൂഹത്തിൽ, അങ്ങിനെ വീണ്ടും അവളെ അങ്ങിനെയുള്ള പ്രവർത്തനത്തിലേക്ക് തള്ളിവിടുകയും, അവളെ വഷളാക്കുകയും, ആ കുടുംബത്തെ നശിപ്പിക്കുകയും ചെയ്യുന്നു. അവസാനം ആ സ്ത്രീക്ക് ഉള്ളത് രണ്ട് മാർഗാണ്, അതിൽ ഏറ്റവും നല്ലത് വളരെ കൈപുറ്റതാണ്.

4- അവിവാഹിതനായവൻ വ്യഭിചരിക്കുകയാണെങ്കിൽ അത് സ്വയം തന്നെ ഉപദ്രവമുണ്ടാക്കുന്നതാണ്. അതിൽ ചിലത് താഴെ കൊടുക്കുന്നു:

(1)- ഇതറിയുന്ന സ്ത്രീയുടെ കുടുംബം അവനോട് പകരം വീട്ടുവാൻ വഴിയോരങ്ങളിൽ പതിയിരിക്കുവാൻ സന്നദ്ധരാകുന്നു, അങ്ങിനെ അവനെ ഭയവും, വ്യസനവും, ആശങ്കയും, അസ്വസ്ഥതയും പിടികൂടും.

(2)- അവൻെറ കുടുംബത്തിന് അത് ഒരു അഭിമാനക്ഷതമാവുകയും, അവന് വിവാഹം കഴിപ്പിച്ച് കൊടുക്കുവാൻ ജനങ്ങൾ വെറുക്കുകയും ചെയ്യുന്നു, ഒരുപക്ഷേ, അവനെപോലെ ഫസാദിലും, കുഴ

പ്പത്തിലും അകപ്പെട്ടവരല്ലാതെ അവന് വിവാഹം കഴിപ്പിച്ച് കൊടുക്കുകയുമില്ല.

(3)- നീച പ്രവർത്തനത്തിലൂടെ ഉണ്ടാവുന്ന കുഞ്ഞ് അവൻെറ ജീവിതത്തിൻെറ ഓരോ ദിവസത്തെയും കറുത്തതാക്കുകയും, തകിടം മറിക്കുകയും ചെയ്യുന്നതാണ്, ആ കുഞ്ഞിനെ കാണുമ്പോൾ വ്യഭിചാരി മനസിലാക്കുന്നു തൻെറ മ്ളേഛ പ്രവർത്തനഫലമായിട്ടാണല്ലോ ആ സ്ത്രീയും, കുഞ്ഞും, കുടുംബവും ഈ പ്രയാസം മുഴുവനും അനുഭവിക്കുന്നത്. ആ പ്രയാസത്തിൻെറ തോത് എത്രമാത്രമാണെന്ന് അല്ലാഹുവിനല്ലാതെ ആർക്കുമറിയുകയില്ല. അതവനെ എപ്പോഴും അലട്ടി കൊണ്ടിരിക്കുന്നതാണ്.

(4)- വ്യഭിചാരം പതിവാക്കിയവർ എപ്പോഴും സംശയത്തിൻെറയും ഊഹാപോഹങ്ങളുടെയും നിഴലിലായിരിക്കും. പതിവൃതകളും മാന്യയുമായവളെ വിവാഹം കഴിച്ചാലും അവൻെറ പതിവും, ചര്യയും അനുസരിച്ച് കൊണ്ട് അവൻ തൻെറ ഇണയെ സംശയത്തിൻെറ കണ്ണിലൂടെ മാത്രമേ കാണുകയുള്ളൂ. അത്കൊണ്ട് തന്നെ അവൻെറ ജീവിതം നരക തുല്യമാവുകയും, തനിക്കും, തൻെറ ഭാര്യക്കുമത് മാനസികമായ ശിക്ഷയനുഭവിക്കുന്നതിന് തുല്യമായി തീരുന്നതുമാണ്.

5- സമൂഹത്തിൽ വ്യഭിചാരം വ്യാപിക്കുകയാണെങ്കിൽ പുരുഷന്മാർ കല്യാണം കഴിക്കുന്നത് വെറുക്കുവാനിടയുണ്ട്. അത് എണ്ണമറ്റ പ്രത്യഘാതങ്ങൾക്ക് വഴി തെളിക്കുന്നതാണ്. അതിൽപെട്ട ചിലത് താഴെ കൊടുക്കുന്നു:

(1)- സ്നേഹവും, ഇണക്കവും ലഭിക്കുന്ന കുടുംബജീവിതം കെട്ടിപടുക്കാത്തത് കൊണ്ട് തന്നെ അവ നഷ്ടപ്പെടുന്നു, അത്മുഖേന സമൂഹവുമായിട്ടുള്ള അവൻെറ ബന്ധം വിഛേദിക്കുകയും, കാരുണ്യവും, ബന്ധം ചേർക്കലും വിനഷ്ടമാവുകയും ചെയ്യുന്നു. സമൂഹവുമായിട്ടുള്ള അവിവാഹിതരുടെ ബന്ധം വളരെ മോശമായിരിക്കും, അവർ അവരിൽ തന്നെ ഒതുങ്ങികഴിയുന്നതാണ്, അവർ ആരുമായും ബന്ധപ്പെടുകയോ, മറ്റുള്ളവർ അവരുമായി ബന്ധപ്പെടുകയോ ചെയ്യില്ല.

(2)- പിൻഗാമികളും, സന്താനങ്ങളും കുറഞ്ഞ് വരും, വ്യഭിചാരിണികൾ അതിലൂടെയുണ്ടാകുന്ന സന്താനങ്ങളെ ഏറ്റെടുക്കുകയില്ല, അത് കൊണ്ട് തന്നെ സമൂഹത്തിലെ അംഗങ്ങൾ കുറഞ്ഞ് വരുന്നതാണ്.

(3)- വിവാഹത്തിൽ നിന്ന് ആളുകൾ അകലുകയാണെങ്കിൽ സമൂഹത്തിൽ വയസായ അവിവാഹിതരുടെ എണ്ണം വർദ്ദിക്കുകയും, അത് മുഖേന കുഴപ്പങ്ങളും, വ്യഭിചാരവും വർദ്ദിക്കുകയും ചെയ്യുന്നതാണ്.

2- **ശാരീരികമായ ഉപദ്രവങ്ങൾ:**

വ്യഭിചാരം വഞ്ചനാപരമായ കുറ്റവും, ചീത്ത പ്രവർത്തനവുമാണ്, അതുകൊണ്ട് തന്നെ അല്ലാഹു അതിന് ഇഹലോകത്തും പരലോകത്തും ശിക്ഷ നൽകുന്നതതിനാൽ വ്യഭിചാരികൾ ജീവിതം തന്നെ അപകടത്തിലാക്കുന്ന ദൈവിക ശിക്ഷയിൽ നിന്നും ഒരിക്കലും രക്ഷപ്പെടുകയില്ല, വ്യഭിചാരം കൊണ്ട് എണ്ണമറ്റ രോഗങ്ങളുണ്ടാകുമെന്ന് സ്ഥിരപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി:

1- എയിഡ്സ്: ശരീരത്തിൻെറ രോഗപ്രതിരോധശേഷി തന്നെ നശിപ്പിക്കുന്ന ഒരു രോഗമാണിത്, രോഗിയെ കാർന്ന് തിന്നുന്ന രോഗങ്ങൾക്ക് വിധേയമാവുകയും, അങ്ങിനെ മരണത്തിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു. ഇത് വ്യഭിചാരിയിൽ നിന്ന് വ്യഭിചാരിണിയിലേക്കും, വ്യഭിചാരിണിയിൽ നിന്ന് വ്യഭിചാരിയിലേക്കും വ്യഭിചാരത്തിലൂടെ വ്യാപിക്കുന്നു.

2- സിഫിലിസ് (SYPHILIS - VENEREAL DISEASES) സ്ത്രീപുരുഷന്മാരുടെ ലൈംഗികാവയവങ്ങളെയും, മറ്റു അവയവങ്ങളെയും ബാധിക്കുന്ന ഒരു തരം ബാക്ടീരിയയാണിത്, ശ രീരമാസകലം അത് നിറയുകയും, അങ്ങിനെ രോഗം അധികരിച്ച് ശ്വാസകോശത്തെയും, രക്തക്കുഴലുകളെയും ബാധിക്കുകയും ചെയ്യുന്നു.

3- ഗുണേറിയ: സ്ത്രീയുടെയും പുരുഷൻെറയും ലൈംഗികാവയവങ്ങളിൽ നിന്നും ഉൽഭവിക്കുന്ന ഒരു തരം കട്ടിയുള്ള ദ്രാവകങ്ങളിൽ നിന്ന് ബാധിക്കുന്ന രോഗമാണിത്. ഒരു പക്ഷേ, ഈ രോഗം വർദ്ദിച്ച് അൾസറും, അതുപോലെ സ്ത്രീക്കും പുരുഷനും വന്ധ്യതയുണ്ടാവാനും സാധ്യതയുണ്ട്.

ഇങ്ങനെയുള്ള രോഗങ്ങളും, പരീക്ഷണങ്ങളും ഉള്ളത്കൊണ്ട് തന്നെയാണ് അല്ലാഹു ഈ മ്ളേഛ പ്രവർത്തനം നിഷിദ്ധമാക്കിയിട്ടുള്ളത്. ഇത് മനുഷ്യരോടുള്ള അല്ലാഹുവിൻെറ കാരുണ്യവും, വിജയത്തിൻെറയും നന്മയുടെയും മാർഗത്തിലേക്കുള്ള നസന്മാർഗ പാതയും, ശാരീരികവും, മാനസികവും, സാമൂഹികവും, മതപരവുമായ ഐശ്വര്യം ലഭിക്കുവാനുള്ള കാരണവുമാകുന്നു.

## മൂന്ന്: സുവർഗഭോഗം:

വികാരശമനത്തിനായി പുരുഷൻ പുരുഷനെ തന്നെ സമീപിക്കുന്നതാണ് സുവർഗഭോഗം. ഇത് വളരെ മ്ളേഛവും, നിന്ദ്യവുമാണ്, മാത്രമല്ല അത്പ്രകൃതി വിരുദ്ധവും മതത്തിനും, പൗരുഷത്വത്തിനും നാശവുമാണ്. സ്വഭാവത്തിനും, അഭിമാനത്തിനും, വ്യക്തിത്വത്തിനും നിരക്കാത്തതുമാണ്. ഈ പ്രവർത്തനത്തിൽ ഏർപ്പെട്ട ലൂത്ത് നബിയുടെ സമൂഹത്തെ വേറെ ഒരു സമൂഹത്തെയും ശിക്ഷിക്കാത്ത രൂപത്തിൽ അല്ലാഹു ശിക്ഷിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿ فَلَمَّا جَآءَ أَمۡرُنَا جَعَلۡنَا عَٰلِيَهَا سَافِلَهَا وَأَمۡطَرۡنَا عَلَيۡهَا حِجَارَةً مِّن سِجِّيلٍ مَّنضُودٍ ﴿٨٢﴾ ﴾ (هود:٨٢)

"അങ്ങനെ നമ്മുടെ കൽപന വന്നപ്പോൾ ആ രാജ്യത്തെ നാം കീഴ് മേൽ മറിക്കുകയും അട്ടിയട്ടിയായി ചൂളവെച്ച ഇഷ്ടിക കല്ലുകൾ അവരുടെ മേൽ വർഷിക്കുകയും ചെയ്തു" (ഹൂദ്:82)

അല്ലാഹു അവരെ നശിപ്പിക്കുകയും,അവരുടെ വീടുകളെ കീഴ്മേൽ മറിക്കുകയും ചെയ്തു. ഈ മ്ളേചരമായ പ്രവർത്തനം അല്ലാഹുവിന്റെ ശിക്ഷയും കോപവും ഉണ്ടാക്കുന്നതാണ്. ഇതിന് അപകടകരമായ ഉപദ്രവങ്ങളുണ്ട്. അവയിൽ ചിലത് താഴെ:

1- സ്വവർഗഭോഗം പ്രകൃതി വിരുദ്ധമാണ്, ദു:സ്വഭാവിയും, നിന്ദ്യനുമല്ലാതെ അതിലേർപ്പെടുകയില്ല, ശുദ്ധിക്കും, വൃത്തിക്കും പകരമായി നിന്ദ്യതയിലേക്കും, മ്ളേച്ഛതയിലേക്കുമാണവൻ എത്തിപ്പെടുന്നത്. കാരണം വികാരശമനത്തിനായി സ്ത്രീകളെ സൃഷ്ടിച്ചിട്ടുണ്ട്. തലമുറകളുടെ നിലനിൽപിന്നും, ഭൂമിയുടെ പുരോഗത്തിക്കുമുള്ള ഒരു മാർഗവുമാണ് വികാരശമനത്തിന് സ്ത്രീകളെ ഉപയോഗിക്കുകയെന്നത്. എന്നാൽ സ്വവർഗഭോഗം പ്രകൃതിവിരുദ്ധവും, നിന്ദ്യതയും, അത്പ്രവർത്തിക്കുന്നവനും, അതിന് വിധേയമാകുന്നവനും പിശാചിന്റെ വാദത്തെ സത്യപ്പെടുത്തുന്നു. അല്ലാഹു പറയുന്നു:

﴿ وَلَأٓمُرَنَّهُمۡ فَلَيُغَيِّرُنَّ خَلۡقَ ٱللَّهِ ﴾ (النساء:١١٩)

"ഞാനവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടി (പ്രകൃതി)യെ അലങ്കോലപ്പെടുത്തും" (നിസാഅ്:119)

2- സ്വവർഗഭോഗത്തിനിരയാവുന്നവൻ തന്റെ പൗരുഷത്വത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്, അവൻ സമൂഹത്തിന് ഉപകാരപ്പെടുകയും, മതനിയമങ്ങൾ അനുസരിച്ച് ജീവിക്കുകയും ചെയ്യേണ്ടതിന് പകരം, അവൻ നിന്ദ്യനും, മ്ളേച്ഛനുമാവുകയും, പൗരുഷത്വത്തിന്റെ മുഴുവൻ ആശയങ്ങളും, ലജ്ജയും, സ്വഭാവവും നഷ്ടപ്പെടുകയും ചെയ്യുന്നു.

3- സ്വവർഗഭോഗം ജനങ്ങളുടെ നിന്ദ്യതക്കും, വെറുപ്പിനും കാരണമാവും, മാത്രമല്ല സമൂഹം സ്വവർഗഭോഗം നടത്തുന്നവരെ വെറുക്കുകയും അവഗണിക്കുകയും ചെയ്യുന്നു, കാരണം ജനങ്ങൾ അവനെ ഉപേക്ഷിക്കുകയും, വെറുക്കുകയും ചെയ്യുന്നതോടൊപ്പം അവനെ നിന്ദിക്കുകയും ചെയ്യുന്നതാണ്.

4- ഏയ്ഡ്സ് ഉണ്ടാകുവാനുള്ള പ്രധാപ്പെട്ട കാരണം കൂടിയാണ് സ്വവർഗഭോഗം. ഇന്ന് വരെ മരുന്ന് കണ്ട്പിടിക്കാത്ത ഈ മാരകമായ രോഗം ഈ മ്ളേച്ഛ പ്രവർത്തി ചെയ്യുന്നവരെ നശിപ്പിക്കുന്നു. ഈ ദുശ്കർമ്മികൾക്കുള്ള ദൈവിക ശിക്ഷയാണിത്. വികാര ശമനത്തിനായി സ്വവർഗഭോഗി നിഷിദ്ധവും മ്ളേച്ഛവുമായ മാർഗം അവലംബിച്ചതിനാൽ അല്ലാഹു അവർക്ക് ഈ മാരകമായ രോഗം നൽകുകയും, അങ്ങിനെ സമൂഹം മുഴുവനും വെറുക്കുകയും നിന്ദിക്കുകയും ചെയ്യുകയും യാതൊരു അനുകമ്പയും ലഭിക്കാത്ത രൂപത്തിൽ അവർ മരിക്കുകയും ചെയ്യുന്നു. ഇരുപത്തിഞ്ചിനും, നാൽപത്തഞ്ചിനും വയസിനിടയിൽ ഈ രോഗം ബാധിച്ച 95 ശതമാനം പുരുഷന്മാരിൽ 75 - 80 ശതമാനം പേരും സ്വവർഗഭോഗികാളാണെന്നാണ് കണക്കുകൾ വിളിച്ച് പറയുന്നത്.

ലോകരോഗ്യ സംഘടനയുടെ സെൻസസ് പ്രകാരം 17 ശതമാനം മാത്രമാണ് മയക്ക്മരുന്നിന് അടിമപ്പെട്ടിട്ടുള്ളത്. ഏയ്ഡ്സ് ആഫ്രിക്കയിൽ 2000 ത്തിൽ ഏകദേശം ഒരു മില്ല്യനും 800 ആളുകളെയുമാണ് കൊലചെയ്തത്. 2000 വരെ ഏകദേശം 11 മില്ല്യൻ ജനങ്ങളെയാണ് വധിച്ചത്. ഇത് 22 മില്ല്യനിലേക്ക് ഉയരുവാനും സാധ്യതയുണ്ട്.

## നാല്: സ്ത്രീകളുടെ അഴിഞ്ഞാട്ടം:

ഇത്കൊണ്ടുദ്ദേശിക്കുന്നത് സ്ത്രീകൾ അവരുടെ ഭംഗി പ്രകടിപ്പിച്ച് കൊണ്ട് നടക്കുകയെന്നതാണ്.

അനുവദിക്കപ്പെട്ടവരുടെ മുന്നിലല്ലാതെ തൻെറ ഭംഗി പ്രകടിപ്പിക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ടെന്നത് അറിയപ്പെട്ട കാര്യമാണ്. അല്ലാഹു പറയുന്നു:

﴿ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ ءَابَآئِهِنَّ... ﴾ (النور:٣١)

“അവരുടെ ഭർത്താക്കൾ, അവരുടെ പിതാക്കൾ ……. എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്” (നൂർ: 31)

സ്ത്രീകൾ അഴിഞ്ഞാടുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു: പടച്ചവൻ പറയുന്നു:

﴿ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَـٰهِلِيَّةِ ٱلْأُولَىٰ ﴾ (الأحزاب:٣٣)

“പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്” (അഹ്സാബ്:33)

സ്ത്രീകൾ അന്യരുടെ മുന്നിൽ തൻെറ സൗന്ദര്യം പ്രകടിപ്പിക്കുന്നത് കൊണ്ട് ഒരുപാട് ഫിത്നയും ഉപദ്രവങ്ങളുമുണ്ട്, അത്കൊണ്ടാണ് അല്ലാഹു അത് വിലക്കിയിട്ടുള്ളത്. അതിൽപെട്ട ചിലത് താഴെ കൊടുക്കുന്നു:

1- സ്ത്രീകൾ അവരുടെ ഭംഗി പ്രകടിപ്പിക്കുന്നതിലൂടെ പുരുഷന്മാരെ കുഴപ്പത്തിലാക്കുകയാണ്, ആണുങ്ങളുടെ കുഴപ്പങ്ങൾ ഭീകരമായിരിക്കും. അത് വിശക്കുന്നവൻ ഭക്ഷണം കാണുന്നവനെ പോലെയാണ്, അവന് ക്ഷമിക്കുവാൻ കഴിയില്ല. അത്പോലെ സ്ത്രീയുടെ സൗന്ദര്യം കാണുന്നവൻ അതിൽ മുഴുകി അവനതിൽ നിന്ന് രക്ഷപ്പെടുവാനും കഴിയില്ല. അതുമുഖേന അവൻെറ ദീനിനും ശരീരത്തിനും, ചിന്തക്കും കുഴപ്പമുണ്ടാക്കുന്നു. ഇതിൽ നിന്ന് രക്ഷ നേടുവാനുള്ള ഏക മാർഗം സ്ത്രീ ഇസ്‌ലാമിക പർദ്ദ ധരിക്കലാണ്.

2- സൗന്ദര്യം വെളിവാക്കി നടക്കുന്ന സ്ത്രീ അവളുടെ ശരീരത്തിലേക്ക് ക്ഷണിക്കുന്നവളാണ്, അവൾ അത് ഉദ്ദേശിക്കുന്നില്ലായെങ്കിലും, അവളുടെ അഴിഞ്ഞാട്ടം ഒരു പക്ഷേ, അവളുടെ മാന്യതക്കും, അഭിമാനത്തിനും ക്ഷതമേൽപിച്ചേക്കാം.

3- സ്ത്രീ അവളുടെ സൗന്ദര്യം അന്യർക്ക് പ്രദർശിപ്പിക്കുന്നതിലൂടെ മുസ്‌ലീം സ്ത്രീയിൽ ഉണ്ടാവേണ്ട ചാരിത്രശുദ്ധി ഇല്ലാതായി തീരുക യാണ് ചെയ്യുന്നത്. കാരണം സ്ത്രീ അവളുടെ സൗന്ദര്യം പ്രകടിപ്പി ക്കുന്നതിൻെറ ആശയം പുരുഷന്മാർ തൻെറ സൗന്ദര്യവും, ശരീരത്തി ൻെറ ആകാരവും കാണണം ആസ്വദിക്കണം എന്നാണ്.

4- വ്യഭിചാരത്തിലേക്കെത്തിപ്പെടുന്ന ഒരു വലിയ കാര്യമാണ് സൗന്ദര്യം പ്രകടിപ്പിക്കുകയെന്നത്. വ്യഭിചാരം നിഷിദ്ധമാണെന്നും, അതിൻെറ ഉപദ്രവങ്ങൾ എന്തൊക്കെയാണെന്നും നാം മനസിലാക്കി. സൗന്ദര്യം വെളിവാക്കുന്നത് അതിലേക്കെത്തിപ്പെടുന്ന ഒരു മാർഗമാകുന്നു. ആരെങ്കിലും വ്യഭിചാരത്തിൽ നിന്ന് മുക്തമാവാനും, ചാരിത്ര്യം സംരക്ഷിക്കുവാനാഗ്രഹിക്കുകയും ചെയ്യുന്നുവർ ഇതിൽ നിന്ന് പിൻതിരിയട്ടെ. കാരണം സ്ത്രീ അന്യരുടെ മുന്നിൽ സൗന്ദര്യം വെളിവാക്കുകയെന്നത് വ്യഭിചാരമാണെന്ന് പ്രവാചകൻ വിശദീകരിച്ചിട്ടുണ്ട്.

قوله عليه الصلاة والسلام:«إذا خرجت المرأة متعطرة فهي زانية»(١)

---

(١) رواه أبو داود في سننه: ٤/٤٠٠-٤٠١، برقم (٤١٧٣)، والترمذي في سننه: ٥/٩٨-٩٩، برقم (٢٧٨٦)، والنسائي في سننه: ٨/٥٣٢، برقم (٥١٤١)، وقال الترمذي: حديث حسن صحيح.

"സ്ത്രീ സുഗന്ധം പൂശി പുറത്തിറങ്ങുകയാണെങ്കിൽ അവൾ വ്യഭിചാരിണിയാണ്". ഇങ്ങനെ ചെയ്യുന്നവരുടെ വിധി പ്രവാചകൻ പറയുന്നത് അവൾ വ്യഭിചരിച്ച സ്ത്രീയെ പോലെയാണ്.. കാരണം ഒരു വ്യഭിചാരിണി തൻെറ ശരീരത്തിലേക്ക് വ്യഭിചാരികളെ ക്ഷണിക്കുന്നത് പോലെ, അവൾ തൻെറ സൗന്ദര്യത്തിലേക്ക് നോക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു, ഇതുപോലെ സൗന്ദര്യം പ്രകടിപ്പിക്കുന്നത് ഒരുപക്ഷേ, അങ്ങിനെ ചെയ്യുന്നവളെ വ്യഭിചാരത്തിലേക്കെത്തിക്കുന്നു, കാരണം അതൊരു മാർഗമാണ്. പുരുഷന്മാർ സൗന്ദര്യവും, ഭംഗിയും പ്രകടിപ്പിക്കുന്ന ആന്യസ്ത്രികളെ നോക്കുകയാണെങ്കിൽ അവളിൽ സുഖം ആസ്വദിക്കുവാൻ അവൻ ആഗ്രഹിക്കുന്നുവെന്ന കാര്യം അറിയപ്പെട്ടതാണ്. ഭൂരിപക്ഷം പുരുഷന്മാരുടെയും ഇങ്ങനെയുള്ള ഹൃദയത്തിലുള്ള രോഗം പ്രധാനമായും രണ്ട് അവസ്ഥയിലായിരിക്കും:

ഒന്നാമത്തെ അവസ്ഥ: അവളിലേക്ക് നോക്കുകയും, അവങ്ങിനെ വൻെറ ആവശ്യം അതിലൂടെ പൂർത്തിയാക്കുകയും ചെയ്യുന്നു, വേറെ ഒന്നിനും സാധ്യമല്ലായെങ്കിൽ ഇവിടം കൊണ്ടവസാനിപ്പിക്കുന്നു.

രണ്ടാമത്തെ അവസ്ഥ: മേൽ പറഞ്ഞതിനേക്കാൾ കൂടുതൽ അനുഭവിക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു, വ്യഭിചരിക്കുകയോ, അതല്ലെങ്കിൽ അതിൻെറ മുന്നോടിയായുള്ള കാര്യങ്ങൾ ചെയ്യുവാനോ പരിശ്രമിക്കുന്നു. ചാരിത്ര്യം കാത്ത് സൂക്ഷിക്കുന്ന പരിശുദ്ധകളായ ഏതെങ്കിലും സ്ത്രീകൾ അന്യ പുരുഷന്മാൽ തൻെറ ശരീരം കൊണ്ട് ഏതെങ്കിലും രൂപത്തിൽ ആസ്വദിക്കുന്നത് ഇഷ്ടപ്പെടുമോ? അത്കൊണ്ട് പതിവൃതകളായ മുസ്ലിം സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യമാണിത്.

## അഞ്ച്: അന്യപുരുഷന്മാരുമായി ഇടകലരൽ:

അന്യപുരുഷന്മാരുമായി സ്ത്രീകൾ ഇടകലരൽ അവിശ്വാസികളുടെ മാർഗവും, അവരുടെ സമ്പ്രദായവുമാണ്, എന്നാൽ ഇസ്ലാം പുരുഷന്മാർക്കും, സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം ജീവിത രീതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. വിവാഹം, വിവാഹം നിഷിദ്ധമായ കുടുംബ ബന്ധങ്ങൾ, വിവാഹബന്ധത്തിലൂടെയുള്ള കുടുംബ ബന്ധങ്ങൾ എന്നിവയിലൂടെയല്ലാതെ ആർക്കും സ്ത്രീയെ അധീനപ്പെടുത്തുവാൻ സാധ്യമല്ല. ഇതിലൂടെയല്ലാത്ത ഇതര ബന്ധങ്ങളെ ഇസ്ലാം വിരോധിക്കുന്നു. എന്നാൽ നിർബ്ബന്ധിതമായ സാഹചര്യങ്ങൾ സംജാതമാവുമ്പോൾ ഇസ്ലാം ഇളവ് നൽകുന്നുണ്ട്. അല്ലാഹുവിൻെറ ദൂതൻ പറയുന്നു:

«لا يخلونَّ رجل بامرأة إلا مع ذي محرم»(١)

"മഹ്റമല്ലാത്ത യാതൊരു പുരുഷന്റെയും കൂടെ ഒരു സ്ത്രീ ഒറ്റക്കിരിക്കരുത്"

«ما خلا رجلٌ بامرأة إلا كان الشيطان ثالثهما»(٢)

"ഒരു സ്ത്രീയുടെ കൂടെ ഒരാൾ ഒറ്റക്കിരിക്കുകയാണെങ്കിൽ മൂന്നാമതായി അവരുടെ കൂടെ പിശാചുണ്ടായിരിക്കും"

സ്ത്രീകൾ അന്യപുരുഷന്മാരുമായി ഇടകലർന്നാലുണ്ടാകുന്ന ഫിത്നകൾ ഭയന്ന് കൊണ്ട് ഇസ്ലാം അത് വിരോധിച്ചിരിക്കുന്നു. അതിൽ ചിലത് താഴെ കൊടുക്കുന്നു:

1- അല്ലാഹു വ്യഭിചാരം നിഷിദ്ധമാക്കിയിട്ടുണ്ട്, അതിലേക്ക് എത്തിക്കുന്ന മുഴുവൻ വാതിലുകളും അവന്റെ യുകത്തികൊണ്ടും, കാരുണ്യം കൊണ്ടും അടച്ചിട്ടുണ്ട്, സ്ത്രീയും പുരുഷനും ഇടകലരുകയെന്ന് വ്യഭിചാരത്തിലേക്ക് എത്തിക്കുന്നതാണെന്നത് വ്യക്തമാണ്.

2- സ്ത്രീയും പുരുഷനും ഇടകലരുന്നതിലൂടെ സമാധാനമായി ജീവിക്കുന്ന കുടുംബത്തെ തകർക്കുന്നു. കാരണം ഇടകലരുന്നതിലൂടെ സ്ത്രീയുടെ സൗന്ദര്യം ഒരാൾ കാണുകയും അയാളെ അൽഭുതപ്പെടുത്തുകയും, അവൾ വിവാഹിതയാണെങ്കിൽ ആ കുടുംബ ജീവിതത്തെ തകർത്ത് കൊണ്ട്, തന്നെ അൽഭുതപ്പെടുത്തിയ കാര്യം നേടുവാൻ അവൻ പരിശ്രമിക്കാനിടയുണ്ട്.

അവൾ അവിവാഹിതയാണെങ്കിൽ അവിടെ വ്യഭിചാരം നടക്കുമെന്നതിൽ യാതൊരു സംശയവുമില്ല, വിവാഹം നടക്കുന്നത് വരെ വ്യഭിചാരത്തിനുള്ള ഒരു സ്ഥലമായി തീരുവാനും ഇടയുണ്ട്.

3- സ്ത്രീയും പുരുഷനും ഇടകലരുന്നത് മൂലം പുരുഷനിൽ ഉറങ്ങികിടക്കുന്ന അവന്റെ വികാരം ഉണരുകയും തന്റെ ഭംഗിയും, പ്രത്യേകതയും സ്ത്രീയുടെ മുന്നിൽ പ്രദർശിപ്പിക്കുന്നു, അത്പോലെ സ്ത്രീയും തന്റെ ഭംഗിയും, ആകാരവും പ്രകടിപ്പിക്കുന്നു. അങ്ങിനെ അവർ ഇരുവരും തങ്ങളുടെ ബുദ്ധിയും, പ്രവർത്തനങ്ങളും, സമ്പത്തും അതിന് വേണ്ടി ധാരാളം ചിലവഴിക്കുകയും ചെയ്യുന്നു. അങ്ങിനെ തന്നിലേക്ക് മറ്റുള്ളവരെ ആകർശിക്കുവാനായി പരിശ്രമിക്കുകയും ചെയ്യുന്നു.

---

(١) رواه البخاري في صحيحه –مع الفتح-:٩/٣٣٠-٣٣١، برقم (٥٢٣٣)، ومسلم: ٩٧٨/٢، برقم (١٣٤٢)

(٢) رواه الترمذي في سننه: ٤٧٤/٣، معلقا عقب حديث رقم (١١٧١).

1956 മാർച്ച് 30ന് ഒരു പത്രം ഈജിപ്തിലെ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളിൽ നടത്തിയ സർവ്വേ സൂചിപ്പിക്കുന്നത് വിദ്യാർത്ഥികളിൽ 65 ശതമാനവും സ്ത്രീപുരുഷ സംങ്കലനം മൂലം വൈകാരികമായ ചിന്തയിലകപ്പെട്ടിരിക്കുന്നുവെന്നും, അവരുടെ ഒഴിവ് വേളയിലെ ഭൂരിഭാഗം സമയവും സ്നേഹവും, തമാശയുമാണ് അന്വേഷിച്ച് കൊണ്ടിരിക്കുന്നത് എന്നുമാണ്.

## ആറ്: പലിശ:

പലിശ കൊണ്ടുദ്ദേശിക്കുന്നത് ധനത്തിന് പകരം ധനം കൊടുക്കുമ്പോൾ യാതൊരു അടിസ്ഥാനവുമില്ലാതെ നൽകുന്ന അധികമുള്ള ധനമാണ്. പലിശ രണ്ട് ഇനങ്ങളിലുണ്ട്: സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൊടുക്കുമ്പോൾ അധികം നൽകുക. ഉദാഹരണം: സ്വർണം, വെള്ളി, കാരക്ക എന്നിവപോലെയുള്ള സാധനങ്ങൾ നൽകുമ്പോൾ തിരിച്ച് അധികം നൽകുക.

കടത്തിലുള്ള പലിശ: കടം വാങ്ങിയ ആളിൽ നിന്നും അധികമായി ഈടാക്കുന്ന സംഖ്യ. ഈ രണ്ട് ഇനമാണ് പലിശയിൽ പ്രധാനമായും അറിയപ്പെടുന്ന ഇനങ്ങൾ. ഇത് രണ്ടും ഇസ്‌ലാം വ്യക്തമായി നിഷിദ്ധമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿ ٱلَّذِينَ يَأْكُلُونَ ٱلرِّبَوٰاْ لَا يَقُومُونَ إِلَّا كَمَا يَقُومُ ٱلَّذِى يَتَخَبَّطُهُ ٱلشَّيْطَٰنُ مِنَ ٱلْمَسِّ ذَٰلِكَ بِأَنَّهُمْ قَالُوٓاْ إِنَّمَا ٱلْبَيْعُ مِثْلُ ٱلرِّبَوٰاْ وَأَحَلَّ ٱللَّهُ ٱلْبَيْعَ وَحَرَّمَ ٱلرِّبَوٰاْ فَمَن جَآءَهُۥ مَوْعِظَةٌ مِّن رَّبِّهِۦ فَٱنتَهَىٰ فَلَهُۥ مَا سَلَفَ وَأَمْرُهُۥٓ إِلَى ٱللَّهِ وَمَنْ عَادَ فَأُوْلَٰٓئِكَ أَصْحَٰبُ ٱلنَّارِ هُمْ فِيهَا خَٰلِدُونَ ﴿٢٧٥﴾ ﴾ (البقرة:٢٧٥)

“പലിശ തിന്നുന്നവൻ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശപോലെ തന്നെയാണ് എന്ന് അവർ പറഞ്ഞതിൻെറ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിൻെറ ഉപദേശം വന്നുകിട്ടിയിട്ടിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയിൽ നിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവനുള്ളത് തന്നെ. അവൻെറ കാര്യം അല്ലാഹുവിൻെറ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക്

തന്നെ) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവര തിൽ നിത്യവാസികളായിരിക്കും" (അൽബഖറ: 275)

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَذَرُواْ مَا بَقِيَ مِنَ ٱلرِّبَوٰٓاْ إِن كُنتُم مُّؤْمِنِينَ ﴿٢٧٨﴾ فَإِن لَّمْ تَفْعَلُواْ فَأْذَنُواْ بِحَرْبٍ مِّنَ ٱللَّهِ وَرَسُولِهِۦ ۖ وَإِن تُبْتُمْ فَلَكُمْ رُءُوسُ أَمْوَٰلِكُمْ لَا تَظْلِمُونَ وَلَا تُظْلَمُونَ ﴿٢٧٩﴾ ﴾ (البقرة:٢٧٨-٢٧٩)

"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, പലിശ വകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടു കളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർത്ഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൻെറയും റസൂലിൻെറയും പക്ഷത്തു നിന്ന് (നിങ്ങൾക്കെതിരിലുള്ള) സമര പ്രഖ്യപനത്തെപ്പറ്റി അറിഞ്ഞു കൊള്ളുക. നിങ്ങൾ പശ്ചാതപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കു തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്" (അൽബഖറ:278- 279)

عن جابر بن عبد الله ﷺ قال:«لعن رسول الله ﷺ آكل الربا وموكله وكاتبه وشاهديه وقال: هم سواء»(١).

ജാബിർ ﷺവിൽ നിന്ന്: പ്രവാചകൻ ﷺപറഞ്ഞു: "പലിശ തിന്നുന്നവനെയും, അത് തീറ്റിക്കുന്നവനെയും, അത് എഴുതുന്നവനെയും, അതി ൻെറ സാക്ഷികളെയും പ്രവാചകൻ ശപിച്ചിരിക്കുന്നു, എന്നിട്ട് റസൂലു ല്ലാഹ് ﷺപറഞ്ഞു: അവർ സമമാകുന്നു"

وفي حديث أبي هريرة ﷺ عن النبي ﷺ قال:«اجتبوا السبع الموبقات قالوا: وما هنَّ يا رسول الله قال:الشرك بالله والسحر وقتل النفس التي حرم الله إلا بالحق وأكل الربا »(٢).

(١) رواه مسلم: ١٢١٩/٣، برقم (١٥٩٨).

(٢) أخرجه البخاري في صحيحه –مع الفتح-: ٢٩٣/٥، برقم (٢٧٦٦)، ومسلم: ٩٢/١، برقم (٨٩).

“അബൂഹുറൈറ﵁വിൽ നിന്ന് നിവേദനം: പ്രവാചകൻﷺ പറയുന്നു: “ഏഴ് വൻപാപങ്ങൾ നിങ്ങൾ വെടിയുക. അവർ ചോദിച്ചു: അവ ഏതെല്ലാമാണ് തിരുദൂതരെ; റസൂലുല്ലാ പറഞ്ഞു: അല്ലാഹുവിൽ പങ്ക് ചേർക്കൽ, മാരണം, അന്യായമായിയുള്ള മനുഷ്യവധം, പലിശ ഭുജിക്കൽ”

പലിശ ഇന്ന് ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നു, പ്രത്യേകിച്ച് ക്രയ വിക്രയ രംഗങ്ങളിൽ. ബാങ്കുകൾ നിലനിൽക്കുന്നത് തന്നെ പലിശയുടെ ബലത്തിലാണ്, മാത്രമല്ല വികസിത രാജ്യങ്ങൾ ഉണ്ടാക്കിയിട്ടുള്ള ലോക സാമ്പത്തിക ക്രമം തന്നെ പലിശയിലാണ് നിലനിൽക്കുന്നത്. ധനികനായ കച്ചവടക്കാരൻ തൻെറ സമ്പത്ത് വർദ്ധിക്കുവാനും, പരിപോഷിപ്പിക്കുവാനും, ഒരവസ്ഥയിലും നഷ്ടപ്പെടാതിരിക്കുവാനും വേണ്ടി അവനനുയോജ്യമായ നിയമം ഉണ്ടാക്കി നിരന്തരം ജനങ്ങൾ അവനുമായി ബന്ധപ്പെടൽ അനിവാര്യമായി വരുന്ന രൂപത്തിൽ ഒരു സാമ്പത്തിക ക്രമം പോലെയാണ് പലിശ വ്യാപിച്ചിരിക്കുന്നത്.

ഇതാണ് ഇന്ന് ലോകത്തിൻെറ അവസ്ഥ, ജൂതന്മാരും ക്രിസ്ത്യാനികളും നയിക്കുന്ന ലോക വികസിത രാജ്യങ്ങൾ അവരുടെ സാമ്പത്തിക അടിത്തറ അതേപോലെ തുടരുവാനും, മറ്റുള്ള രാജ്യങ്ങളുടെ ദാരിദ്ര്യവും, സാമ്പത്തിക മാന്ദ്യവും അതേ രൂപത്തിൽ നിലനിൽക്കുവാനുതകുന്ന പലിശയിലധിഷ്ടിതമായ ഒരു സാമ്പത്തിക ക്രമമാണ് ലോകത്തിന് നിർബ്ബന്ധമാക്കിയിട്ടുള്ളത്.

പലിശ ഖണ്ഡിതമായി തന്നെ അല്ലാഹു നിഷിദ്ധമാക്കുകയും, അത് നിഷിദ്ധമാണെന്നതിൽ മുസ്‌ലീങ്ങൾ യോജിക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യന് ഉപദ്രവമുണ്ടാക്കുന്നതല്ലാതെ യാതൊന്നും അല്ലാഹു നിഷിദ്ധമാക്കുകയില്ല. എന്നാൽ പിശാചും, അതിൽ നിന്ന് ഉപകാരമെടുക്കുന്നവരും അയഥാർത്ഥത്തെ യാഥാർത്ഥ്യമാക്കികൊടുക്കുകയും, അവരുടെ പ്രവർത്തനങ്ങൾ നല്ല പ്രവർത്തനമാണെന്ന് പറഞ്ഞ് ഭംഗി കൂട്ടിക്കൊടുക്കുകയും ചെയ്ത് കൊണ്ട് മദ്യവും, മയക്ക് മരുന്നും വിൽക്കുന്നവനെ പോലെ പലിശയും ഉപകാരമുള്ളതും, നല്ലതുമാണെന്ന് വാദിക്കുകയും ചെയ്യുന്നു.

## പലിശയിൽ ധാരാളം ഉപദ്രവങ്ങളടങ്ങിയിട്ടുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു:

1- അല്ലാഹുവിനോടും അവൻെറ റസൂലിനോടുമുള്ള യുദ്ധമാണ് പലിശ. അത് വാങ്ങുന്നവൻ സ്വയം തന്നെ രണാംഗണം തുറന്നിരിക്കുകയാണ്, എന്നാൽ അവന് കഴിയാത്ത അല്ലാഹുവിനോടും, അവൻെറ ദൂതനോടുമുള്ള യുദ്ധമാകുന്നു അത്. പലിശക്കാരൻ അല്ലാഹുവിൻെറ കോപത്തിലും, അവൻെറയും അവൻെറ റസൂലിൻെറയും ശത്രുതക്കും പാത്രമാവുകയും ചെയ്തിരിക്കുന്നു. ഇതിൻെറ അർത്ഥം അവന് മനസിലാക്കുവാൻ കഴിയുന്നതും കഴിയാത്തുമായ മാർഗങ്ങളിലൂ

ടെയുള്ള ഉപദ്രവങ്ങൾക്കും, നിന്ദ്യതക്കും അവൻ വിധേയമാകും എന്നതാണ്. അവൻ ഇഹലോകത്ത് നിന്ന് രക്ഷപ്പെട്ടാൽ അവൻെറ മുന്നിൽ വളരെ പ്രയാസകരമായ വിചാരണയും, കഠിന ശിക്ഷയും, ഖേദം ഉപകാരപ്പെടാത്ത ദിവസത്തിലുള്ള ഖേദവും, യാതൊരു ഒഴിവ് കഴിയും സ്വീകരിക്കാത്ത ദിവസത്തിലുള്ള ഒഴിവ് കഴിവുമാണ് അവ ശേഷിക്കുന്നത്. അത് അവസാന നാളാകുന്നു.

## 2- സമൂഹത്തെ നശിപ്പിക്കുന്ന ചില ഉപദ്രവങ്ങളുണ്ട്: അവ താഴെ കൊടുക്കുന്നു:

1- ജനങ്ങളിൽ അത്യാഗ്രഹിയും, കഠിന ഹൃദയനുമല്ലാതെ ഒരാളും പലിശ ഈടാക്കുകയില്ല, കടം ആവശ്യമുള്ളവൻെറ പ്രാരാപ്തം മുതലെ ടുക്കുന്ന ചീത്ത സ്വഭാവക്കാരനാണ് പലിശ വാങ്ങുന്നവൻ. തൻെറ സഹോദരന് നൽകുവാനോ, അതല്ലെങ്കിൽ വല്ല കച്ചവട സ്ഥാപന ങ്ങൾ ആരംഭിക്കുവാനോ അത്യാവശ്യമായി പണം ആവശ്യമുള്ള വൻെറ പരാതീനതയെ ചൂഷണം ചെയ്ത് കൊണ്ട് അവൻ തൻെറ ഉപജീവിനം കണ്ടെത്തുന്നു. അങ്ങിനെ പലിശയെന്ന ചങ്ങലയിൽ കട ക്കാരനെ ബന്ധിപ്പിക്കുകയും, അവൻെറ അദ്ധ്വാനത്തെ ഊറ്റിക്കുടി ക്കുകയും, ലാഭം കവർന്നെടുക്കുകയും, ചിലപ്പോൾ അവൻെറ മുത ൽ മുടക്ക് തന്നെ കൊള്ളയടിക്കുകയും ചെയ്തേക്കാം.

2- കടക്കാരൻ പലിശയാൽ വ്യസനത്തിനും, മാനസികസംഘർഷത്തിലും രാപകലുകൾ ഭേതമന്യേ കഴിച്ച് കൂട്ടുകയും, മനസ് അധികം പിരിമുറുക്കത്തിലകപ്പെടുമ്പോൾ അവൻെറ ശക്തി ക്ഷയിക്കുകയും, ഒരുപക്ഷേ, അവൻെറ ദു:ഖവും മാനസിക പ്രശ്നവും ആത്മഹുതിയിലേക്ക് നയിക്കുകയും ചെയ്തേക്കാം.

3- പലിശയാൽ നയിക്കപ്പെടുന്ന സമൂഹത്തിൽ ഐക്യം, സ്നേഹം, പരസ്പര സഹായം, ഉപദേശം എന്നിവയുടെ ആശയം നഷ്ടപ്പെടുകയും, പകരം ബന്ധങ്ങൾ വിച്ഛേദിക്കുക, അവസരം ദുരുപയോഗപ്പെടുത്തുക, അത്യാഗ്രഹം എന്നിവയുടെ ആശയങ്ങളായിരിക്കും അവിടെ രംഗം കയ്യടക്കുക. കാരണം പണക്കാരന് സ്ഥിരമായി വരുമാനവും, ലാഭവും ലഭിക്കുവാനായി ദരിദ്രൻെറ ആവശ്യങ്ങളെ ചൂഷണം ചെയ്യുവാനുള്ള മാർഗമാണ് പലിശ, അത്കൊണ്ട് തന്നെ സമൂഹത്തിൻെറ നഷ്ടം വർദ്ദിക്കുകയും, ദാരിദ്ര്യവും, ഉപദ്രവങ്ങളും നിത്യമാവുകയും ചെയ്യുന്നതായി നമുക്ക് കാണാനാവും.

4- സമ്പത്ത് പലിശക്കാരായ ഒരു വിഭാഗമാളുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്, കടക്കാരന് തൻെറ സമ്പത്ത് നൽകുന്നതിലൂടെ അവൻെറ ലാഭം സുരക്ഷിതമാവുകയും, അവൻെറ മുതൽ യാതൊരു നഷ്ടത്തിനും വിധേയമാവുകയും ചെയ്യുന്നില്ല. അങ്ങിനെ അവൻെറ സമ്പത്ത് അഭൂതപൂർവ്വമായി വളരുകയും, അവരിൽ മാത്രം പരിമിതമാവുകയും ചെയ്യുന്നു. ഇതുമുഖേന ജനങ്ങളുടെ ജീവിതത്തെ

അവർ നയിക്കുകയും, അവരെ തങ്ങളുടെ പുരോഗതിക്കനുയോജ്യമായ രീതിയിൽ നയിക്കുകയും ചെയ്യുന്നു. ഇത് വ്യക്തികളിലും, രാഷ്ട്രത്തിലും സംഭവിക്കാവുന്നതാണ്. പലിശക്കാരയ സമ്പന്നർ രാഷ്ട്രത്തെ നയിക്കുന്നതായി നമുക്ക് കാണാനാവും, ഇതുമുഖേന സമ്പന്ന രാജ്യം ദരിദ്ര രാജ്യത്തിൻെറ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്നു, കാരണം അവർ കടക്കാരാകുന്നു.

5- പലിശ കാരണമായി ഉൽപന്നങ്ങൾ കുറയുന്നു. കാരണം കച്ചവടത്തിലൂടെയോ, വ്യവസായത്തിലൂടെയോ സമ്പത്ത് യാതൊരു നഷ്ടത്തിനും വിധേയമാവാതെ വെറും ലാഭം മാത്രമാണ് കരഗതമാവുന്നത്. പലിശയിലൂടെ ലാഭം ലഭിക്കുവാനായി ജനങ്ങൾ മുഴുവനും തങ്ങളുടെ സമ്പത്തുക്കൾ ബേങ്കിൽ നിക്ഷേപിക്കുന്നു.

6- പലിശ കാരണം വിലക്കയറ്റം ഉണ്ടാവാൻ സാധ്യതയുണ്ട്. കടം വാങ്ങി ബിസ്നസ് നടത്തുന്നവൻ തനിക്ക് അടച്ച് തീർക്കേണ്ട പലിശയുടെ വിഹിതം കൂടി ലഭിക്കുന്നതിനനുയോജ്യമായ രീതിയിൽ തൻെറ സാധനങ്ങൾക്ക് വില കൂട്ടുന്നു. പലിശ അവസാനിക്കുകയില്ലതാനും. പാശ്ചാത്യ രാജ്യങ്ങൾ അധികവും ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നുണ്ട്.

7- വലിയ കമ്പനികളും, വ്യവസായ ശാലകളും പലിശയാൽ തകരുന്നു. കാരണം ഓരോ കമ്പനികളും നിലനിൽക്കുന്നത് ബാങ്കിൽ നിന്നുമുള്ള വായ്പയാലാണ്, അതിന് പലിശയും നൽകേണ്ടതുണ്ട്. മുതൽ മുടക്കിൻെറ ഒരു ചെറിയ ഭാഗം മാത്രമാണ് കമ്പനികൾ ഉടമപ്പെടുത്തുന്നത്, ബാക്കി ബാങ്ക് ലോണുകളായിരിക്കും, ഏതെങ്കിലും രൂപത്തിൽ കമ്പനിക്ക് നഷ്ടം വരുകയാണെങ്കിൽ കമ്പനി പൂട്ടിയതായി അതിൻെറ ഉടമസ്ഥർ അറിയിക്കുന്നു, കാരണം അവർ ബാങ്കിൽ നിക്ഷേപിക്കേണ്ട വിഹിതം അടച്ചില്ലായെങ്കിൽ പലിശ അതിനും കൂടുകയും, ഒരിക്കലും അടച്ച് തീർക്കുവാൻ കഴിയാത്ത രൂപത്തിൽ കടക്കാരനായി മാറുകയും ചെയ്യുന്നതാണ്. അങ്ങിനെ അവൻ അടച്ച് തീർത്ത സമ്പത്ത് ബാങ്ക് കൈവശപ്പെടുത്തുകയും ചെയ്യുന്നു.

8- രാഷ്ട്രം തകരുവാൻ പലിശ കാരണമായേക്കാം. കടം കൊടുക്കുകയും, വാങ്ങുകയും ചെയ്യുന്ന രാഷ്ട്രങ്ങൾക്കിടയിൽ ഒരു വലിയ അന്തരം തന്നെ ഉണ്ടാവുന്നതാണ്. അതുകൊണ്ട് തന്നെ വികസിത രാജ്യങ്ങൾക്ക് അവരുടെ ഉൽപന്നങ്ങൾ എത്ര തന്നെ വർദ്ദിച്ചാലും പുരോഗമിക്കുവാൻ സാധ്യമല്ല. കാരണം തങ്ങളുടെ ഉൽപന്നങ്ങൾ രണ്ട് ഭാഗങ്ങളിലേക്ക് തിരിച്ച് വിടേണ്ടിയിരിക്കുന്നു.

ഒന്ന്: രാഷ്ട്രത്തിനും, ജനങ്ങൾക്കും അത്യാവശ്യമുള്ള കാര്യങ്ങൾക്ക് ചിലവഴിക്കേണ്ടിയിരിക്കുന്നു.

രണ്ട്: ഒരു വിഹിതം കടം വീട്ടുവാൻ ആവശ്യമായി വരുന്നു, ഏതെങ്കിലും സാഹചര്യത്താൽ തിരിച്ചടക്കുവാൻ കഴിയാതെ വരുകയാണെങ്കിൽ കടവും പലിശയും വർദ്ദിക്കുകയും ചെയ്യുന്നു, അങ്ങിനെ ആ

രാജ്യം നിരന്തരം കടം വീട്ടികൊണ്ടേയിരിക്കേണ്ടി വരുന്നതാണ്. ഇത് കാരണമായി നിർബ്ബന്ധമായും നിർവ്വഹിക്കേണ്ടതിന് നീക്കി വെച്ച വിഹിതത്തിൽ നിന്നും ഒരു വിഹിതം എടുത്ത് കൊണ്ടും, സമ്പത്തിൻെറ മൂല്യം കുറച്ച് കൊണ്ടും, നികുതികൾ വർദ്ദിപ്പിച്ച് കൊണ്ടും, ജനങ്ങൾക്ക് നൽകേണ്ട ബാധ്യതളിൽ കുറവ് വരുത്തിക്കൊണ്ടും, വില വർദ്ദിപ്പിച്ച് കൊണ്ടും കടം വീട്ടുവാൻ സമ്പത്ത് കണ്ടെത്തേണ്ടതുണ്ട്. കടം കൊടുക്കുന്നവൻെറ ഹൃദയം കാഠിന്യമുള്ളതും, മ്ളേച്ഛവും, നിന്ദ്യവുമാകുന്നു. ഇത്കൊണ്ട് തന്നെ ദരിദ്ര രാജ്യം ദാരിദ്ര്യത്തിലും, സമ്പന്നരാജ്യം സമ്പന്നതയിലും തന്നെ സ്ഥിരമായി നിൽക്കുന്നതാണ്.

ഒരുപാട് കമ്പനികളും, വ്യവസായ ശലകളും തകരുവാനും, അനേകം രാഷ്ട്രങ്ങൾ ദാരിദ്ര്യത്തിൻെറ ആഴിയിലേക്ക് പതിക്കുവാനും കാരണമായ പലിശ എന്ന മാരകമായ രോഗത്തിൽ ഇതുപോലുള്ള ഉപദ്രവങ്ങളും, കുഴപ്പങ്ങളുമുള്ളത് കൊണ്ട് തന്നെയാണ് അല്ലാഹു അത് നിരോധിക്കുവാൻ കാരണം. പലിശ നിരോധിക്കുന്നതിലൂടെ അടിമകളോടുള്ള അല്ലാഹുവിൻെറ കാരുണ്യത്തെ ഓരോ വ്യക്തികൾക്കും മനസിലാക്കുവാൻ കഴിയുന്നതാണ്. പലിശ വാങ്ങുന്നവൻ ദാഹം തിരാത്ത, വിശപ്പ് തീരാത്ത അത്യാഗ്രഹിയായ രക്തം ഊറ്റികുടിക്കുന്നവനും, കാരുണ്യം കാണിക്കാത്ത ഹൃദയം കല്ലായവനുമാകുന്നു. പലിശ നിരോധിച്ചത് ഇസ്‌ലാമിൻെറ വലിയ നന്മയിലും, മഹത്തായ കാരുണ്യത്തിലും പെട്ടതുമാകുന്നു

## ഏഴ്: മദ്യം:

ഇത് ബുദ്ധിയെ ലഹരി പിടിപ്പിക്കുകയും, മറക്കുകയും ചെയ്യുന്ന പാനീയമോ, ഭക്ഷണ സാധനമോ, വാസനിക്കുന്നതോ, ഇഞ്ചക്ഷനിലൂടെ അനുഭവിക്കുന്ന മയക്കു മരുന്നുകളോ ആകാം.

മദ്യം മ്ളേച്ഛതയുടെ മാതാവാണ്. അല്ലാഹു ഇത് നിരോധിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلۡخَمۡرُ وَٱلۡمَيۡسِرُ وَٱلۡأَنصَابُ وَٱلۡأَزۡلَٰمُ رِجۡسٞ مِّنۡ عَمَلِ ٱلشَّيۡطَٰنِ فَٱجۡتَنِبُوهُ لَعَلَّكُمۡ تُفۡلِحُونَ ٩٠ ﴾ (المائدة: ٩٠)

“സത്യവിശ്വാസികളെ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ചുനോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ളേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങ ൾക്ക് വിജയം പ്രാപിക്കാം” (മാഇദ: 90)

وقال عليه الصلاة والسلام «ما أسكر كثيره فقليله حرام»(١)

പ്രവാചകൻ പറയുന്നു: “ലഹരിയുണ്ടാക്കുന്നത് കൂടുതലാവട്ടെ, കുറച്ചാവട്ടെ അത് നിഷിദ്ധമാകുന്നു”

മദ്യം ഒട്ടനവധി രോഗങ്ങളുണ്ടാക്കുന്നു, അതിൽ മതപരവും, സാമ്പത്തികവും, ശാരീരികവുമായ അനേകം ഉപദ്രവങ്ങളടങ്ങിയിരിക്കുന്നു.

ഒന്ന്: മതപരമായ ഉപദ്രവങ്ങൾ:

1- മദ്യപാനത്തിലൂടെ ബുദ്ധി നഷ്ടപ്പെട്ടവൻ അല്ലാഹുമായുള്ള ബന്ധത്തിൽ നിന്ന് വിദൂരമായിരിക്കും, അവൻ അല്ലാഹുവിൻെറ കോപത്തിന് പാത്രവുമായി തീരുന്നതാണ്. പ്രവാചകൻ പറയുന്നു:

وقال ﷺ "لا يزني الزاني حين يزني وهو مؤمن، ولا يسرق السارق حين يسرق وهو مؤمن، ولا يشرب الخمر حين يشربها وهو مؤمن". [ متفق عليه ].

“വിശ്വാസിയായിരിക്കേ ഒരു വ്യഭിജാരി വ്യഭിജരിക്കുകയില്ല, മുഅ്മിനായിരിക്കേ ഒരു മോഷ്ടാവ് കളവ് നടത്തുകയില്ല, വിശ്വാസിയായിരിക്കേ ഒരു മദ്യപാനി മദ്യപിക്കുകയില്ല” (ബുഖാരി - മുസ്‌ലിം.)
മദ്യം കുടിച്ചവനായിരിക്കെ ആരെങ്കിലും മരിക്കുകയാണെങ്കിൽ അവനെ അതികഠിനമായി അല്ലാഹു ശിക്ഷിക്കുമെന്ന് താക്കീത് നൽകിയിട്ടുണ്ട്. പ്രവാചകൻ പറയുന്നു:

«من مات وهو يشرب الخمر كان حقاً على الله أن يسقيه من طينة الخبال عصارة أهل النار»(٢)

“മദ്യം കുടിച്ചവനായി ആരെങ്കിലും മരണപ്പെടുകയാണെങ്കിൽ അവനെ നരകാവകാശികളുടെ പാനീയമായ മാരക വിഷം കലർത്തിയ മണ്ണിൻെറ ചാറ് കുടിപ്പിക്കൽ അല്ലാഹുവിൻെറ അവകാശമാകുന്നു”

2- മദ്യം കുടിച്ചതിനാൽ ചിന്തിക്കുവാൻ കഴിയാതെ, എന്താണ് താൻ പറയുന്നത് എന്ന് മനസിലാക്കാൻ കഴിയില്ല. ഇസ്‌ലാമിൻെറ ആദ്യകാ

---

(١) رواه أبو داود في سننه: ٨٧/٤، برقم (٣٦٨١)، والترمذي في سننه: ٢٥٨/٤، برقم (١٨٦٥)، وابن ماجة: ١١٢٥/٢، برقم (٣٣٩٣)، وهو حديث صحيح.

(٢) رواه مسلم: ١٥٨٧/٣، برقم (٢٠٠٢).

ലത്ത് മദ്യം നിരോധിക്കുന്ന ഘട്ടങ്ങളിൽ അടങ്ങിയ വിശദീകരണത്തിൽ നമുക്കത് കാണാവുന്നതാണ്. ഖുർആൻ പറയുന്നു.

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَقۡرَبُواْ ٱلصَّلَوٰةَ وَأَنتُمۡ سُكَٰرَىٰ حَتَّىٰ تَعۡلَمُواْ مَا تَقُولُونَ ﴾ (النساء:٤٣)

"സത്യവിശ്വാസികളെ, ലഹരിബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നത് വരെ" (നിസാഅ്:43)

## രണ്ട്: സാമ്പത്തികമായ ഉപദ്രവങ്ങൾ:

മദ്യം ഉപകാരമുള്ള ഭക്ഷണമോ, പാനീയമോ അല്ല, മറിച്ച് ഉപദ്രവും മ്ളേച്ഛവുമായ പാനീയമായതിനാൽ അതിന്‌വേണ്ടി സമ്പത്ത് ചില വഴിക്കുന്നത് പാഴ്‌വേലയാണ്. അതിൽ യാതൊരു ഉപകാരവുമില്ല.

## മൂന്ന്: മാനസികവും, ശാരീരികവുമായ ഉപദ്രവങ്ങൾ:

നാം മുകളിൽ വിവരിച്ചത് പോലെ മദ്യം വിഷവും, രോഗമുണ്ടാക്കുന്നതുമാണ്. ശാരീരികവും, മാനസികവും, ബുദ്ധിപരവുമായ ഒരുപാട് രോഗങ്ങൾക്ക് കാരണമാണ് മദ്യം. അതിൽ ചിലത് താഴെ വിവരിക്കുന്നു:

1- ഹൃദയം നശിക്കുവാൻ മദ്യം കാരണമാകുന്നു, സ്ഥിരം മദ്യപാനം നടത്തുന്നവനിൽ മറ്റുള്ളവരേക്കാൾ (1:6 അല്ലെങ്കിൽ 1:8) കൂടുതലാകുന്നു. അത്പോലെ സ്ഥിരം മദ്യപാനം നടത്തുന്നവരിൽ രക്തത്തിൽ കൊളസ്ട്രോൾ അളവ് ഉയരുവാനുള്ള സാധ്യത വളരെ കൂടുതലാണ്.

മസ്തിഷ്കത്തിലും, ഞെരമ്പുകളിലും മദ്യം ചെലുത്തുന്ന സ്വാധീനം എത്രയാണെന്ന് നമുക്ക് മദ്യപാനികളുടെ അവസ്ഥയിൽ നിന്നും മനസിലാക്കാവുന്നതാണ്. അവരുടെ വാക്കുകളിലോ, പ്രവർത്തനങ്ങളിലോ, ചലനങ്ങളിലോ യാതൊരു മാന്യതയും കണ്ടെത്താനാവില്ല, സ്ഥിരം മദ്യപാനിയായിട്ടുള്ളവൻെറ അവയവങ്ങൾ എപ്പോഴും ചലിപ്പിച്ച് കൊണ്ടിരിക്കുകയും, യാതൊരു കാര്യത്തിലും സന്തുലിത പുലർത്തുവാനവർക്ക് സാധ്യമല്ല. മാത്രമല്ല സംസാരത്തിന് കട്ടികൂട്ടുകയും ചെയ്യുന്നതാണ്. ചില പഠനങ്ങൾ വ്യക്തമാക്കുന്നത് യൂറോപ്പിലെ ആശുപത്രികളിൽ മൂന്നിലൊരു കട്ടിലിൽ മദ്യപാനികളാണ് ചികിൽസ തേടി കൊണ്ടിരിക്കുന്നത്. അതിൻെറ അർത്ഥം രോഗികളിൽ മൂന്നിലൊരു ഭാഗം മദ്യപാനികളാണെന്നർത്ഥം. കാലിഫോർണിയ ആരോഗ്യ യൂണിവേഴ്സിറ്റിയിലെ വിദ്യാഭ്യാസ വിഭാഗം പറയുന്നത് അമേരിക്കയിൽ പു കവലിക്ക്ശേഷം ജനങ്ങളെ കൊന്നൊടുക്കി കൊണ്ടിരിക്കുന്ന

രണ്ടാമ ത്തെ കാര്യം മദ്യപാനമാകുന്നുവെന്നാണ്. ഓരോ വർഷവും മദ്യത്തി നാൽ ഏകദേശം 100000 ആളുകൾ മരിച്ച് കൊണ്ടിരിക്കുന്നതോ ടൊപ്പം തന്നെ അപകടങ്ങളിൽ പകുതിയും സംഭവിക്കുന്നത് മദ്യം കുടിച്ചതിനാലുമാകുന്നു.

ബ്രിട്ടനിലെ ലഫ്സ്റ്റ് മാഗസിൻ പറയുന്നത്: ലഹരി മൂഖേന ബ്രിട്ട നിൽ ഓരോ വർഷവും 200000 വ്യക്തികൾ മരിച്ച് കൊണ്ടിരി ക്കുന്നു. മദ്യപാനികളെ ചികിൽസിക്കുവാനുള്ള ചിലവ് വർഷത്തിൽ മില്ല്യൻ ജുനൈഹ് കവിയുന്നു. ഓരോ വർഷവും മദ്യത്താൽ മൊത്ത ത്തിൽ നഷ്ടം വരുന്നത് 20000 മില്ല്യൻ ജുനൈഹ് ആണ്.

## നാല്: സാമൂഹികവും, ക്രമസമാധാന പരവുമായ ഉപദ്രവ ങ്ങൾ:

മനുഷ്യൻെറ സവിശേഷതയായ ബുദ്ധിയെ നീക്കി കളയുന്നതാണ് മദ്യം, മദ്യത്തിനാൽ ബുദ്ധിയെ മറയിടപ്പെട്ടാൽ അവൻെറ പ്രവർത്തന ങ്ങളും, പെരുമാറ്റങ്ങളും ക്രമം തെറ്റിയതായിരിക്കും, അവന് സ്വബോ ധവും, നിയന്ത്രണവും നഷ്ടപ്പെടുന്നു. അതോടെ കുടുംബത്തിലും, സന്താനങ്ങളിലും സമാധാനം നഷ്ടപ്പെടുകയും, വിവാഹമോചനം സംഭവിക്കുകയും ചെയ്യുന്നു മാത്രമല്ല; കാര്യങ്ങൾ ശരിക്കും നിയന്ത്രി ക്കുവാനും, തൻെറ ദേഹേച്ഛയേയും, അവിവേകത്തേയും പിടിച്ച് നിറുത്തുവാനും കഴിയാതെ മദ്യപാനി ഭാര്യയേയും, മക്കളേയും പ്രഹ രിക്കുകയും, ചീത്തപറയുകയും ചെയ്യുവാനാരംഭിക്കുകയും ചെയ്യുന്നു. കൊള്ളക്കും, കൊലപാതകത്തിനും മദ്യം കാരണമാകുന്നത്പോലെ തന്നെ ചിലപ്പോൾ സ്വന്തം ഭാര്യയേയും, സ്വന്തം രക്തത്തിൽ പിറന്ന പിഞ്ചോമനകളെയും വധിക്കുവാനും, ഒരു പക്ഷേ, സ്വന്തത്തെ തന്നെ വധിക്കുവാൻ പോലും മദ്യം വഴിയൊരുക്കുന്നതായി നമുക്ക് കാണാ ൻ കഴിയുന്നതാണ്.

ലഹരി അതിനടിമപ്പെട്ടവരെ കഠിനമായ മാനസിക സംഘർഷത്തിലേ ക്കും, പിരിമുറുക്കത്തിലേക്കും കൊണ്ടെത്തിക്കുന്നതോടൊപ്പം തന്നെ ല ഹരി ബാധിച്ചയവസ്ഥയിലുള്ള അവരുടെ പെരുമാറ്റം സന്താനങ്ങ ളിൽ വ്യതിയാനത്തിനും, അവർക്കെതിരിൽ പ്രതികരിക്കുവാനും കാര ണമാക്കിയേക്കും.

SAFE FOOD എന്ന ഗ്രന്ഥം പറയുന്നത് ബ്രിട്ടനിലെ കുറ്റകൃത്യങ്ങ ളിൽ പകുതിയും ലഹരി ബാധിതരിൽ നിന്നാണ് ഉണ്ടാകുന്നത്, അത്പേലെ അപകടങ്ങളിൽ മൂന്നിലൊന്നും ലഹരിക്കടിമപ്പെട്ടവരിലൂ ടെയാണ് സംഭവിക്കുന്നത്, പ്രകൃതിവിരുദ്ധമായ ലൈഗിക വേഴ്ചക്ക് വേണ്ടി കുട്ടികളെ അക്രമിക്കുന്നവരിൽ അഞ്ചിലൊരു ഭാഗവും, തീ പിടിത്തത്തിൽ മരിക്കുന്നവരിൽ പകുതിയും, വീട്ടിലുണ്ടാകുന്ന അതിക്ര മങ്ങളിൽ മൂന്നിലൊന്നും മദ്യപാനവും, ലഹരിയും ഉപയോഗിക്കുന്ന വരിൽ നിന്നാണ് സംഭവിക്കുന്നത്. മദ്യം മുഖേന എത്രയെത്ര ദൗർ

ഭാഗ്യകരമായ സംഭവങ്ങളും, സാമ്പത്തിക നഷ്ടങ്ങളുമാണ് സംഭവിച്ച് കഴിഞ്ഞിട്ടുള്ളത്.

## അഞ്ച്: സാമ്പത്തികമായ ഉപദ്രവങ്ങൾ:

മദ്യകമ്പനിക്കാർക്കും, അതിന്റെയാളുകൾക്കും അത് വിൽക്കുന്നതിലൂടെ ഉപകാരമുണ്ടെങ്കിലും ശരി, സാമ്പത്തികമായ വമ്പിച്ച നഷ്ടമാണ് മദ്യം കൊണ്ടുണ്ടാകുന്നത്. ആരോഗ്യ ഡിപ്പാർട്ട്മെന്റും, രാജ്യവും, ഇൻഷൂറൻസ് കമ്പനികളും മദ്യം ഉപയോഗിച്ചതിനാലുള്ള രോഗങ്ങളെയും, രോഗികളെയും ചികിൽസിക്കുവാനും വേണ്ടി വളരെ ഭീമമായ ഒരു തുകയാണ് ചിലവഴിച്ച് കൊണ്ടിരിക്കുന്നത്. അത് പോലെ ലഹരിബാധിതരിൽ നിന്നും സംഭവിക്കുന്ന അപകടങ്ങളിലും, സാമ്പത്തിക നഷ്ടവും, കുടുംബത്തിലും, സന്താനങ്ങളിലും, നാട്ടിലുമുണ്ടാക്കുന്ന നിർണ്ണയിക്കുവാൻ കഴിയാത്ത നഷ്ടം വേറെയും. ബ്രിട്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു വാരിക പറയുന്നത്: ആൾക്കഹോളിലൂടെയുണ്ടാകുന്ന ഒരു വർഷത്തിലെ നഷ്ടം 640 മില്ല്യൻ ജുനൈഹാണ്, അത്പോലെ ഒരു വർഷം മദ്യപാനത്തിലൂടെയുണ്ടാകുന്ന മൊത്തം നഷ്ടം ഏകദേശം 20000 മില്ല്യൻ ജുനൈഹാണ്.

മദ്യപാനം മുഖേന നഷ്ടമാവുന്ന തൊഴിലില്ലായ്മയിലൂടെയും, ഉത്പന്നം ചുരുങ്ങിവരുന്നതിലൂടെയും അമേരിക്കക്ക് ഒരു വർഷം നഷ്ടമാവുന്നത് 71 ബില്ല്യൻ ഡോളറാകുന്നു.

ഈ ഉപദ്രവകരമായ പ്രവർത്തനങ്ങൾ മുഖേന വ്യക്തികൾക്കും, സമൂഹത്തിനും നഷ്ടമാവുന്നതിന്റെ ഭീകരത ഇതാണ്, എന്നാൽ ബുദ്ധിയുള്ളവന് ഇവിടെ മനസിലാക്കുവാൻ കഴിയുന്നത് സമുദായത്തോടും, ജനങ്ങളോടും കരുണയുള്ള, ദയയുള്ള സൂക്ഷ്മജ്ഞാനിയും, എല്ലാം അറിയുന്നവനുമായ അല്ലാഹു ഈ നാശത്തിൽ നിന്നും, നഷ്ടത്തിൽ നിന്നും അകന്ന് നിൽക്കുവാൻ വേണ്ടിയാണ് മദ്യവും ലഹരിയും നിഷിദ്ധമാക്കിയിട്ടുള്ളത് എന്നാണ്.

## ചൂത്:

ചൂതാട്ടം എന്ന് പറഞ്ഞാൽ മത്സരത്തിലൂടെയോ, കളിയിലൂടെയോ സമ്പത്ത് ലാഭിക്കുകയോ, നഷ്ടപ്പെടുത്തുകയോ ചെയ്യുന്നതിനേയാണ് ഉദ്ദേശിക്കുന്നത്. ഇത് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ നിഷിദ്ധമാക്കിയിട്ടുണ്ട്.

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلۡخَمۡرُ وَٱلۡمَيۡسِرُ وَٱلۡأَنصَابُ وَٱلۡأَزۡلَٰمُ رِجۡسٞ مِّنۡ عَمَلِ ٱلشَّيۡطَٰنِ فَٱجۡتَنِبُوهُ لَعَلَّكُمۡ تُفۡلِحُونَ ﴿٩٠﴾ إِنَّمَا يُرِيدُ

ٱلشَّيۡطَٰنُ أَن يُوقِعَ بَيۡنَكُمُ ٱلۡعَدَٰوَةَ وَٱلۡبَغۡضَآءَ فِي ٱلۡخَمۡرِ وَٱلۡمَيۡسِرِ وَيَصُدَّكُمۡ عَن ذِكۡرِ ٱللَّهِ وَعَنِ ٱلصَّلَوٰةِۖ فَهَلۡ أَنتُم مُّنتَهُونَ ﴿٩١﴾

(المائدة: ٩٠-٩١)

“സത്യവിശ്വാസികളെ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ചുനോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ളേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങ ൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെ യും, ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും, അല്ലാഹുവെ ഓർമ്മിക്കുന്നതിൽ നിന്നും നമസ്കാര ത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നി ങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?” (മാഇദ:90-91)

ചൂതാട്ടത്തിന് ഒട്ടനവധി ഉപദ്രവങ്ങളുണ്ട്, അതിൽ ചിലത് താഴെ കൊടുക്കുന്നു:

1- മുകളിൽ സൂചിപ്പിച്ച ആയത്തിൽ പറഞ്ഞത് പ്രകാരം അല്ലാഹുവി നെ ഓർക്കുന്നതിൽ നിന്നും മനുഷ്യനെ ചൂത്കളി തെറ്റിച്ച് കളയു ന്നു. ചൂത് കളിക്കുന്നവൻ ആ കളി തീരുന്നത്വരെ തനിക്ക് ലാഭമാ ണോ ലഭിക്കുക അതല്ല; തൻെറ പണം നഷ്ടപ്പെടുമോ എന്ന ചിന്ത യായിരിക്കും അവനെ അലട്ടികൊണ്ടിരിക്കുക, ആ സമയത്തുള്ള നമ സ്കാരത്തേയോ, മറ്റു ആരാധനകളെ സംബന്ധിച്ചോ അവന് ഓർ ക്കുവാൻ കഴിയില്ല. അങ്ങിനെ അവന് നമസ്കാരവും ആരാധന കളും നഷ്ടപ്പെടുന്നു.

2- ചൂതാട്ടം പരസ്പരം വിദ്വേഷവും, പകയും വളർത്തുന്നു, കാരണം കളിയിൽ നഷ്ടം വന്നവൻ തൻെറ നഷ്ടത്തെ സംബന്ധിച്ച് ചിന്തി ക്കുകയും അത് ലാഭിച്ചവനോട് ദേഷ്യം തോന്നുകയും, ശത്രുവായി കാണുകയും ഒരു പക്ഷേ, വഞ്ചനയിലൂടെയോ, ചതിയിലൂടെയോ ലാ ഭം കൊയ്തവനെ കൊല ചെയ്യുവാൻ പോലും അത് കാരണമായി തീരുന്നു. ചൂതാട്ടത്തിൽ നഷ്ടപ്പെട്ട പണത്തെ സംബന്ധിച്ച് ഓർക്കു മ്പോൾ അവന് അറിയുന്നത് ആ നഷ്ടപ്പെട്ട ധനം പാഴായി പോയി എന്നല്ലാതെ യാതൊന്നും തിരിച്ച് കിട്ടാനില്ല എന്നാകുമ്പോൾ കളിയി ലെ പങ്കാളിയോട് ദേഷ്യവും, പകയും വർദ്ധിക്കുന്നു.

3- ശാന്തമായി ക്രിയാത്മകമായി ജീവിച്ചിരുന്ന കുടുംബത്തെ ചൂതാട്ടം തകർക്കുന്നു, ധനം മുഴുവനും നിമിഷങ്ങൾക്കുള്ളിൽ നഷ്ടപ്പെട്ട് കു ടുംബത്തെ ദാരിദ്രത്തിലേക്കും, അത്പോലെ ആളുകൾക്ക് മുന്നിൽ കൈ നീട്ടി ഇരന്ന് നടക്കുന്നതിലേക്കും ചൂതാട്ടം കളിക്കാരെ കൊ

ണ്ടെത്തിക്കുന്നതായി നമുക്ക് കാണാനാവും. എത്രയെത്ര പണക്കാരാണ് പെട്ടെന്ന് ദരിദ്രരായി കടക്കാരായി മാറുന്നത്, ദൈനംദിനം പത്രങ്ങളിലൂടെ ചൂതാട്ടം മുഖേന ദരിദ്രരരായി ജനങ്ങൾക്ക് മുന്നിൽ കൈനീട്ടുന്നവരുടെ കഥകൾ നമുക്ക് വായിക്കുവാനാവും. ഇതിൽ നിന്നും രക്ഷ നൽകിയ അല്ലാഹുവിന് സർവ്വസ്തുതിയും.

4- ചൂതാട്ടം നടത്തുന്നവൻെറ ഭാര്യയും, സന്താനങ്ങളും വളരെ മോശമായ അവസ്ഥയിലും, ദൗർഭാഗ്യത്തിലുമായിരിക്കും കഴിഞ്ഞ് കൂടുക. ചൂത് കളിക്കുവാനുള്ള പണം കണ്ടെത്തുവാൻ കുടുംബ സ്വത്ത് മുഴുവനും വിൽക്കുകയും, പണയപ്പെടുത്തുകയും ചെയ്യുന്നു. അങ്ങിനെ ആ കുടുംബം ദൗർഭാഗ്യകരമായ അവസ്ഥയിലേക്ക് വീഴുകയും ചെയ്യുന്നു. കുടുംബാംഗങ്ങൾ നോക്കിനിൽക്കേ അവൻ അത്യാവശ്യ സാധനങ്ങൾ പോലും എടുത്ത്കൊണ്ട് ചൂതാട്ടത്തിനും, പാഴ്വേലക്കും വേണ്ടി ഉപയോഗപ്പെടുത്തി അവരെ ഒന്നുമില്ലാത്തവരായി ഉപേക്ഷിക്കുന്ന ദയനീയ കാഴ്ചയാണ് നമുക്ക് ചുറ്റുമുള്ളത്.

5- മാനസിക തകർച്ചയും, ഉറക്കമൊഴിക്കുകയും ചെയ്തതിൻെറ ഫലമായി ചൂത് കളിക്കുന്നവൻെറ പ്രശർ കൂടുകയും, ഹൃദയം പെട്ടെന്ന് പ്രവർത്തന രഹിതമാവുകയും, ഞരമ്പുകളിൽ രക്തം കട്ടയാവുകയും ചെയ്യുവാൻ സാധ്യതയുണ്ട്. സമ്പത്ത് നഷ്ടപ്പെടുമോയെന്ന ഭയവും, ലാഭം ലഭിക്കുമോയെന്ന പ്രതീക്ഷയും മുഖേനയുള്ള മാനസിക വിഭ്രാന്തിയുമായാണ് അവൻ കളി തുടുങ്ങുന്നത്. അത്കൊണ്ട് തന്നെ അവൻെറ ഞെരമ്പുകളൊക്കെ നിശ്ചലമാവുകയും, പ്രവർത്തന രഹിതമാവുകയും ചെയ്യുന്നു. നഷ്ടം സംഭവിക്കുകയും, സമ്പത്ത് പറന്ന്പോവുകയും, പ്രതിക്ഷകൾ അസ്തമിക്കുകയും ചെയ്യുന്നതോടെ അവൻെറ ഹൃദയം സ്തംഭിക്കുകയും രക്തം കട്ടയാവുകയും ചെയ്യുന്നു. ചൂത് കളിക്കുന്ന പ്രായമേറിയ വ്യക്തികളിൽ അധികമാളുകളും ആരോഗ്യകരമായ അവസ്ഥകൾ പരിശോധിക്കുവാനായി കളി സ്ഥലങ്ങളിലേക്ക് ഡോക്ടർമാരുമായിട്ടാണ് പങ്കെടുക്കാറുള്ളത്. എന്നിട്ട്പോലും ചൂതാട്ടത്തിൻെറ മേശക്കരികിൽ ജീവിതം നഷ്ടപ്പെടുന്നവരും വിരളമല്ലയെന്ന കാര്യം അറിയപ്പെട്ടതും, പ്രശസ്തവുമാണ്. ചിലയാളുകൾ കളിക്ക്ശേഷം ആത്മഹത്യ ചെയ്യാറുണ്ട്. ഓസ്ത്രേലിയയിലെ മെൽബോൺ എന്ന പട്ടണം ചൂത്കളിയാൽ അറിയപ്പെട്ടതാണ്. അതിനടുത്ത് തന്നെ കടലിന് മുകളിൽ വലിയ ഒരു പാലം കാണാം. അവിടെയുള്ള ചില സുഹൃത്തുക്കൾ പറയുന്നത് ചൂതാട്ടം മുഖേനയുള്ള നഷ്ടം താങ്ങാനാവാതെ അവിടെവന്ന് ജീവിതം അവസാനിപ്പിക്കുന്ന അനേകമാളുകളുണ്ടൊന്നാണ്. ധനം ഏതായാലും നഷ്ടപ്പെട്ടു, അതോടൊപ്പം വിലയേറിയ ജീവിതം പോലും യാതൊരു ഉപകാരവുമില്ലാതെ പാഴാക്കുകയും ചെയ്യുകയാണ്. ഇതാണ് ചൂതാട്ടത്തിൻെറ ഫലവും, പര്യാവസനാവും. ഇതിൽ നിന്നും രക്ഷ നൽകിയ അല്ലാഹുവിന് സർവ്വസ്തുതിയും.

6- സാമ്പത്തിക തകർച്ചക്കും, ഉൽപന്നങ്ങൾക്ക് മാന്ദ്യം സംഭവിക്കുവാനും കാരണമാവുന്നു. ചൂത്കളിയിൽ ചിലയാളുകൾക്ക് ലാഭമുണ്ടെന്നത് ശരിതന്നെ പക്ഷേ, അതിൽ യാതൊരു ഉൽപന്നവും ഉൽപാദിപ്പിക്കുന്നില്ല, അത് വ്യവസായമോ, കൃഷിയോ അല്ലാത്തത് കൊണ്ട്തന്നെ സാമ്പത്തികമായി അത് തകർച്ചയാണ് ഉണ്ടാക്കുന്നത്.

7- ചൂത് കളിയിൽ മുഴുകിയവർ സമ്പത്ത് മുഴുവനും നഷ്ടപ്പെടാലല്ലാതെ അതിൽനിന്നും വിരമിക്കുകയില്ല, ഒരു ദിവസം ലാഭമുണ്ടായാൽ മറ്റുള്ള ദിവസങ്ങളിൽ നഷ്ടം സംഭവിക്കൽ അനിവാര്യമാണ് ചൂത് കളിയിൽ. ഡന്മാർക്കിനെപോലെയുള്ള യൂറോപ്പ്യൻ രാജ്യങ്ങളിൽ ചൂത് കളിക്കാരെ ചികിൽസിക്കുവാൻ പ്രത്യേകം ആശുപത്രി തന്നെ തുറ ന്നിട്ടുണ്ട്. അല്ലാഹുവിനോട് രക്ഷ ചോദിക്കട്ടെ.

ഈ ചിത്ത പ്രവർത്തനങ്ങളിൽ നാം വിവരിച്ചത്പോലെയുള്ള ഉപദ്രവങ്ങളും, നഷ്ടങ്ങളും ഉള്ളത്കൊണ്ട് തന്നെ മനുഷ്യരോട് കാരുണ്യം കാണിക്കുന്ന മതം ഈ മ്ളേച്ഛ പ്രവർത്തനം നിഷിദ്ധമാക്കുവാൻ കാരണം. മാത്രമല്ല, ഇഹലോകത്ത് സൗഭാഗ്യവും, പരലോകത്തെ പരിപൂർണവും, നിത്യവുമായ സൗഭാഗ്യവും കരഗതമാക്കുവാനും വേണ്ടി മനുഷ്യരെ പാകപ്പെടുത്തുവാനുമാണ് ഈ ചൂതാട്ടം ഇസ്‌ലാം നിരോധിച്ചിരിക്കുന്നത്.

അല്ലാഹു ഏതെങ്കിലും കാര്യങ്ങൾ നിരോധിക്കുവാൻ കാരണം അതിലെ ഉപദ്രവങ്ങളും, മ്ളേച്ഛതയുമാണ്. പക്ഷേ, അത്മുഴുവനും വിശദീകരിക്കുവാൻ ഇവിടെ അവസരമില്ല. സൂചനകൾ കൊണ്ട് തന്നെ ബുദ്ധിയുള്ളവർക്കും, മനസിലാക്കാനാഗ്രഹിക്കുന്നവർക്കും കാര്യം ഗ്രഹിക്കുവാൻ കഴിയുന്നതാണ്. അല്ലാഹുവാണ് അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗത്തിലാക്കുന്നത്.

☆ ☆ ☆

# അഞ്ച്:

# ശിക്ഷാ നടപടിക്രമ നിയമങ്ങളിലൂടെയുള്ള ഇസ്‌ലാമിൻെറ നന്മകൾ:

ഇസ്ലാമിക ശരീഅത്തിലടങ്ങിയിട്ടുള്ള മുഴുവൻ കൽപനകളും, വിരോധനങ്ങളും അനേകം ഉപകാരങ്ങളും, തത്വങ്ങളും, ഗുണങ്ങളും ഉൾകൊള്ളുന്നതാണ്, അതിൽ മുഴുവൻ ജനങ്ങൾക്കും അറിയുന്നതും, ബുദ്ധിമാൻമാർക്ക് മാത്രം അറിയുന്നതുമുണ്ടാകും ഇസ്ലാമിക ശരീഅത്തിലെ ഒരു കൽപനയിലടങ്ങിയ ഫലങ്ങളേയും, ഗുണങ്ങളേയും സംബന്ധിച്ച് ബുദ്ധിയുള്ളവർ ചിന്തിക്കുകയാണെങ്കിൽ അതിൽ യുക്തിയും, ഉപകാരങ്ങളും, നന്മയും വളരെ പ്രകടമായും, പ്രകാശപൂരിതവുമായ രൂപത്തിൽ അവന് കണ്ടെത്തുവാൻ കഴിയുന്നതാണ്. ശരീഅത്ത് വിരോധിച്ച ഒരു കാര്യത്ത സംബന്ധിച്ച് ചിന്തിക്കുന്നവന് ആ കാര്യത്തിൽ അനേകം ഉപദ്രവങ്ങളും, പ്രകടമായ ഫസാദും ഉള്ളതായി വ്യക്തമായി, യാഥാർത്ഥ്യമായി കാണാനാവുന്നതാണ്. അന്ധമായ അനുകരണത്തിൽ നിന്നും, ദേഹേച്ഛകളിൽ നിന്നും മുക്തമായ രക്ഷപ്പെട്ട ബുദ്ധിയുടെ ഉടമകൾക്ക് ഇസ്ലാമിക ശിക്ഷാനടപടിക്രമമായ പ്രതിക്രിയ, ശിക്ഷാനിയമം എന്നിവയിലടങ്ങിയ നന്മകൾ കാണാൻ യാതൊരു പ്രയാസവുമില്ല. ഇതിൻെറ വിശദീകരണമായി നാം ചുവടെ ചിലകാര്യങ്ങൾ പറയുന്നു:

## ഒന്ന്: ഹുദൂദ്(ശിക്ഷകൾ)ൻെറ നിർവ്വചനവും, ശിക്ഷാനടപടികൾ നിർബ്ബന്ധമായ കുറ്റകൃത്യങ്ങളും:

ഹദ്ദ് (ശിക്ഷ) എന്ന പദത്തിൻെറ ബഹുവചനമാണ് ഹുദൂദ് (ശിക്ഷകൾ)എന്നത്.

മതത്തിൽ: അല്ലാഹുവിൻെറ അവകാശങ്ങളിൽ ഏതെങ്കിലും ഒന്നിൽ അതിക്രമം നടത്തുന്നവന് ശറഇൻെറ വ്യക്തമായ നിയമമനുസരിച്ചുള്ള നിർണ്ണിതമായ ശിക്ഷയാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്.

നിർണ്ണിതമായ ശിക്ഷ നിർബ്ബന്ധമായി വരുന്ന കുറ്റകൃത്യങ്ങളിൽ ചിലത് താഴെ പറയുന്നു: മതപരിത്യാഗം, വ്യഭിചാരം, വ്യഭിചാരാരോപണം, കളവ് നടത്തുക, മദ്യപാനം, കൊള്ള എന്നിവപോലെയുള്ളത്.

## രണ്ട്: പ്രതിക്രിയയിലും, ശിക്ഷാനിയമങ്ങളിലുമുള്ള ഇസ്ലാമിൻെറ നന്മകളിൽ ചിലത്:

പ്രതിക്രിയയും, ശിക്ഷാനടപടികളും കുറ്റങ്ങൾക്കുള്ള ശിക്ഷയും, അതോടൊപ്പം തന്നെ കുറ്റങ്ങൾ ചെയ്യുന്നതിൽ നിന്ന് വിലക്കുകയും ചെയ്യുന്നു. പ്രതിക്രിയകളും, ശിക്ഷാനിയമങ്ങളും നിയമമാക്കിയിട്ടുള്ളത് അടിമകളോടുള്ള കാരുണ്യവും, കുഴപ്പങ്ങളെ തടയുവാനും, കുറ്റവാളികളെ തടഞ്ഞ് നിറുത്തുവാനും വേണ്ടിയുള്ളതാണ്. ഇതിൽ അനേകം തത്വങ്ങളും, ഉന്നതമായ നന്മകളും ഉൾകൊള്ളുന്നുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കട്ടെ.

1- ഇസ്‌ലാം കൊണ്ട്‌വന്നിട്ടുള്ള ശിക്ഷാനിയമങ്ങളും, പ്രതിക്രിയകളും ഒരു മനുഷ്യ ബുദ്ധിയിൽ ഉരുത്തിരിഞ്ഞതല്ല, മറിച്ച് അത് ദൈവിക കാരുണ്യവും, രക്ഷിതാവിൻെറ സമ്മാനവുമാണ്. അത്കൊണ്ട് തന്നെ വിശ്വാസികളുടെ മനസിൽ ഈ നിയമത്തിന് ആദരവും, സ്ഥാനവുമു ണ്ട്. നിയമങ്ങൾ നടപ്പാക്കുന്നവരും, ശിക്ഷകൾക്ക് വിധേയമാകുന്നവ രും നിയമം നടപ്പാക്കുന്നതിലൂടെ ആഗ്രഹിക്കുന്നത് അല്ലാഹുവിൻെറ പ്രതിഫലവും, രക്ഷയുമാണ്. ഇത്കൊണ്ട് തന്നെയാണ് കുറ്റകൃത്യങ്ങ ളിൽ അധികനിയമങ്ങളും വിധിക്കപ്പെടു ന്നത്. തെറ്റ് ചെയ്തിട്ട് അതിൽ നിന്ന് രക്ഷപ്പെടുവാൻ എന്നെ നിങ്ങൾ ശിക്ഷിക്കണമെന്നും, ശുദ്ധീകരിക്കണമെന്നും സ്വയം പറഞ്ഞ്കൊണ്ട് വരുന്നവരിൽ നിന്ന് നമുക്ക് മനസിലാക്കാനാവുന്നത് യാഥാർത്ഥ്യമിതാണ്.

2- ഇസ്‌ലാമിക നിയമങ്ങൾ മനുഷ്യ പ്രകൃതിയോട് യോജിച്ചതാണ്. കാരണം മനുഷ്യനടങ്ങുന്ന എല്ലാ പ്രപഞ്ചസൃഷ്ടികളെയും സൃഷ്ടിച്ച, മനുഷ്യന് ഉപകാരമുള്ളതേതന്നും, ഉപദ്രവമുണ്ടാക്കുന്നതേതന്നും, അവരെ തടയുയേണ്ടതും, പ്രോൽസാഹിപ്പിക്കേണ്ടതുമായ കാര്യമേതെ ന്നും, അവരെ ഉപദേശിക്കേണ്ടതും, ആക്ഷേപിക്കേണ്ടതുമായവ ഏതാണെന്നും, അവരെ അതിജയിക്കുന്നതും, അവരെ വിദൂരപ്പെടുത്തുന്നുതുമായ കാര്യങ്ങൾ എന്താണെന്നും, അവർക്ക് കഴിയുന്നതും, കഴിയാത്തതുമായവ ഏതൊക്കെയാണെന്നും വ്യക്തമായി അറിയുന്നവനുമായ അല്ലാഹുവിൽ നിന്നാണ് ഈ നിയമങ്ങൾ അവതരിച്ചിട്ടുള്ളത്. അങ്ങിനെ സൃഷ്ടാവും, നയതന്ത്രജ്ഞനും, എല്ലാം അറിയുന്നവനുമായവൻ അവൻെറ അടിമകൾക്ക് അവരുടെ പ്രകൃതിക്കും, സൃഷ്ടിപ്പിന്നും യോജിച്ചതും, അനുയോജ്യവുമായ നിയമമാണ് ഉണ്ടാക്കിയിട്ടുള്ളത്.

3- ഇസ്‌ലാമിക നിയമങ്ങൾ ഏത് മനുഷ്യ സമുദായത്തിലും മാറ്റമില്ലാത്തതാണ്, അത് കാലങ്ങൾക്കും, ദേശങ്ങൾക്കും, സ്ഥലങ്ങൾക്കുമനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാകാത്തതാണ്. കാരണം യാഥാർത്ഥ്യങ്ങളെയും, നിമിഷങ്ങളേയും ശരിക്കുമറിയുന്നവനിൽ നിന്നാണ് നിയമസംഹിതകൾ അവതീർണമായത്. എന്താണ് ഉണ്ടായത്, ഉണ്ടായികൊണ്ടിരിക്കുന്നത്, ഭാവിയിൽ ഉണ്ടാവാൻ പോകുന്നത് എന്ന് അവൻ അറിയുന്നു, അവൻ സമ്പൂർണ നിയമമാണ് ഉണ്ടാക്കിയിട്ടുള്ളത്, ദേഹേച്ഛക്കനുസരിച്ച് കൊണ്ടും, പരിമിതമായ ബുദ്ധി കൊണ്ടും, സുശ്കമായ വിജ്ഞാനം കൊണ്ടും ഉണ്ടാക്കിയ മനുഷ്യ നിർമ്മിത നിയമങ്ങൾ നിരന്തരമായ മാറ്റങ്ങ ൾക്കും, ശുദ്ധീകരണത്തിനും, തിരുത്തലുകൾക്കും വിധേയമാകുന്നത് പോലെ ദൈവിക നിയമങ്ങൾ മാറ്റത്തിനും തിരുത്തലിനും, ശുദ്ധീകരണത്തിനും വിധേയമല്ല, അത് പൂർത്തീകരിക്കേണ്ട ആവശ്യവുമില്ല. കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാനിയമങ്ങൾക്കായി മാറ്റമില്ലാത്ത ഒരു നിയമം ഉണ്ടാവുകയെന്നത് നീതിയുടെ

ഭാഗമാണ്. മാറ്റമില്ലാത്ത ഒരു നിയമം ഉണ്ടാകുമ്പോഴാണ് ജനങ്ങൾക്ക് ഏതെല്ലാം കാര്യങ്ങളിലാണ് ശിക്ഷിക്കപ്പെടുക, ശിക്ഷിക്കപ്പെടാതിരിക്കുക എന്ന് മനസിലാക്കുവാൻ കഴിയുകയുള്ളൂ. ഇങ്ങനെയുള്ള വ്യക്തവും, മാറ്റവുമില്ലാത്ത നിയമം ഇല്ലായെങ്കിൽ ശാന്തിയും, സമാധാനവും ലഭിക്കുകയില്ല.

4- ഇസ്‌ലാമിക നിയമങ്ങൾ ലക്ഷ്യം വെക്കുന്നത് ഉൽകൃഷ്ട സ്വഭാവവും, ഉന്നതമായ മാർഗവുമാകുന്നു. പ്രവാചകന്മാർ മുഴുവനും ക്ഷണിക്കുകയും, ജീവിതത്തിൽ പകർത്തുവാൻ പ്രേരിപ്പിച്ചതും ഈ സ്വഭാവമാണ്. മനസുകൾ വിമലീകരിക്കപ്പെടുന്നതും, തലമുറകൾ സംസ്കരിക്കപ്പെടുന്നതും ഈ സ്വഭാവം കൊണ്ടാണ്. ഇതിന് വിപരീതമായി മനുഷ്യ നിർമ്മിത നിയമങ്ങൾക്ക് ഉൽകൃഷ്ട സ്വഭാവങ്ങളെ സംരക്ഷിക്കുവാനോ, മനസുകളെ വിമലീകരിക്കുവാനോ, സംസ്കരിക്കുവാനോ അധികവും സാധിക്കാറില്ല. ഉപദ്രവങ്ങൾ മറ്റുള്ളവരിലേക്ക് നീങ്ങിയാലല്ലാതെ ഈ നിയമങ്ങൾകൊണ്ട് തലമുറകളെ വിമലീകരിക്കുകയില്ല. മദ്യപാനം അതിൻെറ ഉപദ്രവം മദ്യപാനിയിൽ തന്നെ ചുരുങ്ങി മറ്റുള്ളവർക്ക് ബുദ്ധിമുട്ടില്ലായെങ്കിൽ അവനെ ശിക്ഷിക്കുന്നില്ല. അത്പോലെ പരസ്പരം തൃപ്തിപ്പെട്ട്കൊണ്ട് പ്രത്യേകിച്ച് പ്രായപൂർത്തിയായവർ തമ്മിലുള്ള വ്യഭിചാരത്തിനും ശിക്ഷ ലഭിക്കുന്നില്ല.

5- ഇത് തീർച്ചയായും വ്യക്തിയിലധിഷ്ടിതമായ ശിക്ഷയാണ്, തെറ്റ് ചെയ്തവനോടല്ലാതെ തെറ്റിനെ സംബന്ധിച്ച് ചോദിക്കുകയില്ല. ശിക്ഷാ നിയമങ്ങൾ അതിനർഹരായവരില്ലാതെ നടപ്പിലാക്കുകയില്ല. അല്ലാഹു പറയുന്നു:

﴿ وَلَا تَكْسِبُ كُلُّ نَفْسٍ إِلَّا عَلَيْهَا ۚ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ﴾

(الأنعام:١٦٤).

“ഏതൊരാളും ചെയ്തുവെക്കുന്നതിൻെറ ഉത്തരവാദിത്തം അയാൾക്ക് മാത്രമായിരിക്കും. ഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ചുമക്കുന്നതല്ല” (അൻആം:164)

കുറ്റം ചെയ്തുവെന്ന് ശരിയായ തെളിവിൻെറയടിസ്ഥാനത്തിൽ തെളിയുകയാണെങ്കിൽ ശിക്ഷാനിയമങ്ങൾ നടപ്പാക്കുന്നത് കുറ്റവാളിയിൽ മാത്രമാണ്, അതിൻെറ ശിക്ഷ മറ്റുള്ളവരിലേക്ക് നീങ്ങുകയില്ല. ചില സന്ദർഭങ്ങളിൽ കുറ്റവാളിയുടെ നിരപരാധികളായ കുടുംബാംഗങ്ങളിലേക്ക് വിലക്കിൻെറയും, ഉപരോധത്തിൻെറയും ചില പ്രയാസങ്ങൾ പ്രവേ ശിക്കുന്നുണ്ടെങ്കിലും അത് ശിക്ഷയുടെ ഒരുഭാഗം മാത്രമാണ്. അവരെ ബുദ്ധിമുട്ടിപ്പിക്കണമെന്നല്ല അത്കൊണ്ട് ഉദ്ദേശിക്കുന്നത്, മറിച്ച് കുറ്റ വാളി അവൻ അർഹിക്കുന്ന ശിക്ഷ അനുഭവിക്കണമെന്നാണ്.

6- ഇസ്‌ലാമിക നിയമം എല്ലാവിഭാഗം ജനങ്ങൾക്കും ഒരേ രൂപത്തിലാണ്. പ്രമാണിയും, സാധാരണക്കാരനും, ധനികനും, ദരിദ്രനും, വെളുത്തവനും, കറുത്തവനും, ഭരണാധികാരിയും, ഭരണീയനും, നേതാവും, അനുയായിയും എല്ലാവരും കുറ്റങ്ങളുടെ കാര്യത്തിലുള്ള ശിക്ഷയിൽ തുല്ല്യരാണ്. അവിടെ സമൂഹത്തിലുള്ള സ്ഥാനത്തിൻെറയും, പ്രതാപത്തിൻെറയും ഏറ്റക്കുറച്ചിലുകൾ പരിഗണനീയമല്ല. നിയമ ദാധാവിൻെറ നിയമങ്ങൾ ചില കുറ്റവാളികളെ ഒഴിവാക്കി ചിലരിൽ മാത്രം നടപ്പിലാക്കുവാൻ കഴിയാത്തത്പോലെ സമൂഹത്തിൽ കുറ്റവാളിക്കുള്ള സ്ഥാനങ്ങളോ, കുലമഹിമയോ പരിഗണിച്ച് കുറ്റം ലഘൂകരിക്കുവാനോ, വർദ്ദിപ്പിക്കുവാനോ കഴിയില്ല. ആയിഷാ(റ)യിൽ നിന്ന് ബുഖാരിയും മുസ്‌ലിം അവരുടെ സ്വഹീഹുകളിൽ ഉദ്ദരിക്കുന്ന ഒരു ഹദീസ് ഇപ്രകാരമാകുന്നു:

أن قريشا أهمهم شأن المرأة المخزومية التي سرقت، فقالوا: ومن يكلم فيها رسول الله ﷺ؟ فقالوا: ومن يجترئ عليه إلا أسامة بن زيد، حب رسول الله ﷺ ؟ فكلمه أسامة، فقال رسول الله ﷺ:«أتشفع في حد من حدود الله ثم قام فاختطب ثم قال: أيها الناس إنما أهلك الذين قبلكم، أنهم كانوا إذا سرق فيهم الشريف تركوه، وإذا سرق فيهم الضعيف أقاموا عليه الحد، وأيم الله لو أن فاطمة بنت محمد سرقت لقطعت يدها»(١).

മഖ്സൂമി ഗോത്രക്കാരിയായ ഒരു സ്ത്രീ മോഷണം നടത്തിയത് ഖുറൈശികൾക്ക് ഒരു വലിയ പ്രശ്നമായി തീർന്നു. അവർ പറഞ്ഞു: അവളുടെ കാര്യത്തിൽ റസൂലുമായി ആരാണ് സംസാരിക്കുക? അവർ പറഞ്ഞു: പ്രവാചകൻﷺയുടെ സ്നേഹനിധിയായ ഉസാമത്തുബ്നു സൈദല്ലാതെ ധൈര്യമുള്ളവൻ വേറെ ആരുണ്ട്? അങ്ങിനെ ഉസാമ അവളുടെ കാര്യത്തിൽ തിരുമേനിയോട് സംസാരിച്ചു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: "അല്ലാഹുവിൻെറ വിധിയിൽ നിങ്ങൾ ശുപാർശ നടത്തുകയോ? എന്നിട്ട് മിമ്പറിൽ കയറികൊണ്ട് പറഞ്ഞു: "അല്ലയോ ജനങ്ങളെ, നിങ്ങളുടെ മുമ്പുള്ളവർ നശിച്ചത്, അവരിലെ മാന്യന്മാർ മോഷണം നടത്തുകയാണെങ്കിൽ അവരെ അവർ ഉപേക്ഷിക്കുകയും, യാതൊരു കഴിവുമില്ലാത്തവർ മോഷണം നടത്തുകയാണെങ്കിൽ ശിക്ഷ നടപ്പാക്കുകയും ചെയ്തത് കൊണ്ടാണ്. അല്ലാഹു തന്നെയാണ് സത്യം; മുഹമ്മദിൻെറ മകൾ ഫാത്വിമ തന്നെ കട്ടാലും ഞാൻ അവളു

(١) أخرجه البخاري في صحيحه–مع الفتح–: ٥١٣/٦ برقم (٣٤٧٥)؛ ومسلم: ١٣١٥/٣ برقم (١٦٨٨).

ടെ കരം ഛേദിക്കുക തന്നെ ചെയ്യുന്നതാണ്”

7- ഇസ്‌ലാമിക നിയമങ്ങൾ സമ്പൂർണ്ണ നീതിയിലധിഷ്ടിതമാണ്. അവിടെ അക്രമിയേയും, അക്രമിക്കപ്പെട്ടവനെയും അനീതിക്കിരയാക്കുന്ന പ്രശ്നമേ സംഭവിക്കുന്നില്ല. കുറ്റം ചെയ്തവൻെറ കുറ്റം പെരുപ്പിച്ച് കാണിച്ച് കൊണ്ട് ശിക്ഷയുടെ കാഠിന്യം കൂട്ടുകയാണെങ്കിൽ അത് കുറ്റവാളിയെ അക്രമിക്കുകയാണ്, അത്പോലെ കുറ്റം ലഘൂകരിച്ച് കൊണ്ട് ശിക്ഷയിൽ ഇളവ് നൽകി അക്രമത്തിനിരയായവനെ വീണ്ടും അക്രമത്തിനും, ശത്രുതക്കും ഇരയാക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിൽ കുറ്റത്തിൻെറ വ്യാപ്തിയും, തോതും അതിസൂക്ഷ്മമായ വിധിക്ക് വിധേയമാക്കിക്കൊണ്ട് അതിൻെറ തോതനുസരിച്ച് അക്രമിയെ ശിക്ഷിച്ച് അക്രമിക്കപ്പെട്ടവന് നീതി നൽകുന്നു. അക്രമി നിരപരാധിയായ ഒരാളെ ജീവിതം ആസ്വദിക്കുവാൻ അനുവദിക്കാതെ വധിക്കുകയാണെങ്കിൽ അക്രമിയേയും അത്പോലെ വധിക്കുന്നു. കാരണം ശിക്ഷ നടപ്പിലാക്കുക കുറ്റകൃത്യത്തിൻെറ ഇനമനുസരിച്ചാകുന്നു. അല്ലാഹു പറയുന്നു:

﴿ وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۗ وَمَن قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِۦ سُلْطَـٰنًا فَلَا يُسْرِف فِّى ٱلْقَتْلِ ۖ إِنَّهُۥ كَانَ مَنصُورًا ﴿٣٣﴾ ﴾ (الإسراء: ٣٣).

“അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്. അക്രമത്തിന്നു വിധേയനായി വല്ലവനും കൊല്ലപ്പെടുന്ന പക്ഷം അവൻെറ അവകാശിക്ക് നാം (പ്രതികാരം ചെയ്യാൻ) അധികാരം വെച്ച് കൊടുത്തിട്ടുണ്ട്. എന്നാൽ അവൻ കൊലയിൽ അതിരു കവിയരുത്. തീർച്ചയായും അവൻ സഹായിക്കപ്പെടുന്നവനാകുന്നു” (ഇസ്രാഅ്:33)

8- ഇസ്‌ലാമിക ശിക്ഷാനടപടിക്രമങ്ങൾ നിർബ്ബന്ധമായും സംരക്ഷിക്കേണ്ട പ്രധാനപ്പെട്ട നന്മയുടെ സംരക്ഷണത്തെ ആശ്രയിച്ചിരിക്കുന്നു. ഇസ്‌ലാമിക ശരീഅത്ത് ശിക്ഷ നിർണ്ണയിച്ചിരിക്കുന്നതും, പ്രതിക്രിയകളും, ശിക്ഷാനടപടികളും നിയമമാക്കിയിരിക്കുന്നതും ജനങ്ങളുടെ നന്മകക്കാവശ്യമായ നിർബ്ബന്ധമായ കാര്യങ്ങൾ സംരക്ഷിക്കുന്നതിനെ ലക്ഷ്യം വെച്ച്കൊണ്ടാണ്. നിർബ്ബന്ധമായും സംരക്ഷിക്കപ്പെടേണ്ട കാര്യങ്ങളായ നന്മകൾ ഏതാണെന്ന് നാം പരിശോധിക്കുകയാണെങ്കിൽ അഞ്ച് അടിസ്ഥാന കാര്യങ്ങളെയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. അവ: മതം, ദേഹം, ബുദ്ധി, അഭിമാനം സന്താനപരമ്പര, ധനം എന്നിവയുടെ സംരക്ഷണമാകുന്നു.

ഈ കാര്യങ്ങളിലെ നന്മകളിലാണ് മനുഷ്യജീവിതവും, അവൻെറ ഉപജീവനവും നിലനിൽക്കുന്നതെന്നതിൽ സംശയമില്ല, ഉന്നതമായ മ

നുഷ്യ ജീവിതത്തിൻെറ യഥാർത്ഥ ആശയം ഇവകൊണ്ടല്ലാതെ പരിപൂർണമാവുകയില്ല. ഇവയിലെ ഏതെങ്കിലുമൊന്നിനെതിരെ അതിക്രമം നടത്തുകയെന്നത് വലിയ പാതകവും, വമ്പിച്ച അതിക്രമവുമാണ്. തെറ്റുകളിലും, അശ്രദ്ധയിലും, പാപത്തിലും തന്നെ സ്ഥിരമായി നിൽക്കാതിരിക്കുവാൻ കുറ്റവാളികളെ ശിക്ഷിക്കൽ അനിവാര്യമാണ്.

ഈ നന്മകളുടെ സംരക്ഷണത്തിനും, അതിക്രമികളെയും, അതിര് വിട്ട് കടക്കുന്നവരെയും, കുറ്റവാളികളെയും അതിൽ നിന്ന് തടയുവാനും വേണ്ടിയാണ് ഇസ്ലാം പ്രതിക്രിയകളും, ശിക്ഷാനടപടികളും നിയമമാക്കിയിട്ടുള്ളത്. മതപരിത്യാഗം ചെയ്യുന്നവന് വധ ശിക്ഷനൽകുവാനുള്ള കാരണം അവൻ മതപരിത്യാഗംകൊണ്ട് ജനങ്ങളെഅല്ലാഹുവിൻെറ മതത്തെ തൊട്ട് തടയുന്നു. ആരെങ്കിലും വധം നടത്തുകയോ, അതിക്രമം ചെയ്യുകയോ ചെയ്യുകയാണെങ്കിൽ പ്രതിക്രിയ നിയമമാക്കിയിരിക്കുന്നത് മനുഷ്യരുടെ സംരക്ഷണത്തിന് വേണ്ടിയാണ്. ഉപദ്രവങ്ങളിൽ നിന്നും, കുഴപ്പങ്ങളിൽ നിന്നും ബുദ്ധിയെ സംരക്ഷിക്കുന്നതിനായി മദ്യവും ലഹരിയും നിഷിദ്ധമാക്കുകയും അതിന് ശിക്ഷ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. അഭിമാനം, സന്താനപരമ്പര എന്നിവയുടെ സംരക്ഷണത്തിനായി വ്യഭിചാരം നിഷിദ്ധമാക്കുകയും, ആരെയും അപമാനിക്കാതിരിക്കുവാനായി വ്യഭിചാരം, വെഞ്ചല്ല് എന്നിവക്ക് ശിക്ഷ ക്ലിപ്തപ്പെടുത്തുകയും ചെയ്തത്പോലെ. സമ്പത്തിൻെറ സുരക്ഷിതത്തിനായി കളവും, കൊള്ളയും നിരോധിക്കുകയും, അതിൽ അതിക്രമം നടത്തുന്ന കള്ളന്മാർക്കും, കൊള്ളക്കാർക്കുമുള്ള ശിക്ഷ നിയമമാക്കുകയും ചെയ്തിരിക്കുന്നു.

ഇസ്ലാം മതം അനിവാര്യമായും സംരക്ഷിക്കപ്പെടേണ്ട നന്മയെ സംരക്ഷിക്കുവാൻ വേണ്ടി പരിശ്രമിക്കുന്നു. ഈ നന്മയിലെ ഏതെങ്കിലും ഒന്നിൽ ആരെങ്കിലും അതിക്രമം നടത്തുകയാണെങ്കിൽ അവന് യോജിച്ചതും, അതിൽ നിന്ന് പിൻതിരിയുവാനും കഴിയുന്ന ശിക്ഷ ഈ പ്രതിക്രിയകൊണ്ടും, ശിക്ഷാനടപടികൾ കൊണ്ടും ലഭിക്കുന്നു. ഇത്മൂഖേന ജനങ്ങളുടെ ഐശ്വര്യവും, സൗഭാഗ്യവും ജീവിതവും, നിലനിൽപുമായ നന്മകളുടെ സംരക്ഷണം സംരക്ഷിക്കപ്പെടുന്നു.

9- ഇസ്ലാമിക ശിക്ഷാനിയമങ്ങൾ കുറ്റവാളിയുടെ അവസ്ഥയെ പരിഗണിക്കുന്നു. ഇത് വിവിധ മേഖലകളിലൂടെ നമുക്ക് വ്യക്തമാവുന്നതാണ്. അതിൽ ചിലത് താഴെ കൊടുക്കുന്നു:

(എ)- കുറ്റവാളിയുടെ മേൽ കുറ്റം സ്ഥിരീകരിക്കുന്നതും, അവന് അർഹമായത് നിശ്ചയിക്കുന്നതും:

ഒരു വ്യക്തി കുറ്റവാളിയാണെന്ന് നിർണ്ണയിക്കുന്നതിന് ഇസ്ലാമിക ശരീഅത്തിൽ വ്യക്തമായ നിയമങ്ങളുണ്ട്. അതിൽ പെട്ടതാണ് അവൻ സ്വന്തം ഇഷ്ടപ്രകാരം, ഉദ്ദേശത്തോടെ പ്രവർത്തിക്കുക, ആരുടെയും നിർബ്ബന്ധത്തിനോ, വെറുപ്പോടെയോ പ്രവർത്തിക്കാതിരിക്കുക. അവൻ ബുദ്ധിയുള്ളവനും പ്രായപൂർത്തിയെത്തിയവനുമായിരിക്കു

ക, തെറ്റിൻെറ ഗൗരവത്തെയും, അതിനുള്ള ശിക്ഷയേയും സംബന്ധിച്ച് ബോധവാനായിരിക്കുക. കുറ്റവാളി നിർബ്ബന്ധിപ്പിക്കപ്പെട്ടവനോ, വെറുക്കപ്പെട്ടവനോ, കുട്ടിയോ, ഭ്രാന്തനോ, കുറ്റത്തെ സംബന്ധിച്ചോ അതിൻെറ ശിക്ഷയെ സംബന്ധിച്ചോ അജ്ഞനോ, ഇസ്‌ലാമിലേക്ക് അടുത്ത് കടന്നവനോ, അതല്ലെങ്കിൽ മറ്റുവല്ല ഒഴിവ് കഴിവുള്ളവനോ ആകാതിരിക്കുക, ആണെങ്കിൽ അതിലവന് വിട്ട്‌വീഴ്ച നൽകുകയും, അവന് ശിക്ഷ നൽകാതിരിക്കുകയും ചെയ്യുന്നു.

(ബ)- ശിക്ഷ നിർണ്ണയിക്കുന്നതിൽ: വ്യഭിചാരി വിവാഹം കഴിച്ചവനാണെങ്കിൽ അവനെ എറിഞ്ഞ് കൊല്ലുന്നു, വ്യഭിചാരി വിവാഹം കഴിക്കാത്തവനാണെങ്കിൽ അവൻെറ ശിക്ഷ അവനെ നശിപ്പിക്കലല്ല. ഇപ്രകാരം തന്നെ കൊലയാളി കരുതിക്കൂട്ടി കൊല നടത്തുകയാണെങ്കിൽ അവനിൽ പ്രതിക്രിയ നടത്തുന്നു, എന്നാൽ അബദ്ധത്താലാണ് ഒരാൾ കൊല നടത്തുന്നതെങ്കിൽ അവനിൽ പ്രതിക്രിയ നടത്താതെ അവനിൽ നിന്ന് ദിയ(പ്രതിക്രിയക്ക് പകരം നൽകുന്ന ധനം) ഈടാക്കുകയാണ് ചെയ്യുന്നത്.

(ജ)- ശിക്ഷ നടപ്പാക്കുന്നതിൽ: ശിക്ഷ നടപ്പാക്കുമ്പോൾ മരണത്തിലേക്ക് എത്തിപ്പെടാതിരിക്കുവാൻ കുറ്റവാളിയുടെ അവസ്ഥ ഇസ്‌ലാമിക ശരീഅത്ത് പരിഗണിക്കുന്നു. രോഗശമനം പ്രതീക്ഷിക്കുന്ന രോഗി, ഗർഭിണി, നിഫാസുള്ള സ്ത്രീ എന്നിവരിൽ ശിക്ഷ നടപ്പിലാക്കിയാൽ നാശം ഭയപ്പെടുകയാണെങ്കിൽ രോഗി സുഖം പ്രാപിക്കുന്നത് വരെയും, ഗർഭിണി പ്രസവിക്കുന്നത് വരെയും, നിഫാസ് അവസാനിക്കുന്നത് വരെയും ശിക്ഷ പിന്തിപ്പിക്കുന്നു. നാശം സംഭവിക്കുകയില്ലായെന്ന് ബോധ്യപ്പെട്ടാൽ ശിക്ഷ നടപ്പിലാക്കുകയും ചെയ്യുന്നു. ശിക്ഷ നടപ്പാക്കുന്നത് നാശമുണ്ടാകാനല്ല, മറിച്ച് തെറ്റിൽനിന്ന് മുക്തമാവാനാണ്.

(ദ)- ശിക്ഷ നടപ്പാക്കുമ്പോൾ കുറ്റവാളിയുടെ പവിത്രത സംരക്ഷിക്കപ്പെടുന്നു: ശിക്ഷ നടപ്പാക്കുമ്പോഴോ, അതിന് ശേഷമോ കുറ്റവാളിയെ അസഭ്യം പറയുകയോ, ശപിക്കുകയോ ചെയ്യുന്നില്ല. ശിക്ഷാനിയമം ഒരാളെ വധിക്കുകയാണെങ്കിൽ അവൻെറ മേൽ നമസ്കരിക്കുകയും, അവന്‌വേണ്ടി പ്രാർത്ഥിക്കുകയും, അവനിൽ കരുണ കാണിക്കുകയും ചെയ്യുന്നു.

10- പരസ്യമായി ചെയ്യുന്ന തെറ്റിന് കഠിന ശിക്ഷ നൽകുന്നു: ഇസ്‌ലാമിക ശരീഅത്ത് ഇഹലോകത്ത് ശിക്ഷ വിധിക്കുന്നത് പരസ്യമായി ചെയ്യുന്നതും, കുറ്റം സ്ഥാപിക്കുവാൻ കഴിയുന്നതുമായ കുറ്റത്തിനാണ്. തെറ്റ് എത്രമാത്രം പരസ്യവും, പ്രകടവും ആകുന്നുണ്ടോ അതിനനുസരിച്ച് ശിക്ഷയുടെ കാഠിന്യം കൂടുന്നതാണ്. ഇങ്ങനെ കുറ്റവാളി ശിക്ഷിക്കപ്പെടാതിരിക്കുകയാണെങ്കിൽ സമൂഹത്തിൽ തിന്മകളും, കുറ്റകൃത്യങ്ങളും, കുഴപ്പങ്ങളും വ്യാപിക്കുന്നതാണ്.

പിടിക്കപ്പെടുന്ന കുറ്റവാളികളിൽ അധികവും അനേകം തെറ്റുകൾ ചെയ്തതിന് ശേഷമാണ് പിടിക്കപ്പെടാറുള്ളത്, അത്കൊണ്ട് തന്നെ ശിക്ഷ അവൻ പിടിക്കപ്പെട്ടതിന് മാത്രമല്ല, ഇരുട്ടിൻെറ മറവിൽ ചെയ്ത കുറ്റങ്ങൾക്ക് കൂടിയാണ്. കാരണം പിടിക്കപ്പെട്ട തെറ്റിനാണെങ്കിൽ പിടിക്കപ്പെടാത്ത തെറ്റ് വളരെ കൂടുതലാകുന്നു. ഒരാൾ നാലാൾ കാണുന്ന രൂപത്തിൽ വ്യഭിചരിക്കുമെന്ന് വായനക്കാരൻ വിചാരിക്കുന്നുണ്ടോ? ഇല്ലായെങ്കിൽ അതിൽ നിന്ന് മനസിലാക്കുവാൻ കഴിയുന്നത് കുറ്റകൃത്യങ്ങളുടെ ആധിക്യം കാരണം തെറ്റുചെയ്യുന്നത് ഒരു അഹങ്കാരമായി മാറുകയും, രഹസ്യമായി ചെയ്യുകയെന്ന പ്രകൃതത്തിൽ നിന്ന് മാറി പരസ്യമായി ചെയ്യുന്നതിലേക്ക് എത്തിക്കുകയും ചെയ്യുന്നുവെന്നല്ലെ?

അഹങ്കരിച്ച് കൊണ്ട് പരസ്യമായി തെറ്റ് ചെയ്യുന്നവനെ അതികഠിനമായി ശിക്ഷിക്കുന്നുവെന്നത് ഇസ്‌ലാമിക ശരീഅത്തിൻെറ ഒരു പ്രത്യേകതയാണ്. അതിക്രമത്തിൻെറ തോതനുസരിച്ച് ശിക്ഷ നടപ്പാക്കുന്നത് ഉൽകൃഷ്ട സ്വഭാവങ്ങളുടെ സംരക്ഷണത്തിനാകുന്നു. ആരെങ്കിലും അഭിമാനക്ഷതം വരുത്തുകയും, അതിൻെറ മറ നീക്കുകയും ചെയ്താൽ അതിൻെറ ശിക്ഷ അവൻ പരസ്യമാക്കുകയും പ്രകടമാക്കുകയും, സ്വയം തന്നെ നിന്ദ്യപ്പെടുത്തിയതിൻെറ പരിധിക്കനുസരിച്ചും, അവൻെറ ഹൃദയം അതിനെ വലയം ചെയ്തതുമനു സരിച്ചുമായിരിക്കും അതിൻെറ ശിക്ഷ. ഇനി ആരെങ്കിലും കുറ്റകൃത്യങ്ങൾ മറച്ച് വെക്കുകയാണെങ്കിൽ അല്ലാഹുവും അത് ഇഹലോകത്ത് അത് മറച്ചുവെക്കുന്നതാണ്.

ശിക്ഷാനിയമങ്ങളും, പ്രതിക്രിയാനടപടികളും നിയമമാക്കിയതിലൂടെയുള്ള ഇസ്‌ലാമിക ശരീഅത്തിൻെറ ചില നന്മകളും, പ്രത്യേകതകളുമാണ് നാം ഇത്വരെ പറഞ്ഞത്. മനുഷ്യൻ ഇന്ന്വരെ അറിഞ്ഞിട്ടുള്ള നിയമസംഹിതകളിലും, തത്വങ്ങളിലും വെച്ച് ഏറ്റവും നല്ലതും, വ്യക്തികൾക്കും സമൂഹത്തിനും സംരക്ഷണം നൽകുവാനും കുറ്റകൃത്യങ്ങൾക്ക് ശിക്ഷയും, കുറ്റവാളികളെ സംസ്കരിക്കുവാനും ഏറ്റവും അനുയോജ്യവുമായ നിയമ സംഹിത ഇസ്‌ലാമിൻേറതാണെന്നതിൽ യാതൊരു സംശയവുമില്ല.

ഇതിന് വളരെ വ്യക്തമായ ഒരു ഉദാഹരണമാണ് ഇസ്‌ലാമിന് മുമ്പും, പിമ്പുമുള്ള അറബികളുടെ അവസ്ഥ. ഇസ്‌ലാമിന് മുമ്പ് അവർ യുദ്ധം, അക്രമം, തെമ്മാടിത്തം, പിടിച്ച്പറി, കൊള്ള, തിന്മകൾ, ശത്രുത, കൊല, വ്യഭിചാരം, മദ്യപാനം പോലെയുള്ള കുറ്റകൃത്യങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു. എന്നാൽ ഇസ്‌ലാമിന് ശേഷം അവർ ഇണക്കം, സ്നേഹം, തെളിഞ്ഞ ഹൃദയം, പരസ്പര സാഹോദര്യം, നീതി, നിർഭയത്വം, നിയമങ്ങൾ, സമാധാനം, സമൂഹത്തിൻെറ ശാന്തി തുടങ്ങിയ സദ്ഗുണങ്ങളുടെ മൂർത്തീഭാവമായിരുന്നു.

ഈ യാഥാർത്ഥ്യം മനസിലാക്കുവാൻ ദൂരം പോകേണ്ടതില്ല, ഇസ്‌ലാമിക നിയമങ്ങളും, ശിക്ഷാനടപടികളും നടപ്പിലാക്കാത്ത രാജ്യങ്ങളിലേക്ക് ഇന്ന് നാം നോക്കുകയാണെങ്കിൽ നമുക്ക് കാണാൻ സാധി

ക്കുന്നത് അവിടങ്ങളിൽ മനുഷ്യൻെറ ആത്മാവുകളും, അഭിമാനങ്ങളും വിൽക്കുകയും, വാങ്ങുകയും ചെയ്യുന്ന അതിദാരുണമായ അവസ്ഥയാണ്. അവിടങ്ങളിൽ കുറ്റകൃത്യങ്ങളും, തെറ്റുകളും ചെയ്യുവാനാ യി പ്രത്യേകം വിഭാഗങ്ങളെയും, സംഘടനകളേയും കാണുവാൻ ക ഴിയുന്നു. കൊലചെയ്യുക, തട്ടിക്കൊണ്ട്പോകുക, ചതിയിൽ കൊല നടത്തുക, അഗ്നിക്കിരയാക്കുക, വ്യക്തികളെ വഴിപിഴപ്പിക്കുക പൊ ലെയുള്ള കാര്യങ്ങൾ തുച്ഛമായ പണത്തിന് വേണ്ടി ആരോടെങ്കിലു മുള്ള പക തീർക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് വേണ്ടി വേണ്ടത്ര ചെ യ്ത്കൊടുക്കുന്നു ഇങ്ങനെയുള്ളവർ. സമൂഹത്തെ തകർക്കുകയും, ഉപദ്രവിക്കുകയും, മനഃക്ലേശവും, അസ്വസ്ഥതയും, അരാജകത്വവും, ക്രമസമാധാനമില്ലായ്മയും, സർവ്വ ജനങ്ങൾക്കും മാനസിക സംതൃപ്തിയില്ലായ്മ ഉണ്ടാക്കുക തുടങ്ങിയവ കൊണ്ട്വരുന്ന കുറ്റകൃത്യങ്ങൾ ഒഴിവായ ഒരു ദിവസവമില്ല. ഉള്ള നിയമങ്ങൾ കുറ്റകൃത്യങ്ങളിൽ നിന്ന് രക്ഷപ്പെടുവാനും, മുക്തമാവാനും വേണ്ട രൂപത്തിൽ യോജിച്ചതും പൂർണവുമല്ലായെന്നതാണ് അതിനുള്ള കാരണം.

ഇതിന് വിപരീതമായി അല്ലാഹു അവതരിപ്പിച്ച അതേ രൂപത്തിൽ ശിക്ഷാനിയമങ്ങളും, പ്രതിക്രിയയും നടപ്പാന്നക്കുന്ന സഊദി അറേബ്യൻ രാജ്യത്തിൽ ഇതേരൂപത്തിൽ കൊല നടത്തുകയും, ജനങ്ങളുടെ ആത്മാവുകളും, അഭിമാനങ്ങളും, സമ്പത്തും കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന വിഭാഗങ്ങളെ കാണുവാൻ കഴിയുന്നില്ല, മറിച്ച് സഊദിയുടെ എല്ലാ സ്ഥലങ്ങളിലും, സംസ്ഥാനങ്ങളിലും സമാധാനവും, ശാന്തിയും സുരക്ഷയുമാണ് നമുക്ക് കാണുവാൻ കഴിയുന്നത്. ഇങ്ങനെയുള്ള പ്രത്യേകത കരഗതമാവാനുള്ള ഒറ്റക്കാരണം അത് അല്ലാഹുവിൻെറ നീതിയിലധിഷ്ടിതമായ ശരീഅത്ത് നടപ്പിലാക്കി എന്നതാകുന്നു.

മൂന്ന്: ശിക്ഷാനടപടിയുടെ ഇനങ്ങൾ വിശദീകരിക്കുകയും, അത് നിയമമാക്കിയതിനുള്ള തെളിവുകൾ ഉദ്ദരിക്കുകയും, ഓരോ ശിക്ഷാനടപടിയും പ്രത്യേകമാക്കുന്ന ചില കാര്യങ്ങൾ വിവരിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ അതിലടങ്ങിയിട്ടുള്ള ഇസ്‌ലാമിക ശരീഅത്തിൻെറ നന്മകൾ വിശദീകരിക്കുന്നു:

## ഒന്ന്: മതപരിത്യാഗത്തിനുള്ള ശിക്ഷ:

ഇസ്‌ലാം മതത്തിൽ നിന്ന് അവിശ്വാസത്തിലേക്ക് മടങ്ങലാണ് മതപരിത്യാഗം കൊണ്ടുദ്ദേശിക്കുന്നത്, അല്ലെങ്കിൽ മതം നിയമമാക്കിയ യാതൊരു കാരണവുമില്ലാതെ അവിശ്വാസിയാകുന്ന ഏതെങ്കിലും പ്രവർത്തനം ചെയ്യുക. ഇതിനുള്ള ശിക്ഷ വധശിക്ഷയാകുന്നു.

ഇതിന് തെളിവായി അനേകം പ്രവാചക വചനങ്ങളുണ്ട്, അവയിൽ പെട്ടത്:

عن ابن عباس – رضي الله عنهما – قال: قال رسول الله ﷺ: من بدل دينه فاقتلوه (١).

ഇബ്നു അബ്ബാസ്‌ﷺവിൽ നിന്ന്: റസൂലുല്ലാഹ്ﷺ പറയുന്നു: "ആരെങ്കിലും മതം മാറ്റി മറിക്കുകയാണെങ്കിൽ അവനെ നിങ്ങൾ വധിക്കുക"

وعن ابن مسعود ﷺ قال: قال رسول الله ﷺ:«لا يحل دم امرئ مسلم، يشهد أن لا إله إلا الله وأني رسول الله، إلا بإحدى ثلاث: النفس بالنفس، والثيب الزاني، والمفارق لدينه التارك للجماعة»(٢).

ഇബ്നു മസ്ഊദിൽﷺനിന്ന്: പ്രവാചക തിരുമേനിﷺ പറഞ്ഞു: "അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ലായെന്നും, ഞാൻ അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിമിൻെറ രക്തം മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ അനുവദനീയമാവുകയില്ല: അകാരണമായി ഒരാളെ വധിക്കുക, വിവാഹം കഴിച്ച വ്യഭിചാരി, മതം വെടിഞ്ഞവൻ"

## മതപരിത്യാഗത്തിന് ശിക്ഷ നിർണ്ണയിച്ചതിലുള്ള യുക്തി:

1- അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതാണ് ഉന്നതമായ യുക്തിയും, സ്തുത്യർഹമായ ലക്ഷ്യവും, അതിന്വേണ്ടിയാണ് സൃഷ്ടാവ് സൃഷ്ടികളെ സൃഷ്ടിച്ചതും, ദൂതന്മാരെ നിയോഗിച്ചതും, വേദഗ്രന്ഥങ്ങളിറക്കിയതും, മതനിയമങ്ങൾ നിയമമാക്കിയതും. അത്പോലെ തന്നെ അന്ത്യപ്രവാചകനായ മുഹമ്മദ്ﷺയുടെ നാവിലൂടെ അല്ലാഹു മതനിയമമാക്കിയതിനനുസരിച്ച് പ്രവർത്തിക്കുന്നതല്ലാതെ യാതൊന്നും ആരാധനയായി പരിഗണിക്കുകയില്ല, ശരിയാവുകയില്ല. അത്കൊണ്ട് തന്നെ അദ്ദേഹം കൊണ്ട്വന്നത് മുറുകെ പിടിക്കലും സംരക്ഷിക്കലും അനിവാര്യമാണ്. കാരണം അതാണ് ശ്രേഷ്ട ഗുണങ്ങളുടെ മുഴവനും അടിത്തറ. എന്നാൽ ഇതിൽനിന്ന് പുറത്ത്പോവുകയെന്നത് മുഴുവൻ മ്ളേച്ഛതയുടെയും അടിത്തറയാണ്. അത്കൊണ്ട് തന്നെ കഠിനമായ ശിക്ഷ നൽകികൊണ്ട് മതത്തിൽ നിന്ന് പുറത്ത്കടക്കാനും, അതിക്രമം പ്രവർത്തിക്കുവാനുള്ള കവാടം അടക്കൽ നിർബ്ബന്ധമാണ്.

---

(١) أخرجه البخاري في صحيحه –مع الفتح-: ٢٦٧/١٢ برقم (٦٩٢٢ ).

(٢) أخرجه البخاري في صحيحه –مع الفتح-: ٢٠١/١٢ برقم (٦٨٧٨)؛ و مسلم:٣/ ١٣٠٢ برقم (١٦٧٦).

2- ഇസ്‌ലാമിക ശരീഅത്ത് ജനങ്ങളിൽ ആരെയും ഇസ്‌ലാം മതത്തിൽ പ്രവേശിക്കുവാൻ നിർബ്ബന്ധിപ്പിക്കുന്നില്ല. മറിച്ച് ഓരോ വ്യക്തിക്കും താൻ ഇഷ്ടപ്പെടുന്ന മതവും, നിയമങ്ങളും, വിശ്വാസങ്ങളും ഉൾകൊള്ളുവാൻ സ്വാതന്ത്ര്യമാണ് നൽകിയിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿وَلَوْ شَآءَ رَبُّكَ لَآمَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنتَ تُكْرِهُ ٱلنَّاسَ حَتَّىٰ يَكُونُوا۟ مُؤْمِنِينَ ﴿٩٩﴾﴾ (يونس: ٩٩)

“നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബ്ബന്ധിക്കുകയോ?” (യൂനുസ്:99)

﴿لَآ إِكْرَاهَ فِى ٱلدِّينِ﴾ (البقرة: ٢٥٦)

“മതത്തിൻെറ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല” (അൽബഖറ:256)

ഒരാൾ തൃപ്തിയോടെ, സ്വന്തം ഇഷ്ടപ്രകാരം ഇസ്‌ലാം സ്വീകരിക്കുക യാണെങ്കിൽ അവന് ഇസ്‌ലാമിൻെറ മുഴുവൻ നിയമങ്ങളും ഇഷ്ടപ്പെട ലും, എല്ലാ നിയമങ്ങൾക്കും കീഴ്പ്പെടലും നിർബ്ബന്ധമാകുന്നു. ഇസ്‌ലാമി ക പ്രമാണങ്ങളുടെ വെളിച്ചത്തിൽ സ്ഥിരപ്പെട്ട ഒരു നിയമം തന്നെയാണ് മതപരിത്യാഗത്തിനുള്ള ശിക്ഷയായ വധ ശിക്ഷയാണെന്നത്. അത്കൊ ണ്ട് തന്നെ അവൻ അതിലേക്ക് എത്തിക്കുന്ന മുഴുവൻ കാര്യങ്ങളെ സം ബന്ധിച്ചും ചോദിക്കേണ്ടതും പഠിക്കേണ്ടതുമുണ്ട്. ഇത്മുഖേന നിയമങ്ങ ൾ യോജിക്കുകയും, സമൂഹത്തോടൊപ്പം യോജിച്ച് പൊകുവാൻ സാധിക്കുകയും ചെയ്യും, അങ്ങിനെ അവർക്ക് നന്മ യാഥാർത്ഥ്യമാവുകയും, അസ്വസ്ഥതയും, കുഴപ്പങ്ങളും തടയുകയും ചെയ്യുന്നതാണ്.

3- മതത്തിൽ നിന്ന് പുറം പോയവർ മതത്തെ ചീത്തയാക്കുകയും, മറ്റു ള്ളവരെ അതിൽ നിന്ന് തടയുകയും ചെയ്യുന്നു. അവരുടെ മതത്തിനെ തിരെയുള്ള ആക്ഷേപങ്ങൾ അപകടകരവും, സ്വധീനം ചെലുത്തുന്ന തുമാണ്. കാരണം അവരിൽ നിന്ന് മതത്തെപ്പറ്റി കേൾക്കുന്ന അമുസ്‌ലീ ങ്ങൾ അവർ സത്യമാണ് പറയുന്നതെന്ന് വിചാരിക്കുകയും, അങ്ങിനെ ഇസ്‌ലാമിനെയും മുസ്‌ലീങ്ങളെയും വെറുക്കുകയും, മുസ്‌ലീങ്ങളിൽ നിന്ന് അകലുകയും ചെയ്യുകയും, ഇസ്‌ലാമിൻെറ പ്രബോധന മേഖലയിൽ അ വർ ഒരു വലിയ തടസ്സമായി മാറുകയും ചെയ്യുന്നതാണ്. മതത്തിൽ നി ന്ന് പുറത്ത്പോയവരുടെ അപകടം ഇത്രമാത്രം സ്വാധീനം ചെലുത്തുന്നതായത് കൊണ്ട് തന്നെ അവരുടെ ശിക്ഷ അവരുടെ കുറ്റങ്ങളുടെ തോതനുസരിച്ചായിരിക്കൽ അനിവാര്യമാകുന്നു.

മതത്തിൻെറ സംരക്ഷണത്തിനും, പ്രചരണത്തിൻെറ രക്ഷക്കും, ഇസ്‌ലാ മിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രേരണ നൽകുവാനും, മതത്തിൽ നിന്ന് പുറത്ത്പോയവരെ വീണ്ടും അതിലേക്ക് കൊണ്ട്വരുവാ നും വേണ്ടിയാണ് മതപരിത്യാഗത്തിന് ശറഅ് ശിക്ഷ നിയമമാക്കിയിട്ടുള്ള ത്. അതോടൊപ്പം മതം കൊണ്ട് കച്ചവടം ചെയ്യുന്നവരിൽ നിന്നും, കപ ടവിശ്വാസികളിൽ നിന്നും സമൂഹത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇ തിലൂടെ ഇസ്‌ലാമിക രാഷ്ട്രത്തിൽ നിർഭയത്വവും, സാമാധാനവും കരഗ തമാവുകയും, മുസ്‌ലിം സമൂഹത്തിലും, വ്യക്തികളുടെ മനസുകളിലും ആശ്വാസം വ്യാപിക്കുകയും ചെയ്യുന്നതാണ്.

## രണ്ട്: വ്യഭിചാരത്തിൻെറ ശിക്ഷ:

വ്യഭിചാരം അപകടകരവും, ഉപദ്രവും നിറഞ്ഞ കുറ്റവുമാണെന്നതി ൽ സംശയമില്ല. അത്കൊണ്ട് തന്നെയാണ് ഇസ്‌ലാമിക ശരീഅത്ത് അത് നിരോധിക്കുവാനും, അതിന് കഠിന ശിക്ഷ വിധിക്കുവാനും കാരണം.

﴿ ٱلزَّانِيَةُ وَٱلزَّانِى فَٱجْلِدُواْ كُلَّ وَٰحِدٍ مِّنْهُمَا مِاْئَةَ جَلْدَةٍ ۖ وَلَا تَأْخُذْكُم بِهِمَا رَأْفَةٌ فِى دِينِ ٱللَّهِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۖ وَلْيَشْهَدْ عَذَابَهُمَا طَآئِفَةٌ مِّنَ ٱلْمُؤْمِنِينَ ﴿٢﴾ ﴾ (النور:٢).

"വ്യഭിചരിക്കുന്ന സ്ത്രീപരുഷന്മാരിൽ ഓരോരുത്തരേയും നിങ്ങൾ നൂറ് അടി അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അല്ലാഹുവിൻെറ മത നിയമത്തിൽ (അത് നടപ്പാക്കുന്ന വിഷയത്തിൽ) അവരോടുള്ള ദയയൊന്നും നിങ്ങളെ ബാ ധിക്കാതിരിക്കട്ടെ. അവരുടെ ശിക്ഷനടക്കുന്നേടത്ത് സത്യവിശ്വാസിക ളിൽ നിന്നുള്ള ഒരു സംഘം സന്നിഹിതരാകുകയും ചെയ്യട്ടെ" (നൂർ:2)

عن ابن مسعود ﷺ قال: قال رسول الله ﷺ:«لا يحل دم امرئ مسلم، يشهد أن لا إله إلا الله وأني رسول الله، إلا بإحدى ثلاث: النفس بالنفس، والثيب الزاني، والمفارق لدينه التارك للجماعة»(١).

(١) أخرجه البخاري ومسلم، وقد سبق تخريجه.

ഇബ്നു മസ്ഊദിൽ ﷺനിന്ന്: പ്രവാചക തിരുമേനി ﷺ പറഞ്ഞു: “അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ലായെന്നും, ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിമിന്റെ രക്തം മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ അനുവദനീയമാവുകയില്ല: അകാരണമായി ഒരാളെ വധിക്കുക, വിവാഹം കഴിച്ച വ്യഭിചാരി, മതം വെടിഞ്ഞവൻ”

وعن أبي هريرة وزيد بن خالد الجهني رضي الله عنهما قالا: إن رجلا من الأعراب أتى رسول الله ﷺ فقال: يا رسول الله! أنشدك الله إلا قضيت لي بكتاب الله. فقال الخصم الآخر – وهو أفقه منه –:نعم، فاقض بيننا بكتاب الله، وائذن لي، فقال رسول الله ﷺ: «قل». قال: إن ابني كان عسيفا على هذا، فزنى بامرأته، وإني أخبرت أن على ابني الرجم، فافتديت منه بمائة شاة ووليدة، فسألت أهل العلم فأخبروني: أنما على ابني جلد مائة وتغريب عام، وأن على امرأة هذا الرجم. فقال رسول الله ﷺ: «والذي نفسي بيده لأقضين بينكما بكتاب الله، الوليدة والغنم رد، وعلى ابنك جلد مائة وتغريب عام، اغد يا أنيس إلى امرأة هذا، فإن اعترفت فارجمها». قال: فغدا عليها فاعترفت، فأمر بها رسول الله ﷺ فرجمت (١).

അബൂഹുറൈറ , സൈദ്ബ്നു ഖാലിദ് അൽ ജുഅ്നി എന്നിവരിൽ നിന്ന്: പ്രവാചകന്റെയടുത്ത് ഒരു ഗ്രാമീണ അറബി വന്ന് പറയുകയുണ്ടായി: അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവിന്വേണ്ടി താങ്കൾ അവന്റെ ഗ്രന്ഥംകൊണ്ട് എനിക്ക് വിധിച്ചാലും. അപ്പോൾ രണ്ടാമത്തെയാൾ പറഞ്ഞു: -അദ്ദേഹം ഒന്നാമത്തെ വ്യക്തിയേക്കാൾ അറിവുള്ളവനായിരു ന്നു- അതെ, ഞങ്ങൾക്കിടയിൽ അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ട് വിധിച്ചാലും, കാര്യം പറയുവാൻ എനിക്ക് അനുവാദം നൽകിയാലും, അപ്പോൾ തിരുമേനി പറഞ്ഞു: “നീ പറയുക” അദ്ദേഹം പറഞ്ഞു: ‘എ ന്റെ മകൻ ഇദ്ദേഹത്തിന്റെ വേലക്കാരനായിരുന്നു, അവൻ അദ്ദേഹ ത്തിന്റെ ഭാര്യയുമായി വ്യഭിചരിച്ചു. എന്റെ മകനെ എറിഞ്ഞ് കൊല്ലലാ ണ് വിധിയെന്ന് ഞാൻ പറഞ്ഞു. ആയതിനാൽ

(١) أخرجه البخاري في صحيحه–مع الفتح–: ٥/٣٢٣–٣٢٤ برقم (٢٧٢٤)؛ ومسلم:٣/ ١٣٢٤–١٣٢٥ برقم (١٦٩٧).

അവന് വേണ്ടി ഞാൻ 100 ആടും കുട്ടിയേയും ഫിദ്‌യ നൽകി. അങ്ങിനെ ഞാൻ അറിവുള്ള വരോട് ഇതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞത്: എൻെറ മകന് നൂറ് അടിയും, ഒരു വർഷം നാട് കടത്തലുമാകുന്നു, ഇ യാളുടെ ഭാര്യയെ എറിഞ്ഞ് കൊല്ലലുമാണ് വിധിയെന്ന്. അപ്പോൾ റസൂ ലുല്ലാഹ് പറഞ്ഞു: “അല്ലാഹു തന്നെയാണ് സത്യം! ഞാൻ നിങ്ങൾക്കി ടയിൽ അല്ലാഹുവിൻെറ ഗ്രന്ഥംകൊണ്ട് വിധിക്കുക തന്നെ ചെയ്യുന്ന താണ്. കുട്ടിയും, ആടുകളും മടക്കപ്പെടേണ്ടതാണ്. നിൻെറ മകന് 100 അടിയും ഒരു വർഷത്തെ നാട്കടത്തലുമാണ്. ഉനൈസ് നീ ഇദ്ദേഹ ത്തിൻെറ ഭാര്യയുടെ അടുത്തേക്ക്പോവുക, അവൾ കുറ്റം സമ്മതിക്കുക യാണെങ്കിൽ അവളെ എറിഞ്ഞ് കൊല്ലുക. അദ്ദേഹം പറഞ്ഞു: അവളുടെ യടുത്ത് പോയി, അവൾ കുറ്റം സമ്മതിച്ചു. അങ്ങിനെ അല്ലാഹുവിൻെറ ദൂതൻ അവളെ എറിഞ്ഞ് കൊല്ലുവാൻ കൽപിക്കുകയും ചെയ്തു”

## വ്യഭിചാരത്തിൻെറ ശിക്ഷയിലടങ്ങിയ യുക്തി:

1- വൈകാരികത ശമിപ്പിക്കുവാനായി ഇണയെ കണ്ട്മുട്ടുക എന്നത് മനുഷ്യ പ്രകൃതിയുടെ തേട്ടമാണ്, അത്കൊണ്ട് തന്നെ ഇസ്‌ലാമിക ശരീഅത്ത് വിഭാവനം ചെയ്യുന്ന നിയമത്തിലൂടെയല്ലാതെ അത് പൂർത്തീ കരിക്കുവാനയി മറ്റു മാർഗം തേടുന്നവരെ അതിൽ നിന്നും പിന്തിരിപ്പി ക്കുന്ന ശിക്ഷ നൽകിയില്ലായെങ്കിൽ ഈ കുഴപ്പം സമൂഹത്തിൽ മുഴുവ നും വ്യാപിക്കുകയും, സമൂഹത്തിൻെറ അഭിമാനത്തിലും, സന്താന പരമ്പ രയിലും, ധനത്തിലും മാത്രമല്ല ജീവിതത്തിലും, സമാധാനത്തിലും അതി ൻെറ ഉപദ്രവം പ്രസരിക്കുന്നതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ കൊ ണ്ടും, ഇതുപോലുള്ളത് കൊണ്ടും വ്യഭിചാരത്തിന് അതിൽ നിന്ന് പിൻ തിരിയുവാനും, മോചനം നേടുവാനുമായ ശിക്ഷ നൽകൽ അനിവാ ര്യമായി വരുന്നു.

2- ഇസ്‌ലാമിക ശരീഅത്ത് അതിൻെറ നീതിയും, വിശാല വീക്ഷണ വും കൊണ്ട് ഈ തെറ്റിൻെറ രണ്ട് അവസ്ഥകളെ പരിഗണിക്കുന്നു. വിവാഹം കഴിക്കാത്തവനാണ് വ്യഭിചരിക്കുന്നതെങ്കിൽ അവൻെറ അവ സ്ഥ പരിഗണിച്ച് കൊണ്ട് അവനെ നശിപ്പിക്കുന്ന ശിക്ഷയല്ല നൽകു ന്നത്, മറിച്ച് ഇജ്മാഅ്(യോജിച്ച തീരുമാനം) അനുസരിച്ച് നൂറ് അടി യും, കർമ്മശാസ്ത്ര പണ്ഡിതന്മാരിലെ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് അടിക്കൊപ്പം ഒരു വർഷം നാട് കടത്തലുമാണ്. ഇങ്ങനെ അടിയുടെ വേദനയും, സ്വന്തം നാട്ടിൽ നിന്നും, വീട്ടിൽ നിന്നും, തൻെറ സഹയാ ത്രികരിൽ നിന്നും വേറിട്ട് നിൽക്കുമ്പോഴുള്ള മനഃപ്രയാസവും അനുഭവി ക്കുവാൻ വേണ്ടിയാണ് ഈ ശിക്ഷ നിയമാനുസൃതമാക്കിയിരിക്കുന്നത്. എന്നാൽ വ്യഭിചാരി വിവാഹിതനാണെങ്കിൽ അവൻ ആ തെറ്റ് ചെയ്ത തിലൂടെ

സമൂഹത്തിൽ അവശേഷിക്കുവാൻ പറ്റാത്ത രൂപത്തിൽ ഒരു ചീത്ത അംഗമായിരിക്കുകയാണ്, അത്കൊണ്ട്തന്നെ അതിനുള്ള ശിക്ഷ യായി എറിഞ്ഞ്കൊല്ലുകയെന്ന നിയമം ഇസ്‌ലാം വിധിക്കുവാൻ കാര ണവും.

ഈ ശിക്ഷ കഠിനമാണെന്ന് തോന്നുന്നുവെങ്കിലും ആ ശിക്ഷയുടെ ലക്ഷ്യത്തിൽ കാരുണ്യമാണ് അടങ്ങിയിട്ടുള്ളത്. അതായത് ഒരാൾ വ്യഭി ചരിക്കുന്നത് നാലാളുകൾ പരിപൂർണമായി കാണുകയെന്നത് എങ്ങി നെയാണ് സംഭവിക്കുക, ഇവിടെയാണ് ഇസ്‌ലാം ഇങ്ങനെയുള്ള ശിക്ഷ വിധിക്കുവാനുള്ള കാരണം പ്രകടമാവുന്നത്. ഇസ്‌ലാം വിധിയിൽ കാ ഠിന്യം കാണിച്ചുവെങ്കിലും അത് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്, മനുഷ്യനിൽ നിന്ദ്യതയും, മൃഗീയതയും ഈ രൂപത്തിൽ നാലാളുകൾ കാണുന്ന രൂപത്തിലേക്ക് അധഃപതിക്കുമ്പോൾ അവൻ വധശിക്ഷക്ക് അർഹനായി തീരുകയാണ്, ഇത് ബുദ്ധിയും അംഗീകരിക്കുതന്നാണ്. അത് ശരീഅത്ത് അംഗീകരിച്ചു എന്ന് മാത്രം. വ്യഭിചാരത്തിന് ഇസ്‌ലാമിക ശരീഅത്ത് നിശ്ചയിച്ച വിധിയിൽ വ്യക് തികൾക്കും, സമൂഹത്തിനും അനേകം നന്മയും, ഉപകാരവും അടങ്ങിയി ട്ടുണ്ട്. മുഴുവൻ ജനങ്ങൾക്കും, അവരുടെ കുടുംബത്തിനും നിർഭയത്വം ലഭിക്കുകയും, ഉപദ്രവകാരികളിൽ നിന്ന് രക്ഷ ലഭിക്കുകയും ചെയ്യുന്നു. നിന്ദ്യത ഇല്ലാതായി അതിൻെറ സ്ഥാനത്ത് ശ്രേഷ്ടഗുണങ്ങൾ ഉണ്ടാ വുകയും, സമൂഹത്തിൽ സ്നേഹം വ്യാപിക്കുകയും, നന്മയും ഉപകാര വും അവരെ നയിക്കുകയും ചെയ്യുന്നതാണ്.

## മൂന്ന്: വ്യഭിചാരാരോപണത്തിൻെറ ശിക്ഷ:

വ്യഭിചാരാരോപണം അല്ലാഹു നിരോധിച്ച കാര്യമാകുന്നു. അല്ലാഹു പറയുന്നു:

﴿ وَٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ثُمَّ لَمْ يَأْتُوا۟ بِأَرْبَعَةِ شُهَدَآءَ فَٱجْلِدُوهُمْ ثَمَٰنِينَ جَلْدَةً وَلَا تَقْبَلُوا۟ لَهُمْ شَهَٰدَةً أَبَدًا ۚ وَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٤﴾ إِلَّا ٱلَّذِينَ تَابُوا۟ مِنۢ بَعْدِ ذَٰلِكَ وَأَصْلَحُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٥﴾ ﴾

(النور: ٤-٥).

“ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും, എന്നിട്ട് നാലു സാക്ഷികളെ കൊണ്ടു വരാതിരിക്കുകയും ചെയ്യുന്നവരെ നി ങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരി ക്കലും സ്വികരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർ മ്മകാരികൾ. അതിന് ശേഷം പശ്ചാതാപിക്കുകയും നിലപാട് നന്നാ ക്കി തീർക്കുകയും ചെയ്തവരൊഴികെ. എന്നാൽ അല്ലാഹു ഏറെ പൊറുക്കുന്നവനും

**കരുണാനിധിയും തന്നെയാകുന്നു" (നൂർ:4-5)**

وعن أبي هريرة ﷺ عن النبي ﷺ قال: «اجتنوا السبع الموبقات». قالوا: يا رسول الله ما هن ؟ قال: «الشرك بالله، والسحر، وقتل النفس التي حرم الله إلا بالحق، وأكل الربا، وأكل مال اليتيم، والتولي يوم الزحف، وقذف المحصنات المؤمنات الغافلات»(١).

**അബൂഹുറൈറ ﷺവിൽ നിന്ന്: പ്രവാചകൻ ﷺപറഞ്ഞു: "നിങ്ങൾ ഏഴ് വൻപാപങ്ങൾ വെടിയുക" അവർ ചോദിച്ചു: പ്രവാചകരെ, അവ ഏതെല്ലാമാണ്? തിരുമേനി ﷺ പറഞ്ഞു: "അല്ലാഹുവിൽ പങ്ക്ചേർക്കുക, മാരണം, അനുവദനീയമല്ലാതെ അല്ലാഹുനിഷിദ്ധമാക്കിയ ശരീരത്തെ വധിക്കുക, പലിശ ഭുജിക്കുക, അനാഥകളുടെ ധനം ഭക്ഷിക്കുക, യുദ്ധത്തിൽ നിന്ന് പിന്തിരിഞ്ഞോടുക, സദ്‌വൃത്തരായ, സത്യവിശ്വാസിനികളായ, വിവാഹിതകളുടെ മേൽ വ്യഭിചാരാരോപണം നടത്തുക"**

**ഹദീസുൽ ഇഫ്ക് എന്ന പേരിലറിയപ്പെടുന്ന ഹദീസിൽ നമുക്ക് കാണുവാൻ കഴിയുന്നത് വിശ്വാസികളുടെ മാതാവായ ആയിശാ (റ)യുടെ പേരിൽ വ്യഭിചാരാരോപണത്തിൽ മുഴുകിയവരെ പ്രവാചകൻ ﷺ അടിച്ച്കെണ്ട് വ്യഭിചാരാരോപണ ശിക്ഷ നടപ്പിലാക്കിയതാണ്.**

**പരിശുദ്ധകളും, പതിവ്രതകളുമായവരെ സംബന്ധിച്ച് വെഞ്ചല്ലും, കുത്തിപ്പറയുകയും, പരദൂഷണം പറയുകയും ചെയ്യുക എന്നത് അവർക്കും, അവരുടെ കുടുംബത്തിലെ ഭർത്താവ്, പിതാവ്, കുടുംബക്കാർ, ഗോത്രം പോലെയുള്ളവർക്കും ഉപദ്രവമുണ്ടാക്കുന്ന തും, നിന്ദ്യതയും, അപമാനവും നിറഞ്ഞതുമാണ്. യഥാർത്ഥത്തിൽ വെഞ്ചല്ല് കളവും, കെട്ടിചമക്കുന്നതുമാണ്. അത്കൊണ്ട് തന്നെ മാന്യതക്ക് യാതൊരു വിലയും കൽപിക്കാത്ത ആളുകളെ ഇതിൽ നിന്നും പിൻതിരിപ്പിക്കുവാനും, തങ്ങളുടെ വായിൽ നിന്ന് യാതൊരു ശ്രദ്ധയും കൂടാതെ പുറത്ത് വരുന്ന പരദൂഷണത്തിൽ നിന്നും, ചീത്ത പ്രവർത്തനത്തിൽ നിന്നും, മ്ളേച്ഛ സംസാരത്തിൽ നിന്നും സമൂഹത്തെ രക്ഷിച്ച് കൊണ്ട് പരച്പരം സ്നേഹിക്കുന്ന, സംശുദ്ധരായ സഹോദരന്മാരായി ജീവിക്കുവാനായി അവർചെയ്യുന്ന നിന്ദ്യവും, നീചവുമായ ചീത്ത പ്രവർത്തിക്ക് യോജിക്കുന്ന ശിക്ഷ തന്നെ അനിവാര്യമാണ്.**

## നാല്: മോഷണത്തിൻെറ ശിക്ഷ:

**മോഷണമെന്ന് പറഞ്ഞാൽ: ശരിക്കും സൂക്ഷിച്ച് വെച്ച അന്യരുടെ സമ്പത്ത് രഹസ്യമായി അക്രമമായി എടുക്കുന്നതാണ്.**

---

(١) سبق تخريجه

മോഷണത്തിന് അല്ലാഹു ശിക്ഷ നിർണ്ണയിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿وَٱلسَّارِقُ وَٱلسَّارِقَةُ فَٱقْطَعُوٓا۟ أَيْدِيَهُمَا جَزَآءًۢ بِمَا كَسَبَا نَكَـٰلًا مِّنَ ٱللَّهِ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٣٨﴾﴾ (المائدة:٣٨).

“മോഷ്ടിക്കുന്നവൻെറയും മോഷ്ടിക്കുന്നവളുടെയും കൈകൾ നിങ്ങൾ മുറിച്ചുകളയുക. അവർ സമ്പാദിച്ചതിനുള്ള പ്രതിഫലവും, അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്.അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു” (മാഇദ:38)

عن أم المؤمنين عائشة –رضي الله عنها–قالت: كان رسول الله ﷺ يقطع السارق في ربع دينار فصاعدا (١).

ഉമ്മുൽ മുഅ്മിനീൻ ആയിശാ പറഞ്ഞു: “പ്രവാചകൻﷺ, ഒരു ദീനാറിൻെറ നാലിലൊന്നും, അതിൽ കൂടുതലും മോഷണം നടത്തുന്നവരുടെ കരം ഛേദിച്ചിരുന്നു”

## മോഷണത്തിനുള്ള ശിക്ഷയിലടങ്ങിയ യുക്തി:

മോഷണത്തിൻെറ ഉപദ്രവവും, അതിൻെറ അപകടവും ഭികരമാണെന്നതിൽ യാതൊരു സംശയവുമില്ല, കാരണം മോഷണം ചെയ്യുന്നവനെ മാന്യമായ തൊഴിലിൽ നിന്നും പിൻതിരിപ്പിക്കുകയും, അനുവദനീയമായ രൂപത്തിൽ സമ്പാദിക്കണം എന്ന ചിന്തയിൽ നിന്ന് തടയുകയും ചെയ്യുന്നു മോഷണം. അവൻ എത്ര കളവ്നടത്തിയാലും, മോഷണം നടത്തിയാലും എപ്പോഴും നിന്ദ്യതയുടെയും മ്ളേച്ഛതയുടെയും സ്ഥലങ്ങളിലായിരിക്കും അവൻെറ മനസ് ഉണ്ടായിരിക്കുക.

അന്യരുടെ ധനം മോഷണം നടത്തുകയോ, അന്യായമായി അന്യരുടെ സമ്പത്തിൽ അതിക്രമം നടത്തുകയോ ചെ്താൽ തൻെറ അതിക്രമത്തിനും, കുറ്റത്തിനുള്ള ശിക്ഷ കരഛേദമാണെന്ന് മോഷ്ടാവ് മനസിലാക്കുകയാണെങ്കിൽ, അവൻ ചീത്തയായ പര്യാവസാനം ഉണ്ടാകുന്ന മാർഗം വിട്ട്, നിയമ സാദുതയുള്ള മാർഗത്തിലൂടെ തൻെറ ഉപജീവനം കണ്ടെത്തുവാനുള്ള മാർഗം തേടുന്നതാണ്.

ഇസ്‌ലാമിക ശരീഅത്ത് മോഷണത്തിനുള്ള ശിക്ഷ നിയമമാക്കിയിട്ടുള്ളത് മോഷണത്തിൻെറ കൈകൾ ഇല്ലാതാക്കുവാനാണ്, അതിലൂടെ ജനങ്ങളുടെ ധനം സുരക്ഷിതമാവുകയും, സമാധാനവും, നിർഭയത്വ

(١) أخرجه البخاري في صحيحه–مع الفتح–: ٩٦/١٢ برقم (٦٧٨٩)، ومسلم: ١٣١٢/٣ برقم (١٦٨٤ ).

വും നിലനിൽക്കുകയും, സമൂഹത്തിനും വ്യക്തികൾക്കും സൗഭാഗ്യം യാഥാർത്ഥ്യമാക്കാവുന്ന രൂപത്തിലുള്ള ജോലി കണ്ടെത്താവാൻ ജനങ്ങൾ പരസ്പരം സഹകരിക്കുകയും ചെയ്യുന്നതാണ്. അങ്ങിനെ മുഴുവനാളുകളും തങ്ങളുടെ കൈകളുടെ ശ്രമഫലമായി, പരിശ്രമത്തിൻെറ ഫലമായി അനുവദനീയമായതും, നല്ലതും, ഉത്തമവുമായ ഉപജീവനം കണ്ടെത്തുകയും ചെയ്യുന്നു.

## അഞ്ച്: മദ്യപാനത്തിൻെറ ശിക്ഷ:

ഇസ്‌ലാമിക ശരീഅത്ത് മദ്യം നിരോധിച്ചിട്ടുണ്ട്, മദ്യപാനിക്ക് ശിക്ഷയും നിർണ്ണയിച്ചിട്ടുണ്ട്. മദ്യപാനിയുടെ ശിക്ഷയെ സംബന്ധിച്ച് അനേകം ഹദീസുകൾ വന്നിട്ടുണ്ട്. എല്ലാ ഹദീസുകളും മദ്യപാനിക്ക് ശാരീരിക ശിക്ഷയാണ് നൽകേണ്ടതെന്നതിൽ യോജിച്ചിരിക്കുന്നു. എന്നാൽ ശിക്ഷയുടെ തോതും അത് നടപ്പിലാക്കുന്ന രീതിയിലും ഒന്നിൽ കൂടുതൽ അഭിപ്രായമുണ്ട്. അത്പോലെ ഖുലഫാഉർറാഷിദീങ്ങളുടെ നടപടിക്രമങ്ങളും വന്നിട്ടുണ്ട്. അനസ്ബ്നുമാലികിൽ ﵁ നിന്ന്: നബി ﷺ യുടെ അടുത്ത് മദ്യപാനിയായ ഒരാളെ കൊണ്ട്വന്നു, രണ്ട് ഈത്തപ്പഴ തണ്ട്കൊണ്ട് അദ്ദേഹത്തെ ഏകദേശം നാൽപത് അടി അടിക്കുകയുണ്ടായി. അതുപോലെ അബൂബക്കറും ﵁ ചെയ്തു. ഉമർ ﵁ വിൻെറ കാലമായപ്പോൾ അദ്ദേഹം ഈ കാര്യത്തിൽ ജനങ്ങളുമായി കൂടിയാലോചിച്ചു. അപ്പോൾ അബ്ദുർറഹ്മാൻ ﵁ പറഞ്ഞു:

عبد الرحمن: أخف الحدود ثمانين. فأمر به عمر (١).

"ഏറ്റവും ലഘുവായ ശിക്ഷ 80 അടിയാകുന്നു, ഉമർ ﵁ അത്കൊണ്ട് കൽപിക്കുകയും ചെയ്തു"

وقال علي بن أبي طالب ﵁: جلد النبي ﷺ أربعين وجلد أبو بكـــر أربعين، وعمر ثمانين، وكل سنة (٢).

അലിയ്യുബ്നു അബീത്വാലിബ് ﵁ പറഞ്ഞു: "നബി ﷺ 40 അടി അടിച്ചു, അബൂബക്കർ ﵁ 40 അടി അടിച്ചു, ഉമർ 80 അടി അടിച്ചു, എല്ലാം സുന്നത്തിൽ പെട്ടതാണ്."

മദ്യപാനത്തിനുള്ള ശിക്ഷയിലെ യുക്തി: മദ്യപാനം, മയക്ക്മരുന്ന് എന്നിവ ഉപയോഗിച്ചതിനാലുണ്ടാകുന്ന ഉപദ്രവങ്ങളും, അതിൻെറ ഉയർന്ന സ്വാധീനവും വ്യക്തികൾക്കും, സമൂഹത്തിനും, കുടുംബാംഗങ്ങൾക്കും മൊത്തത്തിൽ സംഭവിക്കുന്നുണ്ട്, അത് നാം മുകളിൽ വിശ

(١) أخرجه مسلم: ٣/١٣٣٠ برقم (١٧٠٦).

(٢) أخرجه مسلم: ٣/١٣٣٢ برقم (١٧٠٧).

ദമായി വിവരിച്ചിട്ടുണ്ട്.

ഈ ഉപദ്രവങ്ങൾക്ക് അനുയോജ്യമായത് നിന്ദ്യമായ ശിക്ഷയാണ്. മദ്യപാനവും, ലഹരിപദാർത്ഥങ്ങളും നിരോധിക്കുകയും, ജനങ്ങൾക്ക് ഉടനെയും, സാവധാനത്തിലും ഉപകാരപ്രദമായ നന്മകൾ ലഭിക്കുന്നതിന് അനുയോജ്യമായ ശിക്ഷ നിയമമാക്കുകയും ചെയ്ത അല്ലാഹുവിൻെറ നിയമം എത്ര യുക്തിസഹമാണ്.

## ആറ്: കൊള്ള, കവർച്ച എന്നിവയുടെ ശിക്ഷ:

ജനങ്ങളെ ഭീതിപ്പെടുത്തുകയും, യാത്രക്കാരെ കൊള്ളയടിക്കുകയും ചെയ്ത് ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ ശ്രമിക്കുകയാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്.

യാത്രക്കാരെ കൊള്ളയടിക്കുന്നത് അല്ലാഹുവിനോടും, അവൻെറ റസൂലിനോടും യുദ്ധം ചെയ്യുന്നവരും, ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരുമായിട്ടാണ് പേര് വിളിച്ചിരിക്കുന്നത്. അവർക്കുള്ള ശിക്ഷ അല്ലാഹു വളരെ വ്യക്തമായി പറയുന്നു:

﴿ إِنَّمَا جَزَٰٓؤُاْ ٱلَّذِينَ يُحَارِبُونَ ٱللَّهَ وَرَسُولَهُۥ وَيَسۡعَوۡنَ فِي ٱلۡأَرۡضِ فَسَادًا أَن يُقَتَّلُوٓاْ أَوۡ يُصَلَّبُوٓاْ أَوۡ تُقَطَّعَ أَيۡدِيهِمۡ وَأَرۡجُلُهُم مِّنۡ خِلَٰفٍ أَوۡ يُنفَوۡاْ مِنَ ٱلۡأَرۡضِۚ ذَٰلِكَ لَهُمۡ خِزۡيٞ فِي ٱلدُّنۡيَاۖ وَلَهُمۡ فِي ٱلۡأٓخِرَةِ عَذَابٌ عَظِيمٌ ٣٣ إِلَّا ٱلَّذِينَ تَابُواْ مِن قَبۡلِ أَن تَقۡدِرُواْ عَلَيۡهِمۡۖ فَٱعۡلَمُوٓاْ أَنَّ ٱللَّهَ غَفُورٞ رَّحِيمٞ ٣٤ ﴾ (المائدة: ٣٣-٣٤).

“അല്ലാഹുവോടും അവൻെറ ദൂതനോടും പോരാടുകയും, ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം അവർ കൊന്നൊടുക്കപ്പെടുകയോ, ക്രൂശിക്കപ്പെടുകയോ, അവരുടെ കൈകളും കാലുകളും എതിർ വശങ്ങളിൽ നിന്നായി മുറിച്ചു കളയപ്പെടുകയോ, നാടുകടത്തപ്പെടുകയോ ചെയ്യുക മാത്രമാകുന്നു. അതവർക്ക് ഇഹലോകത്തുള്ള അപമാനമാകുന്നു. പരലോകത്ത് അവർക്ക് കനത്ത ശിക്ഷയുമുണ്ടായിരിക്കും. എന്നാൽ അവർക്കെതിരിൽ നടപടിയെടുക്കാൻ നിങ്ങൾക്ക് കഴിയുന്നതിൻെറ മുമ്പായി പശ്ചാത്താപിച്ചു മടങ്ങിയവർ ഇതിൽനിന്നൊഴിവാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണെന്ന് നിങ്ങൾ മനസിലാക്കുക” (മാഇദ: 33-34)

കൊള്ളക്ക് ശിക്ഷ നിയമമാക്കിയതിലുള്ള യുക്തി: സമൂഹത്തിനെ കൂടുതൽ ഭയാനകമായി ബാധിക്കുന്ന വലിയ ഒരു കുറ്റമാണ് കൊള്ളയും, യാത്രക്കാരെ കവർച്ച ചെയ്യുകയും ചെയ്യുക എന്നത്, അന്യ

ൻെറ ധനം രഹസ്യമായി എടുക്കുന്നവന് മോഷണത്തിൻെറ ശിക്ഷയും, വ്യഭിചാരത്തിന് അതിൻെറ ശിക്ഷയും, കൊല ചെയ്യുന്നതിന് പ്രതിക്രിയയും - ഇതിൽ തന്നെ വിട്ടുവീഴ്ചയുടെ വാതിൽ തുറക്കുകയും ചെയ്തു - ആണ് നിയമമാക്കിയിട്ടുള്ളത്. എന്നാൽ കുറ്റവാളി അന്യരുടെ ധനം തൻെറ ശക്തി ഉപയോഗിച്ച് തട്ടിപ്പറിക്കുകയും, ബലാൽസംഗം ചെയ്യുകയും, വഴിയാത്രക്കാരെ കൊള്ളയടിക്കുകയും, ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നവൻെറ കുറ്റവും, ഉപദ്രവവും ശകത്വും, ഭീകരവും, മ്ളേച്ഛവുമാണ്. അത്കൊണ്ട്തന്നെ അതിനുള്ള ശിക്ഷ ഏറ്റവും ഭീകരവും, നീചവുമാവണമെന്നത് യുക്തിസഹം തന്നെയാണ്.

കൊള്ളയും, കവർച്ചയും, അതിനോടനുബന്ധമുള്ള സംഭവങ്ങളും ചിലത് ചിലതിൽ നിന്ന് വ്യത്യസ്തമാകുന്നു. അത്കൊണ്ട് തന്നെയാണ് ശരീഅത്ത് അതിന് നാല് തരത്തിലുള്ള ശിക്ഷ നിർണ്ണയിച്ചിരിക്കുന്നത്, ശിക്ഷ നടപ്പാക്കുന്ന ഇമാമിനോ, അദ്ദേഹത്തിൻെറ പ്രതിനിധിക്കോ കുറ്റത്തിൻെറ തോതനുസരിച്ച് ഇതിലേതെങ്കിലും ഒന്ന് കൊണ്ട് വിധിക്കാവുന്നതാണ്. ഇത്മുഖേന നീതി നടപ്പാകുകയും, കുറ്റത്തിൽ നിന്ന് പിൻതിരിയുവാൻ സാധിക്കുകയും, തെറ്റുകൾ അവസാനിക്കുകയും, തെറ്റുകളുടെ സ്വഭാവങ്ങൾ മുറിഞ്ഞ്പോവുകയും ചെയ്യുന്നതോടെ സമുദായത്തിനും, സമൂഹത്തിനും, വ്യക്തികൾക്കും സമാധാനത്തോടെ നിർഭയത്തോടെ ജീവിക്കുവാൻ സാധിക്കുകയും ചെയ്യുന്നു.

## നാല്: പ്രതിക്രിയ:

ഖിസാസ് കൊണ്ട് ഇസ്‌ലാമിക ശരീഅത്ത് ഉദ്ദേശിക്കുന്നത്: കുറ്റങ്ങൾക്കും, ശിക്ഷകൾക്കുമിടയിൽ തുല്യത പുലർത്തുക എന്നതാണ്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلۡقِصَاصُ فِي ٱلۡقَتۡلَىۖ ٱلۡحُرُّ بِٱلۡحُرِّ وَٱلۡعَبۡدُ بِٱلۡعَبۡدِ وَٱلۡأُنثَىٰ بِٱلۡأُنثَىٰۚ فَمَنۡ عُفِيَ لَهُۥ مِنۡ أَخِيهِ شَيۡءٞ فَٱتِّبَاعُۢ بِٱلۡمَعۡرُوفِ وَأَدَآءٌ إِلَيۡهِ بِإِحۡسَٰنٖۗ ذَٰلِكَ تَخۡفِيفٞ مِّن رَّبِّكُمۡ وَرَحۡمَةٞۗ فَمَنِ ٱعۡتَدَىٰ بَعۡدَ ذَٰلِكَ فَلَهُۥ عَذَابٌ أَلِيمٞ ١٧٨ وَلَكُمۡ فِي ٱلۡقِصَاصِ حَيَوٰةٞ يَٰٓأُوْلِي ٱلۡأَلۡبَٰبِ لَعَلَّكُمۡ تَتَّقُونَ ١٧٩ ﴾ (البقرة: ١٧٨-١٧٩).

“സത്യവിശ്വാസികളെ, കൊല ചെയ്യപ്പെടുന്നവരുടെ കാര്യത്തിൽ തുല്ല്യ ശിക്ഷ നടപ്പാക്കുക എന്നത് നിങ്ങൾക്ക് നിമമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനു പകരം സ്വതന്ത്രനും, അടിമക്ക് പകരം അടിമയും, സ്ത്രീ

ക്ക് പകരം സ്ത്രീയും (കൊല്ലപ്പെടേണ്ടതാണ്) ഇനി അവന്ന് (കൊലയാളിക്ക്) നിൻെറ സഹോദരൻെറ പക്ഷത്ത് നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും, നല്ലനിലയിൽ (നഷ്ട പരിഹാരം) കൊടുത്തുവീട്ടുകയും ചെയ്യേണ്ടതാകുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു വിട്ട്വീഴ്ചയും കാരുണ്യവുമാകുന്നു ഇത്. ഇനി അതിനുശേഷവും ആരെങ്കിലും അതിക്രമം പ്രവർത്തിക്കുകയാണെങ്കിൽ അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും. ബുദ്ധിമാന്മാമാരെ, (അങ്ങനെ) തുല്യ ശിക്ഷ നൽകുന്നതിലാണ് നിങ്ങളുടെ ജീവിതത്തിൻെറ നിലനിൽപ്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനുവേണ്ടിയത്രെ ഇത്. (നിയമ നിർദ്ദേശങ്ങൾ) (അൽബഖറ:178-179)

وعن ابن مسعود ﷺ قال: قال رسول الله ﷺ: «لا يحل دم امرئ مسلم، يشهد أن لا إله إلا الله وأني رسول الله، إلا بإحدى ثلاث: النفس بالنفس، والثيب الزاني، والمفارق لدينه التارك للجماعة»(١).

ഇബ്നു മസ്ഊദിൽ നിന്ന്: പ്രവാചക തിരുമേനി ﷺ പറഞ്ഞു: “അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ലായെന്നും, ഞാൻ അല്ലാഹുവിൻെറ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിമിൻെറ രക്തം മൂന്നാലൊരു കാര്യങ്ങൾ കൊണ്ടല്ലാതെ അനുവദനീയമാവുകയില്ല: അകാരണമായി ഒരാളെ വധിക്കുക, വിവാഹം കഴിച്ച വ്യഭിചാരി, ജമാഅത്ത് ഉപേക്ഷിച്ച് മതം വെടിഞ്ഞവൻ”

<u>പ്രതികാര നടപടി നിയമമാക്കിയതിലുള്ള യുക്തി:</u>

1- ഇസ്‌ലാമിക ശരീഅത്ത് അവതരിച്ചിട്ടുള്ളത് മുഴുവൻ ജനങ്ങൾക്കുമാണ്, അതുപോലെ മനുഷ്യരെ പരസ്പരം സംരക്ഷിക്കുവാനും, ശക്തനിൽ നിന്ന് ദുർബ്ബലനെ രക്ഷിക്കുവാനും, അക്രമിക്കപ്പെട്ടവനെ അക്രമിയിൽ നിന്ന് രക്ഷിക്കുവാനും വേണ്ടിയാണ്. ഇസ്‌ലാമിക ശരീഅത്ത് മനുഷ്യന്ന് അവൻെറ ആദരവ് സുരക്ഷിതമാക്കുന്നു, അത് കൊണ്ട് തന്നെയാണ് അനുവദനീയമായ രൂപത്തിലല്ലാതെയുള്ള മനുഷ്യ വധവും, അതിക്രമവും നിരോധിച്ചതും. അല്ലാഹു പറയുന്നു:

﴿وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ﴾ (الأنعام: ١٥١) و(الإسراء: ٣٣).

“അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചു കളയരുത്” (അൻആം:151, ഇസ്രാഅ്:33)

(١) حديث صحيح، أخرجه البخاري و مسلم، وقد سبق تخريجه.

ആർക്കെങ്കിലും അവൻെറ മനസ് ആരെയെങ്കിലും ഉപദ്രവിക്കുവാനും, കൊല ചെയ്യുവാനും തോന്നിപ്പിച്ച് കൊടുക്കുകയും, അങ്ങിനെ പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അവന് ഇഹലോകത്തും പരലോകത്തും വേദനയേറിയ ശിക്ഷയുണ്ട്. അല്ലാഹു പറയുന്നു:

﴿ كُتِبَ عَلَيْكُمُ ٱلْقِصَاصُ فِى ٱلْقَتْلَى .... ﴾ (البقرة:١٧٨)

“കൊല ചെയ്യപ്പെടുന്നവരുടെ കാര്യത്തിൽ തുല്ല്യ ശിക്ഷ നടപ്പാക്കുക എന്നത് നിങ്ങൾക്ക് നിമമാക്കപ്പെട്ടിരിക്കുന്നു...” (അൽബഖറ:178)

﴿ وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ﴿٩٣﴾ ﴾ (النساء: ٩٣).

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവൻെറ നേരെ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവനുവേണ്ടി അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നത്” (നിസാഅ്:93)

2- പ്രതിക്രിയാനടപടി ഇസ്‌ലാമിക ശരീഅത്തിൻെറ മാത്രം പ്രത്യേകത യല്ല, മറിച്ച് മുൻകഴിഞ്ഞ പ്രവാചകന്മാരുടെയും, ദൂതന്മാരുടെയും നിയമമാകുന്നു. ആദം നബി(അ)ൻെറ രണ്ട് സന്താനങ്ങൾ ഒരാളെ മറ്റൊ രാളെ കൊന്ന കഥ പറഞ്ഞതിന് ശേഷം പറയുന്നു:

﴿ مِنْ أَجْلِ ذَٰلِكَ كَتَبْنَا عَلَىٰ بَنِىٓ إِسْرَٰٓءِيلَ أَنَّهُۥ مَن قَتَلَ نَفْسًۢا بِغَيْرِ نَفْسٍ أَوْ فَسَادٍ فِى ٱلْأَرْضِ فَكَأَنَّمَا قَتَلَ ٱلنَّاسَ جَمِيعًا وَمَنْ أَحْيَاهَا فَكَأَنَّمَآ أَحْيَا ٱلنَّاسَ جَمِيعًا ۚ وَلَقَدْ جَآءَتْهُمْ رُسُلُنَا بِٱلْبَيِّنَٰتِ ثُمَّ إِنَّ كَثِيرًا مِّنْهُم بَعْدَ ذَٰلِكَ فِى ٱلْأَرْضِ لَمُسْرِفُونَ ﴿٣٢﴾ ﴾ (المائدة: ٣٢)

“അക്കാരണത്താൽ ഇസ്രായീൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി: മറ്റൊരാളെ കൊന്നതിന്നു പകരമായോ. ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിൻെറ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെ ടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതന്മാ

ർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്രായീല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിനുശേഷവും അവരിൽ ധാരാളം പേർ ഭൂമി യിൽ അതിക്രമം പ്രവർത്തിച്ച്കൊണ്ടിരിക്കുകയാണ്" (മാഇദ: 32) തൗറാ ത്തിൻെറ ശരീഅത്ത് വിശദീകരിച്ച് കൊണ്ട് അല്ലാഹു പറയുന്നു:

﴿ وَكَتَبْنَا عَلَيْهِمْ فِيهَآ أَنَّ ٱلنَّفْسَ بِٱلنَّفْسِ وَٱلْعَيْنَ بِٱلْعَيْنِ وَٱلْأَنفَ بِٱلْأَنفِ وَٱلْأُذُنَ بِٱلْأُذُنِ وَٱلسِّنَّ بِٱلسِّنِّ وَٱلْجُرُوحَ قِصَاصٌ ۚ فَمَن تَصَدَّقَ بِهِۦ فَهُوَ كَفَّارَةٌ لَّهُۥ ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ﴿٤٥﴾ ﴾ (المائدة: ٤٥).

"ജീവന് ജീവൻ, കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, ചെവിക്ക് ചെവി, പല്ലിന് പല്ല്, മുറിവുകൾക്ക് തതുല്യമായ പ്രതിക്രിയ എന്നിങ്ങനെയാണ് അതിൽ (തൗറാത്തിൽ) നാം അവർക്ക് നിയമമായി വെച്ചിട്ടുള്ളത്. വല്ലവ നും (പ്രതിക്രിയ ചെയ്യാതെ) മാപ്പ് നൽകുന്നപക്ഷം അത് അവന്ന് പാപ മോചന(ത്തിന് ഉതകുന്ന ഒരു പുണ്യകർമ്മ)മാകുന്നു. ആർ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ" (മാഇദ: 45)

3- പ്രതികാര നടപടിയിലൂടെ കുറ്റവും, തെറ്റും ചെയ്യുവാൻ ഉദ്ദേശി ക്കുന്ന കുറ്റവാളിയുടെ മനസിൽ താൻ പ്രവർത്തിക്കുന്നതിനനുസരിച്ചു ള്ള പ്രതിക്രിയ തന്നെ പ്രതീക്ഷിച്ച് നിൽക്കുന്നുവെന്ന ഭയം എപ്പോഴുമു ണ്ടായിരിക്കും. ഈ ഭയം മനസിൽ അസ്വസ്ഥതയും, ഹൃദയത്തിൽ പേടി യുമുണ്ടാക്കുന്നു. കാരണം നീതിയിലധിഷ്ടിതമായ പ്രതികാരം എത്ര ദൂരം ഓടിയാലും, എത്ര തന്നെ ഒളിച്ചിരിന്നാലും ശരി തന്നെ വലയം ചെയ്യുമെന്നും, ശിക്ഷ എന്നെ പിടികൂടുമെന്നും, അതിൽ യാതൊരു സം ശയമില്ലായെന്നും അവനറിയാം. നീതിയുക്തമായ ശിക്ഷ അവൻ എത്ര തന്നെ മാറി നടന്നാലും, എവിടെ അഭയം പ്രാപിച്ചാലും പിൻതുടരുന്ന താണ്. കാലം കുറെ കഴിഞ്ഞാലും ഇല്ലെങ്കിലും ശരി ഊരിയ വാൾ അവൻെറ പിരടിയിൽ വീഴുക തന്നെ ചെയ്യും, ഈ ബോധം കുറ്റം ചെ യ്യുവാനുദ്ദേശിക്കുന്നവൻെറ മനസിൽ ശക്തമാവുകയാണെങ്കിൽ അവ ൻ ചിലപ്പോൾ കുറ്റത്തിൽ നിന്ന് അകന്ന് നിന്നേക്കാനിടയുണ്ട്. അങ്ങി നെ അവൻ വധിക്കുവാനുദ്ദേശിച്ചവൻ അതിൽ നിന്ന് രക്ഷപ്പെടുകയും, അവനും, അവനെ വധിക്കുവാനുദ്ദേശിച്ചവനും അങ്ങിനെ ജീവിക്കുവാ നവസരം ലഭിക്കുന്നു.

4- പ്രതികാരനടപടി കൊലക്കുറ്റത്തിനുള്ള ശിക്ഷയാണ്, കാരണം

കരുതിക്കൂട്ടി അന്യരുടെ മേൽ അതിക്രമം പ്രവർത്തിക്കലായത് കൊണ്ട് തന്നെ അതിനനസുരിച്ച പ്രതികാരം അവനിലുമുണ്ടാക്കുകയെന്നത് നീതിയുക്തമാണ്. ഒരു പിതാവിൻെറ മകനെ കൊലപ്പെടുത്തിയിട്ട് ആ കൊലയാളി ജനങ്ങൾക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയെന്നത് ചിന്തിക്കുവാൻ കഴിയുന്നതാണോ? അവൻ അന്യരുടെ കരളിൻെറ ക ഷ്ണമായ സന്താനത്തെയാണ് ഇല്ലായ്മ ചെയ്തിരിക്കുന്നത്. അത്പോ ലെ ഒരാൾ മറ്റൊരാളുടെ രണ്ട് കണ്ണും ചൂഴ്ന്നെടുത്ത്കൊണ്ട് കണ്ണില്ലാ ത്തവനാക്കിയിട്ട് അവൻ രണ്ട് കണ്ണും കാണുന്നവനായി ജനങ്ങൾക്കിട യിൽ വിലസുകയെന്നതും ബുദ്ധിക്ക് യോജിക്കുന്നതാണോ?

5- ഫിത്നകളെ അതിൻെറ തൊട്ടിലിൽ വെച്ച്തന്നെ നശിപ്പിക്കുവാ ൻ പ്രതികാര നടപടിയാൽ സാധ്യമാവുകയും കുറ്റങ്ങളെയും തെറ്റുകളെ യും വിദൂരതയിൽ തള്ളുവാൻ കഴിയുകയും ചെയ്യുന്നു. കാരണം കുറ്റ വാളിയെ പിടികൂടുകയെന്നത് അവനും മറ്റുള്ളവർക്കും ഒരു പാഠവും, അതിക്രമകാരികൾക്കും, ശത്രുക്കൾക്കും ഒരു താക്കീതുമാകുന്നു. ജന ങ്ങളെ വധിക്കുവാനും അവരുടെ രക്തം ചിന്തുവാനും ആഗ്രഹിക്കുന്ന വർ ഈ ശിക്ഷാനടപടികൾ കാണുമ്പോൾ അവർ ഒരുക്കിവെച്ചിട്ടുള്ള തന്ത്രങ്ങളിൽ നിന്നും, പ്ളാനുകളിൽ നിന്നും പിന്തിരിയുകയും, ഉപേക്ഷി ക്കുകയും ചെയ്യുന്നതാണ്. കാരണം ഞങ്ങളുടെയും പര്യവസാനം ഇങ്ങ നെയുള്ള പ്രതികാര നടപടിക്ക് വിധേയമാവുകയായിരിക്കും. അത്കൊ ണ്ട് തന്നെ കുറ്റകൃത്യങ്ങളിൽ നിന്ന് പിന്തിരിയുകയും ചെയ്യുന്നു.

6- അസൂയയും, പകയും അവസാനിപ്പിക്കുവാനുള്ള മാർഗവും, അക്ര മിക്കപ്പെട്ടവൻെറ കോപം ശമിപ്പിക്കുവാനുള്ള ഉടനെയുള്ള, പരിപൂർണ മായ ചികിൽസയാണ് പ്രതികാരനടപടി, അക്രമിക്കപ്പെട്ടവൻെറ കോപ വും, ദു:ഖവും തീർക്കുവാൻ പ്രതികാരനടപടിയല്ലാതെ വേറെയെരു മാർഗവുമില്ല. അക്രമിക്ക് നീണ്ട ജയിൽവാസമോ, നാടുകടത്തലോ, ഉപ രോധമോ വിധിച്ചാലും അത് സാധ്യമല്ല. അക്രമി എന്താണോ പ്രവർത്തി ച്ചത് അത്പോലെ അക്രമിയിലും പ്രവർത്തിച്ചാലല്ലാതെ തുല്ല്യതയാവില്ല. വധിക്കപ്പെട്ടവനെ വധിക്കുകയോ, അതല്ലെങ്കിൽ വിട്ട്വീഴ്ച നൽകുക യോ ചെയ്യേണ്ടതാണ്. അക്രമിക്കപ്പെട്ടവൻെറ കോപം ശമിപ്പിക്കൽ അ നിവാര്യമാണ്, ഇല്ലായെങ്കിൽ വഞ്ചനയുടെയും, കലഹത്തിൻെറയും, പ്രതികാരത്തിൻെറയും ഒരു ചങ്ങല തന്നെയുണ്ടാകുന്നതാണ്. കാരണം കോപമെന്നുള്ളത് മനുഷ്യ രക്തത്തിൽ തന്നെ അലിഞ്ഞ് ചേർന്നതാണ്. ഇത് ഇസ്ലാം മനസിലാക്കി പ്രതികാരനടപടിയിൽ നിയമമാക്കുകയും അങ്ങിനെ ഒളിഞ്ഞ് കിടക്കുന്ന പകയേയും, പ്രതികാരത്തെയും മനസിൽ നിന്ന് പാടെ ഇല്ലായ്മ ചെയ്ത് ഹൃദയത്തിൽ നിന്ന് പകയുടെയും, അ തിക്രമത്തിൻെറയും, തെമ്മാടിത്തത്തിൻെറയും, തർക്കത്തിൻെറയും,

ശത്രു തയുടെയും കാരണങ്ങളെ പിഴുതെറിഞ്ഞ്കൊണ്ട് സമൂഹത്തെ കൊലപാ തകങ്ങളിൽ നിന്നും, രക്തച്ചൊരിച്ചിലിൽ നിന്നും തടയുകയും ചെയ്യുന്നു.

7- പ്രതികാരനടപടിയുടെ ഫലം അക്രമിക്കപ്പെട്ടവനിലും, അക്രമിക്ക പ്പെട്ടവൻെറ രക്ഷാധികാരിയിലും മാത്രമല്ല കാണുക. മറിച്ച് സമൂഹത്തി ൽ മുഴുവനും അതിൻെറ ഫലം ഉണ്ടാവുന്നതാണ്. പ്രതികാര നടപടിയി ല്ലെങ്കിൽ രക്തം അന്യായമായി ചിന്തുകയും, സമൂഹത്തിൽ കുഴപ്പത്തി ൻെറയും, ഫസാദിൻെറയും ആളുകൾ സ്വാധീനം ചെലുത്തുകയും, ശക് തന്മാർ ബലഹീനരെ തിന്നുകയും, സാമാധാനവും, നിർഭയത്വവും നഷ് ടപ്പെടുകയും, ഫസാദും അരാജകത്വവും വ്യാപിക്കുകയും, ഗതാഗതമാർ ഗങ്ങൾ തടസപ്പെടുകയും, കച്ചവടങ്ങൾ താറുമാറാവുകയും, ഉൽപന്ന ങ്ങളും പുരരോഗതിയും കുറയുകയും, ജനങ്ങളുടെ വിവിധയിനങ്ങൾക്ക് ലഭിക്കേണ്ട നന്മകൾ പാഴായി പോകുകയും ചെയ്യുന്നതാണ്. എന്നാൽ അക്രമികളുടെയും കുറ്റവാളികളുടെയും കൈകൾ ബന്ധിക്കപ്പെടുക യും, പ്രതികാരം നടപ്പിലാക്കുകയും, ശിക്ഷ, ചെയ്ത അക്രമത്തിന് തു ല്ല്യവുമാണെങ്കിൽ കുഴപ്പം ഇല്ലാതാവുകയും ജനങ്ങൾ നിർഭയത്തോടെ, മനസമാധാനത്തോടെയുള്ള സൗഭാഗ്യ ജീവി തം നയിക്കുന്നതാണ്.

8- ഇസ്‌ലാം കാരുണ്യത്തിൻെറയും, നീതിയുടെയും മതമാണ്, പ്രതികാരനടപടിയെടുക്കാതെ അക്രമിക്കപ്പെട്ടവൻെറ രക്തം വെറുതെ പാഴാക്കിക്കളയുവാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നില്ല. ഇത് നീതിയുടെ തേട്ട മാകുന്നു. അത്പോലെ നിരന്തരം രക്തം ചിന്തുവാനും, ആത്മാവുക ളെ നശിപ്പിക്കുവാനും ഇസ്‌ലാം ഉദ്ദേശിക്കുന്നില്ല. എന്നാൽ ചിന്തേണ്ട അക്രമിയുടെ രക്തം പ്രായ്ശ്ചിത്തം നിയമമാക്കിയതിലൂടെ തടഞ്ഞ് കൊണ്ട് സുരക്ഷിതമാക്കിയിരിക്കുന്നു. ഇത് വിട്ട്വീഴ്ചയുടെയും കാരു ണ്യത്തിൻെറയും ഉറവിടമാണ്. പക്ഷേ, ഇതിന് രക്തം ചിന്തപ്പെട്ടവൻെറ യോ, അവൻ മരിച്ചിട്ടുണ്ടെങ്കിൽ അവൻെറ കുടുംബത്തിൻെറയോ തൃപ്തി ആവശ്യമാണ്, ഇതിലടങ്ങിയിട്ടുള്ള യുക്തി മുഴുവനും അല്ലാഹു വിന് മാത്രമേ അറിയുകയുള്ളൂ. അതിൽ ചിലത് താഴെ കൊടുക്കുന്നു:

(1)- ശറഅ് പ്രകാരമുള്ള വിധി പ്രഖ്യാപിച്ചതിന് ശേഷം പിന്നീടുള്ള കാര്യങ്ങൾ അക്രമിക്കപ്പെട്ടവൻെറ രക്ഷാധികാരികളിൽ ഏൽപിച്ച് അവ രുടെ മനസുകളെ സംതൃപ്തമാക്കുന്നു.

(2)- അപ്രത്യക്ഷമായ മാർഗത്തിലൂടെ സന്ധിയുടെയും, സാഹോദര്യ ത്തിൻെറയും അന്തരീക്ഷമുണ്ടാക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു, ഇത് മുഴുവൻ ഇസ്‌ലാമിക നിയമങ്ങളുടെയും സ്വഭാവമാകുന്നു.

(3)- തകിടം മറിഞ്ഞ ലക്ഷ്യങ്ങളെ അത് നേരെയാക്കുന്നു. മുഴുവൻ ഉദ്ദേശങ്ങളിലും ഏതാണ് കൂടുതൽ നല്ലത് എന്ന് ചിന്തിച്ച് തിരെഞ്ഞെടുക്കുവാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നു. ഇസ്‌ലാമിക ശരീഅത്തിൻെറ പൊതുവെയുള്ള മാർഗമനുസരിച്ചായിരിക്കും പ്രതിഫലം നടപ്പിലാക്കുക. അത് തിരെഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തിൻെറ മാർഗമാകുന്നു.

(4)- പ്രവർത്തികമായ മാർഗത്തിലൂടെ വധ ശിക്ഷ നടപ്പാക്കുകയോ, നടപ്പാക്കാതിരിക്കുകയോ ചെയ്യുന്നതിലൂടെ ആധുനിക നിയമങ്ങളുടെ ലക്ഷ്യത്തെ സാക്ഷാൽകരിക്കുന്നു. എന്നാൽ ശിക്ഷാ നടപടി എപ്പോഴും ഉപേക്ഷിക്കുകയില്ല, മറിച്ച് ഈ രണ്ടിനം ശിക്ഷാനടപികൾക്കിടയിൽ (പ്രതിക്രിയ, ദിയസ്വീകരിച്ച് വിട്ട്‌വീഴ്ച നൽകുക) കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നു, ശിക്ഷാനടപടികൾ നടപ്പിലാക്കാതിരിക്കുകയോ, അതല്ലെങ്കിൽ പൊതുവായി നടപ്പാക്കുകയോ ചെയ്തതിന് ശേഷം യാതൊരുവി ധ ഉപദ്രവങ്ങളും ഉണ്ടാവത്ത രൂപത്തിൽ സാമൂഹികവും, മാനസികവു മായ നന്മയുടെ തേട്ടങ്ങൾക്കനുസരിച്ചും, മാറിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾക്കുമനുസരിച്ചായിരിക്കും അത് നടപ്പിലാക്കുക.

9- അക്രമിക്കപ്പെട്ടവനോ, അല്ലെങ്കിൽ അവൻെറ രക്ഷാധിക്കാരിക്കോ പ്രതികാരം നടപ്പിലാക്കുവാനോ, അതല്ലെങ്കിൽ ദിയ സ്വീകരിച്ച് വിട്ട് വീഴ്ച നൽകുവാനോ, അതല്ലെങ്കിൽ ദിയ സ്വീകരിക്കാതെ നിരുപാധികം വിട്ട്‌വീഴ്ച നൽകുവാനോയുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ഈ മതത്തിൻെറ മദ്ധ്യമ നിലപാടാണ് സൂചിപ്പിക്കുന്നത്. തൗറാത്തിൻെറ ആളുകൾക്ക് വധശിക്ഷയല്ലാതെ വെറെയൊന്നും ഇല്ലായെന്നതും, ഇഞ്ചീലിൻെറയാളുകൾക്ക് വിട്ട്‌വീഴ്ചയല്ലാതെ ദിയയോ, പ്രതികാരമോ ഇല്ലായിരുന്നുവെന്ന് സ്ഥിരപ്പെട്ട കാര്യമാണ്. എന്നാൽ ഈ സമുദായത്തിന് അല്ലാഹു തിരെഞ്ഞെടുക്കുവാനുള്ള അവസരം നൽകിയിരിക്കുന്നു, അക്രമിക്കപ്പെട്ടവൻ ഉദ്ദേശിക്കുകയാണെങ്കിൽ വധശിക്ഷ നടപ്പിലാക്കാം, അല്ലെങ്കിൽ ദിയ സ്വീകരിച്ച് വിട്ട്‌വീഴ്ച നൽകാം, അതുമല്ലെങ്കിൽ നിരുപാധികം വിട്ട് വീഴ്ചയും നൽകാവുന്നതാണ്. അല്ലാഹു പറയുന്നു:

﴿فَمَنْ عُفِيَ لَهُۥ مِنْ أَخِيهِ شَىْءٌ فَٱتِّبَاعٌۢ بِٱلْمَعْرُوفِ وَأَدَآءٌ إِلَيْهِ بِإِحْسَٰنٍ ۗ ذَٰلِكَ تَخْفِيفٌ مِّن رَّبِّكُمْ وَرَحْمَةٌ﴾ (البقرة: ١٧٨).

"ഇനി അവന്ന്(കൊലയാളിക്ക്) തൻെറ സഹോദരൻെറ പക്ഷത്തു നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും, നല്ല നിലയിൽ (നഷ്ട പരിഹാരം) കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു വിട്ട്‌വീഴ്ചയും കാരുണ്യവുമാകുന്നു ഇത്" (അൽബഖറ: 178)

☆ ☆ ☆

# ആറ്:

# ഭരണകർത്താക്കൾക്കും, ഭരണീയർക്കുമിടയിലെ ബന്ധങ്ങളിലൂടെയുള്ള ഇസ്‌ലാമിൻെറ നന്മകൾ:

മുസ്‌ലിം നേതൃത്വം മതത്തിൻെറ അനിവാര്യഘടകമാണ്, മതത്തിൻെറ ചിഹ്നങ്ങൾ നിലനിർത്തുവാനും, അക്രമിക്കപ്പെട്ടവന് നീതി നൽകുവാനും, ശിക്ഷാനിയമങ്ങൾ നടപ്പിലാക്കുവാനും നേതൃത്വം അനിവാര്യമാകുന്നു. വിശുദ്ധഖുർആനും, തിരുസുന്നത്തും, ഇജ്മാഉം, ശറഇൻെറ നിയമങ്ങളും ഇത് സൂചിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى ٱلْأَمْرِ مِنكُمْ ﴾ (النساء:٥٩)

"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക" (നിസാഅ്:59)

കൈകാര്യകർത്താവിനെ അനുസരിക്കണമെന്ന് അല്ലാഹു മുസ്‌ലീങ്ങളോട് കൽപിക്കുകയാണ്, അനുസരിക്കണമെന്ന കൽപന സൂചിപ്പിക്കുന്നത് കൈകാര്യകർത്താവിനെ നിശ്ചയിക്കണമെന്നതിലേക്കാണ്, കാരണം അസ്ഥിത്വമില്ലാത്ത ഒരു കാര്യത്തെ അനുസരിക്കുവാൻ അല്ലാഹു കൽപിക്കുകയില്ല. ഉണ്ടാവൽ സുന്നത്തായ ഒരുകാര്യത്തെയും അനുസരിക്കൽ നിർബ്ബന്ധമാക്കുകയില്ല, അത്കൊണ്ട്തന്നെ അനുസരിക്കുവാനുള്ള കൽപന സൂചിപ്പിക്കുന്നത് ഉണ്ടാവൽ അനിവാര്യമാണെന്നാണ്. ആയതിനാൽ മുസ്‌ലീങ്ങൾക്ക് അവരെ നയിക്കുന്ന നേതാവോ, കൈകാര്യകർത്താക്കളോ അനിവാര്യമാകുന്നു.

ഇമാം ആവശ്യമാണെന്ന് സൂചിപ്പിച്ച് ഒരുപാട് ഹദീസുകൾ വന്നിട്ടുണ്ട്. അതിൽപെട്ടതാണ്.

قول رسول الله ﷺ: «لا يحل لثلاثة يكونون بفلاة من الأرض إلا أمَّروا أحدهم»(١)

"ഭൂമിയിലെ മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന മൂന്നാളുകൾക്ക് ഒരാളെ നേതാവാക്കാതെ ഒന്നും അനുവദനീയമല്ല"

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: ചെറിയതും, കുറഞ്ഞതുമായ സമൂഹത്തിന് ഒരാൾ നേതാവ് വേണമെന്നത് അതിനേക്കാൾ കൂടുതലുള്ള സമുദായത്തിന് നേതാവ് അനിവാര്യമാണെന്നത് ഉണർത്തുകയാണ്'

ഇതിൽ ഇജ്മാഅ് ഉണ്ട്. ഒരു പണ്ഡിതൻ പറയുന്നു: 'മുസ്‌ലീങ്ങ

(١) رواه الإمام أحمد في مسنده: ١٧٧/٢، من حديث عبد الله بن عمرو-رضي الله عنهما- وله شاهد من حديث أبي سعيد الخدري ﷺ، رواه أبو داود في سننه: ٨١/٣، برقم (٢٦٠٨) — ومن حديث أبي هريرة ﷺ، رواه أبو داود في سننه: ٨١/٣، برقم (٢٦٠٩)

ൾക്ക് ഖലീഫ വേണമെന്നതിൽ അവർ യോജിച്ചിട്ടുണ്ട്'

വേറെയൊരാൾ പറയുന്നു: ഇമാമിനെ നിശ്ചയിക്കൽ നിർബ്ബന്ധമാണ്, ശറഇൻെറ നിയമങ്ങൾ കൊണ്ടും, സ്വഹാബികളുടെയും, താബിഉകളുടെയും ഇജ്മാഅ് കൊണ്ടും അതിൻെറ നിർബ്ബന്ധത അറിയപ്പെട്ടതാണ്. അത്കൊണ്ട് തന്നെയാണ് നബി വഫാതായപ്പോൾ അബൂബക്കർﷺവിനെ ഖലിഫയായി ബൈഅത്ത് ചെയ്യുവാൻ അവർ ദൃതിപ്പെട്ടത്, അവരുടെ കാര്യങ്ങൾ അദ്ദേഹത്തിൽ ഏൽപിച്ചത്. ഇപ്രകാരം തന്നെയാണ് എല്ലാ കാലഘട്ടങ്ങളിലും ചെയ്യേണ്ടത്. ഇമാമിനെ നിശ്ചയിക്കണമെന്നത് നിർബ്ബന്ധമാണെന്ന് സ്ഥിരപ്പെട്ട ഇജ്മാഅ് സൂചിപ്പിക്കുന്നു.

ഇമാമിനെ നിശ്ചയിക്കൽ നിർബ്ബന്ധമാണെന്നത് മതപരമായ നിയമമാകുന്നു. (ഒരു കാര്യം കൊണ്ടല്ലാതെ ഒരു നിർബ്ബന്ധത പരിപൂർണമാവില്ലെങ്കിൽ ആ കാര്യം നിർബ്ബന്ധമാകുന്നു)

يقول علي بن أبي طالب ﷺ: (لا بد للناس من إمارة برّة كانت أو فاجرة، قالوا: يا أمير المؤمنين هذه البرّة قد عرفناها، فما بال الفاجرة، قال: تقام بها الحدود، وتأمن بها السبل ويجاهد بها العدو ويقسم بها الفيء)

ഈ യാഥാർത്ഥ്യം അംഗീകരിച്ച്കൊണ്ട് അലിയ്യുബ്നു അബീത്വാലിബ്ﷺപറയുന്നു: (പുണ്യമാണെങ്കിലും, തെമ്മാടിത്തമാണെങ്കിലും മുസ്‌ലീങ്ങൾക്ക് നേതൃത്വം അനിവാര്യമാണ്. അവർ ചോദിച്ചു: അമീറുൽ മുഅ്മിനീൻ, പുണ്യമായത് ഞങ്ങൾ മനസിലാക്കിയതാണ്. തെമ്മാടിത്തത്തിൻെറ അവസ്ഥയെന്താണ്? അദ്ദേഹം പറഞ്ഞു: അത്കൊണ്ട് ശിക്ഷാനടപടികൾ നടപ്പിലാക്കും, വഴികൾ നിർഭയത്വമുള്ളതാവും, ശത്രുവിനെതിരിൽ അത്കൊണ്ട് ജിഹാദ് നടത്തും, യുദ്ധാനന്തര മുതൽ അതുകൊണ്ട് വീതിക്കപ്പെടും)

ഫിത്നയുടെ വാതിലുകൾ ബന്ധിക്കാനും, അരാജകത്വത്തിൻെറ ഉപദ്രവങ്ങളെ തടയുന്നതിൻെറ അനിവാര്യതയും സൂചിപ്പിക്കുന്നത് ഇമാം അനിവാര്യമാണെന്നാണ്. ഇമാമിൻെറ അഭാവത്തിലുള്ള ഫിത്നയും കുഴപ്പവും എത്രമാത്രമായിരിക്കുമെന്നത് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. നിർബ്ബന്ധമായും സുരക്ഷിതമായിരിക്കേണ്ട അഞ്ച് കാര്യങ്ങളെ-മതം, ശരീരം, അഭിമാനം, ധനം, ബുദ്ധി- സംരക്ഷിക്കൽ ശരീഅത്തിൽ നിർബ്ബന്ധവും, ശരീഅത്തിൻെറ ലക്ഷ്യത്തിൽ പെട്ടതുമാകുന്നു. ഇത് പൂർത്തിയാവുന്നത് മുസ്‌ലീങ്ങളുടെ ഇമാമത്തിലൂടെ മാത്രമാകുന്നു. ഇതും നിർബ്ബന്ധതയേയാണ് സൂചിപ്പിക്കുന്നത്. ഒരു പണ്ഡിതൻ പറയുന്നു: (ഇമാമില്ലായെങ്കിൽ ഫിത്ന ജനങ്ങളുടെ പ്രശ്നങ്ങളുമായി എഴുന്നേൽക്കുന്നതാണ്)

വേറെയൊരാൾ പറയുന്നു: (നേതാവില്ലെങ്കിൽ വഴികൾ ഞങ്ങൾക്ക് നിർഭയത്വമുള്ളതാവില്ല-, ഞങ്ങളിലെ ശക്തന്മാർ ബലഹീനന്മാരെ തട്ടിയെടുക്കുമായിരുന്നു)

ഒരു കവി പറയുന്നു:

“അരാജകത്വം ജനങ്ങളെ നന്നാക്കുകയോ, ഉന്നതി നൽകുകയോ ഇല്ല, അജ്ഞരായവർ നേതൃത്വം നൽകിയാൽ അവർക്ക് ഉന്നതിയും ലഭിക്കില്ല”

ഭരണകർത്താക്കളും, ഭരണീയരും, കൽപിക്കുന്നവരും, കൽപിക്കപ്പെടുന്നവരും തമ്മിൽ സഹകരിക്കുകയും, ഓരോരുത്തരും അവനവനിൽ ഏൽപിക്കപ്പെട്ട ഉത്തരവാദിത്വങ്ങളും, അമാനത്തും യതാവിധി നിർവ്വഹിക്കുകയും ചെയ്താലല്ലാതെ സമുദായത്തിൻെറയും, സമൂഹങ്ങളുടെയും നന്മ പൂർത്തിയാവുകയോ, ക്രമീകൃതമാവുകയോ ചെയ്യില്ല.

ഇമാം റബ്ബല്ലാത്തത് കൊണ്ട് തന്നെ ഇമാമിന് പ്രജകളുടെ സഹകരണം ആവശ്യമാണ്, അത്പോലെ അല്ലാഹുവിൻെറ മതത്തിൻെറയും, പ്രജകളുടെയും ഇടയിലുള്ള മധ്യവർത്തികളാകുവാൻ അല്ലാഹുവിൻെറ ദൂതന്മരുമല്ല ഇമാമുമാർ. മറിച്ച് ഇഹലോകത്തിൻെറയും, മതത്തിൻെറയും നന്മക്ക്വേണ്ടി പരസ്പരം സഹകരിക്കുന്ന പങ്കാളികളാകുന്നു ഇമാമും പ്രജകളും. അവർക്ക് ഇമാമിൻെറ സഹായവും, ഇമാമിന് അവരുടെ സഹായവും ആവശ്യമാണ്. ഒരു വഴിയിലൂടെ സഞ്ചരിക്കുന്ന സംഘത്തിൻെറ നേതാവിനെപോലെ. നല്ല വഴിയിലൂടെ സഞ്ചരിക്കുകയാണെങ്കിൽ അവർ നേതാവിനെ പിൻപറ്റുകയും, വഴി തെറ്റിയാൽ ഉണർത്തുകയും, മാർഗദർശനം നൽകുകയും ചെയ്യുന്നു. അതുപോലെ അവർക്ക് നേരെ ഒരു അക്രമി ആക്രമണം നടത്തുകയാണെങ്കിൽ അവനും, അവരും ആ ശത്രുവിനെ തടുക്കുകയും ചെയ്യുന്നു.

ഭരണകർത്താവം, ഭരണീയരം, നേതാവും, പ്രജകളം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

## ഒന്ന്: ഇമാമിൻെറ ബാധ്യതകൾ:

നേതൃത്വത്തിന് ഉന്നതമായ ലക്ഷ്യവും, ഉത്തമമായ ഉദ്ദേശ്യങ്ങളുമുണ്ട്. താഴെ വരുന്ന കാര്യങ്ങളിൽ അത് പ്രകടമാകുന്നതാണ്:

1- മതം പ്രചരിപ്പിക്കുകയും, പ്രബോധനം നടത്തുകയും ചെയ്യുക:

നേതൃത്വത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യത്തിൽ പെട്ടതാണ് ഇത്. ഈ ലക്ഷ്യസാക്ഷാൽകാരത്തിനായി മുസ്‌ലീങ്ങളുടെ നേതാവായ റസൂലുല്ലാക്ക് അല്ലാഹു രിസാലത്ത്നൽകി മഹത്വപ്പെടുത്തുകയും, അത് ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുവാൻ കൽപിക്കുകയും, ഭൂമിയിൽ ആധിപത്യം നൽകുകയും ചെയ്തതിന് ശേഷം അദ്ദേഹം അല്ലാഹുവിൻെറ മതത്തിലേക്ക് ആളുകളെ ക്ഷണിക്കുവാനും, സത്യമാർഗം വിശദീകരിക്കുവാനുമായി വിവിധ രാജ്യങ്ങളിലേക്ക് ആളുകളെ നിയോഗിക്കുകയും, രാജാക്കന്മാർക്കും നേതാക്കന്മാർക്കും ഇസ്‌ലാമിലേക്ക് ക്ഷണിച്ച് കൊണ്ട് കത്തുകളയക്കുകയും ചെയ്തു. മരിക്കുന്നത് വരെ അദ്ദേഹം ഈ മതത്തിൻെറ സന്ദേശ പ്രചരണ ത്തിൻെറ യാത്രയിൽ തന്നെയായിരുന്നു. ഈ പാതയിൽ തന്നെയായിരുന്നു ഖുലഫാഉർറാ

ശിദുകളും, അല്ലാഹുവില്‍ നിന്ന് തൗഫീഖ് ലഭിച്ച മുസ്‌ലിം രാജാക്കന്മാരും, നേതാക്കന്മാരും സഞ്ചരിച്ചത്.

2- കെട്ടുകഥകളും, ബിദ്അത്തുകളും, സംശയങ്ങളും ഇല്ലായ്മ ചെയ്യുക:

ഇമാം നിര്‍ബ്ബന്ധമായും നിര്‍വ്വഹിക്കേണ്ട നേതൃത്വത്തിന്‍െറ ബാധ്യതയില്‍ പെട്ടതാണ് ഇത്. മതത്തെ ചീത്തയാക്കുകയും, ആക്ഷേപിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളില്‍ നിന്നും മതത്തെ സംരക്ഷിക്കേണ്ടത് അദ്ദേഹത്തിന്‍െറ ബാധ്യതയാണ്. ഒരു പണ്ഡിതന്‍ പറയുന്നു: "പൂര്‍വ്വ സൂരികളായ സലഫുകള്‍ യോജിച്ച അടിസ്ഥാന കാര്യങ്ങളില്‍ തന്നെ മതത്തെ സംരക്ഷിക്കേണ്ടത് ഇമാമിന്‍െറ ബാധ്യതയാണ്, ആരെങ്കിലും മതത്തില്‍ നിന്ന് വല്ല സംശയവുമുണ്ടായി വ്യതിചലിക്കുകയാണെങ്കില്‍ അവന് തെളിവിന്‍െറ അടിസ്ഥാനത്തില്‍ വിശദീകരിച്ച് സത്യം വെളിവാക്കേണ്ടതും, അവന് നിര്‍ബ്ബന്ധമായും നല്‍കേണ്ട ബാധ്യതകളും, ശിക്ഷകളും നല്‍കി മതത്തെ നാശത്തില്‍നിന്ന് തടുക്കേണ്ടതും, സമുദായത്തെ വ്യതിയാനത്തില്‍ നിന്ന് രക്ഷിക്കേണ്ടതും അവന് അനിവാര്യമാകുന്നു.

ബിദ്അത്തുകളെ ഇല്ലാതാക്കുക, ഇസ്‌ലാമിന്‍െറ ശത്രുക്കള്‍ ഉണ്ടാക്കുന്ന സംശയങ്ങളും, കെട്ടുകഥകളും, നിരര്‍ത്ഥകതയും ദൂരീകരിക്കുക, സമൂഹത്തിന്‍െറ സമാധാനം തകര്‍ക്കുന്ന വൈവിധ്യ രൂപത്തിലുള്ള തെറ്റായ ചിന്തകളെ നേരിടുക പോലെയുള്ളതെല്ലാം ഇതിന്‍െറ ഭാഗമാകുന്നു.

ബിദ്അത്തിന്‍െറ ഭിന്നതക്കനുസരിച്ചും, തെറ്റായ ചിന്തയും, അതിലേക്ക് ക്ഷണിക്കുന്നവന്‍െറയും അവസ്ഥയനുസരിച്ച് ശിക്ഷയുടെയും, തടുക്കുന്ന രൂപത്തിന്‍െറയും ശൈലിയില്‍ മാറ്റം വരുന്നതാണ്. ചിലപ്പോള്‍ നിര്‍ദ്ദേശങ്ങളും, ക്ലാസുകളും മതിയാവും, മറ്റുചിലപ്പോള്‍ അബ്ദുല്ലാഇബ്നു അബ്ബാസിനെ നിയോഗിച്ചപ്പോള്‍ അലി(റ) ഖവാരിജുകള്‍ക്ക് സംശയം ദൂരീകരിച്ച് നല്‍കിയപോലെ തെളിവ് സ്ഥാപിച്ച് സംശയം ദൂരീകരിക്കേണ്ടി വരും, ചിലപ്പോള്‍ ഉമര്‍(റ) സ്വബിഹുകളെ നാടുകടത്തുകയും, അടിക്കുകയും, ഉപേക്ഷിക്കുകയും ചെയ്തത് പോലെയും, മറ്റുചിലപ്പോള്‍ അലി(റ) ഖവാരിജുകളോട് യുദ്ധം ചെയ്തത്പോലെ ചെയ്യേണ്ടി വരും. ഈ ശൈലി സ്വീകരിക്കേണ്ടത് സമൂഹത്തിനും, സമുദായത്തിനും ഉണ്ടാകുന്ന ഉപദ്രവങ്ങളുടെയും, ഫസാദുകളുടെയും തോതനുസരിച്ചായിരിക്കും.

3- രാജ്യവും, അതിര്‍ത്തികളും സംരക്ഷിക്കുക:

മുസ്‌ലീങ്ങള്‍ക്ക് നിര്‍ഭയത്വം നല്‍കല്‍ നേതാവിന്‍െറയും, ഭരണാധികാരികളുടെയും കടമയാണ്. ജനങ്ങളുടെ മതവും, അത്മാവും, അഭിമാനവും, സമ്പത്തും സുരക്ഷിതമാവാന്‍ ഉതകുന്ന രൂപത്തിലുള്ള നിര്‍ഭയത്വം യാഥാര്‍ത്ഥ്യമാക്കുവാന്‍ വേണ്ടി ചിന്താപരം, സാമൂഹികം, സാംസ്കാരികം തുടങ്ങിയ മുഴുവന്‍ മേഖലയിലുള്ള നിര്‍ഭയത്വവും

ഇതിൽ ഉൾകൊള്ളുന്നു. ഒരു പണ്ഡിതൻ ഇമാമിൻെറ ഉത്തരവാദിത്വത്തെ സംബന്ധിച്ച് പറയുന്നു: “മൂന്ന്: രാജ്യ സംരക്ഷണം, ജീവിത വിഭവത്തിന്വേണ്ടി ജനങ്ങൾ യാത്രയിൽ മുഴുകുമ്പോൾ അവരുടെ സ്ത്രീകളെ സംരക്ഷിക്കേണ്ടതും, അവരെയും, അവരുടെ ധനത്തെയും സംരക്ഷിക്കുക.

4- ശരീഅത്തും, ശിക്ഷാനടപടികളും നടപ്പാക്കലും, വിധികൾ നടപ്പിൽ വരുത്തലും.

ഈ കാര്യങ്ങൾ മുഴുവനും ഭരണാധികാരിയുടെയും, കൈകാര്യ കർത്താക്കളുടെയും, അവർ ഏൽപിക്കുന്ന ഖാളിമാരുടെയും പ്രത്യേകതയിൽ പെട്ടതാണ്. ഒരു പണ്ഡിതൻ പറയുന്നു: “ശിക്ഷാനടപടികൾ നടപ്പിൽ വരുത്തൽ കൈകാര്യ കർത്താക്കളുടെ നിർബ്ബന്ധ ബാധ്യതയാണ്, ഇത്മൂഖേന നിഷിദ്ധങ്ങൾ ചെയ്യുന്നതിനും, ബാധ്യത കൾ ഉപേക്ഷിക്കുന്നതിലും ശിക്ഷ ലഭിക്കുന്നു”

ശിക്ഷാനടപടികൾ പുറപ്പെടുവിക്കലും, അത് നടപ്പിലാക്കലും ഭരണാധികാരിയുടെ ബാധ്യതയാണ്, ശരീഅത്ത് നടപ്പിലാക്കുന്നതിൽ പെടുന്നതാണ് വിധി പറയുക, സകാത്ത് ശേഖരിക്കുക, യുദ്ധാനന്തര മുതൽ വീതിക്കുക, സൈന്യങ്ങളെ ക്രമീകരിക്കുക, ഇസ്‌ലാമിൻെറ പതാക ഉയർത്തുവാൻ പരിശ്രമിക്കുക, അല്ലാഹുവിൻെറ മതവിധികൾ സ്വീകരിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കുക, തൻെറ കൽപനകൾ കേൾപ്പിക്കുവാനും, അത് അനുസരിക്കുവാനും അവരെ പ്രേരിപ്പിക്കുക എന്നീ മുഴുവൻ കാര്യങ്ങളും.

5- നീതി നടപ്പിലാക്കുക, അക്രമം തടയുക.

നീതി നടപ്പിൽവരുത്തലും, അക്രമം തടയലും മുഴുവനാളുകളുടെയും ബാധ്യതയാണ്. അത് ഭരണാധികാരിയുടെ മാത്രം ബാധ്യതയല്ല, ഇതിന് ഒട്ടനവധി തെളിവുകൾ നമുക്ക് കാണാനാവും, അതിൽ ഭരണാധികാരിയുടെ ബാധ്യതയെ വിവരിക്കുന്നത് മാത്രം സൂചിപ്പിക്കുന്നു.

حديث السبعة الذين يظلهم الله يوم لا ظلّ إلا ظلّه وذكر منهم إمـــام عادل...(١)

അവയിൽ പെട്ട ഒന്നാണ്, അല്ലാഹുവിൻെറ തണലല്ലാതെ യാതൊരു തണലുമില്ലാത്തയവസരത്തിൽ അല്ലാഹു അവൻെറ തണൽ ഇട്ട് കൊടുക്കുന്ന ഏഴാളുകളെ സംബന്ധിച്ചുള്ള ഹദീസ്. അതിൽ

(١) صحيح البخاري مع الفـــتح (١١٢/١٢) بـــرقم (٦٨٠٦) ومســـلم: ٧١٥/٢ بـــرقم (١٠٣١).

നീതിമാനായ ഭരണാധികാരിയെ ഉൾപ്പെടുത്തിയിരിക്കുന്നു.

قوله ﷺ: «ليس من وال أمة قلت أو كثرت لا يعدل فيها إلا كبه الله تبارك وتعالى على وجهه في النار»(١)

പ്രവാചകൻﷺ പറഞ്ഞു: "ആരെങ്കിലും ചെറുതോ, വലുതോ ആയ ഒരു സമുദായത്തിൽ നേതാവായിട്ട് അതിൽ നീതി പുലർത്തിയായില്ലെങ്കിൽ അല്ലാഹു അവൻെറ മുഖത്തെ നരകത്തിൽ പ്രവേശിപ്പിക്കുന്നതാണ്"

وقوله ﷺ: «المقسطون على منابر من نور عن يمين الرحمن وكلتا يديه يمين، هم الذين يعدلون في حكمهم وأهلهم وما ولوا»(٢)

പ്രവാചകൻﷺ പറഞ്ഞു: "നീതിമാന്മാർ പരമകാരുണികൻെറ വലത് വശത്ത് പ്രകാശത്തിൻെറ മിമ്പറുകളിലായിരിക്കും, അവൻെറ രണ്ട് കൈകളും വലതു കൈയ്യാണ്, അവർ അവരുടെ ഭരണത്തിലും, കുടുംബത്തിലും, പ്രജകളിലും നീതി നടപ്പിലാക്കിയവരാകുന്നു"

അല്ലാഹു അക്രമത്തെയും, അക്രമികളെയും താക്കീത് ചെയ്തിട്ടുണ്ട്:

﴿فَوَيْلٌ لِّلَّذِينَ ظَلَمُوا۟ مِنْ عَذَابِ يَوْمٍ أَلِيمٍ ﴿٦٥﴾﴾ (الزخرف:٦٥)

"അതിനാൽ അക്രമം പ്രവർത്തിച്ചവർക്ക് വേദനയേറിയ ഒരു ദിവസത്തെ ശിക്ഷ മൂലം നാശം!" (സുഖ്റുഫ്: 65)

وقال ﷺ: «إن الله ليملي للظالم حتى إذا أخذه لم يفلته»(٣)

പ്രവാചകൻ പറഞ്ഞു: "അക്രമികൾക്ക് അല്ലാഹു നിറയെ ഐശ്വര്യം നൽകും, പക്ഷെ, അല്ലാഹു അവനെ പിടികൂടിയാൽ അവന് അതിൽ നിന്ന് രക്ഷപ്പെടുവാൻ കഴിയില്ല"

ശിക്ഷയിറങ്ങുവാനുള്ള പ്രധാനപ്പെട്ട ഒരു കാരണമാണ് അക്രമം. ഏത് സമൂഹത്തിലാണ് അക്രമം വ്യാപിക്കുന്നത് അവിടെ അല്ലാഹുവിൻെറ ശിക്ഷ ഇറങ്ങുക തന്നെ ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു:

﴿وَكَذَٰلِكَ أَخْذُ رَبِّكَ إِذَآ أَخَذَ ٱلْقُرَىٰ وَهِىَ ظَٰلِمَةٌ ۚ إِنَّ أَخْذَهُۥٓ

(١) مسند الإمام أحمد (٥/٢٥).

(٢) صحيح مسلم ك الإمارة ح(١٨٢٧) (٣/١٤٥٨).

(٣) صحيح البخاري مع الفتح (٨/٣٥٤) وصحيح مسلم ك البر ح(٥٨٣) (٤/١٩٩٧).

أَلِيمٌ شَدِيدٌ ﴿١٠٢﴾ ﴾ (هود:١٠٢)

“വിവിധ രാജ്യക്കാർ അക്രമികളായിരിക്കെ അവരെ പിടികൂടി ശിക്ഷിക്കുമ്പോൾ നിൻെറ രക്ഷിതാവിൻെറ പിടുത്തം അപ്രകാരമാകുന്നു. തീർച്ചയായും അവൻെറ പിടുത്തം വേദനയേറിയതും കഠിനമായതുമാണ്” (ഹൂദ്: 102)

ഒരു പണ്ഡിതൻ പറയുന്നു: “എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനം നീതിയാണ്, ഇഹലോകത്തെ കാര്യങ്ങൾ നീതിയിൽ നമപ്പിലാക്കിയാൽ അത് നടപ്പിലാകും, ഇല്ലായെങ്കിൽ അവന് പരലോകത്ത് നാശമല്ലാതെ ഒന്നുമുണ്ടാവുകയില്ല. നീതിയനുസരിച്ചല്ലാതെ നടപ്പിൽ വരുത്തിയാൽ അത് നടപ്പിലാകുകയില്ല, അവൻ വിശ്വാസിയാണെങ്കിൽ പരലോകത്തവനത് പ്രതിഫലം നൽകപ്പെടുകയുമില്ല.”

നീതിയിൽ ഏറ്റവും വലിയ നീതി അല്ലാഹുവിൻെറ ശരീഅത്ത് നടപ്പിൽ വരുത്തലാണ്, അവൻെറ വിധികൾ പ്രയോഗത്തിൽ വരുത്തലാണ്, അവകാശങ്ങൾ അതിൻെറ അവകാശികൾക്ക് നൽകലാണ്, അക്രമത്തിൽ ഏറ്റവും വലിയ അക്രമം അല്ലാഹുവിൻെറ ശറഇനെ ധിക്കരിക്കലാണ്, ജീവിതത്തിൽ നിന്ന് അതിനെ അകറ്റലുമാണ്, അല്ലാഹു പറയുന്നു:

﴿ أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ ﴾ (المائدة:٥٠)

“ജാഹിലിയ്യത്തിൻെറ (അനിസ്ലാമികമാർഗത്തിൻെറ) വിധിയാണോ അവർ തേടുന്നത്?” (മാഇദ: 50)

6- ഐക്യമുണ്ടാക്കുക, ഭിന്നിപ്പ് ഒഴിവാക്കുക:

ഭരണാധികാരിയുടെയും, കൈകാര്യകർത്താക്കളുടെയും ബാധ്യതയിൽ പെട്ടതാണ് ജനങ്ങളെ മുഴുവനും കലിമത്തുതൗഹീദിൻെറ കീഴിൽ ഐക്യത്തിലാക്കുകയും, ഭിന്നിപ്പിലേക്ക് എത്തിക്കുന്ന മുഴുവൻ കാരണങ്ങളും തടയുകയെന്നതും. ഇസ്ലാമിൻെറ ഉന്നതമായ ലക്ഷ്യങ്ങളിൽ പെട്ടതാണ് അത് ഐക്യത്തെ കൽപിക്കുകയും, ഭിന്നതയെ വിരോധിക്കുകയും ചെയ്യുന്നുവെന്നത്. അല്ലാഹു പറയുന്നു:

﴿ وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟ ﴾ (آل عمران:١٠٣)

“നിങ്ങളൊന്നിച്ച് അല്ലാഹുവിൻെറ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്” (ആലു ഇംറാൻ:103)

7- ജനങ്ങളോട് അനുകമ്പ കാണിക്കുക, അവരെ ഉപദേശിക്കുക:

ജനങ്ങളോട് അനുകമ്പ കാണിക്കലും, നേതാവിനും, പ്രജക്കും ഗുണം നൽകുന്ന കാര്യങ്ങളിൽ അവരെ ഉപദേശിക്കലും ഭരണാധികാരിയുടെ ബാധ്യതയാണ്. ഹദീസിൽ വന്നിരിക്കുന്നു:

«اللهم من ولي من أمر أمتي شيئاً فشق عليهم فأشقق عليه، ومـــن ولي من أمر أمتي شيئاً فرفق بهم فأرفق به»(١)

“അല്ലാഹുവെ എൻെറ സമുദായത്തിൻെറ കാര്യത്തിൽ ആരെയെങ്കിലും നേതാവാക്കിയിട്ട്, അവൻ അത്കൊണ്ട് അവരെ ഭിന്നിപ്പിക്കുകയാണെങ്കിൽ നീയും അവനെ പിച്ചി ചീന്തേണമേ, എൻെറ സമുദായത്തിൻെറ കാര്യത്തിൽ ആരെയെങ്കിലും നേതാവാക്കിയിട്ട്, അവൻ അവരോട് അനുകമ്പ കാണിക്കുകയാണെങ്കിൽ അവനോടും നീ അനുകമ്പ കാണിക്കേണമേ”

ചില പണ്ഡിതന്മാർ പറയുന്നു: ജനങ്ങളെ പ്രയാസത്തിലകപ്പെടുത്തുന്നിനെതിരെയുള്ള കഠിനമായ താക്കീതാണിത്, അത്പോലെ അവരോട് അനുകമ്പ കാണിക്കുവാനുള്ള വലിയ പ്രേരണയുമാണിത്. ഈ ആശയത്തിൽ അനേകം ഹദീസുകൾ വന്നിട്ടുണ്ട്”

പ്രവാചകൻ ﷺ യിൽ നിന്ന് വന്നിരിക്കുന്നു:

وجاء عنه ﷺ أنه قال: «ما من عبد يسترعيه الله رعية مـــن المســـلمين فيموت وهو غاش لهم إلاّ حرم الله عليه الجنّة»(٢)

“മുസ്‌ലീങ്ങളായ പ്രജകളുടെ മേൽ അല്ലാഹുവിൻെറ അടിമകളിൽ ആർക്കെങ്കിലും അധികാരം നൽകിയിട്ട്, അവൻ അവരെ വഞ്ചിച്ച് കൊണ്ടാണ് മരണപ്പെടുന്നതെങ്കിൽ അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു”

നമസ്കാരം നിലനിർത്തുകയും, ശിക്ഷ നടപ്പിൽ വരുത്തുകയും, സമുദായത്തിൻെറ സ്ഥാനം സംരക്ഷിക്കുകയും ചെയ്യുന്ന സ്വാലിഹായ ഭരണാധികാരിയുടെ പ്രവർത്തനം രാജ്യത്തിനും, പ്രജകൾക്കും നന്മ വരുത്തുന്നതിൻെറ പ്രധാനപ്പെട്ട കാര്യമാകുന്നു. ഒരു ഭരണാധികാരി തനിക്ക് കഴിയുന്ന രൂപത്തിൽ തൻെറ പ്രജകളുടെ നന്മക്ക് വേണ്ടി പരിശ്രമിക്കുകയാണെങ്കിൽ അവനായിരിക്കും ആ കാലഘട്ടത്തിലെ ഏറ്റവും ശ്രേഷ്ടനായ വ്യക്തിയും, അല്ലാഹുവിൻെറ മാർഗത്തിൽ ഏറ്റവും ശ്രേഷ്ടനായ ധർമസമര സേനാനിയും.

ഇസ്‌ലാം ഭരണാധികാരിക്ക് തൻെറ ഭരണീയരോട് കാണിക്കേണ്ട അനിവാര്യമായ പ്രധാനപ്പെട്ട ബാധ്യതകളാണ് ഇവയെല്ലാം.

---

(١) صحيح مسلم ك الإمارة ح(١٨٢٨) (١٤٥٨/٣).

(٢) صحيح البخاري مع الفتح (١٢٦/١٣).

## രണ്ട്: പ്രജകളുടെ നിർബ്ബന്ധ ബാധ്യതകൾ:

ഖിലാഫത്തിൻെറയും, നേതൃത്വത്തിൻെറയും യഥാർത്ഥ ലക്ഷ്യം സാക്ഷാൽകരിക്കുവാൻ പ്രജകൾ അവരുടെ ഉത്തരവാദിത്വങ്ങളും, ബാധ്യതകളും നിർബ്ബന്ധമായും നിർവ്വഹിക്കേണ്ടതുണ്ട്. കാരണം ഒരു രാഷ്ട്രത്തിലെ പങ്കാളികളാണ് അവിടെയുള്ള പ്രജകൾ. ഖഅബുൽ അഹ്ബാർ പറയുന്നു: "ഇസ്‌ലാമിൻെറയും, രാജാവിൻെറയും, ജനങ്ങളുടെയും ഉദാഹരണം ഒരു ടെൻറിൻെറയും അതിൻെറ തൂണിൻെറയും, കയറിൻെറയും, കുറ്റിയുടെയും പോലെയാകുന്നു. ടെൻറ് ഇസ്‌ലാമും, അതിൻെറ തൂണ് രാജാവും, ടെൻറ് വലിച്ച് കെട്ടുന്ന കയറും കുറ്റിയും ജനങ്ങളുമാകുന്നു. പരസ്പര ബന്ധമില്ലാതെ യാതൊന്നും ശരിയാവുകയില്ല"

ഭരണീയരും ഭരണകാർത്താക്കളും തമ്മിലുള്ള ബന്ധങ്ങൾ വിശദമാക്കുന്ന ബാധ്യതകളിൽ ചിലത് താഴെ കൊടുക്കുന്നു:

1- കേൾക്കുകയും അനുസരിക്കുകയും ചെയ്യുക:

അനുസരണം എന്നുള്ളത് ഇസ്‌ലാമിക നിയമങ്ങളുടെ ഒരു തൂണും, അതിലെ വ്യവസ്ഥകളിലെ ഒരു പൊതു തത്വവുമാകുന്നു. ഇസ് ലാം മതത്തിൽ അറിയപ്പെട്ട ഒരു കാര്യമാണ് നേതൃത്വമില്ലാതെ ഒരു സമൂഹമുണ്ടാവില്ല, കേൾക്കുകയും അനുസരിക്കുകയും ചെയ്യാതെ ഒരു നേതൃത്വവുമുണ്ടാവുകയില്ല എന്ന പ്രധാനപ്പെട്ട തത്വം.

അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡ ﴾ (النساء:٥٩)

"സത്യ വിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക" (നിസാഅ്:59)

ഈ ആയത്തിൽ കൈകാര്യകർത്താക്കളെ അനുസരിക്കൽ നിർബ്ബന്ധമാണെന്നാണ് വ്യക്തമാക്കുന്നത്. ഇത് മൊത്തത്തിൽ പറഞ്ഞതാണ്, എന്നാൽ പ്രവാചക സുന്നത്തിൽ അനുസരണം ബാധ്യതയുള്ളത് തിന്മയിലല്ല, മറിച്ച് നന്മയിലാണ് എന്ന് വ്യക്തമായി പ്രത്യേകമാക്കി പറഞ്ഞിരിക്കുന്നു.

فقد جاء عن ابن عمر رضي الله عنهما عن النبي ﷺ أنه قال: «علـــى

المرء المسلم السمع والطاعة فيما أحب وكره إلا أن يؤمر بمعصية فإن أمر بمعصية فلا سمع ولا طاعة»(١).

ഇബ്നു ഉമർ(റ) പ്രവാചകതിരുമേനി(സ)യിൽ നിന്ന്: തിരുമേനി പറഞ്ഞു: "മുസ്ലിമായ ഒരു മനുഷ്യന് ഒരു തിന്മ കൽപിക്കാത്തിടത്തോളം താൻ ഇഷ്ടപ്പെടുന്നതിലും, വെറുക്കുന്നതിലും അനുസരിക്കുക എന്നുള്ളത് നിർബ്ബന്ധമാകുന്നു, എന്നാൽ തിന്മ കൽപിക്കുകയാണെങ്കിൽ അതിൽ അനുസരണമില്ല"

وعن أبي هريرة ﷺ عن رسول الله ﷺ أنه قال: «من أطاعني فقد أطاع الله، ومن عصاني فقد عصى الله، ومن أطاع الأمير فقد أطاعني، ومن يعص الأمير فقد عصاني»(٢)

"അബൂഹുറൈറ(റ) പ്രവാചകൻ(സ)യിൽ നിന്ന്: തിരുമേനി അരുളി: "ആര് എന്നെ അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു, ആര് എന്നെ ധിക്കരിച്ചുവോ അവൻ അല്ലാഹുവിനെ ധിക്കരിച്ചു, ആരെങ്കിലും അമീറിനെ അനുസരിച്ചുവേ അവൻ എന്നെ അനുസരിച്ചു, ആര് അമീറിനെ ധിക്കരിച്ചുവോ അവൻ എന്നെ ധിക്കരിച്ചിരിക്കുന്നു"

ഈ ഹദീസിൽ വ്യക്തമാകുന്നത് തിന്മ കൽപിക്കാത്തിടത്തോളം അമീറുമാരെ അനുസരിക്കൽ നിർബ്ബന്ധമാണെന്നാണ്. കാരണമത് അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കലാകുന്നു. ഇത് നിർബ്ബന്ധമാണെന്നതിൽ അഹ്ലുസുന്നത്തി വൽ ജമാഅ: യോജിച്ചിരിക്കുന്നു. മാത്രമല്ല അതവരുടെ വിശ്വാസത്തിൻെറ ഒരു അടിത്തറയും, ദേഹേഛക്കാരെയും, ബിദഈ പാർട്ടിക്കാരെയും അഹ്ലുസുന്നത്തി വൽ ജമാഅയിൽ നിന്ന് വേർതിരിക്കുന്ന വ്യക്തമായ ഒരു കാര്യവുമാകുന്നു അത്.

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: "ഈ ഹദീസിൽ കൈകാര്യകർത്താക്കളെ അനുസരിക്കൽ നിർബ്ബന്ധമാണെന്നാണ് വ്യക്തമാക്കുന്നത്, എന്നാൽ തിന്മയിൽ അനുസരിക്കുവാൻ പാടില്ലായെന്ന് വ്യക്താമക്കുകയും ചെയ്യുന്നു. കൈകാര്യകർത്താക്കളെ അനുസരിക്കലിലൂടെ കുഴപ്പങ്ങളിൽ നിന്നും ഭിന്നതകളിൽ നിന്നും രക്ഷപ്പെട്ട് യോജിപ്പും, ഐക്യവും സാധ്യമാവുന്നു"

---

(1) صحيح البخاري مع الفتح (١٢١/١٣) برقم (٧١٤٤).

(٢) صحيح البخاري مع الفتح (١١١/١٣) برقم (٧١٣٧) وصحيح مسلم (١٤٦٦/٣)برقم (١٨٣٥).

2- കൈകാര്യകർത്താക്കളുടെ അക്രമം സഹിക്കുകയും, ക്ഷമിക്കുകയും ചെയ്യുക:
കൈകാര്യ കർത്താക്കളിൽ നിന്ന് പ്രജകൾക്ക് വല്ല അക്രമവും, പീഡനവും, മർദ്ദനവും തൻെറ ഇഹലോകത്തെ ഐശ്വര്യങ്ങൾക്ക് ഭംഗം വരുത്തുകയും, തൻെറ അവകാശങ്ങളെ നിഷേധിക്കുകയും, തനിക്കാവശ്യമുള്ളത് മറ്റുള്ളവർക്ക് നൽകുകയും ചെയ്താലും ശരി അതെല്ലാം സഹിക്കലും, ക്ഷമിക്കലും, അതിന് പകരമായി അല്ലാഹുവിങ്കൽ പ്രതിഫലം കാംക്ഷിക്കലും പ്രജകളുടെ ബാധ്യതയാകുന്നു.

جاء عن حذيفة بن اليمان ﷺ قال: قلت: يا رسول الله إنا كنا بشرٍّ فجاء الله بخير، فنحن فيه فهل من وراء هذا الخير شرّ؟ قال: «نعم» قلت: هل وراء ذلك الشر خير؟ قال: «نعم» قلت: فهل وراء ذلك الخير شر؟ قال: «نعم» قلت: كيف؟ قال: «يكون بعدي أئمة لا يهتدون بهداي، ولا يستنون بسنتي، وسيقوم فيهم رجال قلوبهم قلوب الشياطين في جثمان إنس»، قال: قلت: كيف أصنع يا رسول الله إن أدركت ذلك؟ قال: «تسمع وتطيع للأمير، وإن ضُرب ظهرك، وأخذ مالك فاسمع وأطع»(١)

ഹുദൈഫതുൽ യമാൻ(റ)വിൽ നിന്ന് നിവേദനം: ഞാൻ പറഞ്ഞു: അല്ലയോ തിരുദൂതരെ, തീർച്ചയായും ഞങ്ങൾ തിന്മയിലും ബുദ്ധിമുട്ടിലുമായിരുന്നു, അപ്പോൾ അല്ലാഹു നന്മ കൊണ്ടു വരികയും ഞങ്ങൾ അതിലാവുകയും ചെയ്തു. ഈ നന്മക്ക്ശേഷം വല്ല തിന്മയുമുണ്ടാകുമോ? പ്രവാചകൻ അരുളി: "അതെ" ഞാൻ ചോദിച്ചു: ഈ തിന്മക്ക് ശേഷം വല്ല നന്മയുമുണ്ടാകുമോ? പ്രവാചകൻ അരുളി: "അതെ" ഞാൻ ചോദിച്ചു: ഈ നന്മക്ക് ശേഷം വല്ല തിന്മയുമുണ്ടാകുമോ? പ്രവാചകൻ അരുളി: "അതെ" ഞാൻ ചോദിച്ചു: "അതെങ്ങനെയാണ്? തിരുമേനി പറഞ്ഞു: "എനിക്ക് ശേഷം ചില നേതാക്കന്മാരുണ്ടാകും, അവർ എൻെറ സന്മാർഗമനുസിരിച്ച് സന്മാർഗികളാവുകയില്ല, എൻെറ ചര്യയനുസരിച്ച് ജീവിക്കുകയില്ല, അവരിൽ ചിലയാളുകളുണ്ടാകും അവർ മനുഷ്യശരീരങ്ങളിൽ പിശാചിൻെറ ഹൃദയങ്ങളുള്ളവരായിരിക്കും" ഞാൻ ചോദിച്ചു: "ഇത് വന്നെത്തിയാൽ ഞാനെന്താണ് ചെയ്യേണ്ടത് പ്രവാചകരെ, പ്രവാചകൻ അരുളി: "നീ നേതാക്കളെ അനുസരിക്കുക, അവർ നിൻെറ മുതുകിൽ അടിച്ചാലും, നിൻെറ ധ

(١) صحيح مسلم (٣/١٤٧٦)برقم (١٨٤٧).

നം എടുത്താലും അവരെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക"

ഈ വിഷയത്തിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട ഹദീസാണ് മുകളിൽ വിവരിച്ചിട്ടുള്ളത്, പ്രവാചക തിരുമേനി(സ) കൈകാര്യകർത്താക്കളെ വിശേഷിപ്പിച്ചത്, അവർ പ്രവാചകൻെറ മാർഗം കൊണ്ട് സന്മാർഗികളാവാത്തവരും, പ്രവാചക ചര്യയനുസരിച്ച് ജീവിക്കാത്ത വരുമാണെന്നാണ്, ഇതിൽനിന്ന് നമുക്ക് ഗ്രഹിക്കാവുന്നത് വഴികേടിൻെറയും, ഫസാദിൻെറയും അങ്ങേയറ്റത്തേയും, വഴികേടിൻെറയും, മാർഗ ഭ്രംശത്തിൻെയും അവസാനത്തെയുമാണ്. അവർ പ്രവാചകൻെറ മാർഗമനുസരിച്ച് സ്വന്തത്തെയും, കുടുംബത്തെയും, തങ്ങളുടെ പ്രജകളെയും സന്മാർഗത്തിലേക്ക് നയിക്കാത്തവരുമാകുന്നു, എന്നിട്ട്പോലും പ്രവാചകൻ(സ) അവരെ തിന്മയിൽ ഒഴിച്ച് (മറ്റു ഹദീസിൽ വന്നത് പ്രകാരം) മറ്റു മുഴുവൻ കാര്യങ്ങളിലും അനുസരിക്കണമെന്നാണ് കൽപിക്കുന്നത്, അവർ പ്രജകളെ അടിച്ചാലും അവരുടെ സമ്പത്തുക്കൾ അപഹരിച്ചാലും ശരി. ഇവയൊന്നും തന്നെ അവരെ ധിക്കരിക്കുവാനും, അനുസരിക്കാതിരിക്കുവാനും കാരണമായിക്കൂടാ. ഈ അക്രമമെല്ലാം തന്നെ അവരുടെ പാപങ്ങളാണ്, അവർ നാളെ പരലോകത്ത് അതിന് വിചാരണ നേരിടുകയും, അതിനനസുരിച്ചുള്ള ശിക്ഷ അനുഭ വിക്കുന്നവരുമാകുന്നു. ഈ യുക്തിസഹമായ കാര്യത്തെയും, ചൊവ്വാ യ മതത്തിൻെറ നിയമത്തെയും അംഗീകരിക്കാതിരിക്കുവാനും, ധിക്കരി ക്കുവാനും സ്വന്തം ദേഹേഛകൾ തന്നെ നയിച്ച് കൊണ്ട് കൈകാര്യ കർത്താക്കളെ അനുസരിക്കാതിരിക്കുകയാണെങ്കിൽ നീ കുറ്റക്കാരനാ വുകയും, നിഷിദ്ധമായ കാര്യത്തിൽ അകപ്പെടുകയും ചെയ്യുന്നതാണ്. ഈ കാര്യത്തിൽ പ്രവാചക നിയമങ്ങൾ ഇസ്ലാമിൻെറ പരിപൂർണ നീതിയിൽ പെട്ടതാകുന്നു. കൈകാര്യകർത്താവിൻെറ പ്രഹരമേറ്റവൻ തൻെറ അമീറിനെ അനുസരിക്കാതിരിക്കുകയാണെങ്കിൽ അത് മുഴുവൻ പ്രജകളും അതല്ലെങ്കിൽ ഭൂരിഭാഗമാളുകളും അപകടത്തിൽ അകപ്പെടുവാനും, ഇരുലോക നന്മക്ക് ഭംഗം വരുവാനും കാരണമാകുകയും ചെയ്യുന്നതാണ്. ഇത്മുഖേന നാട്ടിൽ നിന്ന് നീതി ഉയർത്തപ്പെടുകയും, മുഴുവനാളുകളെയും ബാധിക്കുന്ന കുഴപ്പം സാർവ്വത്രികമാവുകയും ചെയ്യുന്നതാണ്.

ഭരണാധികാരികളുടെ അക്രമങ്ങളിൽ ക്ഷമ കൈകൊള്ളുകയും, അല്ലാഹുവിനോട് രക്ഷ ചോദിക്കുകയും, അവരെ അനുസരിക്കുകയും ചെയ്താൽ അവിടെ സമാധാനം നിലനിൽക്കുന്നതാണ്. അവൻെറ ഹനിക്കപ്പെട്ട അവകാശത്തിന് പകരം അല്ലാഹു അതിനേക്കാൾ നല്ലത് പകരം നൽകുന്നതാണ്, അതല്ലെങ്കിൽ ഒരുപക്ഷേ, പരലോകത്തേക്ക് നീട്ടിവെക്കുകയും ചെയ്തേക്കാം. ഇത് ശരീഅത്തിൻെറ നന്മയിൽപെട്ടതാകുന്നു. കൈകാര്യകർത്താക്കളുടെ നീതിയിൽ മാത്രമാണ് അനുസരിക്കുവാൻ കൽപിച്ചിരിക്കുന്നതെങ്കിൽ ഇഹലോകത്ത് മുഴുവനും കുഴപ്പവും, ഫസാദുമായിരിക്കും ഉണ്ടാവുക.

തൻെറ അടിമയോട് അനുകമ്പ കാണിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

**3- ഭരണാധികാരിയെ ആദരിക്കലും, ബഹുമാനിക്കലും:**

جاء عن معاوية بن أبي سفيان ﷺ قال: "لما خرج أبو ذر إلى الربذة لقيه ركب من أهل العراق فقالوا: يا أبا ذر قد بلغنا الذي صنع بك فاعقد لواءً يأتيك رجال ما شئت، قال: مهلاً يا أهل الإسلام فإني سمعت رسول الله ﷺ يقول: «سيكون بعدي سلطان فأعزوه من التمس ذُله ثغر ثغرة في الإسلام و لم يقبل منه توبة حتى يعيدها كما كانت»(١)

മുആവിയബ്നു അബൂസുഫ്യാൻ(റ) പറയുന്നു: "അബൂദർറ്(റ) റബദയിലേക്ക് പുറപ്പെട്ടപ്പോൾ ഇറാഖിലെ ഒരുവിഭാഗം ആളുകളെ കണ്ട്മുട്ടുകയുണ്ടായി. അവർ അദ്ദേഹത്തോട് പറഞ്ഞു: താങ്കൾക്കെതിരിൽ അവർ ചെയ്ത എല്ലാ കാര്യങ്ങളും ഞങ്ങൾ അറിഞ്ഞിട്ടുണ്ട്, അത്കൊണ്ട് താങ്കൾ പ്രക്ഷോപത്തിനായി കൊടി ഉയർത്തുക. താങ്കൾ ഉദ്ദേശിക്കുന്ന അത്ര ആളുകൾ താങ്കളോടൊപ്പം കൂടുന്നതാണ്. അപ്പോൾ അബൂദർറ് പറഞ്ഞു: അല്ലയോ മുസ്‌ലിം സമൂഹമേ, അരുത്. കാരണം ഞാൻ പ്രവാചകൻ(സ) പറയുന്നതായി കേട്ടിട്ടുണ്ട്: "എനിക്ക് ശേഷം ഭരണാധികാരികളുണ്ടാകും, അവരെ നിങ്ങൾ ശക്തിപ്പെടുത്തുക, ആരെങ്കിലും ഭരണാധികാരിയുടെ നിന്ദ്യത അന്വേഷിക്കുകയാണെങ്കിൽ അത് ഇസ്‌ലാമിൻെറ നിന്ദ്യതയാകുന്നു. അതിനെ പൂർവ്വ സ്ഥിതിയിലേക്ക് മടക്കുന്നത് വരെ അങ്ങിനെയുള്ളവരിൽ നിന്ന് പശ്ചാതാപം സ്വീകരിക്കുന്നതല്ല"

وعن أبي بكرة ﷺ قال سمعت رسول الله ﷺ يقول: «من أكرم سلطان الله تبارك وتعالى في الدنيا أكرمه الله يوم القيامة، ومن أهان سلطان الله تبارك وتعالى في الدنيا أهانه الله يوم القيامة»(٢)

അബീബകറ(റ)വിൽ നിന്ന്: ഞാൻ പ്രവാചകൻ(സ) പറയുന്നതായി കേട്ടിട്ടുണ്ട്: "ഉന്നതനായ അല്ലാഹുവിൻെറ ഭരണാധികാരിയെ ഇഹ

---

(١) السنة لابن أبي عاصم (٢/٤٩٩) وصححه الألباني في ظلال الجنة (٤٩٩).

(٢) سنن الترمذي (٤/٤٣٥) برقم (٢٢٢٤) ومسند الإمام أحمد (٥/٤٢) وحسنه الألباني في سلسلة الأحاديث الصحيحة (٥/٣٧٦)

ലോകത്ത് വെച്ച് ആരെങ്കിലും ആദരിക്കുകയാണെങ്കിൽ പരലോകത്ത് അല്ലാഹു അവനെ ആദരിക്കുന്നതാണ്, ആരെങ്കിലും അല്ലാഹുവിൻെറ ഭരണാധികാരിയെ ഇഹലോകത്ത് വെച്ച് നിന്ദിക്കുകയാണെങ്കിൽ അല്ലാഹു അവനെ അവസാന നാളിൽ നിന്ദിക്കുന്നതാണ്"

മുകളിൽ വിവരിച്ച പ്രമാണങ്ങളെ സംബന്ധിച്ച് പഠിക്കുകയാണെങ്കിൽ നമുക്ക് മനസിലാക്കുവാൻ കഴിയുന്നത് ചില ഉന്നതമായ ലക്ഷ്യത്തിനും, വ്യക്തമായ നന്മക്കും വേണ്ടി അല്ലാഹു ഭരണാധികാരികളെ ആദരിക്കുവാനും ബഹുമാനിക്കുവാനും കൽപിക്കുകയും, അവരെ ചീത്തപറയുകയും, അവരുടെ സ്ഥാനം കുറച്ച് കാണിക്കുകയും ചെയ്യുന്നത് വിലക്കുകയും ചെയ്തിട്ടുള്ളത് എന്നാണ്. പൊതുവായ നന്മ പ്രജകളുടെ മനസിൽ ഭരണാധികാരികളെ സംബന്ധിച്ച് നല്ല അഭിപ്രായം ഉണ്ടായാലല്ലാതെ സാധ്യമാവുകയില്ല. എപ്പോഴാണോ ഇതിന് വിപരീതമായി നിന്ദിക്കലും, അഭിപ്രായ ഭിന്നതയും ഉണ്ടാകുന്നത് അപ്പോൾ ഈ നന്മ ഇല്ലാതായി തീരുകയും ചെയ്യുന്നതാണ്.

ഒരു പണ്ഡിതൻ പറയുന്നു: "പണ്ഡിതന്മാരെയും, ഭരണാധികാരികളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നിടത്തോളം ജനങ്ങൾ നന്മയിൽ തന്നെയായിരിക്കുന്നതാണ്, ഇവരെ ബഹുമാനിക്കുകയാണെങ്കിൽ അല്ലാഹു ജനങ്ങളുടെ ഇഹലോകവും പരലോകവും നന്നാക്കുകയും അവരെ വിലകുറച്ച് കാണിക്കുകയാണെങ്കിൽ അല്ലാഹു ജനങ്ങളുടെ ഇഹലോകവും പരലോകവും കുഴപ്പത്തിലാക്കുകയും ചെയ്യുന്നതാണ്"

കൈകാര്യകർത്താക്കളുടെ അവകാശങ്ങൾ പറയുന്ന സന്ദർഭത്തിൽ ഒരാൾ പറയുന്നു: "നാലാമത്തെ അവകാശം: അവരുടെ അവകാശങ്ങൾ അവർക്ക് വകവെച്ച് കൊടുക്കുക, അല്ലാഹു അവർക്ക് നൽകുവാൻ കൽപിച്ചിട്ടുള്ള രൂപത്തിൽ നിർബ്ബന്ധമായും നാം അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്ത് കൊണ്ടായിരിക്കണം അവരോട് പെരുമാറേണ്ടത്. ഇത്കൊണ്ടാണ് ഇസ്ലാമിൻെറ ഉന്നതരായ പണ്ഡിതന്മാർ തങ്ങളുടെ വിനയവും, വിരക്തിയും ഉള്ളപ്പോൾ തന്നെ ഭരണാധികാരികളുടെയടുത്തുള്ള ഐശ്വര്യങ്ങൾ ആഗ്രഹിക്കാതെയും വകവെക്കാതെയും കൈകാര്യകർത്താക്കളെ ആദരിക്കുകയും, ബഹുമാനിക്കുകയും, അവരുടെ ഉപദേശങ്ങൾക്ക് ചെവികൊടുക്കുകയും ചെയ്തിട്ടുള്ളത്. എന്നാൽ വിരക്തിയുള്ള ചിലയാളുകൾ കൈകാര്യകർത്താക്കളോട് അപമര്യാദയായി പെരുമാറുന്നത് നമുക്ക് കാണാനാവും യഥാർത്ഥത്തിൽ ഇത് പ്രവാചക സുന്നത്തിന് വിപരീതമാകുന്നു.

4- കൈകാര്യകർത്താക്കളെ അസഭ്യം പറയലും, അവരെ വഞ്ചിക്കലും, അവരോട് വിദ്വേഷം വെക്കലും നിഷിദ്ധമാണ്.

عن أنس ﷺ قال: نهانا كبراؤنا من أصحاب محمد قالوا: قال رســـول

الله ﷺ: «لا تسبوا أمراءكم ولا تغشـــوهم ولا تبغضـــوهم، واتقـــوا الله واصبروا فإن الأمر قريب».

അനസ്(റ)വിൽ നിന്ന് അദ്ദേഹം പറയുന്നു: മുഹമ്മദ്(സ)യുടെ സ്വഹാബികളിലെ പ്രധാനികൾ ഞങ്ങളോട് വിലക്കിയിട്ടുണ്ട്. അവർ പറയുന്നു: "പ്രവാചകതിരുമേനി പറഞ്ഞു: "നിങ്ങളുടെ കൈകാര്യ കർത്താക്കളെ നിങ്ങൾ ചീത്തപറയരുത്, അവരെ നിങ്ങൾ വഞ്ചിക്കുകയും ചെയ്യരുത്, അവരോട് നിങ്ങൾ വിദ്വോഷം വെച്ച് പുലർത്തുകയും ചെയ്യരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ക്ഷമിക്കുകയും ചെയ്യുക, തീർച്ചയായും കാര്യങ്ങൾ വളരെ അടുത്താകുന്നു"

നിരുപാധികമായ വിരോധം ഉൾകൊള്ളുന്നത് നിഷിദ്ധത്തേയാണ്. ഈ നിയമം കർമ്മശാസ്ത്ര അടിസ്ഥാന നിയമങ്ങളിൽ അറിയപ്പെട്ടതാകുന്നു. പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: "നമ്മുടെ നേതാക്കന്മാർക്കെതിരിലും, കൈകാര്യകർത്താക്കൾക്കെതിരിലും പ്രവർത്തിക്കുന്നതിൽ നാം യോജിക്കുന്നില്ല, അവർ തെമ്മാടികളാണെങ്കിൽ പോലും. നാം അവർക്കെതിരിൽ പ്രാർത്ഥിക്കുകയോ, അവരെ അനുസരിക്കുന്നതിൽ നിന്ന് നാം വിട്ട് നിൽക്കുകയോ ചെയ്യുന്നില്ല. അവരെ അനുസരിക്കൽ അല്ലാഹുവിനെ നിർബ്ബന്ധമായും അനുസരിക്കുന്നതിൻെറ ഭാഗമാണ്. അവർ തിന്മ കൽപിക്കാത്തിടത്തോളം കാലം അവരുടെ നന്മക്കും, വിട്ട്‌വീഴ്ചക്കും വേണ്ടി നാം പ്രാർത്ഥിക്കുന്നു."

ഇതിനെ അംഗീകരിച്ച് കൊണ്ട് വേറെയൊരാൾ പറയുന്നു: "ഭരണാധികാരിക്കെതിരിൽ പ്രാർത്ഥിക്കുന്നവനെ നീ കണ്ടാൽ മനസിലാക്കേണ്ടത് അവൻ ദേഹേഛയുടെ ആളാകുന്നുവെന്നാണ്, എന്നാൽ ഭരണാധികാരിക്ക് വേണ്ടി പ്രാർത്ഥിക്കുന്നവനെ നീ കണ്ടാൽ അവൻ പ്രവാചകൻെറ സുന്നത്തിനെ പിൻപറ്റുന്നവനാണെന്ന് നീ മനസിലാക്കുക. ഇൻശാഅ് അല്ലാഹ്"

ചില പണ്ഡിതന്മാർ പറയുന്നു: "എനിക്ക് ഉത്തരം ലഭിക്കുന്ന ഒരു പ്രാർത്ഥന ഉണ്ടായിരുന്നുവെങ്കിൽ ഞാനത് ഭരണാധികാരിക്ക് വേണ്ടി പ്രാർത്ഥിക്കുവാനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കുമായിരുന്നില്ല"

അവരുടെ നന്മക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നു, അവർ തെമ്മാടിത്തം കാണിക്കുകയും, അക്രമം പ്രവർത്തിക്കുകയും ചെയ്താൽ പോലും അവർക്കെതിരിൽ പ്രാർത്ഥിക്കുവാൻ നാം കൽപിക്കപ്പെട്ടിട്ടില്ല. കാരണം അവരുടെ അക്രമവും, തെമ്മാടിത്തവും അവരുടെ സ്വന്തത്തോട് തന്നെയാണ് പ്രവർത്തിക്കുന്നത്, മുസ്‌ലീങ്ങളുടെ ബാധ്യത അവരെയും, സ്വന്തത്തെയും, മുസ്‌ലീങ്ങളെയും നന്നാക്കുക എന്നതാണ്.

ഭരണകർത്താവിന് വേണ്ടിയുള്ള പ്രാർത്ഥന തടയുന്നവനെ സംബന്ധിച്ച് ഒരു പണ്ഡിതനോട് ചോദിച്ചപ്പോൾ അദ്ദേഹം പറയുന്നു:

“അത് അവൻെറ അറിവില്ലായ്മയും അജ്ഞതയുമാണ്, ഭരണകർത്താവിന് വേണ്ടി പ്രാർത്ഥിക്കുന്നത് അല്ലാഹുവിലേക്ക് അടുക്കുവാനുള്ള വലിയ ഒരുകാര്യവും, ശ്രേഷ്ടമായ ആരാധനയും, അല്ലാഹുവിനും, അവൻെറ അടിമകൾക്ക് വേണ്ടിയുമുള്ള ഉപദേശവുമാകുന്നു, പ്രവാചകനോട് ‘ദൗസ് ധിക്കരിച്ചിരിക്കുന്നുവെന്ന്’ പറയപ്പെട്ടപ്പോൾ തിരുമേനി പറയുകയുണ്ടായി: “അല്ലാഹുവെ നീ ദൗസിനെ സന്മാർഗത്തിലാക്കുകയും, അവരെ നീ കൊണ്ട്വരുകയും ചെയ്യേണമേ, അല്ലാഹുവെ നീ ദൗസിനെ സന്മാർഗത്തിലാക്കുകയും, അവരെ നീ കൊണ്ട് വരുകയും ചെയ്യേണമേ” അദ്ദേഹം ജനങ്ങൾക്ക് നന്മക്ക് വേണ്ടി പ്രാർത്ഥിക്കുന്നു, എങ്കിൽ ഭരണാധികാരികൾക്ക് വേണ്ടി പ്രാർത്ഥിക്കൽ ഒന്നുകൂടി ഉത്തമവും, പ്രാധാന്യവുമുള്ളതാകുന്നു, കാരണം അവരുടെ നന്മ സമുദായത്തിനുള്ള നന്മയാകുന്നു, അവർക്ക് വേണ്ടിയുള്ള പ്രാർത്ഥന വളരെ പ്രധാനപ്പെട്ട പ്രാർത്ഥനയും, പ്രാധാന്യമുള്ള ഉപദേശവുമാണ്.

ചിലർ പറയുന്നത് നാം ശ്രദ്ധിക്കുക: “ഇമാമിനെ ചീത്തപറയുതന്ന് ക്ഷുരക പണിയാണ്, മുടി കളയുന്ന ക്ഷുരകനെയല്ല ഞാൻ ഉദ്ദേശിക്കുന്നത്, മറിച്ച് മതത്തിൻെറ ക്ഷുരകനെയാണ്”

ഭരണാധികാരികളിലേയും, കൈകാര്യകർത്താക്കളിലേയും വീഴ്ചകളും, പാളിച്ചകളും ചൂണ്ടിക്കാണിച്ച് അവരെ ചീത്തപറയുന്നതും, അവരെ കൊച്ചാക്കുന്നതും അല്ലാഹു നിയമമാക്കിയതിൽ പെട്ടതാണെന്ന് ആരെങ്കിലും കരുതിയാൽ അവൻ വഴിപിഴക്കുകയും, അല്ലാഹുവിൻെറയും, അവൻെറ നിയമത്തിൻെറയും മേൽ അസത്യവുമാണ് അവൻ പറഞ്ഞത്. മാത്രമല്ല ഖുർആനിൻെറയും തിരുസുന്നത്തിൻെറയും തേട്ടത്തിന് വിപരീതവുമാണ് അവൻ പ്രവർത്തിച്ചത്, അവൻ പൂർവ്വ സൂരികളുടെ മാതൃകയനുസരിച്ചല്ല സംസാരിച്ചത്.

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: (മതപണ്ഡിതന്മാരും, ശ്രേഷ്ടരുമായ വ്യക്തിത്വങ്ങൾ അല്ലാഹു വിരോധിച്ച ഏതെങ്കിലും ഒരു മാർഗത്തിലൂടെ ഭരണാധികാരികളെ ധിക്കരിക്കുക, അവരെ വഞ്ചിക്കുക, അവർക്കെതിരിൽ പട നയിക്കുക പോലെയുള്ള കാര്യങ്ങളിൽ ആർക്കും ഇളവ് നൽകുന്നില്ല, ഇതാണ് ആധുനികവും, പൗരാണികവുമായ അഹ്ലുസുന്നത്തി വൽ ജമാഅയുടെ പണ്ഡിതന്മാരുടെ ചര്യയെന്നത് സുതരാം സുവ്യക്തമായ കാര്യമാണ്)

ഭരണാധികാരികളുടെ തെറ്റുകൾ പെരുപ്പിച്ച് കാണിച്ച്കൊണ്ട് അവരെ ചീത്തപറയുന്നതിലും, അവരുടെ ന്യൂനതകൾ പ്രചരിപ്പിക്കലും വൻപാപവും, മോശമായ കുറ്റവും, വിശുദ്ധമായ ശരീഅത്ത് വിരോധി ച്ചതും, അത്ചെയ്യുന്നവനെ ആക്ഷേപിക്കുകയും ചെയ്തിരിക്കുന്നു.

ഇഹലോകത്തെയും, പരലോകത്തേയും കുഴപ്പത്തിൻെറ അടിസ്ഥാന കാരണമായ ഭരാണാധികാരികൾക്കെതിരിൽ പടനയിക്കുന്നതിൻെറ ഒന്നാമത്തെ ഘട്ടമാകുന്നു ഇത്.

5- കൈകാര്യകർത്താക്കളെ ഉപദേശിക്കുക:

ഭരണാധികാരികൾ മനുഷ്യരാണ്, അത്കൊണ്ട് തന്നെ മനുഷ്യർക്ക് സംഭവിക്കുന്ന ബലഹീനത, പിഴവുകൾ, മറവി, അക്രമം പോലെയുള്ള കാര്യങ്ങൾ അവർക്ക് സംഭവിക്കുവാൻ സാധ്യതയുണ്ട്, അത്കൊണ്ട് തന്നെയാണ് അവർക്ക് അജ്ഞാതമായ കാര്യം ഉണർത്തുവാനും, ഉൽഭോധിപ്പിക്കുവാനും സദുപദേശം നിയമമാക്കിയിട്ടുള്ളത്. ഇത് ഭരണീയരുടെ മേൽ ഭരണാധികാരി കൾക്കുള്ള അവകാശമാണ്, പരസ്പരം ഉപദേശിക്കുകയെന്നത് ഇസ്ലാമിൻെറ അടിസ്ഥാന തത്വങ്ങളിൽ പെട്ട ഒന്നാകുന്നു, പ്രവാചകൻെറ ഹദീസിൽ വന്നത് അപ്രകാരമാകുന്നു.

الحديث أن النبي ﷺ قال: «الدين النصيحة.....»(١)

"മതം ഉപദേശമാകുന്നു... "

ഭരണാധികാരികളെ ഉപദേശിക്കേണ്ട ഭാധ്യത മതത്തിൻെറ നിർബ്ബന്ധ കാര്യങ്ങിൽ പെട്ടതും, മതത്തിൽ അഗാധപാണ്ഡിത്യം നേടിയിട്ടുള്ള പണ്ഡിതന്മാരുടെ ബാധ്യതയുമാണ്. അത് ഉപദേശിക്കുന്നവൻെറയും, ഉപദേശിക്കപ്പെടുന്നവൻെറയും ഇടയിലുള്ള ഒരു കാര്യവുമാ ണ്. കാരണം ഉപദേശം സ്വീകരിക്കുവാനും, സ്നേഹവും, ഇഷ്ടവും, അനുസരണവും, അംഗീകാരവും പ്രകടമാകുവാനും നല്ലത് ഇങ്ങനെ രഹസ്യമായി ഉപദേശിക്കലാകുന്നു.

പ്രവാചകൻ(സ)യുടെ ഹദീസിൽ വന്നത് നാം ശ്രദ്ധിക്കുക:

عن رسول الله ﷺ: «من أراد أن ينصح لذي سلطان فلا يبديه علانية، وليأخذ بيده فإن سمع منه فذاك وإلا كان أدّى الذي عليه»(٢).

"ആരെങ്കിലും അധികാരമുള്ളവനെ ഉപദേശിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അത് പരസ്യമാക്കുവാൻ പാടില്ല, രഹസ്യമായിട്ടായിരിക്കണം, അവനിൽ നിന്ന് ഉപദേശം കേട്ടാൽ നല്ലത്, ഇല്ലായെങ്കിൽ അവൻെറ മേലുള്ള ബാധ്യത അവൻ നിറവേറ്റിയല്ലോ"

ഹദീസ് സൂചിപ്പിക്കുന്നത് ഭരണാധികാരികളെ ഉപദേശിക്കേണ്ടത് രഹസ്യമായിട്ടായിരിക്കണം, അത് പരസ്യപ്പെടുത്തുവാനോ, മാഗസിനുകളിലും, പത്രങ്ങളിലും, പള്ളികളിലും, യോഗസ്ഥലങ്ങളിലും, മിമ്പറുകളിലും പ്രസിദ്ധപ്പെടുത്തുവാനോ പാടില്ല, ഇങ്ങനെ ചെയ്യുന്നത് ഒരു കാര്യത്തിലുമുള്ള ഉപദേശിക്കലാകുകയില്ല, അങ്ങിനെ ചെയ്യുന്ന

---

(١) صحيح مسلم (٧٤/١) برقم (٥٥).

(٢) السنة لابن أبي عاصم (٥٠٧/٢) ومسند الإمام أحمد (٤٠٣/٣) وصححه الألباني في ظلال الجنة (٥٠٧).

വരെകണ്ട് നീ വഞ്ചിതനാവേണ്ടതില്ല, നല്ല ഉദ്ദേശത്തിലാണ് അങ്ങിനെ ചെയ്യുന്നതെങ്കിലും അത് പ്രവാചക ചര്യക്ക് എതിരാകുന്നു.

ഭരണാധികാരികളോടുള്ള ഉപദേശം അവരെപ്പറ്റിയുള്ള ഭയം നില നിർത്തുന്ന ശൈലിയിലായിരിക്കേണ്ടതുണ്ട്, അത് പൊതുജനങ്ങളിൽ പ്രചരിപ്പിക്കുവാനോ, അതല്ലെങ്കിൽ ഭരണാധികാരികളുടെ സ്ഥാനം പൊതുജനങ്ങൾക്കിടയിൽ കുറച്ച് കാണിക്കുവാനോ പാടില്ല.

സിയാദ്ബ്നു കുസൈബ് അൽ അദവിയിൽ നിന്നും അദ്ദേഹം പറഞ്ഞു: ഞാൻ അബൂബകറയുടെ കൂടെ ഇബ്നു ആമിറിൻെറ മിമ്പറിൻെറ അരികിലായിരുന്നു, അദ്ദേഹം പ്രസംഗിക്കുകയാണ്, അദ്ദേഹം ലോലമായ വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. അപ്പോൾ അബൂബിലാൽ – അദ്ദേഹം ഖവാരിജുകളിൽ പെട്ട വ്യക്തിയാണ്, അവൻെറ പേര് മർദാസ്ബ്നു അദിയ്യ എന്നാണ്- പറഞ്ഞു: നമ്മുടെ അമീർ തെമ്മാടികളുടെ വസ്ത്രം ധരിച്ചരിക്കുന്നത് നോക്കുക,

بكرة: اسكت سمعت رسول الله ﷺ يقول: «من أهان سـلطان الله في الأرض أهانه الله»(١).

അപ്പോൾ അബൂബക്കറ പറഞ്ഞു: നീ മിണ്ടാതിരിക്ക്. പ്രവാച കൻ (സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് "ആരെങ്കിലും ഭൂമിയിലെ അല്ലാഹുവിൻെറ ഭരണാധികാരിയെ നിന്ദിക്കുകയാണെങ്കിൽ അല്ലാഹു അവനെ നിന്ദിക്കുന്നതാണ്"

പണ്ഡിതരിൽ ഒരാൾ പറയുന്നു: (ഭരണകർത്താവ് നേതാക്കന്മാരുടെ കൂടെ ഇരിക്കുമ്പോൾ സംസാരിക്കുന്നതിനേക്കാൾ നല്ലത് ഒറ്റക്കിരിക്കുമ്പോഴാകുന്നു. മാത്രമല്ല, രണ്ടാൾക്കിടയിൽ മൂന്നാമതൊരാൾ ഇല്ലാത്ത സാഹചര്യത്തിൽ രഹസ്യമായി സംസാരിക്കുകയും, ഉപദേശിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു)

പരുഷതയും, അവിവേകവും, കാഠിന്യവും, വിരസതയും ഉളവാക്കുന്ന ശൈലി വെടിയൽ നിർബ്ബന്ധമാണ്, ഇതാണ് വിശുദ്ധഖുർആനിൻെറ ശൈലി. അല്ലാഹു മൂസയോടും ഹാറൂനിനോടും ജനങ്ങളെ മുഴുവനും അവിശ്വാസിയാക്കിയ വ്യക്തിയോട് സംസാരിക്കുവാൻ പറയുന്നു:

﴿فَقُولَا لَهُۥ قَوۡلٗا لَّيِّنٗا لَّعَلَّهُۥ يَتَذَكَّرُ أَوۡ يَخۡشَىٰ ٤٤﴾ (طـه:٤٤)

"എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ചു മനസിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (ത്വാഹാ:44)

---

(١) سبق تخريجه.

ഖുലഫാഉകളിൽ പെട്ട ഒരു വ്യക്തിയോട് കോപത്തോടെ ഒരാ ൾ പറഞ്ഞു: ഞാൻ പറയുന്നത് നീ കേൾക്കുക. അദ്ദേഹത്തിന് മറുപ ടി കൊടുക്കപ്പെട്ടത്: നിൻെറ സംസാരത്തിൻെറ ആവശ്യമില്ല. നീ മൂസ, ഹാറൂൻ എന്നിവരെക്കാൾ ശ്രേഷ്ടനല്ല. ഞാൻ ഫിർഔനിനേ ക്കാൾ വലിയ അവിശ്വാസിയുമല്ല.. അല്ലാഹു അവരോട് പറയുന്നു:

﴿ فَقُولَا لَهُۥ قَوۡلٗا لَّيِّنٗا لَّعَلَّهُۥ يَتَذَكَّرُ أَوۡ يَخۡشَىٰ ﴿٤٤﴾ ﴾ (طـه:٤٤)

“എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ചു മനസിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം” (ത്വാഹാ:44)

ഒരു പണ്ഡിതൻ പറയുന്നു: (ചില പ്രശ്നങ്ങളിൽ തെറ്റുകൾ പ്രകടമായി ചെയ്യുന്ന ഭരണാധികാരികളെ ഉപദേശിക്കൽ അനിവാര്യ മാണ്, പക്ഷേ, അത് നേതാക്കന്മാരുടെ മുന്നിൽ വെച്ചാവാൻ പാടില്ല. മറിച്ച് ഹദീസിൽ വന്ന പ്രകാരം അവരെ സ്വകാര്യമായി വിളിച്ച് ഉപ ദേശിക്കുകയാണ് ചെയ്യേണ്ടത്, അല്ലാഹുവിൻെറ അധികാരത്തെ നി ന്ദിക്കുവാൻ പാടില്ല. നാം നമ്മുടെ പുസ്തകത്തിൻെറ ആദ്യത്തിൽ വി ശദീകരിച്ചതാണ് ഭരണകർത്താക്കൾ വലിയ അക്രമങ്ങൾ ചെയ്താൽ പോലും അവർക്കെതിരിൽ പട നയിക്കുവാൻ പാടില്ലായെന്ന കാര്യം)

പണ്ഡിതരിൽ ഒരാൾ പറയുന്നു: (മുൻഗാമികളായ സലഫുകളു ടെ ചര്യയിൽ പെട്ടതല്ല ഭരണാധികാരികളുടെ ന്യൂനതകൾ പള്ളിമിമ്പ റുകളിലൂടെ പ്രസിദ്ധപ്പെടുത്തുകയെന്നത്, കാരണം അത് നാട്ടിൽ അ രാചകത്വം സൃഷ്ടിക്കുകയും, നല്ലകാര്യങ്ങളിൽ ഭരണാധികാരികളെ അനുസരിക്കാതിരിക്കുവാനും, ഉപകാരമില്ലാത്ത ഉപദ്രമുണ്ടാകുന്ന കാ ര്യത്തിലേക്ക് എടുത്തു ചാടുവാനും കാരണമായേക്കാം. സലഫുകൾ അവലംബിച്ച മാർഗം ഭരണാധികാരികളെ രഹസ്യമായി ഉപദേശിക്കു ക, അവർക്ക് എഴുത്ത് എഴുതുക, ഭരണാധികാരികളുമായി ബന്ധ മുള്ള പണ്ഡിതന്മാരുമായി ബന്ധപ്പെട്ട്കൊണ്ട് അവരെ നന്മയിലേ ക്ക് നയിക്കുക പോലെയുള്ള കാര്യങ്ങളായിരുന്നു അവർ അവലംബി ച്ചിരുന്നത്.)

പണ്ഡിതരിൽ ഒരാൾ പറയുന്നു: (അല്ലാഹുവിനെ തന്നെയാണ് സത്യം! ഭരണാധികാരികളോട് പെരുമാറുന്നതിൽ പൂർവ്വ സൂരികളായ വർ എടുത്ത തീരുമാനങ്ങൾ ശരിക്കും മനസിലാക്കേണ്ടതുണ്ട്, കൈ കാര്യകർത്താക്കളുടെ വീഴ്ചകൾ ജനങ്ങളെ അവർക്കെതിരിൽ ഇള ക്കിവിടുവാനും, അവരിൽ നിന്ന് ജനങ്ങളെ അകറ്റുവാനുമുള്ള മാർഗ മാക്കുവാൻ പാടില്ല, കാരണം അത് വ്യക്തമായ കുഴപ്പവും, ജനങ്ങ ൾക്കിടയിൽ കുഴപ്പം വ്യാപിക്കുവാനുള്ള അടിസ്ഥാന കാര്യവുമാ കുന്നു)

പണ്ഡിതന്മാർ ഭരണാധികാരികളെ ഉപദേശിച്ച കാര്യം ജനങ്ങളെ അറിയിക്കൽ അനിവാര്യമല്ല, കാരണമത് പണ്ഡിതനും, ഭരണാധികാ രിക്കും ഗുണമുണ്ടാക്കുന്ന കാര്യമല്ല.

عن أسامة بن زيد أنه قيل له: (ألا تدخل على عثمان لتكلمه فقال: أترون أني لا أكلمه إلاّ أُسمعكم، والله لقد كلمته فيما بيني وبينه). (١)

ഉസാമത്തുബ്നു സൈദിൽ നിന്ന് ബുഖാരിയും, മുസ്‌ലിമും ഉദ്ദരി ച്ച ഹദീസിൽ നമുക്ക് കാണാം: അദ്ദേഹത്തോട് പറയപ്പെട്ടു: (താങ്കൾ ഉഥ്മാനിൻെറയടുത്ത് പോയി സംസാരിക്കുന്നില്ലേ, അപ്പോഴദ്ദേഹം പറ യുകയുണ്ടായി: ഞാൻ അദ്ദേഹവുമായി സംസാരിച്ചുവെന്ന് നിങ്ങളെ അറിയിച്ചാലല്ലാതെ നിങ്ങൾ വിശ്വസിക്കുകയില്ലേ, അല്ലാഹു തന്നെയാ ണ് സത്യം തീർച്ചയായും ഞങ്ങൾക്കിടയിൽ അതിനെ സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്)

ഒരാൾ ഒരു പണ്ഡിതനോട് ചോദിച്ചു: (അല്ലയോ ഇമാമെ, സ ത്യം പറയുവാനും, അത് ചര്യയാക്കുവാനും അല്ലാഹു പണ്ഡിതന്മാരി ൽ നിന്ന് ഒരു കരാർ എടുത്തിട്ടുണ്ട്. നിങ്ങളീ ഭരണാധികാരികളുടെയ ടുത്ത് ചെന്ന് അവരെ ഉപദേശിക്കുന്നില്ലേ? അപ്പോൾ പണ്ഡിതൻ അദ്ദേഹത്തോട് പറയുകയുണ്ടായി: ഞങ്ങൾ അവരെ ഉപദേശിക്കു മ്പോഴെല്ലാം നിങ്ങളെ അറിയിക്കേണ്ടതുണ്ടോ?)

ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം ഉണർത്തൽ അനിവാര്യമാണ്: ഖുലഫാഉർറാശിദുകളുടെ കാലത്തുള്ള ഭരണാധികാരികളെ പോലെ, അല്ലെങ്കിൽ മുആവിയ്യ:, ഉമറുബ്നു അബ്ദുൽ അസീസ്, ഹാറൂൺ റഷീദ്, അല്ലെങ്കിൽ ഇസ്‌ലാമിക ചരിത്രത്തിൽ കടന്ന് പോയിട്ടുള്ള മറ്റു അമീറുൽ മുഅ്മിനീങ്ങളെ പോലെയാണ് ഇന്നത്തെ ഭരണാധികാ രികളും എന്ന മാനസികാവസ്ഥ നാം ഉപേക്ഷിക്കേണ്ടതാണ്. കാര ണം എല്ലാ കാലത്തും രാജ്യവും, ജനങ്ങളുമുണ്ടാകും, ആരാണോ അങ്ങിനെയുള്ള പ്രവർത്തനം കാഴ്ചവെക്കുന്നത് അപ്പോൾ അവരെ പോലെ സ്മരിക്കപ്പെടും. അമീറുൽ മുഅ്മിനായ അലി(റ)യ്യുബ്നു അബൂത്വാലിബിനോട് ഒരു വ്യക്തി പറഞ്ഞു: എന്ത്കൊണ്ടാണ് അബൂ ബക്കറിൻെറയും ഉമറിൻെറയും ഭരണകാലത്ത് കാര്യങ്ങളെല്ലാം നേ രെയായതും, താങ്കളുടെയും ഉഥ്മാനിൻെറയും കാലത്ത് കാര്യങ്ങൾ കുഴഞ്ഞ് മറിഞ്ഞതും? അദ്ദേഹത്തോട് അലി(റ) പറഞ്ഞു: “കാരണം ഞാനും ഉഥ്മാനുമൊക്കെയായിരുന്നു അബൂബക്കറിൻെറയും ഉമറി ൻെറയും കാലത്തെ പ്രജകൾ, ഇപ്പോൾ എൻെറയും, ഉഥ്മാനിൻെറ യും പ്രജകൾ നീയും നിന്നെ പോലെയുള്ളവരുമാണ്)

മാറ്റം ഭരണാധികാരികളിൽ മാത്രമല്ല, പ്രജകളിലും ആവശ്യമാ ണ്, ബുദ്ധിയുള്ളവൻ തന്നിൽ തന്നെ പൂർണത അന്വോഷിക്കുമ്പോൾ മറ്റുള്ളവരിൽ നിന്നതന്വോഷിക്കുകയില്ല, കാരണം അവനിൽ തന്നെ

---

(١) صحيح البخاري مع الفتح (٦/٣٣١) حديث رقم (٣٢٦٧) وصحيح مسلم (٤/٢٢٩٠) حديث رقم (٢٩٨٩).

ന്യൂനത ഒളിച്ച് കിടക്കുന്നുണ്ടാകും, അങ്ങിനെയാണെങ്കിൽ താഴെ പറയപ്പെട്ടത് പോലെയായിരിക്കും: തൻെറ സഹോദരൻെറ കണ്ണിലുള്ള അഴുക്ക് കാണും, സ്വന്തം കണ്ണിൽ വിലങ്ങനെ നിൽക്കുന്ന തടിയെ കാണുകയുമില്ല. രഹസ്യമായും, ഇഖ്‌ലാസോടുകൂടിയും അമീറുമാരെ ഉപദേശിക്കുന്നത്കൊണ്ട് ഇസ്‌ലാമിന്നും മുസ്‌ലീങ്ങൾക്കും ഒരുപാട് നേട്ടം ലഭിക്കുന്നുണ്ട്. ജനങ്ങളുടെ വികാരം ഇളക്കിവിടുവാനും, വിപ്ളവത്തിനും വേണ്ടിയാകരുത് ഉപദേശിക്കൽ, കാരണം ഇങ്ങനെയുള്ള പ്രവർത്തനം ജനങ്ങളെ ഇളക്കിവിടുവാനും, നേതാക്കന്മാർക്കെതിരിൽ വിപ്ളവം നയിക്കുവാനും, കുഴപ്പങ്ങൾക്ക് തിരി കൊളുത്തുവാനും വേണ്ടി ഇസ്‌ലാമിൻെറ ശത്രുക്കൾ ഉപയോഗിക്കുന്ന മാർഗമാണിത്.

6- ഉപദേശം ചെവിക്കൊണ്ടില്ലെങ്കിലും മുസ്‌ലീങ്ങളിലെ ഭരണാധികാരികൾക്കെതിരിൽ പുറപ്പെടാതിരിക്കൽ:

സമുദായ നേതാക്കന്മാർക്കെതിരിലും, ഇമാമുകൾക്കെതിരിലും പുറപ്പെടലും, അവർക്കെതിരിൽ ആയുധമെടുക്കലും, കാര്യങ്ങളിൽ അവരുമായി തർക്കിക്കലും ഖിബ്‌ലയുടെ ആളുകൾക്കെതിരിൽ വാളെടുക്കുവാൻ അനുവാദം നൽകുന്ന ഖവാരിജുകളെ പോലെയും, മറ്റു ബിദ്അത്തിൻെറ കക്ഷികളെ പോലെയുമുള്ള വഴികേടിൻെറയും, ബിദ്അത്ത് കക്ഷികളുടെയും പ്രവർത്തനങ്ങളാകുന്നു.

ഭരണാധികാരികളുടെ തെറ്റുകളും പാപങ്ങളും അവിശ്വാസത്തിന് താഴെയുള്ളതാണെങ്കിൽ അവർക്കെതിരിൽ ഇറങ്ങിപ്പുറപ്പെടുവാൻ പാടില്ല. എന്നാൽ ഏറ്റവും ശരിയായ രീതി നേതാക്കന്മാരെ അനുസരിക്കുന്നത് തുടരലും, അവരുടെ അക്രമങ്ങളിലും, തെമ്മാടിത്തത്തിലും ക്ഷമിക്കുകയെന്നതുമാണ്. അവർ അവരുടെ അക്രമവും, തെമ്മാടിത്തവും പ്രകടമാക്കിയിരുന്നാലും ശരി, അവർ നമസ്കാരം നിലനിർത്തുകയും, മതത്തിൻെറ തൂണുകളെ സ്ഥാപിക്കുകയും ചെയ്യുന്നേടത്തോളം കാലം അവർക്കെതിരിൽ പുറപ്പെടുവാൻ പാടില്ല. ഇതാണ് യഥാർത്ഥ അഹ്‌ലുസുന്നത്തി വൽ ജമാഅയുടെ വിശ്വാസത്തിൻെറ അടിസ്ഥാന തത്വങ്ങളിൽ പെട്ട ഒരു തത്വം. അവരുടെ അഭിപ്രായം: (അല്ലാഹുവിനെ ധിക്കരിക്കാൻ കൽപിച്ചാലല്ലാതെ തെമ്മാടിയോ, അല്ലെങ്കിൽ പുണ്യം ചെയ്യുന്നവനോ ആയിട്ടുള്ള ഒരു ഇമാമിനെയും അനുസരിക്കാതിരിക്കുവാൻ പാടുള്ളതല്ല)

جاء عن ابن عباس رضي الله عنهما قال: قال رسول الله ﷺ: «من رأى من أميره شيئاً يكرهه فليصبر عليه فإنه من فارق الجماعة شبراً فمات إلاَّ مات ميتة جاهلية»(١).

(١) صحيح البخاري مع الفتح (٥/١٣) برقم (٧٠٥٤) وصحيح مسلم (٣/١٤٧٧) برقم
=

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന് പ്രവാചകൻ പറഞ്ഞു: "ആരെങ്കിലും അവന്റെ അമീറിൽ അവൻ വെറുക്കുന്ന വല്ല കാര്യവും കണ്ടാൽ അവൻ അതിൽ ക്ഷമിക്കട്ടെ, കാരണം അവൻ ജമാഅത്തിനെ ഒരു ചാണെങ്കിലും വെടിഞ്ഞ്കൊണ്ട് മരിക്കുകയാണെങ്കിൽ അവൻ ജാഹിലിയ്യാ മരണമാണ് മരിക്കുന്നത്"

وعن جنادة بن أبي أمية قال: دخلنا على عبادة بن الصامت ﷺ وهو مريض فقلنا حدثنا أصلحك الله بحديث ينفع الله به سمعته من رسول الله ﷺ فقال: دعانا رسول الله ﷺ فبايعنا فكان فيما أخذ علينا أن بايعنا على السمع والطاعة في منشطنا ومكرهنا وعسرنا ويسرنا، وأثرة علينا، وأن لا ننازع الأمر أهله قال: «إلا أن تروا كفراً بواحاً عندكم من الله فيه برهان»(١).

"ജുനാദബ്നു അബീ ഉമയ്യയിൽ നിന്ന് അദ്ദേഹം പറഞ്ഞു: ഞങ്ങൾ ഉബാദത്ത്ബ്നു സ്വാമിതിന്റെറയടുത്ത് പ്രവേശിച്ചു, അദ്ദേഹം രോഗിയായിരുന്നു. അപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞു: അല്ലാഹു താങ്കളെ നന്നാക്കട്ടെ, പ്രവാചകനിൽ നിന്നും കേട്ടിട്ടുള്ള ഒരു ഹദീസിനെപ്പറ്റി സംസാരിച്ചാലും, അല്ലാഹു അതിൽ ഉപകാരമുണ്ടാക്കിയേക്കാം. അപ്പോഴദ്ദേഹം പറയുകയുണ്ടായി: "റസൂലുള്ളാഹ് ഞങ്ങളെ ക്ഷണിച്ചു, അങ്ങിനെ ഞങ്ങൾ ഉടമ്പടി ചെയ്തു, അങ്ങിനെ ഞങ്ങൾ ബൈഅത്ത് ചെയ്ത വ്യവസ്ഥയിൽ ഉണ്ടായിരുന്നത് ഞങ്ങൾക്ക് തിരെഞ്ഞെടുക്കുവാൻ അവസരമുണ്ടായാലും, എളുപ്പത്തിലും, പ്രയാസത്തിലും, വെറുക്കുമ്പോഴും, ഉന്മേശമുണ്ടാകുമ്പോഴും കേൾക്കുകയും അനുസരിക്കുകയും ചെയ്യുക, കൈകാര്യകർത്താക്കളോട് തർക്കിക്കാതിരിക്കുക, എന്നിട്ട് പറഞ്ഞു: (അവരിൽ വ്യക്തമായ അവിശ്വാസം കണ്ടാലല്ലാതെ, അങ്ങിനെയാണെങ്കിൽ അല്ലാഹുവിന്റെറയടുത്ത് നിങ്ങൾക്ക് തെളിവുണ്ടായിരിക്കും)

=

.(١٨٤٩)

(١) صحيح البخاري مع الفتح (١٩٢/١٣) حديث رقم (٧١٩٩) وصحيح مسلم (١٤٧٠/٣) حديث رقم (١٧٠٩).

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: “നിർബ്ബന്ധമായ വിധിയിൽ പെട്ടകാര്യമാണ് ഭരണാധികാരികളുടെ പ്രവർത്തനങ്ങളിൽ വ്യാഖ്യാന ത്തിന് സാധ്യതയുണ്ടെങ്കിൽ അവർക്കെതിരിൽ പുറപ്പെടൽ അനുവദ നീയമല്ല”

ചില പണ്ഡിതന്മാർ പറയുന്നു: (ഹദീസിൻെറ ആശയം: ഭരണാ ധികാരികളോട് അവരുടെ ഭരണ കാര്യങ്ങളിൽ നിങ്ങൾ തർക്കിക്ക രുത്. ഇസ്‌ലാമിക നിയമങ്ങൾക്കടിസ്ഥാനത്തിലുള്ള വ്യക്തമായ തിന്മകൾ കണ്ടാലല്ലാതെ നിങ്ങൾ അവർക്ക് എതിരാവരുത്, നിങ്ങള ങ്ങനെ കാണുകയാണെങ്കിൽ നിങ്ങളെങ്ങനെയായിരുന്നാലും അവർ ക്ക് സത്യം പറഞ്ഞ് കൊടുക്കുക. എന്നാൽ അവർക്കെതിരിൽ പുറപ്പെ ടലും, യുദ്ധം ചെയ്യലും നിഷിദ്ധമാണെന്നതിൽ മുസ്‌ലിം സമൂഹം യോജിച്ചിരിക്കുന്നു, അവർ അക്രമികളും തെമ്മാടികളുമാണെങ്കിൽ പോലും. ഈ ആശയം നമുക്ക് ഹദീസിൽ നിന്ന് മനസിലാക്കുവാൻ കഴിയുന്നതാണ്. തെമ്മാടിത്തത്തിൻെറ പേരിൽ ഒരു ഭരണാധികാരിയും നീക്കം ചെയ്യാൻ പാടില്ലായെന്ന കാര്യത്തിൽ അഹ്‌ലുസുന്നത്തിൻെറ ആളുകൾ യോജിച്ചിരിക്കുന്നു.

وعن عوف بن مالك ﷺ قال: قال رسول الله ﷺ: «ألا من ولي عليه وال فرآه يأتي شيئاً من معصية الله فليكره الذي يأتي من معصـــية الله ولا يترع يداً من طاعة»(١).

ഔഫ്ബ്നു മാലികിൽ നിന്ന്: പ്രവാചകൻ പറഞ്ഞു: “അറിയുക ഏതെങ്കിലും ഒരു ഭരണാധികാരി ഭരണമേറ്റെടുക്കുകയും, അവനിൽ അല്ലാഹുവിനെ ധിക്കരിക്കുന്ന വല്ല സംഭവവും കാണുകയാണെങ്കിൽ, അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിൽ അവനെ വെറുക്കുക, എന്നാൽ അവനെ അനുസരിക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുവാൻ പാടില്ല”

ഈ ഹദീസിലും മറ്റു ഹദീസുകളിലും സൂചിപ്പിക്കുന്നത് മുസ്‌ലീ ങ്ങളുടെ കൈകാര്യകർത്താക്കളെ അനുസരിക്കലും അവർക്കെതിരിൽ ഇറങ്ങി പുറപ്പെടാതിരിക്കലും നിർബ്ബന്ധമാകുന്നുവെന്നാണ്. അവർ ഉപദേശം കേൾക്കുന്നില്ലെങ്കിൽ പോലും അവരെ അനുസരിക്കാതിരി ക്കുവാൻ പാടുള്ളതല്ല. അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും, സ ഹിക്കുകയും ചെയ്യുക, കാരണം ക്ഷമ കൈവിടുകയും അവർക്കെതി രിൽ ഇറങ്ങി പുറപ്പെടുകയും ചെയ്യുകയാണെങ്കിൽ മതത്തെയും ഇഹ ലോകത്തെയും കുഴപ്പത്തിലാക്കുന്ന അതിനേക്കാൾ വലിയ കുഴപ്പങ്ങ ൾ വരുവാൻ സാധ്യതയുണ്ട്.

(١) صحيح مسلم (١٤٨٢/٣) برقم (١٨٥٥).

പണ്ഡിതന്മാരിൽ ഒരാൾ പറയുന്നു: (ഭരണാധികാരിയോട് യുദ്ധം ചെയ്യുവാനും അവർക്കെതിരിൽ ഇറങ്ങി പുറപ്പെടുവാനും പാടുള്ളതല്ല; അവർ അക്രമം പ്രവർത്തിച്ചാലും"

മറ്റൊരാൾ പറയുന്നു: "ഭരണാധികാരികളെ ധിക്കരിക്കുകയും, അവർക്കെ തിരിൽ പുറപ്പെടുകയും ചെയ്യുന്നത് കൊണ്ടുണ്ടാകുന്ന കുഴപ്പം ഭരണാധികാരികളുടെ അക്രമം കൊണ്ടുണ്ടാകുന്ന കുഴപ്പത്തേക്കാൾ ഇരട്ടി കുഴപ്പം സംജാതമാകുന്നത് കൊണ്ട് തന്നെ അവരെ അനുസരിക്കൽ അനിവാര്യമാണ്, ഭരണാധികാരികൾ അക്രമം പ്രവർത്തിച്ചാലും ശരി. മറിച്ച് അവരുടെ അക്രമത്തിൽ ക്ഷമിക്കുകയാണെങ്കിൽ പാപങ്ങൾ പൊറുത്ത് കിട്ടുകയും, പ്രതിഫലം ഇരട്ടിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ പ്രവർത്തനങ്ങളുടെ കുഴപ്പങ്ങൾ കൊണ്ടാണ് അല്ലാഹു അവർക്ക് നമ്മുടെ മേൽ അധികാരം നൽകിയിരിക്കുന്നത്, അതുകൊണ്ട് തന്നെ പ്രതിഫലം ലഭിക്കുക നമ്മൾ ചെയ്ത കർമ്മങ്ങൾക്കനുസരിച്ചാകുന്നു. ആയതിനാൽ നമുക്ക് കരണീയമായിട്ടുള്ളത് പാപമോചനം നേടുവാനും പശ്ചാതാപിക്കുവാനും, കർമ്മങ്ങൾ നന്നാക്കുവാനും പരിശ്രമിക്കുക എന്നതാകുന്നു. അല്ലാഹു പറയുന്നു:

﴿ وَمَآ أَصَٰبَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا۟ عَن كَثِيرٍ ﴿٣٠﴾ ﴾ (الشورى: ٣٠)

"നിങ്ങൾക്ക് ഏതൊരാപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിൻെറ ഫലമായിട്ടു തന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു" (ശൂറാ:30)

﴿ وَكَذَٰلِكَ نُوَلِّى بَعْضَ ٱلظَّٰلِمِينَ بَعْضًۢا بِمَا كَانُوا۟ يَكْسِبُونَ ﴿١٢٩﴾ ﴾

(الأنعام:١٢٩)

"അപ്രകാരം ആ അക്രമികളിൽ ചിലരെ ചിലർക്ക് നാം കൂട്ടാളികളാക്കുന്നു. അവർ സമ്പാദിച്ചുകൊണ്ടിരുന്നതിൻെറ ഫലമത്രെ അത്" (അൻആം:129)

പ്രജകൾ അമീറിൻെറ അക്രമത്തിൽ നിന്ന് രക്ഷപ്പെടുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവർ സ്വയം അക്രമം ഉപേക്ഷിക്കേണ്ടതുണ്ട്)

പണ്ഡിതന്മാരിൽ ഒരാൾ പറയാറുണ്ടായിരുന്നു: (തീർച്ചയായും ഹജ്ജാജ് അല്ലാഹുവിൻെറ ശിക്ഷയായിരുന്നു, അല്ലാഹുവിൻെറ ശിക്ഷയെ നിങ്ങൾ നിങ്ങളുടെ കൈകൾ കൊണ്ട് തടയരുത്. പക്ഷേ, നിങ്ങൾ കീഴ്പ്പെടുകയും, വിനയം കാണിക്കുകയും ചെയ്യുക. കാരണം അല്ലാഹു പറയുന്നു:

﴿ وَلَقَدۡ أَخَذۡنَٰهُم بِٱلۡعَذَابِ فَمَا ٱسۡتَكَانُواْ لِرَبِّهِمۡ وَمَا يَتَضَرَّعُونَ ﴾ (المؤمنون:٧٦).

“നാം അവരെ ശിക്ഷയുമായി പിടികൂടുകയുണ്ടായി, എന്നിട്ടവർ തങ്കളുടെ രക്ഷിതാവിന് കീഴൊതുങ്ങിയില്ല. അവർ താഴ്മ കാണിക്കുന്നുമില്ല” (അർമൂഅ്മിനൂൻ:76)

ഇതിനെ അംഗീകരിച്ച് കൊണ്ട് ഒരു പണ്ഡിതൻ പറയുന്നു: (ഇതെല്ലാം തന്നെ വ്യക്തമാക്കുന്നത് നേതാക്കന്മാരുടെ അക്രമങ്ങളിൽ ക്ഷമിക്കുകയും, അവർക്കെതിരിൽ യുദ്ധം നയിക്കാതിരിക്കുകയും, ഇറങ്ങിപ്പുറപ്പെടാതിരിക്കുകയും ചെയ്യലാണ് ഇഹലോക ജീവിതത്തിലും പരലോകജീവിതത്തിലും ഏറ്റവും നല്ലത് എന്ന പ്രവാചകൻﷺയുടെ കൽപനയേയാണ്. കാരണം ആരെങ്കിലും ഇതിനെ വ്യക്തമായി ധിക്കരിക്കുകയാണെങ്കിൽ അവൻ തെറ്റുകാരനാണ് അവന് നന്മയല്ല കരഗതമാകുക മറിച്ച് കുഴപ്പമാകുന്നു. ഇത് കൊണ്ടാണ് പ്രവാചകൻ ഹസൻ ﷺവിനെ തൻെറ തിരുമൊഴികളിലൂടെ പുകഴ്ത്തിയത്:

“പ്രവാചക തിരുമേനി പറയുകയുണ്ടായി: (എൻെറ ഈ മകൻ സയ്യിദാണ്; അല്ലാഹു അദ്ദേഹത്തെ കൊണ്ട് മുസ്‌ലീങ്ങളിൽപെട്ട രണ്ട് വിഭാഗങ്ങൾക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്) കുഴപ്പമുണ്ടായ സന്ദർഭത്തിൽ യുദ്ധം നയിച്ച, ഭരണാധികാരികൾക്കെതിരിൽ ഇറങ്ങി പുറപ്പെട്ട, ഭരണാധികാരിയെ ധിക്കരിച്ച, സമൂഹത്തിൽ നിന്നും ഭിന്നിച്ച് പോയ ആരെയും പ്രവാചകൻ പുകഴ്ത്തിയതായി നമുക്ക് കാണുവാൻ സാധ്യമല്ല. പ്രവാചകനിൽ നിന്ന് സ്ഥിരപ്പെട്ട ഹദീസുകൾ മുഴുവനും ഈ കാര്യം തന്നെയാണ് സൂചിപ്പിക്കുന്നത്.)

ഒരു കൂട്ടം പണ്ഡിതന്മാർ പറയുന്നു: (ഒരു തിന്മയെ നാം തടയുമ്പോൾ അതിനേക്കാൾ വലിയ തിന്മയും, അല്ലാഹുവിനോടും പ്രവാചകനോടുമുള്ള കോപവുമാണ് പിന്നീട് വരുന്നതെങ്കിൽ ആ തിന്മയെ തടുക്കുവാൻ പാടുള്ളതല്ല, ഉദാഹരണമായി: രാജാക്കന്മാരുടെയും, കൈകാര്യകർത്താക്കളുടെയും തിന്മകൾ തടുക്കലും അവർക്കെതിരിൽ ഇറങ്ങി പുറപ്പെടലും ലോകവസാനം വരെയുള്ള മുഴുവൻ കുഴപ്പങ്ങളുടെയും, ബുദ്ധിമുട്ടുകളുടെയും അടിത്തറയാകുന്നു. എന്നാൽ ഇസ്‌ലാമിൻെറ പേരിൽ ചെറിയവരും വലിയവരും കുഴപ്പമുണ്ടാകുന്ന സന്ദർഭങ്ങളിൽ ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് ചിന്തിക്കുകയാണെങ്കിൽ ഈ അടിസ്ഥാന തത്വത്തെ അടിമേൽ മറിച്ചതായിട്ടാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്, ക്ഷമിക്കുവാൻ കഴിയാതെ അവർ തിന്മയെ തടുക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു, ഫലമോ; അതിനേക്കാൾ വലിയ ഫിത്നയാണ്, തിന്മയാണ് ഉണ്ടാകുന്നത്.)

ഒരു തിന്മ തടയുന്നത് അതിനേക്കാൾ വലിയ തിന്മയിലേക്കാണെക്കിൽ ആ തിന്മ തടയുന്നത് വെറുക്കപ്പെട്ടതാണെന്ന കാര്യം അറിയപ്പെട്ടതാകുന്നു.

ഭരണാധികാരികൾക്കെതിരിൽ പുറപ്പെടുന്നത് കുഴപ്പമാണ്, അതിൽ യാതൊരു നന്മയുമില്ല, കാരണം; അതുമുഖേന മുസ്ലീങ്ങളുടെ ഐക്യത്തെ ഭിന്നിപ്പിക്കുക, അവരുടെ രക്തം ചിന്തുക, ജനങ്ങൾക്കിടയിൽ കുഴപ്പവും, അരാജകത്വവും വ്യാപിപ്പിക്കുക പോലെയുള്ള ഭീകരമായ കുഴപ്പങ്ങൾ അതുമുഖേനയുണ്ടാവുന്നു.

ബുദ്ധിമാൻമാർ പറയുന്നു: (അറുപത് വർഷം അക്രമിയായ ഭരണാധികാരിക്ക് കീഴിൽ നിൽക്കലാണ് ഒരുദിവസം ഭരണാധികാരിയില്ലാതെ ജീവിക്കുന്നതിനേക്കാൾ നല്ലത്)

നീണ്ട ഇസ്ലാമിക ചരിത്രത്തിൻെറ കാലയളവിൽ കൈകാര്യകർത്താക്കെൾക്കെതിരെയുള്ള വിപ്ളവങ്ങൾ കൊണ്ടുണ്ടായിട്ടുള്ളത് പരസ്പരമുള്ള കൊലയും, വിദ്വോഷം ഇളക്കിവിടലും മാത്രമാകുന്നു. തീർന്നില്ല; വിവിധയിനം അക്രമങ്ങളും, സമുദായത്തെ യഥാർത്ഥ ജിഹാദിൽ നിന്നും, കപടവിശ്വാസികളും, അവിശ്വാസികളുമട ങ്ങിയിട്ടുള്ള ശത്രുക്കളെ നിരീക്ഷിക്കുന്നതിൽ നിന്നും സമുദായത്തെ അശ്രദ്ധരാക്കുകയും, സമുദായത്തിൻെറ ശക്തിയും, സമ്പത്തും ദുർവിനിയോഗം ചെയ്യുകയും, ജീവിതത്തിൻെറ വിവിധമേഖലകളുടെ പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങളെ പാഴാക്കുകയും ചെയ്യുക മാത്രമാണ് ഇങ്ങനെയുള്ള വിപ്ളവങ്ങൾ കൊണ്ടുണ്ടായിട്ടുള്ള നേട്ടം. സൗഭാഗ്യവാൻ മറ്റുള്ളവരുടെ ഉപദേശം കേൾക്കുന്നു, ദൗർഭാഗ്യവാൻ സ്വന്തം ഉപദേശം ചെവികൊള്ളുന്നു.

ഇതിനെ അംഗീകരിച്ച് കൊണ്ട് ഒരു പണ്ഡിതൻ പറയുന്നു: (അധികാരമുള്ള ഇമാമുകൾക്കെതിരെ ഇറങ്ങി പുറപ്പെട്ടിട്ടുള്ളവരുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുള്ള തിന്മയാണ് നന്മയേക്കാൾ അധികമായിട്ടുള്ളത്)

അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ ഒഴിച്ച് മുഴുവൻ കാര്യങ്ങളിലും ഭരണാധികാരികളെ അംഗീകരിക്കലും, അനുസരിക്കലും മുസ്ലിമിൻെറ ബാധ്യതയാകുന്നു, ഭരണാധികാരികളുടെ അക്രമങ്ങളിൽ ക്ഷമിക്കുകയെന്നത് മതത്തിൻെറ അടിസ്ഥാനങ്ങളിൽ പെട്ടതാണ്. ഉന്നതന്മാരായ ഉപദേശികളുടെ ഉപദേശത്തിൽ പെട്ടതാണ്; കൈകാര്യകർത്താക്കൾ സദ്വൃത്തരും നീതിമാന്മാരുമാണെങ്കിലും, അല്ലെങ്കിൽ ഇസ്ലാമിൻെറ വൃത്തത്തിൽ നിന്ന് പുറത്ത്പോകാത്ത അക്രമം ചെയ്യുന്നവരാണെങ്കിലും ശരി, അവരെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കുന്നതിൽ പെട്ടതും, അല്ലാഹുവിലേക്ക് അടുക്കുവാനുള്ള ഉത്തമമായ മാർഗവുമാകുന്നു, അവരുടെ കൽപനയിലും വിരോധങ്ങളിലും അവരെ അനുസരിക്കുകയെന്നത് അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുന്നതിൽ പെട്ടതാകുന്നു. അവൻ അല്ലാഹുവിൻെറ തൃപ്തി ആഗ്രഹിക്കുകയും അതോടൊപ്പം അവൻെറ കൽപ

നകൾ പാലിക്കുകയും, അവൻെറ പ്രതിഫലം കാംക്ഷിക്കുകയും, ശിക്ഷയെ ഭയക്കുകയും ചെയ്യേണ്ടതുണ്ട്.

അവസാനമായി പറയട്ടേ: ഭരണീയരും ഭരണാധികാരികളും തമ്മിലുള്ള ബന്ധം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, മാറ്റവും, നന്നാക്കലും എല്ലാവരും ചെയ്യേണ്ടതുണ്ട്.

﴿إِنَّ ٱللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا۟ مَا بِأَنفُسِهِمْ﴾ (الرعد: ١١)

"ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത്‌വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല" (റഅ്ദ് :11) പ്രതിഫലം നൽകുക പ്രവർത്തനങ്ങൾക്കനുസരിച്ചും, നിങ്ങളുടെമേൽ ഏൽപിക്കപ്പെട്ടതിനുമനുസരിച്ചായിരിക്കും.

ഭരണീയർ, ഭരണാധികാരികൾ എന്നിങ്ങനെ ജനങ്ങൾ രണ്ട് വിഭാഗമാണ്. ഭരണാധികാരികളുടെ ബാധ്യത അവരെ ഉപദേശിക്കലും, ഭരണീയരുടെ ബാധ്യത അവരുടെ സമൂഹത്തിൽ ഉറച്ച് നിൽക്കലുമാണ്. പരസ്പര യോജിപ്പിലൂടെയല്ലാതെ അവർക്ക് നന്മ സംജാതമാകുകയില്ല, അവർ വഴികേടിൽ ഒരുമിച്ച് കൂടുകയുമില്ല. അവരുടെ മതത്തിൻെറയും ദുൻയാവിൻെറയും നന്മ കുടികൊള്ളുന്നത് അവരുടെ ഒരുമിക്കലിലും, അല്ലാഹുവിൻെറ പാശത്തെ മുറുകെ പിടിക്കലിലുമാണ്.

☆ ☆ ☆

# ഏഴ്:

# ഉൽകൃഷ്ട സ്വഭാവങ്ങളിലേക്ക് ക്ഷണിക്കുന്നതിലൂടെയുള്ള ഇസ്ലാമിൻെറ നന്മകൾ

ചൊവ്വായ ഈ മതത്തിൻെറ നന്മയിൽ പെട്ടതാണ് ശ്രേഷ്ടമായ സ്വഭാവവും, ഉന്നതമായ മര്യാദയും ഉൾകൊള്ളുവാനുള്ള പ്രേരണ നൽകുകയും, അതോടൊപ്പം അതിൻെറ വിപരീതമായ നീച സ്വഭാവത്തിൽ നിന്നും, അപമര്യാദയിൽ നിന്നും മുക്തമാവാൻ കൽപിക്കുകയും ചെയ്യുന്നുവെന്നത്. ബുദ്ധിപരവും, മതപരവുമായിട്ടുള്ള മുഴുവൻ നന്മയും, സമൂഹത്തിനും വ്യക്തികൾക്കും ഉപകാരപ്പെടുന്ന എല്ലാ നല്ല കാര്യങ്ങളും ഈ മതം ഉൾകൊള്ളുന്നുണ്ട്. മാത്രമല്ല അതിൽ വിശ്വസിക്കുകയും, അതിൻെറ നിയമങ്ങൾ അനുസരിക്കുകയും ചെയ്ത് കൊണ്ട് ജീവിക്കുന്നവരുടെ ജീവിതം സുരക്ഷിതമാവാൻ ആവശ്യമായ മുഴുവനും ഇതിൽ ഉൾകൊണ്ടിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿ مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾ ﴾

(النحل:٩٧)

“ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായികൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും” (നഹ്ൽ :97 )

ഈ മതത്തിൻെറ നിയമങ്ങൾ കൃത്യമായി പാലിക്കുന്ന സ്ത്രീയോ പുരുഷനോ ആരാവട്ടെ അവന് ഇഹലോകത്ത് അല്ലാഹു നല്ലൊരു ജീവിതം തീർച്ചയായും നൽകുമെന്നും, പരലോകത്ത് അവൻ പ്രവർത്തിച്ചതിനേക്കാൾ ഉത്തമമായത് നൽകുകയും ചെയ്യുമെന്നാണ് ഈ ആയത്തിലൂടെ അല്ലാഹു വാഗ്ദാനം നൽകുന്നത്. നല്ല ജീവിതം ഏത് രൂപത്തിലാണെങ്കിലും ശരി അവന് സമാധാനം നൽകുന്നതാണ്, സൗഭാഗ്യജീവിതം ലഭിക്കുവാനുള്ള കാരണത്തിൽപെട്ടതാണ് ഉൽകൃഷ്ടമായ സ്വഭാവം ജീവിതത്തിൽ പാലിക്കുകയെന്നത്; തത്വജ്ഞാനികളിൽ അറിയപ്പെട്ട ഒരു കാര്യമാണ്: ഒരാളുടെ സ്വഭാവം പൂർണമാകുന്നിടത്തോളം അവൻെറ ജീവിതം പൂർണവും, ശാന്തിയുള്ളതുമായി തീരുന്നതാണ് എന്ന കാര്യം.

ഈ മഹത്തായ ഇസ്ലാമിക ശരീഅത്ത് കൊണ്ടുവന്ന ഒരുകാര്യമാണ് അത് മുസ്ലിം സമൂഹത്തെ പരസ്പരം സ്നേഹിക്കുവാനും, കാരുണ്യം കാണിക്കുവാനും, അനുകമ്പകാണിക്കുവാനും പ്രാപ്തരാക്കുന്നുവെന്നത്, അവർ ഒരു ശരീരത്തെപ്പോലെയാണ്, ഒരു അവയവത്തിന് എന്തെങ്കിലും അസുഖം വരുകയാണെങ്കിൽ മറ്റു ശരീരാവയവങ്ങൾ മുഴുവനും അതിന്വേണ്ടി ആവലാതിപ്പെടുന്നതാണ്, മാത്രമല്ല ഒരു കെട്ടിടം പോലെയാണ് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ശക്തി

നൽകുന്നു. ഈ ആശയത്തെ അംഗീകരിച്ച് കൊണ്ട് വന്നിട്ടുള്ള വിശുദ്ധവചനം ശ്രദ്ധിക്കുക:

﴿ إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا۟ بَيْنَ أَخَوَيْكُمْ ۚ وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُرْحَمُونَ ﴿١٠﴾ ﴾ (الحجرات: من الآية : ١٠)

“സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അ തിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രജ്ഞി പ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങ ൾക്കു കാരുണ്യം ലഭിച്ചേക്കാം” (ഹുജുറാത്ത് :10 )

ഈ സമ്പൂർണ ശരീഅത്ത് ദരിദ്രർ, സാധുക്കൾ, അനാഥകൾ, ദുർബ്ബലർ തുടങ്ങിയ ബലഹീനരോട് കാരുണ്യം കാണിക്കുവാൻ നിർദ്ദേശിക്കുകയും, വലിയവരെ ബഹുമാനിക്കുവാനും, ശ്രേഷ്ടരെ ആദരിക്കുവാനും, പണ്ഡിതന്മാരെ ബഹുമാനിക്കുവാനും കൽപിക്കുകയും ചെയ്യുന്നു. സമൂഹത്തിലെ ഓരോ വ്യക്തിയോടും നല്ലതും സൗഭാഗ്യവും നിറഞ്ഞ ജീവിതം നയിക്കുവാനാവശ്യമായ ബാധ്യതകൾ നിർവ്വഹിവാൻ കൽപിക്കുകയും ചെയ്യുന്നു, അത്കൊണ്ട് തന്നെ അവരവരുടെ അവകാശങ്ങൾ സുരക്ഷിതമാക്കുവനുപയുക്തമായ സമ്പൂർണ പദ്ധതിയാണ് ഇസ്ലാം സമർപ്പിക്കുന്നത്.

അല്ലാഹു അവൻെറ പ്രവാചകനായ മുഹമ്മദ്ﷺയെ ജാഹിലിയ്യാ സമൂഹത്തിലേക്കാണ് നിയോഗിച്ചത്. –അവർ പെരുമ നടിക്കുന്നവരും, അഹങ്കാരികളും, അക്രമികളും, അതിര് കടക്കുന്നവരുമായിരുന്നു.- അപ്പോൾ പ്രവാചകൻ അവരിലുള്ള ഇതും ഇതുപോലുള്ള ചീത്ത സ്വഭാവങ്ങളും വിലക്കുകയും, അതിന് പകരമായി ഉന്നതവും, ഉൽകൃഷ്ടവുമായ സ്വഭാവങ്ങൾ നൽകുകയും, അവരുടെയടുത്തുണ്ടായിരുന്ന സംരക്ഷണബോധം, ധൈര്യം, കരാർ പാലനം എന്നിവ പൂർത്തീകരിക്കുകയും അംഗീകരിക്കുകയും ചെയ്തു. സൽസ്വഭാവം ഉന്നതമായ ലക്ഷ്യവും, പ്രധാനപ്പെട്ട ഒരു കാര്യവുമായി നിർണ്ണയിച്ചിട്ടുള്ള മഹത്തായ ഒരു മതവുമായിട്ടാണ് പ്രവാചകൻ നിയോഗിതനായത്. സൽസ്വഭാവത്തിൻെറ തോതനുസരിച്ചവൻെറ വിശ്വാസം വർദ്ദിക്കുന്നതാണ്.

، قال ﷺ: «أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا»(١).

പ്രവാചകൻ പറഞ്ഞു: “വിശ്വാസം പൂർണ്ണമായിട്ടുള്ള വിശ്വാസി ഏറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു”

(١) رواه أبو داود في سننه: ٦٠/٥ برقم (٤٦٨٢)، والترمذي في سننه ٤٦٦/٣ برقم (١١٦٢) وقال: هذا حديث حسن صحيح.

പ്രവാചകൻﷺയായിരുന്നു ജനങ്ങളിൽ വിശ്വാസം പൂർണമായ വനും, സൽസ്വഭാവിയും. അല്ലാഹു തിരുദൂതരെ സംബന്ധിച്ച് പുകഴ്ത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴾ (القلم:٤)

"തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ഖലം :4) പ്രവാചകൻﷺ അങ്ങിനെയാവാൻ കാരണം അല്ലാഹു വിശുദ്ധഖുർആ നിലൂടെ പറഞ്ഞ മുഴുവൻ വിശേഷണങ്ങളും, സ്വഭാവങ്ങളും, നന്മ കളും ജീവിതത്തിൽ പകർത്തുകയും, വിരോധിച്ച മുഴുവൻ നീചവും, നിന്ദ്യവും, മ്ളേഛവുമായ കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്തത് കൊണ്ടാണ്. ഇത്കൊണ്ട് തന്നെയാണ് പ്രവാചകനോട് ഏറ്റവും അടുക്കുകയും, പെരുമാറുകയും ചെയ്ത ആയിശാ പ്രവാച കൻെറ സ്വഭാവത്തെ പറ്റി ചോദിച്ചപ്പോൾ ഇങ്ങനെ പറയുവാൻ കാരണം:

(كَانَ خُلُقُهُ الْقُرْآنَ)(١).

(അദ്ദേഹത്തിൻെറ സ്വഭാവം ഖുർആനായിരുന്നു) അതായത് വിശുദ്ധ ഖുർആൻ പറഞ്ഞ മര്യാദകളും, കൽപനകളും, വിരോധങ്ങളും ശരി ക്കും പാലിച്ചിരുന്നു. വിശുദ്ധഖുർആനിലൂടെ പ്രവാചകനെപ്പറ്റി അല്ലാഹു വിവരിച്ചിട്ടുള്ള മുഴുവൻ ശ്രേഷ്ടഗുണങ്ങളും, പ്രേരണ നൽ കിയിട്ടുള്ള, സുന്നത്താക്കിയിട്ടുള്ള മുഴുവൻ സൽസ്വഭാവങ്ങളും പ്രവാ ചകൻ തൻെറ ജീവിതത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്, അതുപോലെ അല്ലാഹു അദ്ദേഹത്തെ തൊട്ട് വിരോധിച്ച, പരിശുദ്ധപ്പെടുത്തിയ മുഴു വൻ സ്വഭാവങ്ങളെ തൊട്ടും അദ്ദേഹം വിദൂരമായിരുന്നു.

ഇസ്‌ലാം സ്വീകരിച്ച സ്വഭാവത്തിൻെറ രീതിശാസ്ത്രം മധ്യമ നിലപാട് പുലർത്തുന്നതും, നീതിയലധിഷ്ടിതവുമാണ്. കാരുണ്യവും, അനുകമ്പയും ചെയ്യേണ്ടസ്ഥാനത്ത് ചെയ്യുവാനും, അല്ലാഹുവിൻെറ മാർഗത്തിലുള്ള ജിഹാദ്, ശിക്ഷാനടപടികൾ നടപ്പിലാക്കുക പോലെ യുള്ള കാഠിന്യം കാണിക്കേണ്ട സമയത്ത് കാരുണ്യം വെടിയുവാൻ കൽപിക്കുകയും, സ്വ ശരീരങ്ങളുടെ അവകാശത്തിൽ പെട്ട വിവേകി യാവുക, കോപം വെടിയുക എന്നിവ പ്രാവർത്തികമാക്കുവാനും, തി ന്മകളെ കാണുമ്പോൾ അല്ലാഹുവിന് വേണ്ടി കോപിക്കുവാനും അത് കൽപിക്കുന്നു. ഇത്പോലെയാണ് അല്ലാഹു അവൻെറ വിശുദ്ധഖുർ ആനിലും, റസൂൽﷺ തൻെറ തിരുസുന്നത്തിലൂടെ എത്തിച്ച് തന്നിട്ടുള്ള മുഴുവൻ സ്വഭാവങ്ങളിലും നമുക്ക് ദർശിക്കുവാൻ കഴിയുന്നത്. അല്ലാഹു പറയുന്നു:

(١) رواه مسلم –ضمن حديث طويل– في صحيحه: ٥١٣/١، برقم (٧٤٦)

﴿ إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ ﴾ (الإسراء:٩)

“തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുന്നു ” (ഇസ്രാഅ് :9)

അല്ലാഹുവിൻെറ വിശുദ്ധഖുർആൻ നീതിയുക്തവും, ചൊവ്വായതും, നേരായതുമായ പാന്ഥാവിലേക്കാണ് വഴി നടത്തുന്നത്. ഇത് മര്യാദ, സ്വഭാവം, പെരുമാറ്റം, ആരാധന എന്നീ മുഴുവൻ മേഖലയിലും നമുക്ക് കാണുവാൻ കഴിയുന്നതാണ്.

ഈ മതം സൽസ്വഭാവത്തിലേക്ക് മാർഗദർശനം നടത്തുന്നു, ഇസ്ലാം പ്രേരണ നൽകാത്ത യാതൊരു ഉത്തമ സ്വഭാവവും, സൽഗുണവുമില്ല, അത്പോലെ ഇസ്ലാം താക്കീത് നൽകാത്ത യതൊരു ചീത്ത സ്വഭാവവുമില്ല. മാത്രമല്ല ഒരു വിശ്വാസിയുടെ സ്വഭാവം പൂർണമാവുന്നത് സ്വഭാവത്തിലൂടെയാണെന്ന് ഉണർത്തിക്കൊണ്ട് സൽസ്വഭാവത്തെ വിശ്വാസത്തിൻെറ പ്രധാനപ്പെട്ട ഒരു അടിത്തറയായിട്ടാണ് ഇസ്ലാം പരിഗണിക്കുന്നത്. പ്രവാചകൻ പറഞ്ഞത് പോലെ; “വിശ്വാസം പൂർണ്ണമായിട്ടുള്ള വിശ്വാസി ഏറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു”

ഈ മതം കൊണ്ട്വരുകയും, പ്രേരിപ്പിക്കുകയും ചെയ്ത സൽസ്വഭാവത്തിൽ പെട്ട ചിലത് താഴെ കൊടുക്കുന്നു:

## സത്യസന്ധത:

ഇസ്ലാമിൻെറ നന്മയിൽ പെട്ടതാണ് അത് സത്യസനധതയെ പ്രോൽസാഹിപ്പിക്കുകയും, കൽപിക്കുകയും, അതിൻെറ ആളുകളെ പുകഴ്തുകയും, അവർക്ക് സുന്ദരമായ പ്രതിഫലം വാഗ്ദാനം നൽകുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَكُونُوا۟ مَعَ ٱلصَّٰدِقِينَ ﴾

(التوبة:١١٩)

“സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക ” (തൗബ :119 )

وقال ﷺ: «عَلَيْكُمْ بِالصِّدْقِ؛ فَإِنَّ الصِّدْقَ يَهْدِي إِلَى الْبِرِّ، وَإِنَّ الْبِرَّ يَهْدِي إِلَى الْجَنَّةِ، وَمَا يَزَالُ الرَّجُلُ يَصْدُقُ وَيَتَحَرَّى الصِّدْقَ حَتَّى يُكْتَبَ عِنْدَ اللَّهِ صِدِّيقًا، وَإِيَّاكُمْ وَالْكَذِبَ؛ فَإِنَّ الْكَذِبَ يَهْدِي إِلَى الْفُجُورِ، وَإِنَّ الْفُجُورَ يَهْدِي إِلَى النَّارِ، وَمَا يَزَالُ الرَّجُلُ يَكْذِبُ وَيَتَحَرَّى الْكَذِبَ حَتَّى

يُكْتَبَ عِنْدَ اللَّهِ كَذَّابًا»(١).

പ്രവാചകൻﷺ പറയുന്നു: (നിങ്ങൾ സത്യം പറയുക; കാരണം സത്യസന്ധത പുണ്യത്തിലേക്കാണ് വഴി നടത്തുക, പുണ്യം സ്വർഗത്തിലേക്കുമാണ് സന്മാർഗം കാണിക്കുക, അങ്ങിനെ ഒരാൾ സത്യം പറയുവാനും, അതിന്വേണ്ടി പരിശ്രമിക്കുകയും ചെയ്താൽ അല്ലാഹുവിൻെറയടുത്ത് അവൻ സത്യസന്ധനാണെന്ന് രേഖപ്പെടുത്തുന്നതാണ്; നിങ്ങൾ കളവിനെ സൂക്ഷിക്കുക, കാരണം കളവ് തെമ്മാടിത്തത്തിലേക്കാണ് വഴി നടത്തുക, തെമ്മാടിത്തം നരകത്തിലേക്കും, ഒരാൾ കളവ് പറയുകയും, അതിന്വേണ്ടി പരിശ്രമിക്കുകയും ചെയ്താൽ അവനെ അല്ലാഹുവിൻെറയടുത്ത് പെരും കള്ളൻ എന്ന് രേഖപ്പെടുത്തുന്നതാണ്)

സത്യസന്ധത മുറുകെ പിടിക്കുന്ന വ്യക്തികളുടെയും, സമൂഹത്തിൻെറയും സ്വഭാവത്തിൽ പെട്ടതാണ്: സത്യസന്ധതയും, സമാധാനവും വ്യക്തികളിലും സമൂഹത്തിലും വ്യാപിപ്പിക്കുകയെന്നത്, കാരണം ജനങ്ങൾ സത്യസന്ധനായ ഒരാളിൽ അംഗീകരിക്കുകയും, അവനുമായുള്ള മുഴുവൻ ഇടപെടലുകളിലും വിശ്വസ്ഥത പുലർത്തുകയും, നിർഭയത്വമുള്ളവരായിതീരുകയും ചെയ്യുന്നു.

സത്യസന്ധനായവനെ ജനങ്ങൾ ഇഷ്ടപ്പെടുകയും, അവൻെറ സംസാരം സ്വീകരിക്കുകയും, അവരുടെ ഹൃദയങ്ങളിൽ അത് സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

സത്യസന്ധത മനസിൽ സ്ഥൈര്യവും, പ്രതാപവും ഉണ്ടാക്കുകയും, സമൂഹത്തിലും വ്യക്തികൾക്കിടയിലും സൽപേരുണ്ടാക്കുകയും ചെയ്യുന്നു.

ക്രയവിക്രയങ്ങളിലുള്ള സത്യസന്ധത ഭക്ഷണം കരസ്ഥമാകുന്നതിൻെറയും, അതിൻെറ അനുഗ്രഹത്തിനും, വളർച്ചക്കുമുള്ള താക്കോലാകുന്നു, കളവ് അതിൻെറ വിപരീതമാണ് താനും.

## കാരുണ്യം:

ഈ മതത്തിൻെറ ഏറ്റവും വലിയ പ്രത്യേകതയിൽ പെട്ടതാണ് അത് കാരുണ്യത്തിൻെറ മതമാണെന്നത്. ആരാണോ ഇതിൽ വിശ്വസിക്കുന്നത് അവന് കാരുണ്യമാണ് ലഭിക്കുന്നത്. കാരണം അവന് ഇരുലോകത്തും അത് സൗഭാഗ്യം നൽകുന്നു. മാത്രമല്ല മുഴുവൻ ജനങ്ങൾക്കും കാരുണ്യമാണ് ഇസ്ലാം നൽകുന്നത്. കാരണം ബലഹീനരോടും, ദരിദ്രരോടും, ചെറിയവരോടും കരുണ കാണിക്കുവാൻ

(١) رواه البخاري في صحيحه —مع الفتح-: ٥٠٧/١٠ برقم (٦٠٩٤)، ومسلم: ٢٠١٢/٤ برقم (٢٦٠٧).

കൽപിക്കുന്നു, ഇത് മുഴുവൻ സൃഷ്ടികൾക്കും കാരുണ്യമാകുന്നു, തീർന്നില്ല; ഈ മതം ഉൾകൊള്ളുന്ന മറ്റൊരു കാര്യമാണ് മൃഗങ്ങൾ ക്ക് വഹിക്കുവാൻ കഴിയാത്തത് അവരെകൊണ്ട് വഹിപ്പിക്കുന്നതും, മൃഗങ്ങളെ ശിക്ഷിക്കുന്നതും വിലക്കുകയും, അവയെ അറുക്കുകയാ ണെങ്കിൽ നല്ല രൂപത്തിൽ അറുക്കുവാൻ കൽപിക്കുകയും ചെയ്യുന്നു.

കാരുണ്യത്തിൻെറ മതമാണ് ഇസ്‌ലാം, അല്ലാഹുവിൻെറ വിശേഷണങ്ങളിൽ പെട്ടതാണ് റഅ്മത്ത്. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. നമുക്ക് ഈ മതം എത്തിച്ച് തന്ന അവ ൻെറ ദൂതൻ ദയയുള്ളവനും, കാരുണ്യവാനുമാകുന്നു. അല്ലാഹു പറയുന്നു:

﴿ لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾ ﴾ (التوبة:١٢٨)

“തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂ തൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കുവാൻ കഴി യാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും. സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം” (തൗബ :128 ) അല്ലാഹുവിൻെറ അടിമകളിൽ പെട്ട വിശ്വാ സികളുടെ അടയാളമാണ് കാരുണ്യം. അല്ലാഹു പറയുന്നു:

﴿ مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ﴾

(الفتح:٢٩)

“മുഹമ്മദ് അല്ലാഹുവിൻെറ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവ ർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകു ന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു ” (ഫത്അ് :29 ) അ വർ ഈ വിശേഷണം കൊണ്ട് പരസ്പരം ഉപദേശിക്കുകയും ചെയ്യു ന്നു. അല്ലാഹു പറയുന്നു:

﴿ ثُمَّ كَانَ مِنَ ٱلَّذِينَ ءَامَنُوا۟ وَتَوَاصَوْا۟ بِٱلصَّبْرِ وَتَوَاصَوْا۟ بِٱلْمَرْحَمَةِ ﴿١٧﴾ أُو۟لَٰٓئِكَ أَصْحَٰبُ ٱلْمَيْمَنَةِ ﴿١٨﴾ ﴾ (البلد: ١٧-١٨)

“പുറമെ, വിശ്വസിക്കുകയും, ക്ഷമകൊണ്ടും കാരുണ്യം കൊണ്ടും പര സ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയി തീരുകയും ചെയ്യുക, അങ്ങിനെ ചെയ്യുന്നവരത്രെ വലതുപക്ഷക്കാർ” (ബലദ് :17-18 )

വിശ്വാസികളെ വിശേഷിപ്പിച്ച്കൊണ്ട് പ്രവാചകൻ ﷺ പറയുന്നു:

وقال ﷺ في وصف حال المؤمنين: «مَثَلُ الْمُــؤْمِنِينَ فِــي تَــوَادِّهِمْ وَتَرَاحُمِهِمْ وَتَعَاطُفِهِمْ مَثَلُ الْجَسَدِ إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَــائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى»(١)

"വിശ്വാസികൾ തമ്മിലുള്ള സ്നേഹത്തിൻെറയും, കാരുണ്യത്തിൻെറയും, അനുകമ്പയുടെയും ഉപമ ഒരു ശരീരം പോലെയാണ്, അതിൽനിന്ന് ഒരു അവയവം ആവലാതിപ്പെടുകയാണെങ്കിൽ ശരീരം മുഴുവനും പനികൊണ്ടും ഉറക്കമിളച്ച് കൊണ്ടും അതിനോട് അനുകമ്പ കാണിക്കുന്നു"

وقال ﷺ: «لاَ يَرْحَمُ اللَّهُ مَنْ لاَ يَرْحَمُ النَّاسَ»(٢).

"ജനങ്ങളോട് കാരുണ്യം കാണിക്കാത്തവനോട് അല്ലാഹു കാരുണ്യം കാണിക്കുകയില്ല"

സ്വർഗ പ്രവേശനത്തിനുള്ള ഒരു കാരണമായിട്ട് ഇസ്ലാം കാരുണ്യത്തെ നിശ്ചയിച്ചിരിക്കുന്നു, കാരുണ്യം ജീവികളോടും, മൃഗങ്ങളോടായിരുന്നാലും ശരി. പ്രവാചകൻ പറയുന്നു:

قال رسول الله ﷺ: «بَيْنَمَا رَجُلٌ يَمْشِي بِطَرِيقٍ اشْتَدَّ عَلَيْــهِ الْعَطَــشُ فَوَجَدَ بِئْرًا فَنَزَلَ فِيهَا فَشَرِبَ ثُمَّ خَرَجَ فَإِذَا كَلْبٌ يَلْهَثُ يَأْكُلُ الثَّرَى مِــنْ الْعَطَشِ، فَقَالَ الرَّجُلُ: لَقَدْ بَلَغَ هَذَا الْكَلْبَ مِنْ الْعَطَشِ مِثْلُ الَّذِي كَانَ بَلَغَ مِنِّي فَنَزَلَ الْبِئْرَ فَمَلأَ خُفَّهُ مَاءً ثُمَّ أَمْسَكَهُ بِفِيهِ حَتَّى رَقِيَ فَسَقَى الْكَلْــبَ فَشَكَرَ اللَّهُ لَهُ فَغَفَرَ لَهُ قَالُوا يَا رَسُولَ اللَّهِ وَإِنَّ لَنَا فِي هَذِهِ الْبَهَائِمِ لأَجْــرًا فَقَالَ فِي كُلِّ كَبِدٍ رَطْبَةٍ أَجْرٌ»(٣).

---

(١) أخرجه البخاري في صحيحه –مع الفتح-: ١٠/٤٣٨، برقم (٦٠١١)، ومسلم: ٤/١٩٩٩–٢٠٠٠، برقم (٢٥٨٦).

(٢) أخرجه البخاري في صحيحه –مع الفتح-: ١٣/٣٥٨، برقم (٧٣٧٦)، ومسلم:٤/١٨٠٩، برقم (٢٣١٩).

(٣) أخرجه البخاري في صحيحه –مع الفتح-: ١/٢٧٨، برقم (١٧)، ومسلم: ٤/١٧٦١، برقم (٢٢٤٤).

“ഒരാൾ ഒരു വഴിയിലൂടെ നടന്ന് പോവുകയായിരുന്നു, അങ്ങിനെ അ ദ്ദേഹത്തിന് സഹിക്കുവാൻ കഴിയാത്ത ദാഹമനുഭവപ്പെടുകയും, ഒരു കിണർ കാണുകയും അതിൽ ഇറങ്ങി വെള്ളം കുടിക്കുകയും ചെയ് തു. അദ്ദേഹം യാത്ര തുടർന്നപ്പോൾ ഒരു നായ കിതക്കുകയും, ദാ ഹിച്ചത് കാരണത്താൽ മണ്ണ് കപ്പുകയും ചെയ്യുന്നത് ദൃഷ്ടിയിൽ പെ ട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്ക് അനുഭവപ്പെട്ടത് പോലെ യുള്ള ദാഹം ഇതിനെയും പിടികൂടിയിട്ടുണ്ട്. അങ്ങിനെ അവൻ കിണ റ്റിലിറങ്ങുകയും തൻെറ ഷൂ അഴിച്ച് അതിൽ വെള്ളം നിറച്ച് ത ൻെറ വായ കൊണ്ട് കടിച്ച് പിടിച്ച് കിണറ്റിൽ നിന്ന് കരക്ക് കയറി അതിനെ വെള്ളം കുടിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് വേണ്ടി അത് അല്ലാഹുവിന് നന്ദി ചെയ്തു. അങ്ങിനെ അല്ലാഹു അദ്ദേഹ ത്തിന് പൊറുത്ത് കൊടുത്തു. സ്വഹാബികൾ ചോദിച്ചു: അല്ലയോ റസൂലേ; ഇങ്ങനെയുള്ള മൃഗങ്ങളിൽ ഞങ്ങൾക്ക് പ്രതിഫലമുണ്ടോ? തിരുമേനി പറഞ്ഞു: പച്ച കരളുള്ള എല്ലാത്തിനും പ്രതിഫലം ഉണ്ട്”

മുസ്‌ലീങ്ങൾക്കിടയിൽ ഈ സ്വഭാവം പ്രചരിപ്പിക്കുന്നത് കൊണ്ടുള്ള ഫലങ്ങൾ:

മുസ്‌ലിം സമൂഹം പരസ്പരം അനുകമ്പ കാണിക്കുന്നതിലും, സഹായിക്കുന്നതിലും ഒരുമയുള്ളവരായി തീരുന്നു. മാത്രമല്ല വ്യക്തിക ൾക്കിടയിൽ സ്നേഹവും സൗഹാർദവും വ്യാപിക്കുകയും, വിപത്തുക ളും, പരീക്ഷണങ്ങളും ബാധിച്ചവരെ സഹായിക്കുവാനും, പ്രയാസം നീ ക്കുവാനും മുന്നോട്ട് വരുന്നവർ ഉണ്ടാകുന്നു, കാരണം മുസ്‌ലീങ്ങൾ പരസ്പരം കാരുണ്യം കാണിക്കുന്നവരാണ്. തീർന്നില്ല; സമൂഹത്തിൽ സമാധാനം വ്യാപിക്കുന്നു, കാരണം പ്രയാസവും, ദാരിദ്ര്യവും, പരീക്ഷ ണവും ബാധിച്ചവരെ തെറ്റുകളിൽ അകപ്പെടുന്നതിൽ നിന്നും രക്ഷി ക്കുവാൻ വേണ്ടി സമൂഹം കാരുണ്യം കാണിക്കുന്നു.

## ക്ഷമ:

വിട്ട് വീഴ്ചയും, ക്ഷമിക്കുവാനുള്ള പ്രേരണ നൽകുകയും ചെയ്യുന്നുവെന്നത് ഈ ശരീഅത്ത് ഉൾകൊണ്ടിട്ടുള്ള ഒരു പ്രധാ നപ്പെട്ട കാര്യമാണ്. കാരണം “മതം മുഴുവനും യഥാർത്ഥ വിജ്ഞാ നവും, അതുകൊണ്ടുള്ള പ്രവർത്തനവുമാകുന്നു, പഠിച്ച വിജ്ഞാനം കൊണ്ടുള്ള പ്രവർത്തനത്തിന് ക്ഷമ അനിവാര്യമാണ്, മാത്രമല്ല വിജ്ഞാനം നേടുവാനും ക്ഷമ ആവശ്യമായി വരുന്നു” മനുഷ്യന് ആ വശ്യമുള്ള കാര്യം ക്ഷമ കൂടാതെ കരഗതമാവുകയില്ല, അല്ലാഹുവി നെ അനുസരിക്കുവാനും, തിന്മകൾ വെടിയുവാനും, ജനങ്ങളോട് പെരുമാറാനും ക്ഷമ ആവശ്യമായി വരുന്നു. ദുന്‌യാവിലെ ബുദ്ധിമുട്ടു കളിലും, കാലത്തിൻെറ കെടുതികളിലും ക്ഷമിക്കേണ്ടത് അത്യാവശ്യ മാണ്.

ക്ഷമയെപ്പറ്റി അല്ലാഹു അവൻെറ വിശുദ്ധഗ്രന്ഥത്തിൽ തൊണ്ണൂറിൽ പരം പ്രാവശ്യം പറഞ്ഞിരിക്കുന്നു.

ഇത് സൂചിപ്പിക്കുന്നത് ക്ഷമയുടെ മഹത്വത്തെയും, അതിൻെറ ഫലങ്ങളുടെയും, ജനങ്ങളിൽ അതുണ്ടാവേണ്ട അനിവാര്യതയേയുമാണ്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱصۡبِرُواْ وَصَابِرُواْ وَرَابِطُواْ وَٱتَّقُواْ ٱللَّهَ لَعَلَّكُمۡ تُفۡلِحُونَ ٢٠٠ ﴾ (آل عمران: ٢٠٠)

“സത്യവിശ്വാസികളെ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും, പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം” (ആലു ഇംറാൻ :200 ) അല്ലാഹു പറയുന്നു:

﴿ إِنَّمَا يُوَفَّى ٱلصَّٰبِرُونَ أَجۡرَهُم بِغَيۡرِ حِسَابٖ ١٠ ﴾ (الزمر: ١٠).

“ക്ഷമാ ശീലർക്ക് തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കു നോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത് ” (സുമർ :10 )

ക്ഷമയുടെയുടെയും അതിൻെറ ആളുകളുടെയും ശ്രേഷ്ടതയെ സംബന്ധിച്ചുള്ള അനേകം ഹദീസുകൾ കാണാവുന്നതാണ്.

فقال ﷺ:« مَنْ يَصْبِرْ يُصَبِّرْهُ اللَّهُ، وَمَا أُعْطِيَ أَحَدٌ مِنْ عَطَاءٍ خَيْرٌ وَأَوْسَعُ مِنْ الصَّبْرِ» (١).

പ്രവാചകൻ പറഞ്ഞു: “ആരെങ്കിലും ക്ഷമിക്കുകയാണെങ്കിൽ അല്ലാഹു അവനോട് ക്ഷമിക്കുവാൻ ആവശ്യപ്പെടുന്നു, ക്ഷമയേക്കാൾ വിശാലവും, നന്മ നിറഞ്ഞതുമായ യാതൊന്നും ആർക്കും നൽകിയിട്ടില്ല”

وقال ﷺ: «الْمُؤْمِنُ الَّذِي يُخَالِطُ النَّاسَ وَيَصْبِرُ عَلَى أَذَاهُمْ أَعْظَمُ أَجْرًا مِنْ الْمُؤْمِنِ الَّذِي لاَ يُخَالِطُ النَّاسَ وَلاَ يَصْبِرُ عَلَى أَذَاهُمْ»(٢).

---

(١) أخرجه البخاري في صحيحه –مع الفتح-: ٣٠٣/١١، برقم (٦٤٧٠)، ومسلم: ٧٢٩/٢، برقم (١٠٥٣).

(٢) أخرجه الترمذي في سننه: ٥٧٢/٤، برقم (٢٥٠٧)، وابن ماجه في سننه: ١٣٣٨/٢، برقم (٤٠٣٢)، وإسناده صحيح.

പ്രവാചകൻ ﷺ പറഞ്ഞു: "ജനങ്ങളോട് ഇടപഴകുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന സത്യവിശ്വാസിയാണ് ജനങ്ങളോട് ഇടപഴകാതിരിക്കുകയും, അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന വിശ്വാസിയേക്കാൾ നല്ലത്"

ക്ഷമിക്കുന്നവരിൽ പ്രകടമാകുന്ന സൽഫലങ്ങളിൽ ചിലത്:

സൽകർമ്മങ്ങൾ നിരന്തരം ചെയ്യുന്നു, അതിൽ മടുപ്പും, ക്ഷീണവും അനുഭവപ്പെടുകയില്ല. അതുപോലെ ഇരുലോകത്തിനും ആവശ്യമുള്ളതും, ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ യാഥാർത്ഥ്യമാക്കുവാൻ കഴിയുന്നു. ഇത്കൊണ്ടാണ് രണ്ടാം ഖലീഫ ഉമർ പറഞ്ഞത്: (നല്ല ജീവിതം ക്ഷമ ലഭിച്ച ജീവിതമാകുന്നു)

സൽഫലങ്ങളിൽ പെട്ടത് തന്നെയാണ്: വിഢ്ഢിത്തത്തിൽ നിന്നും, വിവേക കുറവിൽ നിന്നും, കോപത്തിൽ നിന്നും മനസിനെ പിടിച്ച് നിറുത്തുക, ദേഹേഛകളിൽ നിന്നും, തിന്മകളിൽ നിന്നും അതിനെ സംരക്ഷിക്കുക, പരീക്ഷണങ്ങളിലും, ബുദ്ധിമുട്ടുകളിലും അകപ്പെടുമ്പോൾ അതിൽ തൃപ്തിപ്പെടുകയും, സമാധാനമടയുകയും ചെയ്യുക എന്നിവ.

## വിനയം:

മുസ്ലീങ്ങളെ പ്രത്യേകമാക്കുന്ന മഹത്തായ ഒരു സ്വഭാവമാകുന്നു വിനയം എന്നുള്ളത്. ഈ മതത്തിൻെറ ആളുകളിലെ വിനയം കണ്ടിട്ടാണ് അനേകമാളുകൾ ഈ മതത്തിലേക്ക് പ്രവേശിച്ചിട്ടുള്ളത്. മുഴുവൻ സൃഷ്ടികളിലും ഉത്തമനും, പ്രവാചകന്മാരുടെ നേതാവുമായിരുന്ന പ്രവാചകൻﷺയാണ് ഏറ്റവും കൂടുതൽ വിനയമുള്ളവൻ.

كانت الأمة من إماء أهل المدينة لَتَأْخُذُ بِيَدِ رَسُولِ اللَّهِ ﷺ فَتَنْطَلِقُ بِهِ حَيْثُ شَاءَتْ [1]

മദീനാ നിവാസികളിലെ അടിമകൾ പോലും പ്രവാകൻെറ കൈ പിടിച്ച് കൊണ്ട് അവർ ഉദ്ദേശിച്ച സ്ഥലം വരെ പ്രവാചകനെയും കൊണ്ട് പോകുമായിരുന്നു. അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി. പ്രവാചകൻ (സ) പറയാറുണ്ടായിരുന്നു:

أي في حاجتها، وكان ﷺ يقول: «ابْغُونِي فِي ضُعَفَاءِكُمْ فَإِنَّمَا تُرْزَقُونَ وَتُنْصَرُونَ بِضُعَفَائِكُمْ»[2].

---

(١) أخرجه البخاري في صحيحه –مع الفتح-: ٤٨٩/١٠، برقم (٦٠٧٢).

(٢) أخرجه الترمذي في سننه: ١٧٩/٤، برقم (١٧٠٢)، وأبو داود في سننه:٧٣/٣، برقم =

“നിങ്ങളിലെ ദുർബ്ബലരെ അന്വോഷിക്കുന്നതിൽ നിങ്ങളെന്നെ സഹായിക്കുക, കാരണം നിങ്ങളിലെ ദുർബ്ബലരെ ഭക്ഷിപ്പിക്കുവാനും, സഹായിക്കുവാനും വേണ്ടി”

ഈ മതത്തിൽ ആളുകൾ പ്രവേശിക്കുവാനും, പ്രവാചകനെ സ്നേഹിക്കുവാനും ഒരു കാരണം ഈ സ്വഭാവമായിരുന്നു. അല്ലാഹു പറയുന്നു:

﴿ فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ﴾(آل عمران:١٥٩)

“(നബിയെ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കാഠിന്യ ഹൃദയനുമായിരുന്നുവെങ്കിൽ നിൻെറ ചുറ്റിൽ നിന്ന് അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ” (ആലു ഇംറാൻ :159 ) അല്ലാഹു പറയുന്നു:

﴿ وَٱخْفِضْ جَنَاحَكَ لِمَنِ ٱتَّبَعَكَ مِنَ ٱلْمُؤْمِنِينَ ﴿٢١٥﴾ ﴾

(الشعراء:٢١٥).

“നിന്നെ പിന്തുടർന്ന സത്യവിശവാസികൾക്ക് നിൻെറ ചിറകുതാഴ്ത്തിക്കൊടുക്കുകയും ചെയ്യുക ” (ശുഅറാ :215 )

ഇസ്ലാം മുസ്ലീങ്ങളെ വിനയം പ്രകടിപ്പിക്കുവാനും, തൻെറ സഹോദരൻെറ മുമ്പിൽ പെരുമ നടിക്കാതിരിക്കുവാനും കൽപിക്കുന്നു, ഒരു മുസ്ലിം ലോല ഹൃദയനായത് കൊണ്ട് തന്നെ അദ്ദേഹത്തെ സഹോദരങ്ങൾ സ്നേഹിക്കുകയും, ഇഷ്ടപ്പെടുകയും ചെയ്യുന്നു, കാരണം അവരോടവൻ വിനയം കാണിക്കുകയും, അഹക്കരിക്കുകയോ പെരുമ നടിക്കുകയോ ചെയ്യുകയുമില്ല. ഇതാണ് അല്ലാഹു കൽപിച്ച കാര്യം പ്രവാചകൻﷺയുടെ നാവിലൂടെ നമുക്ക് കാണുവാൻ കഴിയുന്നത്.

على لسان رسوله ﷺ في قوله: «إِنَّ اللَّهَ أَوْحَى إِلَيَّ أَنْ تَوَاضَعُوا حَتَّى لاَ يَفْخَرَ أَحَدٌ عَلَى أَحَدٍ وَلاَ يَبْغِ أَحَدٌ عَلَى أَحَدٍ» (1).

=

(٢٥٩٤)، والنسائي في سننه: ٦/٣٥٢-٣٥٣، برقم (٣١٧٩)، وإسناده صحيح.

(١) أخرجه مسلم:٤/٢١٩٩، برقم (٢٨٦٥).

തിരുമേനിﷺ പറയുന്നു: "തീർച്ചയായും ഒരാളും മറ്റൊരാളോട് പെരുമ നടിക്കാതിരിക്കാതിരിക്കുന്നത് വരെയും, ഒരാളും മറ്റൊരാളെ അതിക്രമിക്കാതിരിക്കുന്നത് വരെയും വിനയം കാണിക്കുവാൻ വേണ്ടി അല്ലാഹു എനിക്ക് ബോധനം നൽകിയിരിക്കുന്നു.

അഹങ്കാരത്തോട് ഇസ്‌ലാം യുദ്ധം ചെയ്യുന്നു, കാരണം അഹങ്കാരിയെ ജനങ്ങൾ വെറുക്കുകയും സത്യത്തിൽ നിന്ന് പിഴച്ചവനും, സ്വന്തം തന്നെ അത്ഭുതം കൂറുന്നവനും, സത്യം പ്രകടമായാലും സ്വീകരിക്കാത്തവനുമാകുന്നു. ഇത്കൊണ്ട് തന്നെയാണ് അഹങ്കാരി സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് പറയുവാൻ കാരണവും. പ്രവാചകൻ ﷺപറയുന്നു:

لا يدخل الجنة فقال ﷺ: «لاَ يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَالُ ذَرَّةٍ مِنْ كِبْرٍ»(١).

"ഹൃദയത്തിൽ ഒരു കടുക് മണിയോളം അഹക്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" വിനയത്തിൻെറ നല്ല ഫലങ്ങളിൽ പെട്ടതാണ് അതിൻെറയാളുകൾക്ക് അത് സത്യത്തിലേക്ക് വഴി കാണിച്ച് കൊടുക്കുകയും, വാക്കിനാലോ പ്രവർത്തനത്താലോ ഉണ്ടാവുന്ന അഹങ്കാരത്തിൽ നിന്ന് രക്ഷ നൽകുന്നുവെന്നതും. ഇതിൻെറ ഫലത്തിൽ പെട്ടത് തന്നെയാണ് ജനങ്ങൾ അഹങ്കാരിയെ നിന്ദിക്കുകയും, വെറുക്കുകയും ചെയ്യുന്നത്പോലെ വിനയമുള്ളവനെ ജനങ്ങൾ സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുന്നുവെന്നത്.

സ്തുത്യർഹമായ ഫലങ്ങളിൽ പെട്ടത് തന്നെയാണ് ജനങ്ങൾക്കിടയിൽ അവന് നല്ലൊരു സ്ഥാനം ലഭിക്കുന്നുവെന്നത്. ഇത്കൊണ്ടാണ് പ്രവാചകൻ പറഞ്ഞത്

، ولذا قال ﷺ: «وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلاَّ رَفَعَهُ اللَّهُ»(٢)،

"ആരെങ്കിലും അല്ലാഹുവിന് വേണ്ടി വിനയം കാണിക്കുകയാണെങ്കിൽ അല്ലാഹു അവൻെറ സ്ഥാനം ഉയർത്തുന്നതാണ്" ഈ ആശയത്തെ തന്നെയാണ് കവി തൻെറ കവിതയിലൂടെ വ്യക്തമാക്കുന്നത്.

"നീ വിനയമുള്ളവനാവുക അപ്പോൾ ജനങ്ങൾ കാണുന്ന നക്ഷത്രത്തെ പോലെ നീ ആയിതീരും
വെള്ളത്തിൻെറ പേജുകളിൽ പോലും അവൻ ഉന്നതനായിരിക്കും;
പുകയേ പോലെ സ്വയം തന്നെ പൊങ്ങുന്നവനെ പോലെ നീ ആയിതീരരുത്
അന്തരീക്ഷത്തിലെ ഉയരങ്ങളിൽ കാരണം അവൻ നിന്ദ്യനാകുന്നു"

(١) أخرجه مسلم: ٩٣/١، برقم (٩١).

(٢) أخرجه مسلم: ٢٠٠١/٤، برقم (٢٥٨٨).

# സലാം പ്രചരിപ്പിക്കുക:

വ്യക്തികൾക്കിടയിൽ സ്നേഹവും, ഇഷ്ടവുമുണ്ടാക്കുന്ന എല്ലാ കാര്യങ്ങളും പരിശുദ്ധമായ ഈ ശരീഅത്ത് കൊണ്ട് വന്നിട്ടുണ്ട്. അങ്ങിനെയുള്ള ഒന്നാണ് ജനങ്ങൾക്കിടയിൽ സലാം പ്രചരിക്കുകയെന്നത്. മുസ്‌ലിം സമൂഹത്തിൽ ഐക്യവും, സ്നേഹവും വ്യാപിപ്പിക്കുന്നതിൽ അത്ഭുതകരമായ സ്വാധീനമാണ് സലാം വ്യാപിപ്പിക്കുന്നതിലൂടെ ഉണ്ടായിതീരുന്നത്. അത്പോലെ ഒരു സഹോദരൻ തൻെറ സഹോദരനിലേക്ക് സമാധാനം കൈമാറുകയും, ഹൃദയങ്ങളിലുള്ള വിദ്വോഷവും, പകയും നീക്കം ചെയ്യുകയും ചെയ്യുന്നു. ഇത്കൊണ്ടാണ് പ്രവാചകൻﷺ പറയുന്നത്:

قال ﷺ: «لاَ تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلاَ تُؤْمِنُوا حَتَّى تَحَابُّوا أَوَلاَ أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ أَفْشُوا السَّلاَمَ بَيْنَكُمْ»(١).

“നിങ്ങളാരും വിശ്വാസികളാവാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല, നിങ്ങൾ പരസ്പരം സ്നേഹിക്കാതെ വിശ്വാസികളാവുകയുമില്ല, നിങ്ങൾക്കൊരു കാര്യം ഞാൻ അറിയിച്ച് തരട്ടെയോ അത് ചെയ്താൽ നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതാണ്, നിങ്ങൾക്കിടയിൽ നിങ്ങൾ സലാം പ്രചരിപ്പിക്കുക”

മുഅ്മിനായ വ്യക്തി തൻെറ സഹോദരനോട് സലാം പറഞ്ഞാൽ അതിന് മറുപടി പറയേണ്ടത് നിർബ്ബന്ധമാണ്, ഇത്മുഖേന ഇരുഭാഗത്തും സ്നേഹവും യോജിപ്പും സംജാതമാകുന്നതാണ്. അല്ലാഹു പറയുന്നു:

﴿ وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّواْ بِأَحْسَنَ مِنْهَآ أَوْ رُدُّوهَآ ۗ إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ حَسِيبًا ﴿٨٦﴾ ﴾ (النساء:٨٦).

“നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനേക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അത് തന്നെ തിരിച്ച് നൽകുക. തീർച്ചയായും അല്ലാഹു ഏതൊരു കാര്യത്തിൻെറയും കണക്ക് നോക്കുന്നവനാകുന്നു” (നിസാഅ്:86)

നാം മുകളിൽ സൂചിപ്പിച്ചത് പ്രകാരം സ്നേഹവും, ഐക്യവും ഉണ്ടാകുവാനും, ഇസ്‌ലാമിക സമൂഹം പരസ്പരം പരിചയപ്പെടു

(١) أخرجه مسلم: ٧٤/١، برقم (٥٤).

വാനും വേണ്ടി കണ്ട്മുട്ടുന്നവരോട് മുഴുവനും സലാം പറയുവാൻ ക ൽപിക്കുന്നു, അറിയുന്നവരോടും, അറിയാത്തവരോടും സലാം പറ യേണ്ടതുണ്ട്.

سئل رَسُولَ اللَّهِ ﷺ: أَيُّ الإِسْلاَمِ خَيْرٌ ؟ قَالَ: «تُطْعِمُ الطَّعَامَ، وَتَقْرَأُ السَّلاَمَ عَلَى مَنْ عَرَفْتَ وَمَنْ لَمْ تَعْرِفْ»(١).

പ്രവാചകﷺനോട് ഒരാൾ ഏത് ഇസ്ലാമാണ് നല്ലെതെന്ന് ചോദിച്ചു?. തിരുമേനി പറയുകയുണ്ടായി: നീ ഭക്ഷിപ്പിക്കുക, അറിയുന്നവരോടും, അറിയാത്തവരോടും സലാം പറയുക"

സലാം പറയൽ വിശ്വാസിയുടെ അടയാളവും, അവൻെറ സ്വഭാവവുമാണ്. വലിയവരോടും ചെറിയവരോടും, അറിയുന്നവരോടും അറിയാത്തവരോടും, കൂട്ടുകാരനോടും, ശത്രുവിനോടും സലാം പറയേണ്ടതുണ്ട്. പ്രവാചകൻﷺ പറയുന്നു:

وقال ﷺ: «لاَ يَحِلُّ لِمُسْلِمٍ أَنْ يَهْجُرَ أَخَاهُ فَوْقَ ثَلاَثٍ يَلْتَقِيَانِ فَيَصُدُّ هَذَا وَيَصُدُّ هَذَا، وَخَيْرُهُمَا الَّذِي يَبْدَأُ بِالسَّلاَمِ»(٢)،

"മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു മുസ്ലിമിന് തൻെറ സഹോദരനെ പിരിഞ്ഞിരിക്കൽ അനുവദനീയമല്ല, രണ്ട് പേരും പരസ്പരം കണ്ട്മുട്ടുന്നു, എന്നാൽ ഇവൻ അവനെയും, അവൻ ഇവനെയും തടയുന്നു, അവരിൽ രണ്ട്പേരിൽ ആരാണോ സലാം കൊണ്ട് തുടങ്ങുന്നത് അവനാണ് ഉത്തമൻ" തർക്കമുള്ള രണ്ടാളുകൾക്കിടയിൽ സലാം കൊണ്ട് തുടങ്ങുവാൻ പ്രേരിപ്പിക്കുന്നു, കാരണമത് ഭിന്നത ഒഴിവാക്കുവാനും സൗഹൃദം സ്ഥാപിക്കുവാനുമുള്ള ഒരു പ്രധാന മാർഗമാകുന്നു.

## നല്ല അയൽപക്ക ബന്ധം:

(١) أخرجه البخاري في صحيحه —مع الفتح-: ١/٥٥، برقم (١٢) ومسلم: ١/٦٥، بـرقم (٣٩).

(٢) أخرجه البخاري في صحيحه —مع الفتح-: ١١/٢١، بـرقم (٦٢٣٧)، ومسلم: ٤/١٩٨٤، برقم (٢٥٦٠).

സമാധാനമടയുവാൻ വേണ്ടി അഭയം പ്രാപിക്കുന്ന വീടിനെ ഉപേക്ഷിക്കുവാൻ ഒരു വിശ്വാസിക്ക് സാധ്യമല്ല, അയൽവാസി അവരിൽ ഇണങ്ങിച്ചേരുകയും ചെയ്യുന്നു. അത്കൊണ്ട് തന്നെ നിയമദാതാവ് മുസ്‌ലിമും അവൻെറ അയൽവാസിയും തമ്മിലുള്ള ബന്ധം ക്രമീകരിച്ചിരിക്കുന്നു. അയൽവാസിയെന്ന് പറഞ്ഞാൽ തൻെറ ഓരത്ത് താമസിക്കുന്നവരാണ്. അവരോട് നല്ല രൂപത്തിൽ വർത്തിക്കുവാൻ കൽപിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَٱعۡبُدُواْ ٱللَّهَ وَلَا تُشۡرِكُواْ بِهِۦ شَيۡـٔٗاۖ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنٗا وَبِذِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينِ وَٱلۡجَارِ ذِي ٱلۡقُرۡبَىٰ وَٱلۡجَارِ ٱلۡجُنُبِ وَٱلصَّاحِبِ بِٱلۡجَنۢبِ وَٱبۡنِ ٱلسَّبِيلِ وَمَا مَلَكَتۡ أَيۡمَٰنُكُمۡۗ إِنَّ ٱللَّهَ لَا يُحِبُّ مَن كَانَ مُخۡتَالٗا فَخُورًا ٣٦ ﴾ (النساء:٣٦).

“നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബ ബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതു കൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല” (നിസാഅ്: 36)

അല്ലാഹു ഈ ആയത്തിൽ അയൽവാസിയോട് നല്ല നിലയിൽ വർത്തിക്കുവാനാണ് കൽപിക്കുന്നത് അത് കുടുംബബന്ധമുള്ളവരാവട്ടെ, അല്ലാതിരിക്കട്ടെ. ഇതിൻെറ പ്രാധാന്യ വും, മഹനീയതയും ഉണർത്തികൊണ്ട് തന്നെ, അല്ലാഹുവിനെ ആരാധിക്കണം എന്ന് പറഞ്ഞതിനോട് ചേർത്ത് പറഞ്ഞിരിക്കുന്നു. പ്രവാചകﷺൻെറ വചനം ഒന്ന് കൂടി ഇത് വ്യക്തമാക്കുന്നു:

ﷺ: «مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الآخِرِ فَلْيُحْسِنْ إِلَى جَارِهِ»[١].

(١) أخرجه البخاري في صحيحه مع الفتح: ١٠/٤٤٥، برقم (٦٠١٩)، ومسلم: ١/٦٩، برقم (٤٨).

"ആരെങ്കിലും അല്ലാഹുവിലും അവസാനനാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തൻെറ അയൽവാസിയോട് നല്ലനിലയിൽ വർത്തിക്കട്ടെ"

അയൽവാസിക്ക് ഇസ്ലാം നൽകിയ പരിഗണന വളരെ ഉയർന്നതും, ഉന്നതമായ സ്ഥാനവുമാണ് നൽകിയിട്ടുള്ളത്. പ്രവാചകൻെറ അധ്യപനത്തിൽ അത് കൂടുതൽ പ്രകടമാകുന്നൂ താഴെ വരുന്ന പ്രവാചകﷺയുടെ വചനത്തിൽ

قول النبي ﷺ: «مَا زَالَ جِبْرِيلُ يُوصِينِي بِالْجَارِ حَتَّى ظَنَنْتُ أَنَّهُ سَيُوَرِّثُهُ»(١).

"അയൽവാസിയുടെ കാര്യത്തിൽ ജിബ്രീൽ എന്നെ ഉപദേശിച്ച് കൊണ്ടേയിരുന്നു, അയൽവാസി സ്വത്തിൽ അനന്തരമെടുക്കുമെന്ന് വരെ ഞാൻ വിചാരിച്ച് പോയി"

അയൽവാസിയോട് നിങ്ങൾ നല്ല നിലയിൽ വർത്തിക്കണമെന്ന് പറഞ്ഞ് നിറുത്തകയല്ല ഹദീസുകൾ ചെയ്യുന്നത്, നേരെമറിച്ച് നന്മചെയ്യേണ്ട ഒരുപാട് രൂപങ്ങൾ വിവരിച്ച ഒട്ടനവധി ഹദീസുകൾ കാണാവുന്നതാണ്. ഉദാഹരണത്തിനായി ചിലത്മാത്രം സൂചിപ്പിക്കട്ടെ.

പ്രവാചകൻﷺയിൽ നിന്ന്:

ما جاء في قوله ﷺ: «لَيسَ الْمُؤْمِنُ الَّذِي يَشْبَع وَجَارُه جَائِعٌ إِلَى جَنْبِهِ»(٢)،

"തൻെറ അടുത്ത അയൽവാസി പട്ടിണി കിടക്കെ വയറ് നിറച്ച് ഭക്ഷണം കഴിക്കുന്നവൻ വിശ്വാസികളിൽ പെട്ടവനല്ല" അയൽവാസി വിശന്നിരിക്കേ ഭക്ഷണം കഴിക്കുന്നത് ധനികനായ അയൽവാസിക്ക് നിഷിദ്ധമാണ്. തൻെറ അയൽവാസിയുടെ വിവരങ്ങൾ അന്വേഷിക്കൽ നിർബ്ബന്ധമാണെന്ന് സൂചനയുണ്ട്.

പ്രവാചകൻﷺയിൽ നിന്ന്:

وقوله ﷺ: «يَا أَبَا ذَرٍّ إِذَا طَبَخْتَ مَرَقَةً فَأَكْثِرْ مَاءَهَا وَتَعَاهَدْ

(١) أخرجه البخاري في صحيحه –مع الفتح-: ٤٤١/١٠، برقم (٦٠١٥)، ومسلم: ٢٠٢٥/٤، برقم (٢٦٢٥).

(٢) أخرجه البخاري في الأدب المفرد رقم ١١٢ والطبراني في الكبير ١٧٥/٣ من حديث ابن عباس رضي الله عنه، وصححه الألباني بشواهده في السلسلة الصحيحة برقم ١٤٩.

جيرَانَكَ»(١)

"അല്ലയോ അബാദർറ് നീ ഒരു കറി പാകം ചെയ്യുകയാണെങ്കിൽ അതിൽ വെള്ളം ചേർത്തിട്ടെങ്കിലും നിൻെറ അയൽവാസിയുടെ അവകാശം നൽകുക" അയൽവാസികൾക്കുള്ള അവകാശത്തിൽ പെട്ടതാണ് അവർ ദരിദ്രരല്ലെങ്കിലും ശരി ഭക്ഷണവും മറ്റും ഹദ്‌യ നൽകപ്പെടുക എന്നുള്ളത്.

പ്രവാചകൻﷺയിൽ നിന്ന് :

وقوله ﷺ: «لاَ يَمْنَعْ أَحَدُكُمْ جَارَهُ أَنْ يَغْرِزَ خَشَبَةً فِي جِدَارِهِ»(٢).

"തൻെറ ചുമരിൽ ഒരു മരകഷ്ണം നാട്ടുവാൻ അയൽവാസി അനുവാദം ചോദിച്ചാൽ നിങ്ങളാരും തടയരുത്"

തൻെറ അയൽവാസിക്ക് മരക്കഷ്ണം പ്രവേശിപ്പിക്കുവാൻ ആവശ്യം നേരിടുകയാണെങ്കിൽ അതിന് സൗകര്യം ഉരുക്കികൊടക്കണമെന്ന് ഈ ഹദീസിൽ വിവരിക്കുന്നു, കാരണം ഇസ്‌ലാമിലെ അവരുടെ വീടുകൾ ഒരു വീട് പോലെയാണ്.

അയൽവാസിയോട് ചെയ്യേണ്ട നന്മകൾ എന്തൊക്കെയാണെന്ന് പണ്ഡിതന്മാർ വിശദമാക്കിയിട്ടുണ്ട്. അതിൽപെട്ടതാണ് സഹായം ചോദിച്ചാൽ നൽകുക, കടം ചോദിച്ചാൽ കൊടുക്കുക, ദരിദ്രനാണെങ്കിൽ ആവശ്യമുള്ളത് നൽകുകയും നന്മ ചെയ്തു കൊടുക്കുക, അയൽവാസിക്ക് വല്ല നന്മയും ലഭിച്ചാൽ അതിൽ അവനെ അഭിനന്ദിക്കുക, വല്ല അപകടവും സംഭവിച്ചാൽ സന്ദർശിക്കുക, മരിച്ചാൽ ജനാസയെ പിൻപറ്റുക, അവൻെറ അനുവാദം കൂടാതെ കെട്ടിടങ്ങൾ നീട്ടിയും, ഉയർത്തിയും അവന് ആവശ്യമുള്ള കാറ്റിനെ താടയാതിരിക്കുക, അയൽവാസിക്ക് കൊടുക്കാതെ തൻെറ പാത്രത്തിലുള്ള വിഭവത്തിൻെറ വാസനകൊണ്ട് അവനെ ഉപദ്രവിക്കാതിരിക്കുക, നീ പഴങ്ങളോ മറ്റൊ വാങ്ങിയാൽ അൽപം സമ്മാനമായി അവന് നൽകുക, കൊടുക്കുന്നില്ലായെങ്കിൽ നീ രഹസ്യമായി അയൽവാസി കാണാത്ത രൂപത്തിൽ നിൻെറ വീട്ടിലേക്കത് പ്രവേശിപ്പിക്കുക, അത്പോലെ അയൽവാസിയുടെ കുട്ടിയെ ബുദ്ധിമു ട്ടിപ്പിക്കുന്ന രൂപത്തിൽ സാധനങ്ങളുമായി നിൻെറ കുട്ടിയെ പുറത്ത് വിടാതിരിക്കുക.

ജനങ്ങളിൽ ഏറ്റവും സൗഭാഗ്യവാൻ, ഇസ്‌ലാമിക നിയമങ്ങൾ ജീവിതത്തിൽ പകർത്തി ജീവിക്കുന്ന മുസ്‌ലിമായ അയൽവാസിയുള്ളവനാണ്. അതുണ്ടാവാൻ മുസ്‌ലിമായ അയൽവാസി നൽകുന്ന അവകാശവും മര്യാദയും നീ ശ്രദ്ധിക്കുക.

---

(١) أخرجه مسلم:٤/٢٠٢٥، برقم (٢٦٢٥).

(٢) أخرجه البخاري في صحيحه –مع الفتح-: ٥/١١٠، برقم (٢٤٦٣)، ومسلم:٣/١٢٣٠، برقم (١٦٠٩).

അയൽവാസിയോട് ഇത്രയും പരിഗണന നൽകുന്നത് സമൂഹ നന്മക്ക് വേണ്ടി ഇസ്‌ലാം നൽകുന്ന സംഭാവനകളിൽ ഒന്ന് മാത്രമാകുന്നു. എല്ലാവരും തങ്ങളുടെ അയൽവാസികളോട് നന്മയിൽ വർത്തിക്കുന്ന ഒരു സമൂഹത്തെ സങ്കൽപിക്കുക, അവർ പരസ്പരം കാര്യങ്ങൾ അന്വേഷിക്കുകയും, ആവശ്യങ്ങൾ നിറവേറ്റികൊടുക്കുകയും, ആവശ്യമായ സന്ദർഭങ്ങളിൽ സഹായിക്കുകയും, ഏതെങ്കിലും ഒരു അംഗത്തിന് വല്ല അപകടവും സംഭവിക്കുകയാണെങ്കിൽ അത് ലഘൂകരിക്കുവാനും സഹായിക്കുവാനുമായി അവരിലേക്ക് ധൃതിപ്പെടുകയും ചെയ്യുന്ന ഒരു സമൂഹം. ഈ സമൂഹത്തെ പേലെ ലോകത്ത് തന്നെ ഉദാത്തമായ ഒരു സമൂഹവും ഉണ്ടായിരിക്കുകയില്ല.

## മാതാപിതാക്കൾക്ക് നന്മചെയ്യുക, കുടുംബ ബന്ധം ചേർക്കുക:

ഈ മഹത്തായ മതം ഉൾകൊള്ളുന്ന മറ്റൊരു പ്രത്യേകതയാണ് സമൂഹവും കുടുംബവും തമ്മിലുള്ള ബന്ധം നല്ല രൂപത്തിലാവണമെന്ന് ഉപദേശിക്കുന്നത്. കുടുംബങ്ങളെയും ഗോത്രങ്ങളേയും, സമൂഹത്തെയും ബന്ധിപ്പിക്കുന്നതിനെ പരിഗണിക്കുന്നു. തന്റെ അടുത്ത ബന്ധുക്കളോടും കുടുംബക്കാരോടും ബന്ധങ്ങളുടെ പദവികൾക്കനുസരിച്ച് നന്മ ചെയ്യുവാൻ ഓരോ മുസ്‌ലിമും കൽപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ فَـَٔاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ ٱللَّهِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٣٨﴾ ﴾ (الروم:٣٨)

“ആകയാൽ കുടുംബ ബന്ധമുള്ളവന് നീ അവന്റെ അവകാശം കൊടുക്കുക. അഗതിക്കും വഴിപോക്കനും (അവരുടെ അവകാശവും നൽകുക). അല്ലാഹുവിന്റെ പ്രീതിലക്ഷ്യമാക്കുന്നവർക്ക് അതാണുത്തമം. അവർ തന്നെയാണ് വിജയികളും” (റൂം: 38)

പ്രവാചകൻﷺയിൽ നിന്ന് :

وقال ﷺ: «إِنَّ اللَّهَ يُوصِيكُمْ بِأُمَّهَاتِكُمْ، إِنَّ اللَّهَ يُوصِيكُمْ بِأُمَّهَاتِكُمْ، إِنَّ اللَّهَ يُوصِيكُمْ بِأُمَّهَاتِكُمْ، إِنَّ اللَّهَ يُوصِيكُمْ بِآبَائِكُمْ إِنَّ اللَّهَ يُوصِيكُمْ

بالأَقْرَب فَالأَقْرَب»(١).

“തീർച്ചയായും അല്ലാഹു നിങ്ങളുടെ മാതാക്കളുടെ കാര്യത്തിൽ നിങ്ങളെ ഉപദേശിക്കുന്നു, തീർച്ചയായും അല്ലാഹു നിങ്ങളുടെ മാതാക്കളുടെ കാര്യത്തിൽ നിങ്ങളെ ഉപദേശിക്കുന്നു, തീർച്ചയായും അല്ലാഹു നിങ്ങളുടെ മാതാക്കളുടെ കാര്യത്തിൽ നിങ്ങളെ ഉപദേശിക്കുന്നു തീർച്ചയായും അല്ലാഹു നിങ്ങളുടെ പിതാക്കളുടെ കാര്യത്തിൽ നിങ്ങളെ ഉപദേശിക്കുന്നു, തീർച്ചയായും അല്ലാഹു നിങ്ങളുടെ അടുത്ത ബന്ധു ക്കളുടെ, പിന്നീടതിനുത്ത ബന്ധുക്കളുടെ കാര്യത്തിൽ നിങ്ങളെ ഉപ ദേശിക്കുന്നു”

പ്രവാചകൻﷺയിൽ നിന്ന് :

وقال ﷺ: «مَنْ أَحَبَّ أَنْ يُبْسَطَ لَهُ فِي رِزْقِهِ وَيُنْسَأَ لَهُ فِي أَثَرِهِ(٢) فَلْيَصِلْ رَحِمَهُ»(٣).

“തൻെറ ഉപജീവന മാർഗം വിശാലമാവണമെന്നും, തൻെറ ആയുസ്സിൽ അനുഗ്രഹമുണ്ടാവണമെന്നും ആഗ്രഹമുണ്ടെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കട്ടെ”

ഇസ്‌ലാമികൽ അടുത്ത കുടുംബ ബന്ധമുള്ളവരോട് നന്മ ചെയ്യൽ വെറും നന്മയും, ഗുണവും ലക്ഷ്യം വെച്ച് കൊണ്ടുള്ളതല്ല, മറിച്ച് അതിനേക്കാൾ മഹത്വരവും ഉന്നതവുമായ ലക്ഷ്യമുണ്ട്. അത് ഒരു മുസ്‌ലിം അല്ലാഹുവിന് വേണ്ടി ചെയ്യുന്ന കാര്യങ്ങളാകുന്നു, അതിലൂടെ അവൻ ഉദ്ദേശിക്കുന്നത് അല്ലാഹുവിനെ അനുസരിക്കലും, അവൻെറ പ്രതിഫലം കരസ്ഥമാക്കലുമാകുന്നു. ഈ ലക്ഷ്യം എപ്പോഴും ഉണ്ടായിരിക്കണം. അത് അവസ്ഥകൾക്കും മാറ്റങ്ങൾക്കുമനുസരിച്ച് മാറാവതല്ല. പ്രവാചകൻെറ അടുത്ത് വന്ന് ഒരാൾ പറയുകയുണ്ടായി:

പ്രവാചകൻﷺയിൽ നിന്ന് :

جاء رجلٌ إلى رسول الله ﷺ فقال: يَا رَسُولَ اللَّهِ إِنَّ لِي قَرَابَةً أَصِلُهُمْ وَيَقْطَعُونِي وَأُحْسِنُ إِلَيْهِمْ وَيُسِيئُونَ إِلَيَّ وَأَحْلُمُ عَنْهُمْ وَيَجْهَلُونَ عَلَيَّ ؟

(١) أخرجه أحمد ١٣٢/٤ وابن ماجه في سننه: ١٢٠٧/٢-١٢٠٨، برقم (٣٦٦١)، وهو حسن بطرقه.

(٢) أي يبارك له في عمره.

(٣) أخرجه البخاري في صحيحه –مع الفتح-: ٤١٥/١٠، برقم (٥٩٨٦)، ومسلم: ١٩٨٢/٤، برقم (٢٥٥٧).

فَقَالَ: «لَئِنْ كُنْتَ كَمَا قُلْتَ فَكَأَنَّمَا تُسِفُّهُمُ الْمَلَّ[1] وَلاَ يَزَالُ مَعَكَ مِنْ اللَّهِ ظَهِيرٌ عَلَيْهِمْ مَا دُمْتَ عَلَى ذَلِكَ»[2]،

"അല്ലാഹുവിൻെറ തിരുദൂതരെ, എനിക്ക് അടുത്ത ബന്ധുക്കളുണ്ട്, അവരോട് ഞാൻ ബന്ധം ചേർക്കുമ്പോഴൊക്കെ അവർ അത് മുറിച്ച് കളയുന്നു, അവരോട് ഞാൻ നന്മ ചെയ്യുമ്പോഴെക്കെ അവർ എന്നിലേക്ക് തിന്മയാണ് പകരം നൽകുന്നത്, ഞാൻ അവരോട് സഹിഷ്ണുത കാണിക്കുമ്പോൾ അവർ അവിവേകം പ്രവർത്തിക്കുകയും ചെയ്യുന്നു? അപ്പോൾ തിരുമേനി പറഞ്ഞു: നീ പറഞ്ഞത്പോലെയാണ് നിൻെറ അവസ്ഥയെങ്കിൽ നീ അവരെ ചൂടുള്ള ചാരമാകുന്നു ഭക്ഷിപ്പിക്കുന്നത്. നീ ഈ അവസ്ഥയിലാരിക്കുമ്പോഴെക്കെ അല്ലാഹു അവർക്കെതിരിൽ നിൻെറ കൂടെയുണ്ടായിരിക്കുന്നതാണ്" ഇതാണ് ഇസ്‌ലാമിലുള്ള കുടുംബ ബന്ധത്തിനുള്ള പ്രത്യേകത, വിശ്വാസം ഉൾകൊള്ളാത്ത സമൂഹത്തിൽ സ്വന്തം താൽപര്യത്തിന് വേണ്ടിയോ, ഭൗതികമായ നേട്ടത്തിന് വേണ്ടിയോ അല്ലാതെ ഒരു സഹായ ഹസ്തവും നീളുന്നില്ല. അങ്ങിനെയുള്ള ഉപകാരം നിലക്കുകയാണെങ്കിൽ അവിടെ ബന്ധം വിഛേദിക്കുകയും ശത്രുത ഉടലെടുക്കുകയും ചെയ്യും. മതാപിതാക്കളോടുള്ള കടമയെ ഇസ്‌ലാം മഹത്തരമാക്കുകയും, അവർക്ക് നന്മ ചെയ്യുന്നതിനെ നിർബ്ബന്ധമാക്കുകയും ചെയ്തിരിക്കുന്നു. അവർ രണ്ട് പേരുമാണ് അടുത്തവരിൽ ഏറ്റവും അടുത്തവർ, ഉന്നതനായ അല്ലാഹുവിൻെറ അവകാശം കഴിഞ്ഞാൽ അനിവാര്യമായിട്ടുള്ള അവകാശം ഇവരുടേതാകുന്നു. അല്ലാഹു പറയുന്നു:

﴿ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ۚ إِمَّا يَبْلُغَنَّ عِندَكَ ٱلْكِبَرَ أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ﴿٢٣﴾ وَٱخْفِضْ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا ﴿٢٤﴾ ﴾ (الإسراء: ٢٣-٢٤)

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു. (മാതാപി

(١) أي كأنما تطعمهم الرماد الحار.

(٢) أخرجه مسلم: ١٩٨٢/٤، برقم (٢٥٥٨).

താക്കളിൽ) ഒരാളോ അവരിൽ രണ്ട് പേരും തന്നെയോ നിൻെറ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ "ഛേ" എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എൻെറ രക്ഷിതാവെ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" (ഇസ്രാഅ്: 23-24)

മാതാപിതാക്കളെ ബഹുമാനിക്കുവാനും ആദരിക്കുവാനും അല്ലാഹു കൽപിക്കുന്നു, പ്രത്യേകിച്ച് അവരുടെ ശക്തി ക്ഷയിക്കുകയോ, വാർദ്ധക്യം പ്രാപിക്കുകയോ ചെയ്യുമ്പോൾ മക്കൾ മാതാപിതാക്കൾ അവർക്ക് മുമ്പ് നൽകിയ നന്മയെപ്പറ്റി ഓർക്കുകയും, ചെറുപ്പത്തിൽ പോറ്റി വളർത്തിയതിന് പകരമായി അവർക്ക് കാരുണ്യത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്. മാത്രമല്ല; അവരോട് വിനയവും, അനുകമ്പ കാണിക്കുകയും, അവരെ അനുസരിക്കുകയും, അവരുടെ കൽപനകൾ ധിക്കാതിരിക്കുകയും ചെയ്യേണ്ടതുണ്ട്. തീർന്നില്ല; അവർ രണ്ട് പേരും ഉദ്ദേശിച്ചത് പ്രവർത്തിച്ചതിന് ശേഷം എന്തെങ്കിലും കൽപിക്കുകയാണെങ്കിൽ അതിനെതിരിൽ വെറുപ്പ് പ്രകടിപ്പിക്കൽ പോലും മക്കൾക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു.

മാതാപിതാക്കളെ ധിക്കരിക്കുന്നവർക്കും, അവരോട് മോശമായി പെരുമാറുന്നവർക്കും പെട്ടെന്ന് തന്നെ അവരെ അല്ലാഹുവിൻെറ ശിക്ഷ പിടികൂടുമെന്ന് പ്രവാചക ചര്യയിൽ വന്നിരിക്കുന്നു.

പ്രവാചകൻﷺയിൽ നിന്ന് :

قال ﷺ: «مَا مِنْ ذَنْبٍ أَجْدَرُ أَنْ يُعَجِّلَ اللَّهُ لِصَاحِبِهِ الْعُقُوبَةَ فِي الدُّنْيَا مَعَ مَا يَدَّخِرُ لَهُ فِي الآخِرَةِ مِنْ الْبَغْيِ وَقَطِيعَةِ الرَّحِمِ»(١).

"പരലോകത്തേക്ക് ശിക്ഷ നീട്ടിവെച്ചതോടൊപ്പം ദുൻയാവിൽ വെച്ച്തന്നെ പെട്ടെന്ന് അല്ലാഹു ശിക്ഷ നൽകുവാൻ കുടുംബ ബന്ധം മുറിക്കുന്നതിനേക്കാളും, അക്രമത്തേക്കാളും കൂടുതൽ ആർഹമായ മറ്റൊരു പാപവും ഇല്ല"

മാതാപിതാക്കൾ മരിച്ച് കഴിഞ്ഞാൽ പോലും ഒരു സന്താനം മാതാപിതാക്കളോട് നന്മ ചെയ്യുന്നത് തുടർന്ന് കൊണ്ടിരിക്കണമെന്ന് ഇസ്‌ലാം കൽപിക്കുന്നു എന്ന കാര്യം അൽഭുതകരമാണ്. അത് അവർക്ക് വേണ്ടി പ്രാർത്ഥിക്കുക, അവരുടെ വസ്വിയ്യത്തുകൾ നടപ്പിലാക്കു

(١) أخرجه الترمذي في سننه: ٥٧٣/٤، برقم (٢٥١١)، وأبو داود في سننه: ٢٠٨/٥، برقم (٤٩٠٢)، وابن ماجه في سننه: ١٤٠٨/٢، برقم (٤٢١١)، وهو حديث صحيح.

ക, അവരുടെ കൂട്ടുകാരെ ബഹുമാനിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുക തുടങ്ങിയവയിലൂടെയാണ്.

പ്രവാചകൻﷺയിൽ നിന്ന് :

ومن يحبانه، قال رسول الله ﷺ: «إِنَّ أَبَرَّ الْبِرِّ صِلَةُ الْوَلَدِ أَهْلَ وُدِّ أَبِيهِ»[1].

"പുണ്യത്തിൽ ഏറ്റവും ഉത്തമമായ പുണ്യം തന്റെ പിതാവിന്റെ സ്നേഹിതന്മാരോട് ബന്ധം ചേർക്കുന്നതാകുന്നു"

ബന്ധുക്കളോട് പുണ്യം ചെയ്യുന്നതിന്റെയും, കുടുംബ ബന്ധം ചേർക്കുന്നതിന്റെയും പ്രയോജനത്തിൽ പെട്ടതാണ് മുസ്ലിം സമൂഹം തമ്മിലുള്ള ബന്ധവും. ശക്തിയും, ഐക്യവും ശക്തിപ്പെടുക എന്നുള്ളത്.

## സഹനവും, കോപം ഒതുക്കലും:

സഹനം ഈ മതത്തിന്റെ സമ്പൂർണതയിൽ പെട്ടതാകുന്നു, ദേഷ്യം ഒതുക്കുകയെന്നത് സത്സ്വഭാവത്തിന്റെ അടിത്തറയാകുന്നു. മുൻകോപിക്ക് പ്രയാസം സഹിക്കുവാനോ, ചീത്ത സ്വഭാവത്തിൽ നിന്ന് സ്വന്തം മനസിനെ പിടിച്ച്നിറുത്തുവാനോ കഴിയില്ല, മാത്രവുമല്ല അവന് നല്ല രൂപത്തിൽ പെരുമാറുവാനോ, സൽസ്വഭാവിയാകുവാനോ കഴിയില്ല. അതിനാലാണ് സഹനമവലംബിക്കുവാനും, ദേഷ്യത്തെ പിടിച്ച് നിറുത്തുവാനും ഇസ്ലാം കൽപിക്കുന്നത്. അല്ലാഹു പറയുന്നു:

﴿ وَسَارِعُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا ٱلسَّمَٰوَٰتُ وَٱلۡأَرۡضُ أُعِدَّتۡ لِلۡمُتَّقِينَ ﴿١٣٣﴾ ٱلَّذِينَ يُنفِقُونَ فِي ٱلسَّرَّآءِ وَٱلضَّرَّآءِ وَٱلۡكَٰظِمِينَ ٱلۡغَيۡظَ وَٱلۡعَافِينَ عَنِ ٱلنَّاسِۗ وَٱللَّهُ يُحِبُّ ٱلۡمُحۡسِنِينَ ﴿١٣٤﴾ ﴾ (آل عمران:١٣٣-١٣٤).

"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലാമയ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ദൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ട പാലിക്കുന്നവർക്കുവേണ്ടി ഒരുക്കി

(١) أخرجه مسلم: ١٩٧٩/٤،برقم (٢٥٥٢).

വെക്കപ്പെട്ടതത്രേ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാന ധർമ്മങ്ങൾ ചെയ്യുകയും കോപം ഒതുക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി (അത്തരം) സൽക്കർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു" (ആലു ഇംറാൻ:133-134)

വിനയം എന്നുള്ളത് അല്ലാഹു ഇഷ്ടപ്പെടുന്ന സ്വഭാവമാകുന്നുവെന്ന് പ്രവാചക തിരുമേനിﷺ അരുൾ ചെയ്തിരിക്കുന്നു. സ്വഹാബികളിൽ പെട്ട അഷ്ജ് അബ്ദുൽ ഖൈസിനോട് പറയുന്നു:

، فقال ﷺ لأشج عبد القيس – وهو رجل من الصحابة –: «إِنَّ فِيكَ خَصْلَتَيْنِ يُحِبُّهُمَا اللَّهُ الْحِلْمُ وَالأَنَاةُ»(١).

"അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് സ്വഭാവം നിന്നിലുണ്ട് അത് വിനയവും, സഹനവുമാകുന്നു"

ദേഷ്യം എല്ലാ തിന്മകളും ഒരുമിച്ച് കൂട്ടുന്നു. ബുദ്ധിമാനും മാന്യനുമായ വ്യക്തി പോലും ദേഷ്യമുള്ള സമയത്ത് നീചമായ പ്രവർത്തനങ്ങളും, വൻകുറ്റകൃത്യങ്ങളും ചിലപ്പോൾ ചെയ്തേക്കാൻ സാധ്യതയുണ്ട്. അത്കൊണ്ടാണ് എന്നെ ഉപദേശിക്കണമെന്ന് പറഞ്ഞ്കൊണ്ട് പ്രവാചകൻെറ അടുത്ത് വന്ന വ്യക്തിയോട് പ്രവാചകൻﷺ പറഞ്ഞത്:

، قَالَ: «لا تَغْضَبْ» فَرَدَّدَ مِرَارًا قَالَ: «لا تَغْضَبْ»(٢).

"നീ കോപിക്കരുത്, അത് ആവർത്തിച്ചു, വീണ്ടും പ്രവാചകൻ പറഞ്ഞു: നീ കോപിക്കരുത്"

ഉപദ്രവങ്ങളിൽ ക്ഷമിക്കുവാനും, ഹൃദയവിശാലത കൈവരിക്കുവാനും, വിവേകമവലംബിക്കുവാനും ഇസ്‌ലാം ഒരു മുസ്‌ലിമിനെ പ്രേരിപ്പിക്കുന്നു, കാരണം ഒന്നാമതായി അത് മനസിന് സമാധാനം നൽകുന്നു. ദേഷ്യമുള്ളവൻ എപ്പോഴും മന:പ്രയാസത്തിലും, വിഷമത്തിലുമായിരിക്കും. രണ്ടാമതായി ഈ സ്വഭാവമുള്ളവർ ജനങ്ങൾ അവനെ സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുന്നു, ഇനി ആരെങ്കിലും അവനോട് മോശമായി പെരുമാറിയാൽ അവൻ അത് സഹിക്കുകയും, അവനത് വിട്ട്വീഴ്ച നൽകുകയും ചെയ്താൽ തെറ്റ് ചെയ്തവൻ സ്വന്തത്തിനെ പഴിക്കുകയും, ചെയ്തതിൽ ദു:ഖിക്കുകയും ചെയ്യുന്നതാണ്.

ഇസ്‌ലാമിക ശരീഅത്ത് സമ്പൂർണമാണ്, മനുഷ്യന് ആവശ്യമുള്ള മുഴുവൻ കാര്യങ്ങളിലേക്കും അത് വഴിനടത്തുന്നു. വിനയം കാണിക്കണമെന്ന് പറഞ്ഞ്കൊണ്ട് അവസാനിപ്പിക്കുകയല്ല ഇസ്‌ലാമിക

(١) أخرجه مسلم: ٤٨/١، برقم (١٧).

(٢) أخرجه البخاري في صحيحه –مع الفتح–: ٥١٩/١٠، برقم (٦١١٦).

ശരീഅത്ത് ചെയ്യുന്നത്, മറിച്ച് കോപം ലഘൂകരിക്കുവാനും, ഇല്ലാതാക്കുവാനും കോപത്താൽ വല്ലതും സംഭവിക്കുകയാണെങ്കിൽ തന്നെ അതിൻെറ സ്വാധീനം ലഘൂകരിക്കുവാും ഉപയുക്തമായ കാര്യങ്ങൾ കൊണ്ട് മുസ്ലിമിനെ അത് ഉണർത്തുകയും ചെയ്യുന്നു. കോപമുള്ളവനോട് ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിനോട് രക്ഷ ചോദിക്കുവാൻ നിർദ്ദേശിക്കുന്നു. കാരണമത് പിശാചിൻെറ ഉപദ്രവത്തിൽ പെട്ടതാകുന്നു. അത്പോലെ കോപിക്കുന്നവനോട് അംഗശുദ്ധി വരുത്തുവാൻ കൽപിക്കുന്നു, കാരണം വെള്ളം ദേശ്യത്തിൻെറ ചൂടിനെ തണുപ്പിക്കുന്നു. കോപിക്കുന്നവനോട് അവൻ നിൽക്കുന്നവനാണെങ്കിൽ ഇരിക്കുവാൻ കൽപിക്കുന്നു, എന്നിട്ടും അവന് കോപം ശമിപ്പിക്കുവാൻ കഴിയില്ലെങ്കിൽ അവൻ കിടക്കട്ടെ, കാരണം നിൽക്കുന്നവനാണ് കൂടുതൽ ചലിക്കുവാനും, പിടിക്കുവാനും മറ്റും കഴിയുക. ഇരിക്കുന്നവന് അത്രയും സാധിക്കില്ല, കിടക്കുകയാണെങ്കിൽ അതിന് സാധിക്കുക തന്നെയില്ല. അത് കൊണ്ട് തന്നെ കോപമുള്ളവന് ഖേദമുണ്ടാകുന്ന യാതൊന്നും സംഭവിക്കാതിരിക്കുവാനായി കോപമുള്ളവനോട് ഇരിക്കുവാനും കിടക്കുവാനും കൽപിക്കുന്നത്.

എന്നാൽ ചിലസമയത്ത് കോപം സ്തുത്യർഹമായി തീരും, അത് അവനെ തെറ്റുകൾ കൊണ്ട് ക്ഷീണിപ്പിക്കുകയും, നിഷിദ്ധമായ കാര്യങ്ങൾ അവനെ മൂടുകയും ചെയ്യുമ്പോൾ അല്ലാഹുവിന് വേണ്ടിയുള്ള കോപമാകുന്നു അത്. വഴക്ക് പറയുന്നതിൽ നിന്നും, ചീത്ത പറയുക തുടങ്ങിയവയിൽ നിന്നും തൻെറ നാവിനെ സൂക്ഷിക്കുക എന്ന ഇസ്ലാമിൻെറ നിയമം ജീവിതത്തിൽ പകർത്തുകയെന്ന നിബന്ധനയോടെ ഈ സന്ദർഭത്തിൽ ഇസ്ലാമിക ശരീഅത്ത് അവനെ പുകഴ്ത്തുന്നു. അല്ലാഹുവിൻെറ നിയമങ്ങളെ ധിക്കരിക്കുന്നതിൽ നിന്നും വിട്ട് നിന്നാൽ അവൻെറ ആക്ഷേപവും അതോടെ നീങ്ങിപോകുന്നു. അല്ലാഹുവിൻെറ നിയമങ്ങളെ അവഗണിച്ചപ്പോഴല്ലാതെ മുഹമ്മദ്(സ) ഒരിക്കലും സ്വന്തം കാര്യങ്ങൾക്ക് വേണ്ടി ഒരിക്കലും പകരം വീട്ടുകയോ കോപിക്കുകയോ ചെയ്തിട്ടില്ല. ഇത് വിശ്വാസികളുടെ മാതാവായ ആയിശാ(റ) പറയുന്നതായി നമുക്ക് കാണാവുന്നതാണ്. (ബുഖാരി- നമ്പർ: 3560 - മുസ്ലിം- നമ്പർ - 2327)

## നന്ദി:

ഈ ശരീഅത്തിൻെറ സൗന്ദര്യത്തിൽ പെട്ടതാണ് വിശ്വാസിയെ നന്ദി ചെയ്യുവാൻ പ്രാപ്തനാക്കുന്നുവെന്നത്, അനുഗ്രഹ ദാതാവിൻെറ അനുഗ്രഹം തിരിച്ചറിയുകയും, നന്മചെയ്യുന്നവർക്ക് സുന്ദരമായി പ്രതികരിക്കുകയും ചെയ്യുക എന്നത് മാന്യമായ സ്വഭാവവും, സുന്ദര വിശേഷണവുമാകുന്നു. എന്നാൽ അനുഗ്രഹം നൽകുന്നവനോട് ചീത്തയായ രൂപത്തിൽ പ്രതികരിക്കുകയും, നിഷേധിക്കുകയും, തള്ളിപറയുകയും ചെയ്യുകയാണെങ്കിൽ അത് ചീത്ത വിശേഷണത്തിൽ

പെട്ടതാകുന്നു. മാത്രമല്ല ഇങ്ങനെ ചെയ്യുന്നവനെ മൃഗത്തിനേക്കാളും താഴ്ന്ന നിലവാരത്തിലേക്കാണ് കൊണ്ടെത്തിക്കുന്നത്.

ഇസ്‌ലാം ഒരു മുസ്‌ലിമിനെ നന്മ ചെയ്യുക, നന്ദിചെയ്യുക എന്ന കാര്യം ജീവിതത്തിൽ സൂക്ഷിക്കുവാനായി ഒരു പൊതു നിയമം പഠിപ്പിക്കുന്നതുണ്ട്. അല്ലാഹു പറയുന്നു:

فقال تعالى: ﴿هَلْ جَزَآءُ ٱلْإِحْسَـٰنِ إِلَّا ٱلْإِحْسَـٰنُ ﴿٦٠﴾﴾ (الرحمن:٦٠)

"നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്ത് കൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?" (റഹ്മാൻ:60) ആരാണ് നന്മ ചെയ്യുന്നത് അവനോടും നന്മ ചെയ്യുക. അത്കൊണ്ട് തന്നെയാണ് ആരാണോ ഈ ദുൻയാവിൽ നന്മ ചെയ്യുന്നത് അവന് അല്ലാഹു പരലോകത്ത് അവന് നന്മ നൽകുകയും, സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുമെന്ന് വാഗ്ദാനം നൽകുന്നു. അല്ലാഹു പറയുന്നു:

﴿مَنْ عَمِلَ صَـٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾﴾

(النحل:٩٧).

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായി കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്തു" (നഹ്ൽ:97)

ഈ മഹത്തായ സ്വഭാവപരമായ പൊതുനിയമം യാഥാർത്ഥ്യമാക്കുന്നതിനായി അല്ലാഹു അവൻെറ അടിമകളോട് നന്ദി ചെയ്യുവാൻ കൽപിക്കുന്നു, കാരണം അവനാണ് പരിപൂർണമായ അനുഗ്രഹങ്ങളും, വിശാലമായ സൗകര്യങ്ങളും ഒരുക്കി തന്നിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُلُوا۟ مِن طَيِّبَـٰتِ مَا رَزَقْنَـٰكُمْ وَٱشْكُرُوا۟ لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١٧٢﴾﴾ (البقرة:١٧٢).

"സത്യവിശ്വാസികളെ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ച് കൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക, അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ" (അൽബഖറ: 172)

താൻ ഉണ്ടാവാൻ(അല്ലാഹു കഴിഞ്ഞാൽ) തന്നെ കാരണക്കാരായ മാതാപിതാക്കളോട് നന്മ ചെയ്യുവാനായി അല്ലാഹു അടിമകളോട് കൽപിക്കുന്നു, കാരണം മാതാപിതാക്കൾ തന്നെ ഗർഭം ചുമക്കുക, വളർത്തുക, തനിക്ക് വേണ്ടി ചിലവഴിക്കുക, തനിക്ക് നന്മ ചെയ്ത് തരിക പോലെയുള്ള അനേകം നന്മകൾ നൽകിയതിന് പകരമായി നാം അവർക്ക് നന്മ ചെയ്യുക. അല്ലാഹു പറയുന്നു:

﴿ وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَـٰلُهُۥ فِى عَامَيْنِ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ إِلَىَّ ٱلْمَصِيرُ ﴿١٤﴾ ﴾ (لقمان:١٤).

“മനുഷ്യന് തൻെറ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവൻെറ മുലകുടി നിർത്തുന്നതാകട്ടെ രണ്ട് വർഷം കൊണ്ടുമാണ്- എന്നോടും നിൻെറ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ. എൻെറ അടുത്തേക്കാണ് (നിൻെറ) മടക്കം” (ലുഖ്മാൻ: 14)

പൊതുവെ ജനങ്ങളോട് പരസ്പരം നന്ദി ചെയ്യുവാൻ കൽപിക്കുന്നു, നന്മ ചെയ്യുന്നവന് പ്രാർത്ഥന കൊണ്ടും, പകരം പ്രതിഫലം നൽകി കൊണ്ടും, അവന് നന്മ നൽകികൊണ്ടും പകരമായി നല്ല രൂപത്തിൽ പ്രത്യുത്തരം നൽകണമെന്ന് കൽപിക്കുന്നു. പ്രവാചകൻ(സ) പറയുന്നു:

قالﷺ: «مَنْ لاَ يَشْكُرُ النَّاسَ لاَ يَشْكُرُ اللَّهَ» (١)،

“ജനങ്ങളോട് നന്ദി കാണിക്കാത്തവനോട് അല്ലാഹു നന്ദി കാണിക്കുകയില്ല”

പ്രവാചകൻ(ﷺ) പറയുന്നു:

وقال ﷺ: «مَنْ صَنَعَ إِلَيْكُمْ مَعْرُوفًا فَكَافِئُوهُ فَإِنْ لَمْ تَجِدُوا مَا تُكَافِئُونَهُ فَادْعُوا لَهُ حَتَّى تَرَوْا أَنَّكُمْ قَدْ كَافَأْتُمُوهُ» (٢).

“ആരെങ്കിലും നിങ്ങളിലേക്ക് വല്ല നന്മയും ചെയ്താൽ നിങ്ങൾ അതിന് പ്രതിഫലം നൽകുക, ഇനി നിങ്ങൾക്ക് അതിന് പകരമായി

(١) أخرجه أبو داود في سننه: ٥/١٥٧-١٥٨، برقم (٤٨١١)، والترمذي في سننه: ٤/ ٢٩٨-٢٩٩، برقم (١٩٥٤)، وإسناده صحيح.

(٢) أخرجه أبو داود في سننه: ٢/٣١٠، برقم (١٦٧٢)، والنسائي في سننه: ٥/٨٧، برقم (٢٥٦٧)، وإسناده صحيح.

പ്രതിഫലം നൽകുവാൻ സാധിച്ചില്ലായെങ്കിൽ, അവന് പ്രതിഫലം നൽകിയെന്ന് തോന്നുന്നത് വരെ അവന് വേണ്ടി പ്രാർത്ഥിക്കുക”

മുസ്‌ലീങ്ങൾ തങ്ങളുടെ മതനിയമങ്ങൾ മുറുകെ പിടിച്ച് കൊണ്ട് ജീവിക്കുകയാണങ്കിൽ ആ സമൂഹം സൗഭാഗ്യത്തോടെ ശാന്തമായി ജീവിക്കുന്ന സമൂഹമായിരിക്കും, കാരണം ആരാണോ നന്മ ചെയ്തത് അവന് നന്ദി ലഭിക്കും, ആരാണോ തിന്മ ചെയ്തത് അവനോട് ക്ഷമിക്കുകയും, അവന് വിട്ട്വീഴ്ച ലഭിക്കുകയും ചെയ്യും, ഈ കാര്യം ജനങ്ങളോട് എപ്പോഴും നന്മ ചെയ്യുവാൻ പ്രേരണ നൽകുന്നു, നേരെമറിച്ച് നിഷേധവും, ആക്ഷേപവുമാണ് വ്യാപിക്കുന്നതെങ്കിൽ ജനങ്ങൾ പരസ്പരം നന്മ ചെയ്യുന്നത് നിറുത്തി വെക്കുകതന്നെ ചെയ്യുന്നതാണ്.

വിശ്വാസിയായ ഒരു വ്യക്തിക്ക് മറ്റുള്ളയാളുകൾക്ക് ലഭിക്കാത്ത സൗഭാഗ്യമാണ് ലഭിക്കുക, കാരണം അവന് ഒരു നന്മ ലഭിച്ചാൽ അവൻ അതിന് അല്ലാഹുവിന് നന്ദി ചെയ്യുന്നു, അപ്പോൾ അവന് നന്മ വർദ്ദിച്ച് കൊണ്ടേയിരിക്കും, എന്നാൽ അവന് ഒരു വിപത്ത് ബാധിക്കുകയാണെങ്കിൽ അവൻ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യും, അത്കൊണ്ട് തന്നെ അവനെ ആ വിപത്ത് ഉപദ്രവമുണ്ടാക്കുകയോ, സ്വാധീനം ചെലുത്തുകയോ ചെയ്യില്ല. പ്രവാചകൻ(ﷺ) പറയുന്നു:

قال ﷺ: «عَجَبًا لأَمْرِ الْمُؤْمِنِ إِنَّ أَمْرَهُ كُلَّهُ خَيْرٌ وَلَيْسَ ذَاكَ لأَحَـــدٍ إِلاَّ لِلْمُؤْمِنِ إِنْ أَصَابَتْهُ سَرَّاءُ شَكَرَ فَكَانَ خَيْرًا لَهُ وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فَكَانَ خَيْرًا لَهُ»(١)

“ഒരു വിശ്വാസിയുടെ കാര്യം അത്ഭുതകരമാണ്, അവൻെറ മുഴുവൻ കാര്യങ്ങളും അവന് നന്മയാണ് നൽകുന്നത്. ഇത് വിശ്വാസിക്കല്ലാതെ ലഭിക്കുകയില്ല. വല്ല നന്മയും ലഭിക്കുകയാണെങ്കിൽ അവനതി ന് നന്ദി കാണിക്കുന്നു അതവന് നന്മയാണ്, വല്ല ബുദ്ധിമുട്ടുകളും ബാധിക്കുകയാണെങ്കിൽ അവനതിൽ ക്ഷമിക്കുന്നു, അതും അവന് നന്മയായി ഭവിക്കുന്നു”

## ലജ്ജ:

ഈ മതത്തിൻെറ ഉന്നതവും, ഉദാത്തവുമായ കാര്യത്തിൽ പെട്ടതാണ് അത് ലജ്ജ എന്ന സ്വഭാവം വേണമെന്ന് കൽപിക്കുന്നത്. കാരണം എല്ലാ മതത്തിനും ഒരു സ്വഭാവം ഉണ്ട്, ഇസ്‌ലാമിൻെറ സ്വഭാവം ലജ്ജയാകുന്നു.

(١) أخرجه مسلم: ٤/٢٢٩٥، برقم (٢٩٩٩).

قال رسول الله ﷺ (١)

പ്രവാചകൻ(ﷺ) പറഞ്ഞത് പോലെ ലജ്ജ നന്മയല്ലാതെ കൊണ്ട് വരുകയില്ല, അനേകം നന്മയും, പ്രധാനപ്പെട്ട സ്ഥാനവും, മഹത്വരവും, ഉന്നതവും, ശ്രേഷ്ടവുമായ സ്വഭാവമാണ് ലജ്ജ, മാത്രമല്ല അത് മനുഷ്യത്വത്തിൻെറ പ്രത്യേകതയുമാണ്, ലജ്ജയില്ലാത്തവൻെറ കൂടെ യാതൊരു നന്മയും ഉണ്ടാകാത്തത്പേലെ തന്നെ രൂപസാദൃശയമുള്ള രക്തവും മാംസവും മാത്രമേ അവൻെറ കൂടെയു ണ്ടാവുകയുള്ളൂ, അവന് മനുഷ്യത്വമുണ്ടാവുകയില്ല. ലജ്ജ എന്ന സ്വഭാവം ഇല്ലായിരുന്നെങ്കിൽ അതിഥി ആദരിക്കപ്പെടുകയോ, കരാർ പാലിക്കപ്പെടുകയോ, വിശ്വസിച്ചേൽപിച്ചത് തിരിച്ചേൽപിക്കുകയോ, ഒരാളുടെയും ആവശ്യം നിറവേറ്റപ്പെടുകയോ, മനുഷ്യൻ ഭംഗിക്ക് വേണ്ടി പരിശ്രമിക്കുകയോ, ചീത്തകാര്യങ്ങൾ ഉപേക്ഷിക്കുവാൻ ശ്രമിക്കുകയോ, നഗ്നത മറക്കുകയോ, മ്ളേഛകാര്യങ്ങൾ തടയുകയോ ചെയ്യുമായിരുന്നില്ല. ലജ്ജ എന്ന ഉൽകൃഷ്ട സ്വഭാവം ഇല്ലായിരുന്നുവെങ്കിൽ അധികമാളുകളും നിർബ്ബന്ധമായ കാര്യം ചെയ്യുകയോ, സൃഷ്ടികൾക്ക് അവരുടെ അവകാശം നൽകുകയോ കുടുംബ ബന്ധം ചേർക്കുകയോ മാതാപിതാക്കളോട് നന്മ ചെയ്യുകയോ ചെയ്യുമായിരുന്നില്ല. ഈ പ്രവർത്തനങ്ങളുടെയെല്ലാം മതപരമായ പ്രേരകം സ്തുത്യർഹമായ പര്യാവസാനം പ്രതീക്ഷിക്കലാണ്, അല്ലെങ്കിൽ ഇഹലോകത്തെ നന്മയായിരിക്കും അവൻ പ്രതീക്ഷിക്കുന്നത്, സൃഷ്ടികളിൽ നിന്നോ സൃഷ്ടാവിൽ നിന്നോ ഉള്ള ലജ്ജ ഇല്ലായിരുന്നില്ലെങ്കിൽ ഒരാളും ഒരുകാര്യവും പ്രവർത്തിക്കുമായിരുന്നില്ല എന്ന് വ്യക്തമായിരിക്കുന്നു.

ഇത്കൊണ്ടാണ് പ്രവാചകൻെറ അരികിലൂടെ കടന്ന്പോയ അൻസാരികളിൽ പെട്ട ഒരു വ്യക്തി അവൻെറ സഹോദരനെ ലജ്ജ എന്ന സ്വഭാവം കൊണ്ട് ഉപദേശിക്കുന്നയവസരത്തിൽ പ്രവാചകൻﷺ പറഞ്ഞു:

فَقَالَ رَسُولُ اللَّهِ ﷺ: «دَعْهُ فَإِنَّ الْحَيَاءَ مِنْ الإِيمَانِ»(٢)،

“അവനെ നീ വിടുക, കാരണം ലജ്ജ വിശ്വാസത്തിൽ പെട്ടതാണ്” വീണ്ടും പ്രവാചകൻ പറയുന്നു:

وقال ﷺ: «إِنَّ مِمَّا أَدْرَكَ النَّاسُ مِنْ كَلامِ النُّبُوَّةِ إِذَا لَمْ تَسْتَحْيِ فَافْعَلْ

---

(١) أخرجه البخاري في صحيحه –مع الفتح-: ٥٢١/١٠، برقم (٦١١٧)، ومسلم: ٦٤/١، برقم (٣٧).

(٢) أخرجه البخاري في صحيحه –مع الفتح-: ٧٤/١، برقم (٢٤)، ومسلم:٦٣/١، بـــرقم (٣٦).

مَا شِئْتَ»[1]

“പ്രവാചകത്വത്തിൻെറ വചനങ്ങളിൽ നിന്ന് ജനങ്ങൾ മനസിലാക്കിയതാണ്, ലജജയില്ലെങ്കിൽ നീ ഇഷ്ടമുള്ളത് പ്രവർത്തിക്കുകയെന്നത്” അതായത് ലജ്ജ നഷ്ടപ്പെട്ടവൻ ചെയ്യുന്നതിൽ നല്ലതോ, ചീത്തയോ എന്ന് പരിഗണിക്കുകയില്ലായെന്നർത്ഥം.

## പാതിവൃതയും, ചാരിത്യം സൂക്ഷിക്കലും:

ലോക രക്ഷിതാവിൽ നിന്ന് അവതീർണമായ ഈ മതത്തിൻെറ പ്രത്യേകതയിൽ പെട്ടതാണ്, അത് ശ്രേഷ്ടവും, വിശുദ്ധിയും, ചാരിത്രശുദ്ധിയും, അമൂല്യവും, ഉന്നതിയുമുള്ള ഒരു സമൂഹത്തെയാണ് വളർത്തിയെടുക്കുന്നത് എന്ന യാഥാർത്ഥ്യം. ഇതാണ് സമൂഹത്തിൻെറ നാഗരികതക്കും പുരോഗതിക്കും അടിത്തറയേകുന്നത്, ഇസ്‌ലാം ഈ കാര്യത്തിന് വളരെ വലിയ പരിഗണനയാണ് നൽകിയിരിക്കുന്നത്, മനുഷ്യ പ്രകൃതിയിൽ ഊട്ടപ്പെട്ട ആഗ്രഹങ്ങളും, ഇഛകളും പൂർത്തീകരിക്കുന്ന രൂപത്തിൽ സന്തുലിതവും, അമൂല്യവുമായിട്ടുള്ള നിയമങ്ങളാണ് ഇസ്‌ലാം ഇതിന് നിയമമാക്കിയിട്ടുള്ളത്, അത്പോലെ അവനെ മ്ളേഛകാര്യങ്ങളിൽ നിന്നും, ചീത്തപ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു, ഇതിൽ യാതൊരു സംശയവും ഇല്ല, കാരണം ഈ മതം അവതീർണമായത് സൃഷ്ടികളുടെ ആവശ്യവും, അവർക്ക് ഉപകാരമുള്ള കാര്യങ്ങൾ ഏന്താണെന്ന് അറിയുകയും ചെയ്യുന്ന സൃഷ്ടാവിൽ നിന്നാകുന്നു. ഇത് സ്ഥാപിച്ച് കൊണ്ട് അല്ലാഹു പറയുന്നു:

﴿ أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ۝١٤ ﴾ (الملك:١٤).

“സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു”(മുൽക്:14)

ഇവ്വിഷയകമായി ഇസ്‌ലാം കൊണ്ടുവന്നിട്ടുള്ള അടിസ്ഥാന തത്വങ്ങളേയും ചിന്തകളേയും പറ്റിയുള്ള ചർച്ച വിവിധ തലങ്ങൾ ഉൾകൊള്ളുന്നതാണ്. അതിനാൽ വ്യക്തിയേയും സമൂഹത്തെയും, ചാരിത്ര ശുദ്ധിയിലും, സൽഗുണങ്ങളിലും വളർത്തിയെടുക്കുന്നതിന് ഇസ്‌ലാം സ്വീകരിച്ച മാർഗം വ്യക്തമാക്കുന്ന, ലളിതമായ ചില ഉദാഹരണങ്ങൾ പറഞ്ഞ് കൊണ്ട് ഞാൻ മതിയാക്കുകയാണ്.

അല്ലാഹു വിശ്വാസികളോട് തങ്ങളുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുവാൻ കൽപിക്കുകയും, അതിന് പകരമായി അവർക്ക് സ്വർഗം വാഗ്ദാനം നൽകുകയും ചെയ്യുന്നു, അല്ലാഹു പറയുന്നു:

---

(١) أخرجه البخاري في صحيحه -مع الفتح-: ٦/٥١٥، برقم (٣٤٨٣).

﴿ قُل لِّلْمُؤْمِنِينَ يَغُضُّوا۟ مِنْ أَبْصَـٰرِهِمْ وَيَحْفَظُوا۟ فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ إِنَّ ٱللَّهَ خَبِيرٌۢ بِمَا يَصْنَعُونَ ﴿٣٠﴾ ﴾ (النور: ٣٠)

“(നബിയെ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു” (നൂർ:30) അല്ലാഹു ഇവിടെ ഗുഹ്യാവയവം സൂക്ഷിക്കുവാനും, ദൃഷ്ടികൾ താഴ്ത്തുവാനും - അത് ഗുഹ്യാവയവം സൂക്ഷിക്കുവാൻ സഹായകമാണ്- അതിൽ മാതൃകയുള്ളവരാകുവാനും കൽപിക്കുന്നു, കാരണം അതാണ് അവൻെറ മതത്തിൽ കൂടുതൽ തഖ്‌വയുള്ളവനാവാനും, ഹൃദയങ്ങൾക്ക് ശുദ്ധി വരുത്തുവാനും ഏറ്റവും ഗുണകരമായിട്ടുള്ളത്.

ഇഹലോകത്ത് ആരാണോ നിഷിദ്ധമായ കാര്യങ്ങളിൽ നിന്ന് തൻെറ ചാരിത്ര്യം കാത്ത് സൂക്ഷിക്കുന്നത് അവന് സ്വർഗീയസുന്ദരികളേയാണ് വാഗ്ദാനം നൽകുന്നത്, അവർ സ്ത്രീകളിൽ വെച്ച് ഏറ്റവും സുന്ദരികളാകുന്നു, ഇതാണ് ഇസ്‌ലാമും മറ്റു വ്യവസ്ഥകളും തമ്മിലുള്ള വിത്യാസം. മനുഷ്യ നിർമ്മിതമായ പ്രത്യായശാസ്ത്രത്തിൽ ഒരു വ്യക്തി ചീത്ത പ്രവർത്തനങ്ങൾ നിയമത്തിൻെറ ശിക്ഷയെ പേടിച്ച് കൊണ്ടോ, അല്ലെങ്കിൽ അപമാനിതനാവുകയോ, വഷളാവുകയോ ചെയ്യുമെന്ന ഭയത്താലോ ഉപേക്ഷിക്കുകയും, ഇതൊന്നുമില്ലാത്ത അവസരം സംജാതമായാൽ അവനത് ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഇസ്‌ലാമിൽ ഒരുത്തൻ ഇങ്ങനെ ചെയ്യാതിരിക്കുന്നത് അല്ലാഹുവിൻെറ തൃപ്തി ലഭിക്കുവാനും, പരലോകത്ത് അവന് വാഗ്ദാനം ചെയ്തകാര്യം നേടിയെടുക്കുവാനും വേണ്ടിയാകുന്നു. അവനെ സൃഷ്ടികളിൽ നിന്ന് ആരും ദർശിക്കുന്നില്ലെങ്കിലും അവനതിൽ നിന്ന് വിട്ട് നിൽക്കുന്നു, കാരണം അവനാഗ്രഹിക്കുന്നത് സൃഷ്ടികളുടെ റബ്ബിനെയാണ്, അവൻ (അല്ലാഹു) തൻെറ എല്ലാ അവസ്ഥകളെയും കാണുന്നവനാകുന്നു.

ചാരിത്ര്യം സംരക്ഷിക്കുന്നതിന് വേണ്ടി ഇസ്‌ലാമിക ശരീഅത്ത് സ്ത്രീകളോട് പർദ്ദയും, മറയും സ്വീകരിക്കുവാനും, പുരുഷന്മാരെ കുഴപ്പത്തിലാക്കാതാരിക്കുവാനായി അവരുടെ ഭംഗി പ്രകടിപ്പിക്കുവാൻ അനുവാദമില്ലാത്തവരിൽ നിന്ന് മറക്കുവാനും കൽപിക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَقُل لِّلْمُؤْمِنَـٰتِ يَغْضُضْنَ مِنْ أَبْصَـٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ﴾ (النور: ٣١).

“സത്യ വിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക” (നൂർ:31)

ഇസ്ലാമിക ശരീഅത്ത് ഇതിന് വേണ്ടി യുവാക്കളോട് അവരുടെ ആഗ്രഹങ്ങൾ ശമിപ്പിക്കുവാനും, നിഷിദ്ധങ്ങളിലേക്ക് വഴുതി പോകാതിരിക്കുവാനുമായി പെട്ടെന്ന് വിവാഹം കഴിക്കുവാൻ കൽപിക്കുന്നു, ഇനി വിവാഹം കഴിക്കുവാൻ കഴിയത്തവരോട് അല്ലാഹുവിനുള്ള ആരാധനയായി അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്ന വൃതമനുഷ്ടിക്കുവാൻ കൽപിക്കുന്നു, കാരണം നോമ്പ് അവൻെറ ആഗ്രഹത്തെ ലഘൂകരിക്കുന്നു. പ്രവാചകൻ(സ) പറയുന്നു:

، قال ﷺ: «يَا مَعْشَرَ الشَّبَابِ مَنْ اسْتَطَاعَ مِنْكُمْ الْبَاءَةَ فَلْيَتَزَوَّجْ فَإِنَّهُ أَغَضُّ لِلْبَصَرِ وَأَحْصَنُ لِلْفَرْجِ وَمَنْ لَمْ يَسْتَطِعْ فَعَلَيْهِ بِالصَّوْمِ فَإِنَّهُ لَهُ وِجَاءٌ»(1).

“അല്ലയോ യുവാക്കളെ, നിങ്ങൾക്ക് വിവാഹം കഴിക്കുവാനുള്ള ശേഷി എത്തിക്കഴിഞ്ഞാൽ നിങ്ങൾ വിവാഹം കഴിക്കുക, കാരണം അതാണ് ദൃഷ്ടികൾ താഴ്തുവാനും, ഗുഹ്യാവയവത്തെ സൂക്ഷിക്കുവാനും ഏറ്റവും നല്ലത്, ആർക്കെങ്കിലും അതിന് സാധ്യമല്ലെങ്കിൽ അവൻ വൃതമനുഷ്ടിക്കട്ടെ, അതവന് ഒരു പരിചയാകുന്നു”

ചാരിത്ര്യം സംരക്ഷിക്കുന്നത് കൊണ്ട് ഇഹലോകത്തത് രോഗങ്ങളിൽ നിന്ന് ശരീരത്തിൻെറ ആരോഗ്യത്തെയും, സമൂഹത്തെ രക്ഷപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിൽ രോഗങ്ങൾ പടരുവാൻ കാരണമായി ഡോക്ടർമാർ പറയുന്നത് വ്യഭിചാരമാകുന്നു എന്നാണ്.

ചാരിത്ര്യമില്ലായ്മയും, വ്യഭിചാരവും വ്യാപകമായതിൻെറ ഫലമായി കുറ്റകൃത്യങ്ങൾ വ്യാഭിക്കുകയും, കുടുംബ ബന്ധങ്ങളും, പിതൃ പരമ്പരയും ശിഥിലമാവുകയും ചെയ്തിരിക്കുന്നു.

ചാരിത്ര്യം നഷ്ടപ്പെട്ട സമൂഹം കുഴപ്പങ്ങൾ അധികരിച്ച, രോഗം ബാധിച്ച, ഉന്നതിയിൽ നിന്ന് അഗാധതയിലേക്ക് കൂപ്പ് കുത്തിയ സമൂഹമാകുന്നു, മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വേർതിരിക്കുന്ന ഘടകം ചാരിത്ര്യ ശുദ്ധിയാകുന്നു.

## മുസ്ലീങ്ങളുടെ ന്യൂനതകൾ മറച്ച് വെക്കുക:

ഇസ്ലാം മതം കാരുണ്യത്തിൻെയും, അനുകമ്പയുടെയും മ

(١) أخرجه البخاري في صحيحه –مع الفتح-: ١١٩/٤، برقم (١٩٠٥)، ومسلم: ١٠١٨/٢-١٠١٩، برقم (١٤٠٠).

തമാണ്, എളുപ്പത്തിന്‍റെയും, പ്രയാസത്തിന്‍റെതല്ല. ഒരു മുസ്‌ലിം അല്ലാഹുവിന്‍റെ നിയമമനുസരിച്ച് ജീവിക്കുകയും എന്നിട്ട് അവനിൽ നിന്ന് വല്ല തെറ്റുകളും സംഭവിച്ച് പോകുകയാണെങ്കിൽ അവനോട് പശ്ചാതാപിക്കുവാൻ കൽപിക്കുകയും ചെയ്യുന്നു, പശ്ചാതാപിക്കുക യാണെങ്കിൽ പശ്ചാതാപം അല്ലാഹു സ്വീകരിക്കുകയും, പാപം പൊ റുക്കപ്പെടുകയും ചെയ്യും. ഈ പാപം തന്‍റെ സഹോദരങ്ങളിൽ പെ ട്ട വല്ല മുസ്‌ലീങ്ങളും കണ്ടിട്ടുണ്ടെങ്കിൽ അവനോട് അത് പരസ്യപ്പെ ടുത്താതെ മറച്ച് വെക്കുവാനും, പാപം ചെയ്തവന് പശ്ചാതാപം എളുപ്പമാക്കി കൊടുക്കുവാനായി ജനങ്ങൾക്കിടയിൽ അത് പരസ്യ പ്പെടുത്തി അപമാനിക്കാതിരിക്കുവാനും കൽപിക്കുന്നു. ഒരു മുസ് ലിമിന് മറ്റൊരു മുസ്‌ലിമിന്‍റെ മേലുള്ള ബാധ്യതയാകുന്നു ന്യൂന തകൾ പരസ്യപ്പെടുത്താതെ രഹസ്യമാക്കി വെക്കുക എന്നത്. പ്രവാച കൻ ﷺ പറയുന്നു:

قال ﷺ: «مَنْ سَتَرَ مُسْلِمًا سَتَرَهُ اللَّهُ يَوْمَ الْقِيَامَةِ»(١).

“ആരെങ്കിലും മുസ്‌ലിമിന്‍റെ ന്യൂനത മറച്ച് വെക്കുകയാണെങ്കിൽ അ വസാനനാളിൽ അല്ലാഹു അവന്‍റെ ന്യൂനത മറച്ച്വെക്കുന്നതാണ്”

ഇസ്‌ലാമിക സമൂഹത്തിൽ ഓരോ വ്യക്തികളും ശാന്തതയോ ടെ, മനഃസമാധാനത്തോടെയാണ് ജീവിക്കുന്നത്, മറ്റു സമൂഹത്തിൽ നിലനിൽക്കുന്നത് പോലെ അന്യരുടെ തെറ്റുകൾ പെരുപ്പിച്ച് കാണി ക്കുന്നില്ല, വല്ല പിഴവുകളും സംഭവിക്കുകയാണെങ്കിൽ അത് മറച്ച് വെക്കപ്പെടുന്നു, ചെയ്തവനെ വഷളാക്കുന്നില്ല, അത്പൊലെ തന്നെ മനുഷ്യൻ അവന്‍റെ വീടുകളിൽ സുരക്ഷിതമാകുന്നു, അവന്‍റെ രഹ സ്യങ്ങളെയും നഗ്നതകളും ചുഴുഞ്ഞന്വോഷിക്കുവാൻ ആർക്കും ത ന്നെ അനുവാദമില്ല.

പ്രവാചകൻ ﷺ പറയുന്നു:

قال ﷺ: «يَا مَعْشَرَ مَنْ آمَنَ بِلِسَانِهِ وَلَمْ يَدْخُلْ الإِيمَانُ قَلْبَهُ لاَ تَغْتَابُوا الْمُسْلِمِينَ وَلاَ تَتَّبِعُوا عَوْرَاتِهِمْ فَإِنَّهُ مَنْ اتَّبَعَ عَوْرَاتِهِمْ يَتَّبِعُ اللَّهُ عَوْرَتَهُ وَمَنْ يَتَّبِعْ اللَّهُ عَوْرَتَهُ يَفْضَحْهُ فِي بَيْتِهِ»(٢).

(١) أخرجه البخاري في صحيحه –مع الفتح-: ٩٧/٥، برقم (٢٤٤٢)، ومسلم: ٤/ ١٩٩٦، برقم (٢٥٨٠).

(٢) أخرجه أبو داود في سننه: ١٩٤/٥، برقم (٤٨٨٠)، وأحمد في مسنده:٤٢١/٤، وسنده حسن.

“ഹൃദയത്തിൽ വിശ്വാസം പ്രവേശിക്കാതെ നാവ്കൊണ്ട് വിശ്വസിച്ച വരെ, നിങ്ങൾ മുസ്‌ലീങ്ങളെ സംബന്ധിച്ച് പരദൂഷണം പറയരുത്. അവരുടെ രഹസ്യങ്ങളെ നിങ്ങൾ ചുഴിഞ്ഞന്വോഷിക്കരുത്, ആരെങ്കിലും അവരുടെ രഹസ്യങ്ങളെ ചുഴിഞ്ഞന്വോഷിക്കുകയാണെങ്കിൽ അല്ലാഹു അവൻെറ രഹസ്യങ്ങളിലേക്ക് ചുഴിഞ്ഞന്വോഷിക്കുകയും, അവൻെറ വീട്ടിൽ അവനെ അപമാനപ്പെടുത്തുകയും ചെയ്യുന്നതാണ്”

മാത്രമല്ല, ഒരു അടിമ സ്വയം തന്നെ അപമാനപ്പെടുത്തുന്ന രൂപത്തിൽ പ്രവർത്തിച്ച പാപം സ്വന്തം തന്നെ രഹസ്യമാക്കുവാൻ കൽപിക്കുന്നു, ജനങ്ങളോട് അതിനെപ്പറ്റി സംസാരിക്കുവാനോ, അല്ലാഹു മറച്ച്വെച്ച കാര്യം വെളിപ്പെടുത്തുവാനോ പാടില്ലായെന്നും കൽപിക്കുന്നു. ഇത് അവനെ പശ്ചാതാപത്തിലേക്ക് പ്രേരിപ്പിക്കുന്നു, എന്നാൽ തെറ്റുകൾ ചെയ്ത് അത് പ്രചരിപ്പിച്ച് നടക്കുന്നവൻ തെറ്റുകളെ നിസ്സാരവൽക്കരിക്കുകയും, അതിൽ നിന്ന് പശ്ചാതാപിക്കാതിരിക്കുകയും ചെയ്യുന്നു. തെറ്റുകൾ മറച്ച്വെക്കുന്നത് മറ്റു മുസ്‌ലീങ്ങളുടെ അഭിമാനത്തെപോലും സംരക്ഷിക്കുന്നു, ഒരാൾ തെറ്റ് ചെയ്ത് അത് പ്രചരിപ്പിക്കുകയാണെക്കിൽ അത് സമുദായത്തിൻെറ മൊത്തം അഭിമാനത്തിനാണ് ക്ഷതമേൽപിക്കുന്നത്. തെറ്റുകൾ മറച്ച് വെക്കുന്നത് നിന്ദ്യതയിൽ നിന്നുള്ള സംരക്ഷണമാണ്. പ്രവാചകൻ(ﷺ) പറയുന്നു:

قال ﷺ: «كُلُّ أُمَّتِي مُعَافًى إِلاَّ الْمُجَاهِرِينَ وَإِنَّ مِنْ الْمُجَاهَرَةِ أَنْ يَعْمَلَ الرَّجُلُ بِاللَّيْلِ عَمَلاً ثُمَّ يُصْبِحَ وَقَدْ سَتَرَهُ اللَّهُ عَلَيْهِ فَيَقُولَ: يَا فُلاَنُ عَمِلْتُ الْبَارِحَةَ كَذَا وَكَذَا وَقَدْ بَاتَ يَسْتُرُهُ رَبُّهُ وَيُصْبِحُ يَكْشِفُ سِتْرَ اللَّهِ عَنْهُ»(١).

“എൻെറ സമൂഹത്തിലെ എല്ലാവർക്കും വിട്ട്വീഴ്ച ലഭിക്കും, തെറ്റുകൾ പരസ്യപ്പെടുത്തുന്നവർക്കൊഴികെ, പരസ്യപ്പെടുത്തുകയെന്ന് പറഞ്ഞാൽ ഒരു വ്യക്തി രാത്രിയിൽ എന്തെങ്കിലും പ്രവർത്തിക്കുന്നു, അല്ലാഹു അത് മറച്ച് വെക്കുകയും ചെയ്തു, എന്നിട്ടവൻ പറയും: അല്ലയോ മനുഷ്യ, ഞാൻ ഇന്നലെ രാത്രി ഇന്ന ഇന്ന കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്, അല്ലാഹു അത് മറച്ച്വെച്ചിരുന്ന രൂപത്തിലായിരുന്നു അവൻ രാത്രി കഴിച്ച് കൂട്ടിയത്, പക്ഷേ, നേരം വെളുത്തപ്പോൾ അവൻ സ്വയം തന്നെ അല്ലാഹുവിൻെറ മറ വെളിവാക്കുകയും ചെയ്തു”

തെറ്റുകളെ ഇല്ലായ്മ ചെയ്യുവാൻ ഇസ്‌ലാം സ്വീകരിച്ചിട്ടുള്ള മാർഗം അത്ഭുതാവഹമാണ്, അതിന് സൽപാന്ഥാവിൽ നിന്ന് പിഴച്ച് പോയിട്ടുള്ളവരെ നേർ മാർഗത്തിലാക്കുവാനും, നിഷിദ്ധമായ വഴിയിൽ തന്നെ സ്ഥിരമായി നിൽക്കാതെ അതിൽ നിന്ന്

(١) أخرجه البخاري في صحيحه –مع الفتح-: ٤٨٦/١٠، بـرقم (٦٠٦٩)، ومسـلم:٤/ ٢٢٩١، برقم (٢٩٩٠).

രക്ഷപ്പെടുവാനും, ആളുകളുടെ നാവിൽ നിന്ന് അഭിമാനത്തെ സുരക്ഷിതമാക്കുവാനും കഴിയുന്ന രൂപത്തിലുള്ളതാണ് ഇസ്‌ലാമിൻെറ നിയമങ്ങൾ.

സമൂഹത്തിൽ പടർന്ന് പിടിക്കുന്ന അനേകം രോഗങ്ങളിൽ നിന്നും, അത് സമൂഹത്തിൽ വ്യാപിച്ച് നാട്ടാചാരമായി പരിണമിക്കുന്നിൽ നിന്നും സമൂഹത്തെ രക്ഷിക്കുവാനുതകുന്ന ഒരു ഫലപ്രദമായ ചികിൽസ കൂടിയാണിത്. തെറ്റുകളും, ന്യൂനതകളും പരസ്പരം പ്രചരിപ്പിക്കുന്നത് സമൂഹത്തിനിടയിൽ വിദ്വോഷത്തിനും, പകവെക്കുവാനും, ഐക്യം തകർക്കുവാനും കാരണമാകുന്നത് പോലെ തന്നെ, അത് മറച്ച് വെക്കുകയാണെങ്കിൽ ജനങ്ങൾക്ക് പരസ്പരം സ്നേഹിക്കുവാനും, ആദരിക്കുവാനും സാധിക്കുന്നതാണ്.

## ഉപദേശം നൽകുക:

ഈ മതത്തിൻെറ ഉന്നതിയും മഹത്വവും വ്യക്തമാക്കുന്ന ഒരു കാര്യമാണ്, അത് വിശ്വാസികൾക്കിടയിൽ പരസ്പരം സദുപദേശം നൽകുവാൻ കൽപിക്കുന്നുവെന്നത്. ഒരോ മുസ്‌ലിമും തൻെറ സഹോദരനെ ഉപദേശിക്കുകയും, നന്മചെയ്യുവാൻ പ്രേരിപ്പിക്കുകയും, തിന്മയിൽ നിന്ന് അകറ്റുകയും ചെയ്യുന്നു.

ഉപദേശം വിശ്വാസികളുടെ അടയാളമാണ്. അല്ലാഹു പറയുന്നു:

﴿ وَٱلْعَصْرِ ۝١ إِنَّ ٱلْإِنسَٰنَ لَفِى خُسْرٍ ۝٢ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ ۝٣ ﴾ (العصر: ١-٣).

"കാലം തന്നെയാണ സത്യം, തീർച്ചയായും മനുഷ്യൻ നഷടത്തിൽ തന്നെയാകുന്നു, വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈകൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും, ക്ഷമ കൈകൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (അൽഅസ്വ്ര്: 1-3)

അല്ലാഹു ഈ ആയത്തിൽ വിശദീകരിക്കുന്നത് വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തുക്കുകയും, ക്ഷമകൊണ്ടും, സത്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്യാത്ത മുഴുവൻ മനുഷ്യരും തീരാ നഷ്ടത്തിലാകുന്നു എന്നാണ്.

ഒരു മുസ്‌ലിമിന് തൻെറ സഹോദരനോടുള്ള ബാധ്യതയായിട്ടാണ് ഉപദേശത്തെ ഇസ്‌ലാം നിർണ്ണയിച്ചിട്ടുള്ളത്. ജനങ്ങൾക്കിടയിൽ വഷളാക്കാതെ, തെറ്റുകളിൽ നിന്ന് മോചിപ്പിക്കുവാനായി അപരൻെറ ന്യൂനതകൾ അനുകമ്പയോടെ നിർമ്മലതയോടെ വിശദീകരിക്കുകയും, ഉണർത്തുകയും ചെയ്യേണ്ടതുണ്ട്. കാരണം അധികമാളുകളും സ്വന്തം തെറ്റുകളെ സംബന്ധിച്ച് അജ്ഞരാണ്, അത് കൊ

ണ്ട് തന്നെ സഹോദരനോട് അത് ഉപദേശിക്കുവാൻ കൽപിക്കുന്നു. പ്രവാചകൻ പറയുന്നു:

قالﷺ: «حَقُّ الْمُسْلِمِ عَلَى الْمُسْلِمِ سِتٌّ، قِيلَ: مَا هُنَّ يَا رَسُولَ اللَّهِ ؟ قَالَ: إِذَا لَقِيتَهُ فَسَلِّمْ عَلَيْهِ، وَإِذَا دَعَاكَ فَأَجِبْهُ، وَإِذَا اسْتَنْصَحَكَ فَانْصَحْ لَهُ، وَإِذَا عَطَسَ فَحَمِدَ اللَّهَ فَشَمِّتْهُ، وَإِذَا مَرِضَ فَعُدْهُ، وَإِذَا مَاتَ فَاتَّبِعْهُ»(١).

“ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്റെ മേലുള്ള ബാധ്യത ആറാണ്: ചോദിക്കപ്പെട്ടു: പ്രവാചകരെ; അവ ഏതെല്ലാമാണ്? പ്രവാചകൻﷺ പറഞ്ഞു: ‘കണ്ട് മുട്ടിയാൽ സലാം പറയുക, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക, ഉപദേശം ആവശ്യപ്പെട്ടാൽ ഉപദേശം നൽകുക, തുമ്മിയിട്ട് അല്ലാഹുവിനെ സ്തുതിക്കുകയാണെങ്കിൽ അവന്വേണ്ടി പ്രാർത്ഥിക്കുക, രോഗിയായാൽ സന്ദർശിക്കുക, മരിച്ചാൽ മയ്യത്തിനെ പിൻതുടരുക”

സംശയമില്ല, ഉപദേശിക്കുകയെന്നുള്ളത് സമൂഹത്തെ നന്നാക്കുന്നതിനുള്ള ഏറ്റവും വലിയ ഒരു മാർഗം തന്നെയാണ്, തെറ്റുകൾ വിമലീകരിക്കപ്പെടുന്നതും, ഉൽകൃഷ്ട സ്വഭാവം വ്യാപിപ്പിക്കുന്നതും, വഴിപിഴച്ചവൻ സന്മാർഗിയാവുന്നതും, അശ്രദ്ധനെ ഉണർത്തുന്നതും ഉപദേശം കൊണ്ട് തന്നെയാണ്.

## നിശ:ബ്ദതയും, നാവിനെ സൂക്ഷിക്കലും:

ഈ മതത്തിന്റെ സമ്പൂർണതയിൽ പെട്ടതാണ്, അത് നിരർത്ഥകവും ആകസ്മികവും, മ്ളേഛവുമായ സംസാരത്തെയും, തന്റെ നാവിനെയും സൂക്ഷിക്കുവാൻ കൽപിക്കുന്നു എന്നുള്ളത്. കാരണം നാവ് ചെറിയ അവയവമാണെങ്കിലും അത്കൊണ്ടുണ്ടാകുന്ന വിപത്തുകൾ വലുതും, ഭീകരവുമാണ്. ഇസ്‌ലാം മുസ്‌ലിമിനോട് നല്ലത് സംസാരിക്കുവാൻ കൽപിക്കുന്നതോടൊപ്പം തന്നെ നല്ലത് പറയുവാനില്ലെങ്കിൽ അവൻ തന്റെ നാവിനെ പിടിച്ച് വെക്കട്ടെയെന്നും കൽപിക്കുന്നു. സമാധാനത്തിന് തുല്ല്യമായി യാതൊന്നും തന്നെയില്ല. പ്രവാചകൻﷺ പറയുന്നു:

قال ﷺ: «مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ» (٢).

---

(١) أخرجه مسلم:١٧٠٥/٤، برقم (٢١٦٢).

(٢) أخرجه البخاري في صحيحه –مع الفتح-: ٤٤٥/١٠، برقم (٦٠١٨)، ومسلم:٦٨/١، برقم (٤٧).

"ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലത് സംസാരിക്കട്ടെ, അല്ലെങ്കിൽ നിശഃബ്ദനായിരിക്കട്ടെ"

മനുഷ്യൻ സംസാരിക്കുന്ന എല്ലാ സംസാരവും രേഖപ്പെടുത്തുകയും, അവസാന നാളിൽ അതിനെ സംബന്ധിച്ച് വിചാരണ ചെയ്യുമെന്നും വിശുദ്ധ ഖുർആൻ പറയുന്നു:

﴿ مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴿١٨﴾ ﴾ (ق:١٨).

"അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവൻെറയടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല" (ഖാഫ്:18)

നാവ്കൊണ്ടുണ്ടാവുന്ന അപകടത്തെ സൂക്ഷിക്കുവാൻ ഇസ്ലാം സ്വീകരിച്ചിട്ടുള്ള രീതി വളരെ ഉന്നതമായതാണ്, എത്രയെത്ര കലഹങ്ങളും, ഭിന്നതകളും, ശത്രുതയും, വിദ്വോഷവും, വെറുപ്പും, മാത്രമല്ല രക്തം ഒഴുക്കുന്ന രൂപത്തിലുള്ള യുദ്ധങ്ങൾ വരെ, അസ്ഥാനത്ത് പ്രയോഗിച്ച നിസ്സാരമായ ഒരു വാക്ക് കൊണ്ടുണ്ടായിട്ടുള്ളത്. ഇത് കൊണ്ട് തന്നെ ഇസ്ലാമിൻെറ ഈ കൽപന ശരീരത്തിനും, അഭിമാനത്തിനും, സമ്പത്തിനും സമാധാനം പ്രദാനം ചെയ്യുന്നതാകുന്നു.

നാവിൽ നിന്നും അനിവാര്യമല്ലാതെ വരുന്ന കാര്യങ്ങളെ തൊട്ട് ഇസ്ലാം താക്കീത് നൽകുന്നു:

■ - കളവിനെ ഇസ്ലാം വിരോധിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ച് നാം മുകളിൽ സത്യത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ സൂചിപ്പിച്ചിട്ടുണ്ട്.

■ - പരദൂഷണം വിരോധിച്ചിരിക്കുന്നു: മുസ്ലിമിൻെറ അസാനിധ്യത്തിൽ അവൻെറ വീഴ്ചകളെ കുറിച്ച് സംസാരിക്കലാണ് പരദൂഷണം. കാരണമത് മുസ്ലീങ്ങൾക്കിടയിലുള്ള സ്നേഹത്തിൻെറ കെട്ടുറപ്പിനെ തന്നെ മുറിച്ച് കളയുന്നതാണ്. മാത്രവുമല്ല, മുസ്ലീങ്ങൾക്കിടയിൽ തർക്കവും, അപരിചിതത്വവും വ്യാപിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അത് പരദൂഷണം പറഞ്ഞ വ്യക്തിയുടെ നിന്ദ്യതയേയും, ന്യൂനതയേയുമാണ് സൂചിപ്പിക്കുന്നത്.

പ്രവാചകൻﷺ പറയുന്നു:

قال ﷺ: «أَتَدْرُونَ مَا الْغِيبَةُ ؟» قَالُوا: اللَّهُ وَرَسُولُهُ أَعْلَمُ. قَالَ: «ذِكْرُكَ أَخَاكَ بِمَا يَكْرَهُ » قِيلَ: أَفَرَأَيْتَ إِنْ كَانَ فِي أَخِي مَا أَقُولُ ؟. قَالَ: «إِنْ كَانَ فِيهِ مَا تَقُولُ فَقَدْ اغْتَبْتَهُ، وَإِنْ لَمْ يَكُنْ فِيهِ ما تقول فَقَدْ بَهَتَّهُ»[1].

"പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയുമോ?, അവർ പറഞ്ഞു: 'അല്ലാഹുവും, അവൻെറ പ്രവാചകനും അറിയും' തിരുമേനി പറഞ്ഞു:

---

(١) أخرجه مسلم:٤/٢٠٠١، برقم (٢٥٨٩).

'നിൻെറ സഹോദരനെപ്പറ്റി അവൻ വെറുക്കുന്ന കാര്യം പറയലാണ്' പറയപ്പെട്ടു: ഞാൻ പറയുന്നത് എൻെറ സഹോദരനിൽ ഉണ്ടങ്കിലോ? തിരുമേനി പറഞ്ഞു: നീ പറയുന്നത് അവനിൽ ഉണ്ടെങ്കിൽ നീ അവനെപ്പറ്റി പരദൂഷണം പറഞ്ഞു, ഇനി അവനിൽ നീ പറയുന്നത് ഇല്ലെങ്കിൽ നീ കളവ് പറഞ്ഞു"

■- ഏഷണി വിരോധിച്ചിരിക്കുന്നു. കുഴപ്പം ഉണ്ടാക്കുവാനായി ജനങ്ങളുടെ വാർത്തകൾ മറ്റുള്ളവർക്കിടയിൽ പ്രചരിപ്പിക്കലാണ് ഏഷണി. ഇത് സഹോദര്യമുള്ളവർക്കിടയിൽ ശത്രുതയുടെ തീ നാളം ഊതി കത്തിക്കുകയും, സ്നേഹത്തിൻെറയും, സാഹോദര്യത്തിൻെറയും എല്ലാ കണികകളും ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. ഏഷണിക്കാരൻെറ നിന്ദ്യതയേയും, നീച പ്രവർത്തിയേയുമാണ് അത് അനാവരണം ചെയ്യുന്നത്. ഇത് കൊണ്ടാണ് പ്രവാചകൻ ﷺ പറയുന്നത്:

ولذا قال ﷺ: «لاَ يَدْخُلُ الْجَنَّةَ نَمَّامٌ» (١).

"ഏഷണിക്കാരൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല"

■- പരിഹസിക്കലും, കളിയാക്കലും വിരോധിച്ചിരിക്കുന്നു: ഇത് മനുഷ്യൻെറ അവകാശങ്ങളെ നിഷേധിക്കലും, സമൂഹത്തിൻെറ കെട്ടുറപ്പിനെ തകർക്കലുമാകുന്നു, മാത്രമല്ല പരിഹസിക്കപ്പെട്ട വ്യക്തിക്ക് പരിഹസിച്ച വ്യക്തിയോട് പകയും, പകരം വീട്ടുവാനുള്ള വാശിയും ഉണ്ടാവും. അങ്ങിനെ അവൻ പകരം വീട്ടുവാൻ പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا يَسْخَرْ قَوْمٌ مِّن قَوْمٍ عَسَىٰٓ أَن يَكُونُوا۟ خَيْرًا مِّنْهُمْ وَلَا نِسَآءٌ مِّن نِّسَآءٍ عَسَىٰٓ أَن يَكُنَّ خَيْرًا مِّنْهُنَّ ۖ وَلَا تَلْمِزُوٓا۟ أَنفُسَكُمْ وَلَا تَنَابَزُوا۟ بِٱلْأَلْقَـٰبِ ۖ بِئْسَ ٱلِٱسْمُ ٱلْفُسُوقُ بَعْدَ ٱلْإِيمَـٰنِ ۚ وَمَن لَّمْ يَتُبْ فَأُو۟لَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ﴿١١﴾ ﴾ (الحجرات: ١١).

"സത്യവിശ്വാസികളെ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരുവിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരേക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്ത്‌വാക്ക്

(١) أخرجه البخاري في صحيحه –مع الفتح-: ١٠/٤٧٢، برقم (٦٠٥٦)، ومسلم: ١/ ١٠١، برقم (١٠٥).

പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈകൊണ്ടതിനുശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാതാപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ" (ഹുജുറാത്ത്:11)

■ - കള്ള സാക്ഷ്യം വിരോധിച്ചിരിക്കുന്നു: സമ്പത്ത് കൊള്ളയടിക്കുവാനോ, അല്ലെങ്കിൽ ഒരാളെ നശിപ്പിക്കുവാനോ വേണ്ടി അയാഥാർത്ഥ്യം സ്ഥാപിക്കുവാനായി കള്ള സത്യം ചെയ്യലാണിത്. കള്ളസാക്ഷ്യം ജനങ്ങളെ അക്രമിക്കുകയും, അവരുടെ അവകാശങ്ങളെ നിഷേധിക്കുകയും, നീതിയുടെയും, ന്യായത്തിൻെറയും ചിഹ്നങ്ങളെ ഇല്ലായ്മ ചെയ്യുകയും, അത്പോലെ അതൊരു സമൂഹ തിന്മയാവുകയും, സമൂഹത്തിൽ കുഴപ്പങ്ങൾ വ്യാപിക്കുകയും, തകർക്കുകയും ചെയ്യുന്നുവെന്ന് മാത്രമല്ല സമാധാനത്തിൻെറ സ്തംഭത്തെ തന്നെ തകർക്കുകയും, ശാന്തിയെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു.

പ്രവാചകൻﷺ പറയുന്നത്:

قال ﷺ: «أَلاَ أُنَبِّئُكُمْ بِأَكْبَرِ الْكَبَائِرِ» ثَلاَثًا ؟ قَالُوا: بَلَى يَا رَسُولَ اللَّهِ، قَالَ: «الإِشْرَاكُ بِاللَّهِ وَعُقُوقُ الْوَالِدَيْنِ» - وَجَلَسَ وَكَانَ مُتَّكِئًا - فَقَالَ: «أَلاَ وَقَوْلُ الزُّورِ» قَالَ الراوي: ( فَمَا زَالَ يُكَرِّرُهَا حَتَّى قُلْنَا لَيْتَهُ سَكَتَ)(١).

"ഞാൻ നിങ്ങൾക്ക് ഏറ്റവും വലിയ വൻപാപങ്ങളെ സംബന്ധിച്ച് അറിയിച്ച് തരട്ടെയോ, (ഇത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു)? അവർ പറഞ്ഞു: അല്ലാഹുവിൻെറ റസൂലേ, അതെ, തിരുമേനിﷺ പറഞ്ഞു: അല്ലാഹുവിൽ പങ്ക് ചേർക്കുക, മാതാപിതാക്കളെ നിന്ദിക്കുക,- തിരുമേനിﷺ ചാരി ഇരിക്കുന്നതിൽ നിന്നും നേരെ ശരിക്കും ഇരുന്നു- എന്നിട്ട് പറഞ്ഞു: അറിയുക, 'കള്ളസത്യം' ഹദീസ് റിപ്പോർട്ട് ചെയ്തയാൾ പറയുന്നു: 'പ്രവാചകൻﷺ ഒന്ന് നിശബ്ദനായിരുന്നവെങ്കിൽ എന്ന് തോന്നുന്നത് വരെ അതാവർത്തിച്ച് കൊണ്ടേയിരുന്നു' "

■- നിരർത്ഥകമായ തർക്കങ്ങളും, വാഗ്വോദങ്ങളും, കുതർക്കങ്ങളും നിരോധിച്ചിരിക്കുന്നു: കാരണം അത് ശത്രുതയിലേക്കുള്ള വഴിയാണ്. ആരുടെയെങ്കിലും ചര്യ കുതർക്കമാണെങ്കിൽ സത്യത്തിലേക്ക് സന്മാർഗം പ്രാപിക്കൽ വളരെ വിരളമായിരിക്കും. അല്ലാഹു പറയുന്നു:

---

(١) أخرجه البخاري في صحيحه –مع الفتح-: ٥/٢٦١، برقم (٢٦٥٤)، ومسلم:١/٩١، برقم (٨٧).

﴿ وَلَا تُجَٰدِلُوٓاْ أَهۡلَ ٱلۡكِتَٰبِ إِلَّا بِٱلَّتِي هِيَ أَحۡسَنُ إِلَّا ٱلَّذِينَ ظَلَمُواْ مِنۡهُمۡۖ وَقُولُوٓاْ ءَامَنَّا بِٱلَّذِيٓ أُنزِلَ إِلَيۡنَا وَأُنزِلَ إِلَيۡكُمۡ وَإِلَٰهُنَا وَإِلَٰهُكُمۡ وَٰحِدٞ وَنَحۡنُ لَهُۥ مُسۡلِمُونَ ﴿٤٦﴾ ﴾ (العنكبوت:٤٦)

"വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്- അവരിൽ നിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന് കീഴ്പ്പെട്ടവരുമാകുന്നു" (അൻകബൂത്:46)

## കരാർ പാലനം:

ഈ മതത്തിൻെറ നന്മകളിൽ പെട്ടതാണ് കരാർ പാലിക്കുവാൻ കൽപിക്കുന്നുവെന്നുള്ളത്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَوۡفُواْ بِٱلۡعُقُودِ ﴾ (المائدة:١)

"സത്യ വിശ്വാസികളെ നിങ്ങൾ കരാറുകൾ നിറവേറ്റുക" (മാഇദ:1)
അല്ലാഹു വീണ്ടും പറയുന്നു:

وَأَوۡفُواْ بِٱلۡعَهۡدِۖ إِنَّ ٱلۡعَهۡدَ كَانَ مَسۡـُٔولٗا ﴿٣٤﴾ ﴾ (الإسراء: ٣٤).

"നിങ്ങൾ കരാറ് നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്" (ഇസ്രാഅ്: 34)

കരാർ പാലിക്കുക എന്നത് ഇസ്‌ലാമിക സമൂഹമെന്ന കെട്ടിടത്തിൻെറ അടിത്തറയാണ്, കാരണം എല്ലാ ഇടപാടുകളിലും ഇത് ഉൾകൊള്ളുന്നുണ്ട്, എല്ലാ പെരുമാറ്റങ്ങളും, സാമൂഹിക ബന്ധങ്ങളും, വാഗ്ദാനങ്ങളും, കരാറുകളും നിലനിൽക്കുന്നത് കരാർ പാലിക്കുക എന്നതിലാണ്. അത് പാലിക്കപ്പെടുന്നില്ലായെങ്കിൽ പരസ്പര വിശ്വാസം നഷ്ടപ്പെടുകയും, ഇടപാടുകൾ ചീത്തയാവുക എന്ന് മാത്രമല്ല, വിദ്വേഷമായിരിക്കും അവരെ നയിക്കുക. വഞ്ചനയും, ചതിയും, കരാർ ലംഘനവും വിശ്വാസികളുടെ സ്വഭാവത്തിൽ പെട്ടതല്ലായെന്നാണ് പ്രവാചകൻﷺ അറിയിച്ച് തന്നത്. മറിച്ച് അത് കപട വിശ്വാസികളുടെ സ്വഭാവമാകുന്നു. പ്രവാചകൻﷺ പറയുന്നു:

قال ﷺ: «أَرْبَعٌ مَنْ كُنَّ فِيهِ كَانَ مُنَافِقًا خَالِصًا وَمَنْ كَانَتْ فِيهِ خَصْلَةٌ

مِنْهُنَّ كَانَتْ فِيهِ خَصْلَةٌ مِنْ النِّفَاقِ حَتَّى يَدَعَهَا إِذَا اؤْتُمِنَ خَانَ وَإِذَا حَدَّثَ كَذَبَ وَإِذَا عَاهَدَ غَدَرَ وَإِذَا خَاصَمَ فَجَرَ» (١).

“ആരിലെങ്കിലും നാല് കാര്യങ്ങൾ ഉണ്ടെങ്കിൽ അവൻ തനി കപടവിശ്വാസിയായിരിക്കും, ആരിലെങ്കിലും ഒരു കാര്യം ഉണ്ടെങ്കിൽ അത് ഉപേക്ഷിക്കുന്നത് വരെ അവനിൽ കാപട്യത്തിൻെറ ഒരു സ്വഭാവം ഉണ്ടായിരിക്കും, വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ് പറയുക, കരാർ ചെയ്താൽ വഞ്ചിക്കുക, തർക്കിച്ചാൽ ചീത്തപറയുക”

ഇസ്‌ലാം വിരോധിച്ച വഞ്ചന എന്നുള്ള സ്വഭാവം മനസിനെ ചീത്തയാക്കുകയും, നിന്ദിക്കുകയും ചെയ്യുന്നു എന്നുള്ളതിൽ യാതൊരു സംശയവും ഇല്ല. ഈ സ്വഭാവമുള്ള വ്യക്തിയെ സമൂഹം വെറുക്കുകയും, അവനെ തൊട്ട് ജനങ്ങളെ താക്കീത് നൽകുകയും, അവനുമായി യാതൊരു ഇടപാടും നടത്തുകയുമില്ല.

കരാർ പാലിക്കപ്പെടുക എന്ന സ്വഭാവത്തിൽ പടുത്തുയർത്തപ്പെട്ട സമൂഹം പരസ്പരം വിശ്വസിക്കുകയും, സഹായിക്കുകയും ചെയ്യുന്ന ശക്തരായ സമൂഹമായിരിക്കും, അവരെ ശത്രുക്കൾ ഭയപ്പെടുന്നു, കാരണം അവർ എന്തെങ്കിലും പറഞ്ഞാൽ പ്രവർത്തിക്കുകതന്നെ ചെയ്യുന്നതാണ്.

## അനാഥ സംരക്ഷണം:

ഇസ്‌ലാമിക നിയമ സംഹിത സമൂഹത്തിലെ മുഴുവൻ വ്യക്തി കളെയും, എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുകയും, ഓരോരുത്തരു ടെയും അവകാശങ്ങൾ അവർക്ക് നൽകുകയും ചെയ്യുന്ന പരിപൂ ർണ നിയമങ്ങളുമായിട്ടാണ് വന്നിട്ടുള്ളത്. ഇതിൽ പെട്ടതാണ് രക്ഷി താക്കൾ നഷ്ടപ്പെട്ട അനാഥകളുടെ അവകാശങ്ങൾ പരിഗണിക്കുന്നു വെന്നത്. കാരണം രക്ഷിതാക്കൾ നഷ്ടപ്പെട്ട ചെറിയ കുരുന്നുമക്കൾ രക്ഷിതാവിൻെറ വാൽസല്യം നഷ്ടപ്പെടുകയും, തനിക്കാവശ്യമുള്ളത് തടയപ്പെടുകയും, അല്ലാഹുവിൻെറ സഹായമല്ലാത്ത മറ്റു സഹായ ഹസ്തങ്ങൾ അസ്തമിക്കുകയും ചെയ്താവരാണ് അവർ. യതീമിനെ പരിഗണിക്കുകയും, സംരക്ഷിക്കുകയും, ഏറ്റെടുക്കുകയും ചെയ്യുന്നവർക്ക് വളരെ വലിയ ശ്രേഷ്ടതയാണ് ഇസ്‌ലാമിക ശരീഅത്ത് വാഗ്ദാനം നൽകുന്നത്. പ്രവാചകൻ പറയുന്നു:

فقال ﷺ: «كَافِلُ الْيَتِيمِ لَهُ أَوْ لِغَيْرِهِ أَنَا وَهُوَ كَهَاتَيْنِ فِي الْجَنَّةِ»، وَأَشَارَ

(١) أخرجه البخاري في صحيحه –مع الفتح-: ٨٩/١، برقم (٣٤)، ومسلم: ٧٨/١، بـــرقم (٥٨).

رواه مالك: بالسَّبَّابَةِ وَالْوُسْطَى (١).

“അനാഥയെ സംരക്ഷിക്കുന്നവനും, ഞാനും സ്വർഗത്തിൽ ഇവ രണ്ടിൻെറയും പോലെയാണ്” ഇത് റിപ്പോർട്ട് ചെയ്ത റാവിയാ മാലിക് തൻെറ ചൂണ്ടു വിരലും നടുവിരലും കൂട്ടി പിടിക്കുകയുണ്ടായി”

അനാഥയെ ബുദ്ധിമുട്ടിക്കുന്നവനെ താക്കീത് ചെയ്ത് കൊണ്ടുള്ള ഒരുപാട് ആയത്തുകൾ അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ കാണാൻ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:

﴿ فَأَمَّا ٱلۡيَتِيمَ فَلَا تَقۡهَرۡ ۝٩ ﴾ (الضحى:٩)

“എന്നിരിക്കെ, അനാഥയെ നീ അടിച്ചമർത്തരുത്” (സുഹാ:9) അല്ലാഹു പറയുന്നു:

﴿ أَرَءَيۡتَ ٱلَّذِي يُكَذِّبُ بِٱلدِّينِ ۝١ فَذَٰلِكَ ٱلَّذِي يَدُعُّ ٱلۡيَتِيمَ ۝٢ ﴾ (الماعون:١-٢)

“മതത്തെ വ്യാജമാക്കുന്നവനാരെന്ന് നീ കണ്ടുവോ? അനാഥകുട്ടിയെ തള്ളിക്കളയുന്നവനത്രെ അവൻ” (മാഊൻ: 1-2) അതായത് അനാഥയെ ആട്ടിയോടിക്കുന്നവനും, അവനെ അക്രമിക്കുന്നവനും, അവനെ ഭക്ഷിപ്പിക്കാത്തവനും, അവന് നന്മ ചെയ്യാത്തവനുമാണ് മതത്തെ കളവാക്കുന്നവൻ. അല്ലാഹു പറയുന്നു:

﴿ إِنَّ ٱلَّذِينَ يَأۡكُلُونَ أَمۡوَٰلَ ٱلۡيَتَٰمَىٰ ظُلۡمًا إِنَّمَا يَأۡكُلُونَ فِي بُطُونِهِمۡ نَارٗاۖ وَسَيَصۡلَوۡنَ سَعِيرٗا ۝١٠ ﴾ (النساء:١٠).

“തീർച്ചയായും അനാഥകളുടെ സ്വത്തുകൾ അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നു (നിറക്കു)ന്നത് തീ മാത്രമാകുന്നു. പിന്നീട് അവർ നരകത്തിൽ കത്തിയെരിയുന്നതുമാണ്” (നിസാഅ്:10)

അനാഥകളെ ഏറ്റെടക്കുന്ന സമൂഹത്തിലെ വ്യക്തികളോരോരുത്തരും കാരുണ്യവും, സ്നേഹവും, പരസ്പര ഐക്യവും വ്യപിക്കുന്ന സമൂഹം കെട്ടിപടുക്കുന്നതിന് വേണ്ടിയാണ് പരിശ്രമിക്കുന്നത്.

അനാഥകളെ അവഗണിക്കുന്നത് മുഖേന കുഴപ്പവും, ഉപദ്രവവും വ്യാപിക്കുവാൻ സാധ്യതയുണ്ട്, കാരണം അനാഥയെ സംരക്ഷിക്കുവാനും, സംസ്കരിക്കുവാനും ഒരു രക്ഷിതാവില്ലെങ്കിൽ അവൻ വഴികേടിൽ വളരുകയും, തിന്മകളുടെ വാക്താക്കൾ അവനെ തട്ടിയെ

(١) أخرجه مسلم:٤/٢٢٨٧، برقم (٢٩٨٣).

ടുക്കുകയും അവനെ വഴിപ്പിക്കുകയും ചെയ്യും. ഇത്കൊണ്ടാണ് അനാഥയെ ഇസ്‌ലാം ഇത്രമാത്രം പരിഗണിക്കുവാൻ കാരണം.

## ചിലവഴിക്കുന്നതിൽ മിതത്വം പാലിക്കൽ:

ഈ മതത്തിൻെറ നന്മയിൽ പെട്ടതാണ് മുസ്‌ലിമിനോട് ചില വഴിക്കുന്നതിൽ മിതത്വം പാലിക്കണം എന്ന് കൽപിക്കുന്നതോടൊപ്പം തന്നെ തൻെറ പാർപ്പിടത്തിലും, വസ്ത്രത്തിലും, ഭക്ഷണ പാനീയത്തിലും ഇസ്‌ലാം നിർണ്ണയിച്ച പരിധി ലംഘിക്കരുത് എന്ന് താക്കിത് നൽകുകയും ചെയ്യുന്നൂവെന്നത്. ചിലവഴിക്കുന്നതിൻെറ അടിസ്ഥാനം തൻെറ ആവശ്യത്തിന് ചിലവഴിക്കുകയും, ആവശ്യത്തിനപ്പുറം ചിലവഴിക്കാതിരിക്കലുമാണ്. കാരണം തൻെറ ആവശ്യത്തിനപ്പുറം ചിലവഴിക്കുക എന്നത് സമ്പത്ത് യാതൊരു ഉപയോഗവുമില്ലാതെ പാഴാക്കികളയലും, ഉപയോഗ ശൂന്യമാക്കലുമാണ്. അല്ലാഹു പറയുന്നു:

﴿ يَٰبَنِيٓ ءَادَمَ خُذُواْ زِينَتَكُمۡ عِندَ كُلِّ مَسۡجِدٖ وَكُلُواْ وَٱشۡرَبُواْ وَلَا تُسۡرِفُوٓاْۚ إِنَّهُۥ لَا يُحِبُّ ٱلۡمُسۡرِفِينَ ٣١ ﴾ (لأعراف:٣١)

"ആദം സന്തതികളെ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ച് കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (അഅ്റാഫ്:31)

പ്രവാചകൻ ﷺ പറയുന്നു:

وقال ﷺ: «كُلُوا وَتَصَدَّقُوا وَالْبَسُوا فِي غَيْرِ إِسْرَافٍ وَلاَ مَخِيلَةٍ»(١).

"അമിതത്വവും, അത്പോലെ പിശുക്കും കൂടാതെ നിങ്ങൾ ഭക്ഷിക്കുകയും, ദാന ധർമ്മം ചെയ്യുകയും, ധരിക്കുകയും ചെയ്യുക"

അമിതവ്യയവും, സമ്പത്ത് ഉപയോഗ ശൂന്യമാക്കുന്നതും, അത് പോലെ ഇതിൻെറ വിപരീതമായ പിശുക്കും, ചിലവ് ചുരുക്കി കുടുംബത്തെ ബുദ്ധിമുട്ടിപ്പിക്കുന്നതും ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

---

(١) أخرجه النسائي في سننه:٨٣/٥، برقم (٢٥٥٨)، وابن ماجه في سننه: ١١٩٢/٢، بـــرقم (٣٦٠٥)، وهو حديث حسن.

﴿ وَلَا يَحْسَبَنَّ ٱلَّذِينَ يَبْخَلُونَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ هُوَ خَيْرًا لَّهُم ۖ بَلْ هُوَ شَرٌّ لَّهُمْ ۖ سَيُطَوَّقُونَ مَا بَخِلُوا۟ بِهِۦ يَوْمَ ٱلْقِيَٰمَةِ ۗ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٨٠﴾ ﴾ (آل عمران:١٨٠).

“അല്ലാഹു അവൻെറ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് തന്നിട്ടുള്ള തിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്കത് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനം കൊണ്ട് ഉയർത്തെഴുന്നേൽപിൻെറ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്. ആകാശ ങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്ന വനാകുന്നു” (ആലു ഇംറാൻ: 180)

ധനം ചിലവഴിക്കുന്നതിൽ ഇസ്‌ലാമിൻെറ രീതി പിശുക്കിനും അമിതവ്യയത്തിനും, അത്പോലെ ചിലവ് ചുരുക്കി കുടുംബത്തെ ബു ദ്ധിമുട്ടിക്കുന്നതിനും എന്തിനും ഏതിനും കയ്യയച്ച് ചിലവഴിക്കുന്ന തി നും മധ്യേയാണ്. മനുഷ്യൻ തൻെറയും, തൻെറ കുടുംബത്തിൻെറ യും ആവശ്യങ്ങൾക്ക് വേണ്ടി ചിലവഴിക്കേണ്ടതുണ്ട്, ആവശ്യങ്ങൾക്ക് ചിലവഴിക്കാതിരിക്കുന്നത് പിശുക്കും, അത്പോലെ ആവശ്യത്തിലധി കം ചിലവഴിക്കുന്നത് അമിതവ്യയവുമാണ്. ചിലവഴിക്കുന്നതിൻെറ രീതി വിവരിച്ച് കൊണ്ട് അല്ലാഹു പറയുന്നു:

﴿ وَٱلَّذِينَ إِذَآ أَنفَقُوا۟ لَمْ يُسْرِفُوا۟ وَلَمْ يَقْتُرُوا۟ وَكَانَ بَيْنَ ذَٰلِكَ قَوَامًا ﴿٦٧﴾ ﴾ (الفرقان:٦٧).

“ചെലവ് ചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കി പ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരി ക്കുന്നവരുമാകുന്നു അവർ” (ഫുർഖാൻ:67)

ഈ വ്യവസ്ഥിതിയുടെ ഫലങ്ങളിൽ പെട്ടതാണ് സമ്പത്ത് ഉപ യോഗ ശൂന്യമാക്കുന്നതിൽ നിന്ന് സമൂഹത്തെ രക്ഷിക്കുകയും, സാമ്പ ത്തിക വ്യവസ്ഥ കുത്തഴിയുന്നതിൽ നിന്ന് കാത്ത് സൂക്ഷിക്കുകയും ചെയ്യുന്നുവെന്നത്. കാരണം അമിതവ്യയം ദാരിദ്ര്യം ക്ഷണിച്ച് വരുത്തു ന്നതാണ്.

ഈ വ്യവസ്ഥിതിയുടെ ഫലങ്ങളിൽ പെട്ട മറ്റൊന്നാണ് സമൂ ഹത്തിലെ ഓരോ വ്യക്തികൾക്കും തങ്ങളുടെ ബാധ്യതകൾ നിറവേ റ്റുവാൻ സാധിക്കുന്നുവെന്നത്. കാരണം പിശുക്ക് ശീലിച്ച വ്യക്തി ത നിക്കും, തൻെറ കുടുംബത്തിനും, സന്താനങ്ങൾക്കും നിർബ്ബന്ധമാ

യും താൻ ചിലവഴിക്കേണ്ടതും, സാധുക്കൾക്കും, ആവശ്യക്കാർക്കും നൽകേണ്ടതുമായ ബാധ്യതകളെയാണ് തടഞ്ഞ് നിറുത്തുന്നത്

അവസാനമായി: ഇസ്ലാമിക ശരീഅത്ത് കൊണ്ട് വന്നിട്ടുള്ള ഉൽകൃഷ്ട സ്വഭാവങ്ങളെ സംബന്ധിച്ചുള്ള ചർച്ച അവസാനിക്കാത്തതാണ്. ഏതൊക്കെ ഉൽകൃഷ്ട സ്വഭാവങ്ങളുണ്ടോ അവ മുഴുവനും ഇസ്ലാം കൽപിക്കുകയും, അത് ചെയ്യുവാൻ പ്രേരിപ്പിക്കുകയും, ഏതൊക്കെ ചീത്തസ്വഭാവങ്ങളുണ്ടോ അവ മുഴുവനും ഇസ്ലാം വിരോധിക്കുകയും, അതിൽനിന്ന് വിട്ട് നിൽക്കുവാൻ കൽപിക്കുകയും ചെയ്യുന്നു. ഇത് മുഴുവനും നാം വിവരിക്കുകയാണെങ്കിൽ ഈ ചർച്ച വളരെ നീണ്ട് പോകുന്നതാണ്, ഒരു ആപ്തവാക്യം ഇവിടെ സ്മരണീയമാണ്. മാല കഴുത്തിന് യോചിച്ചതായാൽ മതിയല്ലോ. മുസ്ലീങ്ങൾക്കിടയിലുള്ള ബന്ധം സുദൃഢമാക്കുകയും, ജനങ്ങൾക്കിടയിൽ സ്നേഹവും, സൗഹാർദവും വ്യാപിപ്പിക്കുകയും, സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുകയും, അവരെ ഉൽസാഹിപ്പിക്കുകയും ചെയ്യുന്ന, സമൂഹത്തിലെ ഓരോ വ്യക്തികൾക്കും അവരുടെ അവകാശങ്ങൾ വകവെച്ച് കൊടുക്കുകയും ചെയ്യുന്ന പരിശുദ്ധമായ ഇസ്ലാമിക ശരീഅത്ത് കൊണ്ട്വന്ന മറ്റു ചില മര്യാദകളേയും, ഉൽകൃഷ്ട സ്വഭാവങ്ങളേയും ചുരുക്കി വിവരിച്ച് കൊണ്ടാണ് ഈ ചർച്ച അവസാനിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നത്.

ഇതിൽ പെട്ടതാണ് പ്രവാചകﷺ ചര്യയിൽ ഒരു മുസ്ലിമിന് തൻെറ സഹോദരൻെറ മേലുള്ള ബാധ്യത വിവരിക്കുന്നതായി നമുക്ക് കാണാം: പ്രവാചകൻﷺ പറയുന്നു:

قَالَ ﷺ: «حَقُّ الْمُسْلِمِ عَلَى الْمُسْلِمِ سِتٌّ، قِيلَ: مَا هُنَّ يَا رَسُولَ اللَّهِ ؟ قَالَ: إِذَا لَقِيتَهُ فَسَلِّمْ عَلَيْهِ، وَإِذَا دَعَاكَ فَأَجِبْهُ، وَإِذَا اسْتَنْصَحَكَ فَانْصَحْ لَهُ، وَإِذَا عَطَسَ فَحَمِدَ اللَّهَ فَشَمِّتْهُ، وَإِذَا مَرِضَ فَعُدْهُ، وَإِذَا مَاتَ فَاتَّبِعْهُ» (١).

"ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിൻെറ മേലുള്ള ബാധ്യത ആറെണ്ണമാണ്, ചോദിക്കപ്പെട്ടു: അല്ലാഹുവിൻെറ റസൂലേ അവ ഏതാകുന്നു? തിരുമേനി പറഞ്ഞു: നീ അവനെ കണ്ടാൽ അവനോട് സലാം പറയുക, നിന്നെ ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക, നിന്നോട് ഉപദേശം ആവശ്യപ്പെട്ടാൽ അവനെ ഉപദേശിക്കുക, തുമ്മുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ അവന് വേണ്ടി പ്രാർത്ഥിക്കുക, രോഗിയായാൽ അവനെ സന്ദർശിക്കുക, മരിച്ചാൽ മയ്യത്തിനെ പിൻപറ്റുക"

(١) أخرجه مسلم: ٤/١٧٠٥، برقم (٢١٦٢).

മഹാനായ സ്വഹാബി ബറാഅ്ബ്നു ആസിബ്(ﷺ) പറയുന്നു:

وقال الصحابي الجليل البراء بن عازبﷺ: «أَمَرَنَا رَسُولُ اللَّهِ ﷺ بِسَبْعٍ وَنَهَانَا عَنْ سَبْعٍ: أَمَرَنَا بِعِيَادَةِ الْمَرِيضِ وَاتِّبَاعِ الْجَنَازَةِ وَتَشْمِيتِ الْعَاطِسِ وَإِجَابَةِ الدَّاعِي وَإِفْشَاءِ السَّلَامِ وَنَصْرِ الْمَظْلُومِ وَإِبْرَارِ الْمُقْسِمِ، وَنَهَانَا عَنْ خَوَاتِيمِ الذَّهَبِ وَعَنْ الشُّرْبِ فِي الْفِضَّةِ أَوْ قَالَ آنِيَةِ الْفِضَّةِ وَعَنْ الْمَيَاثِرِ وَالْقَسِّيِّ وَعَنْ لُبْسِ الْحَرِيرِ وَالدِّيبَاجِ وَالْإِسْتَبْرَقِ»[1].

"പ്രവാചകൻﷺ ഞങ്ങളോട് ഏഴ് കാര്യങ്ങൾ കൽപിക്കുകയും ഏഴ് കാര്യങ്ങൾ വിരോധിക്കുകയും ചെയ്തു: രോഗികളെ സന്ദർശിക്കുവാനും, ജനാസയെ പിൻപറ്റുവാനും, തുമ്മിയവന് വേണ്ടി പ്രാർത്ഥിക്കുവാനും, ക്ഷണിച്ചവന് ഉത്തരം നൽകുവാനും, സലാം പ്രചരിപ്പിക്കുവാനും, അക്രമിക്കപ്പെട്ടവനെ സഹായിക്കുവാനും, സത്യം ചെയ്യുന്നവനെ സഹായിക്കുവാനും ഞങ്ങളോട് കൽപിച്ചു, സ്വർണമോതിരം ധരിക്കുന്നവനും, വെള്ളിയിൽ അല്ലെങ്കിൽ വെള്ളി പാത്രത്തിൽ കുടിക്കുന്നതും, പട്ടും ദീബാജും അർത്ഥം എഴുതുനുണ്ട്. ഇസ്തബ്റകും ധരിക്കുന്നതും ഞങ്ങളോട് വിലക്കിയിരിക്കുന്നു."

പ്രവാചകൻﷺ പറയുന്നു:

وقال ﷺ: «لاَ تَحَاسَدُوا، وَلاَ تَنَاجَشُوا، وَلاَ تَبَاغَضُوا، وَلاَ تَدَابَرُوا، وَلاَ يَبِعْ بَعْضُكُمْ عَلَى بَيْعِ بَعْضٍ، وَكُونُوا عِبَادَ اللَّهِ إِخْوَانًا، الْمُسْلِمُ أَخُو الْمُسْلِمِ، لاَ يَظْلِمُهُ، وَلاَ يَخْذُلُهُ، وَلاَ يَحْقِرُهُ، التَّقْوَى هَاهُنَا -وَيُشِيرُ إِلَى صَدْرِهِ ثَلاَثَ مَرَّاتٍ، بِحَسْبِ امْرِئٍ مِنْ الشَّرِّ أَنْ يَحْقِرَ أَخَاهُ الْمُسْلِمَ، كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ دَمُهُ وَمَالُهُ وَعِرْضُهُ»[2].

---

(١) أخرجه البخاري في صحيحه -مع الفتح-: ٩٦/١٠، برقم (٥٦٣٥)، ومسلم: ١٦٣٥/٣، برقم (٢٠٦٦).

(٢) أخرجه البخاري في صحيحه -مع الفتح-: ٤٨٤/١٠، برقم (٦٠٦٦)، ومسلم:٤/ ١٩٨٦، برقم (٢٥٦٤).

"നിങ്ങൾ പരസ്പരം അസൂയ വെക്കുകയും, പരസ്പരം വഞ്ചിക്കുകയും ചെയ്യരുത്, നിങ്ങൾ പരസ്പരം കോപിക്കുകയും, പരസ്പരം ശത്രുക്കളാവുകയും ചെയ്യരുത്, ഒരാൾ വില പറഞ്ഞതിന് നിങ്ങൾ മറുത്ത് വില പറയരുത്, നിങ്ങൾ അല്ലാഹുവിൻെറ സഹോദരങ്ങളായ അടിമകളാവുക, ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിൻെറ സഹോദരനാവുന്നു, അവനെ നിങ്ങൾ അക്രമിക്കുകയും, കൈവെടിയുകയും, നിന്ദിക്കുകയും ചെയ്യരുത്, തഖ്‌വ ഇവിടെയാണ് - തൻെറ നെഞ്ചിലേക്ക് മൂന്ന് തവണ ചൂണ്ടിക്കാട്ടി- ഒരാൾ തൻെറ സഹോദരനായ മുസ്‌ലിമിനെ വഞ്ചിക്കുന്നത് തന്നെ മതി അവന് ഉപദ്രമാവാൻ, എല്ലാം മുസ്‌ലിമിനും മറ്റു മുസ്‌ലിമിൻെറ രക്തവും, ധനവും, അഭിമാനവും നിഷിദ്ധമാകുന്നു"

ഇതിൽ പെട്ടതാണ്, വഴിയിൽ ഇരിക്കുന്നവരോട് അവരുടെ അവകാശങ്ങൾ അവർക്ക് വിശദീകരിച്ച് കൊടുക്കുകയെന്നത്. പ്രവാചകൻﷺ വഴിയിൽ ഇരിക്കുന്ന തൻെറ അനുചരന്മാരോട് വഴിയാത്രക്കാൻെറ അവകാശങ്ങൾ അവർക്ക് നൽകുവാൻ കൽപിക്കുന്നു, പ്രവാചകൻﷺ പറയുന്നു:

فقال ﷺ: «إِيَّاكُمْ وَالْجُلُوسَ فِي الطُّرُقَاتِ،» قَالُوا: يَا رَسُولَ اللَّهِ مَا لَنَا بُدٌّ مِنْ مَجَالِسِنَا نَتَحَدَّثُ فِيهَا، قَالَ رَسُولُ اللَّهِ ﷺ: «فَإِذَا أَبَيْتُمْ إِلاَّ الْمَجْلِسَ فَأَعْطُوا الطَّرِيقَ حَقَّهُ» قَالُوا: وَمَا حَقُّهُ؟ قَالَ: «غَضُّ الْبَصَرِ وَكَفُّ الأَذَى وَرَدُّ السَّلاَمِ وَالأَمْرُ بِالْمَعْرُوفِ وَالنَّهْيُ عَنْ الْمُنْكَرِ»(١).

"വഴിയിൽ ഇരിക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കുക" അവർ പറഞ്ഞു: അല്ലയൊ പ്രവാചകരെ, വഴിയിൽ സംസാരിച്ചിരിക്കുന്നത് ഞങ്ങൾക്ക് ഒഴിവാക്കുവാൻ സാധിക്കാത്തതാണ്, അപ്പോൾ തിരുമേനി പറയുകയുണ്ടായി: "നിങ്ങളതിന് വിസമ്മതിക്കുകയാണെങ്കിൽ നിങ്ങൾ വഴിയാത്രക്കാരന് അവരുടെ അവകാശങ്ങൾ വകവെച്ച് കൊടുക്കുക" അവർ വീണ്ടും ചോദിച്ചു അവ ഏതാകുന്നു? പറയപ്പെട്ടു: "കണ്ണുകൾ താഴ്തുക, ഉപദ്രവം തടയുക, സലാം മടക്കുക, നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുക"

ഇതിൽ പെട്ടത് തന്നെയാണ് പ്രവാചകൻെറ ഈ വചനവും:

പ്രവാചകൻ ﷺപറയുന്നു:

---

(١) أخرجه البخاري في صحيحه –مع الفتح-: ١١٢/٥، برقم (٢٤٦٥)، ومسلم:٣/ ١٦٧٥، برقم (٢١٢١).

ومن ذلك قول النبي ﷺ: «اضْمَنُوا لِي سِتًّا مِنْ أَنْفُسِكُمْ أَضْمَنْ لَكُمْ الْجَنَّةَ: اصْدُقُوا إِذَا حَدَّثْتُمْ، وَأَوْفُوا إِذَا وَعَدْتُمْ، وَأَدُّوا إِذَا اؤْتُمِنْتُمْ، وَاحْفَظُوا فُرُوجَكُمْ، وَغُضُّوا أَبْصَارَكُمْ، وَكُفُّوا أَيْدِيَكُمْ»(١).

“നിങ്ങളുടെ മനസുകളിലുള്ള ആറെണ്ണത്തെ സംബന്ധിച്ച് നിങ്ങൾ എനിക്ക് ജാമ്യം നിൽക്കുകയാണെങ്കിൽ സ്വർഗത്തിന് നിങ്ങൾക്ക് ഞാൻ ജാമ്യം നിൽക്കുന്നതാണ്: സംസാരിക്കുകയാണെങ്കിൽ സത്യം പറയുക, കരാർ ചെയ്താൽ നിറവേറ്റുക, വിശ്വസിച്ച് ഏൽപിച്ചാൽ തിരിച്ച് നൽകുക, ഗുഹ്യാവയവം സൂക്ഷിക്കുക, ദൃഷ്ടികൾ താഴ്ത്തുക, നിങ്ങളുടെ കൈകളെ തടയുക”

തന്റെ പ്രകൃതത്തിലും, സ്വഭാവത്തിലും പെട്ട നന്മ ചെയ്യുക എന്നത് വളർത്തിയെടുക്കുവാൻ ഒരു മുസ്‌ലിമിനെ പ്രേരിപ്പിക്കുന്നു എന്നത് ഇതിൽ പെട്ടതാകുന്നു. നന്മ ചെയ്ത്കൊണ്ടല്ലാതെ അവന് ഒരു ദിവസവും കഴിച്ച് കൂട്ടുവാൻ സാധ്യമല്ല. ഇതിനെപ്പറ്റി പ്രവാചകൻ ﷺ പറയുന്നു:

يقول ﷺ: «كُلُّ سُلاَمَى مِنْ النَّاسِ عَلَيْهِ صَدَقَةٌ كُلَّ يَوْمٍ تَطْلُعُ فِيهِ الشَّمْسُ، قَالَ: تَعْدِلُ بَيْنَ الاِثْنَيْنِ صَدَقَةٌ، وَتُعِينُ الرَّجُلَ فِي دَابَّتِهِ فَتَحْمِلُهُ عَلَيْهَا أَوْ تَرْفَعُ لَهُ عَلَيْهَا مَتَاعَهُ صَدَقَةٌ، قَالَ: وَالْكَلِمَةُ الطَّيِّبَةُ صَدَقَةٌ، وَكُلُّ خُطْوَةٍ تَمْشِيهَا إِلَى الصَّلاَةِ صَدَقَةٌ، وَتُمِيطُ الأَذَى عَنْ الطَّرِيقِ صَدَقَةٌ»(٢).

അബൂ ഹുറൈറ(റ)വിൽ നിന്ന് നിവേദനം പ്രവാചകൻ(ﷺ) പറഞ്ഞു, (സൂര്യൻ ഉദിച്ച് വരുന്ന എല്ലാ ദിവസത്തിലും മനുഷ്യരുടെ ഓരോ സന്ധികൾക്കും പുണ്യം ചെയ്യുവാനുണ്ട്, നീ രണ്ടാളുകൾക്കിടയിൽ നീതി നടപ്പാക്കുന്നത് ധർമ്മമാകുന്നു, ഒരാളെ അദ്ദേഹത്തിന്റെ മൃഗത്തിന്റെ കാര്യത്തിൽ - അവനെ അതിന്മേൽ കയറുവാൻ സഹായിക്കുക, അല്ലെങ്കിൽ ഭാരം അതിന്മേൽ വെക്കുവാൻ സഹായിക്കുക പോലെയുള്ളത് - സഹായിക്കുന്നതും ധർമ്മമാകുന്നു, നല്ല വാക്കുകൾ ധർമ്മമാണ്, നമസ്കാരത്തിലേക്ക് പോകുന്ന ഓരോ കാലടികളിലും പുണ്യമുണ്ട്, അത്പോലെ വഴിയിൽ നിന്ന് ഉപദ്രവം നീക്കൽ പോലും ധർമ്മമാകുന്നു)

---

(١) أخرجه أحمد في مسنده: ٣٢٣/٥، وقال محققوه: حسن لغيره.

(٢) أخرجه البخاري في صحيحه –مع الفتح-: ٨٥/٦، برقم (٢٨٩١)، ومسلم: ٦٩٩/٢، برقم (١٠٠٩).

ഇതെല്ലാം തന്നെ നന്മചെയ്യുവാനുള്ള വ്യത്യസ്ത മാർഗങ്ങളാണ്. മുസ്‌ലിമിന്റെ ഒരു ദിവസം ഏതെങ്കിലും നന്മ ചെയ്യാതെ കഴിച്ച് കൂട്ടുവാൻ പാടില്ലായെന്ന് ഓരൊ മുസ്‌ലിമും കൽപിക്കപ്പെട്ടിരിക്കുന്നു. വെറെയൊരു ഹദീസിൽ ഒരു സ്വഹാബി ചോദിച്ചു: പ്രവാചകരെ ഒരു നന്മയും ചെയ്യാൻ സാധിച്ചില്ലായെങ്കിലോ? അപ്പോൾ പ്രവാചകൻﷺ പറഞ്ഞു:

فقال ﷺ: «يُمْسكُ عَنْ الشَّرِّ فَإِنَّهَا صَدَقَةٌ»(١).

"അവൻ തന്റെ ഉപദ്രവത്തെ തടഞ്ഞ് നിറുത്തട്ടെ, അതും സ്വദഖയാകുന്നു"

ആരെങ്കിലും സഹോദരനെ സഹായിച്ചാൽ അല്ലാഹു അവനെ സഹായിക്കും എന്ന് പറഞ്ഞ് കൊണ്ട് അല്ലാഹു ഒരു മുസ്‌ലിമിനെ നന്മ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു: പ്രവാചകൻﷺ പറയുന്നു:

فقال ﷺ: «مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرَبِ الدُّنْيَا نَفَّسَ اللَّهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ وَمَنْ يَسَّرَ عَلَى مُعْسِرٍ يَسَّرَ اللَّهُ عَلَيْهِ فِي الدُّنْيَا وَالْآخِرَةِ وَمَنْ سَتَرَ مُسْلِمًا سَتَرَهُ اللَّهُ فِي الدُّنْيَا وَالآخِرَةِ وَاللَّهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ»(٢).

"ആരെങ്കിലും ഒരു വിശ്വാസിയുടെ ഇഹലോകത്തെ പ്രയാസം നീക്കുകയാണെങ്കിൽ അവസാന നാളിൽ അല്ലാഹു അവന്റെ പ്രയാസം നീക്കുന്നതാണ്, ആരെങ്കിലും ഒരാളുടെ പ്രയാസം എളുപ്പമാക്കി കൊടുത്താൽ അല്ലാഹു അവന്റെ ഇഹലോകത്തിലെയും, പരലോകത്തിലേയും പ്രയാസം ലഘൂകരിക്കുന്നതാണ്, ആരെങ്കിലും ഒരു വിശ്വാസിയുടെ ന്യൂനത മറച്ച് വെക്കുകയാണെങ്കിൽ അല്ലാഹു ഇരുലോകത്തും അവന്റെ ന്യൂനത മറച്ച് വെക്കുന്നതാണ്, ഒരു അടിമ തന്റെ സഹോദരനെ സഹായിക്കുന്നിടത്തോളം കാലം അല്ലാഹു അവനെയും സഹായിക്കുന്നതാണ്".

☆ ☆ ☆

(١) أخرجه البخاري في صحيحه –مع الفتح-: ٣٠٧/٣-٣٠٨، برقم (١٤٤٥)، ومسلم: ٦٩٩/٢، برقم (١٠٠٨).

(٢) أخرجه مسلم: ٢٠٧٤/٤، برقم (٢٦٩٩).

# അവസാനം:

സ്തുതികളഖിലവും അല്ലാഹുവിനാണ്, അവൻെറ അനുഗ്രഹത്താലാണ് സൽകർമ്മങ്ങൾ പരിപൂർണമാവുന്നത്, അവൻെറ ഔദാര്യം കൊണ്ടാണ് മുസ്ലീങ്ങൾ ഉന്നത പദവികളിൽ എത്തിപ്പെടുന്നത്. അവൻെറ അനുഗ്രഹത്താലാണ് ഇഹലോകത്തും പരലോകത്തും മാന്യമായ വിജയം പ്രാപിക്കുന്നതും.

അല്ലാഹുവിൻെറ ദൂതൻെറയും, കുടുംബത്തിൻെറയും, അനുചരന്മാരുടെയും മേൽ അല്ലാഹുവിൻെറ ശാന്തിയും, സമാധാനവും വർഷിക്കുമാറാവട്ടെ. ശേഷം:

ഐശ്വര്യമുള്ള ഈ ശരീഅത്തിൻെറ പൂന്തോപ്പിലൂടെ സഞ്ചരിച്ചപ്പോൾ സൗന്ദര്യവത്തായ അതിൻെറ ഒരുപാട് നന്മയുടെ വെളിച്ചം നമുക്ക് ദർശിക്കാനായി. ഈ സന്ദർഭത്തിൽ നമുക്ക് സ്മരിക്കുവാനുള്ളത് മുസ്ലീങ്ങൾക്ക് പരലോകത്ത് അല്ലാഹുവിൻെറ തൃപ്തി കരസ്ഥമാകുവാനും, ഇഹലോകത്ത് സൗഭാഗ്യവനായി ജീവിക്കുവാനും ഉള്ള ഈ മഹത്തായ മതം അവതരിപ്പിച്ചിട്ടുള്ളത് ഉന്നതനായ അല്ലാഹുവാണെന്ന സത്യമാകുന്നു. മനുഷ്യൻ ഇതിനേക്കാൾ ഉത്തമമായ മതത്തെയോ, ഇതിനേക്കാൾ സമ്പൂർണമായ ജീവിത പദ്ധതിയേയോ, ഇതിനേക്കാൾ ജനങ്ങൾക്ക് കൂടുതൽ വിട്ട്വീഴ്ചയും, കരുണയും, അനുകമ്പയും നൽകുന്ന ദർശനത്തെയോ കണ്ട്മുട്ടുകയോ, മനസിലാക്കുകയോ ചെയ്തിട്ടില്ല. ഇസ്ലാം ഉൾകൊള്ളുന്ന അതിൻെറ വിട്ട് വീഴ്ചയിലും, ഭംഗിയിലും, ദയയിലും അടിമയും ഉടമയും, നേതാവും പ്രജയും, സ്ത്രീയും പുരുഷനും, ചെറിയവരും വലിയവരും എല്ലാവരും ഒത്തോരുമയോടെ വളർന്ന് വരുന്നു.

എങ്ങിനെ അല്ലാതിരിക്കും, കാരണം ഇസ്ലാം മനുഷ്യന് നിർബ്ബന്ധമായും സുരക്ഷിതമായിരിക്കേണ്ട അഞ്ച് കാര്യങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നു. അവ: അവരുടെ മതം, ശരീരം, ധനം, അഭിമാനം, ബുദ്ധി എന്നിവയാണ്. തങ്ങളുടെ രക്ഷിതാവിനോടുള്ള ആരാധന യാഥാർത്ഥ്യമാക്കുവാനുതകുന്ന നിയമങ്ങളും, തങ്ങളുടെ മതനിയമങ്ങൾ ജീവിതത്തിൽ അനുഷ്ടിച്ച് കൊണ്ട് ജീവിക്കുവാനും പര്യാപ്തമായ നിയമങ്ങൾ അവർക്കെതിൽ നിയമമാക്കിയിട്ടുണ്ട്, ഈ ശരീഅത്തിൽ ഉൾകൊണ്ടിട്ടുള്ളത് ചില കൽപനകളും, വിരോധങ്ങളും, മതം നിലനിർത്തുവാനും, അതനുസരിച്ച് ജീവിക്കുവാനും സഹായിക്കുന്ന അധ്യാപനങ്ങളുമാണ്. ഏതൊരു വ്യക്തിയാണോ, അതല്ലെങ്കിൽ സമൂഹമാണോ ഈ അധ്യാപനങ്ങൾ പാലിച്ച് കൊണ്ട് ജീവിക്കുന്നത് എങ്കിൽ അവൻെറ മതം സുരക്ഷിതവും, പിശാച് അവനിൽ നിരാശനും,

അവൻെറ രക്ഷിതാവിനെ അനുസരിക്കുവാൻ അവൻെറ ഹൃദയം വിശാലവുമായിരിക്കും.

മതനിയമങ്ങൾ ശരീരങ്ങളെ നാശത്തിൽ നിന്നും സംരക്ഷിക്കുന്നു. വ്യക്തികളും, അവരുടെ ആരോഗ്യവും സുരക്ഷിതമായിരിക്കുക എന്നത് സൗഭാഗ്യകരമായ ജീവിതത്തിന് അനിവാര്യമാണ്, അതിന് വേണ്ടി ശരീരത്തിൽ അതിക്രമം പ്രവർത്തിക്കുന്നത് സ്വന്തമായിരുന്നാലും, മറ്റുള്ളവരിൽ മുഖേനയായിരുന്നാലും നിഷിദ്ധമാക്കിയത് പോലെ തന്നെ, നല്ലത് ഭക്ഷിക്കുവാനും, മ്ളേഛ വസ്തുക്കൾ ഭക്ഷിക്കാതിരിക്കുവാനും ശരീഅത്ത് അനുശാസിക്കുന്നു. തങ്ങളുടെ വിജയത്തിനും, രക്ഷിതാവിനെ ആരാധിക്കുവാനും അനിവാര്യമായ ശരീരത്തെ അതിക്രമങ്ങളിൽ നിന്നും, ഉപദ്രവങ്ങളിൽ നിന്നുമുള്ള സുരക്ഷിതത്വം യാഥാ ർത്ഥ്യമാക്കുവാനാവശ്യമായ നിയമങ്ങളും, ശിക്ഷാ നടപടികളും ശരീ അത്ത് ഉൾകൊള്ളുന്നുണ്ട്.

മതം സമ്പത്തിന് സുരക്ഷ നൽകുന്നു, കാരണമത് ജീവിതത്തിൻെറ ഞെരമ്പാണ്. നല്ലത് സമ്പാദിക്കുവാൻ ഇസ്‌ലാം അനുവാദം നൽകുകയും, ചീത്തസമ്പാദ്യം വിരോധിക്കുകയും ചെയ്യുന്നു. അത് പോലെ അന്യൻെറ സമ്പത്ത് കളവിലൂടെയോ, കൈകൂലിയിലൂടെയോ, കൊള്ളയിലൂടെയോ, വഞ്ചനയിലൂടെയോ, ചൂതാട്ടത്തിലൂടെയോ, ജനങ്ങളുടെ മുതലുകൾ അന്യായമായി ഭക്ഷിക്കുവാൻ തെമ്മാടികൾ സ്വീകരിക്കുന്ന മറ്റേതങ്കിലും മാർഗത്തിലൂടെയോ അപഹരിക്കുന്നത് നിഷിദ്ധമാക്കിയിരിക്കുന്നു.

അഭിമാനത്തെ ഇസ്‌ലാം സരംക്ഷിച്ചിരിക്കുകയും, അത് പവിത്രമാക്കുകയും ചെയ്തിട്ടുണ്ട്. ചീത്ത പ്രവർത്തനങ്ങളിലൂടെയോ, ചീത്ത വാക്കുകളിലൂടെയോ ഒരു മുസ്‌ലിമിൻെറയും അഭിമാനത്തെ ഹനിക്കുവാൻ പാടില്ല. മറിച്ച് നിന്ദിക്കുന്നവനെയും, ഏഷണിക്കാരനെയും, പരദൂഷണക്കാരനെയും, കുറ്റവും കുറവും പറഞ്ഞ് പരത്തുന്നവനെയും ശക്തമായ ഭാഷയിൽ ഇസ്‌ലാം താക്കീത് ചെയ്യുന്നുണ്ട്. ഇതിലൂടെ മുസ്‌ലീങ്ങൾക്ക് അവരുടെ നാട്ടിൽ വാക്കിനാലോ, പ്രവർത്തിയാലോ അഭിമാനക്ഷതമേൽക്കാതെ സുരക്ഷയോടെ ജീവിക്കുവാൻ സാധിക്കുന്നു. അന്യൻെറ അഭിമാനം ആളുകൾക്കിടയിൽ പിച്ചി ചീന്തുന്നവർക്ക് അല്ലാഹു നീചവും നിന്ദ്യവുമായ ശിക്ഷയാണ് ഇഹലോകത്ത് ഒരിക്കിയിട്ടുള്ളത്, ഇനി ഇഹലോകത്തവൻ രക്ഷപ്പെടുകയാണെങ്കിൽ പരലോകത്തെ ശിക്ഷയാണ് കൂടുതൽ കാഠിന്യവും, ശക്തവുമായിട്ടുള്ളത്.

ഇസ്‌ലാം സുരക്ഷ നൽകുന്ന മറ്റൊരു കാര്യമാണ് ബുദ്ധി: മൃഗങ്ങളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്നത് ബുദ്ധിയാകുന്നു. ബുദ്ധിയുള്ളവനായിരിക്കുക എന്നതാണ് ഇസ്‌ലാമിക നിയമങ്ങൾ ബാധ്യതയേൽക്കുവാനുള്ള ഒരു മാനദഃണ്ഡവും, അത്പോലെ ഒരു കാര്യം ചെയ്യുവാനും, ചെയ്യാതിരിക്കുവാനും, മുന്നിടുവാനും, പിൻതിരിയുവാനുമുള്ള പ്രേരകവും ബുദ്ധി തന്നെ. അത്കൊണ്ട് തന്നെ അതിനെ സംരക്ഷിക്കുവാൻ നിയമദാദാവ് കൽപിക്കുകയും, അതിനെ നീക്കം ചെയ്യുകയോ, മറിയിടപ്പെടുകയോ, പൊതിയുകയോ ചെയ്യുന്ന മദ്യം,

അത്പോലെ ലഹരിയുണ്ടാക്കുന്ന എല്ലാ വസ്തുക്കളെയും അത് പാനീയമാവട്ടെ, ഭക്ഷണമാവട്ടെ, ഇഞ്ചക്ഷനാവട്ടെ, വാസനയിലൂടെയാവട്ടെ ഏത് മാർഗത്തിലൂടെയാണെങ്കിലും നിഷിദ്ധമാകുന്നു. ഇങ്ങനെ ഏത് മാർഗത്തിലൂടെയും മദ്യത്തിനും മയക്ക്മരുന്നിനും അടിമയാകുന്ന വർക്ക് ശക്തമായ ശിക്ഷയാണ് അല്ലാഹു ഇഹലോകത്തും പരലോ കത്തും ഒരുക്കിയിരിക്കുന്നത്. നാം മുകളിൽ വിവരിച്ച അഞ്ച് കാര്യങ്ങ ളുടെ സംരക്ഷണത്തിലൂടെയാണ് മനുഷ്യ ജീവിതം ഇഹലോകത്തും പരലോകത്തും സുരക്ഷിതമാവുകയുള്ളൂ. പരലോകത്ത് പരമ കാരുണി കനും കരുണാനിധിയുമായ അല്ലാഹുവിൻെറ തൃപ്തിയും കാരുണ്യ വും കരസ്ഥമാകുവാനും, ഇഹലോകത്ത് സൗഭാഗ്യത്തിൻെറ ഉന്നതമാ യ പദവിയിലേക്കെത്തുവാനുമുള്ള സുവ്യക്തമായ മാർഗവും, വിട്ട്വീഴ്ചയുടെ വഴിയും, എളുപ്പമുള്ള പാന്ഥാവും ഉൾകൊള്ളുന്ന മതമാണ് അല്ലാഹു അവതരിപ്പിച്ച ഇസ്ലാം ദീൻ.

നാം ഈ കൊച്ചു കൃതിയിലൂടെ വിവരിച്ച ഇസ്ലാമിൻെറ നന്മകൾ ചിന്തിക്കുന്നവർക്ക് ചിന്തിക്കുവാനും, പ്രവർത്തിക്കുന്നവർക്ക് ഉൽസാഹമുണ്ടാവാനും, അശ്രദ്ധരായവരെ ഉണർത്തുവാനും, പിൻതിരിയുന്നവർക്കും, നിഷേധിച്ച് തള്ളുന്നവർക്കുമെതിരിൽ തെളിവായിട്ടാണ്. അല്ലാഹുവാണ് നേരായ മാർഗം കാണിച്ച് തരുന്നവൻ. നമ്മുടെ പ്രവാചകൻെറയും, കുടുംബങ്ങളിലും, അനുചരന്മാരിലും ശാന്തിയും സമാധാനവും ഉണ്ടാകുമാറാവട്ടെ.

☆ ☆ ☆

# വിഷയ സൂചിക


വിഷയം: പേജ്
മുഖവുര ....... 2
ഇസ്ലാമിക ശരീഅത്ത് സവിശേഷതകളും പ്രത്യേകതകളും ....... 11
ഈ ശരീഅത്തിൻെറ പ്രത്യേകതകൾ വൈവിധ്യവും ....... 12
മുൻ ശരീഅത്തുകളെ സംരക്ഷിക്കൽ ....... 19
നന്മ നൽകുകയും തിന്മ തടയുകയും ചെയ്യുന്നു ....... 25
നിർബ്ബന്ധമായും ഉണ്ടാവേണ്ട നന്മകൾ ....... 27
ആവശ്യമായ നന്മകൾ ....... 28
കടുതൽ നന്നാക്കുന്ന നന്മകൾ ....... 29
എളുപ്പവും, പ്രയാസ രഹിതവും, ....... 29
വിശ്വാസ കാര്യങ്ങളിലൂടെയുള്ള ഇസ്ലാമിൻെറ നന്മകൾ ....... 36
ഒന്ന്: അല്ലാഹുവിലുള്ള വിശ്വാസം ....... 37
ഒന്ന്: അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിലുള്ള വിശ്വാസം ....... 37
രണ്ട്: മലക്കുകളിലുള്ള വിശ്വാസം ....... 56
മൂന്ന്: വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം ....... 58
നാല്: പ്രവാചകന്മാരിലുള്ള വിശ്വാസം ....... 59
അഞ്ച്: അവസാന നാളിലുള്ള വിശ്വാസം ....... 62
ആറ്: വിധി നിയർണയിത്തിലുള്ള വിശ്വാസം ....... 69
ആരാധനയിലൂടെയുള്ള ഇസ്ലാമിൻെറ നന്മകൾ, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, അല്ലാഹുവിൻെറ മാർഗത്തിലുള്ള ധർമ്മ സമരം ....... 79
ആരാധനകളും, അവയുടെ ഉന്നതമായ സ്വാധീനവും ....... 80
ഒന്ന്: നമസ്കാരം ....... 80
രണ്ട്: സകാത്ത് ....... 88
മൂന്ന്: നോമ്പ് ....... 92
നോമ്പിൻെറ നന്മയും ഇസ്ലാമിൽ അതിൻെറ പ്രത്യേകതയും ....... 93
നാല്: ഹജ്ജ് ....... 97
ജിഹാദും, അതിൻെറ നന്മയും ....... 105
ഒന്നാം ഘട്ടം: യുദ്ധതെത്ത പ്രതിരോധിക്കുക ....... 109
മൂന്നാം ഘട്ടം: മുസ്ലീംങ്ങളോട് ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരോട് അങ്ങോട്ടും യുദ്ധം ചെയ്യുക, മറ്റുള്ളവരെ പ്രതിരോധിക്കുക ....... 110
നാലാം ഘട്ടം: മുസ്ലീങ്ങൾക്ക് ശക്തമായ ഭരണം ലഭിച്ചപ്പോഴുള്ള ഘട്ടം ....... 110
കുടുംബവുമായി ബന്ധപ്പെട്ട്കൊണ്ടുള്ള ഇസ്ലാമിൻെറ ....... 116
ഒന്ന്: വിവാഹം ....... 117
രണ്ട്: ബഹുഭാര്യത്വം ....... 127

മൂന്ന്: വിവാഹമോചനം ....................................................133
നാല്: അനന്തരാവകാശം ....................................................148
അഞ്ച്: മാതാപിതാക്കളുടെ അവകാശങ്ങൾ....................................156
ആറ്: സന്താനങ്ങളുടെ അവകാശങ്ങൾ ........................................165
ഒന്ന്: ജനനത്തിന് മുമ്പുള്ള സന്താനങ്ങളുടെ അവകാശങ്ങൾ......165
രണ്ട്: ജനനത്തിന് ശേഷമുള്ള അവകാശങ്ങൾ ..............................167
ഏഴ്: ഇസ്ലാമിൽ സ്ത്രീയുടെ അവകാശങ്ങൾ.............................. 177
നിഷിദ്ധങ്ങളുടെ നിരോധത്തിലൂടെയുള്ള ഇസ്ലാമിൻെറ നന്മകൾ മാരണം, വ്യഭിചാരം, സ്വവർഗഭോഗം, സ്ത്രീകളുടെ അഴിഞ്ഞാട്ടയും, പുരുഷന്മാരുമായുള്ള കൂടലിക്കലരൽ, പലിശ, മദ്യം, ചൂത്....... 187
ഒന്ന്: മാരണം............................................................188
മാരണത്തിൻെറ ഉപദ്രവങ്ങളും, അത് നിരോധിച്ചതിലൂടെ ..........189
രണ്ട്: വ്യഭിചാരം........................................................192
മതപരമായതിൽ ചിലത് ....................................................192
സാമൂഹ്യപരമായ ഉപദ്രവങ്ങൾ............................................194
ശാരീരികമായ ഉപദ്രവങ്ങൾ ..............................................198
എയിഡ്സ് .................................................................198
സിഫിലിസ്................................................................198
മൂന്ന്: സ്വവർഗഭോഗം....................................................198
നാല്: സ്ത്രീകളുടെ അഴിഞ്ഞാട്ടം .......................................... 200
അഞ്ച്: അന്യപുരുഷന്മാരുമായി സ്ത്രീകളുടെ ഇടപഴകൽ.......... 202
ആറ്: പലിശ ............................................................... 204
പലിശക്ക് അനേകം ഉപദ്രവങ്ങളുണ്ട്.................................... 206
ഏഴ്: മദ്യം ................................................................ 209
മതപരമായ ഉപദ്രവങ്ങൾ ................................................ 209
രണ്ട്: സാമ്പത്തികപരമായ ഉപദ്രവങ്ങൾ ..................................211
മൂന്ന്: മാനസികവും, ശാരീരികവുമായ ഉപദ്രവങ്ങൾ .................211
നാല്: സാമൂഹികവും, ക്രമസമാധാനപരവുമായ ഉപദ്രവങ്ങൾ .....212
എട്ട്: ചൂത് ...............................................................213
ചൂതിന് അനേകം ഉപദ്രവങ്ങളുണ്ട് ......................................214
ശിക്ഷാനടപടിക്രമങ്ങളിലൂടെയുള്ള ഇസ്ലാമിൻെറ നന്മകൾ ........217
ഒന്ന്: ഹുദൂദിൻെറ നിർവ്വചനം ..............................................218
ഒന്ന്: മതപരിത്യാഗത്തിനുള്ള ശിക്ഷ ..................................... 226
മതപരിത്യാഗത്തിന് ശിക്ഷ നിർണ്ണയിച്ചതിലുള്ള നന്മകൾ.............227
വ്യഭിചാരത്തിൻെറ ശിക്ഷ ................................................. 229
വ്യഭിചാരത്തിൻെറ ശിക്ഷയിലടങ്ങിയ യുക്തി.............................231
വ്യഭിചാരാരോപണത്തിനുള്ള ശിക്ഷ .......................................232
നാല്: മോഷണത്തിനുള്ള ശിക്ഷ ...........................................233
അഞ്ച്: മദ്യപാനത്തിനുള്ള ശിക്ഷ..........................................235
ആറ്: കൊള്ളക്കുള്ള ശിക്ഷ ..................................................236
നാല്: പ്രതിക്രിയ ..........................................................237

ഭരണീയരും ഭരണകർത്താക്കളും തമ്മിലുള്ള ബന്ധത്തിലൂടെ ഇസ്‌ലാമിൻെറ നന്മകൾ ........ 244
ഒന്ന്: ഇമാമിൻെറ ബാധ്യതകൾ ........ 247
രണ്ട്: പ്രജകളുടെ നിർബ്ബന്ധ ബാധ്യതകൾ ........ 253
ഉൽകൃഷ്ട സ്വഭാവങ്ങളിലേക്ക് ക്ഷണിക്കുന്നതിലൂടെയുള്ള ഇസ്‌ലാമിൻെറ നന്മകൾ ........ 272
സത്യസന്ധത: ........ 276
കാരുണ്യം ........ 277
ക്ഷമ ........ 280
വിനയം ........ 282
സലാം പ്രചരിപ്പിക്കൽ ........ 285
നല്ല അയൽപക്ക ബന്ധം ........ 287
മാതാപിതാക്കൾക്ക് നന്മ ചെയ്യുക, കുടുംബബന്ധം ........ 290
സംഹനവും, കോപം ഒതുക്കലും ........ 294
നന്ദി ചെയ്യുക ........ 296
ലജ്ജ: ........ 299
പാതിവൃതയും, ചാരിത്ര്യം സൂക്ഷിക്കലും ........ 301
മുസ്‌ലീങ്ങളുടെ ന്യൂനത മറച്ച് വെക്കുക ........ 304
ഉപദേശം നൽകുക ........ 306
നിശഃബ്ദതയും, നാവിനെ സൂക്ഷിക്കലും ........ 307
കരാർ പാലനം ........ 311
അനാഥ സംരക്ഷണം ........ 312
ചിലവഴിക്കുന്നതിൽ മിതത്വം പാലിക്കുക ........ 314
അവസാനം ........ 322
വിഷയസൂചിക ........ 325